www.malankaralibrary.com



# ആത്മഗതക്കനലുകൾ

ഫാ വില്യം നെടുംപുറത്ത് ഒ.ഐ.സി

www.malankaralibrary.com

www.malankaralibrary.com

# ആത്മഗതക്കനലുകൾ

**(Vol.1)**

**ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.**

BP No. 195

**ബഥനി പബ്ലിക്കേഷൻസ്**
**കോട്ടയം 686 010**
2022

www.malankaralibrary.com

**Athmagathakkanalukal**

| | | |
|---|---|---|
| (Malayalam) | : | Fr William Nedumpurath OIC |
| Ist Edition | : | 2022 |
| Copies | : | 500 |
| Published & Distributed by | : | Bethany Publications<br>Kottayam - 6860 10<br>Phone: 0481 - 2578494<br>Website: www.bethanyashram.net<br>E-mail: bethanyashramgeneralate@gmail.com |
| Printed at | : | Bethany Press, Kottayam |
| DTP | : | Lucy Eapen |
| Layout | : | Shani Roopesh |
| Cover Design | : | pikartz |
| Price | : | Rs. 150/- |


All rights reserved. No part of this book may be printed or duplicated in any manner without the written permission of the publisher.

www.malankaralibrary.com

# അനുഗ്രഹാശംസ

ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

പല അവസരങ്ങളിലും സ്വഗതമായി പലതും പറയുന്നവരാണ് എല്ലാ മനുഷ്യരും. ചുറ്റുപാടുകളോടും വ്യവസ്ഥിതികളോടുമുള്ള മനസ്സിന്റെ പ്രതികരണമാണ് ആത്മഗതമായി രൂപപ്പെടുന്നത്. ബഹുമാനപ്പെട്ട വില്യം നെടുമ്പുറത്ത് ഒ.ഐ.സി. അച്ചൻ അദ്ദേഹത്തിന്റെ മുന്നൂറ് ആത്മഗതങ്ങൾ സമാഹരിച്ച് പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നു.

ബഹു.അച്ചന്റെ ആത്മഗതങ്ങൾ അല്പം ഉച്ചത്തിലായപ്പോൾ അവ നുറുങ്ങുചിന്തകളായി ഈ ഗ്രന്ഥത്തിന്റെ ഇതളുകളിൽ സ്ഥാനം പിടിക്കുന്നു. ഞാൻ വളരെ കൗതുകത്തോടെയാണ് ഇതിലെ ആത്മഗതങ്ങൾ വായിച്ചത്. അപ്രധാനമെന്ന് തോന്നിയേക്കാവുന്ന സാഹചര്യങ്ങളോടും പ്രശസ്തരും അപ്രശസ്തരുമായ വ്യക്തികളുടെ ജീവിതങ്ങളോടും ബഹുമാനപ്പെട്ട അച്ചന്റെ മനസ്സ് പ്രതികരിക്കുന്നു. ചിന്തകൾ ആത്മഗതങ്ങളായി ബഹിർഗമിക്കുന്നു. നർമ്മരസം നിറഞ്ഞവയെങ്കിലും ധ്യാനാത്മകമാണ് ഓരോ ആത്മഗതവും. ഇതിലെ പല ചിന്തകളും ബൈബിളിലെ വാക്യങ്ങളും സന്ദേശങ്ങളും ആസ്പദമാക്കിയുള്ളവയായതുകൊണ്ട് ധ്യാനവിചിന്തനങ്ങൾക്ക് അവ പര്യാപ്തവുമാണ്.

ആത്മഗതങ്ങൾ വായിക്കുന്ന ഏത് വ്യക്തിയുടെയും മനസ്സിനെ ആഴത്തിൽ സ്പർശിക്കുകയും അവിടെ അത് പുതുചലനങ്ങളുണ്ടാക്കുകയും അത് പുതിയ ആത്മഗതങ്ങൾക്ക് കാരണമായി തീരുകയും ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്. അനുവാചകർക്കുകൂടി സ്വയം വിമർശനത്തിനും ആത്മവിശുദ്ധീകരണത്തിനും സഹായകമാവുന്ന ഈ ഗ്രന്ഥത്തിന്റെ പേരിൽ ബഹുമാനപ്പെട്ട അച്ചനെ ഹൃദയപൂർവ്വം ഞാൻ അനുമോദിക്കുന്നു.

'ആത്മഗത കനലുകൾ' എന്ന ഈ ഗ്രന്ഥത്തിന് ജനഹൃദയങ്ങളിൽ പ്രചുരപ്രചാരം ലഭിക്കട്ടെയെന്നും ഗ്രന്ഥകർത്താവിന്റെ തൂലിക ഇനിയും അനേകം സത്ഗ്രന്ഥങ്ങൾക്ക് ജന്മം നല്കട്ടെയെന്നും ആശംസിക്കുന്നു.

www.malankaralibrary.com

GOOD MORNING Fr. After reading your Athmagatham 68 volume, it really made me to think about the life in a different way. Your narration of an issue both positive and negative aspects, without taking an emotional stance on either side, impressed me a lot. Especially today's writing is the reality and fact of the present society, I think. Thank you Fr for your thorough research and clear writing about an issue. Why can't you think of publishing all these articles in a single book?? If so I will bear all the expenses fr, pls...

www.malankaralibrary.com

# ആമുഖം

ആത്മഗതത്തിന്റെ അനുവാചകരിൽ ഒരാളുടെ കുറിപ്പാണ് നാലാംപേജിൽ കൊടുത്തിരിക്കുന്നത്. ഇതുപോലെ അനേകരുണ്ട്. ഇവരുടെ പ്രോത്സാഹനം എന്നെ ത്രസിപ്പിച്ചു. ആത്മഗതത്തിന്റെ വരികളിൽ അച്ചടിമഷി പുരട്ടാനുള്ള തൃഷ്ണ ഇവിടെ നിന്നാണ് ഉത്ഭവിക്കുന്നത്.

സഹവാസിയും സഹൃദയനുമായ ജോബിൻ അച്ചനോട് ഞാൻ ഇതു പങ്കുവച്ചു. വാട്സാപ്പിൽ കിടന്ന ആത്മഗതങ്ങളിൽ മുന്നൂറെണ്ണം തിരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കാമെന്ന് ഞങ്ങൾ തമ്മിൽ ധാരണയായി. എല്ലാം സാധ്യമാക്കുന്ന ദൈവത്തിന് നന്ദി. പ്രോത്സാഹിപ്പിച്ച, സഹകരിച്ച എല്ലാ സുമനസ്സുകൾക്കും നന്ദി. അനുഗ്രഹാശംസ തന്ന് അനുഗ്രഹിച്ച ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയോടുള്ള നന്ദി ഹൃദയപൂർവ്വം പ്രകാശിപ്പിക്കുന്നു. ബഥനി സന്ന്യാസി സമൂഹത്തിന്റെ സുപ്പീര്യർ ജനറൽ മത്തായി കടവിൽ അച്ചനോടും നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ ജോർജ്ജ് അയ്യനേത്ത് അച്ചനോടും നവജീവൻ പ്രൊവിൻഷ്യൽ സുപ്പീര്യർ മാത്യു തിരുവാലിൽ അച്ചനോടും പബ്ലിക്കേഷൻ എഡിറ്റോറിയൽ ബോർഡ് ഫിലിപ്പ് വൈശ്യനേത്ത് അച്ചനോടും ഐസക് പാറയ്ക്കൽ അച്ചനോടും ബഥനി പ്രസ്സ് മാനേജർ ഗ്രേഷ്യസ് ബ്രദറിനോടും ഡി.റ്റി.പി. ചെയ്ത ലൂസിയോടും ലേ-ഔട്ട് ചെയ്ത ഷാനിയോടും പ്രിന്റിംഗ് നിർവ്വഹിച്ച പ്രസ്സ് ജീവനക്കാരോടും നന്ദി അർപ്പിക്കുന്നു. മലയാളം ഭാഷയ്ക്ക് വലിയ ക്ഷതം വരുത്താതെ എന്നെ സഹായിച്ച ഓമന ടീച്ചർക്ക് നന്ദി.

ആത്മഗതക്കനലുകൾ വായിച്ച് ഏതെങ്കിലും ഒരു മനസ്സിൽ അല്പം തീപ്പൊരി കോറിയിടാൻ സാധിച്ചാൽ ഞാൻ കൃതാർത്ഥനായി.

ഇലക്ട്രോണിക് അക്ഷരങ്ങളായാലും അച്ചടി അക്ഷരങ്ങളായാലും കുഞ്ഞുണ്ണി മാഷിനോടുള്ള കടപ്പാടോടുകൂടി പറയട്ടെ:

വായിക്കാതെ വളർന്ന് വളയാതെ
വായിച്ചു വളർന്ന് വിളയാം!

വില്യം അച്ചൻ

www.malankaralibrary.com

BETHANY PUBLICATIONS
www.malankaralibrary.com



# സഹനം മനുഷ്യസഹജം

വൈകിട്ടത്തെ അത്താഴവും കഴിഞ്ഞ്, കൈയും കഴുകി ബേസിൽ അച്ഛൻ വലതു കൈയിൽ ഊന്നുവടിയും പിടിച്ച് തത്തി ത്തത്തി മെല്ലെ ഉല്ലാസമുറി ലക്ഷ്യം വെച്ച് നീങ്ങി; ഞാൻ കൂടെ കൂടി. 'എങ്ങനെ യുണ്ട്, ചൽത്തേ, ചൽത്തേ,'? എന്റെ കുശലാന്വേഷണം. "അങ്ങനെ പോകുന്നു, സൈഡ് വലിവ് ഉണ്ട്, ബാലൻസ് തെറ്റി യാൽ താഴെ പോകും, പിന്നെ ആ പ്ലാസിഡ ച്ചന്റെ രണ്ട് കാലിലും വേദനയാ, പാവം." തന്റെ സഹ സഹനക്കാരനും സഹകാരിയും സഹായിയും സഹമുറിയനും ചെറുപ്പ ക്കാരനു(69)മായ, പിറകെ ഊന്നുവടിയി ല്ലാതെ വരുന്ന പ്ലാസിഡച്ചന്റെ സഹനത്തെ ക്കുറിച്ച് ബേസിൽ അച്ചൻ ദുഃഖിതനായി. അച്ചന്റെ ഇടതു കൈയ്യിൽ പിടിച്ച് ഞങ്ങൾ മുന്നോട്ടു നീങ്ങി. അതിനിടയിൽ അല്പം ക്രിസ്തു ശാസ്ത്രം. 'എടോ, അല്ലെങ്കിൽ ആർക്കാ ജീവിതത്തിൽ കുറച്ചെങ്കിലും സഹിക്കാനില്ലാത്തത് എല്ലാവർക്കും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സഹനം ഉണ്ട്.' ഞാൻ എരിവു കേറ്റാൻ പറഞ്ഞു, 'നോ പെയിൻ നോ ഗെയിൻ', അല്ല കർത്താവ് എന്തിനാ കുരിശിൽ കയറിയത് അങ്ങേർക്ക് താഴെയെങ്ങാനും കിടന്നു മരിച്ചാൽ പോരായിരുന്നോ മനു ഷ്യൻ സഹിച്ചേ പറ്റൂ എന്ന് കാണിച്ചു തന്നതാ.' ഞാൻ കോംപ്ലിമെന്റ് ചെയ്തു, 'നോ ക്രോസ് നോ റസുറക്ഷൻ'. 'അത് പറ, കുരിശില്ലാതെ ഉയിർപ്പും മഹത്വീ കരണവും ഇല്ല.' എന്റെ ആത്മഗതം, 'വൈകി വന്ന വിജ്ഞാനമേ, നമോവാകം'. ഞാനൊന്ന് പോസ് ചെയ്തപ്പോൾ ബേസിൽ അച്ചൻ ആരാഞ്ഞു, 'എങ്ങനെയുണ്ട് എന്റെ തിയോളജി'? സഹനത്തിന്റെ ദൈവ ശാസ്ത്രം വൈകി ഗ്രഹിക്കേണ്ട കാര്യമല്ല, അത് ജീവിതത്തിലുടനീളം വേണ്ടതാണ്, കുഞ്ഞുനാൾ മുതൽ ഇത് അഭ്യസിക്കണം. ഇന്ന് വേദനയുടെയും സഹനത്തിന്റെയും പാഠങ്ങൾ കുട്ടികളുടെയും മുതിർന്നവരു ടെയും പാഠപുസ്തകത്തിലില്ല. എന്തു കൊണ്ട് വേദന? എന്തിനു സഹിക്കണം? എന്തിന് ക്ഷമിക്കണം? ഇതൊക്കെ ബല ഹീനതയുടെ പ്രതീകങ്ങളായി കാണുന്ന തലമുറ. അവരോടൊക്കെ പറയാനു ള്ളത് മറ്റൊന്നല്ല.



'നോ പെയിൻ നോ ഗെയിൻ'.

BETHANY PUBLICATIONS
www.malankaralibrary.com


# ഒരു മണിക്കൂർ

ഒരിക്കൽ ഞാനവനോട് ചോദിച്ചു, 'അങ്ങയുടെ ഈ ഒരു മണിക്കൂർ കണക്കിന് അടിസ്ഥാനമെന്താണ്'.

ഒരു മണിക്കൂർ നേരമെങ്കിലും നിങ്ങ ൾക്ക് എന്നോടൊപ്പം ഉണർന്നിരുന്ന് പ്രാർത്ഥി ക്കാൻ കഴിയില്ലേ എന്ന് യേശു ശിഷ്യരോട് തന്റെ മരണത്തലേന്ന് ചോദിച്ച ചോദ്യമാണ് ഇവിടെ പരാമർശിച്ചത്. 'എന്താ എന്റെ ചോദ്യം നിനക്ക് മനസ്സിലായില്ലയെന്നോ, അതോ അത്ര പിടിച്ചില്ലെന്നോ' അവിടുന്ന് അല്പം ഗൗരവത്തോടെ എന്നെ നോക്കി ചോദിച്ചു. 'മനസ്സിലായില്ല' ഞാൻ മറുപടി പറഞ്ഞു. നിനക്ക് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാകുന്നുണ്ട്. എന്തേ ഇത് മാത്രം മനസ്സിലാ കുന്നില്ല അവിടുന്ന് തുടർന്നു, ഒരു ദിവസത്തെ 24-ൽ ഒരുഭാഗ സമയം ഒരു പ്രത്യേക കാര്യത്തിനുവേണ്ടി മാറ്റി വയ്ക്കാമോ എന്നാണ് ഞാൻ ചോദിച്ചത്. 'അതെന്താണ്? എന്റെ സംശയം. ആ സമയത്ത് നീ എന്നോടു കൂടെയിരിക്കുക. 'എപ്പോഴും നമ്മൾ ഒന്നിച്ചല്ലേ' ഞാൻ വിട്ടില്ല. അവിടുന്ന് പറഞ്ഞു, ശരി, നമ്മൾ ഒന്നിച്ച് തന്നെ. എന്നാൽ 23 മണിക്കൂർ ഞാൻ നിന്നോട് കൂടെയായിരിക്കുന്നു. ഇനിയും ഒരു മണിക്കൂർ നീ എന്നോടുകൂടെ മാത്രമായിരി ക്കണം. 'സമയമില്ലാ-സമയത്ത് ആ ഒരു ഇരിപ്പ് ടൈം മാനേജ്മെന്റിൽ അത്ര ശരി യാണോ ഒരല്പം ടൈം വേസ്റ്റ് അല്ലേ ഞാൻ സംശയം പ്രകടിപ്പിച്ചു. പിന്നെ ഞാൻ സമ്മതിച്ചു. ശരിയാണ്, അത് തന്നെയാ ശരി. പക്ഷേ എന്തിനാണ് ഇങ്ങനെയിരിക്കുന്നത് 'വെറുതെ'? അവൻ കാര്യം നിസാരമാക്കിയ പോലെ! 'വെറും വെറുതെയോ' ഞാൻ ചോദിച്ചു. അല്പകാര്യമുണ്ട്. ഇത് ഒരു പേഴ്സണൽ ഇടപഴകൽ. ഒരു സ്വകാര്യം പറച്ചിൽ. 'യാമ നമസ്കാരത്തിനിടയിൽ പോരെ ഇത്'? ഞാൻ ന്യായീകരിക്കാൻ ശ്രമിച്ചു. 'ഇല്ല, നടക്കില്ല, അപ്പോൾ ഞാൻ ഉദ്ദേശിച്ച ഈ വെറുതെ ഇരിപ്പ് നടക്കുകയില്ല.' 'വലിയ പണിയൊന്നുമില്ലാത്ത സന്യാസി കൾക്കും അച്ചന്മാർക്കും സാധിച്ചേക്കും. പക്ഷേ സാധാരണക്കാരനോ ഞാൻ ചോദിച്ചു. അവർക്കും ഇത് സാധിക്കണം. വേണമെങ്കിൽ സമയം കുറച്ചു കൊടുക്കാം. അവർ ഒരു മണിക്കൂറിന്റെ ആറിലൊന്ന് (10 മിനിറ്റ്) സമയം ചെലവിട്ടാൽ മതി. അവരൊക്കെ 'ബിസി'യല്ലേ. പക്ഷേ ആ പത്തു മിനിറ്റെങ്കിലും എന്റെ പക്കൽ എന്നോട് ചേർന്നിരിക്കണം, എന്നോട് ഒത്തിരി കാര്യങ്ങൾ ആവശ്യപ്പെടുന്നതിനേക്കാൾ ഞാൻ പറയുന്ന ഇത്തിരി കാര്യങ്ങൾ കാതു കൂർപ്പിച്ച് കേൾക്കണം. അതിൽ സംശയമു ണ്ടെങ്കിൽ എന്നോട് ചോദിക്കാം. 'ഒരു ഡയലോഗ് പോലെ അല്ലേ' ഞാൻ ചോദിച്ചു. 'അതെ'. അവിടുന്ന് സന്തുഷ്ടനായി. എന്നോട് പറഞ്ഞു, 'നൗ യു ഗോറ്റ് ഇറ്റ്!' എല്ലാവർക്കും കാര്യം പിടി കിട്ടിയോ ആവോ!

# തമ്പുരാന് ഒരു കൈത്താങ്ങ്

ഒരു കൈത്താങ്ങ് എല്ലാവരും ആഗ്രഹിക്കുന്നതാണ്; ജീവിതത്തിൽ വിവിധ തലങ്ങളിൽ ഇതാവശ്യവുമാണ്, നല്ലതുമാണ്. കൊടുക്കുന്ന വനും വാങ്ങുന്നവനും ഇത് സന്തോഷമുള വാക്കുന്നതാണ്.

തമ്പുരാന്റെ കൈത്താങ്ങ് നമ്മൾ ഏറെ അനുഭവിക്കുന്നവരാണ്. ഓരോ നിമിഷവും അവിടുത്തെ കൈത്താങ്ങില്ലെങ്കിൽ നാം വീണു പോകും. ശാരീരികമായി, മാനസികമായി, ആദ്ധ്യാത്മികതയിൽ; എല്ലാം ദൈവത്തിന്റെ കൈത്താങ്ങ്, കൃപ, അനിവാര്യമാണ്. ഇത് തിരി ച്ചറിയാതെ നമ്മളിൽ എത്രയോ പേർ ജീവി ക്കുന്നു. സ്വിച്ച് ഇട്ടാൽ പ്രവർത്തിക്കുന്നതു പോലെ എല്ലാം അങ്ങ് നടക്കുന്നു എന്നല്ലെ നാം വിചാരിച്ചിരിക്കുന്നത്. നാം തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും അവിടുത്തെ താങ്ങുന്ന കൈ എപ്പോഴും നമ്മുടെ കൂടെ ഉണ്ടായിരിക്കും. അങ്ങനെയല്ലേ അവിടുത്തേയ്ക്ക് ചെയ്യാൻ പറ്റുകയുള്ളൂ. നമ്മെപ്പോലെ ഭോഷനാകാൻ അവിടുത്തേക്ക് സാധിക്കുകയില്ലല്ലോ. ശരി, തമ്പുരാന്റെ കൈത്താങ്ങ് മനസ്സിലാക്കാം. എന്നാൽ നമുക്ക് വിഷയഭ്രംശം വന്നു പോയല്ലോ, വിഷയം 'തമ്പുരാന് ഒരു കൈത്താങ്ങ്' ആണല്ലോ. അവിടുത്തേക്ക് എന്തിന് കൈത്താങ്ങ്? ആരുടെ കൈത്താങ്ങ്? തമ്പുരാന് നമ്മെ താങ്ങിയെ പറ്റുകയുള്ളൂ. അനുഗ്രഹിച്ചേ തീരൂ. ഈ താങ്ങിന് നമ്മുടെ ഭാഗത്തു നിന്ന് ഒരു മറുതാങ്ങ് ഉണ്ടെങ്കിൽ കാര്യങ്ങൾ എല്ലാം ഭദ്രമായി. നമ്മുടെ ജീവിതത്തിലെ എല്ലാ തലങ്ങളിലും ദൈവീക പദ്ധതികളുമായുള്ള നമ്മുടെ സഹകരണത്തെയാണ് തമ്പുരാന് നമ്മുടെ ഒരു കൈത്താങ്ങായി നാം പരിഗണിക്കേണ്ടത്. മിതഭോജനം, ശരിയായ വ്യായാമം, രോഗപ്രതിരോധ ചികിത്സാസമ്പ്രദായം എല്ലാം എന്റെ സുസ്ഥിതി യെക്കുറിച്ച് അവന്റെ പ്ലാനിലുള്ള ഒരു കൈ ത്താങ്ങ് ആണ്. എനിക്കും, ചുറ്റുമുള്ളവർക്കും ശാരീരികാരോഗ്യം തരണമെയെന്ന് പ്രാർത്ഥിച്ചിട്ട്, വീണ്ടു വിചാരമില്ലാതെ നാലുനേരവും മൂക്കുമുട്ടെ ആഹരിച്ചാൽ തമ്പുരാന് നിസ്സഹായനായി നോക്കി നില്ക്കാനെ സാധിക്കൂ. നമുക്കുള്ള പിന്തുണ പിൻവലിച്ചെന്നുമിരിക്കും. ഇങ്ങനെ മൃഷ്ടാനഭോജനവും കഴിഞ്ഞ് കായികാധ്വാനത്തിലൂടെ ശരീരത്തിന് വ്യായാമം കൊടുക്കേണ്ടതിനുപകരം കമ്പ്യൂട്ടറിൽ കുത്തിയും മൊബൈലിൽ തെന്നിച്ചും, സോഷ്യൽ മീഡിയയിൽ ആമഗ്ദരായി അങ്ങനെ ശാരീരികാരോഗ്യത്തിൽ ശ്രദ്ധിക്കാതെയും ഇനിയും ബാക്കി കിട്ടുന്ന സമയം ഉറങ്ങിയും അനാരോഗ്യത്തിന് ശരീരത്തെ ബലികൊടുത്ത് ജീവിച്ചാൽ തമ്പുരാൻ നമുക്കു വേണ്ടി ഒരുക്കുന്ന സുസ്ഥിതിക്ക് അതൊരു വിലങ്ങുതടിയായേക്കാം. ആയതിനാൽ കൈത്താങ്ങിന്റെ കാര്യത്തിൽ കൊടുത്തും കൊണ്ടും ജീവിക്കാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കൈത്താങ്ങ് ദൈവത്തിന് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

BETHANY PUBLICATIONS
www.malankaralibrary.com



# കറുത്ത പാട്

അന്നൊരു ദിവസം ആലംതുരുത്തിയിൽ നിന്ന് ഒരു കുടുംബം എന്നെ കാണാൻ വന്നു. ആവശ്യം, രണ്ടു മക്കളുടെ ആദ്യകുർബാന നടത്തി കൊടുക്കണം, മകനും മകളും. അതിൽ മകൻ എന്നോട് ഒരു സ്വകാര്യം ചോദിച്ചു, അച്ചോ, അച്ചൻ കരാടെ പ്രാക്ടീസ് ചെയ്യാറുണ്ടോ? ഞാൻ ചോദിച്ചു, 'എന്താ മോനേ അങ്ങനെ ചോദിക്കാൻ' 'അല്ല, ഞാൻ അച്ചന്റെ കൈവിരലുകളുടെ പിറകിലുള്ള കറുത്തപാട് കണ്ടതുകൊണ്ട് ചോദിച്ചതാ. ഉണ്ടെങ്കിൽ പുഷപ്പ് ചെയ്യുന്നുണ്ടാവുമല്ലോ'. 'മോനെ അച്ചൻ കരാടെ പഠിച്ചിട്ടില്ല. പിന്നെ പള്ളിയിൽ പ്രാർത്ഥനയുടെ സമയത്ത് ചില പുഷപ്പുകളൊക്കെ ചെയ്യുന്നുണ്ട്', കുഞ്ഞിന്റെ അറിയാനുള്ള ത്വര കെടുത്തിക്കളയാതിരിക്കാൻ ഞാൻ പറഞ്ഞു. അവന്റെ അപ്പൻ മോന്റെ സംശയം തീർത്തു കൊടുത്തു, 'എടാ അത് അച്ചൻ കുമ്പിടുമ്പോൾ ഉണ്ടാകുന്ന പാടാ', കുട്ടിക്ക് എന്തെങ്കിലും മനസ്സിലായോ ആവോ! കുമ്പിടീലിനെക്കുറിച്ച് മുൻപരിചയമില്ലാത്ത ആ കുട്ടിക്ക് എല്ലാം ഒരാശ്ചര്യം! പിന്നാണ് ഞാനും ഗ്രഹിച്ചത്, കുട്ടികളും ഇളം തലമുറയും വാക്കുകളല്ല, പാടുകളാണ്, അടയാളങ്ങളാണ് മുതിർന്നവരിൽ നിന്ന് തേടുന്നത്. അവർക്ക് കാണണം, കേട്ടാൽ പോരാ. പറയാനും കേൾക്കാനും എളുപ്പമാണ്. കാണിക്കാനും, കാട്ടികൊടുക്കാനും അത്ര എളുപ്പമല്ല. കാണിച്ചുകൊടുക്കാൻ പറ്റില്ലെങ്കിൽ പറഞ്ഞു കൊടുക്കാനും പോകരുത്. പറഞ്ഞുകൊടുക്കുന്നത് കാണിച്ചു കൊടുത്താൽ അനുകരിക്കാൻ എളുപ്പമുണ്ട്, ഗ്രഹിക്കാനും. NEMO DAT QUOD NON HABET, ഇല്ലാത്തത് കൊടുക്കാൻ ആർക്കും സാധിക്കുകയില്ലല്ലോ.



# കൂടെ എത്രമാത്രം

ഒരിക്കൽ ഞാൻ അവനോട് ചോദിച്ചു, വിശുദ്ധ കുർബാന കൈക്കൊണ്ടാൽ നീ എത്ര സമയം എന്നോട് കൂടെ ഉണ്ടായിരിക്കും തിരുവോസ്തി ദഹിക്കും വരെയോ അതോ അടുത്ത ദിവസം കുർബാന സ്വീകരിക്കും വരെയോ?

അവൻ എന്നോട് പറഞ്ഞു, ‘മണ്ടത്തരം ചിന്തിക്കാതെ, ദഹനവും ദഹനക്കേടും, വിശപ്പും ദാഹവും, സുഖവും സുഖക്കേടും, ജനനവും മരണവും, ആദിയും അന്തവും എല്ലാം മനുഷ്യനല്ലേയുള്ളൂ. ദൈവത്തിന് ഇല്ലല്ലോ. ഒരുവൻ ഒരിക്കൽ എന്നെ സ്വീകരിച്ചു കഴിഞ്ഞാൽ ഞാൻ എപ്പോഴും അവനോടു കൂടെ ഉണ്ടായിരിക്കും. അപ്പോൾ ഞാൻ ചോദിച്ചു, ‘പിന്നെ ഞങ്ങൾ ദിവസവും വിശുദ്ധ കുർബാന കൈകൊള്ളുന്നതെന്തിനാണ് അത് നിന്നിലെ എന്റെ ശക്തി കുറഞ്ഞു പോകുന്നതു കൊണ്ടല്ല, നീ മറന്നു പോകുന്ന നിന്നിലെ എന്റെ സാമീപ്യം പുനർ വിന്യസിക്കുന്നതിനാണ്. പുനരുദ്ധരിക്കുന്നതിനാണ്. ഇടയ്ക്കിടെ എന്നെ സ്വീകരിക്കുമ്പോൾ എന്റെ സാമീപ്യവും സാന്നിധ്യവും എന്റെ ശക്തിയും ബലവും എല്ലാം ഒരിക്കൽ കൂടി നിനക്ക് അനുഭവവേദ്യമാകും. അല്ലാതെ ഒരു ദിവസം കൊണ്ട് എന്റെ ശക്തി കുറഞ്ഞു പോകുന്നതു കൊണ്ടല്ല. എന്റെ സാമീപ്യവും സാന്നിദ്ധ്യവും തിരിച്ചറിഞ്ഞ് നമ്മൾ പരസ്പരം ഡയലോഗ് നടത്തി ജീവിച്ചാൽ നിന്റെ ജീവിതവിജയം സുനിശ്ചിതം.



BETHANY PUBLICATIONS
www.malankaralibrary.com



# 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും'

മനുഷ്യൻ കോടാനുകോടി കോശങ്ങളുടെ സമാഹാരമാണ്. വെള്ളം, രക്തം, നാഡീഞരമ്പുകൾ, എല്ലുകൾ അങ്ങനെ ലൗകിക പദാർത്ഥങ്ങളുടെ ഒരു കൂമ്പാരമാണ് അവൻ. അതിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന ഒരു ആത്മാവ്. പിന്നെ ഒരായിരം നോവുകളും നൊമ്പരങ്ങളും. വികാരങ്ങളുടേയും വിചാരങ്ങളുടേയും വിജ്രംഭങ്ങൾ. ഇതെല്ലാം കൂടിയായ മനുഷ്യ ശരീരത്തിലെ വിവിധ ഘടകങ്ങൾ പരിപാലിക്കപ്പെടണം. പരിരക്ഷിക്കപ്പെടണം. ശരീരത്തിന്റെ ഘടകങ്ങൾക്ക് ഒരു ഘടനയുണ്ട്. ഒരു താളമുണ്ട്. പ്രവർത്തനങ്ങൾക്ക് ഒരു സിസ്റ്റമുണ്ട്. പ്രകൃതി നിയമം അനുസരിച്ച് ശരീരം സന്യാസിയുടെതായാലും ആസന്യാസിയുടെതായാലും അത് ഒരുപോലെ യാണ്. മണ്ണുകൊണ്ട് മനുഷ്യനെ മെനഞ്ഞിട്ട് അതിൽ ദൈവത്തിന്റെ ആത്മാവിനെ ഊതി കയറ്റിയപ്പോൾ മുകളിൽ പറഞ്ഞ ശരീരഭാഗ ങ്ങളും ഘടകങ്ങളും രൂപപ്പെട്ടു. അങ്ങനെ മാംസവും രക്തവും ജലവും എല്ലും ഞരമ്പും മുടിയും നഖവും എല്ലാം പ്രത്യക്ഷപ്പെട്ടു. അപ്പോൾ ന്യായ മായി അനുമാനിക്കാം. ആത്മാവും ശരീരവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ആയതിനാൽ ആത്മാവ് ക്ഷീണിച്ചാൽ ശരീരവും ക്ഷീണിക്കും. ആത്മാവിന് താളം തെറ്റിയാൽ ശരീരത്തിന്റേയും താളം തെറ്റും. താളം തെറ്റിയ ആത്മാവും ബാലൻസ് പോയ ശരീരവുമായി നടക്കുന്ന മനുഷ്യനെ നോക്കി നമ്മൾ പറയും, 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' ആയതിനാൽ മനുഷ്യൻ അവന്റെ ആത്മാവും ശരീരവും തമ്മിലുള്ള പ്രവർത്തന- പ്രതിപ്രവർത്തനങ്ങൾ നിരീക്ഷിച്ചു കൊണ്ടിരിക്കണം. അവ തമ്മിലുള്ള താളം തെറ്റാതെ സൂക്ഷിക്കണം. മനുഷ്യന്റെ ഒട്ടനവധി സുഖക്കേടുകളും ഈ താളപ്പിഴവിൽ നിന്ന് ഉടലെടുക്കുന്നതാണ്. ആത്മാവിന്റേയും ആത്മീയതയുടെയും ശക്തി കെടുമ്പോൾ ശരീരത്തെ കൂടുതൽ ആശ്രയിക്കാനും മെച്ചമായി പരിപാലിക്കാനും നോക്കും. പരാജയപ്പെടുമ്പോൾ നിരാശ വർദ്ധിക്കും. പരാജയങ്ങൾക്ക് മുഖ്യകാരണം ആത്മീയതയുമായുള്ള ബന്ധം അറ്റുപോയതാണ് എന്ന വാസ്തവം തിരിച്ചറിയു ന്നുമില്ല.

ശരീരത്തെ തന്നെ ചികിത്സിക്കുന്ന സമർപ്പിതരും ആത്മീയത്തെ മറന്നുപോകുന്നു. ആത്മീയതയെ സ്നേഹിക്കാത്ത സമർപ്പിതർ തീ എരിയാത്ത അടുപ്പ് പോലെയാണ്, ഉണങ്ങാത്ത പഴംതുണി പോലെയാണ്. സന്യാസിക്ക് ആത്മീയതയാണ് ജീവസ്രോതസ്സ്. അത് വറ്റിവരണ്ടാൽ സന്യാസവും ഉണക്കക്കൊള്ളിയാകും. ആത്മശരീരങ്ങളുടെ ബാലൻസ് തെറ്റാത്ത ഒരു ജീവിതശൈലി സമർപ്പിതർക്കെന്ന പോലെ എല്ലാവർക്കും അനിവാര്യമാണ്.

www.malankaralibrary.com


# തനാട്ടോസ് (tanatos)

The moment you are born, you start dying.

മനുഷ്യന്റെ ജനനത്തോടുകൂടി തന്നെ അവന്റെ മരണവും ആരംഭിച്ചു കഴിഞ്ഞു. കുഞ്ഞ് ജനിച്ചു കഴിഞ്ഞാലുടനെ അതിന് അസുഖം പിടിക്കാതിരിക്കാനും മരണപ്പെടാതിരിക്കാനുമാണ് മാതാപിതാക്കളുടെ ശ്രദ്ധ. കുഞ്ഞിന്റെ ജനനം അപകടരഹിതമായിരിക്കാനും അങ്ങനെ ഒരു പക്ഷേ മരിച്ചു പോകാതിരിക്കാനും നമ്മൾ അമ്മയെ ഏറ്റവും നല്ല ഹോസ്പിറ്റലിൽ നല്ല ഡോക്ടേഴ്സിന്റെ മേൽനോട്ടത്തിൽ ഏൽപ്പിക്കുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് മനുഷ്യന്റെ മരണം അവന്റെ ജനത്തോടെ തന്നെ ആരംഭിക്കുന്നു എന്നുള്ളതാണ്. കുഞ്ഞുങ്ങളുടെ ആരോഗ്യപരമായ വളർച്ചയായിരിക്കണം നമ്മുടെ ലക്ഷ്യം. അതിന് ഭക്ഷണം നിയന്ത്രിക്കുകയും വ്യായാമം ക്രമീകരിക്കുകയും ചെയ്യണം. അനിയന്ത്രിതമായ ഭക്ഷണ- ജീവിതശൈലി കൗമാരത്തിലെന്നപോലെ യുവത്വത്തിലും തനാട്ടോസ്സിന്റെ ശക്തി കൂട്ടുകയേയുള്ളൂ. കോശ ങ്ങളെ വർദ്ധിപ്പിക്കാനും പുഷ്ടിപ്പെടുത്താനുമുള്ള ആഹാര സാധനങ്ങളിൽ രുചി കൂട്ടുന്ന വിഷാംശങ്ങൾ കലർന്നിരിക്കുകയും ചെയ്യുമ്പോൾ അവ അനിയന്ത്രിതമായി ആഹരിക്കുക വഴി അത് കോശ ങ്ങളെ നശിപ്പിക്കുകയും രോഗങ്ങൾ വേഗം പിടികൂടുകയും ചെയ്യുന്നു. ആഹാരങ്ങൾക്ക് രുചി കൂട്ടുന്നത് പലപ്പോഴും വിഷാംശങ്ങളാണെന്ന് നാം മനസ്സിലാക്കുന്നുമില്ല. മനസ്സിലാക്കിയാലും രുചിക്കും കൊതിയ്ക്കും വേണ്ടി നാം ഒട്ടേറെ കോമ്പ്രമൈസിംഗ് ചെയ്യാറുണ്ട്. എന്നുപറഞ്ഞതുകൊണ്ട് രുചിയുള്ളതൊന്നും കഴിക്കരുതെന്നല്ല. എല്ലാറ്റിനും നിയന്ത്രണം വേണം. നിയന്ത്രണത്തിന്റെ തത്വശാസ്ത്രം കൈമോശം വരുന്നതാണ് ഇന്നത്തെ പല അപജയങ്ങൾക്കും കാരണം. തനാട്ടോസ് അതിന്റെ സ്വാഭാവികരീതിയിൽ നടക്കട്ടെ. നമ്മളായിട്ട് അതിന്റെ വേഗം ശീഘ്രമാക്കേണ്ടതുണ്ടോ?



BETHANY PUBLICATIONS
www.malankaralibrary.com


# താൻ പാതി ദൈവം പാതി

ഒരിക്കൽ മദർ പ്രൊവിൻഷ്യലിന്റെ ഫോൺ കോൾ. 'അച്ചോ, സുഖമായിരിക്കുന്നോ അസുഖങ്ങളൊക്കെ പൂർണമായും മാറിയോ' ഞാൻ പറഞ്ഞു '100% ഭേദമെന്ന് പറയാറായിട്ടില്ല, ഡോക്ടർ പറഞ്ഞിരിക്കുന്നത് 95 ശതമാനം മരുന്നുകൊണ്ടും ബാക്കി 5 ശതമാനം ദൈവത്തിന്റെ കയ്യിലുമാണ്' എന്നാണ്. ഫോണിന്റെ അങ്ങേയറ്റത്ത് നിന്ന്, 'അച്ചാ, ഡോക്ടർ പറഞ്ഞ ആ പേർസൻന്റേജ് തിരിച്ചിടുകയായിരിക്കും ശരി, അഞ്ചു പേർസെന്റേജ് മെഡിസിനും 95 പേർ സെന്റ്റേജ് ദൈവസ്പർശവും', മെഡിക്കൽ ഹിസ്റ്ററി പരിശോധിച്ചപ്പോൾ മദർ പറഞ്ഞ താണ് ശരിയെന്ന് എനിക്കും തോന്നി. 'താൻ പാതി ദൈവം പാതി' എന്ന് ജീവിതത്തിൽ പല കാര്യങ്ങളെക്കുറിച്ചും പറയാമെങ്കിലും രോഗശാന്തിയുടെ കാര്യത്തിൽ മദറിന്റെ ശതമാനക്കണക്കാണ് ശരി എന്ന് തോന്നുന്നു (95-5). നാം ചിന്തിച്ചേക്കാം, എന്നാൽ പിന്നെ ആ അഞ്ച് ശതമാനവും കൂടി കർത്താവിനങ്ങ് ഏറ്റെടുത്തു കൂടെ? അത് അവന്റെ മനസ്സും ഇഷ്ടവും. കുരുടന്റെ കണ്ണുകളിൽ തുപ്പൽ കൊണ്ടുള്ള ചേറ് പുരട്ടി ശീലോഹാ കുളത്തിൽ കഴുകാൻ പറഞ്ഞു വിട്ടപ്പോൾ അവിടുന്ന് 95-5 ശതമാന ശൈലിയും 'ലാസറെ പുറത്തുവരിക' എന്നാജ്ഞാപിച്ചപ്പോൾ 100 ശതമാന ശൈലിയുമാണ് അവലംബിച്ചത്. ശതമാനം 95 ആയാലും 100 ആയാലും സുഖമാക്കുന്നവൻ അവൻ തന്നെ. മരുന്നും മന്ത്രവും മാർഗ്ഗങ്ങൾ മാത്രം. രോഗശാന്തിക്ക് അവൻ തന്നെ ശരണം. അവനിൽ തന്നെ നമ്മുടെ ആശ്രയവും. രോഗികൾ ജാഗ്രതൈ!



www.malankaralibrary.com


# എന്നെക്കാൾ കൂടുതലായി...

മറ്റൊരു ദിവസം ഞാൻ അവനോട് പറഞ്ഞു, 'എന്നാലും നീ ചെയ്ത ചെയ്ത്തേ, അല്പം കട്ടിയായി പോയി.' ഓമനിച്ചു വളർത്തിയ കോഴിക്കുഞ്ഞുങ്ങൾ മുട്ടയിടാൻ പ്രായ മാകും വരെ ഒരബദ്ധവും പിണയാതെ, ഒന്നും നഷ്ടപ്പെടാതെ ഒന്നിച്ചു വളർന്നു. പശുവിനും കോഴിയ്ക്കും പട്ടിക്കും വേണ്ടിയൊക്കെ ദിവസവും പ്രാർത്ഥിക്കാറുണ്ടായിരുന്നു. എന്റെ പ്രാർത്ഥനയുടെ ശക്തി കൊണ്ടാണ് കോഴിയൊന്നും ചത്തു പോകാഞ്ഞത് എന്ന് ഇടയ്ക്കിടെ ഞാൻ അഹങ്കരിക്കാറുണ്ടായിരുന്നു. അഹങ്കരിക്കാൻ വേണ്ടി അഹങ്കരിച്ചതല്ല. എന്റെ അഹംഭാവത്തിന്റെ പ്രകൃത്യായുള്ള ബഹിർസ്ഫുരണം, അത്ര മാത്രം. പക്ഷേ തമ്പുരാൻ എനിക്കിട്ടൊരു കൊട്ട് തന്നു. ഒരു ദിവസം കോഴിക്ക് തീറ്റ കൊടുക്കാൻ ചെന്നപ്പോൾ കണ്ട കാഴ്ച! കോഴികളിൽ ഒന്ന് ചത്തു കിടക്കുന്നു. എനിക്ക് അതൊരടി തന്നെയായിരുന്നു. ചത്ത കോഴിയെ മാറ്റിയിട്ട് അതിനെ നോക്കി നിന്ന് ഞാനേറെ വിലപിച്ചു. 'കഷ്ടമായിപ്പോയി, ഇത്രയും നാൾ പിടിച്ചു നിന്നതല്ലേ,' എന്തുപറ്റി വിലാപവും പരാതിയും, കാരണം കണ്ടുപിടിക്കലുമെല്ലാം അങ്ങനെ തുടർന്നുകൊണ്ടിരുന്നു. വൈകിട്ട് ഞാൻ അവനോട് എന്റെ പരിഭവം അറിയിച്ചു. എന്റെ ഹൃദയവേദന മനസ്സിലാക്കാത്ത വിധം എന്റെ നേരെ നോക്കി അവൻ പുഞ്ചിരിച്ചുകൊണ്ടിരുന്നു. പിന്നല്ലേ വിവരം പിടികിട്ടിയത്, അവന്റെ അർത്ഥഗർഭമായ പുഞ്ചിരിയുടെ പിന്നാമ്പുറം ഞാൻ തേടി. അവന്റെ ചുണ്ട് അനങ്ങുന്നുണ്ടായിരുന്നു, 'എന്നെക്കാൾ കൂടുതൽ...' അവൻ മുഴുപ്പിക്കാൻ ഞാൻ നോക്കിനിന്നില്ല. ഞാൻ ലജ്ജിച്ച് തല താഴ്ത്തി. തന്ന ഉൾക്കാഴ്ചയ്ക്ക് അവിടുത്തോട് നന്ദി പറഞ്ഞു. അന്ന് അവനോട് ശപഥം ചെയ്തു, 'ഇല്ല, ഇനിയും ഒരിക്കലും നിന്നെക്കാൾ കൂടുതൽ ഒന്നിനെയും സ്നേഹിക്കില്ല...'



BETHANY PUBLICATIONS
www.malankaralibrary.com



# ഗ്രാഫ്റ്റിംങ്ങ്

ഒട്ടിച്ചേർക്കൽ. വിശുദ്ധ ഗ്രന്ഥത്തിൽ ഒരു ഒട്ടിച്ചേർക്കലിന്റെ കഥയുണ്ട്. അവൻ എന്നോടും ഞാൻ അവനോടും ഒട്ടിച്ചേർന്നു നിൽക്കുന്ന ഒരവസ്ഥ. കാട്ടുമുന്തിരിയായ എന്നോട് നാട്ടു മുന്തിരിയായ അവൻ ഗ്രാഫ്റ്റ് ചെയ്യപ്പെട്ടിരി ക്കുന്നു. ഗ്രാഫ്റ്റിങ്ങിൽ ഒരു മരത്തിന്റെ ഫലം ഗ്രാഫ്റ്റ് ചെയ്യപ്പെട്ട മരത്തിന്റേതായിരിക്കുമല്ലോ. ആയതിനാൽ ഇനി ഞാനല്ല അവൻ എന്നിൽ ജീവിക്കുന്നു. കാട്ടുമുന്തിരിയായ എന്റെ വേര് ഈ ഭൂമിയിലാണ്. അവിടെയാണ് ഞാൻ ജീവി ക്കേണ്ടതും വളരേണ്ടതും. അവിടെ നിന്നാണ് ജീവിക്കാനുള്ള ഊർജ്ജം കണ്ടെ ത്തേണ്ടത്. ഭൂമിയിൽ നിന്ന് ആർജിക്കുന്ന ഊർജ്ജം ഞാൻ ഒട്ടിനിൽക്കുന്ന ക്രിസ്താനുഭവ ത്തിലൂടെ ഫലം കയ്ക്കുമ്പോൾ ക്രിസ്തീയ മൂല്യങ്ങൾ എന്നിൽ തരളിതമാകും. പരിശുദ്ധാ ത്മാവിന്റെ സദ്ഗുണങ്ങൾ എന്നിൽ രൂഢമൂല മാകും. ഗ്രാഫ്റ്റ് ചെയ്യപ്പെട്ട മുകുളം മുളച്ചു പൊന്തണം. മുളയ്ക്കണ മെങ്കിൽ ഒട്ടിക്കപ്പെട്ട ഭാഗം ഏറ്റവും ചേർന്നു നിന്ന് ഒന്നായി തീരണം. ജീവൻ ഒന്നിൽനിന്ന് മറ്റതിലേക്ക് പ്രവഹിക്കണം. കാടിന്റെ കറുപ്പിൽ കരു ത്താർജ്ജിച്ചു നിൽക്കുന്ന എന്റെ ജീവിതം വെണ്മയും വിശുദ്ധവുമായ അവന്റെ ജീവിതത്തോട് ഒട്ടിച്ചേർന്ന് നിൽക്കുമ്പോൾ സൽഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കാ നാവില്ല. ഈ ഒട്ടിച്ചേർക്കലിന്റെ ആഴത്തിലും പരപ്പിലും അത്ഭുതങ്ങൾ സംഭവിക്കും. എന്നാൽ ഗ്രാഫ്റ്റിങ്ങ് പ്രക്രിയയിൽ വെട്ട ലുണ്ട്, മുറിക്കലുണ്ട്, ഒരുക്കലുണ്ട്. വെട്ടിയെടുക്കപ്പെട്ട ശിഖരത്തിൽ നിന്ന് കറ ഒലിയ്ക്കും, മുറിക്കപ്പെട്ട ശരീരത്തിൽ നിന്നും രക്തം പൊടിയ്ക്കും. ഒട്ടിക്കപ്പെടണോ, എങ്കിൽ വെട്ടപ്പെട്ടണം.



BETHANY PUBLICATIONS www.malankaralibrary.com


# നമ്പർ വൺ ബെസ്റ്റ് I

എന്റെ പതിവ് നടത്തത്തിനിടെ ഞാൻ യാദൃശ്ചിക മുകളിലേക്ക് ഒന്നു നോക്കി. വഴിയരി കിലെ പറമ്പിൽ ഒരു വാഴക്കുല ഒരു ചാക്കിട്ട് പൊതിഞ്ഞിരിക്കുന്നു. ചാക്കിൽ പ്രിന്റ് ചെയ്തി രുന്നത് ഇങ്ങനെയാണ്, NO. 1 BEST RICE, STONE BLACK BROCKEN REVOVED Net Weight 50 kgs ഞാനൊരു നിമിഷം നിന്നാലോചിച്ചു; പിന്നെ നടന്നാ ലോചിച്ചു. എന്താണ് ഈ പ്രിന്റിംഗിന്റെ അർത്ഥം സംഭവം അരിച്ചാക്കാ ണെന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാണ്. എന്നാലും തമ്പുരാൻ ആ അക്ഷരക്കൂട്ടങ്ങളിലൂടെ എന്നോട് എന്തൊക്കെയോ സംസാരിക്കു ന്നതുപോലെ. 'മകനേ നിന്റെ ആധ്യാത്മിക ജീവിതത്തിൽ, പ്രാർത്ഥനയിൽ, പഠനങ്ങളിൽ, വായനയിൽ, എഴുത്തിൽ, ജോലികളിൽ, കായികാധ്വാനത്തിൽ, മിഷനറി വേലകളിൽ, ചിന്തയിൽ, സംസാരത്തിൽ, ചെയ്യുന്ന മറ്റെല്ലാ കാര്യങ്ങളിലും, നിന്റെ കഴിവിന്റെ പരമാവധി പൂർണ്ണതയിൽ ചെയ്യുക, ചെയ്യാൻ പരിശ്രമിക്കുക. ഫലത്തിനും അഭിനന്ദനത്തി നുവേണ്ടി കാത്തുനിൽക്കണ്ട. നന്മ ചെയ്തു കൊണ്ടേയിരിക്കുക. അപ്പോൾ മത്തായി യുടെ 5 ന്റെ 48 എന്റെ ഓർമ്മയിൽ വന്നു:... 'നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പൂർണ്ണ നായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണ രായിരിക്കുവീൻ.' ഒരു സമ്പൂർണ്ണത വാദി (Perfectionist) എന്ന വിളിപ്പേരോ, കളിപ്പേരോ നിനക്ക് സമ്മാനമായി ലഭിച്ചേക്കാം. തളരരുത്, മൈൻഡ് ചെയ്യേണ്ട.... എന്ന് അവനെന്നോട് പറയുന്നതു പോലെ തോന്നി. എല്ലാവരിലും ബെസ്റ്റ്, എല്ലാറ്റിലും ബെസ്റ്റ്.

ബെസ്റ്റ് ആകേണ്ടത് കഠിനാധ്വാനം കൊണ്ടും നിത്യപരിശ്രമം കൊണ്ടും തീരാത്ത, തോരാത്ത ഉത്സാഹം കൊണ്ടു മായിരിക്കണം. അല്ലാതെ മറ്റുള്ളവരുടെ ചെലവിൽ അവരുടെ തലയിൽ ചവിട്ടി നിന്നുകൊണ്ടാകരുത് എന്നു മാത്രം. എനിക്ക് സംതൃപ്തിയായി, എന്നാലും ഒരു പൂർണത യ്ക്കുവേണ്ടി ഞാൻ ചോദിച്ചു, അപ്പോൾ ബാക്കിയുള്ള അക്ഷരക്കൂട്ടങ്ങളുടെ അർ ത്ഥവും സന്ദേശവുമെന്ത് ഞാൻ ആവേശ ത്തോടെ ആരാഞ്ഞു. അവിടുന്ന് പറഞ്ഞു, 'അത് നാളെ പറയാം'. ഞങ്ങൾ 'ബൈ' പറഞ്ഞ് തൽക്കാലം പിരിഞ്ഞു.

BETHANY PUBLICATIONS
www.malankaralibrary.com


# ഡിപ്പോസിറ്റ്

ഉള്ളതിൽ നിന്ന് മിച്ചം പിടിച്ച് ബാങ്കിൽ നിക്ഷേപിച്ചെങ്കിലെ നമ്മുടെ ആവശ്യമനുസരിച്ച് പണം പിൻവലിക്കാൻ സാധിക്കുകയുള്ളൂ. പണം നിക്ഷേപിക്കാതെ തിരിച്ചെടുക്കാൻ ചെന്നാലോ, ഫലം നാസ്തി. അങ്ങ് സ്വർഗ്ഗത്തി ലും നമുക്കൊരു ബാങ്ക് ഉണ്ടെന്ന് തമ്പുരാൻ അരുളിചെയ്തിട്ടുണ്ട്. അതിന്റെ മാനേജർ പത്രോസും. നിങ്ങളുടെ നിക്ഷേപം ഭൂമിയിലല്ല സ്വർഗ്ഗത്തിലായിരിക്കണം. സ്വർഗ്ഗത്തിലെ നിങ്ങളുടെ നിക്ഷേപം ചിതലരിക്കുകയോ കള്ളൻ മോഷ്ടിക്കുകയോ ഇല്ല. ഈ സ്വർഗ്ഗീയ ബാങ്കിൽ നിക്ഷേപിക്കേണ്ടത് എന്താണെന്ന് എല്ലാവർക്കു മറിയാം. മനുഷ്യൻ ഈ ലോകത്തിൽ സമ്പാദിക്കുന്നതൊന്നും അവിടെ നിക്ഷേപിക്കാനാവില്ല. അവിടെ നിക്ഷേപിക്കാവുന്നത്, പുണ്യങ്ങൾ മാത്രം. പുണ്യ സമ്പാദനം ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ മാത്രമാണ് സാധിക്കുന്നത്. മരിച്ചാൽ അത് നടപ്പില്ല. ഒരിക്കൽ ഞാൻ അവനോട് ചോദിച്ചു, 'എന്താണ് ഈ നിക്ഷേപം കൊണ്ടുള്ള പ്രയോജനം എന്തിനാണ് മനുഷ്യൻ പുണ്യം സമ്പാദിച്ചു കൂട്ടുന്നത്' അവൻ എന്നോട് പറഞ്ഞു. 'എനിക്കൊന്നും നേടാനല്ല, സമ്പാദ്യം നിങ്ങളുടേതു തന്നെയാണ്. നിങ്ങൾക്ക് തന്നെ അത് എടുത്ത് ഉപയോഗിക്കാം. എനിക്ക് ഒരു ലാഭവും ഇല്ല, മാത്രമല്ല എനിക്ക് നഷ്ടമേ ഉണ്ടാകാൻ സാധ്യതയുള്ളൂ.' 'അതെങ്ങനെ നിനക്ക് നഷ്ടം' ഞാൻ ചോദിച്ചു. അവിടുന്ന് മറുപടി പറഞ്ഞു, 'സുകൃതങ്ങൾ കുറച്ചു നിക്ഷേപിച്ചിട്ട് കൂടുതൽ അനുഗ്രഹങ്ങൾ വാങ്ങിച്ചു കൊണ്ടു പോകാറില്ലേ നിങ്ങൾ? അപ്പോഴാണ് എനിക്ക് ക്ലിക്ക് ചെയ്തത് ഈ ഡിപ്പോസിറ്റിന്റെ പ്രയോജനം. ദിവസവും എനിക്കു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും ലോകത്തിനു മുഴുവനായും എന്തെല്ലാം അനുഗ്രഹ ങ്ങളും കൃപകളുമാണ് ദൈവത്തിൽനിന്ന് നാം പ്രാപിക്കുന്നത്. അതിനൊക്കെ നന്ദി സൂചകമായി എന്തെങ്കിലും ദൈവത്തിന് തിരിച്ചു നൽകേണ്ട? ഭൂമിയിൽ ഞാൻ പുണ്യപ്രവർത്തികൾ ചെയ്തു സ്വർഗ്ഗീയ ബാങ്കിൽ നിക്ഷേപം വർദ്ധിപ്പിച്ചാൽ ദൈവം അതിൽ നിന്ന് എഴുതി എടുത്തുകൊള്ളും. എന്റെ നിക്ഷേപത്തുകയുടെ ബാലൻസ് സീറോ ആണെങ്കിലോ ഏതു വകുപ്പിൽ ദൈവം അനുഗ്രഹങ്ങൾ വർഷിക്കും എന്റെ പുണ്യങ്ങളുടെ തോത് നോക്കിയല്ല ദൈവത്തിന്റെ കൃപ ഒഴുകുന്നത് എന്നത് സത്യമാണ്. എന്നാലും നനഞ്ഞിടം കുഴിക്കരുതല്ലോ. ഒരു കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഒരാൾ പറയുമ്പോൾ തീർച്ചയായും പ്രാർത്ഥിക്കാം എന്ന് നമ്മൾ പറഞ്ഞ് ആളിനെ ആശ്വസിപ്പിക്കും. പിന്നെ എന്ത് സംഭവിക്കുന്നു ഞാനൊരു പരിത്യാഗം ചെയ്ത്, അല്പം വേദന അനുഭവിച്ച്, ഒരു സുകൃതം ചെയ്ത് തമ്പുരാനോട് ആ കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ അവിടുന്ന് അത് സ്വീകരിച്ച്, പ്രാർത്ഥിച്ച കാര്യം ഒരാൾക്ക് സാധിച്ചു കൊടുക്കാതിരിക്കില്ല. ആയതിനാൽ ലോകം മുഴുവന്റെയും കൃപാഭിഷേകത്തിനുവേണ്ടി നമുക്ക് സ്വർഗ്ഗീയ ബാങ്കിലെ നിക്ഷേപം അനുദിനം വർദ്ധിപ്പിക്കാം.

www.malankaralibrary.com


# സന്ന്യാസത്തിന്റെ സന്തോഷം

ഫ്രാൻസിസ് പാപ്പ സുവിശേഷത്തിന്റെ സന്തോഷവും കുടുംബ സ്നേഹത്തിന്റെ സന്തോഷവും വായ് തോരാതെ പ്രസംഗിക്കുമ്പോൾ സന്ന്യാസത്തിന്റെ സന്തോഷത്തെക്കുറിച്ചും പറയാൻ മറന്നുപോയില്ല. സന്ന്യാസം ദൈവീകമായ ഒരു മൂല്യമാണ്. മാനുഷികമായ ഒരു പ്രതിഭാസവും. മനുഷ്യൻ ദൈവീകനായി തീരുവാനുള്ള ഒരു എളുപ്പമാർഗമാണ് സന്ന്യാസം. നിങ്ങളുടെ സ്വർഗീയ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ (മത്തായി 5:48) ഈ പൂർണ്ണതയിലേക്കുള്ള വിളിയാണ് സന്ന്യാസം. വലുതെന്ന് ഞാനും ലോകം മുഴുവനും പരിഗണിച്ചിരുന്ന പലതും ചെറുതാണെന്ന് ഗ്രഹിച്ചപ്പോൾ യഥാർത്ഥ വലുതിനെ അന്വേഷിച്ചുള്ള ഒരു തീർത്ഥാടനമാണ് സന്ന്യാസം. എല്ലാറ്റിനെയും ന്യസിക്കുന്നതാണ് സന്ന്യാസമെന്ന് പറഞ്ഞു വെച്ചിട്ടുണ്ടെങ്കിലും അതത്ര ശരിയല്ല. കാരണം എല്ലാം ഉപേക്ഷിച്ചാൽ എല്ലാറ്റിനേയും മാറ്റി കഴിഞ്ഞാൽ പിന്നെ ശൂന്യതയല്ലേ ഫലം സന്ന്യാസം ഒരു ശൂന്യതാനുഭവമല്ല. അതൊരു നിറവാണ്. കുത്തി നിറയ്ക്കലാണ്. എങ്കിൽ എന്താണ് കുറയ്ക്കേണ്ടത് എന്താണ് നിറയ്ക്കേണ്ടത് എന്താണ് ഉപേക്ഷിക്കേണ്ടത് എന്താണ് നിക്ഷേപിക്കേണ്ടത് അതു മാത്രം തിരിച്ചറിഞ്ഞാൽ മതി. പിതാവ് പൂർണനായിരിക്കുന്നതുപോലെ മനുഷ്യനും പൂർണ്ണനാകുവാനുള്ള ത്വരയിൽ വഴി മുടക്കികളായി പ്രത്യക്ഷപ്പെടുന്ന പ്രതിബന്ധങ്ങളെയാണ് മറികടക്കേണ്ടത്. മറി കടക്കലിൽ ഒരു ഉപേക്ഷയുണ്ട്. ഒരു വേണ്ട വയ്ക്കലുണ്ട്. ഇങ്ങനെ സന്ന്യാസിയുടെ ജീവിത ത്തിലെ ഉപേക്ഷയും വേണ്ടാവയ്ക്കലും സന്ന്യാസത്തിന്റെ ഒരു വശം. ശൂന്യവത്കരിക്കപ്പെട്ട സന്ന്യാസ മനസ്സ് മറ്റെന്തുകൊണ്ടോ നിറയണം. സന്ന്യാസിയുടെ മനസ്സും ജീവിതവും മറ്റെന്തുകൊണ്ടാണ് നിറയേണ്ടത്, ദൈവത്തെകൊണ്ടല്ലാതെ? ചുരുക്കത്തിൽ, ഒരു സന്ന്യാസിയുടെ മനസ്സ് യേശുനാമം കൊണ്ടും പരിശുദ്ധാത്മാവു കൊണ്ടും നിറയണം. അപ്പോൾ മാത്രമേ അവന് മോക്ഷം ലഭിക്കുന്നുള്ളു, അപ്പോൾ മാത്രമേ അവൻ ജീവിതസായൂജ്യമടയുന്നുള്ളൂ.

BETHANY PUBLICATIONS
www.malankaralibrary.com


# ഔത്ത് പാത്തി ഔത്ത് മോരി
# (AUT PATI AUT MORI)

'ഒന്നുകിൽ സഹിക്കുക അല്ലെങ്കിൽ മരിക്കുക' ഇന്നും വിജ്ഞാനം പങ്കുവെച്ചത് ബേസിൽ അച്ചനാണ്. 'ഈശ്വര ഭയ് വിജ്ഞാനാരംഭ്' എന്നല്ലേ ചൊല്ല്. ദൈവഭയമുള്ളവർക്ക് വിജ്ഞാനം ലഭിക്കും. സംഭവം ഇതാണ്: പ്ലാസിഡ് അച്ചൻ കാലിലെ വേദനയ്ക്ക് ഡോക്ടറെ കണ്ടതിന്റെ വിശേഷങ്ങൾ പങ്കു വയ്ക്കുകയാണ്. എല്ലാം തുറന്നു പറയുന്ന ആ നല്ല ഡോക്ടർ പറഞ്ഞു, അച്ചന്റെ കാലിലെ വേദന അപ്പാടെ മാറണമെന്നില്ല. ഇനിയും മാറ്റിത്തരാം, മരുന്ന് കഴിക്കണം. കഴിക്കുന്ന മരുന്ന് വേദന മാറാനുള്ളതല്ല, ഉള്ള വേദന മസ്തിഷകം അറിയാതിരിക്കാനുള്ള ഒരു 'പെയിൻ കില്ലർ' മെഡിസിനാണ്. അത് കഴിക്കുന്നത് വഴി ബ്രെയിന്റെ കോശങ്ങൾ കുറേശെ മരിച്ചുകൊണ്ടിരിക്കും. തൽകാരണത്താൽ മറ്റു പല രോഗങ്ങളും വന്നെന്നുമിരിക്കും. എന്ത് വേണ മെന്ന് അച്ചൻ നിശ്ചയിച്ചുകൊള്ളുക. വേദന സഹിക്കുന്നോ ബ്രെയിനിനെ നശിപ്പിക്കുന്നോ ബുദ്ധിമാനും നീതിമാനുമായ പ്ലാസിഡച്ചൻ മറുപടി പറഞ്ഞു, 'സഹിച്ചുകൊള്ളാം'. അങ്ങനെ ഇപ്പോൾ കഴിക്കുന്ന 6 ഗുളികകളുടെ കൂടെ മറ്റൊരു 6 കൂടെ ചേർക്കപ്പെടാതെ രക്ഷപ്പെട്ടു. സംഭാഷണം കേട്ടുകൊണ്ടിരുന്ന ബേസിലച്ചൻ മൊഴിഞ്ഞു. പണ്ട് അത്തനേ വുത്തിന്റെ 'ആ'റാം അവുളയിൽ ഇരുന്ന് കാണാതെ പഠിച്ച അമ്മത്രേസ്യയുടെ വിജ്ഞാനശകലം 'ഔത്ത് പാത്തി ഔത്ത് മോരി', സഹിക്കുക അല്ലെങ്കിൽ മരിക്കുക!



www.malankaralibrary.com


# വന്നു കാണുക

അന്ത്രയോസിനും കൂട്ടുകാരനും യേശു വിന്റെ വചനങ്ങളും ജീവിത ശൈലിയും, അദ്ദേഹത്തിന്റെ വ്യക്തിത്വവും നന്നേ ഇഷ്ട പ്പെട്ടു. അന്ത്രയോസ് അവനിൽ ആകൃഷ്ടനായി, യേശുവിന്റെ അടുക്കൽ വന്നു. അവന്റെ ദൈവ വിളിയുടെ തുടക്കം. ആ സമയത്ത് അന്ത്രയോസിന് ഒരു സംശയം, ആള് (യേശു) ശുദ്ധനാണോ അതോ വ്യാജനാണോ അറിയാൻ ഒരു മാർഗ്ഗമേ യുള്ളൂ. താമസിക്കുന്ന സ്ഥലം പരിശോ ധിക്കുക. ധൈര്യമായി അവൻ ചോദിച്ചു, 'നീ എവിടെയാണ് പാർക്കുന്നത്' മനോഗതങ്ങൾ വായിച്ചെടുക്കുന്ന യേശു പറഞ്ഞു 'വന്നു കാണുക' ഞാൻ പാർക്കുന്ന ഇടവും ജീവിത ശൈലിയും വിവരിച്ചിട്ട് കാര്യമില്ല. നീ വിശ്വസിക്കണമെന്ന് തന്നെയില്ല. പക്ഷേ നിന്റെ ഉദ്ദേശം ശുദ്ധമായതിനാൽ ഞാൻ നിന്നെ ക്ഷണിക്കുന്നു എന്റെ വ്യക്തിത്വത്തി ലേക്ക്. വന്നു കാണുക, അനുഭവിച്ചറിയുക. യേശുതമ്പുരാൻ തന്നെയാണ് ഏത് ദൈവ വിളിയുടെയും മാതൃക. കുടുംബജീവിതക്കാ ർക്ക് അവിടുന്ന് കുടുംബ ത്തിൽ ജനിച്ചവൻ കുടുംബത്തിൽ പാർത്തവൻ, സന്യാസിക്ക് ഒരു ഉത്തമ സന്യാസി, ആദ്യത്തെ സന്യാസി. പുരോഹിതർക്ക് മഹാപുരോഹിതൻ. ഒന്നിനും മാറ്റി നിർത്താൻ സാധിക്കാത്ത വ്യക്തി പ്രാഭവം. ഒരു വഴിപോക്കനായ ക്രിസ്തുവിൽ അന്ത്രയോസ് ആകൃഷ്ട നായത് ഇതൊന്നും കൊണ്ടായിരിക്കണ മെന്നില്ല. കണ്ടാൽ കൊള്ളാവുന്ന ഒരു ചെറുപ്പക്കാരൻ. നന്നായി പ്രസംഗിച്ചു നടക്കുന്ന വിപ്ലവകാരി, ജനങ്ങളുടെ നേതാവ്, നാളെ രാജ്യഭരണം പിടിച്ചെടുക്കാൻ സാധ്യത യുള്ള ഒരു രാഷ്ട്രീയ നേതാവ്, അടുത്ത് നിന്നാൽ ഭാവിയിൽ പ്രയോജനമുണ്ടാകും. ഇതൊക്കെയായിരിക്കാം അന്ത്രയോസിന്റെ പ്രലോഭനങ്ങൾ. പാവം അറിയുന്നില്ലല്ലോ ഇദ്ദേഹം കെട്ടിപ്പടുക്കുന്ന രാജ്യം മനുഷ്യ ഹൃദയങ്ങളിലാണെന്ന്. ദൈവത്തിനുവേണ്ടി മനുഷ്യനെ നേടുകയാണെന്നും. ഇതെല്ലാം മനസ്സിൽ സംഗ്രഹിച്ചുകൊണ്ടാകാം അവി ടുന്ന് പറഞ്ഞത്, 'വന്നു കാണുക' കർത്താ വിന്റെ ഹൃദയത്തെ തൊട്ടറിയുകയാണ് വേണ്ടത്. അവിടുത്തെ ജീവിത ശൈലി കണ്ട് പഠിക്കുകയാണ് ചെയ്യേണ്ടത്. അന്ത്രയോ സിനും കൂട്ടുകാരനും കിട്ടിയ ദൈവവിളി ഒരു 'ഡയറക്ട് കോൾ' ആയിരുന്നു. ഒരു ദൈവ വിളി മറ്റൊരു ദൈവവിളിയെ പ്രോത്സാഹിപ്പി ക്കുന്നു. അന്ത്രയോസ് ചെന്ന് തന്റെ സഹോ ദരൻ ശെമഓൻ പത്രോസിനെ കൂട്ടിക്കൊണ്ടു വരുന്നു. ഒരു 'ഇൻഡയറക്ട് കോൾ'. ദൈവ വിളി ഡയറക്ട് ആയാലും ഇൻഡയറ്ക്ട് ആയാലും വിളി, വിളി തന്നെയാണ്. വിളിക്കപ്പെട്ടവന് ഒരിക്കൽ അഭിമാന പൂർവ്വം പറയാൻ സാധിക്കണം. ഞാൻ വന്നു. കണ്ടു. കീഴടക്കി.

# സൗന്ദര്യം

Right thing in right place in the right way is called beauty. ശരിയായ കാര്യം ശരിയായ സ്ഥലത്ത് ശരിയായ വിധത്തിൽ ആയിരിക്കുന്നതിനെ സൗന്ദര്യം എന്ന് നിർവ്വചിക്കാം. അല്ലെങ്കിൽ ആയിരിക്കേണ്ടത് ആയിരിക്കേണ്ടതുപോലെ ആയിരിക്കുന്നതിനെ സുന്ദരം എന്ന് വിളിക്കാം. അപ്പോൾ ഞാൻ എങ്ങനെ സുന്ദരനാകും? സുന്ദരിയാകും? ഞാൻ കാണുന്നവരൊക്കെ എങ്ങനെ സൗന്ദര്യം ഉള്ളവരാകും? ഈ ലോകം മുഴുവനും എങ്ങനെ സുന്ദരമാകും മുകളിൽ കണ്ട സൗന്ദര്യത്തിന്റെ നിർവചനം ഇവിടെയെല്ലാം പ്രയോഗിച്ചു നോക്കുക. ഞാനും നീയും ലോകവും ആയിരിക്കേണ്ട സ്ഥലത്ത് ആയിരിക്കേണ്ടതുപോലെ ആയിരിക്കുമ്പോൾ അവിടെയാണ് സൗന്ദര്യം.

എഴുപത്തെട്ടാം വയസ്സിലും ചുവപ്പിച്ച ചുണ്ടും കറുപ്പിച്ച മുടിയും സൗന്ദര്യമാണെന്ന് തെറ്റിദ്ധരിക്കുന്നവരുണ്ട്. ആണെങ്കിൽ തന്നെ അത് കൃത്രിമ സൗന്ദര്യമാണ്. സൗന്ദര്യം പ്രകൃതി ദത്തമായിരിക്കണം. കൃത്രിമമായിരിക്കരുത്, കാരണം കൃത്രിമത്തിന് ആയുസ്സില്ല, അസത്യത്തിന് എന്ന പോലെ. സൗന്ദര്യത്തിന്റെ ഈ നിർവ്വചനം മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ എല്ലാതലങ്ങളിലും പ്രയോഗിക്കാമെന്ന് തോന്നുന്നു. മനുഷ്യന്റെ ആത്മാർത്ഥതയും സത്യസന്ധതയും നിസ്വാർത്ഥതയും സ്വാഭാവികതയും എല്ലാ മാനുഷിക മൂല്യങ്ങളും അവന്റെ ആന്തരിക സൗന്ദര്യമാണ് പ്രതിബിംബിപ്പിക്കുന്നത്. അനുയോജ്യമായ ശാരീരിക സ്വസ്ഥത അവന്റെ ബാഹ്യ സൗന്ദര്യത്തെ പ്രദ്യോതിപ്പിക്കുന്നു. ഇങ്ങനെ ശാരീരിക- മാനസിക തലങ്ങളിലുള്ള സൗന്ദര്യമാണ് മനുഷ്യനെ യഥാർത്ഥ സൗന്ദര്യമുള്ളവനാക്കുന്നത്. ഈ സൗന്ദര്യമാണ് സ്വാഭാവികമായും ശാശ്വതവും ദൈവീകവും. അതല്ലേ ഋഷി ഇങ്ങനെ കുറിച്ചിട്ടത്, 'സത്യം ശിവം സുന്ദരം'.



# നികുതി

ഇന്ന് അവനാണ് തുടങ്ങിയത്. 'ഞാൻ ഒരു ചോദ്യം ഉത്തരം പറയാമോ' എന്നാ, ക്വിസ് ആണോ 'അതേ ഒരു മിനി ക്വിസ്' ആകട്ടെ, ഉത്തരം അറിയാമെങ്കിൽ പറയാം. 'എന്റെ ഗിരി പ്രഭാഷണത്തിൽ ദൈവപരിപാലന എന്നുള്ളത് ഒരു വിഷയമായിരുന്നല്ലോ. ഇത് പ്രാവർത്തികമായി കാണിച്ചു തന്ന രണ്ട് ഉദാഹരണങ്ങൾ പറയാമോ ഒന്ന് ഉടനെ ഓർമ്മയിൽ വന്നു, 'അപ്പം വർദ്ധിപ്പിച്ചത്'. ശരി, രണ്ടാമത്തേത് ഒരു നിമിഷം... ഒരു ക്ലൂ തരാമോ ഞാൻ ചോദിച്ചു. അവൻ പറഞ്ഞു, 'നികുതി' കാര്യം പിടി കിട്ടി, സീസറിനു നികുതി കൊടുത്ത കഥ. ഒരിക്കൽ കരം പിരിവുകാർ യേശുവിനെയും ശിഷ്യന്മാരെയും വളഞ്ഞു. എല്ലാ ഇസ്രായേൽക്കാരും ജറുശേലം ദേവാലയത്തിന്റെ നടത്തിപ്പിലേക്ക് അര ഷെക്കൽ കരം കൊടുക്കാൻ കടപ്പെട്ടവരായിരുന്നു. യേശുവും ശിഷ്യരും ആ വർഷത്തെ കരം കൊടുക്കാൻ അല്പം താമസിച്ചു പോയി. യാത്രയ്ക്കിടെ സമയം കിട്ടിക്കാണുകയില്ല, തന്നെയുമല്ല സാമ്പത്തികം അല്പം മോശവും ആയിരുന്നിരിക്കണം. യേശുവും കൂട്ടരും പട്ടണത്തിലുണ്ടെന്നറിഞ്ഞ് കരം പിരിവുകാർ അവിടെയെത്തി; ആദ്യം പത്രോസിനെ കണ്ട് കാര്യം പറഞ്ഞു. കാര്യ ഗൗരവം മനസ്സിലാക്കി പിരിവുകാരോട് അവധാ പറഞ്ഞ്, പത്രോസ് ഓടിവന്ന് യേശു വിനെ വിവരമറിയിച്ചു. യേശു ബേജാറായില്ല. കരം കൊടുക്കാൻ പണസഞ്ചിക്കാരൻ യൂദാസിനെ അന്വേഷിച്ചു. പതിവുപോലെ ആള് മുങ്ങിക്കളഞ്ഞിരുന്നു. കാര്യമുണ്ട്, സഞ്ചി കാലിയായിരുന്നിരിക്കണം. പ്രതിസന്ധി മനസ്സിലാക്കി യേശു ശിഷ്യരെ ദൈവപരിപാലനയ്ക്ക് വിട്ടു കൊടുത്തു. അത്ഭുതം പ്രവർത്തിക്കുന്നതിന് മനുഷ്യ പ്രയത്നവും ആവശ്യമാണ് എന്ന തത്വം എടുത്തു കൊണ്ട് ഇപ്രാവശ്യം പത്രോസിനു തന്നെ പണി കൊടുത്തു. വെള്ളത്തിൽ ചൂണ്ടയിടുക, കിട്ടുന്ന മീനിന്റെ വായിൽ കാണുന്ന ഒരു ഷെക്കൽ എടുത്ത് യേശുവിനു വേണ്ടിയും പത്രോസിനു വേണ്ടിയും അര ഷെക്കൽ വീതം ഒരു ഷെക്കൽ കരം കൊടുത്ത് അവരെ പിരിച്ചു വിടുക. മനുഷ്യന്റെ ആവശ്യത്തിനു മുമ്പിൽ കണ്ണുംപൂട്ടിയിരിക്കുന്ന കൽപ്രതിമയല്ല ഇസ്രായേലിന്റെ ദൈവമെന്ന് ഒരിക്കൽ കൂടി അവിടുന്ന് തെളിയിച്ചു. പത്രോസ് ശിഷ്യൻ സന്തോഷാവേശത്താൽ ഉച്ചത്തിൽ പറഞ്ഞു 'പ്രെയ്സ് ദ ലോഡ്'. തന്റെ കടവും വീട്ടിയല്ലോ, ആശ്വാസം...!

BETHANY PUBLICATIONS
www.malankaralibrary.com



# നമ്പർ വൺ ബെസ്റ്റ് II

അന്നൊരു ദിവസം അരിച്ചാക്കിന്റെ പുറത്തെ അക്ഷരക്കൂട്ടങ്ങളുടെ അർത്ഥം ആരായുകയായിരുന്നു ഞാൻ. ബാക്കി എന്തോ നാളെ പറയാം എന്നു പറഞ്ഞ എഴുത്ത് ഇങ്ങനെയായിരുന്നു. Stone, black, brocken, Revoved. Net Weight 50 kg. അരി, നമ്പർ വൺ ബെസ്ററ് റൈസ് എന്നെഴുതിയിട്ട് അതിനെ വിശദീകരിക്കുകയാണ് ബാക്കി വാക്കുകളിൽ കല്ലും, കറുത്ത പതിരും, മുറിയരിയും നീക്കം ചെയ്യപ്പെട്ടത്. മൊത്ത ഭാരം 50 കിലോഗ്രാം. നമ്മുടെ ജീവിതത്തിലും ഇത് അന്വർത്ഥമാകണം. ജീവിതം ധന്യമാകണമെങ്കിൽ അതിൽ കല്ലും പതിരും മുറിഞ്ഞതുമൊക്കെയായ ജീവിതശൈലികൾ നീക്കം ചെയ്യപ്പെടണം. ജീവിതത്തിലെ ദുശ്ശീലങ്ങളൊക്കെ കല്ലും പതിരുമാണ്. സ്നേഹമില്ലായ്മയും വഴക്കും ശണ്ഠയും ജീവിതത്തിലെ കല്ലുകടിയാണ്. സ്വാർത്ഥതയും പൊങ്ങച്ചം പറച്ചിലും അസൂയയും അഹങ്കാരവുമൊക്കെ അർത്ഥമില്ലാത്ത, ഉൾക്കാമ്പില്ലാത്ത പതിരുകളാണ്. തകർന്ന സ്വപ്നങ്ങളും ബന്ധങ്ങളും ബന്ധനങ്ങളായി ജീവിതത്തിൽ അവശേഷിക്കുമ്പോൾ അതൊക്കെ ശാന്തമായ ജീവിതത്തെ കശക്കിക്കളയുന്ന വേദനയുടെ മുറിഞ്ഞ മുറിപ്പാടുകളാണ്. ഇവയുടെയെല്ലാം സാന്നിധ്യത്തിൽ ജീവിതം പലപ്പോഴും അപൂർവ്വവും അർഥശൂന്യവുമായി അനുഭവപ്പെട്ടേക്കാം. അത് പാടില്ല. നമ്മുടെ ജീവിതത്തിന്റെ മൊത്ത തൂക്കം അമ്പതെങ്കിൽ അമ്പതു തന്നെയായിരിക്കണം. അത് നൂറാണെങ്കിൽ നൂറ് തന്നെയായിരിക്കണം. അതിലൊട്ടും കുറവുണ്ടാകാൻ പാടില്ല. കുറവില്ലയെന്ന് ലോകത്തോട് മുഴുവൻ വിളിച്ചു പറയാൻ നമുക്ക് സാധിക്കണം. STONE BLACK BROCKEN, REVOVED NET WEIGHT 50 KG.



BETHANY PUBLICATIONS
www.malankaralibrary.com


# വെളുക്കുമ്പം കുളിക്കണം

അങ്ങനെയിരുന്നപ്പോൾ എങ്ങനെയോ അന്ന് ഒന്നാം ക്ലാസ്സിലെ മലയാളം പാഠ പുസ്തകത്തിലെ ഒരു പദ്യശകലം മനസ്സി ലൂടെ ഊളിയിട്ടു കടന്നുപോയി.

വെളുക്കുമ്പം കുളിക്കണം.
വെളുത്ത മുണ്ടുടുക്കണം
(ബാക്കി മറന്നുപോയി...ഇങ്ങനെ പൂരിപ്പിച്ചാലോ!)
വെളുപ്പിലെയീശ്വരനാമം ജപിക്കണം.
വെളുത്തൊരു ചിരിയും മുഖത്തു കരുതണം.

നമ്മുടെ പിതാമഹന്മാർ കുഞ്ഞുങ്ങ ളുടെ ഹൃദയത്തിൽ കോറിയിട്ട ജീവിതമൂല്യ ങ്ങൾ! ഇതായിരുന്നു യഥാർത്ഥ വിദ്യാ ഭ്യാസം. ശാരീ രിക മാനസിക ശുദ്ധി, ഈശ്വര ചിന്ത, പരസ്നേഹം ഇങ്ങനെ പോകുന്നു ആ മൂല്യങ്ങൾ. മൂല്യങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. മൂല്യങ്ങൾ സത്യവും അനശ്വരവുമാണ്, അവയ്ക്ക് അഴിവില്ല. മനുഷ്യൻ ഒരു മൂല്യാധിഷ്ഠിത ജീവിയാണ്.

സാമൂഹിക മൂല്യങ്ങൾ, സാംസ്കാ രിക മൂല്യങ്ങൾ, ആധ്യാത്മിക മൂല്യങ്ങൾ എന്നിങ്ങനെ മനുഷ്യജീവിതം തന്നെ മൂല്യങ്ങളിൽ വേരുറപ്പിക്കപ്പെട്ടതാണ്. ഒരു പക്ഷേ വിദ്യാഭ്യാസത്തിൽ അഭ്യസിക്കുന്ന വിദ്യകൾ വിവിധ മൂല്യങ്ങളുടെ പരമ്പര തന്നെയല്ലേ ജീവിതമൂല്യങ്ങൾ അഭ്യസി ക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം. ഇന്നത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് മൂല്യ ച്യുതി സംഭവിക്കുന്നുവെങ്കിൽ അവിടെ നടക്കുന്നത് മൂല്യങ്ങളുടെ അഭ്യാസത്തിന് പകരം മറ്റെന്തൊക്കെയോ അഭ്യാസങ്ങളായി രിക്കാം. ശമ്പളം വാങ്ങാനുള്ള ഒരു തൊഴി ലായി വിദ്യാഭ്യാസത്തെ കാണുന്ന അധ്യാപ കരും, പണമുണ്ടാക്കാൻ ഒരു മാർഗമായി കാണുന്ന മാനേജ്മെന്റും, ഒരു ജോലിക്കു വേണ്ടി പാഠം പഠിക്കുന്ന വിദ്യാർത്ഥിയും കൂടിച്ചേരുമ്പോൾ നമ്മുടെ കലാലയങ്ങളിൽ വിദ്യാഭ്യാസത്തിന് പകരം വിദ്യാഭാസമായി രിക്കും നടക്കുന്നതെന്ന് ചിന്തിച്ചു പോകുക യാണ്.

ആയതിനാൽ വെള്ളമുള്ള കാല ത്തോളം വെളുക്കുമ്പം കുളിക്കാനും ഉടു മുണ്ടുള്ള കാലത്തോളം വെളുത്ത മുണ്ടുടു ക്കാനും ഈശ്വരനുള്ള കാലത്തോളം വെളുപ്പിന് ഈശ്വരനാമം ജപിക്കാനും നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കാം.

BETHANY PUBLICATIONS
www.malankaralibrary.com


# ഭോഷനും ജ്ഞാനിയും

ഒരു തമിഴ് ചൊല്ല് കേട്ടിട്ടുണ്ട്:

ഭോഷണക്കും ഭോഷണക്കും വളി ഒണ്ണ്,
ഭോഷണക്കും ജ്ഞാണിക്കും വളി രണ്ട്,
ജ്ഞാണിക്കും ജ്ഞാണിക്കും വളി മൂണ്.

ഒരു ഒറ്റയടി പാതയിൽ എതിർ ദിശകളിൽ നിന്ന് വരുന്ന രണ്ട് മനുഷ്യർ ഏതു തരക്കാരായിരിക്കാം എന്നാണ് ഈ വിജ്ഞാന ശകലം ദ്യോതിപ്പിക്കുന്നത്. രണ്ടുപേരും ഭോഷന്മാരും സ്വാർത്ഥരും സംസ്കാരശൂന്യരുമാണെങ്കിൽ അവർക്ക് രണ്ടുപേർക്കും ഒരു വഴിയേയുള്ളൂ. കൂട്ടിയിടി സ്വാഭാവികം. ഒരാൾ ഭോഷനും മറ്റേയാൾ ജ്ഞാനിയുമാണെങ്കിൽ ജ്ഞാനിയായ ആ നല്ല മനുഷ്യൻ സാഹചര്യം മനസ്സിലാക്കി മറ്റേ ആളിന് വഴിമാറി കൊടുക്കും. അപ്പോൾ അവിടെ രണ്ടു വഴി സൃഷ്ടിക്കപ്പെട്ടു. ഇനിയും രണ്ടുപരും ജ്ഞാനികളും സംസ്കാര സമ്പന്നരുമാണെങ്കിൽ, ഒറ്റവഴിയിലൂടെ എതിർവശത്തു നിന്നു വരുന്നയാൾ പൊയ്ക്കൊള്ളട്ടെ എന്നുകരുതി മറ്റേയാൾക്ക് രണ്ടുപേരും വഴിമാറി കൊടുക്കും. അപ്പോൾ വഴി മൂന്നായി. ജീവിതത്തിലെ ചില സാഹചര്യങ്ങളിൽ ഈ 'വളി മൂണ്' മാർഗ്ഗം സ്വീകരിച്ചാൽ നഷ്ടപ്പെടാനൊന്നുമില്ല, നേടുന്നതോ, മനസ്സമാധാനവും സംതൃപ്തിയും. 'വളി ഒണ്ണ്' മാർഗ്ഗം കൊണ്ട് ആരും ഒന്നും ഈ ലോകത്തിൽ നേടിയിട്ടില്ല. മൂക്കിന്റെ പാലം ഒടിയുകയല്ലാതെ. 'വളി രണ്ട്' മാർഗ്ഗം കൊണ്ട് അന്തരീക്ഷത്തിന്റെ സന്തുലിതാവസ്ഥ പാലിച്ചുകൊണ്ട് പോകാമെന്നേയുള്ളൂ. അത്ര 'സേഫ്' അല്ല. എന്നാൽ 'വളി മൂണ്' മാർഗ്ഗം കൊണ്ട് ഒരു പ്രശ്ന ത്തെ കൈകാര്യം ചെയ്യാൻ അനേകം പരിഹാര മാർഗ്ഗങ്ങൾ തുറക്കുകയായി. അതുവഴി വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹ ത്തിലും, എന്തിന് ലോകം മുഴുവനും ശാന്തിയും സമാധാനവും കളിയാടും.

ഓർക്കുക:- 'ജ്ഞാണിക്കും ജ്ഞാണിക്കും വളി മൂണ്.



BETHANY PUBLICATIONS
www.malankaralibrary.com



# 'കയ്യഫാസ് സിൻഡ്രോം'

കയ്യഫാസ് ചിന്തിച്ചു, ജനങ്ങൾക്കു വേണ്ടി ഒരാൾ മരിക്കുന്നത് യുക്തമാണ് (യോഹ. 18:14). ഗാന്ധിജിയെക്കുറിച്ച് നാഥുറാം ഗോഡ്സെയും ചിന്തിച്ചു, ഭാരതത്തിന്റെ ഹിന്ദുത്വം സംസ്ഥാപിക്കാൻ ഈ മനുഷ്യൻ മരിക്കുന്നത് യുക്തമാണ്. ഇവിടെ രണ്ടു പേരും അവരവർക്ക് യുക്തമെന്നു തോന്നിച്ച കാര്യങ്ങൾ നടപ്പാക്കി. ഇതിനെ നമുക്ക് 'കയ്യഫാസ് സിൻഡ്രോം' എന്ന് വിളിക്കാം.

ഈ സിൻഡ്രോം ബാധിച്ചവർക്ക് ഇടം വലം നോട്ടമില്ല. അവരുടെ ചിന്തയും യുക്തിയും തന്നെ ശരി. താനെടുക്കുന്ന തീരുമാനത്തിന്റെ സാമൂഹിക- സാംസ്കാരിക-രാഷ്ട്രീയ-ആത്മീയ മാനങ്ങളൊന്നും അവർക്ക് വകയല്ല. യേശു ക്രിസ്തുവിനെ വിചാരണയ്ക്കും, വിധിയ്ക്കും വിടുന്നതിനു മുമ്പ് ഈ മനുഷ്യനിലുള്ള അസാധാരണത്വവും ദൈവത്തിന്റെ കൈയ്യൊപ്പും കയ്യഫാസ്സിന് ഒരു പ്രശ്നമല്ലായിരുന്നു. ജനമെല്ലാം അവന്റെ പിന്നാലെ പോകുന്നു. തങ്ങളുടെ ജനക്കൂട്ടത്തിന്റെ അംഗബലം കുറയുമെന്ന് ഭയന്ന്, അങ്ങനെ സ്വാർത്ഥ താൽപര്യത്തിനുവേണ്ടി സത്യത്തെ അന്വേഷിക്കാതെയും സത്യത്തെ കണ്ടെത്താതെയും സാധിക്കുമെങ്കിൽ സത്യത്തെ നിഹനിക്കുവാനും ഇറങ്ങിപ്പുറപ്പെടുന്ന മനുഷ്യനെ ഗ്രസിച്ചിരിക്കുന്നതാണ് ഈ സിൻഡ്രോം.

അന്നെന്നപോലെ ഇന്നും ഇത് പ്രവർത്തന ക്ഷമമാണ്. ഈ സിൻഡ്രോം ബാധിച്ച ചില മനുഷ്യ പേക്കോലങ്ങളാണ് ഇന്ന് നമ്മുടെ നാടിനെ ഭരിക്കുന്നത് എന്നോർക്കുമ്പോൾ നാം ഭയപ്പെട്ടേക്കാം. വേണ്ട, ഭയപ്പെടേണ്ട. ഈ സിൻഡ്രോ ത്തിനു മുമ്പിൽ നമ്മുടെ നാഥൻ ഭയന്ന് മുട്ടുകുത്തിയില്ലല്ലോ. 'അസൂയാലുക്കളായ ഭരണാധികാരികളിൽ നിന്ന് ഞങ്ങളെ സംരക്ഷിക്കണ'മെന്ന് വിശുദ്ധ കുർബാനയിൽ വെറുതെ ചൊല്ലി വിടാതെ ഇനിയെങ്കിലും നമുക്ക് മനമുരുകി അങ്ങനെ പ്രാർത്ഥിക്കാൻ ശ്രദ്ധിക്കാം.



BETHANY PUBLICATIONS
www.malankaralibrary.com


# ഒരുവനെ തന്നെ...

'ഒരുവനെ തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്നു തോന്നും.' പണ്ടെങ്ങോ കേട്ട പഴഞ്ചൊല്ല്.

വെള്ളമില്ല. കുടിക്കാൻ വെള്ളമില്ല, കുളിക്കാൻ വെള്ളമില്ല അലക്കാൻ വെള്ള മില്ല, ചെടിയ്ക്ക് ഒഴിക്കാൻ വെള്ളമില്ല. അങ്ങനെ വെള്ളമില്ലാ കടലിൽ മാനത്തു നോക്കി നിൽക്കുമ്പോൾ, അതാ കാറ്റിന്റെ യൊരു ശീൽക്കാര ശബ്ദം. 'മഴ, മഴ, മഴ വരുന്നു' സ്വയം മറന്ന് പറഞ്ഞുപോയി. കാറ്റത്തുലഞ്ഞ മരച്ചില്ലകൾ കൊഴിച്ച പഴുത്തിലകൾ പുരപ്പുറത്ത് വീണപ്പോൾ മഴത്തുള്ളികൾ താളം പിടിക്കുന്നതുപോലെ തോന്നി. അറിയാതെ പറഞ്ഞുപോയി, 'മഴ, മഴ, മഴ വരുന്നു'. അങ്ങകലെ പഴയ ബെഡ് ഫോർഡ് വണ്ടി കയറ്റം കയറുന്ന മുരളിച്ച കേട്ട്, തെറ്റിദ്ധരിച്ചു പറഞ്ഞുപോയി 'മഴ, മഴ, മഴ വരുന്നു', കാറ്റ് വീശി, ഇല വീണു, ബെഡ് ഫോർഡ് കയറിവന്നു. മഴ മാത്രം വന്നില്ല... മഴ വരുന്നത് സ്വപ്നമായി അവശേഷിച്ചു. മഴയെ എന്തിന് കുറ്റപ്പെടുത്തണം കുറ്റപ്പെടു ത്തേണ്ടത് എന്നെയാണ്. ഞാൻ എന്നെ തന്നെ മറന്ന് മഴയെ മാത്രം പ്രതീക്ഷിച്ചിരി ക്കുകയായിരുന്നു. അപ്പോൾ ആ പഴഞ്ചൊല്ല് മനസ്സിൽ മിന്നൽ പിണർ പോലെ ഊളിയിട്ട് കടന്നുപോയി. 'ഒരുവനെ മാത്രം...' പക്ഷേ ഒരു പാഠം തമ്പുരാൻ പഠിപ്പിച്ചു. അവനെ മാത്രം നിനച്ചിരുന്നാൽ മുമ്പിൽ വന്നു പെടുന്നവരെല്ലാം അവനെന്നു തോന്നും. കുചേലനും കുബേരനും, പണ്ഡിതനും പാമരനും, വലിയവനും ചെറിയവനും, എന്റെ മുമ്പിൽ ഞാൻ കാണുന്നവരെല്ലാം അവന്റെ അവതാരങ്ങളെന്ന് തോന്നും. തോന്നണം. അവനെ തന്നെ നിനച്ചിരിക്കുക, അവനെ മാത്രം ധ്യാനിച്ചിരിക്കുക; കാണുന്ന വരെല്ലാം അവനെന്ന് തോന്നും!

'ഒരുവനെ തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്ന് തോന്നും.'



BETHANY PUBLICATIONS
www.malankaralibrary.com


# ക്രിസ്ത്യാനിയുടെ അച്ച്

ഒരു ഓട്ട് പ്രതിമയുണ്ടാക്കാൻ മൂശാരി ആദ്യം ഒരു അച്ചുണ്ടാക്കും. അച്ചുണ്ടാക്കാൻ കളിമണ്ണു കൊണ്ടോ മെഴുകു കൊണ്ടോ മറ്റൊരു പ്രതിമ ഉണ്ടാക്കണം. ആ പ്രതിമയെ പൊതിഞ്ഞാണല്ലോ അച്ചുണ്ടാക്കുന്നത്. അങ്ങനെ ഉണ്ടാക്കുന്ന അച്ചിലാണ് അസ്സൽ പ്രതിമയുണ്ടാക്കിയെടുക്കുന്നത്. അപ്പോൾ അസ്സൽ പ്രതിമയുടെ ഭംഗിയും പൂർണ്ണതയും അച്ചിനെ ആശ്രയിച്ചിരിക്കും, അച്ചിന്റെ പൂർണ്ണതയോ കളിമൺ പ്രതിമയെയും. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവന്റെ മോഡൽ പ്രതിമ ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ജീവിതത്തെ പൊതിഞ്ഞാണ് ക്രിസ്ത്യാനിയെ വാർത്തെടുക്കാനുള്ള മൂശ (മോൾഡ്) ഉണ്ടാക്കിയിരിക്കുന്നത്. സുവിശേഷത്തിലുടനീളം മനുഷ്യന് നൽകപ്പെട്ടിരിക്കുന്ന ഉപദേശങ്ങളും നീതി വാക്യങ്ങളും കൊണ്ടാണ് ക്രിസ്തു-മൂശ മെനയപ്പെട്ടിരിക്കുന്നത്. ഗിരിപ്രഭാഷണത്തിലെ അഷ്ടഭാഗ്യങ്ങൾ ക്രിസ്ത്യാനിയുടെ മാഗ്നാ കാർട്ടയാണ്. ഇതും ഇതുപോലുള്ള നീതി വാക്യങ്ങളും അന്നത്തെ സാധാരണ മനുഷ്യന് ഗ്രഹിക്കാൻ സാധിക്കുന്നതിലപ്പുറമായിരുന്നു. സ്വയം ചെറുതാക്കുന്നവനാണ് സ്വർഗ്ഗത്തിലെ വലിയവൻ, ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നതുവഴി സഹോദരനെയും സ്വർഗ്ഗത്തെയും നേടും, ശത്രുക്കളെ സ്നേഹിക്കുക, പാതാളത്തോളം ക്ഷമിക്കുക. ഇങ്ങനെ ഒരായിരം കടകവിരുദ്ധമെന്ന് അന്നത്തെ ജനപ്രമാണികൾക്ക് തോന്നിക്കുന്ന കുറെയേറെ വളഞ്ഞുപുളഞ്ഞ വരകൾ കൊണ്ടാണ് ക്രിസ്തു, ക്രിസ്ത്യാനിയുടെ ക്രിസ്തു - മൂശയ്ക്ക് ഡിസൈൻ കൊടുത്തിരിക്കുന്നത്. ഈ അച്ചിലേക്ക് നാം ഉരുക്കിയൊഴിക്കപ്പെട്ടെങ്കിലേ ക്രിസ്തീയത്വത്തിന്റെ പണിക്കുറവ് തീർന്ന ഒരു വ്യക്തിത്വമായി നാം പുറത്തു വരികയുള്ളൂ.



BETHANY PUBLICATIONS
www.malankaralibrary.com


# തേക്കും മാങ്ങാനാറിയും

തീ പൊരിയുന്ന വെയിൽ, അന്തരീക്ഷം നിന്ന് കത്തുന്നതുപോലെ. അതാ നോക്കൂ ആ നിൽക്കുന്ന തേക്കുമരം. ഏതാണ്ട് 45 ഇഞ്ച് വണ്ണമുള്ള തേക്കിന് പത്തിരുപത് വർഷത്തെ പഴക്കം കാണും. മുകളിൽ ശിഖരങ്ങളിൽ ഒരില പോലുമില്ല. ആകെയൊരു പേകോലം! മഴക്കാലത്ത് തളിർത്ത്, ശാഖകൾ വിരിച്ച്, ആകെ ഒന്ന് ഫ്ലാറി നിന്നതാണ്. ആരുണ്ടിവിടെ എന്റെ കരുത്തിനെ വെല്ലാൻ എന്ന സ്വല്പം അഹംഭാവത്തോടെ. ഞാൻ നോക്കി തൊട്ടടുത്ത് അതാ നിൽക്കുന്നു ഒരു പാവം മാങ്ങാനാറി. ഒരു കൊച്ചു ചെടി, നിറയെ ഇലകളുമായി. ഇലയെന്നു പറഞ്ഞാൽ കൂമ്പി മുകളിലേക്ക് നോക്കി നിൽക്കുന്ന നാരുകൾ പോലുള്ള ഇലകൾ. ആ നാരിലകളെല്ലാം ഒന്നിച്ചുകൂടി കൈകൂപ്പി സൂര്യ ഭഗവാനെ തൊഴുതു നിൽക്കുന്നു. ഞാൻ നടന്നാലോചിച്ചു; എന്തേ, ഈ തേക്കിനും മാങ്ങാ നാറിയ്ക്കും ഒരു പോലെയല്ലേ മഴ കിട്ടുന്നുള്ളൂ ഒരുപോലെയല്ലേ സൂര്യ താപവും. എന്നിട്ടുമെന്തേ ഇവ തമ്മിൽ ഇത്ര വ്യത്യാസം തൊട്ടടുത്ത മണ്ണിലെ അവശേഷിക്കുന്ന അല്പം ഈർപ്പം വലിച്ചെടുക്കാൻ മാങ്ങാനാറിയ്ക്ക് തായ്‌വേരിനോടടുത്ത് ഒരായിരം കുഞ്ഞു വേരുകളുണ്ട്. എന്നാൽ തേക്കിന്റെ വേര് ജലസ്രോതസ്സുകൾ തേടി അങ്ങ് അഗാധത്തിൽ പോയിരിക്കുകയായിരിക്കും. പാറയിടുക്കുകളിൽ പെട്ട് ഞെരുങ്ങി ഞെരുങ്ങി ഉണങ്ങുകയായിരിക്കും. കഷ്ടം! നോക്കണേ, ഒരു വലിയവന്റേയും ഒരു കുഞ്ഞന്റേയും ഗതിവിഗതികൾ. തൊട്ടടുത്ത സാധാരണക്കാരനിലെ ദൈവാംശം കാണാതെ അതിൽ നിന്ന് ജീവജലം നുകരാതെ, അതെ നാം പലപ്പോഴും പോകുകയാണ് അങ്ങ് വിദൂരതയിലേക്ക് സൗഭാഗ്യജലം തേടി. അവിടെയുമിവിടെയുമില്ലാത്ത സ്ഥിതി. തൊട്ടടുത്ത ചേരിയിലെ കിരാതനിൽ ദൈവത്തെ കാണാൻ സാധിക്കാതെ നമുക്ക് എങ്ങനെ ലോകത്തിന്റെ മറുഭാഗത്തുള്ള സായിപ്പിൽ ദൈവീകത കണ്ടെത്താൻ സാധിക്കും?



BETHANY PUBLICATIONS
www.malankaralibrary.com


# റബ്ബോനി

റബ്ബോനി എന്നാൽ ഗുരു എന്നർത്ഥം. ഉയർത്തെഴുന്നേറ്റ യേശു ക്രിസ്തു. മഗ്ദലന മറിയത്തെ 'മറിയം' എന്ന് വിളിക്കുന്നു. യേശു വിന്റെ മറിയം എന്ന വിളിയും മറിയത്തിന്റെ റബ്ബോനി എന്ന മറുവിളിയും എന്നെ ഇരുത്തി ചിന്തിപ്പിച്ചു. തൊട്ടുമുമ്പ് ഇവർ തമ്മിൽ എങ്ങിനെയാണ് അഭിസം ബോധന ചെയ്തത് എന്നറിയാമോ 'സ്ത്രീയെ' എന്ന് യേശു മറിയത്തെ വിളിക്കു മ്പോൾ അവൾ തിരിച്ചു വിളിക്കുന്നു, 'പ്രഭോ'. തന്നോട് സംസാരിക്കുന്നത് തോട്ടക്കാര നാണ് എന്ന് വിചാരിച്ചാണ് അവൾ അങ്ങനെ അഭിസംബോധന ചെയ്തത്. 'സ്ത്രീ'യെ 'മറിയ'വും, 'പ്രഭോ' 'റബ്ബോനി'യുമായി മാറിയതെപ്പോൾ ഇത് തമ്മിലുള്ള ദൂരം എന്ത്? എനിക്ക് തോന്നുന്നു, ജീവിതത്തിലെ ഔപ ചാരികതയും ദൃഢമൈത്രിയും തമ്മിലുള്ള ദൂരമാണത്. പേടിച്ച് വെളുപ്പിലെ അരണ്ട വെളിച്ചത്ത് മുന്നിൽ നിൽക്കുന്ന പുരുഷനെ തിരിച്ചറിയാതിരുന്നപ്പോൾ മറിയത്തിന്റെ പ്രിയനാഥൻ, യേശുവിനെ ഔപചാരികത യുടെ കണ്ണു കൊണ്ടേ കാണാൻ അവൾക്ക് കഴിഞ്ഞുള്ളൂ. അപ്പോൾ യേശു അവൾക്ക് ഒരു യജമാനനാണ്. യജമാനനെ പ്രഭോ എന്നല്ലാതെ എന്താണ് വിളിക്കേണ്ടു എന്നാൽ 'മറിയം' എന്ന മർമ്മ സ്വരത്തി ലുള്ള, കേട്ടു പരിചയമുള്ള അവളുടെ പേര് യേശു ഉച്ചരിച്ചപ്പോൾ അവൾ ഞെട്ടിത്തി രിഞ്ഞു നോക്കി. അപ്പോൾ അവിടെ ആ നിൽക്കുന്ന മനുഷ്യൻ ഒരു സാധാരണ മനുഷ്യനല്ല. അവളുടെ നാഥനാണ്. ഗുരു വാണ്. 'പ്രഭോ' ക്ഷിപ്രം 'റബ്ബോനി' ആയി മാറി. ഇതായിരിക്കണം ഞാനും എന്റെ യേശുവും തമ്മിലുള്ള ബന്ധം. വെറും സ്ത്രീയെ - പ്രഭോ തലത്തിൽ നിന്നും മറിയം - റബ്ബോനി ബന്ധത്തിലേക്ക് നാം വളരണം. ഞാനൊരിക്കൽ അവനോട് പരാതി പറഞ്ഞു, 'എങ്കിലും നിനക്കെന്റെ പേരറിയില്ല ല്ലൊ. 'മറിയം' എന്ന് മഗ്ദലേനെ വിളിച്ചതു പോലെ എന്റെ പേര് ഒന്ന് വിളിക്കുമോ? അവിടുന്ന് മൊഴിഞ്ഞു. 'ഞാൻ എത്രയോ പ്രാവശ്യം നിന്റെ പേര് വിളിച്ചു സംസാരിച്ചു. പക്ഷെ നീ ഒരിക്കലെങ്കിലും തിരിച്ച് എന്നെ 'റബ്ബോനി' എന്നൊന്നു വിളിച്ചിട്ടുണ്ടോ? ഞാൻ ലജ്ജിച്ചു തലതാഴ്ത്തി.

www.malankaralibrary.com



# എന്റെ കർത്താവ്

ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യേണമേ എന്ന് തുടങ്ങി നമ്മുടെ പ്രാർത്ഥനകളിൽ ഞങ്ങളുടെ കർത്താവ് - പ്രയോഗം ധാരാളമായി കാണുന്നുണ്ട്. എന്നാൽ എന്റെ കർത്താവ് - പ്രയോഗം അധികമില്ല. മലങ്കര കുർബാനയിൽ എന്റെ കർത്താവേ എന്നോടുത്തരമരുളേണമേ എന്ന പ്രാർത്ഥന പോലും കൂടുതൽ ജനകീയ മാക്കാൻ വേണ്ടിയോ പല വൈദികർ ഒന്നിച്ചു കുർബാന ചൊല്ലുമ്പോൾ എന്ന ന്യായീ കരണം കൊണ്ടോ ഇപ്പോൾ പലരും എന്റെ കർത്താവിനെ ഞങ്ങളുടെ കർത്താവാക്കി യിരിക്കുകയാണ്. ഞങ്ങളുടെ കർത്താവിന് തീർച്ചയായും ഒരു കൂട്ടായ്മയുടെ ചുവയുണ്ട്. എന്നാൽ ആ ചുവ 'എന്റെ കർത്താവേ' എന്നതിനുള്ള സൗഹൃദത്തെയും വ്യക്തി പരതയേയും ഗ്രസിച്ചുകളയുന്നില്ലേ എന്ന് ചിന്തിച്ചു നോക്കുക. എന്റെ കർത്താവേ എന്ന് പറയുന്നതിൽ എന്റെ പൊന്നെ എന്ന് പറയുന്നതിന്റെ ഒരു പ്രത്യേക സുഖമുണ്ട്. സുവിശേഷത്തിൽ എന്റെ കർത്താവ് പ്രയോഗിച്ച രണ്ട് വ്യക്തികളെ നാം കണ്ടുമുട്ടുന്നുണ്ട്. ഒന്ന് തോമാ ശ്ലീഹാ. കർത്താവിന്റെ ഉത്ഥാനത്തിൽ ആദ്യമൊന്നു സംശയിച്ചെങ്കിലും, അവനെ കണ്ടു കഴിഞ്ഞപ്പോൾ, നേരിൽ വ്യക്തിപരമായി അറിയുകയും അനുഭവിക്കുകയും ചെയ്ത പ്പോൾ അദ്ദേഹം വാവിട്ടു നിലവിളിച്ചു, 'എന്റെ കർത്താവും എന്റെ ദൈവവുമേ'. മറ്റൊരാൾ മഗ്ദലനമറിയം ആണ്. ഉയിർപ്പ് ദിവസം മുന്നിൽ നിൽക്കുന്നത് കർത്താവാണ് എന്ന് മനസ്സിലാക്കാതെ തോട്ടക്കാരനോ ടെന്ന പോലെ അവൾ പറഞ്ഞു, 'എന്റെ കർത്താവിനെ അവർ എടുത്തു കൊണ്ടു പോയി. കർത്താവെന്നല്ല, ആരും എന്തും സ്വന്തമായെങ്കിൽ മാത്രമേ എന്റെ എന്ന വിശേഷണം ഉപയോഗിക്കാൻ പറ്റുകയുള്ളൂ. എന്റെ അമ്മ, എന്റെ മോൻ എന്ന മാനസിക അടുപ്പത്തിലേക്ക് വളർന്നെങ്കിൽ മാത്രമേ എന്റെ കർത്താവ് പ്രയോഗം അന്വർത്ഥ മാകുകയുള്ളൂ. വെറും കർത്താവും ഞങ്ങളുടെ കർത്താവും എന്റെ കർത്താ വാകുമ്പോഴേ ഞാനും കർത്താവുമായുള്ള ബന്ധം ഒരു ദൃഢമൈത്രി ആകുന്നുള്ളൂ. കർത്താവ് എന്റേതാകുന്നുള്ളൂ. പ്രാർത്ഥനാ വേളകളിൽ നമുക്കൊന്ന് നീട്ടി വിളിക്കാം, 'എന്റെ കർത്താവേ...'

# താലന്തും ദെനാറയും

താലന്തും ദെനാറയും തമ്മിൽ എന്ത് ബന്ധം? ബന്ധമുണ്ട്, രൂപയും പൈസയും പോലെ. നാണയങ്ങളൊക്കെ ഒരു വസ്തുവിന്റെ മൂല്യത്തെയാണല്ലോ കാണിക്കുന്നത്. അതിന്റെ ഏറ്റക്കുറച്ചിലുകൾ, കൂടുതൽ കുറവുകൾ വസ്തുവിന്റെ മൂല്യത്തിന്റെ വ്യത്യാസം കാണിക്കുന്നു. പണ്ട് യേശു ക്ഷമയുടെ ഒരു കഥ പറഞ്ഞു കൊണ്ടിരുന്നപ്പോൾ ചമച്ചെടുത്ത ഒരു സംഭവമാണ് താലന്തിന്റേയും ദെനാറായു ടേയും കണക്ക്. ഇതൊരു കടം കണക്കിന്റെ കഥയാണ്. വലിയ കടം ഇളവുചെയ്ത് ക്ഷമിച്ചതിന്റെയും ചെറിയ കടം ഇളവ് ചെയ്യാതെ ശിക്ഷിച്ചതിന്റേയും കഥ. കഥയിങ്ങനെയാണ്. ഒരു യജമാനന് ഒരു ഭൃത്യൻ കടപ്പെട്ടിരിക്കുന്നത് പതിനായിരം താലന്ത്. ഇന്നത്തെ കൺവെർഷൻ വെച്ച് നോക്കുമ്പോൾ ഏതാണ്ട് ഒൻപതു കോടി 50 ലക്ഷം രൂപ. കടം വീട്ടാൻ നിവൃത്തിയി ല്ലെന്നുള്ള അഭ്യർത്ഥന മാനിച്ച് ആ വലിയ തുകയുടെ കടം യജമാനൻ ഇളച്ച് കൊടുക്കുന്നു. എന്നാൽ ഇങ്ങനെ ഇളവ് കിട്ടിയവൻ തനിക്ക് 100 ദനാറ, രൂപയിൽ 160 രൂപ, കടപ്പെട്ടിരിക്കുന്നവന്റെ അഭ്യർത്ഥന സ്വീകരിക്കാതെ അവനെ ശിക്ഷിക്കുന്നു. ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും തമ്മിലും ഇങ്ങനെയൊക്കെയാണ് സംഭവിക്കുന്നത് എന്ന് യേശു സമർത്ഥിക്കുന്നു. വലിയ തുക ഇളവ് കിട്ടിയവൻ ചെറിയ തുക അവനോട് കടപ്പെട്ടിരിക്കുന്നവനോട് ക്ഷമ കാണിക്കുന്നില്ല. ഇവിടെ യജമാനന്റെ സ്ഥാനത്ത് ദൈവവും ഭൃത്യന്റെ സ്ഥാനത്ത് ഞാനുമാണ്. ദൈവത്തിന്റെ പക്കൽ എത്ര വലിയ കടക്കാരനാണ് ഞാൻ. കുമ്പസാര വേളയിലും മറ്റും അവിടുന്ന് എഴുതിത്തള്ളിയ എന്റെ കടം നോക്കിയാൽ താലന്ത് ഒന്നല്ല, പല പതിനായിരങ്ങൾ വരും. ഇങ്ങനെയുള്ള ഞാനാണ് ഒരു നല്ല കുമ്പസാരം കഴിഞ്ഞ് കുർബാനയ്ക്ക് അടുത്തു നിൽക്കുന്ന എന്റെ 'ശത്രു'വിന് സമാധാനത്തിന്റെ കൈകസ്സൂരി കൊടുക്കാത്തത്. അവനെന്നെ ദ്രോഹിച്ചു, കുറ്റം പറഞ്ഞു, ഇതാണ് അവന് എന്നോടുള്ള കടം. ഒമ്പതര കോടിയുടെ സ്ഥാനത്ത് 160 രൂപ കടം. എന്റെ ചെറിയ കടക്കാരനോട് ഞാൻ പൊറുത്തില്ലെങ്കിൽ നമ്മുടെ വലിയ തുകയുടെ കടവും പിതാവായ ദൈവം പൊറുത്തുതരില്ല എന്ന് പറഞ്ഞതാണ് കഥ അവ സാനിക്കുന്നത്. അതിനിടെ ഞാൻ അവനോട് പ്രാർത്ഥിച്ചു, 'കടുംകൈയൊന്നും ചെയ്തു കളയല്ലേ'.

BETHANY PUBLICATIONS
www.malankaralibrary.com



# നനഞ്ഞിടം കുഴിക്കരുത്

ഞാനൊരു ദിവസം അല്പം ക്രൂദ്ധനായി അവിടുത്തോട് പറഞ്ഞു, 'കാര്യമൊക്കെ കൊള്ളാം, നനഞ്ഞിടം കുഴിക്കരുത്, കേട്ടോ'. അവൻ കാര്യം അന്വേഷിച്ചു. ഞാൻ കൂട്ടുകാരിൽ നിന്ന് കേട്ടതൊക്കെ അവനോട് പറഞ്ഞു. 'കുറ്റം പറയുകയാണെന്ന് കരുതരുത്.' കാര്യം മനസ്സിലാകാത്തതുകൊണ്ട് ചോദിക്കുവാ, എന്തേ സഹിക്കുന്നവന് പിന്നെയും സഹനം? നഷ്ടപ്പെട്ടവന് പിന്നെയും നഷ്ടം? ഇല്ലാത്തവന് പിന്നെയും ഇല്ലായ്മ? അവൻ കാതുകൂർപ്പിച്ച് കേട്ടു. ഞാൻ തുടർന്നു. 'പച്ചവെള്ളം ചവച്ചരച്ചു കുടിക്കുന്ന ഒരുപയ്യൻ, ഒരു നല്ല വീട്ടിലെ ശുദ്ധപയ്യൻ. അവനെന്തേ ഇത്ര വലി യൊരു അപകടം? രണ്ടാഴ്ച കൊണ്ട് വെന്റിലേറ്ററിലേക്ക് കണ്ണും നട്ടിരിക്കുന്ന മാതാപിതാക്കൾ. ആ ഭവനത്തിൽ തന്നെ രണ്ടു വർഷം മുമ്പ് മറ്റൊരു ആകസ്മിക മരണം. ഇനിയും രോഗികളെ പ്രാർത്ഥിച്ചു സുഖപ്പെടുത്തുന്ന ഒരു സിസ്റ്ററിനെ പൊടുന്നനെ കാണുന്നത് ആശുപത്രിക്കിടക്കയിൽ. ചെയ്യാത്ത കുറ്റത്തിന് കോടതി കയറിയിറങ്ങുന്ന ദൈവഭയമുള്ള ഒരു ടീച്ചർ. ടീച്ചറുടെ വീട്ടിൽ അസുഖങ്ങൾ വിട്ടുമാറുന്നില്ല. ഇല്ല തീർന്നില്ല, ഇനിയും കടംവാങ്ങി വിസാ സമ്പാദിച്ച് ഗൾഫിൽ പോയ പയ്യൻ ജോലി കിട്ടാതെ നരകിക്കുന്നു. പോരാ, ദിവസം അഞ്ച് നേരം നിസ്ക്കരിക്കുന്ന ഇക്കാന്റെ കുഞ്ഞുമകളെ ആരോ പിടിച്ചു കൊണ്ടുപോയി കൊന്നു. എന്തേ ഇതൊക്കെയെന്നു ഒരു നാസ്തികൻ ചോദിച്ചു, 'എന്തേ നിങ്ങളുടെ ദൈവം ഒരു സാഡിസ്റ്റാണോ' ഏയ്, ഒരിക്കലുമില്ല, എന്ന് ഞാൻ നന്നായി ഡിഫൻഡ് ചെയ്തു. എന്നാലും ചോദിക്കുവാ, എന്താ ഇങ്ങനെയൊക്കെ? അവൻ പറഞ്ഞു. ജന്മനാ അന്ധനായ ഒരു മനുഷ്യനെ എന്റെ മുമ്പിൽ പിടിച്ചു നിർത്തി, ഇതിന് ഉത്തരവാദിയാരാണെന്ന് എന്നോട് ജനം ചോദിച്ചപ്പോൾ ഞാൻ കൊടുത്ത ഉത്തരം നീ ഓർക്കുന്നുണ്ടോ 'പിതാവായ ദൈവത്തിന്റെ ഇഷ്ടം' ഞാൻ പറയാൻ ശ്രമിച്ചു. 'ഉത്തരം ശറിയാണ്' അവൻ പറഞ്ഞു. എന്നിട്ട് എന്റെ നേരെ ഒന്ന് നോക്കിയിട്ട് പറഞ്ഞു, 'നിന്നോട് പരാതി പറഞ്ഞവരോട് നീയും പോയി ഇങ്ങനെ പറയുക' ഞാനൊന്നു മുറു മുറുത്തു. 'പറയാൻ എത്ര സുന്ദരം, ഗ്രഹിക്കാനും സഹിക്കാനുമുള്ള ശക്തികൂടി തന്നാൽ മതിയായിരുന്നു'. ഞാൻ പ്രാർത്ഥിച്ചു. എന്റെ വിശ്വാസക്കുറവിനെ പൊറുക്കേണമേ.

www.malankaralibrary.com


# നിയമവും കല്ലും കയ്യിലേന്തി...

അവൻ എന്നോട് ഒരു ദിവസം ഒരു പരിഭവം പങ്കുവച്ചു. 'നിനക്കറിയാമോ, അവർ യഹൂദർ ഒരു ദിവസം അവരുടെ നിയമം പൊക്കിപ്പിടിച്ച് എന്നെ കല്ലെറിയാൻ കൈകളിൽ കല്ലും പിടിച്ചുനിൽപ്പായി'. 'എന്നിട്ട് അങ്ങ് എന്ത് ചെയ്തു?' 'ഞാൻ പരുവത്തിന് അവരുടെ കണ്ണിൽ നിന്ന് മാറിക്കളഞ്ഞു'. 'അതൊരുതരം ഭീരുത്വമായിപ്പോയില്ലേ', ഞാൻ ചോദിച്ചു. 'നിനക്കതു പറയാം, മനുഷ്യൻ വിവേകിയായിരിക്കണം. ഞാൻ അവിടെത്തന്നെ നിന്നിരുന്നെങ്കിൽ അവർ തീർച്ചയായും എന്നെ കല്ലെറിഞ്ഞ് കൊന്നേനെ. കാരണം ഞാൻ ദൈവദൂഷണം പറഞ്ഞു പോലും. അവർ എന്നിൽ ആരോപിച്ച രണ്ട് കുറ്റങ്ങളിലൊന്ന് ദൈവത്തിനു മാത്രം അവകാശപ്പെട്ട പാപമോചനം ഞാൻ നടത്തിയെന്ന്, മറ്റൊന്ന് ബി.സി. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അബ്രഹാം എന്നെ കണ്ടിട്ടുണ്ട് എന്ന് പറഞ്ഞതും ദൈവദൂഷണമായി പോയി. ദൈവ ദൂഷണം പറയുന്നവനെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ് അവരുടെ നിയമം. ഒരു വിധത്തിൽ അവരുടെ ഭാഗത്തു നിന്ന് ചിന്തിച്ചാൽ ശരിയല്ലേ പാവം മനുഷ്യർ എന്നെ തിരിച്ചറിയുകയോ എന്നിൽ വിശ്വസിക്കുകയോ ചെയ്തില്ലല്ലോ. അവർ കല്ല് കയ്യിലെടുക്കുകയല്ലേ ചെയ്തുള്ളൂ. എറിഞ്ഞില്ലല്ലോ. ഒരു ആൾക്കൂട്ട കൊലപാതകത്തിന് എല്ലാ സാധ്യതയുമുണ്ടായിരുന്നു. ഒന്ന് നിശ്വസിച്ചിട്ട് അവൻ തുടർന്നു, അവരെ എന്തിനു പറയുന്നു, ഇന്ന് എന്റെ സ്വന്തം ജനം പൊടുന്നനെ എന്നെ എവിടെ വച്ചും, എപ്പോഴും കല്ലെറിയാൻ മടിക്കുന്നില്ല. ഒരു പക്ഷേ അവർ അത് തിരിച്ചറിയുന്നില്ലെന്ന് മാത്രം. ഞാൻ അവിടുത്തെ ഒന്നാശ്വസിപ്പിക്കാൻ പറഞ്ഞു, അപ്പോൾ നിന്റെ ഭാഗത്തുനിന്ന് ചിന്തിക്കുമ്പോൾ എനിക്ക് വിവേകം വേണം. എന്റെ ഭാഗത്തുനിന്ന് ചിന്തിക്കുമ്പോൾ വിശ്വാസവും അല്ലേ? അവൻ തല കുലുക്കി 'യെസ് യൂ ആർ കറക്റ്റ്', തൽക്കാലം ഞങ്ങൾ കൈ കൊടുത്തു പിരിഞ്ഞു.

BETHANY PUBLICATIONS
www.malankaralibrary.com



# സുവിശേഷത്തിലെ കല്ലേറുകൾ

സുവിശേഷത്തിലെ രണ്ട് കല്ലേറ് സംഭവങ്ങൾ ഓർമ്മവരുന്നു. ഒന്ന് യഹൂദർ ഉത്തരം മുട്ടിയപ്പോൾ യേശുവിനെ കല്ലെറിയാൻ തുനിഞ്ഞ സംഭവമാണ്. കല്ലെറിയാൻ ഒരുങ്ങിയെങ്കിലും ജനത്തെ ഭയന്ന് അവർ അത് ചെയ്തില്ല. അതുപോലെ തന്നെ ഇവിടെ മറ്റൊരു കല്ലേറ് സംഭവം. ഇവിടെയും കല്ലേറ് നടന്നില്ല. സംഭവം വ്യഭിചാര കുറ്റത്തിന് പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയാൻ ഒരുമ്പെടുന്ന സന്ദർഭമാണ്. പ്രസ്തുത കുറ്റത്തിന് കൈയ്യോടെ പൊക്കിയ പ്രതിയെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ് നിയമം. പച്ചയ്ക്ക് പച്ച കിട്ടിയ നല്ലൊരു ഇരയുമായി ജനക്കൂട്ടം സെൻഹെന്ദ്രിൻ സംഘത്തിന്റെ അംഗീകാരത്തിനു വേണ്ടി പോകുംവഴി ആ നവാഗതനായ യുവനേതാവിനെ (യേശു) അവർ കണ്ടുമുട്ടി. ദൈവത്തിന്റെ സ്നേഹവും കരുണയും പ്രസംഗിച്ചു കൊണ്ടു നടക്കുന്ന ആ വിപ്ലവകാരിയെ ഒന്ന് കുടുക്കാൻ വീണുകിട്ടിയ നല്ലൊരവസരം. 'ഇവളെ എന്ത് ചെയ്യണം' അവർ ചോദിച്ചു. ഉത്തരം മുട്ടിക്കാനായിരുന്നു ചോദ്യം. നിയമം പാലിക്കാൻ പറഞ്ഞില്ലെങ്കിൽ ദൈവ ദൂഷകനും വിപ്ലവകാരിയുമായി മുദ്രകുത്താം. അവന്റെ തീരുമാനം മറിച്ചാണെങ്കിൽ അതുവരെ പ്രസംഗിച്ച ദൈവകരുണയും ക്ഷമയുമെല്ലാം ജനങ്ങളുടെ മുൻപിൽ സ്വാഹ. അവർ 'സ്വാഹാ' ദേവിയുടെ പക്ഷത്തായപ്പോൾ തമ്പുരാൻ വേന്ദ്രദേവന്റെ ഭാഗം പിടിച്ച് അല്പനേരത്തേക്ക് വേന്ദ്രനായി. കാര്യത്തിൽ ശ്രദ്ധിക്കാത്ത പോലെ, തനിക്ക് വേറെ പണിയുണ്ട് എന്നമട്ടിൽ താഴേയ്ക്ക് നോക്കി വിരൽ കൊണ്ട് നിലത്ത് വയ്ക്കുകയോ എഴുതുകയോ ചെയ്തുകൊണ്ടിരുന്നു. അവർ വിട്ടില്ല; ചോദ്യം ആവർത്തിക്കപ്പെട്ടുകൊണ്ടിരുന്നു. അവസാനം അവിടുന്ന് പറഞ്ഞു, 'നിങ്ങളിൽ പാപം ഇല്ലാത്തവർ അവളെ ആദ്യം കല്ലെറിയട്ടെ'. അവിടെ നിന്നവരിൽ നല്ലൊരു ശതമാനവും അവളുടെ കൂട്ടുപ്രതികളാണെന്ന് അവിടുത്തേയ്ക്ക് അറിയാമായിരുന്നു. പിന്നെ കണ്ട് കാഴ്ച കൈകളിൽ നിന്ന് കല്ലുകൾ ഓരോന്നായി ആരുമറിയാതെ താഴെ വീഴുന്നതാണ്. 'എന്താണ് സന്ദേശം' ഞാനവനോട് ചോദിച്ചു. 'സ്വയാവബോധമാണ് അപരന്റെ തെറ്റുകൾ ക്ഷമിക്കാനുള്ള ഒറ്റമൂലി.' ഓർത്തുകൊള്ളുക, വിരൽ ചൂണ്ടുമ്പോൾ ഒരു വിരൽ അപരനിലേയ്ക്കും, നാലുവിരൽ എന്നിലേയ്ക്കുമാണ് തിരിഞ്ഞിരിക്കുന്നത്. ഞാൻ പറഞ്ഞു, 'മതി, സ്വയാവബോധത്തിന് ഇതു തന്നെ ധാരാളം.'

# സീലോഹ കുളം

ഒരിക്കൽ ഞാൻ യോഹന്നാന്റെ ഒമ്പതിലൂടെ (യോഹ. 9) കടന്നുപോവുക യായിരുന്നു. ഞാൻ ആശ്ചര്യപ്പെട്ടു, യോഹന്നാൻ ഒരു പിറവിക്കുരുടനുവേണ്ടി ഒരധ്യായം മുഴുവൻ സമർപ്പിച്ചിരി ക്കുന്നു. എന്താണ് ഈ കുരുടന്റെ കഥയ്ക്ക് ഇത്ര പ്രസക്തി? കുരുടന് കാഴ്ച നൽകിയതിനു ശേഷം യേശു മനുഷ്യന്റെ ആത്മീയ അന്ധതയിലേക്ക് വിരൽചൂണ്ടി സംസാരിക്കു ന്നതാവുമോ? വായനയുടെയിടയിൽ ഒരു പദപ്രയോഗം ഒരു കരട് പോലെ കണ്ണിൽ തടഞ്ഞു. സീലോഹ കുളത്തിന് ഗ്രന്ഥകാരൻ തന്നെ കൊടുത്തിരിക്കുന്ന അർത്ഥമാണ് എന്നെ സ്പർശിച്ചത്, 'അയയ്ക്കപ്പെട്ടത്'. ഈ ഭാഗം വായിച്ചു പോയിട്ടുള്ളപ്പോഴൊക്കെ സീലോഹയും അയയ്ക്കപ്പെട്ടതും തമ്മിലുള്ള ബന്ധം അധികം ശ്രദ്ധിച്ചിരുന്നില്ല. ഇപ്രാ വശ്യം അതൊന്ന് അറിഞ്ഞിട്ടേയുള്ളു എന്ന് തീരുമാനിച്ച് പലയിടത്തും പരതി. ഒരു ക്രിസ്തു-ചരിത്രകാരന്റെ ഭാഷ്യം ഇങ്ങനെ യാണ്: കർത്താവിന്റെ കാലത്ത് പലസ്തീന യുടെ നഗരങ്ങളിൽ വെള്ളമെത്തിച്ചിരുന്ന വിധമാണ് ഇവിടെ വിവരിക്കപ്പെടുന്നത്. മലയിടുക്കുകളിൽ കാണപ്പെടുന്ന ജലം ഭൂമിക്കടിയിൽ കൂടി ഒരു കനാൽ നിർമ്മിച്ച് അതിലൂടെ നഗരത്തിൽ എത്തിക്കുക. ഹീബ്രു വിലെ സിലോഹായും ഗ്രീക്കിലെ 'സീലോംആം' ഉം മൂലാർത്ഥത്തിൽ ഗിഹോം ആയിരുന്നു. ഇങ്ങനെ വെള്ളം ശേഖരിക്ക പ്പെടുന്ന കുളം സീലോഹക്കുളവുമായി. സീലോഹ (അയക്കപ്പെട്ടത്) പദം ഉപയോഗി ക്കുന്നതിൽ യോഹന്നാൻ ശ്ലീഹായ്ക്ക് മറ്റൊരു ഉദ്ദേശവും കൂടെ ഉണ്ടായിരുന്നെന്നു തോന്നുന്നു. തങ്ങളുടെ ഗുരുവായ യേശു ക്രിസ്തു തന്നെ ദൈവപിതാവിനാൽ 'അയയ്ക്കപ്പെട്ടവൻ' എന്ന നിലയിൽ ദൈവ കൃപയുടെ ഒരു ശീലോഹാ കുളം തന്നെ യായിരുന്നു. അവനിൽ നിന്ന് ജനം കുടിക്കു കയും കുളിയ്ക്കുകയും ചെയ്തു ദൈവ നീതി കരണം പ്രാപിച്ചു. അപ്പോൾ അവി ടുത്തെ പിൻഗാമികളായ നമ്മളെയും നോക്കി ജനം വിളിക്കണം: ഫാദർ സീലോഹ, സിസ്റ്റർ സീലോഹ, മിസ്റ്റർ സീലോഹ. വിളിക്കു ന്നെങ്കിൽ നാം അഭിമാനിക്കണം. ഇല്ലെങ്കിൽ സീലോഹയാകാൻ ശ്രമിക്കണം.

BETHANY PUBLICATIONS
www.malankaralibrary.com


# ആ മൂന്ന് ദൈവവിളികൾ

ഇന്നത്തെ ദൈവവിളികൾക്ക് സമാന മായി ഒരു മൂന്നു ദൈവവിളികൾ സുവിശേഷ ത്തിൽ നാം കാണുന്നുണ്ട്. വിളി ഒന്ന്: വിളി തേടിവരുന്ന അർത്ഥി. ഒരു നിയമജ്ഞനാണ് ഇവിടെ അർത്ഥി. ഇദ്ദേഹത്തെ കർത്താവ് നേരിട്ട് വിളിക്കുന്നില്ല. അദ്ദേഹം തന്നെ ദൈവവിളിത്തേടി വരികയാണ്. വലിയൊരു പ്രവാചകൻ; വലിയൊരു പ്രസ്ഥാനത്തിന്റെ ഓരം ചാരി നിന്ന് ഊഴം കൊള്ളാനുള്ള ആന്തരിക പ്രേരണയാലാണ് ആ വലിയവൻ ക്രിസ്തുവിനെ സമീപിക്കുന്നത്. ഇത്തരം 'ദൈവ വിളികൾ' ഇന്നും കണ്ടേക്കാം. ലൗകീക ലാഭങ്ങൾ ലക്ഷ്യം വച്ച് ദൈവ വേലയ്ക്കായുള്ള ഇറങ്ങി പുറപ്പെടൽ, മാതാപിതാക്കളുടെ നേർച്ച, ഇവയൊക്കെ ഈ ഗണത്തിൽപ്പെടുത്താം. പക്ഷേ വിളി ക്കേണ്ടവൻ ഇതിനെ അധികം പ്രോത്സാഹി പ്പിക്കുന്നില്ല. മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല എന്ന് പറഞ്ഞു. വിളി രണ്ട്: ഒഴിവു കഴിവു പറയുന്ന അർത്ഥി. ഇവിടെ യഥാർത്ഥ ദൈവവിളി ലഭിക്കുന്നു. പക്ഷേ പിന്മാറാൻ ഒരായിരം ഒഴിവു കഴിവുകൾ തേടുന്നു. നിരാകരണമല്ലാത്തതുകൊണ്ട് വിളിച്ചവന്റെ പ്രോത്സാഹനം, 'നീ പോയി ദൈവരാജ്യം പ്രസംഗിക്കുക'. ഇക്കൂട്ടർക്ക് എപ്പോഴും പ്രോത്സാഹനം വേണം. സപ്പോർട്ട് കുറ ഞ്ഞാൽ വിളി തന്നെ അപകടത്തിലാകും. വിളി മൂന്ന്: തിരിഞ്ഞു നോക്കുന്ന അർത്ഥി. വിളി സ്വീകരിക്കാം. പക്ഷേ ഇത്രയും നാൾ വളർത്തിയ മാതാപിതാക്കളോട് ചില കടമ കളുണ്ട്, അതൊക്കെ നിവർത്തിയാക്കാനുള്ള സാവകാശം തരണം. ദൈവവിളി ഒക്കെ ശരിയാ. വീട്ടിൽ ഞാൻ ഒറ്റ മോനാ. വീട്ടു കാര്യങ്ങൾ കൂടി നോക്കാനുള്ള സാഹച ര്യവും അനുവാദവും തരണം. ഇനി അനു വാദം തരാൻ നിയമമില്ലെങ്കിൽ സാരമില്ല. ഞാൻ തന്നെ കൺസഷൻ എടുത്തു കൊള്ളാം. ആരും ഇടങ്കോലിടാതിരുന്നാൽ മതി. സന്യാസിയും ഈ ലോകത്തിൽ തന്നെയാ ജീവിക്കുന്നത്.' കർത്താവ് പറയുന്നു, ഉഴുതുന്നവൻ പിറകോട്ടു നോക്കി ഉഴുതാൽ ഉഴവുചാലുകൾ ശരിയാവുകയില്ല. നല്ലതിനു തുടങ്ങിയ സംരംഭം 'കൃഷി'യായി പോയേക്കാം!

BETHANY PUBLICATIONS
www.malankaralibrary.com



# അവൻ ചിരിച്ചു

യേശു കരഞ്ഞത് ഓർക്കുന്നുണ്ട്, പക്ഷേ അവൻ ചിരിച്ചിട്ടുണ്ടോ, പരിശോധിക്കാം. യേശു തന്റെ സഭയെ ഔദ്യോഗികമായി സ്ഥാപിക്കുന്ന തിനു മുമ്പു തന്നെ സഭയുടെ മിഷനറി സ്വഭാവം പരീക്ഷണാർത്ഥമൊന്ന് പ്രാവർത്തികമാക്കുന്നതിന് യൂദയാ പ്രദേശത്തും ഒരു പരിശ്രമം നടത്തി. തന്റെ പ്രസംഗങ്ങൾ കേട്ടും അത്ഭുതങ്ങൾ കണ്ടറിഞ്ഞും തന്റെ കൂടെ കൂടിയവരിൽ കുറെ പേരെ (എഴുപതെന്നും എഴുപത്തിരണ്ടെന്നും അഭിപ്രായങ്ങളുണ്ട്) യേശു തിരഞ്ഞെടുത്ത് ഈരണ്ടു പേരേയായി ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേയ്ക്കും അവനയച്ചു. കുറച്ചു നാൾ മുമ്പ് ഗലീലിയിൽ നടന്ന പന്ത്രണ്ട് ശിഷ്യന്മാരുടെ മിഷൻ യാത്രയ്ക്ക് കൊടുത്തിരുന്ന ലക്ഷ്യവും നിർദ്ദേശങ്ങളുമായിരുന്നു ഇവിടെയും നൽകപ്പെട്ടത്. ഇവരുടെ പ്രവർത്തനം വഴി ദൈവരാജ്യം വിപുലീകരിക്കപ്പെട്ടു. കർത്താവിനെ രക്ഷകനായി സ്വീകരിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. ഈ വളർച്ചയെ തടുത്തു നിർത്തുവാൻ ഒരു ഫരീസയനും യഹൂദപ്രമാണിക്കും സാധിച്ചില്ല. എതിർപ്പു കാണിക്കുന്നവരെ പടവാളുകൊണ്ട് വെട്ടി നിരത്തി ഇവർ മുന്നേറു കയായിരുന്നെങ്കിൽ മറുവശത്തും പടവാളുകൾ ഉയർന്നേനെ.

എന്നാൽ സ്നേഹവും കരുണയുമാകുന്ന പടവാളും തൊപ്പിയും ധരിച്ച് മനുഷ്യഹൃദയങ്ങളെ സ്വാധീനിച്ച് മുന്നേറുന്ന ദൈവരാജ്യത്തിന്റെ ഈ സന്ദേശവാഹകരെ ചെറുത്തു നിൽക്കാൻ കഴിവുള്ള പടവാളുകൾ അവരുടെ പക്കലില്ലായിരുന്നു. വിളഞ്ഞു കിടക്കുന്ന ജന ഹൃദയങ്ങൾ കൊയ്തു മുന്നേറിയ ശിഷ്യന്മാർ ഏതാണ്ട് രണ്ടാഴ്ചത്തെ പര്യടനത്തിനുശേഷം ഒന്നിച്ച്, പുറപ്പെട്ടിടത്തു തന്നെ തിരിച്ചെത്തിയപ്പോഴുള്ള അവരുടെ ആഹ്ലാദം അത്ര വലുതായിരുന്നു, അവരുടെ പ്രയത്നത്തിന് ഫലം കണ്ട യാത്ര. രോഗശാന്തി, പിശാച് ബഹിഷ്കരണം എല്ലാം അവർക്ക് സാധ്യമായിരിക്കുന്നു. അവർ സന്തോഷിച്ച് ഗുരുവിന് ചുറ്റുംകൂടി വിശേഷങ്ങൾ പറഞ്ഞു; അവർ സന്തോഷം പങ്കിട്ടു. ശിഷ്യരുടെ ആഹ്ലാദത്തിൽ യേശുവും പങ്കുചേർന്നു. അവരോടൊത്ത് കൈകൊട്ടി പാട്ടുപാടി. തന്റെ ആഗമനോദ്ദേശം സഫലീകൃതമായി കൊണ്ടിരിക്കുന്നു. ഒരിക്കൽ യേശു കരഞ്ഞതുപോലെ ഇപ്പോൾ അവൻ ചിരിച്ചു കാണും. അങ്ങനെ അവനെ ചിരിപ്പിക്കാൻ സാധിച്ചതാണ് ശിഷ്യരുടെ നേട്ടം. നമ്മുടെ മിഷൻ പ്രവർത്തനം കണ്ട് യേശു ഇന്ന് ചിരിക്കുമോ കരയുമോ.

BETHANY PUBLICATIONS
www.malankaralibrary.com



# ഭാഗ്യമുള്ള കണ്ണും കാതും

യേശുവിന്റെ ശ്ലീഹന്മാരും ശിഷ്യന്മാരും അവരുടെ മിഷൻ യാത്രയ്ക്കവസാനം ഗുരുവിനോടൊപ്പം ഒത്തുചേർന്നു അനുഭവങ്ങൾ പങ്കിടുകയും സന്തോഷിക്കുകയും ചെയ്യുന്ന അവസരം. കർത്താവിന്റെ പഠനം സ്വീകരിച്ച് ദൈവരാജ്യത്തിലെ അംഗങ്ങൾ വർദ്ധിക്കുന്നതിലുള്ള സന്തോഷമാണ് പല അത്ഭുത പ്രവർത്തികൾ കണ്ടതിനേക്കാളധികം അവർ അനുഭവിച്ചത്. ആ സമയത്ത് യേശു ശിഷ്യന്മാരോട് പറഞ്ഞ കാര്യം ഞാൻ അല്പം കൗതുകത്തോടെ കേട്ടു, 'നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ: അനേകം പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങൾ കാണുന്നവ കാണാനും നിങ്ങൾ കേൾക്കുന്നത് കേൾക്കാനും ആഗ്രഹിച്ചു. അതിനുള്ള ഭാഗ്യം അവർക്ക് ലഭിച്ചില്ല. എന്നാൽ നിങ്ങൾക്ക് അത് ലഭിച്ചിരിക്കുന്നു. 'എന്താണ് ഞങ്ങൾ കാണുന്ന ഇത്ര വലിയ ഭാഗ്യമുള്ള കാഴ്ചകളും കേൾവികളും ഞാനല്പം ആകാംക്ഷയോടെ ചോദിച്ചു. 'നിനക്കത് മനസ്സിലാവില്ല'. അവിടുന്ന തുടർന്ന്, നീ ജനിച്ചപ്പോഴേ നിനക്ക് ഇതെല്ലാം സംലഭ്യമാണ്. അതുകൊണ്ട് നിനക്കതിൽ പുതുമയില്ല. എന്തൊക്കെയാണ് ഈ പുതിയ കാഴ്ചകൾ. മനുഷ്യന്റെ മനസ്സിലുണ്ടായിരുന്ന ദൈവത്തിന്റെ പ്രതിച്ഛായയ്ക്ക് തന്നെ മാറ്റം വന്നില്ലേ? അവിടുന്ന് സ്നേഹവും കരുണയുമാണെന്ന് നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്തില്ലേ? പകയും വിദ്വേഷവും പകരം വീട്ടലും ദയയില്ലാത്ത വിധിയുമെല്ലാം പിതാവായ ദൈവത്തിന് അന്യമാണെന്ന് നിങ്ങൾ മനസ്സിലാക്കിയില്ലേ? ഈ മാറ്റങ്ങളൊക്കെ അബ്രഹാമിന്റെ ദൈവം മാറിയതു കൊണ്ടല്ല; അവന്റെ യഥാർത്ഥ മുഖവും മനസ്സും നിങ്ങൾ എന്നിലൂടെ കാണുകയും കേൾക്കുകയും ചെയ്തതു കൊണ്ടാണ്. ഇതാണ് നിങ്ങളുടെ ഭാഗ്യം. നിങ്ങളുടെ പിതാക്കന്മാർ ഇതൊക്കെ കാണുവാനും കേൾക്കുവാനും ആഗ്രഹിച്ചു. പക്ഷെ നടന്നില്ല; അതുകൊണ്ടാണ് നിങ്ങൾ ഭാഗ്യവാന്മാരാണെന്ന് ഞാൻ പറഞ്ഞത്. കുറ്റം ഏറ്റുപറഞ്ഞുകൊണ്ട് ഞാൻ നമ്മുടെ കുലത്തെ ഒന്നാക്കി പറഞ്ഞു, 'ആ... അല്ലെങ്കിലും മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.'!

www.malankaralibrary.com


# ചേതമില്ലാത്ത ഉപകാരം

'ചേതമില്ലാത്ത ഉപകാരങ്ങൾ മനുഷ്യർക്ക് ചെയ്തു കൊടുക്കരുതോ' ഒരിക്കൽ ഞാൻ അൽപ്പം പരിഭവത്തോടെ അവിടുത്തോട് പറഞ്ഞു. 'എന്തു ഉപകാരങ്ങൾ' അവിടുന്ന് ചോദിച്ചു. 'ആർക്കും രോഗങ്ങൾ വരാൻ പാടില്ല. അപകടം ഉണ്ടാകാൻ പാടില്ല. നഷ്ടമുണ്ടാകാതിരിക്കണം, ആഗ്രഹിക്കുന്നതൊക്കെ ലഭിക്കണം. എല്ലാവർക്കും എപ്പോഴും സന്തോഷമായിരിക്കണം. ഇതൊക്കെ അവിടുത്തേയ്ക്ക് അസാധ്യമായിട്ടുള്ളതല്ലല്ലൊ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ചേതമില്ലാത്ത ഉപകാരം ചെയ്തു കൂടെയെന്ന്. 'നീയീ ലിസ്റ്റ് ചെയ്ത കാര്യങ്ങളൊക്കെ ചേതമില്ലാത്ത ഉപകാരങ്ങളാണെന്ന് ആരു പറഞ്ഞു എനിക്ക് നേരിട്ട് ചേത (നഷ്ടം) മൊന്നും ഇല്ലായിരിക്കാം. പക്ഷേ ആരെങ്കിലും ഇതിനുവേണ്ടിയൊക്കെ വില നൽകുന്നുണ്ട്. സഹിക്കുന്നുണ്ട്, ക്ഷമിക്കുന്നുണ്ട്, ത്യാഗം അനുഭവിക്കുന്നുണ്ട്, പ്രാർത്ഥിക്കുന്നുണ്ട്, അതുകൊണ്ടാണ് ഇതെല്ലാം ഫ്രീയായി ചെയ്തു തരുന്നത്. നിനക്ക് ഒരു ചേതമില്ലാത്ത ഉപകാരം കിട്ടുമ്പോൾ നിന്റെ ത്യാഗത്തിലൂടെയും സഹനത്തിലൂടെയും പ്രാർത്ഥനയിലൂടെയും മറ്റുള്ളവർക്കുവേണ്ടി നീയും വില നൽകണം. കാരണം, nothing is free in this world പിന്നെ നിന്റെ ലിസ്റ്റിൽപ്പെടാത്ത ഒരായിരം ഉപകാരങ്ങൾ നീ ആവശ്യപ്പെടാതെ തന്നെ നിനക്ക് ഞാൻ ചെയ്തു തരുന്നില്ലേ അവയ്ക്കൊക്കെ ഞാൻ കണക്ക് പറയാറുണ്ടോ? കണക്ക് പറയാൻ തുടങ്ങിയാൽ നീ എന്നോട് ഒത്തിരി കടക്കാരനാകും. ആ കടം വീട്ടാൻ ഒരു ആയുഷ്ക്കാലം മതിയാകാതെ വന്നേക്കാം. ഞാൻ തലയല്പം കുനിച്ചു നിന്നുപോയി. 'ഇനിയും പറ, ഞാൻ നിന്നോട് എന്തെങ്കിലും അനീതി പ്രവർത്തിക്കുന്നുണ്ടോ 'ഇല്ലേയില്ല, പറഞ്ഞതിൽ തെറ്റുണ്ടെങ്കിൽ ക്ഷമിക്കണം', ഞാൻ മാപ്പിരന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# ഔചത്യം പിന്നെ, ആവശ്യം മുന്നേ

പത്രോസ് ശ്ലീഹാ ഒരിക്കൽ കർത്താവിനോട് ചോദിച്ചു, എന്റെ സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം പത്രോസിനെ പോലെ ഞാനുമൊരിക്കൽ മറ്റൊരു ചോദ്യം കർത്താവിനോട് ചോദിച്ചു, 'നാഥാ ഞാൻ എത്ര പ്രാവശ്യം ഒരു കാര്യത്തിന് വേണ്ടി പ്രാർത്ഥിക്കണം അവിടുന്ന് ഒരു സംഖ്യ എന്നോട് പറഞ്ഞില്ല. പകരം മത്തായി സുവിശേഷകന്റെ രണ്ട് സുഹൃത്തുക്കളുടെ കഥ എന്നെ ഓർമി പ്പിച്ചു. അവരിലൊരാളുടെ മറ്റൊരു കൂട്ടുകാരൻ അസമയത്ത് വീട്ടിൽ വന്നു കയറിയത് വിശന്നു പൊരിഞ്ഞ വയറുമായിട്ടായിരുന്നു. വീട്ടിലൊരു വക കഴിക്കാൻ കൊടുക്കാനില്ല. സമയം രാത്രിയായിരുന്നു. ഒറ്റ മാർഗമേയുള്ളൂ. മറ്റൊന്നും ചിന്തിക്കാതെ, തന്റെ ഏറ്റവും അടുത്ത ആ സുഹൃത്തിന്റെ വീട്ടിലേക്ക് ഓടി. സ്നേഹിതനെങ്കിലും രാത്രിയായതുകൊണ്ട് ഒഴിവുകഴിവുകൾ പറഞ്ഞു നോക്കി. വീട്ടിൽ വന്നു കയറിയ കൂട്ടുകാരന് ഭക്ഷിക്കാൻ എന്തെങ്കിലും കൊടുത്തേ പറ്റുകയുള്ളൂ. അവൻ ആവശ്യം സാധിക്കും വരെ നിരന്തരം സുഹൃത്തിനെ സ്നേഹപൂർവ്വം ശല്യപ്പെടുത്തികൊണ്ടിരുന്നു. സുഹൃത്ത് ഓരോ ബുദ്ധിമുട്ടുകളും പറയുമ്പോൾ അയാൾ ശ്രദ്ധയോടെ കേൾക്കും. പക്ഷേ അവസാനം പറയും, എനിക്ക് അപ്പം കിട്ടണം. അവനോ അവന്റെ മക്കൾക്ക് വേണ്ടിയോ അല്ല ചോദിക്കുന്നത്. ഒരത്യാവശ്യകാരനു വേണ്ടിയാണ്. ആവശ്യക്കാരന് ഔചിത്യമില്ല എന്ന് കേട്ടിട്ടില്ലേ. ഔചത്യം പിന്നെ, ആവശ്യം മുന്നേ. നിരന്തരയാചനയാൽ ആവശ്യം സാധിച്ചു കിട്ടുന്നു. അവൻ എന്നെ ഓർമ്മിപ്പിച്ചു, നീ ദൈവമായ നല്ലൊരപ്പന്റെ മകനാമെങ്കിൽ ആവശ്യം എത്രപ്രാവശ്യമെന്ന് എണ്ണി നോക്കാതെ ഉണർത്തിച്ചു കൊണ്ടിരിക്കുക. അവൻ തേളിന് പകരം മുട്ട തന്നെ തരും. പാമ്പിന് പകരം മീൻ തന്നെ തരും. ഇനിയും തന്നില്ലെങ്കിലും എനിക്കൊന്നും വരാനില്ലെന്ന് അവിടുത്തേക്ക് നല്ല ബോധ്യമുണ്ടാകും. അവിടുത്തേയ്ക്ക് മറ്റെന്തെങ്കിലും പ്ലാനും കാണും. 'വിശ്വാസമല്ലേ എല്ലാം.'



BETHANY PUBLICATIONS
www.malankaralibrary.com



# അല്പം കൂടി കരുണ

ഈ അടുത്ത ദിവസങ്ങളിൽ ഞാൻ അവനെ കണ്ടുമുട്ടിയപ്പോൾ ചില ആനുകാലിക പ്രശ്നങ്ങൾ സംഭാഷണ വിഷയങ്ങളായി. ഞാൻ തുടങ്ങി, 'എന്തൂട്ടാ ഈ കാട്ടുന്നെ മനുഷ്യരെയെല്ലാം കൊന്നൊടുക്കി ലോകം നശിപ്പിക്കാനാ പുറപ്പാട് സ്വാതന്ത്ര്യം അല്പം കടന്നുപോയെന്നറിയാം, പക്ഷേ ചോദിക്കാതിരിക്കാൻ വയ്യ, അത്രയ്ക്കുണ്ട് ലോകത്തിന്റെ സങ്കടം. അവിടുത്തെ തന്നെ പ്രിയ മകളുടെ കണ്ണീരും കൈയും. അതു കൊണ്ട് ഹൃദയം നുറുങ്ങി ചോദിച്ചു പോയതാ, ക്ഷമിക്കണം. കൊറോണ ബാധയാണ് എന്റെ വിഷയം. എന്റെ ക്ഷമാപണം കഴിഞ്ഞിട്ടും അവിടുന്ന് മൗനം ഭഞ്ജിക്കാതിരുന്നപ്പോൾ സങ്കടം തോന്നി. എന്റെ കണ്ണിൽ പൊടിക്കുന്ന കണ്ണുനീർ കണങ്ങൾ കണ്ടിട്ടായിരിക്കും അവി ടുന്ന് മൊഴിഞ്ഞു, 'എന്താ എന്റെ സൃഷ്ടിയോട് എന്ത് ചെയ്യണമെന്ന് തീരുമാനിക്കാനുള്ള അവകാശം എനിക്കില്ലേന്നോ എന്റെ പിതാവ് തോട്ടക്കാരനും നിങ്ങൾ ശാഖകളുമാണെന്ന് ഞാൻ പറഞ്ഞു പഠിപ്പിച്ചിട്ടുള്ളതല്ലേ ഞാൻ കുശവനും നിങ്ങൾ കളിമണ്ണും ആണെന്ന് കൈ കൊട്ടി പാടിയപ്പോൾ അതിന്റെ ഗൗരവം മനസ്സിലായിരുന്നോ മകനെ, അധര ശുശ്രൂഷ പോര, അകം പൂജയാണ് ആവശ്യം. എനിക്ക് ഒരു തെളിവ് കിട്ടിയതുപോലെ. എന്നാലും ഇത്രയും വേണോ ജനത്തോട് അല്പം കൂടി കരുണ കാണിക്കരുതോ' 'കരുണ, അതു തന്നെയാണല്ലോ എന്റെ പേരും. ഞാൻ കരുണ കാണിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കണം, എന്ന് പറഞ്ഞത് മറന്നു പോയോ പിന്നെ ഈ ദൈവ വചനമൊക്കെ വായിക്കാനും, പഠിക്കാനും, ഓർത്തു പ്രാർത്ഥിക്കാനും എന്റെ ജനത്തിന് സമയം എവിടെ എല്ലാവരും പണത്തിനും പ്രതാപത്തിനും പിന്നാലെ ഓടുകയല്ലേ പിന്നെ നീ പറഞ്ഞ കരുണ! എന്തേ ഈ കരുണ നിന്റെ അയൽക്കാരനോട് നീയും കാണിക്കാത്തത് എന്തേ ഈ കരുണ സഹജീവിയോടും പ്രകൃതിയോടും കാണിക്കാത്തത് എത്രനാൾ ഞാൻ ഇതൊക്കെ പറഞ്ഞു കൊണ്ടിരിക്കുന്നു കായ്ക്കാത്ത ശിഖരത്തിന് കത്രിക മുറുകുമ്പോൾ, ഫലം തരാത്ത വൃക്ഷത്തിന് ചുവട്ടിൽ കോടാലി വീഴുമ്പോൾ എന്തിന് പരിഭവിക്കണം മുറിക്കപ്പെട്ട ശിഖരങ്ങൾ ശക്തിയായി പൊട്ടിമുളയ്ക്കും. വെട്ടപ്പെട്ട വൃക്ഷവും മാറ്റി നടപ്പെടും. പ്രാർത്ഥനയോടെ കാത്തിരിക്കുക.

BETHANY PUBLICATIONS
www.malankaralibrary.com


# ചാക്കും ചാരവും

ഇന്നലത്തെ സംഭാഷണത്തിന് തുടർച്ചയെന്നോണം ഇന്നും ഞങ്ങൾ സംസാരിച്ചു. ഇന്നും ഞാനാണ് ആരംഭിച്ചത്. സഹസൃഷ്ടിയോട് കരുണയില്ലാത്തവരും ദൈവത്തിന് അധരപൂജ നടത്തുന്നവരുമായി ഞങ്ങൾ മാറിയെന്ന് നീ ഇന്നലെ സൂചിപ്പിച്ചു. കാര്യങ്ങൾ കുറച്ചുകൂടി വ്യക്തമായി, പച്ചയ്ക്ക് തെളിച്ചു പറയാമോ 'ഞാനിതെല്ലാം നൂറ്റാണ്ടുകൾകൊണ്ട് പറഞ്ഞുകൊണ്ടിരിക്കുന്നതല്ലേ പഴയകാലത്ത് പ്രവാചകന്മാരിലൂടെയും ദീർഘദർശിമാരിലൂടെയും ഇക്കാലത്ത് സുവിശേഷപ്രസംഗകരിലൂടെയും എത്രമാത്രം ഞാൻ താക്കീതുകൾ നൽകി ഉപദേശങ്ങളുടെ പെരുമഴ തന്നെ പെയ്യിപ്പിച്ചു. അവിടെയൊക്കെ നിങ്ങൾക്ക് നിങ്ങളുടെ കാര്യങ്ങൾ മാത്രം സാധിച്ചു കിട്ടിയാൽ മതിയായിരുന്നു; രോഗശാന്തിയും കാര്യസാധ്യതയും ചില ധ്യാന കേന്ദ്രങ്ങളുടെ ലക്ഷ്യമായി മാറി. കേട്ട സുവിശേഷം ജീവിക്കാൻ പഠിപ്പിക്കുന്ന ആധ്യാത്മിക ഇടങ്ങൾ ഇല്ലാതായി. കാര്യസാധ്യത്തിനു വേണ്ടി ഓടിക്കൂടിയ ദൈവജനത്തെ ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും പഠിപ്പിക്കുവാൻ നിങ്ങൾ മറന്നു. കേന്ദ്രങ്ങളുടെ നോട്ടവും പാവങ്ങളുടെ കീറിയ കീശയിലെ നാണയത്തുട്ടുകളായിരുന്നു. അതിനുവേണ്ടി ആളെ കൂട്ടുക നിങ്ങളുടെ നിലനിൽപ്പിന്റെ ആവശ്യമായി വന്നു. കേന്ദ്രങ്ങളുടെ വിജയപരാജയങ്ങൾ അളക്കുന്നത് വന്നു കൂടുന്ന ജനങ്ങളുടെ എണ്ണം നോക്കിയും, അതുമായി ബന്ധപ്പെട്ട ബിസ്സിനസുകളുടെ വളർച്ചയും പേരും പെരുമയുമൊക്കെ അല്ലായിരുന്നോ വിദേശത്ത് ധ്യാനം പ്രസംഗിച്ച്, അതുവഴി സമ്പാദിച്ച വലിയ തുകകൾ എന്തു ചെയ്തു കേന്ദ്രങ്ങൾക്ക് ഫസിലിറ്റിസ് കൂട്ടി എന്ന് നിങ്ങൾ പറയുമായിരിക്കും. പക്ഷേ ഞാൻ ചോദിക്കുന്നു. കൂട്ടിയ സൗകര്യങ്ങൾ കൊണ്ടും വർദ്ധിപ്പിച്ച മൈക്കിന്റെ വാട്സ് കപ്പാസിറ്റി കൊണ്ടും ജനത്തെ ദൈവത്തിലേക്ക് തിരിക്കാൻ സാധിച്ചോ ആ പണം കൊണ്ട് നിങ്ങളിലെ രാജാക്കന്മാർക്ക് ഉടുക്കാൻ ചാക്കും, പാപികൾക്ക് കിടക്കാൻ ചാരവും വാങ്ങേണ്ടതായിരുന്നില്ലേ ഇതെല്ലാം കേട്ട് തല മന്ദിച്ച് ഞാൻ പറഞ്ഞു, 'സോറി, ബാക്കി നാളെ....'

# കരുണാ വാതിൽ

ബാക്കി നാളെ എന്ന് പറഞ്ഞ് ഞാൻ ഇന്നലെ അവന്റെ മുമ്പിൽ നിന്ന് രക്ഷപ്പെട്ടെങ്കിലും ഇന്ന് എന്നെ അവൻ കണ്ടപ്പോൾ പിടിച്ചു നിർത്തി ബാക്കി കേൾക്കാൻ പറഞ്ഞു. ഞാൻ പഞ്ചപുച്ഛമടക്കികേട്ടു. 'നമ്മുടെ ജനം ധ്യാന കേന്ദ്രങ്ങൾ മാറി മാറി താണ്ടിയിട്ടും, ദിവസങ്ങൾ നീളുന്ന കൗൺസിലിംഗ് കൂടിയിട്ടും, അന്യഭാഷാ വരത്തിൽ സംസാരിച്ചിട്ടും, ആയിരം പ്രാവശ്യം കരങ്ങളുയർത്തി 'പ്രെയ്സ് ദ ലോർഡ്' പറഞ്ഞിട്ടും എന്തേ ഇവരൊക്കെ ആന്തരികമായി നന്നാവാത്തത്? മദ്യപാന വിപത്തിനെ കുറിച്ച് ധ്യാനഗുരുക്കന്മാർ നാല്പതിനായിരം വാട്ട്സിൽ ശാപവാക്കുകൾ ചെവിയിലേക്ക് അടിച്ചുകയറ്റിയിട്ടും എന്തേ നിങ്ങളുടെയിടയിൽ മദ്യപാനാ സക്തി കൂടിവരുന്നു? അഞ്ചു ദിവസം ധ്യാനകേന്ദ്രത്തിൽ ഹോം അറസ്റ്റിലായി പോയതിന്റെ കേട് തീർക്കാൻ തുടർന്നു വരുന്ന അഞ്ചുദിവസം ബാറിൽ തന്നെ അട്ടിപ്പേറ്റിട്ടു കിടക്കുന്ന അച്ചായന്മാരില്ലേ നിങ്ങളുടെ ഇടയിൽ ധ്യാനകേന്ദ്രങ്ങളിൽ കേട്ട ശാപവാക്കുകളുടെ ആഘാതത്തിൽ തലയുടെ സമനില തെറ്റി കറങ്ങിനടക്കുന്നവരുടെ എണ്ണം കൂടിവരികയല്ലേ ഇനിയും 'കേന്ദ്ര'ങ്ങൾ അവിടെ നിൽക്കട്ടെ ഇടവക പള്ളിയിലേക്ക് വരിക. പാരമ്പര്യവും പൊങ്ങച്ചവും പറഞ്ഞ് ഇടവകക്കാർ തമ്മിലും പള്ളികളുടെ അവകാശവാദമുന്നയിച്ച്, കോടതി വിധിയെ മാനിക്കാനെന്നവണ്ണം തമ്മിലടിക്കുന്ന, തമ്മിലടി എന്ന് വെച്ചാൽ വഴക്ക് എന്നതിലുപരി യഥാർത്ഥ കൈവെപ്പ് ശുശ്രൂഷ, പള്ളികളും, മരിച്ചവന് നീതി നിഷേധിക്കുന്ന ദൈവനിഷേധികളും സഭയെ കുട്ടിച്ചോറാക്കിയതിന് ആരാണ് ഉത്തരവാദി? അക്രൈസ്തവർക്ക് സത്യേക ദൈവത്തിലുള്ള ഇത്തിരി വിശ്വാസം പോലും നശിപ്പിച്ചു കളയുന്ന, നിങ്ങൾ സത്യവിശ്വാസികളുടെ കയ്യിലിരിപ്പ്. എല്ലാംകൂടി ഞാൻ കണ്ടു മടുത്തു. ഇനിയും നീ പറയൂ, എന്റെ കരുണയുടെ നിലവറ ഇനിയും തുറന്നുവച്ചിരിക്കണമോ, അതോ അടച്ചുപൂട്ടണമോ എനിക്ക് ഉത്തരം മുട്ടിപ്പോയി. ഞാൻ തലകുനിച്ച് പ്രാർത്ഥിച്ചു. 'കർത്താവേ കനിയണമെ'.

BETHANY PUBLICATIONS
www.malankaralibrary.com


# ശ്രീകോവിലിന്റെ താക്കോൽ സൂക്ഷിപ്പുകാർ

ഞങ്ങളുടെ സംഭാഷണം തുടരുകയാണ്. ഇന്ന് അവനാണ് തുടങ്ങിയത്. സാധാരണയിൽ കവിഞ്ഞ് അല്പം കൂടി കോപവും ക്രോധവും മുഖത്ത് സ്പുരിക്കുന്നുണ്ടായിരുന്നു. ഞാൻ അല്പം തന്ത്രപൂർവ്വമാണ് നിന്നത്. അവിടുത്തെ കോപാഗ്നി എന്റെ മേൽ പതിക്കരുതല്ലോ. അതിനുള്ള ശേഷി ഇല്ലാത്തതുകണ്ട് ഞാൻ സൗമ്യനായി നിന്നു കേട്ടു. 'ഇന്നെനിക്ക് നിന്നോടും നിന്റെ കൂട്ടരോടുമാണ് പറയാനുള്ളത് (കൂട്ടർ എന്നുദ്ദേശിച്ചത് വൈദിക, സന്യസ്ത, സമർപ്പിത വർഗ്ഗമാണെന്ന് പിന്നെ എനിക്ക് മനസ്സിലായി.) 'ഞാൻ ഈ ദിവസങ്ങളിൽ പറഞ്ഞുകൊണ്ടിരിക്കുന്ന മൂല്യച്യുതിക്ക് ഭാഗീകമായി നിങ്ങളും കാരണക്കാരാണ്'. 'ഞങ്ങളോ? ഞങ്ങളെങ്ങനെ?' ആശ്ചര്യത്തോട് ഞാൻ അന്വേഷിച്ചു. പ്രതിയോടു തന്നെയാണ് അവിടുന്ന് സംസാരിക്കുന്നതെന്ന് ഓർത്തപ്പോൾ ഇളിഭ്യത തോന്നാതിരുന്നില്ല. 'ദൈവവചനത്തിന്റേയും ദിവ്യകാരുണ്യത്തിന്റെയും കരുണയുടെയും ശ്രീകോവിലിന്റെ താക്കോൽ ഞാൻ നിങ്ങളെയാണ് വിശ്വസ്തതയോടെ ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ ഞാൻ പച്ചക്ക് പറയട്ടെ, നിങ്ങളിൽ തൊണ്ണൂറു ശതമാനത്തിനും വിശ്വസ്തതയില്ല, വിനയമില്ല, വിജ്ഞാനമില്ല. വിളിക്കപ്പെട്ട വിളിക്ക് യോഗ്യമായ വിധം ജീവിക്കുന്നവരെത്ര പേരുണ്ടെന്ന് നീ വിരലിൽ കൂട്ടികൊള്ളുക. നെഞ്ചത്ത് കൈ വെച്ച് പറയാൻ അവരോട് പറയുക. എന്റെ വിശ്വസ്തനായ പൗലോസിലൂടെ ഞാൻ ആദ്യ കാലത്ത് തന്നെ പറഞ്ഞില്ലേ, നിങ്ങൾ വിളിക്കപ്പെട്ട വിളിക്ക് യോഗ്യരായി ജീവിക്കാൻ. നല്ല മനസ്സുണ്ടെങ്കിൽ ഈ വിളി സ്വീകരിച്ചാൽ മതിയെന്ന്. പൗലോസിനെ എന്റെ കാലശേഷമാണ് ഞാൻ വിളിച്ചത്. പക്ഷേ അവന്റെ എല്ലാ പത്രാസും ഉപേക്ഷിച്ച് വിശ്വസ്തതയോടെ എന്നെ അനുഗമിച്ചു. നിങ്ങൾ വൈദീക, സന്യാസികളോ, നിങ്ങളുടെ ഉപേക്ഷ പൂർണ്ണമായിട്ടില്ല. ലോകത്തെ ഉപേക്ഷിക്കാൻ ലോകം എന്താ അത്ര മോശമാണോ എന്നാണ് നിങ്ങളിൽ പലരുടെയും വാദം. അങ്ങനെ ലൗകീകതയിൽ മുങ്ങിക്കുളിച്ചിരിക്കുന്ന നിങ്ങൾക്ക് ജനത്തിന് ആശ്വാസഭവനമായോ ആത്മീയ ഇടമായോ വർത്തിക്കാൻ സാധിക്കുന്നില്ല. 'ചക്കിക്കൊത്ത ചങ്കര'നായി 'ചക്കും ചക്കാലയും കൂടി ആടുക'യാണിപ്പോൾ. ദുരന്തങ്ങളുടെ പ്രഭവസ്ഥാനം നമ്മൾ തന്നെ എന്നു പറഞ്ഞാൽ കൂടി പോകുമോ എന്തോ? ഇനിയും അവന് പറയാനുണ്ടായിരുന്നു. എന്നാൽ ഇന്ന് മതിയാക്കി.

# പോംവഴി

ഇന്ന് ഞാൻ അവനോടു ചോദിച്ചു, എന്താണ് ഒരു പോംവഴി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമല്ലോ. ധ്യാനകേന്ദ്രങ്ങളും പള്ളികളും പൂട്ടട്ടെയോ? അവൻ പറഞ്ഞു, 'പൂട്ടണമെന്ന് ഞാൻ പറഞ്ഞില്ല, പക്ഷെ ഒരു കുഞ്ഞൻ രോഗാണു (വൈറസ്) നിങ്ങളെക്കൊണ്ട് ഇവയൊക്കെ പൂട്ടിച്ചില്ലേ? ഇസ്രായേൽ ആ മലയിലും ഈ മലയിലും' ദൈവത്തെ ആരാധിച്ചു. പക്ഷേ അവരുടെ ഹൃദയം പൊള്ളയായിരുന്നു. ഇത് ഇന്നും ആവർത്തിക്കപ്പെടുകയല്ലേ ആ പള്ളിയിൽ അത്ഭുതം, ഈ ധ്യാനകേന്ദ്രത്തിൽ രോഗശാന്തി എന്നുപറഞ്ഞ് ദൈവത്തെ എവിടെയൊക്കെയോ തളച്ചിടാൻ ശ്രമിച്ചില്ലേ നിങ്ങൾ? ഞാൻ പറയുന്നു, സത്യത്തിലും ഹൃദയത്തിലും ദൈവത്തെ ആരാധിക്കുവാൻ നിങ്ങളെ പഠിപ്പിക്കുന്ന ഒരു ഗുരുവിനെയാണ് (വൈറസ്) ഞാൻ നിങ്ങൾക്ക് തന്നിരിക്കുന്നത്. മരുഭൂമിയിലെ ഒരു പ്രവാചകനെ പോലെ അവൻ ഇപ്പോൾ നിങ്ങളോട് മാനസാന്തരം പ്രസംഗിക്കുന്നു. ഞങ്ങളൊക്കെ ഇനിയും എന്തുചെയ്യണം? ഓരോ കൂട്ടരോടുമായി ഒന്നുകൂടി പറയാമോ, ഞാൻ ചോദിച്ചു. എല്ലാവരോടുമായി പറയാനുള്ളത്, 'നിങ്ങളുടെ പൊയ്മുഖങ്ങൾ അഴിച്ചു വെയ്ക്കണം. പുറമേ കാണുന്നത് ഒരു തരത്തിൽ, അകമേ ജീവിക്കുന്നത് മറ്റൊരു തരത്തിൽ. എല്ലാവരും യാഥാർത്ഥ്യബോധത്തോടെ ജീവിക്കുക. സഭാധികാരികളും നേതാക്കന്മാരും അവർ ഫരീസയ മനോഭാവവും അധികാര പ്രമത്തതയും അപ്രമാദിത്വവും ചിലപ്പോഴെങ്കിലും ഉണ്ടാകുന്ന മനുഷ്യത്വരാഹിത്യവും പൂർണമായി കൈവെടിയട്ടെ. സമ്പത്തും അധികാര സുഖങ്ങളും സ്വപ്നം പോലെ അഴിഞ്ഞു പോകുന്നതാണെന്ന് ധ്യാനിക്കണം. സന്യാസ സമർപ്പിതരോ? അവർ ക്രിസ്തു മനോഭാവവും ക്രിസ്തു ജീവിതശൈലിയും തിരിച്ചു പിടിക്കട്ടെ. ലളിത ജീവിതവും ധാരാളിത്തത്തോടുള്ള വികർഷതയും പാലിച്ചേ പറ്റൂ. ലൗകീക ജീവിതശൈലി തേടുന്നതാണ് ലളിത ജീവിതമെന്ന മിഥ്യാധാരണ മാറ്റിയേ പറ്റൂ. സന്യാസത്തിന് സ്വന്തം നിർവചനം കൊടുക്കുന്നത് അവസാനിപ്പിക്കട്ടെ. വൈദീക ഗണം അവർ മനുഷ്യർക്കുവേണ്ടി ജീവിക്കുന്ന യഥാർത്ഥ അജപാലകരാകട്ടെ'. അവൻ പറഞ്ഞു നിർത്തി. 'ഞാൻ ഇത് എല്ലാവരോടും പറയാം. ഞങ്ങളെ കൈവിട്ടു കളയരുതേ'. ഞാൻ യാചിച്ചു.

BETHANY PUBLICATIONS
www.malankaralibrary.com


# പിൻവാങ്ങൽ

യോനാ തിമിംഗലത്തിന്റെ ഉള്ളിലായിരുന്നത് മൂന്നു രാവും മൂന്നു പകലുമാണ്. 'രാവും പകലും' പഴയനിയമത്തിൽ റബ്ബിമാരുടെ പ്രയോഗമായിരുന്നു. 24 മണിക്കൂറുള്ള പൂർണ്ണ ദിനത്തേയോ ഭാഗി കമായ ദിനവൃത്തത്തേയോ അത് സൂചിപ്പി ക്കുന്നു. യോന ഇപ്രകാരമുള്ള മൂന്നു ദിനരാത്രങ്ങൾ തിമിംഗലത്തിന്റെ ഉള്ളിൽ സുരക്ഷിതനായിരുന്നതുപോലെ ദൈവ പുത്രനും മരിച്ചടക്കപ്പെട്ട് മൂന്ന് ദിനരാത്രങ്ങൾ ഭൂമിയാകുന്ന തിമിംഗലത്തിന്റെ ഉള്ളിൽ ആയിരിക്കുമെന്നും ഇതിനെ 'യോനായുടെ അടയാളം' ആയി അവിടുന്ന് പ്രവചിക്കുകയും ചെയ്തു. യോനാ നിശ്ചിത സമയത്തിനുശേഷം കരയ്ക്കടുത്തു. യേശുവും പ്രവചിച്ച സമയത്തിനുശേഷം ഉയർത്തെഴുന്നേറ്റു. മനുഷ്യൻ അവന്റെ സാധാരണ ജീവിതക്രമങ്ങളിൽ നിന്ന് ഒരു നിശ്ചിത സമയത്തേക്ക് പിൻവാങ്ങി നിൽക്കുക മനുഷ്യന്റെ പ്രകൃതമാണ്, ദൈവഹിതമാണ്. ശരീരത്തിനും മനസ്സിനും തലച്ചോറിനും അല്പം വിശ്രമം ഈ പിൻവാങ്ങലിലൂടെ സാധിക്കുന്നു. പ്രവാചകന്മാരും നിബിയന്മാരും ഒരു നിശ്ചിത കാലത്തേക്ക് നോമ്പും പ്രാർത്ഥനയുമായി കഴിഞ്ഞതും കർത്താവ് 40 ദിവസം ഉപവസിച്ചതും തുടർന്ന് നമുക്ക് നോമ്പും ഉപവാസവും ഉപദേശിച്ചുത്തരുന്നതും സന്യാസ സഭകളിലെ വാർഷിക ധ്യാനവേളയും മാസത്തിലെ ശാന്തി ദിനാചരണവുമെല്ലാം ഈ പിൻവാങ്ങലിന്റെ പ്രതീകങ്ങളാണ്. ലോകം മുഴുവൻ ഈ കാര്യം മറന്നുപോയതിനാൽ കോവിഡ് നമ്മെ കൊണ്ട് ഈ പിൻവാങ്ങൽ പ്രക്രിയ നിർബന്ധപൂർവ്വം ചെയ്യിക്കുകയാണെന്ന് കരുതി ആശ്വസിക്കാം. ഒപ്പം, 'യേശുവേ രക്ഷിക്കണേ' എന്ന അപേക്ഷ ആവർത്തിച്ചുകൊണ്ടുമിരിക്കാം.



BETHANY PUBLICATIONS
www.malankaralibrary.com


# 'യോന - മോഡൽ'

ഒരു യോനാ - മോഡൽ ധ്യാന കേന്ദ്രത്തെക്കുറിച്ചാണ് ഇപ്പോൾ ചിന്ത. എന്താണ് അല്ലെങ്കിൽ എങ്ങനെയാണ് യോനാ - മോഡൽ? നിനവേയിലെ യോനായെ നമുക്കറിയാം. അമിത്തായിയുടെ പുത്രൻ യോനാ നല്ലൊരു മനുഷ്യനായിരുന്നു. അതുകൊണ്ടാണല്ലോ അദ്ദേഹത്തിന് കർത്താവിൽ നിന്ന് അരുളപ്പാട് ഉണ്ടായത്. മഹാമോശമായി കൊണ്ടിരുന്ന നിനവേ നഗരത്തെ പശ്ചാത്തപിച്ച് രക്ഷപ്പെടുത്തുക എന്നതായിരുന്നു യോനായ്ക്ക് നൽകപ്പെട്ട ദൗത്യം. ദൗത്യനിർവഹണത്തിന് അലം ഭാവം കാട്ടിയ ആ മനുഷ്യനെ ദൈവം ശിക്ഷിക്കുന്നു. മൂന്ന് ദിവസത്തേക്ക് 'ക്വാറന്റൈന്' വിടുന്നു. നോഹ പെട്ടകത്തിന്റെ വാതിലടച്ച് കുറ്റിയിട്ടതുപോലെ യോനായെ വിഴുങ്ങിയ തിമിംഗലം വായടച്ചു. പിന്നെ മൂന്നു ദിവസം കഴിഞ്ഞാണ് വായ് തുറന്ന് യോനയെ പുറത്തുവിട്ടത്. ദിവസങ്ങൾ മൂന്നേ ഉണ്ടായിരുന്നുള്ളു. എന്നിരുന്നാലും ആ ദിവസങ്ങൾ പൂർണ്ണ പശ്ചാത്താപത്തിൽ താൻ യഹോവയോട് കാട്ടിയ അനുസരണക്കേടിനേയും അവിശ്വസ്തതയേയും ഓർത്ത്, കണ്ണീർ വാർത്ത് കരഞ്ഞു പ്രാർത്ഥിച്ചു. ഇപ്പോൾ തിമിംഗലത്തിന്റെ ഉൾവശം ഒരു ധ്യാനകേന്ദ്രമായി മാറിയിരിക്കുകയാണ്. അവിടെ പാട്ടും കൂത്തും അട്ടഹാസ പ്രസംഗങ്ങളും ഒന്നും കേൾക്കാനില്ല. മറുഭാഷയിൽ ആരും സംസാരിക്കുന്നില്ല. കൗൺസിലിംഗുകാരെ കാണാനില്ല. പാപം ചെയ്ത്, കരഞ്ഞ് വിലപിക്കുന്ന യോനയും വിധികർത്താവും മാത്രം ആ ഹോളിൽ. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കയറി കുറ്റിയിട്ട് രഹസ്യത്തിൽ നിന്റെ ദൈവത്തോട് പ്രാർത്ഥിക്കുക എന്നു പറഞ്ഞ കർതൃവചനം യോന മുന്നമെ കണ്ടു കാണും. മൂന്ന് ദിവസം കഴിഞ്ഞ് യോന പുറത്തുവന്നപ്പോൾ ആകെ മാറിയ മനുഷ്യൻ. യഥാർത്ഥ 'മെറ്റനോയ', അകപരിവർത്തനം സംഭവിച്ചിരിക്കുന്നു. ധ്യാനത്തിൽ ഈ മെറ്റനോയ ആണ് ദൈവദാസൻ മാർ ഈവാനിയോസും ഉപദേശിച്ചു തന്നിരിക്കുന്നത്. ഇനിയും നമുക്ക് ഒരു യോനാ - മോഡൽ കൺവെൻഷൻ നവീകരണധ്യാനം സംഘടിപ്പിച്ചാലോ.

BETHANY PUBLICATIONS
www.malankaralibrary.com


# വിരുന്നു ശാലയും പ്രസംഗവേദി

യേശുവിന് വചനം പ്രസംഗിക്കാൻ മുന്നിൽ ദൈവജനം മതിയായിരുന്നു. ശീതീകരിച്ച പള്ളിയോ ആയിരങ്ങൾക്ക് ഒന്നിച്ചു കൂടാവുന്ന ദർബാർ ഹോളോ അവിടുത്തേക്ക് ആവശ്യമില്ലായിരുന്നു. ഉച്ചഭാഷിണിയുടെ സഹായമോ ക്വയറിന്റെ പിന്തുണയോ ഒന്നും അവിടുത്തേക്ക് ഇല്ലായിരുന്നു. ശബ്ദമുയർത്തി മുന്നിൽ നിൽക്കുന്നവരോട് 'നല്ല വിശേഷം' പ്രസംഗിക്കുകയായിരുന്നു അവിടുത്തെ പതിവ്. അത് ഒരു കേന്ദ്രത്തിൽ വച്ചായിരുന്നില്ല. മലയിലും മലയോരത്തും മരുഭൂമിയിലും മരുപ്പച്ചയിലും നാലാൾ കൂടുന്നിടമെല്ലാം അവിടുത്തേയ്ക്ക് ധ്യാനകേന്ദ്രങ്ങളായിരുന്നു. കേട്ട വചനത്തിനും കിട്ടിയ ദൈവാനുഗ്രഹങ്ങൾക്കും സ്റ്റേജിൽ കയറി സാക്ഷ്യം പറയുന്നതിനേക്കാൾ ജീവിതം കൊണ്ട് സുവിശേഷ ജീവിതത്തിന് സാക്ഷ്യം വഹിക്കാനാണ് അവിടുന്ന് ജനത്തോട് ആവശ്യപ്പെട്ടത്.

ഫരീസയരുമായുള്ള ദ്വന്ദയുദ്ധം കൊടുമ്പിരികൊണ്ട് നിൽക്കുന്ന കാലം. കിട്ടിയ അവസരത്തിലെല്ലാം ഫരീസയരേയും നിയമജ്ഞരെയും മുട്ടുകുത്തിച്ചു കൊണ്ടിരിക്കുന്ന യേശുവിന്റെ നല്ല സമയം. പക്ഷേ ഫരീസയരുടെ ശത്രുത വർധിച്ചുവരികയായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ഒരു ഫരീസയന്റെ ഭവനത്തിലേക്ക് വിരുന്നിന് ക്ഷണം കിട്ടിയത്. അദ്ദേഹത്തിന്റെ ഉദ്ദേശം നമുക്കറിയില്ല. പക്ഷേ യേശു കിട്ടിയ അവസരം പാഴാക്കാതെ, കുറെനാളായി ഫരീസയരോടും നിയമജ്ഞരോടുമായി പറയാൻ വെച്ചിരുന്ന കുറെ കാര്യങ്ങൾ പൊതുവിൽ നാലാൾ കേൾക്കെ പച്ചയ്ക്ക് പറഞ്ഞു. വീട്ടിൽ കയറി ചെന്നപ്പോൾ മുതൽ ആചാരങ്ങളും പാരമ്പര്യങ്ങളും തെറ്റിച്ച യേശുവിനെ അവർ മനസ്സ് കൊണ്ട് ചോദ്യം ചെയ്തിരുന്നു. തുടർന്ന് മറുചോദ്യങ്ങളിലൂടെയുള്ള ശകാര വർഷമായിരുന്നു പിന്നെ കണ്ടത്. പ്രക്ഷുബ്ധമായ ആ അന്തരീക്ഷത്തിൽ ഊണ് നടന്നോ എന്ന് സംശയമാണ്. എന്തായാലും ഉണ്ടവർക്കും ഉണ്ണാത്തവർക്കും ഉണ്ടതുപോലെയായി അവിടുത്തെ പ്രസംഗം കഴിഞ്ഞപ്പോൾ. അങ്ങനെ വിരുന്നു ശാലയും പ്രസംഗവേദിയാക്കിയ അവന്റെ മനസ്സേ.!

www.malankaralibrary.com


# വിജ്ഞാനത്തിന്റെ താക്കോൽ

വിജ്ഞാനത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരായ നിയമജ്ഞരെക്കുറിച്ച് യേശു ചെയ്ത ഒരു പരാമർശം ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (11:52). വൈദ്യശാസ്ത്രത്തിന്റെ ചെറിയൊരു താക്കോൽ ലൂക്കായുടെ കൈവശമുണ്ടായിരുന്നതുകൊണ്ടാവും ഇത്ര രസകരമായി ഇത് അവതരിപ്പിച്ചത്. യേശു നോക്കുമ്പോൾ മോശയുടെ നിയമങ്ങളുടെയെല്ലാം കുത്തകാവകാശികളായിട്ടാണ് നിയമജ്ഞരും ഫരിസേയരും പെരുമാറുന്നത്. പ്രത്യേകിച്ച് നിയമജ്ഞരാണ് മോശയുടെ നിയമത്തിൽ ഡോക്ടറേറ്റ് എടുത്തിരിക്കുന്നത്. അതിന്റെ സർട്ടിഫിക്കറ്റാകുന്ന താക്കോൽ നിരക്ഷരരായ സാധാരണ ജനങ്ങളെ കാണിച്ച് അവരെ ഭയപ്പെടുത്തിയിരുന്നു. പ്രതീകമായി ഒരു താക്കോൽ കൂട്ടം അരയിൽ ചുറ്റികെട്ടി നടക്കുമായിരുന്നു എന്നാണ് പറയുന്നത്. മൂശയുടെ 'കാനൻ ലോ'യിൽ ഡോക്റ്ററേറ്റ് സമ്പാദിച്ചിരുന്ന ഈ മനുഷ്യർ നിയമത്തിന്റെ പുറംചട്ട മോടിയിൽ സംതൃപ്തരായിരുന്നു. അതിന്റെ വള്ളിപുള്ളി കൈമോശം വരുത്തുവാൻ അവർ അനുവദിച്ചിരുന്നില്ല. എന്നാൽ കൈവശമുണ്ടായിരുന്ന ആ വിജ്ഞാനത്തിന്റെ താക്കോൽ ഉപയോഗിച്ച് ദൈവീക നിയമങ്ങളാകുന്ന ദന്തഗോപുരത്തിന്റെ അകത്തളങ്ങളിലേയ്ക്കുള്ള വാതിലുകൾ തുറക്കുവാൻ അവർ ആഗ്രഹിച്ചില്ല. ശ്രമിച്ചതുമില്ല. യേശുവിനെപ്പോലെ പ്രവാചകന്മാർ ആരെങ്കിലും അതിന് ശ്രമിച്ചിട്ടുണ്ടെങ്കിൽ അവരെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കുകയാണ് അവർ ചെയ്തിരുന്നത്. 'പട്ടി പുല്ല് തിന്നുകയുമില്ല, പശുവിനെ കൊണ്ട് തീറ്റുകയുമില്ല' എന്ന മട്ടായിരുന്നു അവരുടേത്. സംസാരത്തിനിടെ സ്വയം നീതീകരിക്കാനെന്നവണ്ണം ഞാൻ പറഞ്ഞു, 'പുതിയ നിയമകാലത്തെ നിയമജ്ഞരായ ഞങ്ങൾ അവരെപോലെയൊന്നുമല്ലെന്ന് നിനക്ക് അറിയാമല്ലോ'. അവൻ ഒന്ന് ഇരുത്തി പറഞ്ഞു, 'നിങ്ങളിൽ പലരും അത്ര മോശമല്ല'. ഞാൻ തലകുലുക്കി സമ്മതിച്ചു.

BETHANY PUBLICATIONS
www.malankaralibrary.com



# സംഘർഷവും സംഘട്ടനവും

ഞങ്ങൾ ഒരിക്കൽ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ ഞാനൊരു കാര്യം അവനോട് സൂചിപ്പിച്ചു. ചരിത്രകാരന്മാർ നിന്നെ ഒരു വിപ്ലവകാരിയും സംഘർഷാവസ്ഥ സൃഷ്ടിച്ചവനെന്നും ചിലരുമായി സംഘട്ടനത്തിലേർപ്പെട്ടവൻ എന്നുപോലും ചിത്രീകരിച്ചിരിക്കുന്നത് എനിക്ക് അത്ര രസിച്ചിട്ടില്ല. നിന്നെ ഒരു ഇടത് ചിന്താഗതിക്കാരനായും ഇടതന്മാരുടെ സഹയാത്രികനെന്നു മൊക്കെ എഴുതി പിടിപ്പിച്ചിരിക്കുന്നു. എന്താണ് നിനക്ക് പറയാനുള്ളത് നിന്റെ ഭക്തരായ ഞങ്ങൾക്ക് നിന്നെക്കുറിച്ചുള്ള ധാരണയ്ക്ക് വിപരീതമാണല്ലോ ഇത്. ഭൂലോകത്തിൽ ജീവിച്ചിട്ടുള്ളവരിലേയ്ക്കും ഏറ്റവും ക്ഷമാശീലനും ദയാലുവും സംഘർഷത്തിൽ നിന്നും സംഘടനങ്ങളിൽ നിന്നും അകന്നു നിന്നവനെന്നും അങ്ങനെയൊരു വലതുപക്ഷ ചിന്താഗതിക്കാരനുമായിട്ടാണല്ലോ അവിടുന്ന് അറിയപ്പെട്ടത്. പിന്നെന്തേ ഇങ്ങനെയൊക്കെ? അവൻ മൊഴിഞ്ഞു, നീ പറഞ്ഞത് ഒരു പരിധി വരെ ശരിയാണ്. എന്റെ ജീവിതത്തിൽ സംഘർഷങ്ങളും സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്. എന്റെ സഹനത്തിന്റെ അവസരങ്ങളെല്ലാം കാലിത്തൊഴുത്തിലെ ജനനം മുതൽ ഈജിപ്തിലേക്കുള്ള പലായനം തുടങ്ങി, കുരിശിലെ ദാരുണാന്ത്യം വരെയുള്ള സംഭവങ്ങൾ ചില സംഘർഷങ്ങളിൽ നിന്നും തെറ്റിദ്ധാരണകളിൽ നിന്നും ഉടലെടുത്തതാണ്. പിന്നെ, ലൗകിക ശാരീ രിക സംഘട്ടനങ്ങൾക്കൊന്നും ഞാൻ നിന്നു കൊടുത്തിട്ടില്ല. സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ മനുഷ്യനിലെ പൈശാചികത്വവും ദൈവീകത്വവും തമ്മിലുള്ള സംഘട്ടനമായിരുന്നു. ഫരീസയത്വവും ക്രിസ്തീയത്വവും തമ്മിലുള്ള സംഘട്ടനമായിരുന്നു. പാപവും പുണ്യവും തമ്മിലുള്ള സംഘട്ടനമായിരുന്നു. ഫരീസയരേയും നിയമജ്ഞരെയും തലങ്ങും വിലങ്ങും വിമർശിച്ചപ്പോൾ അതൊരു സംഘർഷാവസ്ഥ സൃഷ്ടിച്ചു കാണും. ഒരു ആശയ സംഘട്ടനം അവിടെ ഉണ്ടായിട്ടുണ്ടാവും. ഇതെല്ലാം എന്റെ ദൗത്യത്തിൽ പെടുന്നവ തന്നെയായിരുന്നു. അല്ലാതെ നിങ്ങൾ ചിന്തിക്കുന്നതു പോലെയുള്ള ഒരു ഇടതു-വലതു സംഘട്ടനങ്ങ ളല്ലായിരുന്നു. എന്റെ ചായ്‌വും പറ്റുമാനവും ദൈവീകതയിലേക്കും ദരിദ്രനിലേക്കുമുള്ളതായിരുന്നു. അത് നിങ്ങൾക്ക് അറിയാവുന്നതല്ലേ?

www.malankaralibrary.com


# ഡൈമോണിയോനും പരിശുദ്ധാത്മാവും

സോക്രട്ടീസിനെകൊണ്ട് എല്ലാ വലിയ നല്ല കാര്യങ്ങളും ചെയ്യിച്ചുകൊണ്ടിരുന്നത് ഡൈമോണിയോൻ എന്ന ഒരു അദൃശ്യ ശക്തി ആയിരുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു പോന്നു. ഇത് ദൈവാത്മാവ് തന്നെയായിരുന്നോ എന്ന് നമ്മുക്ക് നിശ്ചയമില്ല. ലോകചരിത്രത്തിൽ ദൈവ പുത്രന്റെ ആഗമനത്തോടെയാണല്ലോ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിത്വത്തിന്റെ രഹസ്യം വെളിവാക്കപ്പെട്ടത്. അപ്പോൾ കർത്താവിനു മുമ്പും ഈ ദൈവാത്മാവ് കർമ്മ നിരതനായിരുന്നു. ഈ ആത്മാവാണല്ലോ കർത്താവിന്റെ മാമോദീസായുടെ സമയത്ത് തന്റെ മേൽ ആവസിക്കുകയും ഇതെന്റെ പ്രിയ പുത്രനാകുന്നുവെന്ന് പിതാവ് പ്രഖ്യാപിച്ചതും. സോക്രട്ടീസിന് ഡൈമോണിയോൻ പോലെയാണ് ക്രിസ്ത്യാനിക്ക് പരിശുദ്ധാത്മാവും. ഒരു പ്രസംഗം നടത്തുമ്പോൾ അത് എങ്ങനെ നടത്തണം വാക്കുകൾ എങ്ങനെയൊക്കെ പ്രയോഗിക്കണം എന്നൊക്കെ ഡൈമോണിയോൻ സോക്രട്ടീസിനെ നിയന്ത്രിച്ചിരുന്നു. ചില വാക്കുകൾ ഉപയോഗിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ തടസ്സപ്പെടുത്തിയിരുന്നു. അതെല്ലാം അദ്ദേഹത്തിന്റെ നന്മക്ക് വേണ്ടിയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഡൈമോണിയോൻ പരിശുദ്ധാത്മാവല്ലെങ്കിലും ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം പരിശുദ്ധാത്മാവാണ് അവനെ അനുദിനം, അനുനിമിഷം നിയന്ത്രിച്ച്, നയിച്ചു കൊണ്ടുപോകുന്നത്. കർത്താവ് ശിഷ്യരോടായി പറഞ്ഞു; നിങ്ങൾ കോടതി കയറുമ്പോൾ എന്തു പറയണം എങ്ങനെ പറയണമെന്നെല്ലാം ആത്മാവ് നിങ്ങൾക്ക് തോന്നിച്ചു തരും. ആത്മാവ് വരുമ്പോൾ എല്ലാ കാര്യങ്ങളും നിങ്ങളെ വ്യക്തമായി പഠിപ്പിക്കും. ക്രിസ്ത്യാനിയുടെ ഡൈമോണിയോനായ പരിശുദ്ധാത്മാവിന്റെ നിരന്തര സാന്നിധ്യബോധമാണ് ഒരുവനെ നല്ലവനാക്കുന്നതും നേർവഴി നയിക്കപ്പെടുന്നതും. അതല്ലാത്തവർക്ക് അനുഭവം 'കോന്ത്രാ' (എതിർ) യും.



BETHANY PUBLICATIONS
www.malankaralibrary.com



# ഉള്ളവനും ഇല്ലാത്തവനും

ഞാൻ ഒരിക്കൽ അവനോട് ചോദിച്ചു, ‘നീ പറയുന്നു, ഇല്ലാത്തവനിൽ നിന്ന് അവൻ ഉണ്ടെന്ന് കരുതുന്നതുകൂടെ എടുത്ത് ഉള്ളവന് നൽകപ്പെടും. എന്നാൽ ചില ‘ഇസം’കാർ പറയുന്നു, ഉള്ളവരിൽ നിന്ന് എങ്ങനെയും അപഹരിച്ച് ഇല്ലാത്ത വന് നൽകണം. ഇവയിൽ ഏതു തത്വമാണ് സാധാരണ മനുഷ്യന് കൂടുതൽ ആകർഷ ണീയമായിരിക്കുന്നത്, അവിടുത്തേതോ അവരുടേതോ? അവൻ പറഞ്ഞു. കുഴ യ്ക്കുന്ന ചോദ്യമാണിത്. എന്നാൽ ഒരു കാര്യം നീ മനസ്സിലാക്കണം, എന്റെ തത്വ ങ്ങളാണ് സത്യം. അവ എപ്പോഴും മറ്റെല്ലാ സത്യങ്ങളെയും ഉൾക്കൊള്ളുന്നതുമായി രിക്കും. ചില കൂട്ടർ അവകാശപ്പെടുന്ന സമത്വം, സാഹോദര്യം, സുന്ദരം എന്ന ആശയങ്ങളൊക്കെ എന്റെ തത്വങ്ങളിൽ ഉൾപ്പെട്ടവയല്ലേ? പിന്നെ ഉള്ളതും ഇല്ലാ ത്തതുമൊക്കെ എന്താണെന്ന് നിങ്ങൾ മനസ്സി ലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യു ന്നതു പോലിരിക്കും നിങ്ങളുടെ സമത്വ സുന്ദരങ്ങൾ. എനിക്ക് ദൈവത്തെ സമ്പാദി ക്കുന്നവനാണ് ഉള്ളവൻ. ദൈവമില്ലാത്തവൻ ദരിദ്രനും. നിങ്ങൾക്ക് ലൗകിക സമ്പത്തുള്ള വൻ ഉള്ളവനും അതില്ലാത്തവൻ ദരിദ്രനും. മനുഷ്യൻ ആത്മശരീരങ്ങളുടെ സൃഷ്ടിയായ തിനാൽ അവനെ ലൗകീകനായി മാത്രം കാണുവാൻ എനിക്ക് സാധിക്കുകയില്ല. ആയതിനാൽ മുമ്പ് പറഞ്ഞ കൂട്ടരുമായി എനിക്ക് ചങ്ങാത്തമില്ല. വെറും ലൗകീകന് പരലോകത്തെ കുറിച്ച് ചിന്തയുണ്ടോ? നിങ്ങൾക്കുള്ളതെല്ലാം വിറ്റ് സ്വർഗത്തിൽ നിക്ഷേപം ഉണ്ടാക്കുവീൻ എന്ന് ഞാൻ പറയുമ്പോൾ അവർ പറയും, ഉള്ളവനെ ദ്രോഹിച്ചായാലും വേണ്ടില്ല അവനുള്ളത് പിടിച്ചുപറിച്ച് ഇല്ലാത്തവന് കൊടുത്ത് ലോകം സമത്വസുന്ദരമാക്കുക. ഇതാണ് ഞങ്ങൾ തമ്മിലുള്ള വ്യത്യാസം. ലൗകിക സമ്പന്നർ തനിക്കുണ്ടെന്ന് കരുതുന്ന ഇത്തിരി പുണ്യങ്ങൾ കൂടി അവരിൽനിന്ന് എടുക്ക പ്പെടും. ക്ലേശങ്ങൾ സഹിച്ചും പുണ്യമഭ്യസി ക്കുന്നവന് പ്രതിഫലമായി കൂടുതൽ നൽകപ്പെടും. ഇനിയും സ്വയം ചോദിക്കുക, നീ ഉള്ളവനോ, ഇല്ലാത്തവനോ ചുരുക്ക ത്തിൽ പറഞ്ഞാൽ, അവർ പരമോന്നത സൗഭാഗ്യപ്രതീക്ഷയുള്ളവരല്ല. പക്ഷേ നമ്മൾ അതുള്ളവരാണ്. ഇപ്പോൾ പറയൂ, ഏതാണ് കൂടുതൽ ആകർഷണീയം...

www.malankaralibrary.com


# പശ്ചാത്തപിക്കുന്നില്ലെങ്കിൽ

'പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാ വരും നശിക്കും', ഇത്ര കർക്കശമായ ഒരു പ്രസ്താവന യേശു രണ്ടുപ്രാവശ്യം ആവർത്തിക്കുന്നു. ഒന്ന്, ഏതാനും ഗലീലിയരെ പീലാത്തോസ് വധിച്ച കാര്യം യേശു അറിഞ്ഞപ്പോൾ. രണ്ട്, ജെറുസലേമിൽ ഒരു ഗോപുരം തകർന്നു വീണ് 18 പേർ മരണമടഞ്ഞപ്പോൾ. നിങ്ങളും മരിക്കും എന്ന് അവിടുന്ന് ഇത്ര തറപ്പിച്ചുപറയാൻ കാരണമെന്താണെന്ന് ഞാൻ ആരാഞ്ഞു. അവിടുന്ന് പറഞ്ഞു, ഞാനൊരു എബ്രായ ചിന്താഗതിയെ തിരുത്തുകയായിരുന്നു. അവർ ചിന്തിച്ചിരുന്നു, ഒരുവന്റെ ദൗർഭാഗ്യങ്ങളും മരണവും അവന്റെ പാപം നിമിത്തമാണെന്ന്. കുറ്റം ചെയ്തവൻ അല്ലെങ്കിൽ പാപി ശിക്ഷ അനുഭവിക്കണമെന്ന്. അവിടുന്ന് അത് തിരുത്തി. മനുഷ്യന് കിട്ടുന്ന ശിക്ഷ അവൻ പശ്ചാത്തപിക്കാത്തതുകൊണ്ടാണ്. അപ്പോൾ ഞാൻ ചോദിച്ചു, ഇന്ന് ജനങ്ങൾ അഭിമുഖീകരിക്കുന്ന ഈ ലോക മഹാമാരിയുടെ കാര്യത്തിലോ മരിച്ചുവീണവരുടെ എണ്ണം ഒന്നേകാൽ ലക്ഷം കടന്നു. അവിടുന്ന് മൊഴിഞ്ഞു, മരിച്ചവരും രോഗം ബാധിച്ചവരും കൂടുതൽ പാപികളായതു കൊണ്ടല്ല പിന്നെയോ, വ്യക്തിപരമായും സാമൂഹികമായും ഇന്നത്തെ ലോകത്തിന്റെ അധാർമികത്തേക്കുറിച്ചും പാപം നിറഞ്ഞ അവസ്ഥയെക്കുറിച്ചും നിങ്ങൾ പശ്ചാത്തപിക്കാത്തതു കൊണ്ടാണ്. ലോകമാസകലമുള്ള അധാർമികത പ്രവർത്തിക്കുന്നവരെയും ഗർവ്വും സാമ്പത്തികനേട്ടങ്ങളോടുള്ള ആരാധനയും വെച്ച് പുലർത്തുന്ന ചില രാഷ്ട്രീയ തലവന്മാരേയും കുറ്റം പറഞ്ഞ് ന്യായീകരിച്ചു കൊണ്ടിരിക്കുന്ന എനിക്ക് മനസ്സിലായി കള്ളൻ കപ്പലിൽ തന്നെയായിരുന്നുവെന്ന്, അവിടുന്ന് എന്നെയും കൂടി നോക്കിയാണ് പറയുന്നത്, പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളും നശിക്കും. നിങ്ങളും അല്ലെ ങ്കിൽ നീയും എന്ന ഊന്നൽ ഞാനിന്നുവരെ അത്ര കാര്യമായി എടുത്തിരുന്നില്ല. ഇനിയും എടുക്കാതിരിക്കാൻ സാധിക്കുമെന്നും തോന്നുന്നില്ല.



BETHANY PUBLICATIONS
www.malankaralibrary.com


# വിതുമ്പൽ

കുഞ്ഞൻ കൊറോണ നമ്മുടെ സ്വന്തം ഭവനത്തിന്റെ വാതിൽപ്പടിയിൽ വെയിറ്റ് ചെയ്ത് നിലയുറപ്പിച്ചിരിക്കുകയാണ്. അകത്തു കയറാൻ തമ്പുരാന്റെ ഓർഡർ പ്രതീക്ഷിച്ചുകൊണ്ട് അവൻ എന്നോട് ഒരു സങ്കടം പറഞ്ഞു, 'ഇല്ല, നിങ്ങൾ ആരും പഠിക്കുമെന്ന് തോന്നുന്നില്ല. ദോഷൈകദൃക്ക് ആകുകയാണെന്ന് വിചാരിക്കരുത്. പക്ഷേ ഇതാണ് കാണുന്നത്. കൊറോണയെ സൃഷ്ടിച്ച് വൻകിട രാജ്യങ്ങളെ നശിപ്പിച്ചതാണ് എന്നാരോപിച്ച് രാജ്യങ്ങൾ തമ്മിൽ കലഹിക്കുന്നു. അത് രൂക്ഷമായ മറ്റൊരു ലോകമഹായുദ്ധത്തിലേക്ക് നയിക്കപ്പെടുമോ എന്ന ആശങ്കയുണ്ട്. ലോക്ക്ഡൗണിൽ കെട്ടിക്കിടന്ന മാനുഷിക ഊർജ്ജം തുറന്നു വിട്ടു കഴിയുമ്പോൾ അത് കൂടുതൽ മ്ലേഛതയിലേക്ക് മനുഷ്യനെ നയിക്കുമോ എന്ന ഭയവുമുണ്ട്. പകയും, വിദ്വേഷവും, അസൂയയും, അഹംഭാവവും, ദ്രവ്യാസക്തിയും, അധികാരമോഹവും, അസഹിഷ്ണുതയുമെല്ലാം ഉറങ്ങിക്കിടന്ന സിംഹത്തെപ്പോലെ സടകുടഞ്ഞെഴുന്നേല്ക്കുമോ എന്നൊരു പേടി! 'നാത്തൂൻ മരിച്ചാലും അമ്മായിയമ്മയുടെ കണ്ണീര് കണ്ടാൽ മതി' എന്ന നിങ്ങളുടെയൊക്കെ മനോഭാവം എന്നാണ് മാറുക? ഇങ്ങനെ പോയി അവന്റെ ആത്മഗതം. അവിടുത്തെയൊന്ന് ആശ്വസിപ്പിക്കാൻ ഞാൻ പറഞ്ഞു, 'ഇല്ല ഞങ്ങൾ മാറ്റി കൊള്ളാം'. അവിടുന്ന് പറഞ്ഞു എനിക്ക് അത്ര വിശ്വാസം പോര, എത്ര ധ്യാനങ്ങളുടെ അവസാനം ഈ തീരുമാനം എടുത്തിട്ടുണ്ട് എന്നിട്ടും ബിവറേജ്സ് തുറന്നു കഴിഞ്ഞാൽ ഏറ്റവുമധികം മദ്യം ചെലവാകുന്ന നാടിനുള്ള ട്രോഫി ഈ കൊച്ചു കേരളമല്ലേ കരസ്ഥമാക്കാറ്. ഇത് കേട്ടപ്പോൾ അവന്റെ ഒരു വചനം ഓർമ്മയിൽ വന്നു, 'മദ്യപാനി സ്വർഗ്ഗരാജ്യം കാണുകയില്ല'. കർത്താവ് ഇന്നും ജീവിക്കുന്നവനാണ്, അവൻ കള്ളം പറയുകയില്ല എന്ന് പ്രഘോഷിക്കുന്ന ഞങ്ങൾ ആട്ടിടയന്മാരും ആടുകളും തക്കം പാർത്തിരിക്കുകയാണ്, വീണ്ടും ജീവിതം ആസ്വദിക്കാൻ, ഈ ജനത്തോട് ഇനിയും പ്രസംഗിക്കാൻ ഇവിടെ ആരുണ്ട്? ആരെങ്കിലും പ്രസംഗിച്ചാൽ തന്നെ ആര് കേൾക്കാൻ?

BETHANY PUBLICATIONS
www.malankaralibrary.com


# അവബോധം

ഇപ്പോൾ എനിക്ക് മനസ്സിലായി:

* കല്ലും മണ്ണും ഇഷ്ടികയും സിമന്റ്മല്ല പള്ളിയെന്ന്.
* കെട്ടിടമല്ല ദേവാലയമെന്ന്.
* ദേവാലയത്തിന്റെ കെട്ടുപണിയിലും ചിത്രപ്പണിയിലുമല്ല മഹിമയെന്ന്.
* കോടികൾ മുടക്കി പള്ളി പണിതാലും പുറത്തു നിന്ന് ആരാധിക്കാനാണ് യോഗമെന്ന്.
* കമ്മിറ്റിയും പൊതുയോഗവും ഇല്ലെങ്കിലും പള്ളി നടക്കുമെന്ന്.
* കപ്യാര് ഇല്ലെങ്കിലും പള്ളി തുറക്കുമെന്ന്.
* പള്ളി തുറന്നില്ലെങ്കിലും കുർബാന നടക്കുമെന്ന്.
* പള്ളീപോക്ക് ഒരു ചടങ്ങ് ആക്കരുതെന്ന്.
* വിശുദ്ധ കുർബാന സ്വീകരണം ഓൺലൈനിൽ നടക്കുകയില്ലെന്ന്.
* ചന്തയിൽ പോയില്ലെങ്കിലും ചന്ത വീട്ടിലെത്തുമെന്ന്.
* സർക്കാരിന് പണത്തിന് ബുദ്ധിമുട്ടാണെങ്കിലും പൊതി മുടങ്ങുകയില്ലെന്ന്.
* മൂത്തവർ പറഞ്ഞാൽ കേൾക്കണമെന്ന്.
* കള്ളപ്പണം കൊണ്ടും കൊള്ളപ്പണം കൊണ്ടും വിശേഷമില്ലെന്ന്.
* നാട്ടുകാരെ കാണിക്കാൻ മാളിക പണിതിട്ട് കാര്യമില്ലെന്ന്.
* നിരത്തിൽ വൻകിട കാറുകൾക്ക് പരിഗണനയൊന്നുമില്ലെന്ന്.
* ഐസോലേഷനിൽ എസി മുറി ബുക്ക് ചെയ്യാൻ കിട്ടുകയില്ലെന്ന്.
* സെമിത്തേരിക്ക് വേണ്ടി കടിപിടി കൂട്ടിയിട്ട് കാര്യമില്ലെന്ന്.
* മരിച്ചുകഴിഞ്ഞാൽ അധികൃതർക്ക് നമ്മൾ ഒരു നമ്പർ മാത്രമാണന്ന്.
* ‘ഡെത്ത് ദ് ലെവലർ’ എന്ന് ജെയിംസ് ഷെർലി പറഞ്ഞത് സത്യമാണെന്ന്.



BETHANY PUBLICATIONS
www.malankaralibrary.com


# ധനവാനും ലാസറും

ധനം, ധനവാൻ, സമ്പത്ത് എന്നൊക്കെ കേൾക്കുമ്പോൾ എന്തെ അങ്ങേയ്ക്കൊരു വൈക്ലബ്യം? ഒരിക്കൽ ഞാൻ അവനോട് ചോദിച്ചു. നീ തന്നെയല്ലേ ഏറ്റവും വലിയ സമ്പന്നൻ ഈ ലോകത്തും പരലോകത്തുമുള്ള എല്ലാറ്റിന്റേയും സ്രഷ്ടാവും ഉടമസ്ഥനും നീയായിരിക്കെ നിന്നെ വെല്ലാൻ വേറൊരു സമ്പന്നനില്ലല്ലോ. പിന്നെന്തേ സമ്പന്നരോടും ധനവാന്മാരോടും ഒരു വല്ലായ്മ? ധനവാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുക വളരെ പ്രയാസമോ അസാധ്യമോ ആയിരിക്കുമെന്ന് നീ ഒരിക്കൽ പറഞ്ഞുവച്ചു. ധനവാന്റേയും ലാസറിന്റേയും കഥയിൽ ധനവാന്റെ നാശം നീ ഉറപ്പാക്കി. ധനവാനായിരുന്ന ജോബിനെ പരമ ദരിദ്രനാക്കിയ സംഭവം മറ്റൊരിടത്ത്. എന്റെ സംശയം, നീ തന്നെയല്ലേ ഇവരെയെല്ലാം സമ്പന്നരാക്കിയത്, എന്നിട്ട് ഇങ്ങനെ അവർക്കെതിരെ തിരിയാൻ, എന്തേ കാരണം? ആ രഹസ്യം അവിടുന്ന് വെളിപ്പെടുത്തി തന്നു. 'മകനെ ഞാൻ സമ്പന്നനെന്ന് നീ പറഞ്ഞത് ശരിതന്നെ. ദൈവം എല്ലാറ്റിന്റേയും നിറവായിരിക്കണമല്ലോ. എന്റെ സമ്പന്നതയും എനിക്കുള്ളതെല്ലാം ഒരിക്കലും ഞാൻ എനിക്ക് വേണ്ടി സൂക്ഷിക്കാറില്ല. എല്ലാം ഞാൻ കൊടുക്കുകയാണ്. ഞാൻ കൊടുക്കലിന്റെ ദൈവമാണ്. ധർമ്മിഷ്ഠനായ രാജാവ്. എന്റെ നിലവറ എപ്പോഴും തുറന്നിട്ടിരിക്കുകയാണ്. നിനക്ക് ആവശ്യമുള്ളത് ചോദിച്ചു വാങ്ങികൊണ്ട് പൊയ്ക്കൊള്ളുക. നിങ്ങളിൽ ചിലരെ ഞാൻ കൂടുതൽ ഏൽപ്പിക്കുന്നുവെങ്കിൽ (സമ്പന്നൻ) അത് അവനു വേണ്ടിയല്ല, അവന്റെ സഹോദരനു വേണ്ടിയാണ്. പക്ഷേ ഇന്ന് നിങ്ങളിൽ എത്ര പേർക്ക് ഈ ചിന്തയുണ്ട്? വല്ല പ്രളയ കാലത്തോ മഹാമാരിയിലോ ഒരുവന്റെ സമ്പത്തിന്റെ ഒരു ലേശം പേര് കിട്ടാനും ആളാവാനും വേണ്ടി കൊടുത്തെന്നിരിക്കും. പക്ഷേ ആ ദിവസവും ആ റോഡരികിൽ കിടക്കുന്ന ലാസറുമാരെ നിങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്? വിശക്കുന്നവന്റെ വയറു നിറയാൻ ഇനിയും ഒരു പ്രളയമോ, ഒരു കോവിഡോ വരണമോ എനിക്കൊന്നും മറുപടി പറയാനില്ലാതായിപ്പോയി.

# നിയമം - ഗോവണി

പഴയ നിയമമാണെങ്കിലും പുതിയ നിയമമാണെങ്കിലും നിയമം ഒരു ഗോവണി പോലെയാണെന്നാണ് പറയുക. ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് കയറാനുള്ള ഒരു ഗോവണി. നിയമമാകുന്ന ഗോവണിയുടെ ചുവട് ഭൂമിയിലാണ്, മുകൾവശം സ്വർഗ്ഗത്തിലും ദൈവത്തിന്റെ നിയമ ഗോവണിയിലൂടെ കയറുന്നവൻ സ്വർഗ്ഗത്തിലെത്തും. അതിനാണ് പഴയനിയമകാലത്ത് കർത്താവ് മൂശയിലൂടെയും പ്രവാചകന്മാരിലൂടെയും നിയമങ്ങളും അനുശാസനങ്ങളും നൽകിയത്. പഴയ നിയമത്തിൽ 'ലേവ്യരി'ലും 'നിയമാവർത്തന'ത്തിലും നിറയെ നിയമങ്ങളാണ്. ദൈവത്തിന്റെ നിയമം അനുസരിച്ച് ജീവിക്കുന്നവർ ആ ഗോവണിയുടെ മുകളിൽ, സ്വർഗ്ഗത്തിലെത്തും. എന്നാൽ കുറേ പേർ ഫരിസയർ, സദുക്കാർ, നിയമജ്ഞർ മുതലായവർക്ക് നിയമമറിയാം. എന്നാൽ പാലിക്കുന്നില്ല. നിയമം മറ്റുള്ളവരുടെ ചുമലിൽ കെട്ടിവയ്ക്കാൻ തിടുക്കം കാണിക്കുകയാണ്. ഇവർ നിയമ ഗോവണിയുടെ പകുതിവരെ കയറി അവിടെ നിലയുറപ്പിച്ചിരിക്കുകയാണ്. അവരൊട്ട് മുകളിലേക്ക് കയറുകയുമില്ല. കയറുന്നവർക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. ഒരുപക്ഷേ പഴയ നിയമ ഗോവണിയുടെ മുകളിലെ അഗ്രം സ്വർഗ്ഗത്തിൽ മുട്ടുന്നോ എന്ന് സംശയം ഉണ്ടായിരുന്നതിനാലാണ് യേശു തമ്പുരാൻ നിയമത്തിന്റെ പൂർത്തീകരണം തന്റെ ജീവിതത്തിലൂടെ സാധിച്ചത്. കർത്താവ് പറഞ്ഞു. ഞാൻ വന്നിരിക്കുന്നത്. നിയമത്തെ നിരാകരിക്കാനല്ല, പൂർത്തിയാക്കാനാണ്. യേശു വന്ന് നിയമ- ഗോവണിയുടെ നീളം കുറച്ചു. രണ്ടക്ഷരത്തിൽ ചുരുക്കി, 'സ്നേഹം'. ചിലർ ഈ സ്നേഹ-ഗോവണിയിൽ കയറിനിന്ന് വഴി മുടക്കുന്നു (കാപട്യം നിറഞ്ഞവർ). ചിലർ ആ ഗോവണി തന്നെ അവർക്ക് വഴിമുടക്കിയായതിനാൽ അവർ അതിനെ തട്ടിത്തെറിപ്പിക്കുന്നു. എന്തായാലും സ്നേഹ-ഗോണിക്കു തന്നെ ആത്യന്തികവിജയം.



BETHANY PUBLICATIONS
www.malankaralibrary.com


# ബലികളും ബലിയും

പഴയനിയമത്തിൽ എത്ര തരം ബലികളാണുള്ളത്; ദഹനബലി, ധാന്യബലി, സമാധാന ബലി, പാപപരിഹാരബലി, പ്രായശ്ചിത്തബലി, നിരന്തര ദഹനബലി. ഇങ്ങനെ പോകുന്നു ആ നീണ്ടനിര. ഇവിടെയെല്ലാം ബലിവസ്തു പക്ഷി മൃഗാദികളോ, ധാന്യങ്ങളോ ആണ്. ബലി അർപ്പകർ അഹറോന്റെ പുത്രന്മാരായ പുരോഹിതന്മാരും. ഓരോ ബലിയർപ്പണത്തിന്റെയും വിശദ വിവരങ്ങൾ, അർപ്പിക്കേണ്ടവിധം എല്ലാം ലേവ്യരുടെ ഗ്രന്ഥത്തിൽ പറയുന്നുണ്ട്. പുതിയ നിയമത്തിലേക്ക് വരുമ്പോൾ അവിടെ ആകെ ഒരു ബലിയെ നാം കാണുന്നുള്ളൂ. യേശു ക്രിസ്തുവിന്റെ ക്രൂശിലെ ബലി. പഴയനിയമത്തിൽ നരബലി സാധാരണയില്ലെങ്കിലും ഇസഹാക്കിനെ ബലിയർപ്പിക്കാൻ ആവശ്യപ്പെടുന്ന ഒരു ദൈവത്തെ നാം കണ്ടുമുട്ടുന്നുണ്ട്. പക്ഷേ ആ ബലി നടന്നില്ല എന്ന് നമുക്കറിയാം. എന്നാൽ പുതിയ നിയമത്തിലെ ഏകബലി നരബലിയായിരുന്നു; യേശുക്രിസ്തുവിന്റെ ബലി. ഇവിടെ ബലിവസ്തുവും, ബലിയർപ്പകനും ഒന്നു തന്നെ; യേശുക്രിസ്തു. ഇനിയും ബലിയുടെ ലക്ഷ്യമെന്തായിരുന്നു? അർപ്പകവസ്തുവിന്റെ ജീവത്യാഗത്തിലൂടെ ദൈവവുമായുള്ള രമ്യപ്പെടലും, ദൈവപ്രീതിയുമായിരുന്നു ബലിയുടെ ലക്ഷ്യം. പക്ഷിമൃഗാദികളുടെ ജീവത്യാഗവും അവയുടെ മാംസം ബലിപീഠത്തിൽ എരിയുമ്പോഴുണ്ടാകുന്ന അതിതീവ്രമായ ഘ്രാണം ശ്വസിച്ച് യഹോവയുടെ നാസാതന്ത്രികളുടെ ജീർണാവസ്ഥയും കാരണം ഇപ്രകാരമുള്ള ബലികൾക്ക് അന്ത്യം കുറിക്കണമെന്ന് യഹോവ തീരുമാനിച്ചിരുന്നു. ആയതിനാൽ തന്റെ ഏക പുത്രൻ പിതാവിനോടും മനുഷ്യരോടും സൃഷ്ടി ജാലങ്ങളോടുമുള്ള സ്നേഹം നിമിത്തം എല്ലാത്തരം ബലികളും ഒന്നിച്ചു കൂട്ടി ദൈവത്തെ പ്രീതിപ്പെടുത്തുന്ന ഒരു ബലിയാക്കി തീർത്തു. അതായിരുന്നു കുരിശുമരത്തിലെ തന്റെ ബലി. ഈ ഒറ്റ ബലിയുടെ പരിണത ഫലങ്ങൾ വിശദീകരിച്ച് തരണമെന്ന് ഞാനവനോട് ആവശ്യപ്പെട്ടു. അവൻ തല കുലുക്കി സമ്മതിച്ചു.

BETHANY PUBLICATIONS
www.malankaralibrary.com


# അവന്റെ ബലിയും പരിണത ഫലങ്ങളും

തമ്പുരാന്റെ ആ ഒരൊറ്റ ബലികൊണ്ട് മനുഷ്യനും പക്ഷിമൃഗാദികൾക്കും ഈ പ്രപഞ്ചം മുഴുവനും വന്ന മാറ്റങ്ങൾ അവർണ്ണനീയമാണ്. കൊഴുത്തു തടിച്ച കാളക്കൂറ്റന്മാർ കുതിച്ചുചാടി. ഊനമറ്റ ആട്ടിൻകുട്ടികൾ തുള്ളിച്ചാടി. പ്രാവും ചങ്ങാലികളും ചിറകടിച്ച് പറന്നുയർന്ന് സൃഷ്ടാവിനെ സ്തുതിച്ചു. ഇനിയും മുതൽ തങ്ങളെ ദേവാലയത്തിൽ ബലിയർപ്പിക്കാൻ ആരും ചന്തയിൽ വിൽക്കുകയോ വാങ്ങു കയോ ചെയ്യുകയില്ലല്ലൊ! മനുഷ്യരുടെ പാപപരിഹാരമായി ഇനിയും ബലിപീഠ ത്തിൽ ജീവത്യാഗം ചെയ്യേണ്ടിവരില്ലല്ലോ. അവരെല്ലാവരും ഒന്നിച്ചുകൂടി ഒരു മഹാസമ്മേളനം നടത്തി ആ പുതിയ പ്രവാച കനെ അഭിനന്ദിച്ചു. നന്ദി അർപ്പിച്ചു. നിരന്തര ദഹനബലി പീഠത്തിലെ അഗ്നിയണഞ്ഞു. ഇനിയും ഇതിൽ എരിയാനായി മാംസ പിണ്ഡങ്ങൾ എത്തുകയില്ലല്ലോ. തെരുവു നായ്ക്കൾ അവസാനമായി ദേവാലയത്തിനു ചുറ്റും നടന്ന് ചുടുനിണത്തിന്റെ മണംപിടിച്ച് രസിച്ചു. ഇനിയും അതൊന്ന് നക്കി രുചിക്കാൻ അവിടെ രക്തം ചീറ്റു കയില്ലല്ലോ. അഹറോന്റെ പുത്രന്മാർ ആ ബലിപീഠത്തിന് ചുറ്റും നടന്ന് ഏഴ് പ്രാവശ്യം തളിച്ച രക്തം നുകരാൻ ഈച്ചകളും പ്രാണികളും അവസാനമായി ഒരു പ്രയത്നം കൂടി നടത്തി. ദേവാലയ വിചാരിപ്പുകാരുടെ അവസാനത്തെ അടിച്ചുതളി നടന്നു. വഞ്ചി പൊട്ടിച്ചു കൊണ്ടു വന്ന ചെമ്പു തുട്ടുകൾ കൊണ്ട് ചങ്ങാലിയെ വാങ്ങിക്കേണ്ടല്ലൊ, പാവങ്ങൾക്ക് വേണ്ടി സ്ഥാപിച്ചിരിക്കുന്ന ഭണ്ഡാരത്തിൽ ആ പണം കൂടി നിക്ഷേപിക്കാം. അങ്ങനെ പോയി ആ വിധവയുടെ ആത്മഗതം. എല്ലാറ്റിലുമുപരി അഹറോന്റെ പുത്രന്മാരായ പുരോഹിത ഗണത്തിന്റെ കൂട്ടരാജി. പണി പോയിടത്ത് ഇനിയും നിന്നിട്ട് കാര്യമില്ല. ബലി ഇല്ലാത്തി ടത്ത് ബലി അർപ്പകന്റെ സാഗത്യമില്ല. ഞാൻ മനസ്സിൽ ഉരുവിട്ടു, ‘എല്ലാറ്റിനും കാരണം നിന്റെ ആ ഒരൊറ്റ ബലിയാണ്, ക്രൂശിലെ ബലി!’ അവനൊന്ന് മന്ദഹസിച്ചു.



BETHANY PUBLICATIONS
www.malankaralibrary.com



# ദൈവത്തിന്റെ അസഹിഷ്ണത

പഴയനിയമത്തിൽ ചില ഇടങ്ങളിൽ അസഹിഷ്ണുവായ ദൈവത്തെ നാം കണ്ടുമു ട്ടുന്നുണ്ട്. അതിലൊരു സന്ദർഭം എന്റെ കണ്ണി ലുടക്കി. നിയമാവർത്തനം 5, 9 തിൽ അവിടുന്ന് പറയുന്നു. ഞാൻ അസഹിഷ്ണുവായ ദൈവമാണ്. ഞാൻ കാര്യം തിരക്കി. ഞാൻ ആ ഭാഗം ഒരിക്കൽ ക്കൂടി ഇരുത്തി വായിച്ചു. ഒരു കാര്യം വെളിവായി. മനുഷ്യന്റെ ദൈവത്തോടുള്ള പെരുമാറ്റത്തിൽ ഒരു പ്രത്യേക സാഹചര്യ ത്തിൽ ദൈവം അവനെ തലമുറകളോളം ശിക്ഷിക്കുമെന്നും അതിനു മറിച്ചാണ് അവന്റെ കൃതിയെങ്കിൽ അതിനേക്കാൾ കൂടുതൽ തലമുറകൾ അവനെ അനുഗ്രഹി ക്കുമെന്നും പറയുന്ന ഒരു സന്ദർഭം. അത് മറ്റൊന്നുമല്ല, ദൈവത്തിന്റെ ഒന്നാം കൽപന യോടനുബന്ധിച്ച് പറയുന്നതാണ്. വിഗ്രഹാ രാധനയുടെ കാര്യമാണ്. ആകാശത്തിൻ കീഴിൽ യാതൊന്നിന്റേയും പ്രതിമ ഉണ്ടാക്കു കയോ അതിനെ കുമ്പിട്ടാരാധിക്കുകയോ സേവിക്കുകയോ ചെയ്യരുത്. അങ്ങനെ ചെയ്താൽ നാല് തലമുറകളോളം അതിന്റെ ശിക്ഷ അവൻ അനുഭവിക്കേണ്ടിവരും. എന്നാൽ ദൈവത്തെ സ്നേഹിക്കുകയും അവനെ മാത്രം ആരാധിക്കുകയും ചെയ്താൽ അവന്റെ ആയിരം തലമുറ കളോളം അനുഗ്രഹിക്കപ്പെട്ടതായിരിക്കും. ഇവിടെയും ദൈവത്തിന്റെ കരുണ അവി ടുത്തെ കോപാഗ്നിയെ ഉലംഘിത്തുന്നു എന്ന് സാരം. ഏക ദൈവത്തെ മറന്ന് അന്യദൈവ ങ്ങളെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന വനോട് അവിടുത്തേയ്ക്ക് ഒരു വിധത്തിലും സഹിഷ്ണത കാണിക്കാൻ സാധിക്കുകയില്ല എന്ന് അവിടുന്ന് വ്യക്ത മാക്കുന്നു. ദൈവം ഇത്ര അസഹിഷ്ണത കാണിക്കുന്ന ഈ പ്രതിമ- വിഗ്രഹ കാര്യ ത്തിൽ കൂടുതൽ വിശദീകരണം ആവശ്യ മാണെന്ന് ഞാനവിടുത്തോട് അഭിപ്രായ പ്പെട്ടു. ആയിക്കൊള്ളട്ടെ എന്ന് പറഞ്ഞ്, നാളെ എന്ന് അവൻ ആംഗ്യം കാണിച്ചു. അത് മതിയെന്ന് ഞാനും പറഞ്ഞു.



www.malankaralibrary.com


# വിഗ്രഹവും പ്രതിമയും

വിഗ്രഹവും പ്രതിമയും ഉണ്ടാകരുത് എന്ന് യഹോവ മോശയിലൂടെ കല്പിച്ചപ്പോൾ എന്താണ് അവിടുന്ന് ഉദ്ദേശിച്ചത് ഞാൻ സംശയം പ്രകടിപ്പിച്ചു. ലോക പ്രശസ്തരായ ശില്പികളുടെ ശില്പങ്ങൾ ഇതിൽ ഉൾപ്പെടുമോ മൈക്കളാഞ്ചലോയുടെ മോസസും, പിയത്തായും ലിയോനാർഡോ ഡാവിഞ്ചിയുടെ മനോഹര ശില്പങ്ങളും ഇതിലുൾപ്പെടുമോ? അവിടുന്ന് പറഞ്ഞു. ഇല്ല ഒരിക്കലുമില്ല. എന്തിനാണ് നീ എഴുതാപ്പുറം വായിക്കുന്നത് പ്രതിമകൾ ഉണ്ടാക്കരുത് എന്ന് ഞാൻ പറഞ്ഞതിന്റെ പശ്ചാത്തലം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്, നിനക്കായി ഒരു വിഗ്രഹവും ഉണ്ടാക്കരുത്, ഒന്നിന്റേയും പ്രതിമ ഉണ്ടാക്കരുത്. ഞാൻ കൂടാതെ അന്യ ദൈവങ്ങൾ നിങ്ങൾക്ക് ഉണ്ടായിരിക്കുകയും അവയുടെ പ്രതിമകൾ ഉണ്ടാക്കി ആരാധിക്കുകയും ചെയ്യുന്നതിനെയാണ് ഞാൻ വെറുക്കുന്നത്. അതിനെതിരെയാണ് ഞാൻ കൽപ്പന നൽകിയത്. മോശ മലയിറങ്ങി വരാൻ താമസിച്ചതിൽ ക്ഷുഭിതരായ ജനം സ്വർണ്ണാഭരണങ്ങൾ ഉരുക്കി കാളക്കുട്ടിയെ ഉണ്ടാക്കി, അവരുടെ ദേവനായി അവരോധിച്ച്, അതിനു മുമ്പിൽ മുട്ടുമടക്കിയപ്പോൾ അത് വിഗ്രഹാരാധനയായി. ഇതിനെയാണ് ഞാൻ മുടക്കിയത്. അപ്പോൾ ഞാൻ ചോദിച്ചു. എന്റെ അപ്പന്റെ ഒരു ച്ഛായാചിത്രം വരപ്പിച്ചു വീട്ടിൽ സൂക്ഷിക്കുന്നതും, കർത്താവിന്റേയും അവിടുത്തെ അമ്മയുടെയും വിശുദ്ധരുടെയും ഒരു പൂർണ്ണകായ രൂപമുണ്ടാക്കി വീട്ടിലോ പള്ളിയിലോ വയ്ക്കുന്നതും ഓർമ്മയ്ക്കായി അതിനു മുൻപിൽ ഒരു തിരി കത്തിക്കുന്നതും വിഗ്രഹാരാധനയാകുമോ? ഇല്ല. ഒരിക്കലുമില്ല. നീ അവയെ ആരാധിക്കുന്നില്ലല്ലോ. ഓർമ്മക്ക് വേണ്ടിയുള്ള ഒരു ശില്പമായി മാത്രമല്ലേ ഉപയോഗിക്കുന്നുള്ളൂ. അത് വിഗ്രഹാരാധനയല്ലെന്ന് അവൻ എനിക്ക് ഉറപ്പു തന്നു!



BETHANY PUBLICATIONS
www.malankaralibrary.com


# സ്വർണ്ണ വിഗ്രഹം

മോശയുടെയും മോശയുടെ ദൈവത്തിന്റെയും അഭാവത്തിൽ തങ്ങൾക്കൊരു ദൈവത്തെ കൊടുക്കണമെന്ന് ഇസ്രായേൽ അഹറോനോട് ആവശ്യപ്പെട്ടു. അത് ന്യായവും യുക്തവുമായ ഒരു ഡിമാൻഡ് ആയിരുന്നു. അഹറോൻ പറഞ്ഞു. നിങ്ങളുടെ സ്വർണാഭരണങ്ങൾ എല്ലാം കൊണ്ടുവരുവിൻ. അവർ ആ ത്യാഗം ചെയ്തു. സ്വർണ്ണം പോയാലും ഒരു ദൈവത്തെ കിട്ടുമല്ലോ, അവർ ആശ്വസിച്ചു. ഇപ്പോൾ പന്ത് അഹറോന്റെ കോർട്ടിലാണ്. അഹറോൻ തീരുമാനിക്കണം. ആരുടെ പ്രതിമ ഉണ്ടാക്കണമെന്ന്. അന്യദൈവങ്ങളുടെ പ്രതിബിംബമായിരുന്ന കാളക്കുട്ടിയുടെയോ, യഹോവയുടെ പ്രതിച്ഛായയിലുള്ള ഒരു ബിംബത്തെയോ? അഹറോൻ കാളക്കുട്ടിയെ ഉണ്ടാക്കാൻ തീരുമാനിച്ചു. അദ്ദേഹത്തെ കുറ്റം പറയാൻ സാധിക്കുകയില്ല. കാരണം ഇസ്രായേലിന്റെ ദൈവമായ യഹോവയെ അഹറോൻ കണ്ടിട്ടില്ലല്ലോ. പിന്നെ എങ്ങനെ രൂപം ഉണ്ടാക്കും? മനുഷ്യന് ദൈവത്തിന്റെ ച്ഛായയാണുള്ളതെന്ന് തോറ വായിച്ചിട്ടുള്ള അഹറോന് ചെറിയ ഒരു ഗ്രാഹ്യമുണ്ടായിരുന്നു. എന്നാലും താനായിട്ട് ആ വലിയ ദൈവത്തെ വെറും മനുഷ്യനെ പോലെയാക്കാൻ, അവനെ പോലെ താഴ്ത്താൻ മനസ്സ് വന്നില്ല. പിന്നെ അന്യദൈവങ്ങളിൽ കണ്ടു പരിചയമുണ്ടായിരുന്ന ഒന്നാണ് കാളയും കാളക്കുട്ടിയും. ജനത്തിന്റെ രോഷം തണുപ്പിക്കാൻ വേണ്ടി ധടുതിയിൽ ഒരു തീരുമാനമെടുക്കുകയായിരുന്നു. കാളക്കുട്ടിയെ തന്നെ ഉണ്ടാക്കിക്കളയാം. അവർ വിഗ്രഹം ഉണ്ടാക്കി, അതിനെ പീഠത്തിൽ സ്ഥാപിച്ച്, പൂവിട്ട് പൂജിച്ച് ആരാധിച്ചു. ചുറ്റും നിന്ന് പാട്ടു പാടി, നൃത്തമാടി. അന്യദൈവങ്ങളെ ആരാധിക്കരുത് എന്ന ദൈവത്തിന്റെ കൽപ്പനയുമായി ഇറങ്ങിവന്ന മോശ കണ്ടത് സ്വർണ്ണ കാളകുട്ടിക്ക് ചുറ്റുമുള്ള 'സ്തുതിപ്പ് ശുശ്രൂഷ'യാണ്. മോശ കോപാഗ്നിയിൽ ജ്വലിച്ചു. കൽപ്പനകൾ അടങ്ങിയ കൽപലകകൾ നിലത്തെറിഞ്ഞുടച്ചു. ഈ സീനിൽ ആരെയാണ് കുറ്റം പറയേണ്ടത്? ഇവിടെ ആരാണ് പാപം ചെയ്തത്? ധ്യാനിച്ച് ഉത്തരം കണ്ടുപിടിക്കുക.

www.malankaralibrary.com


# നിത്യജീവനും സ്വർഗീയ നിക്ഷേപവും

ധനികനായ യുവാവിന്റെ കഥയാണ് പശ്ചാത്തലം. നല്ലൊരു മനുഷ്യൻ. അധികമായ ധനത്തിന്റെയും സമ്പത്തിന്റെയും ഉടമ. എങ്കിലും സ്വയ ആത്മരക്ഷയെ കുറിച്ച് ചിന്തയുള്ളവൻ. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് എന്ന യേശുവിന്റെ പ്രസംഗം കേട്ടിട്ടുണ്ടായിരിക്കണം. അദ്ദേഹത്തിന് ഒരു മനക്കടി. യേശുവിന്റെ പക്കൽ കൗൺസിലിംഗിന് വന്നിരിക്കുകയാണ്. ധനികനായ താൻ സ്വർഗ്ഗപ്രാപ്തിക്ക് എന്ത് ചെയ്യണം യേശു വളരെ കൂളായി പറഞ്ഞു. നിയമങ്ങൾ പാലിച്ചു കൊള്ളുക. അത് നടക്കുന്നുണ്ട്. അപ്പോൾ ആ കാര്യത്തിനൊരു തീർപ്പായി. എന്നിട്ടും സംതൃപ്തനാകാതെ നിന്ന ആ മനുഷ്യനോട് യേശു പറഞ്ഞു, സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകണമെങ്കിൽ കുറേ കാര്യങ്ങൾ കൂടി ചെയ്യണം. അതിന് അവന് മനസ്സിലായിരുന്നു. ഇങ്ങനെ രണ്ടു തരക്കാരാണ് ആധ്യാത്മിക തലത്തിൽ. ഒന്ന്, മിനിമം നിയമങ്ങൾ പാലിച്ച് സ്വർഗ്ഗത്തിൽ പോകുന്നവർ. രണ്ട്, സ്വർഗ്ഗത്തിൽ ചെന്നാൽ അവിടെ ഇരുന്നുകൊണ്ട് ജീവിക്കുന്നവർക്ക് നന്മ ചെയ്യുന്നവർ. അവർ ജീവിച്ചിരുന്ന കാലത്ത് തങ്ങൾക്കുണ്ടായിരുന്നതെല്ലാം വിറ്റ് കിട്ടിയത് സ്വർഗ്ഗ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയായിരുന്നു. ത്യാഗത്തിന്റേയും പുണ്യത്തിന്റെയുമായ ആ ബാങ്കിൽ ചെക്ക് എഴുതിക്കൊടുത്ത് ജീവിച്ചിരിക്കുന്നവർക്ക് ദൈവത്തിന്റെ പക്കൽ നിന്ന് അനുഗ്രഹങ്ങൾ വാങ്ങി കൊടുക്കുന്നു. ഇവരെ നമ്മൾ പ്രത്യേകമായി വിശുദ്ധർ എന്ന് വിളിക്കുന്നു. ഇതാണ് സംഭവം. ജീവിച്ചിരിക്കുമ്പോൾ സ്വർഗത്തിൽ നിക്ഷേപം വർധിപ്പിക്കുന്നവർക്ക് മരിച്ചാലും മനുഷ്യനെ സഹായിക്കാൻ സാധിക്കും. അതുകൊണ്ടായിരിക്കും പൗലോസ് ശ്ലീഹാ പറഞ്ഞത്, ജീവിച്ചാലും മരിച്ചാലും ജീവിതം എനിക്ക് നേട്ടമാണ് എന്ന്. ഇടയ്ക്കിടെ സ്വർഗ്ഗത്തിലെ ബാലൻസ് ഷീറ്റ് ഒന്ന് ചെക്ക് ചെയ്യുന്നത് നന്നായിരിക്കും. ബാലൻസ് വല്ലതുമുണ്ടോ? സമ്പാദിക്കാൻ ഇന്നു കൂടി തമ്പുരാൻ നമുക്ക് സമയം തന്നിരിക്കുന്നു.

BETHANY PUBLICATIONS
www.malankaralibrary.com


# ദൈവം മാത്രം നല്ലവൻ

'നല്ലവനായ പ്രഭോ' എന്ന് ഒരിക്കൽ ഒരു യുവാവ് യേശുവിനെ അഭിസംബോധന ചെയ്തു. അർത്ഥം മനസ്സിലാക്കി കൊണ്ടാണോ തന്നെ നല്ലവനെന്ന് വിളിച്ചതെന്ന് യേശുവിന് സംശയമുണ്ടായിരുന്നു. കാരണം അന്നത്തെ കാലത്ത് നാട്ടുനടപ്പനുസരിച്ച് ദൈവത്തെയല്ലാതെ ആരെയും, അത് സമൂഹത്തിൽ എത്ര വലിയ ആൾ ആണെങ്കിലും, നല്ലവൻ എന്ന സംജ്ഞയിൽ അഭിസംബോധന ചെയ്യാറില്ലായിരുന്നു. അതുകൊണ്ട് തന്നെയാണ് യേശു ചോദിക്കുന്നത്, എന്തുകൊണ്ട് എന്നെ നീ നല്ലവനെന്ന് വിളിക്കുന്നതെന്ന്. അവൻ ഉത്തരം കൊടുക്കു ന്നില്ല. ഒരു പക്ഷേ യേശുവിന്റെ പ്രവൃത്തികൾ നേരിൽ കണ്ടിട്ട് ദൈവത്തെ പോലെ അവനു തോന്നിക്കാണും. ആകെ നോക്കുമ്പോൾ ഒരു ദൈവത്തെ തന്നെ അവൻ ക്രിസ്തുവിൽ കണ്ടു കാണും. മനസ്സറിയാതെ അവൻ യേശുവിനെ ദൈവത്തെ വിളിക്കുന്നതു പോലെ വിളിച്ചു പോയി, 'നല്ലവനായ പ്രഭോ', കർത്താവ് നമുക്കൊരു പാഠം തരുന്നുണ്ട്, അഭിസംബോധനകളും ബഹുമാനവും ഏതു ഗ്രേഡിലുള്ളവർക്ക്, ഏതു സംജ്ഞയെന്ന് പ്രോട്ടോകോൾ അനുസരിച്ച് വിളിക്കേണ്ടതല്ല.

ബഹു., പെരി. ബഹു., പരി., ഉന്നത, അത്യുന്നതയൊക്കെ നിർബന്ധിച്ച് വിളിപ്പിക്കേണ്ടതല്ല, നമ്മുടെ പ്രവർത്തികണ്ട് മറ്റുള്ളവർ വിളിക്കേണ്ടതാണ്. പണ്ടൊരു സഭാനേതാവ് തന്റെ പേരിനോടു കൂടി 'പരിശുദ്ധ' ചേർക്കാത്തതിൽ രോഷം കൊണ്ട് ന്യൂസ് പേപ്പർ ആപ്പീസിലേക്ക് വിളിച്ചു ചോദിച്ച കഥ ഓർമയിൽ വരുന്നു. 'എന്താ ഇപ്പോൾ അവിടെ പ.യ്ക്ക് ക്ഷാമമാണോ? സ്നേഹവും ബഹുമാനവും ആർജിച്ചെടുക്കേണ്ടതാണ്, നിർബന്ധിച്ച് സ്വീകരിക്കാനുള്ളതല്ല. ഓർക്കുക, പരിശുദ്ധനും നല്ലവനും അവൻ ഒരുവൻമാത്രം.



# ഒരു കുഞ്ഞിക്കാര്യം

ക്രിസ്തുവിനുമുമ്പ് പുരുഷമേധാവിത്വം നിലനിന്നിരുന്ന കാലത്ത് ഈജിപ്തിൽ ഒരു മനുഷ്യൻ ഗർഭിണിയായ തന്റെ ഭാര്യയ്ക്ക് എഴു തിയ കത്തിൽ പറയുന്നു, 'നീ ജന്മം കൊടുക്കാൻ പോകുന്ന കുഞ്ഞ് ആണാണെങ്കിൽ വളർത്തുക, പെണ്ണാണെങ്കിൽ കൊന്നുകളയുക.' ഈ ചിന്താഗതിയുടെ കാലയളവിലാണ് യേശു പറയുന്നത് ആൺ പെൺ വ്യത്യാസമില്ലാതെ കുഞ്ഞുങ്ങൾ എന്റെ അടുത്തു വരുവാൻ അനുവദിക്കുക. അവരെ പോലെയുള്ളവരുടെതാകുന്നു സ്വർഗ്ഗരാജ്യം. മനുഷ്യർ എത്ര വലിയ കാര്യങ്ങളാണ് ചെയ്തു കൂട്ടുന്നത്. എത്രമാത്രം പണമാണ് സമ്പാദിച്ചു വയ്ക്കുന്നത്. പക്ഷേ ഒരു ചെറിയ കാര്യം മാത്രം നാം പലപ്പോഴും മറന്നുപോകുന്നു, കുഞ്ഞുങ്ങളെ പോലെയാകാൻ. വലിയ ശാസ്ത്രജ്ഞനായി കണ്ടുപിടിത്തങ്ങളുടെ രാജാവായെന്നിരിക്കാം. പക്ഷേ ഒരു കൊച്ചു കുഞ്ഞിനെ പോലെയാകാൻ നമുക്ക് എന്ത് പ്രയാസമാണ്. ഇത്ര പ്രയാസമേറിയ കുഞ്ഞി കാര്യങ്ങൾ എന്തെല്ലാമായിരിക്കണം മുന്നിൽ നിൽക്കുന്നത്. ആരെന്നു നോക്കാതെ ഒരു ചെറുചിരി സമ്മാനിക്കുവാൻ സാധിക്കുന്നത് കുഞ്ഞികാര്യമാണ്. കലവറയില്ലാതെ സ്നേഹിക്കുവാൻ സാധിക്കുന്നത് കുഞ്ഞി കാര്യമാണ്. ഒളിച്ചു വയ്ക്കാതെ വികാരങ്ങൾ പ്രകടിപ്പിക്കുന്നത് കുഞ്ഞിക്കാര്യമാണ്. നിഷ്കളങ്കതയുടെ നിർവചനം പഠിക്കും മുമ്പേ നിഷ്കളങ്കരായിരിക്കുന്നതും കുഞ്ഞിക്കാര്യമാണ്. മനുഷ്യനെ ദൈവാശ്രയബോധം പഠിപ്പിക്കുന്ന കുഞ്ഞിന്റെ പരാശ്രയ മനോഭാവവും കുഞ്ഞിക്കാര്യമാണ്. അതു കൊണ്ടായിരിക്കണം കുഞ്ഞുങ്ങളെ യേശുക്രിസ്തു ഇത്രമാത്രം ഇഷ്ടപ്പെട്ടു പോയത്. കുഞ്ഞുങ്ങളുടെ സ്വഭാവം നമുക്ക് അന്യമായപ്പോൾ സമൂഹം നമുക്ക് നൽകിയി രിക്കുന്നത് അവരെ അകറ്റി നിർത്താനുള്ള 'പോക്സോ' യാണ്. കർത്താവ് ഈ നൂറ്റാണ്ടിൽ ജനിക്കാതിരുന്നത് നന്നായി!



BETHANY PUBLICATIONS
www.malankaralibrary.com


# മുൻഗണന

സ്വർഗ്ഗരാജ്യം ഒരു രാജ്യമാണെങ്കിൽ അവിടെ സ്ഥാനമാനങ്ങൾക്ക് ഒരു പ്രോട്ടോകോൾ ഉണ്ടായിരിക്കുമല്ലോ. അതാണ് ഫരിസേയരുടെ സംശയം. നിങ്ങൾ പറയുന്ന ആ രാജ്യത്തിൽ ഞങ്ങൾക്ക് പ്രവേശനമുണ്ടെങ്കിൽ നൂറ്റാണ്ടുകളായി ദൈവജനമായി അറിയപ്പെടുന്ന ഇസ്രായേൽകാർക്ക് ഈ പുറജാതികളേക്കാൾ മുൻഗണനയോ, പരിഗണനയോ കാണുമോ? കർത്താവ് അതിനുത്തരമായി ഒരു മുന്തിരിത്തോട്ട ഉടമയുടെയും തൊഴിലാളികളുടെയും ഉപമയാണ് നൽകിയത്. ഒരു ദിവസത്തിന്റെ പല സമയങ്ങളിൽ ജോലിക്ക് നിർത്തിയ ജോലിക്കാർക്ക് മുതലാളി ഒരുപോലെ ശമ്പളം കൊടുത്തപ്പോൾ അവിടെ മുൻഗണന നഷ്ടപ്പെട്ടിരുന്നു. അത് ചോദ്യം ചെയ്യപ്പെട്ടപ്പോൾ തന്റെ സമ്പത്ത് കൊണ്ട് തനിക്ക് ഇഷ്ടമുള്ളത് ചെയ്യും എന്ന് പറഞ്ഞു മുൻഗണന മനോഭാവത്തെ കർത്താവ് തച്ചുടയ്ക്കുന്നു. കുടുംബപാരമ്പര്യവും മഹിമയും പറഞ്ഞ് സ്വർഗ്ഗത്തിൽ പ്രഥമ സ്ഥാനം കരസ്ഥമാക്കാമെന്ന് ആരും കരുതണ്ട. തന്റെ ഇടത്തും വലത്തും ഇരിക്കുവാനുള്ള വരം, അത് ആർക്ക് വേണ്ടി തന്റെ പിതാവ് റിസർവ് ചെയ്തിരിക്കുന്നുവോ അത് അവർക്ക് ലഭിക്കും, അതിന്റെ യോഗ്യത അവിടുന്ന് തന്നെ തീരുമാനിക്കും. ഉടുക്കുന്ന വസ്ത്രത്തിന്റെ വെണ്മയെക്കാൾ മനസ്സിന്റെ വെടിപ്പ് നോക്കിയായിരിക്കും കുഞ്ഞാടിന് ഏറ്റവും അടുത്തു നിൽക്കാനുള്ള വരം ലഭിക്കുക. ഒരു ഗ്ലാസ് വെള്ളത്തിൽ മൂന്നു സ്പൂൺ പഞ്ചസാരയിട്ടാൽ അലിഞ്ഞു കഴിയുമ്പോൾ ആദ്യമിട്ടതേത് മൂന്നാമതിട്ടതേത് എന്ന് തിരിച്ചറിയാൻ സാധിക്കാത്തതുപോലെ മുൻഗണനയ്ക്ക് സാംഗത്യമില്ലാത്ത ഒരു അലിഞ്ഞു ചേരലാണ് ആത്മാക്കളുടെ സ്വർഗ്ഗപ്രവേശനം. അവൻ എന്റെ ചെവിയിൽ മന്ത്രിച്ചു, 'മൃതോ മ അമൃതം ഗമയ...!'



BETHANY PUBLICATIONS
www.malankaralibrary.com


# ദൈവത്തിന്റെ മഹത്വം

സുവിശേഷം സാക്ഷിക്കുന്നതു പോലെ ബഥാനിയായിലെ ബഥനി യേശുവിന് പ്രിയങ്കരമായ ഒരു ഭവനമായിരുന്നു. അവിടുത്തെ മൂന്ന് അംഗങ്ങൾ, ലാസർ മാർത്ത, മേരി ഇവരോട് യേശുവിന് ഒരു പ്രത്യേക സ്നേഹവും താല്പര്യവും ഉണ്ടായിരുന്നു.

ആ പ്രദേശത്ത് കൂടി കടന്നു പോയാൽ ബഥനിയിൽ കയറാതിരിക്കില്ല. ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ആഹാരം കഴിക്കുകയും ചെയ്യുമായിരുന്നു. ബഥനി തന്റെ സ്വന്തം ഭവനം പോലെയായിരുന്നു. അവിടെയുള്ള ആളുകൾ അവിടുത്തെ സ്വന്തം സഹോദരങ്ങളെ പോലെ യും. ഇങ്ങനെയിരിക്കുമ്പോഴാണ് ബഥനിയിലെ ലാസർ അത്യാസന്ന നിലയിലാണെന്ന് യേശു അറിയുന്നത്. വിവരമറിയിക്കാൻ വന്നവരെ പോലും ലജ്ജിപ്പിക്കുന്നപോലെ അവിടുന്ന് കാര്യം നിസ്സാരവത്കരിക്കുകയാണ് ചെയ്തത്. ഈ രോഗം അവന്റെ മരണത്തിന് കാരണമാകുകയില്ല. ദൈവം മഹത്വപ്പെടേണ്ടതിനാണിത് എന്നൊക്കെ പറഞ്ഞപ്പോൾ കേട്ടു നിന്നവർക്ക് ഒന്നും മനസ്സിലായില്ല. രണ്ടു ദിവസത്തേക്ക് ബഥനിയിലേക്ക് പോകുന്നതിനെക്കുറിച്ച് മിണ്ടിയിട്ടുമില്ല. ഇതിനോടകം ലാസറിന്റെ മരണവാർത്തയും വന്നു. ഇപ്പോൾ അവിടുന്ന് പറയുകയാണ്, വരുവിൻ നമുക്ക് ബഥാനിയയിലേക്ക് പോകാം. ഇനിയും ധൃതി പിടിച്ചിട്ട് യാതൊരു കാര്യവുമില്ലെന്ന് ശിഷ്യർ പറഞ്ഞപ്പോൾ അവിടുന്ന് പറയുന്നു, ലാസർ മരിച്ചിട്ടില്ല അവൻ ഉറങ്ങുകയാണെന്ന്. ലാസറിന്റെ മരണവാർത്ത കേട്ട് അവിടുത്തേയ്ക്ക് സമനില തെറ്റി പോയോ എന്ന് പോലും ശിഷ്യർ ഒരു നിമിഷം ചിന്തിച്ചു പോയി. അവൻ പറഞ്ഞു, വിശ്വസിക്കുന്നെങ്കിൽ നിങ്ങൾ ദൈവത്തിന്റെ മഹത്വം കാണും. ഇതായിരുന്നു ഈ സംഭവത്തിന്റെ പിന്നിലെ അവിടുത്തെ ചേതോവികാരമെന്ന് പിന്നെ, ലാസറിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചപ്പോൾ, അവർക്ക് മനസ്സിലായി. ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തേണ്ടതിന് അവിടുന്ന് ലാസറിന്റെ മരണം എടുത്ത് ഉപയോഗിക്കുകയായിരുന്നു. കർത്താവിന് ജീവനും മരണവും വഴി പിതാവായ ദൈവത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കുകയെന്ന ഒറ്റ ലക്ഷ്യമേയുണ്ടായിരുന്നുള്ളൂ. തമ്പുരാന് സ്നേഹമുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് അവിടുന്ന് ഇക്കാര്യത്തിൽ സമയത്ത് ഇടപെട്ടില്ല എന്ന നമ്മുടെയൊക്കെ ചോദ്യത്തിന് ഉത്തരം കൂടിയാണ് ലാസറിന്റെ മരണത്തിലുള്ള യേശുവിന്റെ ഇടപെടൽ.

BETHANY PUBLICATIONS
www.malankaralibrary.com


# ശൂന്യവത്കരണം

ശൂന്യവത്കരണം, പറയാനും കേൾക്കാനും ഇമ്പമുള്ള വാക്ക്. യേശുവിന്റെ ശൂന്യവത്കരണത്തെക്കുറിച്ച് പ്രസംഗിക്കാനും നല്ല വീര്യമാണ്. പക്ഷേ അത് നമ്മുടെ ജീവിതത്തിൽ കുറച്ചെങ്കിലും അന്വർത്ഥമാകുമ്പോഴുള്ള വേദനയും പരാതിയും വളരെയാണ്. കുടുംബത്തിൽ ഒരുപറ്റമാളുകൾ നമുക്ക് ചുറ്റും നിന്ന് പരിചരിക്കുമ്പോൾ എന്ത് സുഖമാണ്; എന്ത് ഗമയാണ്. സുകൃതം ചെയ്തവൻ, ഭാഗ്യമുള്ളവൻ എന്നൊക്കെ പറഞ്ഞ് മറ്റുള്ളവർ നമ്മെ പ്രശംസിക്കും. അധികാരവും സമ്പത്തുമുള്ള കാർന്നോന്മാർക്ക് ആനപ്പുറത്തിരിക്കുന്ന പ്രതീതിയാണ് അപ്പോൾ. പ്രായമായി, രോഗമായി, ഒന്ന് തളർന്നു വീണു കഴിഞ്ഞാൽ ചുറ്റും നിന്നവരൊക്കെ മെല്ലെ സ്ഥലം കാലിയാക്കും. പിന്നെ അവരുടെ നിഴൽ പോലും കാണില്ല. എന്നാൽ നിസ്വാർത്ഥരായി പ്രായമായവരെ സംരക്ഷിക്കുന്നവരെ മറക്കുകയും ചെയ്യുന്നില്ല. ഇതുപോലെ തന്നെ വൈദിക, സന്യസ്തരുടെ കാര്യവും വ്യത്യസ്തമല്ല. അധികാരത്തിലും പ്രതാപത്തിലും ഇരിക്കുമ്പോൾ പരിചാരക വൃന്ദം ചുറ്റും കാണും. തളർന്നു കഴിയുമ്പോൾ പല്ലുകൊഴിഞ്ഞ സിംഹം പോലെയാകും. കൂടെ നിന്ന് സെൽഫി എടുക്കാൻ ഇടിച്ചു നിന്നവർ പോയ വഴിയ്ക്ക് പുല്ലില്ല. ശൂന്യ വത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കോലങ്ങളുടെ മോന്ത കാണുന്നതു തന്നെ അവർക്ക് അരോചകമാണ്. ആയതിനാൽ ഒരുവൻ മാത്രം മാറാത്തവനുണ്ട്, യേശുക്രിസ്തു. അവനിൽ ശരണം വെച്ചു കൊള്ളുക. അവനെ കൂട്ടു പിടിച്ചാൽ ആ കൂട്ട് എന്നും നിലനിൽക്കുന്നതാണ്. നമ്മുടെ ഉള്ളായ്മയിലും ഇല്ലായ്മയിലും അവൻ കൂടെയുണ്ടാകും. അവൻ എല്ലാറ്റിന്റെയും നിറവായതിനാൽ നമ്മിൽനിന്ന് ഒന്നും പ്രതീക്ഷിക്കുന്നില്ല, വിശ്വാസവും ശരണവും സ്നേഹവുമൊഴികെ. അതുകൊണ്ട് ആവുന്ന കാലത്ത് യേശുവിനെ സമ്പാദിച്ചു കൂട്ടി കൊള്ളുക. 'സമ്പത്ത് കാലത്ത് തൈ പത്ത് വച്ചാൽ ആപത്ത് കാലത്ത് കാ പത്ത് തിന്നാം.'



# കൊടുക്കൽ

ദൈവദാസൻ മാർ ഈവാനിയോസ് ഒരിക്കൽ ഒരു യുവ വക്കീലിനെ സന്യാസത്തിലേയ്ക്ക് ക്ഷണിച്ചു. അയാൾ പറഞ്ഞു. 'പിതാവേ, കുറെ കൂടിയൊക്കെ കഴിയട്ടെ, ഇപ്പോൾ ഞാൻ ചെറുപ്പമല്ലേ', പിതാവ് മറുപടി കൊടുത്തു. 'എടൊ, ദൈവത്തിന് കൊടുക്കുന്നെങ്കിൽ തന്റെ യുവത്വം കൊടുക്കണം'. കാലിന് അല്പം സ്വാധീനക്കുറവുണ്ടായിരുന്ന ആ മനുഷ്യൻ ഉടൻതന്നെ ദൈവ മുമ്പാകെ മുട്ടുകുത്തി സന്യാസം വരിച്ചു. ആദ്യഫലം ദൈവത്തിന് എന്ന് കേട്ടിട്ടുണ്ടല്ലോ. ബലി അർപ്പിക്കാൻ ബലി വസ്തു തിരഞ്ഞെടുത്തുമ്പോൾ ഉള്ളതിൽ നല്ലത് വേണം തിരഞ്ഞെടുക്കാൻ എന്ന് നമുക്കറിയാം. ഹാബേലിന്റെയും കായേന്റെയും ബലി അർപ്പണത്തെക്കുറിച്ചും നമുക്കറിയാം. എല്ലാം സൂചിപ്പിക്കുന്നത്, നല്ലപങ്ക് ദൈവത്തിനു വേണ്ടി മാറ്റി വയ്ക്കണമെന്നാണ്. ആദ്യം കായ്ക്കുന്ന തെങ്ങിലെ ആദ്യ തേങ്ങയും. കന്നി പ്രസവിച്ച പശുവിന്റെ ആദ്യത്തെ ഒരു കുപ്പി പാലും പള്ളിയിൽ നേർച്ചയായി കൊടുക്കുന്നതിന്റെ പൊരുളും മറ്റൊന്നല്ല. ദൈവത്തിനെന്തിന് തേങ്ങായും പാലും എന്ന് നാമാരും ചോദിക്കാറില്ല. നമുക്ക് ഏറ്റവും ഇഷ്ടപ്പെട്ടതിനെ ത്യജിച്ച് മറ്റുള്ളവർക്ക് കൊടുക്കുമ്പോഴാണ് അത് നമ്മെ സ്പർശിക്കുന്നത്. സ്വയത്തെ സ്പർശിച്ചു കൊടുത്താലെ പുണ്യമുള്ളൂ. അതിലെ ദൈവം പ്രസാദിപ്പിക്കുകയുള്ളൂ. വിധവയുടെ ചില്ലിക്കാശിന് മൂല്യമായത് അങ്ങനെയാണ്. കൊടുക്കുക, കൊടുക്കുമ്പോൾ മുഴുവനും കൊടുക്കുക. കൊടുക്കുമ്പോൾ നല്ലതും നല്ല പങ്കും കൊടുക്കുക. എനിക്കായി മാറ്റിവെച്ചിരിക്കുന്നത് കൊടുക്കുക. കൊടുത്താലേ കിട്ടുകയുള്ളൂ. ആവശ്യത്തിന് കൊടുക്കുക. തീരുംവരെ കൊടുക്കുക. പ്രതിഫലമായി ദൈവത്തിൽ നിന്ന് ആവശ്യത്തിന് സ്വീകരിക്കുക. ഇതൊക്കെയാണ് കൊടുക്കലിന്റെ ദൈവശാസ്ത്രം. 'കൊടുത്താൽ കൊല്ലത്തും കിട്ടും' എന്നല്ലേ പഴഞ്ചൊല്ല്!

BETHANY PUBLICATIONS
www.malankaralibrary.com



# ആത്മീയ മുടിചീക്

സ്വന്തം നിഴൽ നോക്കി മുടി ചീകിയിട്ടുണ്ടോ ശ്രമിച്ചാൽ അതും സാധിക്കും. അതെ ങ്ങനെ എന്നല്ലേ പിറകിൽ നിന്ന് വരുന്ന വെളിച്ചത്തിൽ മുന്നിലുള്ള ഭിത്തിയിൽ നമ്മുടെ നിഴൽ വീഴുന്നു. തലഭാഗത്തെ നിഴൽ നോക്കിയാൽ മുടിയുടെ ഏറ്റക്കുറച്ചിലനുസരിച്ച് നിഴലിൽ, നിഴലിന്റെ ഔട്ടർ സ്കെച്ചിൽ, ആരോഹണാവരോഹണങ്ങൾ കാണാം. കുണ്ടും കുഴിയും ചീകി നേരെയാക്കുക. വടിവുകൾ വേണ്ടിടത്ത് അത് നൽകുക. ഇപ്പോൾ മുടിചീക് അതിന്റെ ഔട്ടർ ലൈനിൽ ഏതാണ്ട് പൂർത്തിയായിരി ക്കണം. ഔട്ടർലൈൻ ശരിയായി കഴിഞ്ഞാൽ അകഭാഗം അതിനാലെ ശരിയായി കൊള്ളും. ചീപ്പ് കൊണ്ട് ചെറിയൊരു പ്രയോഗം നടത്തിയാൽ അതും ശരിയാകും. ഈ ചെറിയൊരു പ്രക്രിയയിൽ നമ്മുടെ ആദ്ധ്യാത്മിക ജീവിതവും പ്രതിബിംബിക്കുന്നുവെന്ന് ചിന്തിച്ചാൽ നമുക്ക് മനസ്സിലാകും. കർത്താവും ഉപമകളിലൂടെയാണല്ലോ ജനത്തെ പഠിപ്പിച്ചത്. ഈ ആത്മീയ മുടി ചീകിൽ പിറകിൽ നിന്നുള്ള പ്രകാശം ആത്മാവിന്റെ പ്രകാശമാണ്. ആ പ്രകാശത്തിൽ പ്രതിബിംബിച്ച് മുന്നിലുള്ള ജീവിത ഭിത്തിയിൽ നമ്മുടെ ആത്മീയ നിഴൽ വീഴുന്നു. ആ നിഴലിന്റെ ഔട്ടർ സ്കെച്ചിൽ നോക്കിയാൽ അവിടെ ആത്മീയ ജീവിതത്തിന്റെ ഏറ്റക്കുറ ച്ചിലനുസരിച്ചുള്ള കുണ്ടും കുഴിയും നമുക്ക് കാണാം. അനുതാപത്തിന്റെ ഒരു മെറ്റനോയ 'ചീപ്പ് കൊണ്ട് ചീകി, ഒരു നല്ല കുമ്പസാരം നടത്തി, ജീവിതം അകവും പുറവും ആകെയൊന്ന് ചീകി മിനുക്കിയാൽ ആത്മീയ ജീവിതത്തിന്റെ അഴക് വർദ്ധിക്കും. കറുപ്പിന് ഏഴഴകാണെങ്കിലും കറുപ്പിനിടയിലുള്ള വെള്ളികെട്ടുകൾക്ക്, പാപ ജീവിതത്തിലെ മാനസാന്തരത്തിനും പുണ്യങ്ങൾക്കും ഏഴെഴുപതഴകാണ്. ശ്രദ്ധിച്ചു നോക്കുക!



www.malankaralibrary.com


# ഫരിസേയിസം

ക്രിസ്തീയത്വവും ഫരിസേയിസവും എതിർപദങ്ങളാണ്. നിയമത്തിന്റെയും പാരമ്പര്യ ങ്ങളുടേയും കാവൽഭടന്മാരായിരുന്നു ഫരീസയർ. കഴുത്ത് പോയാലും നിയമം നടപ്പാക്കണമെന്ന് ശഠിച്ചിരുന്ന തീവ്ര യഹൂദരായിരുന്നു അവർ. ഇവരുടെ ഒരു സംഘം തന്നെ യഹൂദരുടെ ഇടയിലുണ്ടായിരുന്നു. നിയമലംഘനങ്ങളുടെ ശിക്ഷയും അവസാനവാക്കും ഫരീസയരുടെതായിരുന്നു. ഈ പദവിയിലേക്ക് ഇവർ സ്വയം അവരോധിക്കുയായിരുന്നു പതിവ്. ഇപ്രകാരമുള്ള ഈ സംഘത്തിന്റെ ചിന്താഗതിയേയും പ്രസ്ഥാനത്തേയുമാണ് ഫരിസേയിസം എന്ന് പറയുന്നത്. മനുഷ്യനിലെ മനുഷ്യത്വത്തെ മാനിക്കുകയോ പരിഗണിക്കുകയോ ചെയ്യുക അവരുടെ കാര്യമല്ലായിരുന്നു. മനുഷ്യൻ നഷ്ടപ്പെട്ടാലും, ലോകം നശിച്ചാലും അതൊന്നും ഫരീസയർക്ക് വിഷയമല്ലായിരുന്നു. നിയമവും പാരമ്പര്യവുമായിരുന്നു അവരുടെ ദൈവം. ഇതൊക്കെ അണുവിട തെറ്റാതെ പാലിച്ചാൽ ദൈവം പ്രസാദിക്കും അല്ലാഞ്ഞാൽ ദൈവകോപം ഫലം എന്നവർ തെറ്റിദ്ധരിച്ചിരുന്നു. ഇവരുടെയിലാണ് കർത്താവ് മനുഷ്യന്റെ മനുഷ്യത്വത്തെ മഹത്വീകരിക്കുന്ന ചിന്തകളും ഉപദേശങ്ങളുമായി വരുന്നത്. നിയമം മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ നിയമത്തിനു വേണ്ടിയല്ല തുടങ്ങിയ പ്രബോധനങ്ങൾ ഫരീസയത്തിന്റെ അടിത്തറയിളക്കുന്നതായിരുന്നു. ലാസറിനെ ഉയിർപ്പിച്ച് മനുഷ്യന് ജീവൻ നൽകിയതാണ് ഫരീസയരെ അവസാനമായി ഏറ്റവു മധികം പ്രകോപിപ്പിച്ചത്. അത് യേശുവിന്റെ വധത്തിൽ ചെന്നവസാനിക്കുകയും ചെയ്തു. നിയമത്തിന്റെയും പാരമ്പര്യത്തിന്റെയും ചെങ്കോലും കിരീടവുമായി വാഴുന്ന ക്രിസ്തീയ ഫരീസയരായ അച്ചായന്മാരും സഭാനേതാക്കളും ഇന്ന് നമ്മുടെയിടയിലുമുണ്ട്. അവരെ നോക്കി യേശു തമ്പുരാൻ മൂക്കത്ത് വിരൽ വെച്ച് നില്പാവും!



BETHANY PUBLICATIONS
www.malankaralibrary.com


# പിൻവാങ്ങൽ

അവസാനം ആ മനുഷ്യനെ (യേശുവിനെ) ഇല്ലാതാക്കാൻ തന്നെ അവർ തീരുമാനിച്ചു. അവനെ എവിടെ കണ്ടാലും വിവരമറിയിക്കാൻ പ്രധാനാചാര്യൻ, കയ്യഫാസ് ജനങ്ങൾക്ക് ഓർഡർ നൽകിയിരുന്നു. ഈ വിവരം യേശുവിന്റെ ചെവിയിലുമെത്തി. അപ്പോൾ ജെറുസലേമിലായിരുന്ന യേശുവും ശിഷ്യരും അവിടംവിട്ട്, അടുത്ത ഒരു കൊച്ചുഗ്രാമമായ എഫ്രേമിലേക്ക് യാത്രയായി. ശത്രുപക്ഷം ശക്തിയാർജ്ജിക്കുന്നത് കണ്ട് ഒളിച്ചോടിയതല്ല എന്ന് അവിടുത്തെ പിന്നീടുള്ള നീക്കങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. എഫ്രേം ജെറുസലേമിൽ നിന്ന് ഏതാണ്ട് 20 മൈൽ വടക്കുമാറി മരുഭൂമിയോട് അടുത്ത ഒരു ചെറുഗ്രാമമായി രുന്നു. യേശു ജറുസലേമിന്റെ ബഹളത്തിൽ നിന്നും പിൻവാങ്ങി കുറച്ചു നാളത്തേക്ക് എഫ്രേമിൽ പോയി പാർത്തത് സ്വസ്ഥതയ്ക്കും സമാധാനത്തിനും വേണ്ടിയായിരുന്നു. യേശുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾക്ക് തൊട്ടു മുമ്പ് അവിടുന്ന് ഒരു പിൻവാങ്ങൽ നടത്തിയിരുന്നു. മലയിലേയ്ക്കോ മണലാരണ്യത്തിലേയ്ക്കോ ആയിരുന്നു ആ യാത്ര. ഇവിടെ ശത്രുക്കളുമായി കൊമ്പു കോർക്കാൻ നിൽക്കാതെ തന്റെ ജീവിതാന്ത്യത്തിലെ സഹനങ്ങൾക്കും ദാരുണ മരണത്തിനും മാനസികമായി ഒരുങ്ങുന്നതിനു വേണ്ടിയായിരുന്നു അവിടുന്ന് എഫ്രേമിൽ പോയി പാർത്തത്. നമുക്കും ജീവിതത്തിൽ ഇടയ്ക്കിടെ ഒരു എഫ്രേം യാത്ര ആവശ്യമാണ്. വീട്ടിലെയും നാട്ടിലെയും സമൂഹത്തിലേയും പ്രശ്നങ്ങളിലും വിവാദങ്ങളിലും അനാവശ്യമായി ഇടപെട്ട് പ്രശ്നം ഗുരുതരമാക്കുന്നതിനു പകരം പ്രാർത്ഥനാപൂർവ്വമായ ഒരു പിൻവാങ്ങലായിരിക്കും അഭികാമ്യം. എന്നാൽ തമ്പുരാൻ ആവശ്യപ്പെടുന്നിടത്ത് ഇടപെടുകയും ചെയ്യണം, കർത്താവ് പിന്നെ ചെയ്തതുപോലെ. കാണുന്ന പോസ്റ്റിനെല്ലാം കമന്റ് ഇടുന്നവരും, വരുന്ന വണ്ടിയ്ക്കെല്ലാം കൈ കാണിക്കുന്നവരും ഒരു പോലെയാണ്. വേണ്ടേ നമുക്കും ഒരു എഫ്രേം യാത്ര?



www.malankaralibrary.com



# ദൈവരാജ്യം ഉദ്ഘാടന മഹാമഹം

യേശുക്രിസ്തു തന്റെ രാജ്യം, ദൈവ രാജ്യം, സ്ഥാപിച്ചെങ്കിലും അതിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തിയിട്ടില്ല. അത് അവിടുത്തെ രണ്ടാമത്തെ വരവോടുകൂടി മാത്രമേ കാണുകയുള്ളൂ. രാജ്യം സ്ഥാപിച്ചിട്ട് ചെങ്കോലും കിരീടവുമായി പ്രജകളെ ഭരിക്കുന്നതിനുപകരം, ഭരണം ഒരു 'അഡ്ഹോക്ക്' കമ്മിറ്റി (സഭ) യെ ഏൽപ്പി ച്ചിട്ട് അദ്ദേഹം ഒരു വിദൂരയാത്രയ്ക്ക് പോയിരി ക്കുകയാണ്. തിരിച്ചെത്തുമ്പോൾ വിശ്വസ്തരായ തന്റെ പ്രജകളെയും. വിശ്വസ്തമായും തന്റെ അഭീഷ്ടമനുസരിച്ചും തന്റെ രാജ്യത്തെ ഭരിച്ച വരെയും കൂട്ടി ആഘോഷമായ ഒരു ഉദ്ഘാടനം നടത്താനാണ് പ്ലാൻ. അന്നത്തെ ദിവസം ഒരു വലിയ ദിവസമായിരിക്കും. അന്നുവരെ വിശ്വ സ്തതയോടെ അവിടുത്തെ അനുഗമിച്ചവരെയും നാനാതരത്തിലുള്ള വൈതരണികളെയും മറികടന്ന്, പലതരം പ്രലോഭനങ്ങളിൽ അകപ്പെടാതെ, കഷ്ടനഷ്ട ങ്ങളെ ത്യാഗപൂർവ്വം സഹിച്ച് ഈ മഹാമഹത്തിനുവേണ്ടി നോക്കി പാർത്തിരുന്നവരെയും കൂട്ടിച്ചേർത്ത് ആ മഹാ സംഭവം നടക്കും. ദൈവരാജ്യത്തിന്റെ ഔദ്യോ ഗിക ഉദ്ഘാടനം. തിരിച്ചു വന്ന രാജാവ് (ക്രിസ്തു) സിംഹാസനത്തിൽ ആരുഢനാകും. പ്രജകൾ ഓരോരുത്തരെയും, ഭരണസമിതിയിലെ അംഗങ്ങളെയും അരികിൽ വിളിച്ച് ജീവിതത്തിലെ കണക്ക് നിരത്താൻ പറയും. പുണ്യങ്ങൾ സമ്പാദിച്ചു കൂട്ടി സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപമുണ്ടാക്കിയ ധനവാന്മാർക്ക് തക്ക സമ്മാനം നൽകും. പുതിയ രാജ്യത്തിലെ മന്ത്രിമാരായും ചീഫ് സെക്രട്ടറിമാരായും അവരെ നിയമിക്കും. കർത്താവിന്റെ രാജ്യം ഒരു ഭോഷ്ക് രാജ്യ മെന്നോ ഒരു 'ഉട്ടോപ്യൻ ഐഡിയ' എന്നോ വാദിച്ച് പാപഭാരത്തിന്റെ ബാലൻസുമായി നിൽക്കുന്നവർക്ക് ശിക്ഷയായി നിത്യവിധിയും ഉണ്ടായിരിക്കും. ദൈവരാജ്യ ഉദ്ഘാടന മഹാ മഹത്തിനുള്ള നോട്ടീസിനു വേണ്ടി നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം.



BETHANY PUBLICATIONS
www.malankaralibrary.com


# കുപ്പി പൊട്ടിച്ച് ആദരവ്

കുപ്പി എന്ന് കേൾക്കുമ്പോൾ മദ്യകുപ്പി എന്ന് ആരും തെറ്റിദ്ധരിക്കരുത്. പണ്ട് യഹൂദരുടെയിടയിൽ ഉണ്ടായിരുന്ന ഒരാചാരമാണ് പരാമർശം. വീടുകളിലേക്ക് അതിഥികളെ സ്വീകരിക്കുമ്പോൾ കാൽ കഴുകാൻ വെള്ളം കൊടുക്കുക, സുഗന്ധ തൈലങ്ങൾ ശരീരത്ത് പൂശുക ഇതൊക്കെ ആചാരമായിരുന്നു. സുഗന്ധദ്രവ്യങ്ങളുടെ ക്വാളിറ്റി ഓരോരുത്തരുടെയും സാമ്പത്തിക സ്ഥിതി അനുസരിച്ചിരിക്കും. നാർദീൻ ആയി രുന്നു അന്ന് അറിയപ്പെട്ടിരുന്നവയിൽ ബെസ്റ്റ് ക്വാളിറ്റിയും വിലപിടിപ്പുള്ളതും. ഇത് ഒരുപക്ഷേ വി.ഐ.പി.കൾക്ക് മാത്രം നീക്കിവെച്ചിരുന്നവയാകും. അതുപോലെ സുഗന്ധം കുപ്പിയിൽ നിന്ന് പകരുന്നതിനും ഒരു പ്രത്യേകതയുണ്ടായി രുന്നു സാധാരണ അതിഥികൾക്ക് കുപ്പിയുടെ അടപ്പ് തുറന്ന് ദ്രവ്യം എടുത്തിട്ട് ബാക്കി അടച്ചു വയ്ക്കു മായിരുന്നു. എന്നാൽ വളരെ പ്രധാനപ്പെട്ട, നമ്മുടെ ആദരവ് അത്രയധികം അർഹി ക്കുന്ന ഒരാൾ വരുമ്പോൾ കുപ്പി തുറന്നല്ല സുഗന്ധദ്രവമെടുക്കുന്നത് പിന്നെയോ, കുപ്പി യുടെ കഴുത്ത് ഭാഗം തന്നെ പൊട്ടിച്ചെടു ക്കുകയായിരുന്നു പതിവ്. കുപ്പി പൊട്ടിച്ചു കഴിഞ്ഞാൽ അതിലുണ്ടായിരുന്നത് മുഴുവൻ ഉപയോഗിക്കണമല്ലോ. ഇവിടെ നാം കാണു ന്നത് ബാക്കി വയ്ക്കാത്ത സ്നേഹവും ആദരവുമാണ്, ...... ബഥാനിയായിൽ ബഥനി യിലെ മറിയം കർത്താവിനെ പൂശിയത് നർദീൻ തൈലമായിരുന്നു. അവൾ കുപ്പി യുടെ വക്കുപൊട്ടിച്ച് അതിലുണ്ടായിരുന്നത് മുഴുവനും കർത്താവിന്റെ ശിരസ്സിലും കാൽപ്പാദങ്ങളിലും ഒഴിച്ചുവെന്നും, വീട് മുഴുവൻ നർദീന്റെ പരിമള വാസന പരന്നു വെന്നും നാം വായിക്കുന്നു. മറിയം പണക്കാരിയായിട്ടല്ല, ഉള്ളതിൽ നിന്ന് മിച്ചം പിടിച്ച് ഉള്ളതിലേയ്ക്കും മെച്ചമായ തൈലം വാങ്ങിയത് കർത്താവിനോടുള്ള അവളുടെ അത്യാദരവ് മുഖാന്തരമാണ്. ഇതിൽ കൂടു തൽ ആദരിക്കാൻ അവൾക്കിനി ആരുമില്ലാ യിരുന്നു. ഇന്ന് കർത്താവി നോടുള്ള നമ്മുടെ ആദരവും സ്നേഹവും ഏതുവിധമെന്ന് ഒരു നിമിഷം ഞാൻ ആലോചിച്ചു പോയി!

www.malankaralibrary.com


# സക്കേവൂസിന്റെ കുമ്പസാരം

സക്കേവൂസ് സംഭവത്തിലൂടെ തന്റെ ശിഷ്യന്മാർ എങ്ങനെ കുമ്പസാരിക്കണമെന്ന് പഠിപ്പിക്കുകയായിരുന്നു യേശു തമ്പുരാൻ. ഒരു നല്ല കുമ്പസാരത്തിന് ഉത്തമ ഉദാഹരണ മായിരുന്നു സക്കേവൂസിന്റെ കുമ്പസാരം. കർത്താവ് സ്ഥാപിച്ച വിശുദ്ധ കുമ്പസാര മെന്ന കൂദാശയിലെ എല്ലാ ഘടകങ്ങളും സക്കേവൂസിന്റെ കുമ്പസാരത്തിൽ അടങ്ങി യിരിക്കുന്നു. സക്കേവൂസ് എല്ലാ ചുങ്കക്കാ രേയും പോലെ ഒരു പണക്കൊതിയനായി രുന്നു അനീതിയായി ചുങ്കം പിരിച്ചത് വഴി അവനൊരു കുബേരനായതിനാൽ തന്നെ സാധാരണ ജനങ്ങൾക്ക് അനഭിമതനുമാ യിരുന്നു. ഹീബ്രുവിൽ സക്കായി എന്ന് വിളി ക്കപ്പെട്ടിരുന്ന അയാൾ ഒരു യഹൂദനായി രുന്നു. ആയതിനാൽ തന്നെ ഒരു ദൈവ ബോധമുള്ളവനും. ചുങ്കക്കാർ പൊതുവേ ദുഷ്ടരും പാപികളുമാണെന്ന ഒരു ധാരണയുണ്ടായിരുന്നു. അവർക്കും തങ്ങൾ പാപികളാണെന്ന ഒരു ചിന്തയുണ്ടായിരുന്നു. ദൈവത്തിനു മാത്രം അവകാശമുള്ള പാപമോചനം പോലും നല്കുന്ന ഈ പ്രവാചകനെ ഒന്നഭിമുഖീകരിക്കണമെന്നും സാധിക്കുമെങ്കിൽ തനിക്ക് പാപമോചനം പ്രാപിക്കണമെന്നും സക്കായി അതിയായി ആഗ്രഹിച്ചിരുന്നു. രണ്ടാമത്, ഏറ്റുപറച്ചിൽ. സക്കായി പറഞ്ഞു, ഞാൻ അന്യായമായി മറ്റുള്ളവരിൽ നിന്ന് അപഹരിച്ചിട്ടുണ്ട്. മൂന്ന്, പ്രായശ്ചിത്തം. ഇവിടെ കുമ്പസാരക്കാരൻ തന്നെയാണ് പ്രായശ്ചിത്തം തീരുമാനിക്കു ന്നത്; എടുത്തതിന് നാലിരട്ടിയായി തിരിച്ചു കൊടുത്തുകൊള്ളാം. നാലാമത്, പാപ മോചനം. കുമ്പസാര പിതാവ് (യേശു) പാപ മോചനം നൽകി, ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു. ഓടിച്ചിട്ട്, കൃത്യ നിർവഹണ ത്തിനു വേണ്ടി ആണ്ട് കുമ്പസാര ചടങ്ങ് നിർവ്വഹിക്കുന്ന നമ്മൾ ഇടയ്ക്കിടെ കുമ്പസാരത്തിൽ ഒരു സക്കേവൂസ് മോഡൽ സ്വീകരിച്ചിരുന്നെങ്കിൽ എന്ന് ഞാനാശിച്ചു പോയി.



BETHANY PUBLICATIONS www.malankaralibrary.com


# സ്ഥാനങ്ങൾ

കർത്താവിന്റെ ശിഷ്യരിൽ രണ്ടുപേർ, സെബദിയുടെ പുത്രന്മാരായ യാക്കോബും യോഹന്നാനും തങ്ങളുടെ അമ്മയുടെ റെക്കമണ്ടേഷനോടു കൂടി സ്ഥാനമാന ങ്ങൾക്ക് വേണ്ടി ഗുരുവിനെ സമീപിച്ച കഥ സുവിദിതമാണ്. കർത്താവ് രാജാവായി വാഴിക്കപ്പെടുമ്പോൾ തൊട്ടടുത്തുള്ള രണ്ട് സ്ഥാനങ്ങൾ, ഇടത്തും വലത്തുമുള്ള കസേരകൾ അവർക്ക് വേണ്ടി റിസർവ് ചെയ്യണം. അവിടുന്ന് പറഞ്ഞു, റിസർവ് ചെയ്യാം പക്ഷേ കസേരകളിൽ ഇടുന്ന കുഷ്യൻ മുള്ളാണികൾ കൊണ്ടുണ്ടാക്കിയ തായിരിക്കും. ഇരിക്കാൻ തയ്യാറാണോ 'ഓ, റെഡി' അവർ സമ്മതിച്ചു, ചിലപ്പോൾ നമ്മളും സമ്മതിക്കാറുള്ളതുപോലെ. പാവങ്ങൾക്ക് മനസ്സിലായില്ല ഗുരു പറഞ്ഞ തിന്റെ പൊരുൾ. അവിടുന്ന് സഹിക്കാൻ പോകുന്ന പീഡകളേയും വേദനകളെയും കുറിച്ചാണ് അവിടുന്ന് പറഞ്ഞത്. താൻ കുടി ക്കാൻ പോകുന്ന പാനപാത്രവും മുങ്ങുവാനി രിക്കുന്ന മാമോദീസയും, അതാണ് സൂചിപ്പിച്ചത്. കാര്യഗൗരവം മനസ്സിലാക്കാ തെയാണ് അവർ ഉത്തരം പറഞ്ഞത് എന്ന് അവിടുത്തേയ്ക്ക് അറിയാമായിരുന്നു. അവിടുന്ന് പറഞ്ഞു. എന്റെ രാജ്യത്തിൽ സ്ഥാനമാനങ്ങൾ നിശ്ചയിക്കുന്നത് ഞാനല്ല പ്രസിഡന്റ് (പിതാവായ ദൈവം) തന്നെ നേരിട്ടാണ്. താൻ കുടിക്കുന്ന പാനപാത്രം കുടിക്കാമെന്നും മുങ്ങുന്ന മാമോദീസ മുങ്ങാമെന്നും ആണയിട്ടു പറഞ്ഞ പത്രോസ് തുടങ്ങിയ പാർട്ടികൾ കർത്താവിന്റെ പീഡാനുഭവ തുടക്കത്തിൽ തന്നെ വാലും ചുരുട്ടി ഓടുന്ന കാഴ്ചയാണ് പിന്നെ നമ്മൾ കാണുന്നത്. നിന്നോടു കൂടി സഹിക്കാൻ ഞങ്ങളും ഒരുക്കമാണ് എന്ന് ദുഃഖ വെള്ളി യാഴ്ച നിരത്തിൽ മുട്ടുകുത്തി നാലാൾ കേൾക്കെ നിലവിളിക്കുന്ന നമ്മൾ, ഒരു ചെറിയ പനി വരുമ്പോൾ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലേയ്ക്ക് ഓടുന്ന ഓട്ടം കണ്ടാൽ സെബദീപുത്രന്മാർ പോലും നാണിച്ചു പോകും! സഹനം ഇന്നും നമുക്ക് പ്രസംഗിക്കാൻ കൊള്ളാവുന്ന വിഷയമായി, ആശയതലത്തിൽ നില്ക്കുന്നതേയുള്ളൂ. സഹനങ്ങളുടെ മുമ്പിൽ നമ്മളും പത്തി മടക്കി മാളത്തിൽ കയറുകയല്ലേ പതിവ്!

# ഇല കൊഴുപ്പുള്ള അത്തി

കർത്താവ് ഒരിക്കൽ ഒരു അത്തി വൃക്ഷത്തെ ശപിച്ച സംഭവം ഓർമയിൽ വരുന്നു. പാവം അത്തി. ചെയ്യാത്ത കുറ്റത്തിന് ശിക്ഷ ഏറ്റു വാങ്ങിയ രക്തസാക്ഷി. ചെയ്യാത്ത കുറ്റമെന്നു പറഞ്ഞാൽ, തമ്പുരാൻ അത്തിപ്പഴം അന്വേഷിച്ചു ചെന്നപ്പോൾ അതിൽ ഫലമില്ലാതിരുന്നത് ആത്തിയുടേയോ അത്തിയുടെ ഉടമസ്ഥന്റേയോ തെറ്റല്ലായിരുന്നു. അത് അത്തിപ്പഴത്തിന്റെ കാല മായിരുന്നില്ല. മാമ്പഴക്കാലമല്ലാത്ത സമയത്ത് മാവിൽ മാങ്ങ അന്വേഷിച്ച് ചെല്ലുന്നതു പോലെയായിരുന്നു അത്. ഞാന വിടുത്തോട് നയത്തിൽ പറഞ്ഞു, എന്തായാലും അതിത്തിരി കഷ്ടമായിപ്പോയി, അവിടുന്ന് നീതിബോധമില്ലാതെ സ്വാർത്ഥനായി വർത്തിച്ചു എന്ന് മനുഷ്യർ പറയുകയില്ലേ? അവിടുന്നരുളി, അന്ന് ഞങ്ങൾ ബഥാനിയായിൽ നിന്ന് രാവിലെ ഒന്നും കഴിക്കാതെയാണ് നടപ്പ് തുടങ്ങിയത്. നല്ല വിശപ്പുണ്ടായിരുന്നു. ഇല കൊഴുത്ത് തളിർത്തു നിൽക്കുന്ന അത്തിയിൽ സീസൺ കഴിഞ്ഞെങ്കിലും കാലാപെറുക്കുന്നതു പോലെ, എല്ലാവരും ഉപേക്ഷിച്ച എന്തെങ്കിലും ചെറിയ പഴങ്ങൾ ഉണ്ടാകുമെന്ന് കരുതി. കൊഴുത്തു തളിർത്ത ഇലകൾ കൊണ്ട് മൂടി നില്ക്കുന്ന ആ വൃക്ഷം ആവശ്യക്കാരുടെ മുന്നിൽ കൈമലർത്തിയപ്പോൾ ദേഷ്യം വന്നു. ശപിച്ചു. അത് ഉണങ്ങി പോയി. നീ ഇതിൽ നിന്ന് എന്താണ് ഞങ്ങൾക്ക് ഒരു പാഠം നൽകുന്നത്? മനുഷ്യന്റെ ആവശ്യത്തിൽ അവനെ സഹായി ക്കുക, നമ്മുടെ സമയവും കാലവും സൗകര്യവും നോക്കിയായിരിക്കരുത്. നമ്മുടെ ജീവിതം തളിർത്ത് കൊഴുത്തു നിൽക്കുമ്പോൾ വിശക്കുന്നവൻ ചാരേയുണ്ടെന്ന് ഓർമ്മവേണം. പിന്നെ എന്റെ ചുറ്റും നിന്നിരുന്ന ഫരീസയരും സദുക്കായരും നിയമവും ആചാരങ്ങളും വിറ്റ് കാശാക്കി തടിച്ചു കൊഴുത്ത് നിൽക്കുകയല്ലേ! അവർക്ക് ഒരു 'കൊട്ട്' ആയിക്കൊള്ളട്ടെ എന്നും കരുതി. ഞാൻ പറഞ്ഞു, ആപാരം നിന്റെ ബുദ്ധി! നമിക്കുന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# യൂദാസിന്റെ അപ്പക്കഷണം

ഞാൻ ഒരിക്കൽ അവനോട് ചോദിച്ചു, അങ്ങ് അന്ത്യത്താഴ സമയത്ത് അപ്പമെടുത്ത് മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തു. അത് അവിടുത്തെ ശരീരമാണെന്ന് പറയുകയും ചെയ്തു. എന്റെ ചോദ്യം ഇതാണ്. ഒരേ അപ്പം എങ്ങനെ ഒരു യൂദാസിനെയും ഒരു യോഹന്നാനെയും സൃഷ്ടിച്ചു അവൻ പറഞ്ഞു, ന്യായമായ ചോദ്യം, പക്ഷേ നീ തെറ്റിദ്ധരിച്ചിരിക്കുന്നു. യൂദാസും മറ്റ് ശിഷ്യന്മാരും കഴിച്ചത് എന്റെ ശരീരമായ അപ്പമാണെന്ന് ആരു പറഞ്ഞു അത് നിങ്ങളുടെ തെറ്റിദ്ധാരണ. സംഭവം ഇങ്ങനെയാണ്, പെസഹാ തിരുനാളിന്റെ ക്രമമനുസരിച്ചുള്ള ആദ്യ റൗണ്ട് വീഞ്ഞ് പകർന്നു കഴിഞ്ഞ് ഞാൻ പൊതുവിൽ പറഞ്ഞു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കുമെന്ന്. അതാരായിരിക്കുമെന്ന് അറിയാൻ എല്ലാവർക്കും വെപ്രാളം. ഞാനല്ലല്ലോ എന്ന് യൂദാസ് ഉൾപ്പെടെ ഓരോരുത്തരും പറയാൻ തുടങ്ങി. ഞാൻ പ്രതികരിച്ചില്ല. എന്റെ ഇടത്തും വലത്തുമിരുന്ന പത്രോസും യോഹന്നാനും എന്തോ ആംഗ്യം കാണിക്കുന്നത് ഞാൻ കണ്ടു. പത്രോസിന്റെ നിർദ്ദേശമനുസരിച്ച് യോഹന്നാൻ നിഷ്കളങ്കനായി എന്നോട് രഹസ്യമായി ചോദിച്ചു, "അതാരാണ്"? ഞാൻ പറഞ്ഞു, പേര് പറയത്തില്ല, ഒരടയാളം തരാം. വിരുന്നിൽ അടുത്തിരിക്കുന്ന സഹഅതിഥികളിൽ ഒരാൾക്ക് അപ്പം മുറിച്ചു കൊടുക്കുന്ന ഒരാചാരം ഉണ്ടായിരുന്നു. കർത്താവ് പറഞ്ഞു, ഞാൻ അപ്പം കൊടുക്കുന്നവനെ നോക്കി കൊള്ളുക. അവിടുന്ന് ഒരു അപ്പമെടുത്ത് മുറിച്ച് താലത്തിൽ ഇരുന്ന പൊതു മസാലക്കൂട്ടിൽ മുക്കി യോഹന്നാനും അപ്പുറമിരിക്കുന്ന യൂദാസിന് എത്തി വലിഞ്ഞ് കൊടുത്തു. യോഹന്നാ നാന് ആളെ പിടികിട്ടി. അല്പം കഴിഞ്ഞാണെങ്കിലും പത്രോസിനോട് മാത്രമെങ്കിലും സംഗതി യോഹന്നാൻ പറഞ്ഞു കാണും. തുടർന്ന്, യൂദാസ് നന്നാവാനുള്ള അവസരങ്ങളെല്ലാം നഷ്ടപ്പെടുത്തി വിരുന്നിനിടയിൽ മുറിവിട്ട് ഇറങ്ങിപ്പോയി. അതിനുശേഷമാണ് ഞാൻ ഒരു വലിയ അപ്പമെടുത്ത് വാഴ്ത്തി, എന്റെ ശരീരമാക്കിയത്. എന്നിട്ട് ചെറിയ പീസുകളാക്കി, ശിഷ്യന്മാർക്ക് കൊടുത്തു. വീഞ്ഞും അതു പോലെ. കഴിച്ചത് യേശുവിന്റെ തിരുശരീരവും തിരുരക്തവും! നന്ദി, ഞാൻ കൈ കൂപ്പി പറഞ്ഞു.

www.malankaralibrary.com


# കുഴലുകൾ

ജെറുസലേം ദേവാലയത്തിലെ ഭണ്ഡാര പെട്ടികളാണ് 'കുഴലുകൾ'. കാരണം ഭണ്ഡാര കവാടം തുറന്ന വലിയ കുഴലുകൾ പോലെയായിരുന്നു സ്ഥാപിക്കപ്പെട്ടിരുന്നത്. കാണ്ടാമൃഗത്തിന്റെ വായ് കണക്കെ തുറന്നിരിക്കുന്ന കുഴലുകളുടെ മറ്റേ അഗ്രം എവിടെയാണെന്ന് പോലും അറിയാൻ പാടില്ലാത്ത രീതിയിലാണ് സ്ഥാപിക്കപ്പെടുന്നത്. കുഴലുകളുടെ ആകൃതിയും പ്രകൃതിയും കണ്ടാലറിയാം അതിൽ വീഴുന്ന നേർച്ചയുടെ ആധിക്യവും സഞ്ചികളുടെ വലുപ്പവും. വൻ തോക്കുകളുടെ വമ്പിച്ച നേർച്ച നിക്ഷേപമായിരുന്നു കുഴലുകളിൽ പ്രതീക്ഷിച്ചിരുന്നത്. അതിൽ ഒന്നോ രണ്ടോ കൊച്ചു കാശ് (രണ്ടോ നാലോ പൈസ) ഇട്ടാൽ അതൊരു നേർച്ചയായി പോലും കണക്കാക്കുകയില്ലായിരുന്നു. കുഴലി ലെ കൊച്ചു കാശ് 'വലിയ പള്ളിയിൽ ഈച്ച കയറിയതുപോലെ'യോ അല്ലെങ്കിൽ 'ആന വായിൽ അമ്പഴങ്ങ പോലെ'യോ ആയിരിക്കും. ആയതിനാൽ തന്നെ ചെറുകിട നേർച്ചക്കാർക്ക് കുഴലുകളുടെ അടുത്തു വരാൻ തന്നെ നാണമായിരുന്നു. ഇവിടെയാണ് യാതൊരു ഉളുപ്പുമില്ലാതെ ഒരു കൂനി വിധവ ഒരു കൊച്ചു കാശ് നേർച്ചയിട്ട് കർത്താവിന്റെ കയ്യടി വാങ്ങിയത്. അനുമോദന യോഗത്തിൽ ആ അസാധാരണ നിക്ഷേപകയെ കൂട്ടി നിർത്തി ഒരു സെൽഫി എടുക്കാൻ ശിഷ്യർ മറന്നില്ല. കർത്താവിന്റെ കണ്ണ് വിധവയുടെ കൊച്ചു കാശിൽ ഉടക്കിയപ്പോൾ, ഇന്ന് നമ്മുടെയൊക്കെ കണ്ണ് 'ഗാന്ധി തലക'ളിലാണ് ഉടക്കാറ്. പണം എണ്ണുമ്പോൾ ഗാന്ധിത്തലകൾ കൂടുതലുണ്ടെങ്കിൽ മദ്യം ചെക്ക്പോസ്റ്റുകൾ വിജയകരമായി കടത്തിക്കൊണ്ടുവന്ന മദ്യരാജാവ് അച്ചായൻ പള്ളിയിൽ വന്നിട്ടുണ്ടായിരുന്നു എന്നർത്ഥം. പക്ഷേ കർത്താവ് പ്രഖ്യാപിച്ചു. അച്ചായനേക്കാൾ കൂടുതൽ നേർച്ചയിട്ടത് ഒരു കൊച്ചു കാശിട്ട വിധവയാണെന്ന്. പിന്നെ അച്ചായൻ എങ്ങനെ കർത്താവുമായി ചങ്ങാത്തം കൂടും? നോക്കണേ അവന്റെ ഓരോ മനോഗതികൾ!



BETHANY PUBLICATIONS
www.malankaralibrary.com


# ആത്മാവിന്റെ ഊണ്

വിശുദ്ധ കുർബാനാനുഭവത്തെ ആത്മാവിന്റെ ഊണ് എന്നാണ് ദൈവദാസൻ മാർ ഈവാനിയോസ് വിശേഷിപ്പിച്ചത്. ഊണ് ഒരു തീറ്റയും കുടിയുമാണല്ലോ. നമ്മുടെ ആത്മാവിന്റെ പോഷണത്തിന് വേണ്ടി കർത്താവ് തന്ന ഭക്ഷണപാനീയങ്ങൾ അവിടുത്തെ സ്വന്തം ശരീരവും രക്തവുമാണ്. ഇതെങ്ങനെ സാധ്യമാണെന്ന് ഒരിക്കൽ ഞാനവനോട് ചോദിച്ചു. അവൻ എന്നോട് ഒരു മറുചോദ്യം. മക്കൾ മാതാപിതാക്കളുടെ മാംസത്തിൽ നിന്നുള്ള മാംസവും രക്തത്തിൽ നിന്നുള്ള രക്തവുമാണെന്ന് പറഞ്ഞാൽ മക്കൾ മാതാപിതാക്കളുടെ മാംസരക്തങ്ങൾ ഭുജിച്ചുണ്ടാകുന്നതാണെന്ന് അർത്ഥമുണ്ടോ ഞാൻ ഒരപ്പമെടുത്ത് ഇത് എന്റെ ശരീരമാണെന്ന് വാക്ക് പറഞ്ഞാൽ പറഞ്ഞതാ. അതങ്ങനെ ആവുകയും ചെയ്യും. എന്റെ വാക്കാണല്ലോ ഈ പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചത്. അവിടുന്ന് പിന്നീട് പറഞ്ഞു, എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. ഞാൻ അവനിലും അവൻ എന്നിലും വസിക്കും. ഇങ്ങനെ ഞാനും അവനുമായുള്ള സഹവാസം സാധ്യമാകുന്നത് ഈ ഭക്ഷണ പാനീയങ്ങളിലൂടെയാണ്. ഈ പ്രതി ഭാസം സാധ്യമാക്കുന്നതിന് ഒരു മതസ്ഥാപകനും സാധ്യമല്ല. അത് ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ. അവിടുത്തെ ശരീരരക്തങ്ങൾ ആഹരിക്കാത്തവനിൽ ജീവനില്ല എന്ന് പറയു കയും, പറഞ്ഞ കാര്യം ഓർത്തിരുന്ന് തന്റെ മരണത്തിന്റെ തലേന്ന് അത് യാഥാർത്ഥ്യമാക്കുകയും ചെയ്തു. അവിടുത്തെ വാക്കിൽ വിശ്വസിച്ചവർ രക്ഷ കണ്ടു. വിശ്വസിക്കാതെ ലൗകീകമായി മാത്രം കാര്യങ്ങളെ നോക്കികണ്ടവനിൽ ജീവൻ ഇല്ലാതായി. ഞങ്ങൾക്ക് ആത്മീയമായി ജീവിക്കാനും രക്ഷ പ്രാപിക്കാനും വി.കുർബ്ബാനയെ സ്ഥാപിച്ചു തന്നവനെ ഞാൻ കൈകൂപ്പി വണങ്ങി ആരാധിച്ചു. ഈ വിശ്വാസം ക്രൈസ്തവർ എല്ലാവർക്കും ലഭിക്കുവാനായി ഞാൻ അവിടുത്തോടു തന്നെ പ്രാർത്ഥിച്ചു.



# വീഞ്ഞ് കൈമാറൽ

കർത്താവേ, അവിടുന്ന് ശിഷ്യരോടൊത്ത് കഴിച്ച അന്ത്യത്താഴം ആ വർഷത്തെ പെസഹാ ഭക്ഷണമായിരുന്നല്ലോ. നിങ്ങൾ പാരമ്പര്യമനു സരിച്ച് തന്നെയാണ് പെസഹാ ഒരുക്കിയതെന്നും കേട്ടിട്ടുണ്ട്. ഒരുക്കങ്ങളും ചടങ്ങും ഒന്ന് വിവരിക്കാമോ അവിടുന്ന് പറഞ്ഞു. ചില ചരിത്രകാരന്മാർ എന്റെ അംഗീകാരത്തോടെ അവയൊക്കെ വിശദീകരിച്ചിട്ടുണ്ട്, വായിച്ചുനോക്കുക. ഞാൻ നോക്കി, അത് ഏതാണ്ട് ഇപ്രകാരമൊക്കെയാണ്. വിരുന്നിന് കൂടുന്ന ആളിനനുസരിച്ച് ഇരിപ്പിടങ്ങൾ തയ്യാറാക്കണം. കഴിവതും പരസ്പരം കാണത്തക്കതുപോലെയായിരിക്കണം ഇരിക്കേണ്ടത്. കുടുംബനാഥന് അല്ലെങ്കിൽ പ്രധാനിക്ക് മുഖ്യസ്ഥാനം ഒരുക്കണം. കർത്താവും ശിഷ്യരും ഒരു 'റ' പോലുള്ള മേശയാണ് ഒരുക്കിയത്. അവശ്യംവേണ്ട 'മെനു' താഴെപ്പറയുന്നവയാണ്: നാല് തവണ വിളമ്പത്തക്കതുപോലെ വീഞ്ഞ്, പുളിപ്പില്ലാത്ത അപ്പം, പച്ചിലക്കൂട്ട് (ഇന്നത്തെ വെജിറ്റബിൾ സാലഡ്), പൊരിച്ച ആട്. അനുഷ്ഠാന വിധിയനുസരിച്ച് വീഞ്ഞ് നാല് പ്രാവശ്യം വിളമ്പണം. വീഞ്ഞ് കൈമാറൽ എന്നൊരു ചടങ്ങുണ്ട്. അതെന്താണെന്ന് ഞാനാലോചിച്ചു. ഒരുപക്ഷേ, മേശയുടെ നടുവിലിരിക്കുന്ന പ്രധാനിയുടെ പക്കലായിരിക്കും വീഞ്ഞ് ഭരണിയും കാസയും (കോപ്പ) വച്ചിരിക്കുന്നത്. പ്രധാനി തന്നെയാവും ഓരോ കോപ്പയിലും വീഞ്ഞ് പകർന്നു കൊടുക്കുന്നത്. അത് അദ്ദേഹം എഴുന്നേറ്റ് ഓരോരുത്തരുടെയും അടുത്തു കൊണ്ടു കൊടുക്കുന്നതിനു പകരം അടുത്തിരിക്കുന്നയാളിന്റെ കയ്യിൽ കൊടുക്കുന്നു. അയാൾ അത് അടുത്തയാളിന് കൈ മാറുന്നു. അങ്ങനെ അവസാനത്തെ ആൾ വരെയെത്തി, അയാൾക്ക് ആദ്യം കിട്ടുന്നു. നോക്കണേ, അവസാനം ഇരിക്കുന്നവനെ ആദരിക്കുന്ന ഒരു ട്രിക്ക്. ഞാൻ ചിന്തിച്ചു, കർത്താവ് നമ്മെ ഒരു പാഠം പഠിപ്പിക്കുന്നുണ്ട്. 'കൈമാറൽ' വഴി അവസാനത്തവന് ആദ്യം കിട്ടണം. അങ്ങനെ അവനെ കൂടുതൽ ബഹുമാനിക്കണം!



BETHANY PUBLICATIONS
www.malankaralibrary.com



# കൂട്ടിച്ചേർക്കൽ

കർത്താവിന്റെ പെസഹാ ഭക്ഷണവുമായി ബന്ധപ്പെട്ട് ഞാനൊരു സംശയം കൂടി അവന്റെ മുൻപിൽ വെച്ചു. അവിടുത്തെ അന്ത്യപെസഹായ്ക്ക് അംഗീകരിക്കപ്പെട്ട ആചാരക്രമത്തിൽ ഉൾപ്പെടാത്ത ചില കാര്യങ്ങൾ അവിടുന്ന് കൂട്ടിച്ചേർത്തിട്ടുണ്ടെന്ന് തോന്നുന്നല്ലോ. 'ഏതൊക്കെയാണ്' അവിടുന്ന് തിരക്കി. ഞാൻ പറഞ്ഞു. ഒന്ന്, തലവൻ പന്തിയിലിരിക്കുന്നവരുടെ കാൽ കഴുകുന്ന ഇടപാട് മറ്റെങ്ങും കണ്ടിട്ടില്ല. 'ശരിയാണ് അത് എന്റെ കൂട്ടിച്ചേർക്കലാണ്. ഊട്ടു മേശയിൽ പോലും സ്ഥാനമാനങ്ങൾക്ക് വേണ്ടി കശപിശ കൂട്ടുന്നതു കണ്ടപ്പോൾ എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ താഴ്മയും വിനയവും പ്രസംഗിച്ചിട്ട് അവർക്കൊന്നും മനസ്സിലായില്ല. അതിനാൽ അതൊക്കെ കാണിച്ചു കൊടുക്കാമെന്നു കരുതി ആ അവസരം ഉപയോഗിച്ചുവെന്നു മാത്രം. അപ്പോൾ ഞങ്ങളും അവിടുത്തെ ഊട്ട് മേശയുടെ ഓർമ്മ കഴിക്കുമ്പോൾ ഞങ്ങളുടെ റൂബ്രിക്സിൽ അത് എഴുതി ചേർക്കണോ? എന്റെ ന്യായമായ ചോദ്യം. അവിടുന്ന് പറഞ്ഞു, നിങ്ങൾ ഓരോ പ്രാവശ്യവും കാൽ കഴുകിയില്ലെങ്കിലും അതിനടുത്ത ഒരു മനസ്ഥിതി ഉണ്ടായിരിക്കണം വിശുദ്ധ ബലി അർപ്പിക്കാൻ വരുമ്പോൾ. രണ്ട്, സംഘത്തിൽ നിന്നും യൂദാസ് ഇറങ്ങി പോയപ്പോൾ അവിടുന്ന് വലിയ ഒരപ്പം എടുത്ത് വാഴ്ത്തി മുറിച്ച് ശ്ലീഹന്മാർക്ക് ഭാഗിച്ചു കൊടുത്തല്ലൊ, നീയൊട്ട് അത് കഴിച്ചതുമില്ല. ഇതും ആചാരവിരുദ്ധമായിരുന്നില്ലെ? അവിടുന്ന് പറഞ്ഞു, 'അപ്പം വാഴ്ത്തി മുറിച്ചപ്പോൾ ഞാൻ പറഞ്ഞ കാര്യം നീ ശ്രദ്ധിച്ചോ? 'ഇത് എന്റെ ശരീരമാകുന്നു.' വീണ്ടെടുത്ത് ഞാൻ പറഞ്ഞു. 'ഇത് എന്റെ രക്തമാകുന്നു.' അങ്ങനെ ആ കൂട്ടിച്ചേർക്കലിലൂടെ ഞാൻ എന്നും നിങ്ങളുടെ കൂടെയിരിക്കും എന്ന വാക്ക് പാലിക്കുകയായിരുന്നു. ഇത് ആവർത്തിക്കുന്നതിന് ശ്ലീഹന്മാർക്ക് അധികാരവും ഞാൻ കൊടുത്തു. അങ്ങനെ ഒരു പുതിയ പെസഹായ്ക്ക് തുടക്കം കുറിച്ചു. ഞാൻ പറഞ്ഞു. 'നന്ദിയുണ്ട്, ഞങ്ങളെ ഒരു പുതിയ ഇസ്രായേലായി ഉയർത്തിയതിനും ഞങ്ങൾക്ക് നിന്റെ നിരന്തര സാന്നിധ്യമായ വിശുദ്ധ കുർബാന സ്ഥാപിച്ചു തന്നതിനും.' ഞാൻ കൈകൂപ്പി പിരിഞ്ഞു.

www.malankaralibrary.com


# യൂദാസിന്റെ രണ്ടാം സ്നേഹം

യൂദാസിന്റെ ഒന്നാം സ്നേഹം ധന മോഹമായിരുന്നു. എല്ലാവരും ധനത്തോട് പ്രതിപത്തി ഉള്ളവരാണെങ്കിലും യൂദാസിന്റെ ധനമോഹം അതിരു കടന്നതായിരുന്നു. വെറും മുപ്പത് വെള്ളി കാശിന് വേണ്ടി ഒരു ആയുഷ്കാലമത്രയും പാദസേവ ചെയ്ത തന്റെ ആത്മീയഗുരുവിനെ ചതിച്ച് കൊല യ്ക്ക് കൊടുക്കത്തക്കവണ്ണം ഹൃദയം കഠിനമാക്കിയ ധനസ്നേഹം. യൂദാസിന്റെ മാനുഷിക ബലഹീനത മനസ്സിലാക്കിയ തമ്പുരാൻ രക്ഷപ്പെടാൻ അവന് പല അവസരങ്ങൾ വച്ച് നീട്ടി. ഗദ്സമേനിലെ ഒറ്റുക്കൊടുക്കൽ മുതൽ മർക്കോസിന്റെ അമ്മയുടെ വീട്ടിൽ വച്ച് നടന്ന അന്ത്യത്താഴം വരെയുള്ള സമയത്ത് പല പ്രാവശ്യം ഇരു ചെവിയറിയാതെ, നാലാളുകളുടെ ഇടയിൽ അവനെ മോശക്കാരനാക്കാതെ അവന്റെ തെറ്റ് അവനെ ബോധ്യപ്പെടുത്താൻ ലോക രക്ഷകൻ ശ്രദ്ധിച്ചു. അവന്റെ അതിയായ ധനമോഹവും, യേശു സ്വയം രക്ഷപ്പെട്ടു കൊള്ളുമെന്ന കുൽസിത ബുദ്ധിയും അവന്റെ രക്ഷയെ തടഞ്ഞു. എന്നാൽ ഇതിലു പരിയായി ഒരു രണ്ടാം സ്നേഹവും അവനു ണ്ടായിരുന്നു. അതായിരുന്നു ഉള്ളിലുണ്ടാ യിരുന്ന ഗുരുഭക്തി അല്ലെങ്കിൽ ദൈവ സ്നേഹം. ഈ സ്നേഹം അവനിലില്ലായി രുന്നുവെങ്കിൽ അവന്റെ പദ്ധതികൾ പാളി പോയപ്പോൾ, കിട്ടിയ പണവും വലിച്ചെ റിഞ്ഞ് നിരാശനായി പോയി ആത്മഹത്യ ചെയ്യുകയില്ലായിരുന്നു. സ്വയം ബോധം വന്ന തെറ്റ് പാപബോധത്തിലേക്കും അനുതാപത്തി ലേക്കും നയിക്കുന്നതിനു പകരം നിരാശയി ലേക്ക് അവനെ വീഴ്ത്തുകയാണ് ചെയ്തത്. യൂദാസിന്റെ കയ്യിൽ പണസഞ്ചി വന്നുഭവിച്ച തോടു കൂടിയാണ് രണ്ട് സ്നേഹങ്ങളുടേയും സ്ഥാനം തെറ്റുന്നതും മാർഗഭ്രംശം സംഭവി ക്കുന്നതും. നമുക്ക് ഈ രണ്ട് സ്നേഹങ്ങളും വേണം, പക്ഷേ സ്ഥാനം തെറ്റരുത് എന്നു മാത്രം. ധനവാന്മാരും പണം കൈകാര്യം ചെയ്യുന്നവരും ജാഗ്രതൈ!



BETHANY PUBLICATIONS
www.malankaralibrary.com



# യേശുവിന്റെ രക്ഷാകവചം

യേശുവിൽ വിശ്വസിച്ച് അവിടുത്തോടൊപ്പം നടന്നിരുന്ന ജനമായിരുന്നു അവിടുത്തെ രക്ഷാകവചം. യേശുവിന് ഒരു സുരക്ഷാസേന ആവശ്യമില്ലായിരുന്നു. അതിൽ സാംഗത്യവുമില്ലായിരുന്നു. ആകപ്പാടെ പത്രോസിന്റെ പക്കൽ സ്വയരക്ഷയ്ക്ക് വേണ്ടി കൊണ്ടുനടന്ന ഒരു വാളാണ് ഉണ്ടായിരുന്നത്. അതും ഗുരുവിന്റെ രക്ഷയ്ക്ക് വേണ്ടി പുറത്ത് എടുക്കരുതെന്ന് താക്കീതും കൊടുത്തിരുന്നു. എന്നാൽ യേശുവിന്റെ ശത്രുക്കൾ വാളിനേക്കാൾ ഭയന്നത് വിശ്വാസവും വിശ്വസ്തതയുമുള്ള ജനത്തെയാണ്. ജനം ക്രിസ്തുവിനോടടുക്കുന്നു എന്ന് കണ്ട് ഫരിസേയരും ആചാര്യന്മാരും ഭയന്നത് അവർക്ക് ജനത്തെ നഷ്ടപ്പെടുമോ എന്നതാണ്. ജനം വിട്ടുപോയാൽ അത് തങ്ങളുടെ അസ്തിത്വത്തിന്റെ അടിത്തറ തോണ്ടുന്നതുപോലെയാണ്. തന്നെയുമല്ല, പുതിയ പഠനങ്ങൾ കൊണ്ടും അത്ഭുത പ്രവർത്തനങ്ങൾ കൊണ്ടും ജനപ്രീതിയാർജ്ജിച്ചുകൊണ്ടിരുന്ന യേശുവിനെ കൈവച്ചാൽ ജനങ്ങളുടെയിടയിൽ അസംതൃപ്തി ഉണ്ടാകുമെന്നും ഒരുപക്ഷേ ആഭ്യന്തര കലഹങ്ങൾക്ക് കാരണമാകുമെന്നും അവർ ഭയന്നിരുന്നു. ആ തക്കം നോക്കി വിദേശികൾ തങ്ങളെ ആക്രമിച്ചു കീഴടക്കി രാജ്യവും ഭരണവുമെല്ലാം നഷ്ടമാവുകയും ചെയ്യുമെന്നും അവർക്ക് ആശങ്കയുണ്ടായിരുന്നു. ഇതൊക്കെ ഒഴിവാക്കാൻ ജനത്തെ യേശുവിൽ നിന്ന് അകറ്റി നിർത്തി അവിടുത്തെ അറസ്റ്റ് ചെയ്യാൻ അവർ പ്ലാനിട്ടു. കർത്താവിന് അന്നുമിന്നും വേണ്ടത് വിശ്വാസവും വിശ്വസ്തതയും വിശുദ്ധിയുമുള്ള ദൈവജനത്തെയാണ്. അവരാണ് അവിടുത്തെ അംഗരക്ഷകർ. എല്ലാ മ്ലേച്ഛതകളും നിറഞ്ഞ ഈ ലോകത്തിൽ അവിടുത്തെ രാജ്യത്തിന്റെ കെട്ടുപണി പൂർത്തിയാക്കാൻ അവിടുത്തെ സെക്യൂരിറ്റി ഫോഴ്സിലേക്ക് ആളെ ആവശ്യമുണ്ട്. ഇപ്പോൾ അപേക്ഷിച്ചാൽ ജോലി കിട്ടിയേക്കാം. അപേക്ഷിക്കുമ്പോൾ മുകളിൽ പറഞ്ഞ യോഗ്യതകളുണ്ടോയെന്ന് പരിശോധിക്കാൻ മറക്കണ്ട. അതില്ലാത്തവർ മെനക്കെടുകയും വേണ്ട. എല്ലാ മംഗങ്ങളും!

BETHANY PUBLICATIONS
www.malankaralibrary.com


# പരോവ്സിയ (1)

Parousia എന്ന ഈ ഗ്രീക്ക് വാക്ക് പരൂസിയ എന്നും ഉച്ചരിക്കാറുണ്ട്. ആഗമനം, സാന്നിധ്യം എന്നൊക്കെയാണ് ഇതിന്റെ അക്ഷരാർത്ഥങ്ങൾ. നാമിന്ന് ഇതിനെ നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിനെ (ആഗമനം) സൂചിപ്പിക്കാനായി ഉപയോഗിക്കുന്നു. പരൂസിയ സുനിശ്ചിതമാണെന്ന് കർത്താവ് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഇത് ഇന്നത്തെ ലോക വ്യവസ്ഥയുടെ അന്ത്യവും പുതിയ ലോകത്തിന്റെ ആരംഭവുമായിരിക്കും. അത് സംഭവിക്കുന്നത് അന്ത്യവിധിയോടായിരിക്കും. അന്ത്യവിധിയുടെ നല്ലൊരു വിവരണം നൽകുന്നത് മത്തായി സുവിശേഷകനാണ് (25:31-46). ഇത് എന്നാണ്, എപ്പോഴാണ് സംഭവിക്കുന്നത് എന്ന ചോദ്യത്തിന് അവിടുന്ന് ഉത്തരം നൽകിയിട്ടില്ല. തനിക്കുപോലും അറിയില്ലെന്ന് അവിടുന്ന് ആണയിട്ട് പറഞ്ഞു. കാരണം അത് നിശ്ചയിക്കുന്നത് തന്റെ കടമയല്ല. തന്റെ ദൗത്യത്തിൽ അത് പെട്ടിട്ടുമില്ല. അതിനുള്ള പൂർണ്ണ അധികാരവും അവകാശവും പിതാവായ ദൈവത്തിനാണ്. എന്നാൽ ചില ദൈവദാസന്മാർ കൃത്യ ഡേറ്റ് ഇടയ്ക്കിടെ നമുക്ക് തരുന്നുണ്ടുതാനും. എന്നാൽ ചില സൂചനകളും ഒരുക്കങ്ങളുമൊക്കെ അവിടുന്ന് തന്നിട്ടുണ്ട്. മണവാളനെ എതിരേൽക്കാൻ ഒരുങ്ങിയിരുന്ന പത്ത് കന്യകമാരുടെ കഥയിൽ ഒരു പരൂസിയ സൂചനയുണ്ട്. മണവാളന്റെ വരവ് എപ്പോൾ വേണമെങ്കിലും ആകാം. കർത്താവിന്റെ പരൂസിയയും എപ്പോൾ വേണമെങ്കിലും സംഭവിക്കാം. രണ്ടാമത്, ഏറ്റവും അടുത്ത ഒരുക്കത്തിന് പ്രസക്തിയില്ല, പ്രയോജനവുമില്ല. ആയതിനാൽ എപ്പോഴും ഒരുങ്ങിയിരിക്കുക എന്നതായിരിക്കണം ഒരുക്കത്തിന്റെ ശൈലി. അപ്പോൾ ഒരുങ്ങാനെ നേരം ഉണ്ടാവുകയുള്ളുല്ലോ, എപ്പോഴാണ് ഒന്ന് ജീവിക്കുക എന്ന് ന്യായമായി ചോദിച്ചേക്കാം. അവൻ ഉത്തരം പറയും, ജീവിക്കുന്നെങ്കിൽ പരൂസിയ പ്രതീക്ഷിച്ച് ജീവിക്കുക. അത് മറന്ന് വെറുതെ അടിച്ചു പൊളിച്ചു ജീവിച്ചിട്ട് അർത്ഥമില്ല. അർത്ഥ മില്ലെന്ന് ഒരു വിശ്വാസിക്കേ തോന്നുകയുള്ളൂ. അല്ലാത്തവർക്ക് എല്ലാം അനർത്ഥം.

# പരോവ്സിയ (2)

പരൂസിയയുടെ വെളിച്ചത്തിൽ പത്ത് കന്യകമാരുടെ ഉപമ ഒന്ന് വിശദീകരിക്കാമോ യെന്ന് ഞാനവനോട് ഒരിക്കൽ ചോദിച്ചു. വളരെ ലാഘവത്തോടെ അവിടുന്ന് പറഞ്ഞു, എന്ത് വിശദീകരിക്കാൻ കർത്താവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങിയിരിക്കുക; അത്ര തന്നെ. പക്ഷേ ഈ ഉപമയിൽ അവരെല്ലാം ഒരുങ്ങിയിരുന്നല്ലോ. പിന്നെ അഞ്ചു പേർക്ക് എന്താണ് പ്രവേശനം നിഷേധിക്കപ്പെട്ടത് അവിടുന്ന് പറഞ്ഞു, എന്നാൽ കേട്ടു കൊള്ളുക. പരൂസിയയുടെ ഒന്നാമത്തെ കാര്യം, ആർക്കും സമയമറിയില്ല എന്നതാണ്. ഈ ഉപമയിൽ വരന്റെ വീട്ടിലെ കല്യാണ വിരുന്നിനുശേഷം മണവാളനെ മണവാട്ടിയുടെ ഭവനത്തിലേക്ക് ആനയിക്കുകയായിരുന്നു ചടങ്ങ്. അത്താഴ വിരുന്നിനു ശേഷം ആരംഭിക്കുന്ന ഘോഷയാത്ര നിരത്തുകളിലെ വേണ്ടപ്പെട്ടവരുടെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി വധു ഭവനം എത്തുമ്പോഴേയ്ക്കും വളരെ വൈകിയിരിക്കും. ചിലപ്പോൾ അത് നേരത്തെയും ആയേക്കാം. ഇവിടെ മണവാളന്റെ ഗൃഹപ്രവേശനം രാത്രിയുടെ വൈകിയ യാമങ്ങളിലായിരുന്നു. കന്യകമാർ (വധുവിന്റെ തോഴിമാർ) പ്രതീക്ഷയറ്റ്, ബോറടിച്ച്, ഉറങ്ങിപ്പോയിരുന്നു. അടുത്ത കാര്യം ഒരുക്കമാണ്. എല്ലാവരും ഒരുങ്ങിയെന്നത് ശരി തന്നെ. എന്നാൽ അഞ്ചുപേരുടെ ഒരുക്കം ദീർഘവീക്ഷണമില്ലാത്തതും സുസ്ഥിരമല്ലാത്തതും ആയിരുന്നു. വേഷവിധാനങ്ങളുടെ ഒരുക്കത്തിൽ എല്ലാവരും മെച്ചമായിരുന്നു. സംഭവം രാത്രിയിൽ നടക്കുന്നതു കൊണ്ട് ഓരോരു ത്തരും അവരവരുടെ വിളക്കുകൾ കരുതുക എന്നത് മറ്റെല്ലാ ഒരുക്കങ്ങളേക്കാൾ പ്രധാനമായിരുന്നു. എല്ലാവരും എണ്ണ നിറച്ച വിളക്കുകൾ കരുതിയിരുന്നെങ്കിലും ദീർഘ വീക്ഷണമില്ലാത്ത അഞ്ചുപേർ എക്സ്ട്രാ എണ്ണ കരുതിയില്ല. ഒരു വിളക്കെണ്ണ കൊണ്ട് രാത്രി മുഴുവൻ വിളക്ക് കത്തുകയില്ലെന്ന് അവർ ഓർത്തില്ല. ഇനിയും വിളക്ക് തൽ ക്കാലം അണച്ചു വച്ചിട്ട് സമയമാകുമ്പോൾ കത്തിക്കാം എന്ന് വച്ചാൽ സമയം അറിയില്ലല്ലോ. പോരാഞ്ഞിട്ട്, സമയത്ത് തീപ്പെട്ടി കാണാതെ വന്നാലോ! ആകെ പ്രശ്നമായി. കർത്താവിന്റെ പരൂസയിൽ ഈ ഗതി നമുക്കാർക്കും ഉണ്ടാകരുത്. നമ്മുടെ ജീവിത വിളക്ക് സ്നേഹത്തിന്റെ എണ്ണകൊണ്ട് നിരന്തരം കത്തി നിൽക്കണം. സ്നേഹത്തിന്റെയും കരുണയുടെയും ഒരു പാട്ട എക്സ്ട്രാ എണ്ണ കൂടി കരുതി വെയ്ക്കാം.

BETHANY PUBLICATIONS www.malankaralibrary.com



# 'കെൻ ഡിബാർട്ട'

ഹീബ്രുവിലെ ഈ പ്രയോഗത്തിന്റെ അക്ഷരാർത്ഥം 'നീ അത് പറഞ്ഞല്ലോ' അല്ലെങ്കിൽ 'നീ പറഞ്ഞതു പോലെയാകട്ടെ' എന്നോ ആകാം. ഒരഭിപ്രായത്തോട് നമ്മൾ യോജിക്കുമ്പോൾ 'അതേ' എന്ന് പറയാറുള്ള ഹീബ്രുവിലുള്ള പദമാണ് 'കെൻ ഡിബാർട്ട' (Kendi Barta). യേശു മൂന്നു പ്രാവശ്യ മെങ്കിലും കെൻ ഡിബാർട്ട ഉപയോഗിച്ചത് നമുക്കറിയാം. യൂദാസ് യേശുവിനോട് ഞാനാണോ നിന്നെ ഒറ്റിക്കൊടുക്കുന്നത് എന്ന് ചോദിച്ചപ്പോൾ അവിടുന്ന് അധികം പേര് കേൾക്കാതെ അവനോടായി പറഞ്ഞു, കെൻ ഡിബാർട്ട. രണ്ടാമത്, കയ്യഫാസ് യേശുവിനോട് നീ മിശിഹാ അല്ലെങ്കിൽ ക്രിസ്തു ആണോ എന്ന ചോദ്യത്തിനും നീ ദൈവപുത്രനാണോ എന്ന ചോദ്യത്തിനും അവിടുന്ന് കൊടുത്ത ഉത്തരവും കെൻ ഡിബാർട്ട ആയിരുന്നു. മൂന്നാമത് യേശുവിന്റെ വിചാരണയുടെയിടയിൽ പീലാത്തോസ് ചോദിച്ചു, നീ യഹൂദരുടെ രാജാവാണോ അവൻ മറുപടി പറഞ്ഞു, കെൻ ഡിബാർട്ട.

ഇത് യേശുവിന്റെ ഒരു ശൈലിയായിരുന്നു. ചോദ്യത്തിന് 'അതെ' എന്ന നേരിട്ടുള്ള ഉത്തരം കൊടുക്കാതെ. നീ കേട്ടതും ഉള്ളു കൊണ്ട് സംശയിക്കുന്നതുമാണ് ശരി എന്ന് പറഞ്ഞ് 'അതെ' ഉത്തരം കൊടുക്കുകയായിരുന്നു. അത് ചോദ്യം ചോദ്യകർത്താവിനെ കൊണ്ടു തന്നെ വിശ്വസിപ്പിക്കുന്നതിനായിരുന്നു. അവിടുന്ന് ന്യായവിധി സംഘത്തോട് പറഞ്ഞു, 'ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല. ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം തരുകയുമില്ല (ലൂക്കാ 22:67-68). കടിച്ച പാമ്പിനെ കൊണ്ട് വിഷമിറക്കുന്ന ഇടപാടാണിത്. നമ്മുടെയൊക്കെ ജീവിത വ്യവഹാരങ്ങളിൽ തർക്കിച്ച് കാര്യങ്ങൾ കൂടുതൽ വഷളാകുന്നതിനു പകരം കർത്താവിനെ പോലെ ഒരു 'കെൻ ഡിബാർട്ട' കൗശലം പ്രയോഗിച്ചു നോക്കുക. മനസ്സമാധാനം ഉണ്ടാകും.



# ആ നോട്ടം

അന്ന് രാത്രി യേശു പടയാളികളാൽ പിടിക്കപ്പെട്ടപ്പോൾ, തന്നെ ഉപേക്ഷിക്കുകയില്ല എന്ന് വീമ്പടിച്ചിരുന്ന ശിഷ്യന്മാർ നാനാ വഴിയിലൂടെയും ഓടി രക്ഷപ്പെട്ടു. പത്രോസും യോഹന്നാനും, യേശുവിന്റെ ഉറ്റ ശിഷ്യന്മാർ, ഓടിയെങ്കിലും തിരികെ വന്ന് യേശുവിനെ പിടിച്ചുകൊണ്ട് പോകുന്ന സംഘത്തിന്റെ പിന്നാലെ കൂടി അവരുടെ നീക്കങ്ങൾ നിരീക്ഷിച്ചു കൊണ്ട്, ശത്രുക്കളുടെ മുമ്പിൽ വെട്ടപ്പെടാതെ മുന്നോട്ടുനീങ്ങി. യേശുവിനെ അവർ ആദ്യം അന്നാസും കയ്യഫാസും താമസിച്ചിരുന്ന കോട്ടയിലെയ്ക്കാണ് കൊണ്ടുപോയത്. എല്ലാവരും കോട്ടവാതിൽ കടന്നു കഴിഞ്ഞപ്പോൾ യോഹന്നാൻ മുന്നോട്ടു വന്ന് വാതിൽ കാവൽക്കാരുടെ മുമ്പിൽ കൂടി സധൈര്യം കോട്ടയ്ക്കകത്തേക്ക് കയറി. കാവൽക്കാർക്ക് യോഹന്നാനെ പരിചയമുണ്ടായിരുന്നു. പോരെങ്കിൽ, യോഹന്നാന് അകത്ത് അല്പം പിടിപാടുമുണ്ടായിരുന്നു. യോഹന്നാൻ തിരിഞ്ഞു നോക്കിയപ്പോൾ പത്രോസ് വാതിൽ കടക്കാതെ പരുങ്ങി നിൽക്കുന്നതേയുള്ളൂ. അദ്ദേഹത്തെ വാതിൽ കാവൽക്കാരി 'ക്വസ്റ്റ്യൻ' ചെയ്യുന്നതായി കണ്ടു. യോഹന്നാൻ തിരികെ ചെന്ന്, ഇത് നമ്മുടെ ആളാണെന്ന് പറഞ്ഞ് പത്രോസിനെ അകത്തു കയറ്റി. അങ്ങനെ ഒന്നാം പ്രാവശ്യത്തെ തള്ളിപ്പറച്ചിൽ കഴിഞ്ഞു. അകത്ത് ഒതുങ്ങി നിന്ന പത്രോസിന്റെ അടുക്കൽ അതേ സ്ത്രീ വീണ്ടും ചെന്ന് ചോദ്യം ചെയ്തു. പത്രോസ് വീണ്ടും യേശുവിനെ നിരാകരിച്ചു. യേശുവിനെ അന്നാസിന്റെ അടുക്കലേയ്ക്കും കയ്യഫാസിന്റെ അരമനയി ലേയ്ക്കും മാറി മാറി കൊണ്ടു പോകുന്നതെല്ലാം വീക്ഷിച്ചുകൊണ്ട് നിന്നപ്പോൾ ഒരാൾ മുന്നിൽപ്പെട്ട് ആക്രോശിച്ചു പറഞ്ഞു. നീ അവന്റെ ആളാണ്, നിന്നെ തോട്ടത്തിൽ വച്ച് ഞാൻ കണ്ടതാണ്. പത്രോസ് തലയ്ക്ക് കൈ വെച്ച് ആണയിട്ടു പറഞ്ഞു. ഞാനവനെ അറിയത്തില്ല. കണ്ടിട്ടു പോലുമില്ല. മൂന്നാമത്തെ തള്ളിപ്പറച്ചിലും കോഴിയുടെ രണ്ടാമത്തെ കൂവലും ഒന്നിച്ചായിരുന്നു. അപ്പോഴാണ് യേശുവിനെ അവർ മുന്നിൽ കൂടി നടത്തിക്കൊണ്ടു പോകുന്നത് പത്രോസ് കണ്ടത്. യേശു തിരിഞ്ഞുനിന്ന് പത്രോസിനെ രൂക്ഷമായി ഒരു നോട്ടം നോക്കി. പത്രോസ് ആ നോട്ടത്തിന്റെ ആഘാതത്തിൽ പിടിച്ചു നിൽക്കാനാകാതെ പുറത്തു പോയി പശ്ചാത്തപിച്ച് പൊട്ടിക്കരഞ്ഞു. ഭാഗ്യത്തിന് മറ്റൊരു യൂദാസായില്ല. പകരം ആദ്യത്തെ മാർപ്പാപ്പയായി. നോക്കണെ യേശുവിന്റെ ഒരു നോട്ടത്തിന്റെ കരുത്ത്!

BETHANY PUBLICATIONS www.malankaralibrary.com


# യൂദാസിന്റെ മുഖംമൂടി

യൂദാസ് എന്ന് കേൾക്കുമ്പോൾ ഒരു ഭീകര രൂപമാണ് നമ്മുടെ മനസ്സിൽ വരിക. ഒറ്റുകാരൻ, വഞ്ചകൻ, പണകൊതിയൻ, നീചൻ ഇങ്ങനെ ഒരു നൂറ് വിശേഷങ്ങളാണ് നാം അവന് ചാർത്തിക്കൊടുക്കാറുള്ളത്. ഇതെല്ലാം ഒരു പരിധി വരെ ശരിയുമാണ്. നമ്മെ സംബന്ധിച്ചിട ത്തോളം കർത്താവിനെ ഒറ്റി കൊടുത്തവൻ വെറുക്കപ്പെട്ടവൻ തന്നെ. പക്ഷേ നാമൊന്നോർക്കണം യൂദാസ് ഗുരുവിനെ മനസ്സാ വെറുത്തവനോ അവിടുത്തെ ആത്മാവിനെ മുറിപ്പെടുത്തിയവനോ ആയിരുന്നില്ല. കാരണം പണത്തോടുള്ള സ്നേഹം മൂലം അവനൊരു മുഖംമൂടി എടുത്ത് ധരിക്കുകയായിരുന്നു. പണത്തിനു വേണ്ടി ശത്രുപക്ഷത്താണെന്ന് ഭാവിക്കുകയായിരുന്നു. യേശു അയാളുടെ വെറുക്കപ്പെട്ട ശത്രു ആയിരുന്നെങ്കിൽ ഇത്ര ഭവ്യമായിട്ടും മാന്യമായിട്ടും കൈ ചുംബിച്ചു കൊണ്ട് അവിടുത്തെ കാണിച്ചു കൊടുക്കേണ്ട കാര്യമില്ലായിരുന്നു. ആയുധധാരികളായി നിൽക്കുന്ന ഭടന്മാരോട് ആ നടുക്ക് നിൽക്കുന്ന ചുവന്ന അങ്കി ധാരിയാണ് അവനെന്ന് വിളിച്ചു പറയാമായിരുന്നു. അതുപോലെതന്നെ ഗുരുവിന് വധശിക്ഷ ഉറപ്പായപ്പോൾ കിട്ടിയ പണം കൊണ്ട് ആഘോഷിക്കാൻ ഇറങ്ങി പുറപ്പെടുകയുണ്ടായില്ല. യൂദാസിന് ഒരബദ്ധം പിണഞ്ഞതാണ്. പണം കൈക്കലാക്കുകയും ചെയ്യാം. ഗുരു എങ്ങനെയും രക്ഷപ്പെടുകയും ചെയ്യും എന്നുള്ള കണക്കുകൂട്ടലിലായിരുന്നു. കണക്കുകൂട്ടലുകൾ തെറ്റിപ്പോയപ്പോൾ നിരാശപ്പെട്ടത് ഗുരുവിനോടുള്ള ഭയഭക്തി കാരണമാണ്. പക്ഷേ, പത്രോസിനെ പോലെ തങ്ങളുടെ ഗുരു പാപികളുടെ രക്ഷകനാണ് എന്നുള്ള വിശ്വാസം യൂദാസിന് ഉണ്ടായിരുന്നില്ല. ആയതിനാൽ ദാരുണമായ അന്ത്യം സംഭവിച്ചു. നമ്മുടെ ചില പ്രവൃത്തികൾ കർത്താവിന്റെ ആത്മാവിനെ മുറിപ്പെടുത്തുന്നതാണ്. പ്രത്യേകിച്ച് സഹോദര വിദ്വേഷവും പകയും. ഇങ്ങനെ ചിന്തിക്കുമ്പോൾ ചിലപ്പോൾ നമുക്ക് ഒരു യൂദാസെങ്കിലും (ആത്മഹത്യയ്ക്ക് മുമ്പുള്ള) ആകാൻ സാധിച്ചാൽ മതിയായിരുന്നു എന്ന് ചിന്തിച്ചു പോകും.

BETHANY PUBLICATIONS
www.malankaralibrary.com



# മൂന്ന് സ്റ്റേജ് ആദ്ധ്യാത്മികത

യൂദാസ്, പത്രോസ്, യോഹന്നാൻ; ഈ മൂന്ന് ശിഷ്യരുടെ സ്വഭാവ ശൈലി അപഗ്രഥിക്കു മ്പോൾ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ മൂന്നു പടികളാണ് നമുക്ക് ലഭിക്കുക. ഒന്ന്, യൂദാസ്: മോശക്കാരനാണ്, കുഴപ്പക്കാരനാണ്, വിളിയ്ക്ക് യോഗ്യമാം വണ്ണം ജീവിക്കാൻ മറന്നവൻ. ധനമോഹത്താൽ ജീവിതത്തിന് പ്രഹരമേറ്റവൻ. വിളിച്ച്, വേർതിരിച്ച് കൂട്ടത്തിൽ സ്ഥാനവും മാനവും നൽകിയവനെ ചതിച്ച് കൊലയ്ക്ക് കൊടുത്ത കൊടും പാപി. ഈ തലത്തിലല്ലേ പലപ്പോഴും നമ്മൾ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിൽ വ്യാപരിക്കുന്നത്? പക്ഷേ യൂദാസിനെ പോലെ ഉള്ളിന്റെയുള്ളിൽ എവിടെയോ അല്പം ഗുരുഭക്തിയും സ്നേഹവും ഒളിഞ്ഞുകിടപ്പുണ്ട്. അതുകൊണ്ട് ഇടയ്ക്കിടയ്ക്ക് കുമ്പസാരിക്കണമെന്ന് തോന്നും, നന്നാവണമെന്നും. ഇതാണ് ആദ്യപടി യൂദാസ് സ്റ്റേജ്.

രണ്ട്, പത്രോസ്. അകമേ വലിയ കാമ്പില്ലെങ്കിലും കർത്താവിനോട് ഒരു 'ബ്ലൈൻഡ്' സ്നേഹവും ഭക്തിയും. കർത്താവിനും തിരിച്ചു പത്രോസിനോടും അതുപോലെ. അയാൾ കാണിക്കുന്ന ആവേശ പൊട്ടത്തരങ്ങൾക്കൊക്കെ കുട പിടിക്കുന്നതുപോലെ. അതൊരു പ്രത്യേക ശിഷ്യ വാത്സല്യവും സ്നേഹവുമാണ്. അമിതാവേശം ലക്ഷ്യം തെറ്റിക്കുന്നു. പെട്ടു പോയപ്പോൾ സ്വയരക്ഷയ്ക്കു വേണ്ടി പൊട്ടിപ്പെണ്ണിന്റെ കാലു പിടിച്ചവൻ. തിരിച്ചറിവു വന്നപ്പോൾ പൊട്ടിക്കരഞ്ഞവൻ. കണ്ണീര് വീഴ്ത്തി ഗദ്സമേനിലെ പാറ പിളർന്നവൻ. ഇങ്ങനെയും ഒരു പത്രോസ് മോഡൽ സ്റ്റേജ് നമുക്കുമുണ്ട് നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ.

മൂന്ന്, യോഹന്നാൻ. നിഷ്ക്കളങ്കൻ, ദൈവ മുമ്പാകെ നീതിമാൻ. ഗുരുവിന് ഒരു പ്രത്യേക സ്നേഹമുണ്ടായിരുന്നിട്ടും അതിന്റെ ഗമയൊന്നും പ്രദർശിപ്പിക്കാതെ, വമ്പു പറയാതെ, ഒന്നും ഉരിയാടാതെ, വെറുതെ അവന്റെ മാറിൽ ചാരി കിടക്കാൻ മാത്രം കൊതിച്ചവൻ. ബഥനിയിലെ മറിയവും അവന്റെ ചാരെ ഇരിക്കാൻ മാത്രമേ ആഗ്രഹിച്ചുള്ളൂ. ഇതാണ് നമ്മുടെ മൂന്നാം സ്റ്റേജ്; ആത്മീയതയുടെ സായൂജ്യം, യോഹന്നാൻ- മറിയം മോഡൽ. ഈ മൂന്നു സ്റ്റേജുകളിൽ നാം എവിടെ നിൽക്കുന്നു? അരിസ്റ്റോട്ടിലിനെ പോലെ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരിക്കുക, നമ്മളും രക്ഷിക്കപ്പെടും.

www.malankaralibrary.com


# ക്രിസ്തു ശിഷ്യരുടെ സാക്ഷ്യപത്രം

സാക്ഷ്യപത്രത്തെ ഐഡന്റിറ്റി കാർഡ് എന്നും വിളിക്കാമെന്ന് തോന്നുന്നു. എന്റെ ആധാർ എന്റെ ഒരു ഐ.ഡി. ആണ്. ഞാൻ ഒരു ഇന്ത്യക്കാരൻ ആണെന്ന് എന്റെ ആധാർ തെളിയിക്കും. എന്റെ ചില ആചാരാനുഷ്ഠാന ങ്ങൾ ഞാൻ ഒരു കേരളീയൻ ആണെന്നതിന് തെളിവാണ്. ഞാൻ ഒരു ക്രിസ്ത്യാനിയാണെ ന്നതിന് തിരിച്ചറിയൽ കാർഡ് എന്താണ്? വേണമെങ്കിൽ I AM A CHRISTIAN എന്നൊരു കാർഡ് ഉണ്ടാക്കി ഒരു ചരടിൽ ബന്ധിച്ച് കഴുത്തിൽ കെട്ടിത്തൂക്കിയിട്ടു കൊണ്ടു നടക്കാം. ചിലപ്പോൾ ചില വേഷവിധാനങ്ങൾ കൊണ്ടും ഒരാൾ ഏത് മതസ്ഥനാണെ ന്നറിയാം. എന്നാൽ യേശുക്രിസ്തു തന്റെ ശിഷ്യർക്ക് ഒരു സാക്ഷ്യപത്രം നൽകിയി ട്ടുണ്ട്. അവിടുന്ന് ഒരി ക്കൽ പറഞ്ഞു, ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവീൻ. പരസ്പര സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യ രാണെന്ന് എല്ലാവരും അറിയും. അങ്ങനെ ക്രിസ്തു തന്റെ ശിഷ്യർക്ക് നൽകിയ സാക്ഷ്യ പത്രം പരസ്പര സ്നേഹത്തിന്റേതാണ്. ഇങ്ങനെ യാണ് സ്നേഹത്തിന് ക്രിസ്തീയ സ്നേഹമെന്ന വിളിപ്പേരുണ്ടായത്. ഈ സ്നേഹമാണ് ഒരുവനെ സഹിക്കാനും ക്ഷമിക്കാനും പ്രേരിപ്പിക്കുന്നത്. മറ്റൊരുവനു വേണ്ടി സ്വന്തം ജീവൻ നഷ്ടപ്പെടു ത്തുന്നതി നേക്കാൾ വലിയ സ്നേഹമില്ല എന്ന് കർ ത്താവ് അരുളിചെയ്തിട്ടുണ്ട്. ഈ സ്നേഹ ത്തിന്റെ അഭാവത്തിൽ തിരിച്ചറിയൽ കാർഡ് കളഞ്ഞുപോയ, വ്യക്തിത്വം നഷ്ടപ്പെട്ട, വില കുറഞ്ഞ മനുഷ്യരെപ്പോലെ അപഹാസ്യ രാകും നാം. അതുകൊണ്ടാണ് പരസ്പരം സ്നേഹി ക്കാതെ നമുക്ക് ഒരു ക്രിസ്തീയ ജീവിതമില്ല എന്ന് പറയാൻ കാരണം. വീട്ടിലു ള്ളവരുമായുള്ള ബന്ധത്തിൽ, കൂട്ടായ്മകൾ തമ്മിലുള്ള ബന്ധത്തിൽ, രാജ്യങ്ങൾ തമ്മി ലുള്ള ബന്ധത്തിൽ ആത്മാർത്ഥമായ പര സ്പര സ്നേഹമാകുന്ന മൂലക്കല്ലിന് ക്ഷതം പറ്റിയാൽ സൗധം നിലംപരിശാകും. ഇന്ന് നമുക്ക് ചുറ്റും കാണുന്ന എല്ലാ വിനകളു ടെയും മൂലകാരണം സാക്ഷ്യ പത്രം ധരി ക്കാത്ത, ക്രിസ്ത്യാനി നാമധാരികളുടെ സാന്നിധ്യമല്ലേയെന്ന് ന്യായമായി ചിന്തിച്ചു പോകുന്നു.

# രഹസ്യ ശിഷ്യന്മാർ

യേശുവിന് അങ്ങനെയും കുറെ ശിഷ്യന്മാരുണ്ടായിരുന്നു, രഹസ്യ ശിഷ്യന്മാർ. ഉദാഹരണത്തിന് നിക്കോദിമോസ്, അരിമത്യകാരൻ യൗസേപ്പ്. ഇരുവരും ഫരീസയരും സെൻഹെ ന്ദ്രിൻ സംഘത്തിലെ അംഗങ്ങളുമായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഫരീസേയൻ എന്ന സ്റ്റാറ്റസ് നിലനിർത്തുക അവരുടെ ആവശ്യമായിരുന്നു. കൂടാതെ യഹൂദരുടെ മതപരമായ ഉന്നതാധികാര സംഘമായ സെൻഹെന്ദ്രിൻ സംഘത്തിലെ അംഗങ്ങളും, സാമ്പത്തികമായി മുൻനിരക്കാരും, സമൂഹത്തിൽ സ്വീകാര്യതയുള്ളവരും. അവർ നോക്കുമ്പോൾ ഈ പുതിയ റബ്ബിയിൽ എന്തൊക്കെയോ ചില പ്രത്യേകതകൾ കാണുന്നുണ്ടെങ്കിലും വെറും സാധാരണക്കാരന്റെ ഒരു നേതാവ് എന്ന നിലയിൽ അദ്ദേഹത്തെ അംഗീകരിക്കുക പ്രയാസമായിരുന്നു. എന്നാൽ യോഹന്നാൻ ശ്ലീഹായെപോലെയോ സെബദീ പുത്രന്മാരെപോലെയോ സാമ്പത്തിക മുന്നോക്കക്കാരാണെങ്കിലും എല്ലാം ഉപേക്ഷിച്ച് വെറും തച്ചന്റെ ശിഷ്യനാകാൻ തക്ക ദൈവവിശ്വാസം പോരായിരുന്നു. ആയതിനാൽ ഇവരൊക്കെ രഹസ്യത്തിൽ യേശുവിനെ ഹൃദയത്തിൽ അംഗീകരിച്ച് അവിടുത്തെ ഗോപ്യമായി പിന്തുടരുന്നവരായിരുന്നു. ആധുനിക ലോകത്തിലും ക്രിസ്തുവിന് ധാരാളം രഹസ്യ ശിഷ്യന്മാരുണ്ട്. മഹാത്മാ ഗാന്ധിയെ പോലെയുള്ളവരെ unknown christians എന്ന് നമുക്ക് വിളിക്കാം. ക്രിസ്തുവിനെ ഞാൻ സ്നേഹിക്കുന്നു. ക്രിസ്ത്യാനിയെ ഞാൻ വെറുക്കുന്നു എന്ന് അദ്ദേഹം പ്രസ്താവിച്ചപ്പോൾ അദ്ദേഹം ക്രിസ്തുവിന്റെ ഒരു രഹസ്യ ശിഷ്യനാകുകയായിരുന്നു. പിന്നെ, എല്ലാ ക്രൈസ്തവരും മറ്റൊരു ക്രിസ്തു ആയിരിക്കണമെന്ന് അദ്ദേഹം കടുംപിടുത്തം നടത്തിയതാണ് പറ്റിയ അമളി. അമളി എന്ന് പറഞ്ഞാലും ഇന്നത്തെ ക്രിസ്തുവിന്റെ പരസ്യ ശിഷ്യന്മാരായ നമ്മുടെ കയ്യിലിരിപ്പ് കാണുമ്പോൾ ഗാന്ധിജി അല്പം കടുംപിടുത്തക്കാരനായിപ്പോയതിൽ തെറ്റില്ലെന്നു തോന്നുന്നു. ക്രിസ്തുവിന്റെ രഹസ്യ - പരസ്യ ശിഷ്യന്മാർക്ക് അഭിവാദനങ്ങൾ.

www.malankaralibrary.com


# ദൈവപുത്രനും നീതിമാനും

യേശുവിന് എതിരായി യഹൂദർ ആരോപിച്ച പ്രധാനപ്പെട്ട രണ്ടു കുറ്റങ്ങൾ, ഒന്ന്, മതവിരോധി. ജനത്തെ തെറ്റ് പഠിപ്പിച്ച് വഴിപിഴപ്പിക്കുന്നവൻ. രണ്ട്, ദൈവപുത്രൻ എന്ന അവകാശ വാദം. ഇവയൊക്കെ ആരോപിക്കപ്പെട്ടെങ്കിലും അതു മുഖാന്തിരം സമൂഹത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയതിന് യാതൊരു തെളിവും ഇല്ലായിരുന്നു. അവിടുത്തിൽ വിശ്വസിച്ചവർ ഈ ആരോപണങ്ങളിൽ കഴമ്പില്ലെന്ന് തിരിച്ചറിയുകയും ചെയ്തിരുന്നു. എന്നാൽ യഹൂദ പ്രമാണികളും പ്രധാനാചാര്യന്മാരും ഇതൊക്കെയാണ് കുറ്റ പത്രത്തിൽ ഉൾപ്പെടുത്തിയിരുന്നത്. ഈ ആരോപിക്കപ്പെട്ട കുറ്റങ്ങളൊന്നും നിലനിൽക്കുന്നതല്ലെന്ന് കണ്ടെത്തിയ സിവിൾ അധികാരികൾ യേശു എന്ന 'കുറ്റവാളി'യെ വെറുതെ വിടാൻ ആഗ്രഹിച്ചു. എന്നാൽ അവരും ചില സ്വാർത്ഥ താൽപര്യങ്ങളുടെ സമ്മർദ്ദത്തിൽ സ്വയബോധ്യത്തെ ബലി കഴിക്കുകയാണ് ചെയ്തത്. കുറ്റവാളിയെ കൊണ്ട് നേരിട്ട്, ആരോപിക്കപ്പെട്ട കുറ്റങ്ങൾ നിരാകരിച്ചു പറയിപ്പിക്കുന്നതിനുള്ള പീലാത്തോസിന്റെയും മറ്റും ഉദ്യമങ്ങളുടെ മുമ്പിൽ മിണ്ടാവ്രതമെടുത്ത് 'കെൻ ഡിബാർട്ട' നയം സ്വീകരിക്കുകയാണ് കർത്താവ് ചെയ്തത്. എന്നാൽ ഇപ്പറഞ്ഞ കുറ്റാരോപണങ്ങൾ തെറ്റായി രുന്നുവെന്ന് അധികാര വർഗത്തെ കൊണ്ടു തന്നെ യേശു തന്റെ മരണസമയത്ത് പറയിപ്പിച്ചു. നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങി വരിക എന്നു പറഞ്ഞ നാവുകൊണ്ട് തന്നെ അവർ (ശതാധിപൻ) പറഞ്ഞു. ഇവൻ സത്യമായും ദൈവപുത്രനായിരുന്നു. തന്റെ മരണസമയത്തെ പ്രകൃതിക്ഷോഭങ്ങളും അസാധാരണ സംഭവങ്ങളും (ദേവാലയത്തിലെ തിരശീസ കീറിയത്, ലോകമെങ്ങും അന്ധകാരം നിറഞ്ഞത്) കണ്ട് ശതാധിപൻ അലറിവിളിച്ചു. 'ഇവൻ നീതിമാനായിരുന്നു, ഇവൻ ദൈവപുത്രനാകുന്നു.' കണ്ടും കേട്ടും പഠിക്കാത്തവർ കൊണ്ടു പഠിച്ചു എന്ന് സാരം. മഹാമാരി കൊണ്ടും പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും നമ്മളും കൊണ്ടേ പഠിക്കൂ എന്ന് തോന്നുന്നു. ഈശ്വരോ രക്ഷിതോ!

BETHANY PUBLICATIONS
www.malankaralibrary.com


# ജനത്തിന്റെ മാറത്തടി

യേശുവിന്റെ കുരിശിന്റെ താഴെയായി ആ പരിസരത്ത് തടിച്ചു കൂടിയവർ പല കൂട്ടരാണ്. കാര്യം നടത്തിപ്പിനു വേണ്ടിയുള്ള പടയാളികൾ. മരണം സ്ഥിരീകരിച്ച് സർട്ടി ഫിക്കേറ്റ് എഴുതേണ്ട ശതാധിപൻ, എല്ലാറ്റി ന്റെയും സൂപ്പർവിഷൻ നടത്തിക്കൊണ്ടിരുന്ന സെൻഹെന്ദ്രിൻ അംഗങ്ങൾ, സംഭവങ്ങളുടെ യെല്ലാം; 'ലൈവ്' പകർത്തികൊണ്ടും ചുറ്റും നിന്ന് സൊറ പറഞ്ഞുകൊണ്ടിരുന്ന ജനം, യേശുവിന്റെ ഏറ്റവുമടുത്ത ബന്ധുക്കളും സുഹൃത്തുക്കളും. യേശുവിന്റെ മരണ ത്തോടെ ഇവരിൽ ഓരോ കൂട്ടരും തല യോടിട (ഗോൾ ഗോഥാ, ഗോഗുൽത്ത അല്ല) ത്തോട് യാത്ര പറഞ്ഞുകൊണ്ടിരുന്നു. നേതാക്കന്മാരൊക്കെ ആദ്യമേ യാത്രയായി. ശാബത്ത് തുടങ്ങുന്നതിനു മുമ്പ് വീടണ യണം. പ്രകൃതിക്ഷോഭങ്ങൾ കണ്ട് അമ്പരന്ന ശതാധിപൻ ഇവനൊരു നീതിമാനാണേ, ഇവൻ ദൈവപുത്രൻ തന്നെ എന്നൊക്കെ പുലമ്പിക്കൊണ്ട് കുന്നിൻ ചരിവിറങ്ങി നിരത്തിലൂടെ ഓടി. ജനം അവന്റെ വിചാരണ മുതലുള്ള കാര്യങ്ങൾ ഓരോന്നിനെ കുറിച്ചും പരസ്പരം പറഞ്ഞു വിലപിച്ചുകൊണ്ട് മലയിറങ്ങി. മാറത്തടിച്ച് കരഞ്ഞുകൊണ്ട് ഇങ്ങോട്ടു വന്ന ഉഷാറൊന്നുമില്ലാതെ അവർ തിരിച്ചുപോയി. മനുഷ്യർ മാറത്തടിയ്ക്കു ന്നത് രണ്ടു സന്ദർഭങ്ങളിലാണ്, അസഹനീയ മായ സങ്കടവും ദുഃഖവുമുണ്ടാകുമ്പോൾ, ചെയ്തുപോയ അപരാധങ്ങളെയോർത്ത് വിലപിക്കുമ്പോൾ. യേശുവിന്റെ സഹന ത്തിനും മരണത്തിനും സാക്ഷ്യം വഹിച്ച ജനം മാറത്തടിച്ചെങ്കിൽ ഈ രണ്ട് കാരണ ങ്ങളും ഉണ്ടായിരുന്നെന്നുവേണം അനുമാനി ക്കാൻ. 'അവനെ ക്രൂശിക്കുക ക്രൂശിക്കുക' എന്ന് ആക്രോശിച്ച ജനം അവർ ചെയ്ത അപരാധങ്ങളെ കുറിച്ച് ഇപ്പോൾ വിലപി ക്കുന്നു. ഈ ആത്മാർത്ഥമായ മാറത്തടി ഇന്ന് ഒരു കുമ്പസാര വേളയിലും കാണുന്നില്ല യെന്നതാണ് വാസ്തവം. കൈകൊണ്ട് മാറത്തടിച്ചില്ലെങ്കിലും തപിക്കുന്ന ഹൃദയ ത്തിൽ അനുതാപത്തിന്റെ സ്പന്ദനമുണ്ടോ എന്നതാണ് ചോദ്യം.



www.malankaralibrary.com


# എല്ലാം മുറപോലെ (1)

ദൈവം നിശ്ചയിച്ചാൽ നമ്മുടെ ജീവിതത്തിൽ എല്ലാ കാര്യങ്ങളും മുറ പോലെയോ അതിലും മെച്ചമായോ നടന്നു കൊള്ളും എന്ന തിന് ഉത്തമ ഉദാഹരണമാണ് യേശുക്രിസ്തു വിന്റെ കബറടക്ക ചടങ്ങ്. കുരിശിൽ തറക്കപ്പെട്ട മരിച്ചവരുടെ ശരീരം ബന്ധുക്കൾ ആവശ്യപ്പെടു ന്നില്ലെങ്കിൽ തലയോടിടം പൊതുശ്മശാനത്തിൽ വെറുതെ വലിച്ചെറിയുകയാണ് പതിവ്. അവിടെ അത് കഴുകന്മാർക്ക് ഭക്ഷണമായി തീരും. കാരണം യഹൂദരുടെ ഇടയിൽ മുറ പോലെയുള്ള ശവസംസ്കാരം ചെലവേറിയ ഒരു പദ്ധതിയായിരുന്നു. നമുക്കറിയാം യേശുവിന്റെ ജീവിത സാഹചര്യവും വീട്ടു കാരുടെ സാമ്പത്തികശേഷിയും. അനുദിന ജീവിത സന്ധാരണത്തിനുള്ള വകപോലും സുമനസ്സുകളുടെ ഔദാര്യമായിരുന്നു. യേശുവിനും അമ്മയ്ക്കും യൗസേപ്പി താവിന്റെ മരണശേഷം ഒരു ക്ലിപ്ത വരുമാനം ഇല്ലായിരുന്നല്ലോ. മൃതദേഹം ചോദിച്ചു വാങ്ങാൻ തന്നെ സ്വന്തക്കാർ ആരുണ്ട് വാങ്ങിയാൽ തന്നെ ചെലവ് ആര് വഹിക്കും മൃതദേഹം മൂടാൻ സുഗന്ധദ്രവ്യങ്ങൾ വേണം. കുന്തുരുക്കം, മീറ, മറ്റ് സുഗന്ധ ദ്രവ്യ ങ്ങൾ, പൊതിയാൻ കച്ച, തലയിൽ ചുറ്റാ നുള്ള കച്ച (പിന്നെ, 'പൊതി' പ്രചാരത്തിൽ ഇല്ലായിരുന്നെന്ന് വേണം വിചാരിക്കാൻ). ഇത്തരുണത്തിൽ മാതാവിന്റെ ഹൃദയത്തി ലൂടെ കടന്നുപോയ വാളുപോലെയുള്ള ചിന്തകളായിരുന്നു ഇവ. ഇനിയും ഇതെല്ലാം ഇരന്നു വാങ്ങിയാലും അടക്കാൻ കല്ലറയെ വിടെ കുടുംബകല്ലറ പോലുമില്ലാത്ത ഒരു കുടുംബം ആയിരുന്നു യേശുവിന്റേത്. ഇനിയും ഇതെല്ലാം ആയാലും ആര് ഉത്തര വാദിത്വത്തോടു കൂടി മൃതദേഹം ഏറ്റുവാങ്ങി, ബാക്കി കർമ്മങ്ങളൊക്കെ ചെയ്യും ശിഷ്യ ന്മാരായ ആണുങ്ങളിൽ യോഹന്നാനെ കൂടാതെ ഒരുത്തനെയും കാണാനുമില്ല. കാലി ത്തൊഴുത്തിലെ നിന്ദ്യമായ സാഹചര്യങ്ങളെ ക്കാളും പ്രസവവേദനയെക്കാളും മൂർച്ച യേറിയ ഒരു വാളാണ് അമ്മയുടെ ഹൃദയത്തി ലൂടെ കടന്നുപോകുന്നത്. ക്രിസ്തുവിന്റെ ദാരിദ്ര്യവും നിസ്സഹായതയും, അനാഥത്വവും കുരിശോളവും അതിനപ്പുറവും തന്നെ പിന്തുടർന്നുകൊണ്ടേയിരുന്നു.

BETHANY PUBLICATIONS
www.malankaralibrary.com


# എല്ലാം മുറപോലെ (2)

യേശുവിന്റെ കുരിശുമരണത്തോടെ ഭയവിഹ്വലരായ ശിഷ്യന്മാർ നാനാവഴിയിലേക്ക് ഓടിപ്പോയി. യോഹന്നാൻ ഒഴികെ ആരെയും ആ പ്രദേശത്തെങ്ങും കാണാനില്ല. യേശുവിന്റെ കഥ കഴിഞ്ഞ സ്ഥിതിയ്ക്ക് ഇനിയും ഫരീസയർ ഉന്നം വെക്കുന്നത് തന്റെ ശിഷ്യപ്രമാണികളെയാണെന്ന് അവർക്ക് അറിയാമായിരുന്നു. യോഹന്നാൻ സാമ്പത്തിക ഭദ്രതയുള്ളവനാണെങ്കിലും കബറടക്കത്തിന്റെ ചെലവ് മുഴുവൻ വഹിക്കത്തക്ക ശേഷി ഉണ്ടായിരിക്കില്ല. കൂടാതെ അടക്ക ത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും വഹിക്കാനുള്ള പാടവവും ഉണ്ടായിരിക്കില്ല. തന്നെയുമല്ല, അമ്മയുടെ കാര്യങ്ങളെല്ലാം നോക്കണ്ടേ. ഇങ്ങനെ അമ്മയും യോഹന്നാനും ഭക്തസ്ത്രീകളും നിസ്സഹായരായി നോക്കി നിൽക്കുമ്പോഴാണ് പിതാവായ ദൈവം തമ്പുരാന്റെ ഇടപെടൽ. അതാ വരുന്നു ശക്തരായ രണ്ടു കഥാപാത്രങ്ങൾ. അരിമത്യക്കാരൻ ജോസഫും സ്നേഹിതൻ നിക്കോദിമൂസും. രണ്ടുപേരും സമ്പന്നർ, സെൻ ഹെന്ദ്രിൻ സംഘാംഗങ്ങൾ. ഇവർ രണ്ടുപേരും യേശുവിന്റെ രഹസ്യ ശിഷ്യന്മാരായിരുന്നു. യേശുവിന്റെ മൃതശരീരം പീലാത്തോസിന്റെ അനുവാദത്തോടെ ഏറ്റുവാങ്ങുന്നതിനും ശേഷ ക്രിയകളെല്ലാം മുറപോലെ നടത്തുന്നതിനും നേതൃത്വം കൊടുക്കുകയാണ് അവർ. ശരീരം കുരിശിൽ നിന്ന് താഴെ ഇറക്കുന്നു. കുന്തുരുക്കവും മീറയും നിക്കോദീമൂസ് കൊണ്ടുവന്നു. ജോസഫ് കച്ച കരുതിയിരുന്നു. തൊട്ടടുത്ത് തനിക്കുവേണ്ടി ഒരുക്കിയിരുന്ന കല്ലറ യേശുവിനെ അടക്കുന്നതിനുവേണ്ടി വിട്ടു കൊടുക്കുന്നു. സുഹൃത്തുക്കളുടെയും ഭക്തസ്ത്രീകളുടെയും സഹായത്തോടെ ശാബത്ത് ആരംഭിക്കുന്നതിനുമുമ്പു തന്നെ കബറടക്കം മുറപോലെ പൂർത്തിയാക്കുന്നു. ഇല്ലാത്തവന് എല്ലാം ദൈവമാണ്. ദൈവമുള്ളവന് എല്ലാറ്റിന്റെയും നിറവാണ്. ദാവീദ് ഉദ്ഘോഷിച്ചു. 'കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല' (സങ്കീ. 23). കർത്താവിനെ സ്വന്തമാക്കി കൊള്ളുക, നമുക്കും ഒന്നിനും കുറവുണ്ടാവുകയില്ല. കബറടക്കം മാത്രമല്ല നമ്മുടെ ഉയിർപ്പും അവന്റെ ഉത്തരവാദിത്വമാണ്.

BETHANY PUBLICATIONS
www.malankaralibrary.com


# അന്നത്തെ ചെലവ്

യേശുവിന്റെ മരണവുമായി ബന്ധപ്പെട്ട് സുഹൃത്തുക്കൾക്കും രഹസ്യ ശിഷ്യർക്കും മാത്ര മല്ല പണച്ചെലവുണ്ടായത്. യഹൂദ പ്രമാണിക ളുടെ കീശയിൽ നിന്നും കാശ് ഇറക്കേണ്ടി വന്നു. അത് പ്രധാനമായും രണ്ട് സന്ദർഭങ്ങളിലായി രുന്നു. ഒന്ന്, ഒറ്റുകാരൻ യൂദാസിന് കൊടുത്ത മുപ്പത് വെള്ളിക്കാശ്; രണ്ട്, യേശുവിന്റെ ഉയിർപ്പ് സത്യം മറച്ചു വയ്ക്കാൻ വേണ്ടി പടയാളികൾക്ക് നൽകിയ കോഴപ്പണം. കൂടാതെ പടയാളികളെ വിട്ടുകൊടുത്തതിന് ഭരണാധികാരികൾക്ക് നൽകിയ കൈമുത്ത്. അന്നത്തെ മൊത്തം ചെലവ് നോക്കുമ്പോൾ മുറപോലെ നടക്കേണ്ട കാര്യങ്ങൾക്കുവേണ്ടി ശിഷ്യകളും രഹസ്യ ശിഷ്യന്മാരും ചെലവഴിച്ച പണം വേറെ. ആകെ മൊത്തം എല്ലാവർക്കും കൂടി നല്ലൊരു തുക ചെലവ് വന്നെങ്കിലും കണക്കു ബുക്കിലെ ആദ്യം പറഞ്ഞ ഒന്ന് രണ്ട് ഐറ്റംസ് തെറിച്ചു നിൽക്കാൻ കാരണമെന്താണ് കണക്ക് ബുക്കിൽ ഒറ്റുപ്പണം 30 വെള്ളിക്കാശ് കോഴപ്പണം 100 X 3 (3 പേർക്ക്) = 300 ദെനാറ. ഇങ്ങനെ രണ്ട് എൻട്രി കാണുന്നുണ്ട്. ഓഡിറ്റിംഗിൽ ഈ രണ്ട് എൻട്രിയും ഒബ്ജക്ഷണബിൾ ആണ്. കാരണം പണത്തിന്റെ കുറവോ കൂടുതലോ അല്ല ചെലവഴിച്ച പണത്തിന്റെ പർപ്പസ് (ഉദ്ദേശം) ആണ് പ്രശ്നം. ഈ കണക്കെഴുതിയവൻ കർത്താവിന്റെ മുമ്പിൽ കണക്ക് ബോധിപ്പിച്ചേ തീരൂ. ഈ രണ്ട് ഐറ്റംസും സത്യം മറച്ചു വെക്കാനും അനീതിക്കുവേണ്ടിയുമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ തന്നെ കാര്യം ഗൗരവമുള്ളതാണ്. ഞാൻ തലയിൽ കൈ വെച്ചു പോയി. തമ്പുരാനെ ഞങ്ങളുടെയൊക്കെ കണക്കുപുസ്തകം നീയൊന്ന് ഓഡിറ്റ് ചെയ്താൽ ഞങ്ങളെല്ലാം കുടുങ്ങിയതു തന്നെ. വകമാറ്റി ചെലവഴിക്കുക. അനാവശ്യങ്ങൾക്കു വേണ്ടി ചെലവഴിച്ചിട്ട്, കുഴപ്പമൊന്നുമില്ലാത്ത ഒരു ഐറ്റം കണ്ടു പിടിച്ചെഴുതുക. സത്യത്തെ ഒളിപ്പിക്കാനുള്ള ഞങ്ങളുടെ വികൃതി കണ്ട് നീ ഉള്ളിൽ ചിരിക്കുന്നുണ്ടാവും. ഞങ്ങളുടെയൊക്കെ കണക്കെഴുത്ത് കണക്കാ. കണക്കിന്റെ ഉടയവനെ രക്ഷിക്കണേ.

BETHANY PUBLICATIONS
www.malankaralibrary.com



# കൂടെയുള്ളവൻ

ഒരിക്കൽ ഞാൻ അവനോട് ചോദിച്ചു, നീ ഞങ്ങളോട് കൂടെ എന്നും ഉണ്ടായിരിക്കുമെന്ന് പറഞ്ഞത് യാഥാർത്ഥ്യമാണോ അതോ ഞങ്ങളെ ആശ്വസിപ്പിക്കാൻ ആലങ്കാരികമായി പറഞ്ഞു എന്നേയുള്ളോ? അവൻ മൊഴിഞ്ഞു, ഞാനെന്റെ ശാരീരിക ജീവിതത്തിന്റെ കഥാവാസനം, എന്റെ പിതാവിന്റെ പക്കലേയ്ക്ക് കയറിപ്പോരുന്നതിന് (സ്വർഗ്ഗാരോഹണം) മുമ്പായി ലോകാവസാനത്തോളം ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കുമെന്ന് പറഞ്ഞത് ശരിയാണ്; ആരെയും സുഖിപ്പിക്കാനും ആശ്വസിപ്പിക്കാനും പൊളിവാക്ക് പറഞ്ഞതല്ല. നിങ്ങൾ പറയുന്നതുപോലെ ദ്വയാർത്ഥത്തിൽ ഞാൻ സംസാരിക്കാറുമില്ല. എന്റെ വാക്കുകൾക്ക് ഒരർത്ഥമേയുള്ളൂ. കേൾവി ക്കാരായ നിങ്ങൾ അതിന് പല അർത്ഥങ്ങൾ കൊടുക്കുന്നത് എന്റെ തെറ്റല്ല. അപ്പോൾ ഞാൻ ചോദിച്ചു, എങ്കിൽ നീ ഞങ്ങളോടൊപ്പം, ഓരോരുത്തരുടെയും കൂടെ എപ്പോഴും ഉണ്ടാകുമോ? 'ഉണ്ട്' അസന്നിഗ്ധമായി അവിടുന്ന് പറഞ്ഞു. ഞാൻ എല്ലാ മനുഷ്യരുടെയും കൂടെ എപ്പോഴുമുണ്ട്. അവർ അത് വിശ്വസിക്കണമെന്ന് മാത്രം. ഞാൻ ചിന്തിച്ചുപോയി. ഈ വിശ്വാസത്തിൽ നമ്മളൊക്കെ എത്രയകലെയാണ്? ഒറ്റയ്ക്ക് താമസിക്കുന്ന വികാരിയച്ചന്റെ 'പയ്യൻ' ഒരു ദിവസം മേടയിൽ ഇല്ലാതായിപോയാൽ അച്ചൻ ആകെ ബേജാറാകും. ടെൻഷൻ കൂടി രാത്രി മുഴുവൻ ഇടവകക്കാരെ ഫോൺ വിളിച്ചു കൊണ്ടിരിക്കും. അല്ലെങ്കിൽ ഉറക്കഗുളികയെ ആശ്രയിക്കും. കോവിഡ് കാലത്ത് വിദേശത്താ യിരിക്കുന്ന നേഴ്സു മോളുടെ കാര്യമോർത്ത് ബി.പി. കൂട്ടുന്ന മാതാപിതാക്കൾ. കൊച്ചിന്റെ മാറിയപ്പോയ കല്യാണം ഇനിയും നടക്കുമോയെന്ന് ആവലാതി പൂണ്ടു നടക്കുന്ന അമ്മ. ഞാന വനോട് ചോദിച്ചു, ഈ സന്ദർഭങ്ങളിലെല്ലാം നീ ഞങ്ങളുടെ കൂടെ ഉണ്ടായിരിക്കുമോ? അവൻ പറഞ്ഞു. പിന്നെ എന്തേ ഇങ്ങനെയൊക്കെ? അത് നിങ്ങൾക്ക് എന്നിൽ പൂർണ്ണ വിശ്വാസം ഇല്ലാത്തതുകൊണ്ട്. എനിക്കെന്തു സംഭവിച്ചാലും അവൻ കൂടെയുണ്ട് എന്ന വിശ്വാസം എനിക്കി നിയെന്ന് കിട്ടുമോ ആവോ! കൂട്ടിരിക്കുന്നവന്റെ കൂടെയിരിക്കാനുള്ള വരത്തിനു വേണ്ടി ഞാൻ പ്രാർത്ഥിച്ചു.

# സഭയുടെ രണ്ടാംഘട്ടം

ശിഷ്യന്മാർ യേശുവിന്റെ കൂടെ, തന്റെ ഒന്നാം ജീവിതത്തിലും രണ്ടാം ജീവിതത്തിലും, ജീവിച്ചിരുന്ന കാലത്തെ സഭയുടെ ഒന്നാംഘട്ടം എന്ന് വിളിക്കാം. തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പായി ധാരാളം ശിഷ്യരെ ഒന്നിച്ച് മലയിൽ കൂട്ടി തുടർന്നുള്ള സഭയുടെ ഔട്ട്ലൈൻ വരച്ചു കാണിക്കുകയാണ് യേശു. ഇവിടം മുതലുള്ള കർത്താവിന്റെ സഭ എങ്ങനെയായിരിക്കണമെന്ന് അവിടുന്ന് വിശദീകരിക്കുന്നു. ഇവിടം മുതൽ സഭയുടെ രണ്ടാംഘട്ടം ആരംഭിക്കുകയാണ്. പരിശുദ്ധാത്മാവിനെ സ്വീകരിക്കും വരെ സഭ ജെറുശലേമിൽ തന്നെ ഒതുങ്ങി നിൽക്കണമെന്ന് അവിടുന്ന് നിർദ്ദേശം നൽകിയിരുന്നു. കാരണം സഭയുടെ നേതാവായി കർത്താവ് നിശ്ചയിച്ചിരുന്ന പത്രോസിനെ അഭിഷേകം ചെയ്യേണ്ടിയിരുന്നത് പരിശുദ്ധാത്മാവായിരുന്നു. ശ്ലീഹന്മാർ പരിശുദ്ധാത്മാവിന്റെ അഭിഷേകം കൂടാതെ സഭയുടെ ദൗത്യനിർവ്വഹണത്തിലേക്ക് പ്രവേശിക്കരുതെന്നും അവിടുന്ന് മനസ്സിൽ കണ്ടിരുന്നു. പെന്തക്കുസ്ത ദിവസം പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ അഭിഷേകം ഉൾപ്പെടെ എല്ലാം പ്രാവർത്തികമായി. ഇന്ന് നാം ഉൾപ്പെടുന്ന കർത്താവിന്റെ സഭയുടെ രണ്ടാം ഘട്ടത്തിലെ സഭാംഗങ്ങൾക്ക് കർത്താവ് കൊടുത്തിരിക്കുന്ന ദൗത്യങ്ങൾ പ്രധാനമായും മൂന്നാണ്. ഒന്ന്, എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുക, രണ്ട്, വിശ്വസിക്കുന്നവർക്ക് സ്നാനം നൽകുക, മൂന്ന്, സുവിശേഷം പഠിപ്പിക്കുക. സഭയുടെ ഈ മൂന്ന് ദൗത്യങ്ങൾ ശിഷ്യപ്പെടുത്തുക, സ്നാനപ്പെടുത്തുക, പഠിപ്പിക്കുക അവിടുന്ന് നൽകിയത് പന്ത്രണ്ട് ശ്ലീഹന്മാർക്ക് തനിച്ചല്ല, അന്നത്തെ സഭയുടെ നല്ലൊരു ശതമാനം അംഗങ്ങളും കൂടി ഇരിക്കുമ്പോഴാണ് യേശു ഈ ദൗത്യം നൽകിയത്. ആയതിനാൽ സഭയുടെ സുവിശേഷവേല വൈദീകരുടേയും സന്യസ്തരുടേയും മേൽ ചാർത്തി കൊടുക്കാതെ അത് ഓരോ അംഗവും ശിരസാ വഹിച്ച് പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ട സമയമായിരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾ ഓരോരുത്തരും പറയണം, ‘ഞാനും ഒരു മിഷനറിയാണ്.’

BETHANY PUBLICATIONS
www.malankaralibrary.com


# ലോങ്കിനൂസ്

ഒരുപക്ഷേ ബൈബിൾ ക്വിസ്കാർക്ക് മാത്രം പരിചയമുള്ള ബൈബിളിലെ ഒരു കഥാപാത്രമാണ് ലോങ്കീനൂസ്. ലോങ്കീന്നൂസാണ് കർത്താവിന്റെ ഹൃദയഭാഗത്ത് കുന്തം കൊണ്ട് കുത്തി നോക്കി അവിടുത്തെ മരണം ഉറപ്പു വരുത്തിയത്. ഈ നാമം ബൈബിളിൽ നമുക്ക് ലഭ്യമല്ല. പക്ഷേ ഒരു ക്രിസ്തീയ ഐതിഹ്യം ഇങ്ങനെയാണ് പറയുന്നത്; കുന്തക്കാരനെ വാക്കിന്റെ അർത്ഥം വച്ചുകൊണ്ട് 'ലാൻസർ' എന്ന് വിളിച്ചു. ഗ്രീക്കിൽ കുന്തത്തിന് ലോങ്കെ എന്ന് പറയും. അങ്ങനെ ഗ്രീക്കുകാർക്ക് കുന്തക്കാരൻ (ലാൻസർ) ലോങ്കീന്നൂസ് ആയി മാറിയതാകാം. ലോങ്കീന്നൂസ് അയാളുടെ ജോലി നിർ വഹിച്ചു. അതുവഴി കർത്താവിന്റെ ശിഷ്യരായ നമുക്ക് ശാസ്ത്രീയവും ആത്മീയവുമായ ചില അറിവുകൾ ലഭിച്ചു. യേശു മരിച്ചത് ഹൃദയത്തിന് ആഘാതം സംഭവിച്ചാണ്. ഹൃദയംപൊട്ടി മരിക്കുക എന്നു പറയുന്നത് ഇതാണ്. ഇത് സാധാരണ ഭാഷയിലുള്ള ഹൃദയാഘാതം (ഹാർട്ട് അറ്റാക്ക്) അല്ല. ഹൃദയഭിത്തികൾ തകർന്നുള്ള ആഘാതം. ഇങ്ങനെ സംഭവിക്കുമ്പോൾ രക്തം ഹൃദയ സഞ്ചിയിൽ അടിഞ്ഞുകൂടി ഘരാവസ്ഥയിലുള്ള രക്തം താഴെയും ജലാംശം മുകളിലായും ഹൃദയത്തെ പൊതിയുന്ന സഞ്ചിയിൽ ശേഖ രിച്ചു കിടക്കും. ലോങ്കീനൂസിന്റെ കുന്തമുന ആ സഞ്ചിയെ ഭേദിച്ചപ്പോൾ അടിയിലെ രക്തവും മുകളിലെ ജലാംശ ദ്രാവകവും പുറത്തേക്ക് ഒഴുകി, ഇതായിരിക്കാം യഥാ ർത്ഥ സംഭവം. അവിടുത്തെ ഹൃദയത്തിലെ രക്തവും വെള്ളവും തന്റെ ദൈവത്വം ഒന്നിച്ചതിനെ സൂചിപ്പിക്കുന്നു. വിശുദ്ധ കുർബാനയിൽ വൈദികൻ ഉരുവിടുന്നതു പോലെ അവിടുത്തെ ദൈവത്വം (രക്തം) മനുഷ്യരുടെ മനുഷ്യത്വ (ജലം) വുമായി യോജിച്ചതിനേയും സൂചിപ്പിക്കുന്നു. ഞാനും എന്റെ കർത്താവും തമ്മിലുള്ള ബന്ധം തന്റെ ചങ്കിലെ രക്തവും വെള്ളവും പോലെ അഭേദ്യമായിരിക്കണം എന്നു കൂടി ഇത് സൂചിപ്പിക്കുന്നു. ഒഴുകുമ്പോൾ ഞാനും തമ്പുരാനും ഒന്നിച്ചു ഒഴുകണം എന്നൊരു വ്യംഗ്യാർത്ഥവും അതിനുണ്ട്. എന്തായാലും സഹോദരനോട് സംസാരിക്കുമ്പോൾ അവന്റെ ചങ്കിൽ കൊള്ളുന്ന വാക്കുകൾ പ്രയോഗിച്ച് ലോങ്കീന്നുസുമാരാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം.

# ഒന്ന് ചേരൽ

മാർ ഈവാനിയോസ് തിരുമേനിയെ ഈ അടുത്ത കാലത്ത് കണ്ടുമുട്ടിയപ്പോൾ അദ്ദേഹം എന്നോട് ചോദിച്ചു, 'എങ്ങനെയുണ്ട് നമ്മുടെ ആശ്രമങ്ങളിലെ ധ്യാനമൊക്കെ' ഞാൻ പറഞ്ഞു, ആശ്രമങ്ങളിലൊക്കെ ധ്യാനം കുറവാണെങ്കിലും ഞങ്ങൾ ആശ്രമസ്തരും ധ്യാന കേന്ദ്രങ്ങൾ നടത്തുന്നതിൽ ഉത്സുകരാണ്. പിതാവിനും അതിൽ അഭിമാനിക്കാം.' അദ്ദേഹം കടുപ്പിച്ച് തിരിച്ചൊരു ചോദ്യം. 'ധ്യാനിക്കാത്തവൻ എങ്ങനെ ധ്യാനിപ്പിക്കും. എങ്ങനെ ധ്യാന സെന്റർ നടത്തും' ഞാൻ നീതികരിക്കാൻ പറഞ്ഞു, 'ഞങ്ങളിൽ പലരും പ്രസംഗകല അഭ്യസിപ്പിച്ചിട്ടുണ്ട്; വേദപുസ്തകവും ഒരു മാതിരി കൈകാര്യം ചെയ്യും. കുറേ ദൈവ വചനങ്ങൾ കാണാതെ പഠിച്ച് വെച്ചിട്ടുമുണ്ട്.' അതൊക്കെ വച്ച് ഒരു കാച്ചങ്ങ് കാച്ചും. ഗായകസംഘത്തിന്റെ നല്ല തെറിപ്പിക്കുന്ന പ്രയോഗവും കൂടെയാകുമ്പോൾ ചില ധ്യാനങ്ങളൊക്കെ എറിക്കും. ധ്യാനക്കാർ ചിലരൊക്കെ കണ്ണീർ വാർക്കും; മറ്റുചിലർ കൈ പൊക്കി ആവേശം കൊണ്ട് നൃത്തം വയ്ക്കും. ഞങ്ങൾ ധ്യാന ഗുരുക്കന്മാരും കൂടെ ആടും, പാടും, നൃത്തം ചവിട്ടും. ഇതൊക്കെ കഴിഞ്ഞാൽ സ്തുതിപ്പിന്റെ സമയമാണ്. ഭാഷാവരം കിട്ടിയിട്ടുള്ളവർക്കാണ് മുൻഗണന. ചിലപ്പോൾ ഒത്തു കിട്ടിയാൽ ചില രോഗശാന്തിയും നടക്കാറുണ്ട്. പിതാവ് ഇതെല്ലാം കൂളായി കേട്ടിട്ട് എന്നോട് ചോദിച്ചു, ഇതെല്ലാം കഴിഞ്ഞിട്ട് ധ്യാനക്കാരും ധ്യാനഗുരുക്കന്മാരും അൽപ്പനേരം ധ്യാനിച്ചിട്ടാണോ തിരിച്ചുപോകാറുള്ളത് അതെന്ത് ചോദ്യം! എന്ന മട്ടിൽ ഞാൻ അദ്ദേഹത്തെ ഒന്നുനോക്കി. അദ്ദേഹം എന്നോട് പറഞ്ഞു, സഹോദരാ, എന്റെ പുസ്തകം, 'സന്യാസ ജീവിത സഹായി' പേജ് 155 ഒന്ന് വായിക്കൂ. ഞാൻ വായിച്ചു, 'സാധാരണ ജീവിതം വിട്ട് ദൈവത്തോട് അടുത്ത് ജീവിക്കു ന്നതിനായി നമ്മേ തന്നെ വേർതിരിക്കുന്നതിനെ ഭജനം അല്ലെങ്കിൽ ധ്യാനം എന്നു പറയുന്നു.' ഇതു തന്നെ ഞാൻ നമ്മുടെ കന്യാസ്ത്രീകളോടും പറഞ്ഞിട്ടുണ്ട്. കേവലം നല്ല ചിന്തകളുമായുള്ള സംസർഗമല്ല ധ്യാനം. ദൈവവുമായുള്ള ഒരു ഒന്നുചേരലാണത്. ഒരു ബഥനി ആശ്രമ സന്യാസിയായ ഞാൻ എന്റെ രാവിലെയും വൈകിട്ടുമുള്ള ധ്യാനത്തിൽ ഈ 'ഒന്നുചേരൽ' നടന്നിട്ട് എത്രയോ കാലമായി എന്നോർത്ത് ഒരു നിമിഷം പിതാവിന്റെ മുൻപിൽ തലകുനിച്ച് തരിച്ചു നിന്നുപോയി!

BETHANY PUBLICATIONS
www.malankaralibrary.com



# വിളിക്കപ്പെട്ട വിളി

അടുത്തയിടെ മാർ ഈവാനിയോസ് തിരുമേനിയുമായി ഞാൻ അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയം ചർച്ച ചെയ്തു. അങ്ങ് സ്ഥാപിച്ച ബഥനിയിൽ തമ്പുരാൻ ഞങ്ങളെ യൊക്കെ തെരഞ്ഞെടുത്ത് അംഗങ്ങളാക്കി വിവിധ സുവിശേഷ വേലയ്ക്കായി നിയമിച്ചിരിക്കുകയാണല്ലോ. ഞങ്ങളുടെ പ്രവർത്തനമേഖലയിൽ ഞങ്ങളെ വലിയ കുറ്റമൊന്നും, മാനുഷികമായ കുറവുകളുണ്ടെങ്കിലും, ആരും പറയാറില്ല. ഞങ്ങൾ നടത്തുന്ന സ്കൂളുകളെ വെല്ലാൻ മറ്റ് അധികം സ്കൂളുകളില്ല. നടത്തുന്ന പള്ളികളെ കുറിച്ചും വലിയ കംപ്ലെയ്ൻസ്, ചില അസൂയക്കാരുടെ വിലാപങ്ങൾ ഒഴിച്ചാൽ, ഇല്ല. പിന്നെ ഞങ്ങളും പള്ളി നടത്തിപ്പിലും സ്ഥാപന അഡ്മിനിസ്ട്രേഷനിലും കഴിവതും ഹൈടെക് ആകാൻ ശ്രമിക്കുന്നുണ്ട്. ഞങ്ങളുടെ ഓൺലൈൻ പരിപാടികൾക്കൊക്കെ നല്ല അപ്രിസിയേഷൻസ് കിട്ടുന്നുമുണ്ട്. കൂടാതെ ഞങ്ങളുടെ പൊതുവേയുള്ള സെറ്റപ്പിലും വേഷവിധാനത്തിലും വാഹന സൗകര്യങ്ങളിലുമെല്ലാം മോഡേൺ തന്നെയാണ്. പഴഞ്ചൻ പദ്ധതികൾക്കൊക്കെ ഒരു പരിധിവരെ അറുതി വരുത്തിയിട്ടുണ്ട്. പറഞ്ഞുവരുന്നത്, ഇത്രയൊക്കെ മോഡേണും ജനകീയവുമാകാൻ ഞങ്ങൾ ശ്രമിച്ചിട്ടും എന്തേ പള്ളികളൊക്കെ കൈവിട്ടു പോകുന്നു? സ്ഥാപനങ്ങളൊക്കെ തല കീഴ്മേൽ മറിയുന്നു? പൊതുവേ, ദൈവജന സമ്മതി കുറയുന്നു? എല്ലാറ്റിലുമുപരി ദൈവ വിളി കുറയുന്നു ഇതിനൊക്കെ 'കൊറോണ' യാണോ കാരണം ഞാൻ പിതാവിനോട് ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു, കാരണം കൊറോണ തന്നെ; ആത്മീയ ശുഷ്കത എന്ന വൈറസ് നിങ്ങളെ ബാധിച്ചിരിക്കുന്നു. ജീവിതവിശുദ്ധിയും വിളിക്കപ്പെട്ട വിളിയുടെ യോഗ്യതയും തിരിച്ചുപിടിക്കാൻ ഓരോരുത്തരും ധ്യാനാത്മകമായി തീരുമാനിക്കുമ്പോൾ ഈ മഹാമാരി നിങ്ങളെ വിട്ടൊഴിയും. ഞാൻ പറഞ്ഞു, ഞങ്ങൾ ശ്രമിക്കാം. സമൂഹമായി ഈ വിഷയം ചർച്ച ചെയ്യാം. അങ്ങ് ഞങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥം യാചിച്ചുകൊണ്ടിരിക്കണം. 'ഞാൻ ചെയ്യേണ്ടത് ചെയ്തു കൊള്ളാം. നിങ്ങൾ ചെയ്യേണ്ടത് നിങ്ങളും ചെയ്യണം.' പിതാവ് മറുപടി പറഞ്ഞു.

BETHANY PUBLICATIONS www.malankaralibrary.com



# ദൈവവിളി

ഞാനൊരിക്കൽ തമ്പുരാനോട് പറഞ്ഞു, 'നീ തന്നെ സ്ഥാപിച്ച് ഞങ്ങളെ ഭരമേൽപ്പിച്ച ഈ സന്യാസ സഭകളൊക്കെ നാളേയും ഇവിടെ കാണേണ്ടേ? സഭകളിൽ (സ്ത്രീ പുരുഷ) ദൈവവിളി കുറയുന്നത് അങ്ങ് കാണുന്നില്ലേ? ഇങ്ങനെ കുറച്ചു നാൾ കൂടി മുന്നോട്ടു പോയാൽ ഞങ്ങളുടെ വംശനാശം തന്നെ സംഭവിച്ചേക്കാം. അവിടുന്ന് മൊഴിഞ്ഞു. ഞാൻ കാലാകാലങ്ങളിൽ ദൈവദാസരിലൂടെ സന്യാസസഭകൾ സ്ഥാപിച്ചു എന്നുള്ളത് ശരിയാണ്. ഇനിയും അത് ചെയ്തെന്നിരിക്കും. സന്യാസ സഭകൾക്ക് ഓരോ സിദ്ധി (charism) തന്നല്ലേ ഞാൻ അവയൊക്കെ സ്ഥാപിച്ചത്. വിവിധ പ്രവർത്തനങ്ങളിലൂടെ ആത്യന്തികമായി എന്റെ ശിഷ്യത്വം ജീവിതത്തിൽ സ്വീകരിക്കുകയും അത് യഥാർത്ഥത്തിൽ ജീവിക്കുകയും ചെയ്യുകയെന്നുള്ളതല്ലേ ഞാൻ സഭകളെ ഭരമേൽപ്പിച്ചിരിക്കുന്നത്? പക്ഷേ ഇന്നെന്റെ വിളിച്ച വിളിക്ക് യോജിച്ച രീതിയിൽ ജീവിതം ക്രമീകരിക്കാൻ എല്ലാവർക്കും മടി? ഞാൻ സ്വയം നീതീകരിക്കാൻ പറഞ്ഞു, നിന്നെ അനുഗമിക്കാൻ ഞങ്ങൾ ഒരുക്കമാണ്, പിന്നെ ഞങ്ങളുടെ ജീവിത ശൈലി അല്പം ഹൈടെക്ക് ആയിപ്പോയെന്നു മാത്രമേയുള്ളൂ. പിന്നെ നാടോടുമ്പോൾ നടുവേ ഓടണം എന്നല്ലേ! അവനെന്നോട് പറഞ്ഞു, നിനക്കറിയാമോ ഞാനും നിങ്ങളുടെ ലോകത്തിൽ കുറെനാൾ ജീവിച്ചതാണല്ലോ അന്ന് നാടോടിയതിന് (ലൗകീകത) നടുവേ ഓടുന്നതിനു പകരം കുറുകെ ഓടിയവനാണ് ഞാൻ. അതിന്റെ ഫലമായിട്ടാണല്ലോ നിങ്ങളെനിക്ക് കുരിശു മരണം തന്നത്. അവനെന്നോട് വാത്സല്യപൂർവ്വം പറഞ്ഞു, 'മകനെ, ലോകത്തിന് നടുവേ ഓടുന്നവനെ കൊണ്ട് സന്യാസവും ശിഷ്യത്വവും പ്രയാസമാണ്. ത്യാഗം സഹിച്ച് കുറുകെ ഓടാൻ ഒന്നു ശ്രമിച്ചു നോക്കൂ. ആ ഓട്ടത്തിലെ പരിത്യാഗം കണ്ട് പുതിയ തലമുറ നിങ്ങളെ അനുഗമിക്കും. ദൈവവിളിയ്ക്കും ഒരു പഞ്ഞവും ഉണ്ടാവുകയില്ല. ദൈവവിളി എന്റെതാണ്. ഞാൻ വിളിക്കാം. പക്ഷേ നിങ്ങൾ മാതൃക നൽകി അതിനെ പരിപോഷിപ്പിക്കണം'. 'ഓ! അടിയൻ' എന്ന് പറഞ്ഞ് ഞാൻ തടിതപ്പി.

BETHANY PUBLICATIONS
www.malankaralibrary.com



# എന്നെക്കാൾ... (1)

ഒരു സായംസന്ധ്യയിൽ ഞാൻ എന്റെ ചെടികളെ പരിപാലിക്കുകയായിരുന്നു എല്ലാവരും സ്മാർട്ടായിരിക്കുന്നു. ഇടയിൽ നിന്ന റോസ് പല്ലുകൾ കാട്ടി ചിരിച്ചു. താഴെ മൂട്ടിൽ നിന്ന് വളർന്നു കയറി വരുന്ന പുതിയ ഷൂട്ടുകൾ മോണ കാണിച്ച് എന്നെ പല്ലിളിച്ചു. വിരിഞ്ഞിട്ട് കുറച്ചു നാളുകളായ കിഴവന്മാരും കിഴവികളും നാളെ ഞങ്ങളീ ഞെട്ടിൽ കാണണമെന്നില്ല എന്ന ഭാവത്തിൽ 'ഇന്നു ഞാൻ നാളെ നീ' എന്നൊരു ലേബലും നെറ്റിയിൽ ചാർത്തി വിടചൊല്ലുന്നതു പോലെ നിൽപ്പായി. ഇടതൂർന്നു നിൽക്കുന്ന കൊഴുത്തു തടിച്ച ഇലകൾ എല്ലാം കൂടി ഒരു ചന്തമായിരുന്നു കാണാൻ. ആര് കണ്ടാലും കണ്ണിട്ടു പോകുന്ന റോസാച്ചെടികൾ. രാവിലെ വീണ്ടും ഞാനവയുടെ അരികിലെത്തിയപ്പോൾ കണ്ട കാഴ്ച ഹൃദയ ഭേദകമായിരുന്നു. ആരോ രാത്രിയിൽ റോസിന് കണ്ണിട്ടിരിക്കുന്നു. ഇന്നല ത്തെ ഉശിരൊന്നുമില്ല. നോക്കുമ്പോൾ വിടരാൻ വെമ്പി നിൽക്കുന്ന മൊട്ടുകൾ മിക്കതും ഒരു മുട്ടൻ പുഴു കരണ്ട് തിന്നിരിക്കുന്നു. മിക്ക ഇലകളിലും ആകാശവും ഭൂമിയും കാണത്തക്ക വലിയ ഓട്ടകൾ വീണിരിക്കുന്നു. ചിലത് മുറിഞ്ഞ് തൂങ്ങിക്കിടക്കുന്നു. നോക്കുമ്പോൾ ശിഖരത്തിന്റെ അഗ്രത്ത് ഒരു വിട്ടിൽ ജയേതാവായി കുണ്ടി കുലുക്കിയിരുന്ന് രസിക്കുന്നു. എല്ലാറ്റിനോടും പകയും വിദ്വേഷവും തോന്നി. ഇവറ്റകളെയൊക്കെ സൃഷ്ടിച്ചിട്ട് വല്ല കാര്യവുമുണ്ടായിരുന്നോ എന്ന് തമ്പുരാനോട് ഒരു പരിഭവം കാട്ടി ഞാൻ തിരികെ മടങ്ങി.

വൈകിട്ട് അവന്റെ അടുത്തിരുന്നപ്പോൾ അവനെന്നോട് പറഞ്ഞു, രാവിലെ റോസിനോ ടെന്തേ ഒരു വൈക്ലബ്യം കാട്ടി? ഞാൻ നിന്നോട് പറഞ്ഞിട്ടില്ലേ, എന്നെക്കാളധികം ഈ ലോകത്തിലൊന്നിനേയും സ്നേഹിക്കരുതെന്ന്. അപ്പോൾ റോസിനെ സ്നേഹിച്ചത് തെറ്റായി പോയോ നീ തന്നെയല്ലേ ഉപദേശിച്ചത് ലോകത്തിലുള്ളതിനെയെല്ലാം, എല്ലാവരേയും സ്നേഹിക്കണമെന്ന് അവൻ പറഞ്ഞു. 'നിഷ്കാമ കർമ്മാ' തത്ക്കാലം ഞങ്ങൾ പിരിഞ്ഞു...

www.malankaralibrary.com


# എന്നേക്കാൾ... (2)

'എഴുതാപ്പുറം വായിക്കാതെ മകനെ', അവൻ പറഞ്ഞു. സ്നേഹിക്കാനേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഉപദേശിച്ചിട്ടുള്ളൂ. എന്നാൽ 'എന്നെ ക്കാൾ' എന്ന പ്രയോഗം നിങ്ങൾ ശ്രദ്ധിക്കണം. ദൈവത്തെക്കാൾ കൂടുതൽ ഒന്നിനെയും സ്നേഹിക്കരുത്, ബഹുമാനിക്കരുത് എന്ന ദൈവകല്പന പോലുമില്ലേ? ഈ 'കാൾ' പ്രയോഗത്തിന്റെ പ്രയോജനം അറിയണം. എന്നെക്കാൾ അധികം നിങ്ങൾ ആരെയെങ്കിലും എന്തിനെയെങ്കിലും സ്നേഹിച്ചാൽ ക്രമേണ അവർ അല്ലെ ങ്കിൽ അത് നിങ്ങളുടെ ദൈവമായി മാറും. ദൈവത്തെക്കാൾ കൂടുതൽ പണത്തെ സ്നേഹിക്കുന്നവന്റെ ദൈവം പണമായി മാറും. അത് ദൈവത്തെക്കാൾ അധികം ശക്തിയും മൂല്യമുള്ള ഒരു പ്രസ്ഥാനമായി നിങ്ങൾ മാറ്റും. അപ്പനെയും അമ്മയെയും കാൾ മക്കളെയും മരുമക്കളെയും കാൾ കൂടുതൽ ദൈവത്തെ സ്നേഹിക്കണം. കാരണം ലൗകികമായതൊക്കെയും നശ്വരമാണ്, അഴിഞ്ഞുപോകും. എന്നാൽ ദൈവത്തിന് അഴിവില്ല, അനശ്വരമാണ്. അപ്പോൾ നിന്റെ പരമോന്നത സ്നേഹത്തിന് ദൈവം മാത്രമേ പാത്രമാകാവൂ. നിന്റെ ചുറ്റുമുള്ളവരെക്കാൾ ഈ ലോകത്തിലെ നശ്വര വസ്തുക്കളെക്കാൾ അധികം എന്നെ സ്നേഹിച്ചു കൊള്ളുക. നിന്റെ തോട്ടത്തിലെ റോസിനെയും, അതിനെ നശിപ്പിച്ച പുഴുവിനെയും. ഇലയിൽ ഓട്ടയിട്ട വിട്ടിലിനെയും സ്നേഹിച്ചു കൊള്ളുക. നിന്റെ സ്തുതിപാഠകരേയും വിമർശകരെയും സ്നേഹിച്ചു കൊള്ളുക. പക്ഷേ എന്നെ സ്നേഹിക്കുന്നതിലധികം വേണ്ട. നശ്വര യാഥാർത്ഥ്യങ്ങളും അനശ്വര സ്നേഹവും തമ്മിലുള്ള സംഘട്ടനത്തിൽ നിന്നായിരിക്കാം ഒരുപക്ഷേ നിസ്സംഗത ഉടലെടുക്കുന്നത്. നിനക്ക് ചിലരോടും ചിലതിനോടും നിസ്സംഗത തോന്നുന്നെങ്കിൽ ഭയപ്പെടേണ്ട, നിസ്വാർത്ഥ സ്നേഹത്തിന് അത്രയേ സാധിക്കുകയുള്ളൂ എന്നർത്ഥം. ഒരു പുഴു തന്ന വിജ്ഞാനത്തെയോർത്ത് ഞാൻ അതിനു മുമ്പിൽ കൈകൂപ്പി!.....

BETHANY PUBLICATIONS
www.malankaralibrary.com


# യാക്കോബിന്റെ മാമോദീസ

മാർ ഈവാനിയോസ് തിരുമേനിക്ക് കളഞ്ഞുകിട്ടിയ കറുത്ത മുത്താണ് യാക്കോബ്, ഒരു അധികൃതൻ. ചെറുപ്പംമുതലേ നസ്രാണി അച്ചായന്റെ വീട്ടിൽ ജോലിക്ക് നിന്ന യാക്കോബ് കുരിശു വരയ്ക്കാൻ പഠിച്ചു. മാമോദീസ മുങ്ങി 'മാർഗ്ഗം കൂടാൻ' അവൻ അത്യധികം ആഗ്രഹിച്ചു. പക്ഷേ അത് സവർണർക്ക് മാത്രമാണെന്നും അധികൃതർക്ക് നിഷിദ്ധമാണെന്നുമാണ് അന്നത്തെ 'സഭ' വിശ്വസിച്ചിരുന്നത്. ഏത് കർത്താവാണോ അവരെ ഇത് പഠിപ്പിച്ചത് എന്നറിയില്ല. എന്തായാലും യാക്കോബ് ഒരിക്കൽ മുണ്ടൻ മലയുടെ ഇരുപത്തെട്ടാം നട ചവിട്ടി ശ്രീകോവിലിൽ എത്തി. അവിടുത്തെ പ്രതിഷ്ഠയായ മാർ ഈവാനിയോസ് പിതാവിനെ മുഖം കാണിച്ച് സധൈര്യം പറഞ്ഞു, പിതാവേ അടിവാരത്തിൽ ആരുമെനിയ്ക്ക് മാമോദീസ തരുന്നില്ല. അങ്ങ് ഈ പറുദീസായിൽ വച്ച് അടിയന് മാമോദീസ തരണം. പിതാവ് പറഞ്ഞു നീ ഇവിടെ കൂടി കൊള്ളുക. വിശ്വാസത്തിൽ ഉറച്ചിട്ട് നിനക്ക് മാമോദീസ തരാം. ഇന്ന് നാം മാമോദീസായും ആത്മീയതയുടെ ഭാണ്ഡക്കെട്ടുമായി നാം വീടുവീടാന്തരം കയറിയിറങ്ങിയിട്ടും ഒരു മാമോ ദീസായ്ക്ക് പോലും ആളെ കിട്ടാനില്ല. തേനൂറി നിൽക്കുന്ന പൂവിലേക്ക് വണ്ട് പറന്നടുക്കും. പഴുത്ത മാങ്ങ പേറി നിൽക്കുന്ന മാവ് പക്ഷികളെ ആകർഷിക്കും. ആത്മീയതയുടെ കേദാരങ്ങളിലേക്ക് ദാഹിക്കുന്ന ആത്മാക്കൾ ഓടിയെത്തും. ഇന്ന് ആത്മാക്കൾ ഓടുന്നുണ്ട്, പക്ഷേ എത്താൻ പറ്റിയ ഇടം വേണ്ടേ ആത്മീയതയുടെ കൃത്രിമ ഇടങ്ങളിലേയ്ക്ക് ജനം അടുക്കുകയില്ല. റാണി ഇല്ലാത്ത കൂട്ടിൽ തേനീച്ചകൾ വാഴുകയില്ല!



BETHANY PUBLICATIONS
www.malankaralibrary.com


# യാക്കോബിന്റെ വിലാപം

തങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണെമെന്ന് യേശുവിന്റെ ശിഷ്യന്മാർ ഒരിക്കൽ ഗുരുവിനോട് അപേക്ഷിച്ചു. പിന്നെ തന്റെ ഗുരുവിനോട് ധ്യാനിക്കാൻ പഠിപ്പിക്കണെമെന്ന് ആവ ശ്യപ്പെട്ടത് യാക്കോബാണ്. യാക്കോബ് മാർ ഈവാനിയോസ് തിരുമേനിയുടെ ശിഷ്യനായിരുന്നു. തനിക്ക് മാമോദീസ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് മാർ ഈവാനിയോസ് തിരുമേനിയെ സമീപിച്ച യാക്കോബിന് മാമോദീസായുടെ ഒരുക്ക ധ്യാനമായിരുന്നു അത്. സുന്നഹദോസിന്റെ നിർബന്ധപ്രകാരം പണിക്കരച്ചനെ മെത്രാനാക്കുകയാണ്. റമ്പാൻ പട്ടത്തിനൊരുക്കമായി തിരുമൂലപുരം വലിയ പള്ളിയിൽ ധ്യാനം നടത്താൻ തീരുമാനിച്ചു. കൂട്ടിന് യാക്കോബിനെയും കൂട്ടി. യാക്കോബിന് അവന്റെ മാമോദീസായ്ക്കു വേണ്ടിയുള്ള ഒരുക്ക ധ്യാനമാണ്. പക്ഷേ യാക്കോബിന് ഒരു പ്രശ്നം. തനിക്ക് ധ്യാനിക്കാൻ അറിയില്ലല്ലോ. അവൻ ആബോയോട് പറഞ്ഞു, പിതാവേ ധ്യാനിക്കാൻ എനിക്ക് വശമില്ല, എന്ത് ചെയ്യണമെന്ന് പറഞ്ഞു തരണേ. ഒരുപക്ഷേ യേശുവിന്റെ ശിഷ്യന്മാരും ഇപ്പോൾ യാക്കോബും തങ്ങളുടെ വിലാപത്തിന് മുമ്പും പ്രാർത്ഥിച്ചിട്ടുണ്ടാവും അവരവരുടേതായ രീതിയിലും നിലയിലും. എന്നാൽ ഗുരുവിന്റെ പക്കൽ നിന്നാണ് പ്രാർത്ഥിക്കാനും ധ്യാനിക്കാനും പഠി ക്കാൻ പോകുന്നത്. നമ്മളൊക്കെ കുഞ്ഞിലേ പ്രാർത്ഥിക്കുന്നുണ്ട്, ആരുടെയൊക്കെയോ എന്തൊക്കെയോ എഴുതി വച്ച പ്രാർത്ഥനകൾ. എന്നാൽ ഇന്ന് വരെ നമ്മുടെ ഗുരുവിന്റെ മുമ്പാകെ കർത്താവേ എന്നേ പ്രാർത്ഥിക്കാൻ, ധ്യാനിക്കാൻ പഠിപ്പിക്കണമേയെന്ന് ശിഷ്യന്മാരെ പോലെയോ, യാക്കോബിനെ പോലെയോ അവിടുത്തെ പക്കൽ യാചിച്ചിട്ടുണ്ടോ? നമ്മുടെ വിലാപം അവിടുത്തെ പക്കൽ എത്തിയെങ്കിലെ നമ്മെ ധ്യാനിക്കാൻ അവിടുന്ന് പഠിപ്പിക്കുകയുള്ളൂ. അന്നേ നമ്മൾ നമ്മുടെ പ്രാർത്ഥനാധ്യാനങ്ങളിൽ ആനന്ദം കണ്ടെത്തുകയുള്ളൂ.



BETHANY PUBLICATIONS
www.malankaralibrary.com


# കാഷായ മസനപ്സ

പൗരസ്ത്യ സഭകളിലെ മെത്രാന്മാരുടെ ശിരോവസ്ത്രമാണല്ലോ മസനപ്സ. കറുത്ത തുണിയിൽ 12 വെള്ള കുരിശുകൾ തൈച്ചു പിടി പ്പിച്ച ശിരോവസ്ത്രം. അതാണ് അന്നും ഇന്നും ജനം കണ്ടിട്ടുള്ളത്. സഭയിൽ റമ്പാൻ പട്ടത്തോടുകൂടിയാണ് മസനപ്സ നൽകപ്പെടുന്നത്. ഇതാണ് സാധാരണ ക്രമം. എന്നാൽ ചരിത്രത്തിൽ ഒരാൾ മാത്രം താൻ റമ്പാൻ പട്ടം സ്വീകരിച്ചപ്പോൾ സാധാരണയായുള്ള കറുത്ത നിറമുള്ള മനപ്സായ്ക്കു പകരം കാഷായ (കാവി) നിറമുള്ള മസനപ്സയാണ് ധരിച്ചത്. അത് മറ്റാരുമല്ല, ബഥനിയുടെ ആബോ ഗീവർഗീസ് ആയിരുന്നു. ആബോയ്ക്ക് എല്ലാറ്റിനെക്കുറിച്ചും സ്വന്തമായ ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. നമ്മുടെ കർത്താവിനെപോലെ പാരമ്പര്യങ്ങളുടെ അന്തസത്തയെ ബഹുമാനിച്ചിരുന്നെങ്കിലും പാരമ്പര്യത്തിൽ നിന്നും മാറി ചിന്തിക്കുന്നതിനും പരിശുദ്ധാത്മാവിനാൽ സഭയിൽ വെളിപ്പെടുത്തപ്പെട്ടു കൊണ്ടിരിക്കുന്ന ദൈവിക നീതി, സത്യങ്ങളെ തിരിച്ചറിയുന്നതിനും എത്ര ക്ലേശങ്ങൾ സഹിച്ചെങ്കിലും അതൊക്കെ നടപടിക്രമങ്ങളാക്കുന്നതിനും മാർ ഈവാനിയോസ് എന്ന മഹാപ്രതിഭ ജീവിതത്തിലുടനീളം ശ്രമിച്ചുകൊണ്ടിരുന്നു. ദൈവസന്നിധിയിലുള്ള ഈ നിരന്തര നവീകരണമായിരുന്നു സഭാചരിത്രത്തിലെ ഈവാനിയൻ പ്രതിഭാസത്തിന്റെ മുഖ്യകാരണവും. വ്രതബദ്ധനായ ഒരു സന്യാസിയാണ് ഇവിടെ റമ്പാനോ, മെത്രാനോ ആകുന്നതെന്ന സന്ദേശമാണ് കാഷായ മസനപ്സയിലൂടെ മാർ ഈവാനിയോസ് ലോകത്തിനു നൽകിയത്. പിതാവ് ഒരിക്കൽ സ്വകീയമായി പറഞ്ഞു, കാവി മസനപ്സയും ബഥനി മെത്രാനും ബഥനിയുടെ അവകാശമായിരുന്നു.



# കൂൾ ഡൗൺ

അകത്ത് ചൂട്, പുറത്ത് തണുപ്പ്. ചില കാലങ്ങളിൽ പ്രകൃതിയുടെ വികൃതിയാണിത്. പുരയ്ക്കകത്തിരുന്നാൽ ഉഷ്ണവും, ചൂടും, പുകച്ചിലും. ചാടി പുറത്തിറങ്ങിയാൽ ഒരു നേരിയ തണുപ്പും, കാറ്റും. ശരീരമൊന്ന് കൂൾ ഡൗണാകും, ഒരു സുഖം. പുറത്തിറങ്ങാൻ സാധിക്കാത്ത സാഹചര്യത്തിൽ അകത്തുതന്നെ ഇരുന്ന് കൃത്രിമ കാറ്റിനായി ഫാനിടും. അപ്പോഴും ഒരു കൂളിംഗ് ഡൗൺ ഇഫക്റ്റ്. ആലയിൽ ചുട്ടു പഴുത്ത ഇരുമ്പ് കൊല്ലൻ അടിച്ചു പരത്തിയിട്ട് ആ തീക്ക ഷണം വെള്ളത്തിൽ മുക്കും, കൂൾ ഡൗണാക്കാൻ. ഈ തണുപ്പിക്കൽ പ്രക്രിയ നമ്മുടെ ജീവിതത്തിലും നടക്കുന്നുണ്ട്. ആന്തരിക സംഘർഷങ്ങൾ, മാനസിക പിരിമുറുക്കങ്ങൾ, അപ്രതീക്ഷിത അനർത്ഥ സംഭവങ്ങൾ, മാനസിക ശാരീരിക വേദനകൾ, മാറാരോഗങ്ങൾ, അപകടങ്ങൾ, അകാല മരണങ്ങൾ. ഇങ്ങനെ ഒരു നൂറു കാര്യങ്ങളാൽ കലുഷിതമായ അന്തരംഗം പൊള്ളുന്ന ജീവിത സാഹചര്യങ്ങളാൽ ചുട്ടു പഴുത്തു നിൽക്കുമ്പോൾ നമ്മേയൊന്ന് കൂൾ ഡൗൺ ചെയ്യാൻ, വെള്ളത്തിൽ മുക്കാൻ ആളു വേണം. ആ അവസ്ഥയിൽ വെള്ളമായും, കുളിർ തെന്നലായും ജീവിതത്തിലേക്ക് കടന്നു വരുന്ന വരെ നമ്മൾ വിളിച്ചു പോകുന്ന ഒരു പേരുണ്ട്, ദൈവം! ശരിയാണ് പരിശുദ്ധാത്മാവാണ് ഈ ദൈവം. ആത്മാവ് കൊല്ലന്റെ ആലയിലെ തണുത്ത ജലമാണ്, വരാന്തയിലൂടെ തഴുകി മായുന്ന കുളിർതെന്നലാണ്. കൂട്ടുകാരന്റെ ഒരു സാന്ത്വന വാക്ക്, സൗമ്യമായ ഒരു ഫോൺ കോൾ. ജീവിതത്തിന്റെ അഗ്നി പർവ്വതങ്ങളിൽ ഹിമപാതം പോലെയാണ്. ചേതമില്ലാത്ത ഇതു പോലൊരു ഉപകാരം ചെയ്തു കൊടുക്കുന്നവ രാണ് മാലാഖമാരും അവരെ പോലെയുള്ള മനുഷ്യരും. അവൻ പറഞ്ഞു, 'അകത്തെ ചൂടിനെ ശമിപ്പിക്കാൻ പുറത്ത് തണുപ്പുണ്ട്, അത് മറക്കണ്ട'. 'ആശ്വാസം'. ഞാൻ നിശ്വസിച്ചു!



BETHANY PUBLICATIONS
www.malankaralibrary.com



# 'ദ വേഡ് ഫിയർ'

പലരുടെയും ഡിക്ഷ്ണറിയിൽ ഇല്ലാത്ത വാക്ക് 'ഇംപോസിബിൾ' ആണ്. മാർ ഈവാനി യോസിന്റെ ഡിക്ഷ്ണറിയിലും പരതിയാൽ ആ വാക്ക് കണ്ടെത്താൻ ബുദ്ധി മുട്ടാണ്. എന്നാൽ ആ ഡിക്ഷ്ണറിയിൽ ഇല്ലാത്തതെന്ന് സ്വയം പ്രഖ്യാപിച്ച ഒരു വാക്കുണ്ട്, അതാണ് 'ഫിയർ'. അത് പറയാനുള്ള സന്ദർഭം ഒന്ന് വിശദീകരി ക്കാമോ ഞാൻ ഒരിക്കൽ അവിടുത്തോട് ചോദിച്ചു. വിശദീകരിച്ചു പറയാൻ സമയമില്ല. അത് പറയാനുള്ള സന്ദർഭം ഒന്ന് വിശദീകരി ക്കാമോ ഞാൻ ഒരിക്കൽ അവിടുത്തോട് ചോദിച്ചു. വിശദീകരിച്ചു പറയാൻ സമയമില്ല. എന്നാലും ചുരുക്കത്തിൽ ഇതാണ് സംഭവം.

തിരുവനന്തപുരത്ത് രൂപത അനു വദിച്ചു കിട്ടിയപ്പോൾ നമുക്കൊന്നിരിക്കാൻ ഇത്തിരി ഇടം വേണ്ടേ? ആദ്യം വെള്ളയമ്പ ലത്തെ വാടക കെട്ടിടം, പിന്നെ പട്ടത്ത് ഒരു വിധവയുടെ പാട്ട ഭൂമിയിലെ ഒരു കൊച്ചു പുര. പാട്ടഭൂമി ഒഴിയേണ്ടി വന്നപ്പോൾ ഭാഗ്യത്തിന് അടുത്ത് കിട്ടിയ ഒരു മുസ്ലിമിന്റെ പത്തേക്കർ സ്ഥലം അവിടെയുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടത്തിൽ 'അരമന' ബാലാരിഷ്ടതകളിൽ കൂടി കടന്നു പോകുന്ന കാലം. നമ്മുടെ കഷ്ടകാലത്തിനോ, ദൈവ പരീക്ഷണമോ സർ സി.പി. എന്നൊരു സിംഹം ദിവാനായി രാജ്യം ഭരിക്കുന്നു. നമ്മോട് അത്ര കോളല്ല.

നമ്മുടെ വളർച്ച കണ്ട് വിരളി പിടിച്ച അയാൾ പഠിച്ച പണി പതിനെട്ടും പയറ്റി നമ്മെ അവിടെനിന്ന് ഓടിക്കാൻ. ഒരു ദിവസ മുണ്ട് ഉദ്യോഗസ്ഥർ നമ്മുടെ പുരയിടം അളക്കുന്നു. സ്ഥലം സർക്കാർ ഏറ്റെടുക്കുക യാണ് പോലും. അതിനുമുമ്പ് ഒരിക്കൽ ഇതേ ആവശ്യം പറഞ്ഞുള്ള ദിവാന്റെ കൽപ്പന നടുവേ കീറി തിരികെ കൊടുത്തതാണ്.

ഇപ്രാവശ്യം കലിയടങ്ങിയില്ല, ചൂരവടിയെടുത്ത് വന്നവന്മാരെയെല്ലാം അടിച്ചോടിച്ചു. എന്നിട്ട് സർ സി.പി.യുടെ പ്രൈവറ്റ് സെക്രട്ടറി യോട് പറഞ്ഞു, 'ടെൽ സർ സി.പി. ദാറ്റ് ദ് വേഡ് ഫിയർ നെവർ ഒക്കേഴ്സ് ഇൻ ദ് ഡിക്ഷ്ണറി ഓഫ് മാർ ഈവാനിയോസ്.' ഞാൻ ആത്മഗതം ചെയ്തു, 'അല്പം കട്ടിയായി പോയില്ലേ' പിതാവ് പറഞ്ഞു. 'സീസറിനുള്ളതല്ലേ സീസറിന് കൊടുക്കേണ്ടു ദൈവത്തിനുള്ളത് ദൈവത്തിന് കൊടുക്കാൻ ധൈര്യം വേണം.' ഞാൻ സ്വയം പറഞ്ഞു പോയി, 'ധൈര്യം അപാരം തന്നെ.'

# മുള്ള്

കാലിൽ മുള്ളു കൊണ്ടാൽ കാൽ തന്നെ പൊങ്ങി പോകും. കാളിദാസന്റെ ശകുന്തള കാലിൽ ദർഭമുന (മുള്ള്) കൊണ്ടെന്ന പോലെ ഒരു കാൽ അൽപ്പം പൊക്കി പിടിച്ച് തിരിഞ്ഞു നോക്കി നിൽക്കുന്ന വിശ്വചരിത്ര കാരനായ രാജാ രവിവർമ്മ അവതരിപ്പിക്കുന്ന ആ ചിത്രം ഓർമ്മ യില്ലേ? മുള്ള് ശരീരത്തെ സംബന്ധിച്ചിടത്തോളം ഒരു ഫോറിൻ ബോഡിയാണ്. അത് മാറ്റപ്പെട്ടെ ങ്കിലെ വേദന മാറുകയുള്ളൂ. ആയതിനാൽ മുള്ളു കൊണ്ടാൽ എത്രയും വേഗം അത് സ്വയം എടുത്തു മാറ്റാൻ ശ്രമിക്കും. വ്യഗ്രതയിൽ ആ പ്രവൃത്തി ചെയ്യുമ്പോൾ മുള്ള് പൂർണമായി പുറത്തു വരണമെന്നില്ല. അതിന്റെ സൂക്ഷ്മ മുന ഒടിഞ്ഞ് മുറിവിനു ള്ളിൽ ഇരുന്നേക്കാം. പിന്നെ അത് മാറ്റണ മെങ്കിൽ പരസഹായം ആവശ്യമാണ്. ശാരീരികമെന്നതിനേക്കാൾ മാനസികമായി നിത്യേന മുള്ളു കൊള്ളുന്നവരാണ് നമ്മൾ. ഒരു നല്ല സിനിമ കാണാമെന്ന് വിചാരിച്ച് തിയേറ്ററിൽ പോയി ഇരിക്കുമ്പോൾ തുടയിൽ കിട്ടുന്ന ഒരു മൂട്ടകടി അന്നത്തെ ഒരു മുള്ളാണ്. ഒരു കവിതയെഴുതി കൂട്ടുകാരനെ കാണിക്കു മ്പോൾ അവന്റെ പരിഹാസം ഒരു മുള്ളാണ്. പാടില്ലായെന്ന് ദൈവവും മനുഷ്യരും കല്പിച്ചിരിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ സംഭവിക്കുമ്പോൾ അത് ആത്മാവിനേറ്റ ഒരു മുള്ളായി അവശേഷി ക്കുന്നു. ഞാനാലോചിക്കുന്നത്, കാര്യങ്ങ ളൊക്കെ ഇങ്ങനെയിരിക്കെ, പൗലോസ് എന്തിന് തന്റെ ശരീരത്തിൽ ഒരു 'മുള്ള്' കൊണ്ടു നടന്നു? മുള്ളിന്റെ വേദന ഒരു ഓർമ്മപ്പെടുത്തലാണ്. പാടില്ലാത്തിടത്ത്, മുള്ളിനു മുകളിൽ നീ ചവിട്ടി, പാപം ചെയ്തു. ഇനിയുമെങ്കിലും അത് പാടില്ല യെന്ന് മുറിവിൽ ഇരിക്കുന്ന ദർഭമുന നിര ന്തരം എന്നെ ഓർമിപ്പിച്ചു കൊണ്ടിരിക്കും. എങ്കിൽ ആത്മരക്ഷയ്ക്ക് ആ മുള്ള് ഊരാ തിരിക്കുന്നതാണ് ഭേദമെന്ന് പൗലോസ് ശ്ലീഹ ചിന്തിച്ചുകാണും. വേദനിപ്പിക്കുന്ന ദർഭ സ്പർശം ആത്മരക്ഷയ്ക്ക് ഉപകരിക്കു മെങ്കിൽ ഇരിക്കട്ടെ അതവിടെ കുറെ നേരം കൂടി...



BETHANY PUBLICATIONS www.malankaralibrary.com



# യാക്കോബിന്റെ ദൈവവിളി

മാർ ഈവാനിയോസ് പിതാവിന്റെ യാക്കോബിന് ഒരു ലേറ്റ് വോക്കേഷൻ (താമസിച്ച ദൈവവിളി) കിട്ടി. പാവങ്ങൾക്കും അധഃ കൃതർക്കും കാര്യങ്ങളെല്ലാം ലേറ്റ് ആണല്ലോ. പട്ടത്തെ ശരവണകുന്നിലെ ഒരു ചെറിയ പുര അരമനയായി പ്രവർത്തിക്കുന്ന കാലം. മുണ്ടൻമല മുതൽ യാക്കോബ് ഒരു നിഴൽ പോലെ പിതാവിനെ അനുധാവനം ചെയ്യുന്നുണ്ട്. മാമോദീസായ്ക്ക് വേണ്ടിയാണെങ്കിലും വേദം കുറെ പഠിച്ചുകഴിഞ്ഞപ്പോൾ ഒരു ക്രിസ്ത്യാനി എന്ന അവബോധം അവനിൽ ഉറച്ചു. വേദപുസ്തക മെടുത്ത് വായിച്ച് നാലക്ഷരം പറയത്തക്കതു പോലെയും അവൻ വളർന്നു. യാക്കോബിന്റെ കഴിവു മനസ്സിലാക്കിയ പിതാവ് ഒരു ദിവസം അവനെ വിളിച്ചു പറഞ്ഞു, യാക്കോബ്, ഞാൻ ഇന്ന് നിന്നെ ഒരു ഉപദേശിയാക്കാൻ പോവുകയാണ്. ക്രൈസ്തവരുടെ ഇടയിൽ നീ സുവിശേഷം പ്രസംഗിക്കണം. അങ്ങനെ യാക്കോബിനും ദൈവവിളി കിട്ടി. യാക്കോബിന്റെ ദൈവവിളി ഉപദേശിയാകാനുള്ള വിളിയായിരുന്നു. അങ്ങനെ വൈറ്റും വൈറ്റും യൂണിഫോമിട്ട് നമ്മുടെ യാക്കോബ്, ജേക്കബ് ഉപദേശിയായി. ജേക്കബിനെ നേതാവാക്കി കൊണ്ട് കുറച്ചു ഉപദേശിമാരെ കൂടി പിതാവ് വാഴിച്ച് ഗോദയിലിറക്കി. വെള്ള ഓവർ കോട്ടും തലക്കെട്ടും ബാഡ്ജും യൂണി ഫോമായി ധരിച്ചിറങ്ങിയ സുവിശേഷ സംഘ ത്തിന് പിതാവ് പേരിട്ടു. 'ഭാരത സുവിശേഷ സംഘം' (ബി.എസ്.എസ്.) ഇന്നത്തെ മലങ്കര സുവിശേഷസംഘത്തിന്റെ മുന്നോടിയായിരിക്കാം മാർ ഈവാനിയോസിന്റെ ബി.എസ്.എസ്. (ബഥനിയുടെ മൂന്നാം സഭ ബി.എസ്.എസ്. വേറെയാണ്). ഞാൻ ചിന്തിച്ചു പോയി, ഒന്നുമില്ലായ്മയിൽ നിന്ന് എല്ലാം ഉണ്ടാക്കിയെടുക്കുന്ന മാർ ഈവാനിയോസിന്റെ ഈ ജാലവിദ്യാകഴിവ് അപാരം തന്നെ. ഈ വിദ്യ ഞങ്ങളെ കൂടി പഠിപ്പിക്കാമോ, ഞാൻ ചോദിച്ചു. അവിടുന്ന് പറഞ്ഞു, പഠിപ്പിക്കാനൊന്നുമില്ല. ദൈവത്തിന് സ്വയം വിട്ടു കൊടുക്കുക. അനനാസിനെയും സഫീറയും പോലെ ഒട്ടും ബാക്കിവെയ്ക്കാതിരിക്കുക. മുഴു വനും കൊടുക്കുക. നിനക്ക് എല്ലാം സാധിച്ചു കിട്ടും.

# ഒരു, ഒരിത്...

ഈയിടെ ഒരു ചെറുപ്പക്കാരനുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം പറയുകയാണ്, അച്ചോ, ഇപ്പൊ പള്ളീലൊക്കെ പണ്ടത്തേപോലുള്ള ഒരു, ഒരിതില്ല...' ഞാൻ അദ്ദേഹത്തിന്റെ മനമറിയാൻ ചോദിച്ചു, എന്താ ഈ ഒരു 'ഇതു' കൊണ്ട് ഉദ്ദേശിച്ചത് ഞാനോർത്തു അയാൾ പള്ളിയുടെ മേൽ കോവിഡ് ഏൽപ്പിച്ച ആഘാതത്തെ കുറിച്ച് പറയാൻ തുടങ്ങുകയാണെന്ന്. എന്നാലതായിരുന്നില്ല അയാളുടെ ആ ഒരിത്. അയാൾ തുടർന്നു. പണ്ടൊക്കെ ഞങ്ങ ളുടെ കൊച്ചുന്നാളിൽ പള്ളീലച്ചനും ആളുകളു മായി നല്ലൊരിരിപ്പായിരുന്നു (കൈവിരലുകൾ കോർത്ത് പിടിച്ച്) ഒരു ബോണ്ടുണ്ടായിരുന്നു. ഇപ്പോ അതൊക്കെ പോയച്ചോ. കുർബാന കഴി ഞ്ഞാൽ അച്ചന് അച്ചന്റെ വഴി, ഞങ്ങക്ക് ഞങ്ങെടെ വഴി, പിന്നെ ഏക ആശ്രയം മൊബൈൽ. കർത്താവിന്റെ ശുദ്ധമായ ദിവസത്തിന്റെ (ഞായറാഴ്ച) ബാക്കി എങ്ങനെ ചെലവഴിക്കണമെന്ന് ഒരു പ്ലാനുമില്ല. പണ്ട് അച്ചനൊരു പ്ലാനു ണ്ടായിരുന്നു. ലീജിയൻ ഓഫ് മേരി, വിൻസെന്റ് ഡിപ്പോൾ, രോഗിസന്ദർശനം അങ്ങനെ... അങ്ങനെ...ഇന്ന് അച്ചന് പ്ലാനുമില്ല, സമയോമില്ല. ഞങ്ങൾ പിന്നെ കുറെ പാർട്ടി പ്രവർത്തനവും പാർട്ടി ഏകോപന സമിതി യോഗങ്ങളുമൊക്കെ സംഘടിപ്പിക്കും. പിന്നെ ചില ആഴ്ചകളിൽ, ആ ആഴ്ചയിൽ നടക്കേണ്ട സമരങ്ങൾക്കും അടിപിടിക്കുമൊക്കെ കോപ്പു കൂട്ടും. ഒരു രക്തസാക്ഷി ഉണ്ടായിട്ട് ഒത്തിരി കാലമായി, അത് ആരു വേണമെന്ന് തീരുമാനിക്കും. പാർട്ടി ആലോചനയും തീരുമാനങ്ങളും എടുത്തിട്ട് മോന്തിക്ക് (മൂവന്തി) മുക്കവലയിലെ കള്ളുഷാപ്പിൽ വാരാന്ത്യസമ്മേളനം. പോയച്ചോ, ജനം കൈവിട്ടു പോയി. വെറുതെ കോവിഡിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എല്ലാം ആ ടച്ച് സ്ക്രീനിനെയാണ് പറയേണ്ടത്. അച്ചന്റെ ഒരു ഞെക്ക് ഫോൺ! ഞാൻ മനസ്സിൽ പറഞ്ഞു, ടച്ച് സ്ക്രീനെയല്ല, ടച്ച് ചെയ്യുന്നവരെയാണ് പറയേണ്ടത്. ആ ചെറുപ്പക്കാരന്റെ മുമ്പിൽ കുറ്റബോധത്താൽ തലകുനിച്ചു പോയി.!

BETHANY PUBLICATIONS
www.malankaralibrary.com


# ഫരീസയരുടെ ആത്മഗതം

അന്ന് ദുഃഖവെള്ളിയാഴ്ച, ഫരീസയ പ്രമാണികൾ, പ്രത്യേകിച്ച് യേശുവിന്റെ കുരിശു മരണത്തിന് നേതൃത്വം കൊടുത്തവർ, ഒരു പ്രമാണികളുടെ ഭവനത്തിൽ ഒരു പാർട്ടി സംഘ ടിപ്പിച്ചു. കയ്യഫാസും അവിടെ ക്ഷണിക്കപ്പെട്ടി രുന്നു. തങ്ങളുടെ മതത്തിന്റെ ഒരു പ്രത്യക്ഷ ശത്രുവിനെ കൂടി നിഹനിച്ചതിലുള്ള വിജയാഘോഷത്തിലാണവർ. ഒരു പ്രധാനി എഴുന്നേറ്റു നിന്ന് അയാളുടെ ആത്മഗതം മറ്റുള്ളവരുമായി പങ്കുവെച്ചു. ‘ഇന്നു മുതൽ നമുക്ക് സ്വസ്ഥമായി ഉറങ്ങാം. നമ്മുടെ ശത്രുവിനെ നമ്മൾ വക വരുത്തിയിരിക്കുന്നു. നമ്മുടെ ചെയ്തികളെ ചോദ്യം ചെയ്യാൻ ഇനി ഒരുത്തനും ഒരുമ്പെടുകയില്ല. അവന്റെ ശിഷ്യന്മാർ എന്നു വിളിക്കപ്പെടുന്ന കുറേ ഞാഞ്ഞൂലുകൾ ഇപ്പോൾ തന്നെ എലികളെ പോലെ മാളത്തിൽ ഒളിച്ചിരിക്കും. ഇനിയും നമുക്ക് ആരെയും ഭയപ്പെടാനില്ല. കൂട്ടരെ, തിന്നുക കുടിക്കുക ആനന്ദിക്കുക’. അപ്പോൾ ഒരു വൃദ്ധന്റെ മനസ്സിൽ മറ്റൊരു ചിന്ത. അവൻ നേരത്തെ പറഞ്ഞിരുന്നതു പോലെ ഏതെങ്കിലും വിധത്തിൽ അവൻ ഉയർത്തെഴുന്നേറ്റു വന്നാലോ! നമ്മുടെ സ്ഥിതി ഇതിലേറെ കഷ്ടമായിത്തീരും. അയാൾ ഈ ചിന്ത പലരോടും പങ്കുവയ്ക്കുകയും ചെയ്തു. അവർക്ക് അറിയാമായിരുന്നു. സത്യത്തിന് അഴിവില്ല, സത്യത്തെ കുഴിച്ചിട്ടാൽ വീണ്ടും അതിന് ജീവൻ വയ്ക്കും. സത്യത്തെ പീഡിപ്പിക്കാം, കുരിശിൽ തറയ്ക്കാം. മരിച്ചെന്നു കരുതി മറവു ചെയ്യാം. എന്നാൽ സത്യത്തിന് മരിക്കാൻ സാധിക്കില്ലല്ലോ. അതുകൊണ്ട് അത് ഉയർത്തെഴുന്നേൽക്കും. ഇന്നല്ലെങ്കിൽ നാളെ പുറത്തുവരും. ഞാൻ ചിന്തിച്ചു. ഈ സത്യം ഗ്രഹിക്കാൻ എന്തേ നമ്മൾ വൈകുന്നു കള്ളൻമാരും കൊലപാതകികളും എന്തേ ഇത് മറക്കുന്നു. ഞാൻ സത്യത്തിന് വിരുദ്ധമായി കുതന്ത്രങ്ങൾ മെനയുമ്പോൾ ഞാനെന്തേ ഇത്ര ഭോഷനായി? ഇന്നല്ലെങ്കിൽ നാളെ, ഒരുപക്ഷേ ഞാൻ ഇല്ലാതായാലും, സത്യം പുറത്തു വരികയില്ലേ? പിന്നെ ഹരിചന്ദ്രനെ പോലെ കഴുത്ത് പോയാലും അസത്യത്തിന് കൂട്ടുനിൽക്കില്ല എന്ന് തീരുമാനിക്കുകയല്ലേ ഉത്തമം!

# വ്യത്യസ്തനാം ബാലൻ

"Dare to be different" ഈ വാക്യം ചിത്രീകരിച്ച് വ്യക്തമായിരിക്കുന്നത് ഇങ്ങനെയാണ്. ഒരു കമ്പി മേൽ കുറെ കിളികൾ മറിഞ്ഞും തിരിഞ്ഞും ഇരിക്കുന്നു. അല്പം വ്യത്യസ്തമായെങ്കിലും എല്ലാ കിളികളും ഇരിക്കുന്നത് കമ്പിയുടെ മുകളിലാണ്. അതാണല്ലോ സാധാരണത്വം. ഒരു പക്ഷി കമ്പിയുടെ മുകളിൽ ഇരിക്കുന്നതിനുപകരം കമ്പിയിൽ തൂങ്ങി തലകീഴായി കിടക്കുന്നു. ഈ പക്ഷിയെ ഒരുപക്ഷേ കൂട്ടത്തിലുള്ള 'സാധാരണക്കാർ' പരിഹസിച്ചുകാണും. തലതിരിഞ്ഞവൻ എന്ന് കുറ്റപ്പെടുത്തിക്കാണും. അപകടം ഉണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടാവും. അവനോടോതിയിട്ട് ഇനിയും കാര്യമില്ലെന്ന് പറഞ്ഞ് കൂട്ടത്തിൽ നിന്ന് തള്ളിക്കാണും. പക്ഷേ അപ്പോഴാണെന്നിരിക്കട്ടെ, ഒരുപറ്റം കഴുകന്മാർ പറന്നുവന്ന് കമ്പനിയുടെ മുകളിലിരുന്ന പക്ഷികളെ ഓരോന്നായി റാഞ്ചി കൊണ്ടുപോയത്. അപ്പോൾ രക്ഷപ്പെട്ടത് തലകീഴായി തൂങ്ങിക്കിടന്ന കൂട്ടത്തിലെ തലതിരിഞ്ഞവനാണ്. സമൂഹത്തിൽ വ്യത്യസ്തമായി ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും അത്ര സുഖമുള്ള കാര്യമല്ല. തൂങ്ങിക്കിടന്നതിൽ റിസ്ക് ഫാക്ടർ കൂടുതലുണ്ട്. എന്നാൽ ഒരു പക്ഷേ ഒരു സ്പീഷീസ് മുഴുവൻ നശിക്കാതിരിക്കാൻ ഒരാളെങ്കിലും മാറി ചിന്തിക്കുന്നത് നന്നായിരിക്കും. തല തിരിഞ്ഞു കിടക്കുമ്പോഴും പിടി കമ്പിയിൽ തന്നെയായിരിക്കണം. അല്ലെങ്കിൽ അപകടം സുനിശ്ചിതം. തല താഴെയാണെന്ന് ഓർക്കണം. 'തല മറന്ന് എണ്ണ തേക്കരുത്' എന്നും. 'വ്യത്യസ്തനാം ബാർബർ ബാലനെ' പോലെ ചരിത്രത്തിൽ ഒരാൾ വ്യത്യസ്തനായി ഉണ്ടായിരുന്നു; അവനെയാണ് നാം മനുഷ്യകുല രക്ഷകൻ എന്ന് വിളിക്കുന്നത്; കുരിശുമരണക്കാരൻ നസ്രായൻ.



BETHANY PUBLICATIONS
www.malankaralibrary.com



# കിടാവും മനുഷ്യകുഞ്ഞും

പശു പ്രസവിച്ചിടുന്ന കിടാവ് ചുട്ടെടുത്ത ചട്ടി പോലെയോ ഗ്ലാസ് ഫാക്ടറിയിൽ നിന്ന് പുറത്തുവരുന്ന മനോഹരമായ ഒരു കുപ്പി ഗ്ലാസ് പോലെയോ ആണ്. എന്നാൽ അമ്മ പ്രസവി ക്കുന്ന മനുഷ്യക്കുഞ്ഞ് ചട്ടി ഉണ്ടാക്കാനുള്ള കുഴമണ്ണ് പോലെയോ ഗ്ലാസ് ഉണ്ടാക്കാൻ ഉരുക്കി തിളച്ചു മറിയുന്ന ദ്രാവകം പോലെയോ ആണ്. ചട്ടിയേയും കുപ്പിയേയും ഇനിയും ഒന്നും ചെയ്യാനില്ല. അത് എങ്ങനെയായിരിക്കണമോ അങ്ങനെ മെനയപ്പെട്ടു കഴിഞ്ഞു. ഇനിയും ചട്ടിയുടെ ഷേയ്പ്പ് മാറ്റാൻ നോക്കുന്നത് മൗഢ്യമായിരിക്കും. ചട്ടിയെ തട്ടിയാൽ പൊട്ടിപ്പോകും. ഗ്ലാസി നെ ചുരണ്ടിയാൽ പോറൽ വീഴും. ചട്ടിയേയും ഗ്ലാസിനെയും അതിന്റെ വഴിക്ക് വിടുന്നതാണ് ഉത്തമം. എന്നാൽ കുശവന്റെ കൈയ്യിലെ കളിമണ്ണ് പോലെയും മോൾഡിലേക്ക് ഒഴിക്കപ്പെടാൻ പോകുന്ന ദ്രാവക ഗ്ലാസിനെ പോലെയുമുള്ള മനുഷ്യ കുഞ്ഞുങ്ങളെ മാനസികവും ശാരീരികവുമായ നല്ല ഷേയ്പ്പും ഡിസൈനും നൽകി ഉത്തമ മനുഷ്യരായി വാർത്തെടുക്കാനുള്ള കടമ അമ്മയ്ക്കും സമൂഹത്തിനുമുണ്ട്. അവർക്ക് അതിൽ ഒരു വലിയ പങ്ക് വഹിക്കാനുണ്ട്. അതിനുള്ള സമയവും സാവകാശവും കൊടുത്താണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ഈ അവസ്ഥയാണ് ബുദ്ധിജീവിയായ മനുഷ്യന്റെ അന്തസ്സും. പാരമ്പര്യവും സാഹചര്യവും മനുഷ്യ വ്യക്തിത്വവളർച്ചയെ സ്വാധീനിക്കുന്നു. ശാരീരിക മാനസ്സിക വളർച്ചയിലുള്ള സമയവും സാവകാശവും മനുഷ്യ സ്വഭാവത്തിന് ഒരു റീഷെയ്പ്പിനുള്ള സാധ്യതയേറുന്നു. ഇവിടെയാണ് മനുഷ്യ ജീവിതത്തിൽ ഒരു രക്ഷണീയ ദൈവ ശാസ്ത്രത്തിന്റെ പ്രസക്തിയേറുന്നത്. ഇവിടെയാണ് ദൈവത്തിന്റെയും മനുഷ്യ സമൂഹമാകുന്ന കുശവന്റെയും കൈവിരലുകളുടെ മാസ്മരികത പ്രകടവും പ്രസക്തവുമാകുന്നത്. മനുഷ്യൻ മെനയപ്പെടട്ടെ, മെനയാൻ നിന്നുകൊടുക്കട്ടെ.



www.malankaralibrary.com


# 'ഹാപ്പി ദുക്റാന'

'ഹാപ്പി ദുക്റാന' തോമാശ്ലീഹായുടെ ഓർമപ്പെരുന്നാൾ ദിവസം കൂട്ടുകാരനെ വിഷ് ചെയ്തതിനുശേഷമാണ് ചിന്തിച്ചത്, ചരമ ദിനവും ഓർമ്മപ്പെരുന്നാളുമൊക്കെ ഹാപ്പി ചേർത്ത് പറയാമോ 'വൈ നോട്ട്' ആരോ പറഞ്ഞു. ശരി യാണ്, എന്തുകൊണ്ട് പാടില്ല ചരമദിനം ഓർമ്മ ദിനമായി മാറുന്നു. പിന്നെയത് ഓർമ്മ തിരുന്നാ ളായി മാറുന്നു. തിരുനാളുകൾ ആചരിച്ച് പിന്നെ അത് പെരുന്നാളായി മാറുന്നു. ഈ പരിണാമം ചരമം, ഓർമ്മദിനം, ഓർമ്മത്തിരുന്നാൾ, പെരുന്നാൾ ക്രിസ്തീയ ആത്മീയ ജീവിത ത്തിന്റെ ഒരു പ്രതീകമാണ്. ഒരു സാധാരണ ജീവിതവും മരണവും പെരുന്നാളാഘോഷ മായി മാറുന്ന പ്രക്രിയയാണ് ക്രിസ്തീയ ജീവിതത്തിൽ സംഭവിക്കുന്നത്. നമ്മുടെ ജീവൻ ജീവിത യാഥാർത്ഥ്യങ്ങളിലൂടെ, മരണത്തിലൂടെ കടന്നുപോയി ഉത്ഥാന ത്തിലൂടെ മഹത്വം പ്രാപിച്ച് ദൈവത്തിൽ തിരിച്ചെ ത്തുമ്പോൾ അതൊരാഘോഷമായി മാറുകയാണ്. ഇതാണ് വിശുദ്ധരുടെ ജീവിതത്തിൽ സംഭവിക്കുന്നത്. അവരുടെ ഓർമദിനം ഓർമ്മ പെരുന്നാളായി മാറാൻ കാരണം അവരുടെ ജീവിതശൈലിയും ആത്മീയതയുമാണ്. ഒരു ജീവിതകാലത്തെ മനുഷ്യന്റെ ചെയ്തികളുടെ പ്രത്യേകിച്ച്, പരോന്മുഖമായ സ്നേഹ പ്രവർത്തികളുടെ ആകെത്തുകയാണ് അവനെ ഒരു ശുദ്ധാത്മാ വായി മാറ്റുന്നത്. നമ്മുടെ ഓർമ്മ, ചരമദിനം കൊണ്ട് അവസാനിക്കാതിരിക്കണ മെങ്കിൽ ഓർമ്മകൾ, ജീവനുള്ള ഓർമ്മകൾ മനുഷ്യ മനസ്സുകളിൽ അവശേഷിപ്പിക്കണം. അവന വനു വേണ്ടി മാത്രം ജീവിക്കുന്നവന്റെ ഓർമ്മ അവന്റെ മരണത്തോടുകൂടി തന്നെ അവസാ നിക്കും. വേണ്ടേ നമുക്കും ജീവിക്കണ്ടേ നമ്മുടെ മരണത്തിനുശേഷം? എങ്കിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ ജീവനുള്ള ഓർമ്മകൾ അവ ശേഷിപ്പിക്കാം. 'കാറ്റത്ത് തൂറ്റണം' എന്ന് കേട്ടിട്ടില്ലേ മരണത്തിനു ശേഷവും ജീവിക്കാൻ ജീവനുള്ളപ്പോൾ നമുക്ക് ജീവിക്കാം.



BETHANY PUBLICATIONS
www.malankaralibrary.com


# അടുപ്പവും അകലവും

Yuval Noah Harari ഒരിക്കൽ പറഞ്ഞു വെച്ചു, too familiar to ignore but too different to tolerate.

മനുഷ്യകുലത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വിവരിക്കുമ്പോഴാണ് അദ്ദേഹം ഇത് പറഞ്ഞത്. മനുഷ്യകുലത്തിൽ തന്നെ വിവിധ തരത്തിലുള്ള (സ്പീഷീസ്) മനുഷ്യനുണ്ടായിരുന്നെന്നും അവർ തമ്മിൽ സാരമായി അവഗണിക്കാൻ പറ്റാത്ത തരത്തിലുള്ള സാദൃശ്യങ്ങൾ ഉണ്ടായിരുന്നെന്നും എന്നാൽ തമ്മിൽ അത്രമേൽ അംഗീകരിക്കാൻ സാധിക്കാത്ത വ്യത്യാസങ്ങളുണ്ടായിരുന്നെന്നും ശാസ്ത്രീയമായി അദ്ദേഹം വിശദീകരിക്കുന്നുണ്ട്. മനുഷ്യകുലത്തിലെ ഒരു ശാഖയായ നമ്മൾ, സാപ്പിയൻസ്, തമ്മിലുള്ള സാദൃശ്യങ്ങളും വ്യതിരക്തതയും കണക്കിലെടുക്കുമ്പോൾ ഹരാരിയുടെ നിരീക്ഷണം ഏതാണ്ടൊക്കെ ശരിയാണെന്ന് തോന്നുന്നു. മനുഷ്യ വ്യക്തികളിൽ തന്നെ എത്രമാത്രം സദൃശ്യ ഘടകങ്ങളാണുള്ളത്. അവ നമുക്ക് അവഗണിക്കാൻ പറ്റില്ലല്ലോ. എന്നാൽ നമ്മൾ തമ്മിലുള്ള വ്യത്യാസങ്ങൾ കണക്കിലെടുക്കുമ്പോൾ പലപ്പോഴും പരസ്പരം വഹിയ്ക്കാൻ പാടില്ലാതെ വരുന്നു. ഇങ്ങനെ ഒത്തുപോകാൻ സാധിക്കാത്ത സാഹചര്യങ്ങളാണ് മനുഷ്യ സമൂഹത്തിലെ ഒട്ടേറെ പ്രശ്നങ്ങൾക്ക് കാരണവും. അപരന്റെ വ്യക്തിത്വം എന്റേതുമായി സംഘർഷത്തിലകപ്പെടുന്നതാണ് പ്രശ്നങ്ങൾക്ക് കാരണം. എന്നാൽ നമ്മെ പോലൊരു സാപ്പിയൻസ് ഒരിക്കൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നു. ആദിയും അന്തവുമില്ലാത്തവനായി. അവൻ മനുഷ്യർ തമ്മിലുള്ള അകലങ്ങൾ അടുപ്പിച്ചു. മലകളും കുന്നുകളും ഇടിച്ചിട്ട് വലിയ ഗർത്തങ്ങൾ നികത്തി. വമ്പൻ ക്രോസ് വേകൾ പണിത് സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധിപ്പിച്ച് സഞ്ചാര യോഗ്യമാക്കി. സാപ്പിയൻ സിന്റെ ലോകത്തിലായിരുന്നെങ്കിലും അവൻ ലോകത്തിന്റേതായിരുന്നില്ല. ലോകത്തിൽ ഒരു ശക്തിക്കും അവനെ കീഴ്പ്പെടുത്താൻ സാധിച്ചുമില്ല. ശാസ്ത്രം അവന്റെ മുമ്പിൽ മുട്ടുകുത്തി. അവനെ നമുക്ക് പരിചയമുണ്ട്, പാവം നസ്രായൻ. ഓർമ്മയുണ്ടോ മരണ സമയത്തെ അവന്റെ ആ മുഖം!

# സ്വർഗ്ഗത്തിലെ മെഗാ കമ്പ്യൂട്ടർ

അന്നൊരു ദിവസം രാത്രിയിൽ ഞാൻ സ്വർഗ്ഗത്തിലെ ഓഫീസ് സന്ദർശിക്കുകയു ണ്ടായി. ഒരു മാലാഖ എന്നെ അവിടെയെല്ലാം കൊണ്ട് നടന്നു കാണിച്ചു. ഫ്രണ്ടിൽ പിതാവായ ദൈവത്തിന്റെ വർക്ക് ഓഫീസ്. അതിന് പിറകി ലായിട്ടാണ് സ്വർഗ്ഗത്തിലെ കമ്പ്യൂട്ടർ സ്ഥാപിച്ചി രിക്കുന്നത്. ഇതൊരു കമ്പ്യൂട്ടറും എന്ന് പറയാൻ പറ്റില്ല. ഹെക്റ്റർ കണക്കിന് വിശാലമായ ഒരു പ്രദേശത്താണ് മൈലുകൾ നീളം വീതിയുള്ള കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിരിക്കുന്നത്. ഈ ബ്രഹ്മാണ്ഡം മുഴുവൻ നിയന്ത്രിക്കുന്ന കമ്പ്യൂട്ടർ യൂണിറ്റുകൾ നിരനിരയായി സ്ഥാപിക്കപ്പെട്ടിരി ക്കുന്നു. ഇടയിലൂടെ ഒരാൾക്ക് കടന്നുപോകാ നുള്ള ഇടവഴികളും ഉണ്ട്. പ്രപഞ്ചത്തിലെ ഭൂമിയെ നിയന്ത്രിക്കുന്ന കമ്പ്യൂട്ടറിന്റെ അടുത്ത് ഞാനെത്തി. കൂടെയുണ്ടായിരുന്ന മാലാഖ എല്ലാം വിവരിച്ചു തന്നു. എനിക്ക് അധിക മൊന്നും മനസ്സിലായില്ല. എന്നാലും മനുഷ്യനു വേണ്ടിയുള്ള കമ്പ്യൂട്ടറിൽ തന്നെ ഒരായിരം യൂണിറ്റുകൾ, സബ് യൂണിറ്റുകൾ. മാലാഖ ഓരോന്ന് വിവരിച്ചു കൊണ്ടിരുന്നു. എല്ലാം മനസ്സിലാകുന്നു എന്ന ഭാവത്തിൽ ഞാൻ തലയാട്ടികൊണ്ടിരുന്നു. മനുഷ്യന്റെ ശരീരം, മനസ്സ്, മറ്റു ആന്തരിക വ്യാപാര ങ്ങളെയെല്ലാം നിയന്ത്രിക്കുന്ന യൂണിറ്റുകൾ ഞാൻ കണ്ടു. ബോഡി യൂണിറ്റിൽ നോക്കി യപ്പോൾ കോടാനു കോടി നെർവ്സ് കണക്ഷന്റെ വലിയ ഒരു ഡയഗ്രാം എനിക്ക് കാണിച്ചു തന്നു. ഞാൻ ചോദിച്ചു, ഇതെ ന്താണ് മാലാഖ പറഞ്ഞു. ഇത് ലോകത്തിനും സ്പേയ്സിലും എവിടെയൊക്കെ മനുഷ്യ നുണ്ടോ അവരുടെയെല്ലാം നാഡീനരമ്പു കളെ (നെർവ്വ്സ്) നിയന്ത്രിക്കുന്ന യൂണിറ്റാ ണിത്. ഞാൻ വീണ്ടും ചോദിച്ചു, ഇതിൽ ഏതാണ്ട് എത്ര കണക്ഷൻസ് കാണും? മാലാഖ പറഞ്ഞു. ഒരു മനുഷ്യശരീരത്തിലെ നേർവ്സിന്റെ എണ്ണം 7 ട്രില്യൻ. ഭൂലോക ത്തിൽ മനുഷ്യന്റെ മൊത്ത മെണ്ണം 7.8 ബില്യൻ. ഇത് രണ്ടും കൂടി ഗുണിച്ചെ ടുത്തു കൊള്ളുക. ഞാൻ ബോധം കെട്ട് നിലത്തു വീണില്ലെന്നേയുള്ളൂ. കൈ കാൽ വിരലുക ളിൽ കണക്കുകൂട്ടി ഞാൻ തിരിച്ചു നടന്നു. അപ്പോൾ ചെറിയൊരു ട്രാൻസിലായിരുന്നു!

BETHANY PUBLICATIONS
www.malankaralibrary.com


# മത്തിയാസിന്റെ തെരഞ്ഞെടുപ്പ്

യേശുവിനും 12 ഒരു മാജിക് നമ്പർ ആയിരുന്നെന്ന് തോന്നുന്നു. പലർക്കും അത് ഒരു ലക്കി നമ്പർ കൂടിയാണ്. യേശു തന്റെ ശിഷ്യരിൽ നിന്നും ശ്ലീഹാ പദവി അലങ്കരിക്കാൻ 12 പേരെ യാണ് തെരഞ്ഞെടുത്തത്. അത് ഒറ്റ പ്രാവശ്യം ഒരേ സിനാക്സിൽ ആയിരുന്നുമില്ല. വളരെ ശ്രദ്ധാപൂർവ്വവും സാവകാശവുമായിരുന്നു അവിടുത്തെ തെരഞ്ഞെടുപ്പ്. എന്നിട്ടുപോലും അതിലൊരാൾ ദൈവവിളി ഉപേക്ഷിച്ചു പോയ കഥ നമുക്കറിയാം. ഈ വിടവ് നികത്താൻ കർത്താവിന് ജീവിച്ചിരിക്കുമ്പോൾ സാവകാശം കിട്ടിയില്ല. ആയതിനാൽ ആ കടമ ആദ്യ സഭാകൂട്ടായ്മയിലും തലവൻ പത്രോസിനും വന്നുചേർന്നു. പത്രോസ് ശിഷ്യരോട് പറഞ്ഞു, നിങ്ങൾ രണ്ടു പേരെ തിരഞ്ഞെടുത്ത് ഞങ്ങൾക്ക തരിക. അതിൽ ആരായിരിക്കണം ശ്ലീഹാ എന്ന് കർത്താവ് തന്നെ നമുക്ക് വെളിപ്പെടുത്തി തരട്ടെ. അവർ ബാർസബാസ് എന്നും യൂസ്തോസ് എന്നും വിളിക്കപ്പെട്ടിരുന്ന ഒരു ജോസഫിന്റെയും മത്തിയാസിന്റെയും പേര് സജസ്റ്റ് ചെയ്തു. രണ്ടുപേരും ആദ്യം മുതലേ യേശുവിനെ അനുധാവനം ചെയ്തിരുന്നവരായിരുന്നു. രണ്ട് മൂന്ന് പേരിലറിയപ്പെട്ടിരുന്ന ജോസഫ് ഒരു പക്ഷേ ഇവരിൽ അല്പം കേമനായിരുന്നിരിക്കണം. ശ്ലീഹന്മാർ പ്രാർത്ഥിച്ചു, 'കർത്താവേ ഈ ഇരുവരിൽ ആരെയാണ് അങ്ങ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കണമേ.' എന്നിട്ട് അവർ കുറിയിട്ടു. മത്തിയാസിന് കുറി വീണു. ഈ പാരമ്പര്യം തന്നെ നമ്മുടെ സഭാതലങ്ങളിലും സന്യാസ സഭകളിലും വേണ്ടിവന്നാൽ രാഷ്ട്രീയത്തിൽ പോലും അധികാരിയുടെ തെരഞ്ഞെടുപ്പുകളിൽ പാലിക്കുന്നത് അഭികാമ്യമായിരിക്കും. തെരഞ്ഞെടുപ്പുകൾ തെരഞ്ഞെടുക്കുന്നവരുടെ ഹിതത്തേക്കാളുപരി ദൈവേഷ്ടം തിരിച്ചറിയാനുള്ള ഒരു പ്രക്രിയയായിരിക്കണം. ദൈവം ആരെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് വ്യക്തമാക്കണമെ എന്ന പ്രാർത്ഥന മാത്രമേ തെരഞ്ഞെടുപ്പു വേളകളിൽ ഉണ്ടായിരിക്കാവൂ. ദൈവം തെരഞ്ഞെടുത്തവന് മാത്രമേ അവിടുന്ന് അധികാരങ്ങൾ കൈമാറുകയുള്ളൂ. അധികാരം ദൈവീകമായി കൈകാര്യം ചെയ്യാത്തവരെ അവിടുന്നായിരിക്കുകയില്ല തെരഞ്ഞെടുത്തത്.

BETHANY PUBLICATIONS
www.malankaralibrary.com


# സഭയിലെ ആദ്യാത്ഭുതം

യേശു പ്രവർത്തിച്ച ആദ്യത്തെ അത്ഭുതം നമുക്ക് ഓർമ്മയുണ്ട്. എന്നാൽ സഭയിൽ നടന്ന ആദ്യ അത്ഭുതം അതാണ് ഭാഷാവരം. പെന്തക്കുസ്തായ്ക്ക് ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. ആത്മാവ് ശബ്ദത്തോടും ആരവത്തോടും ഇറങ്ങിവന്നെങ്കിലും അഭിഷേകം കഴിഞ്ഞപ്പോൾ എല്ലാം ശാന്തമായി. ആത്മാഭിഷേകത്തിന്റെ ഫലം മൗനവും ശാന്തതയുമാണ്. അവർ ആത്മാവിനെ സ്വീകരിച്ചത് സുവിശേഷപ്രസംഗത്തിനുവേണ്ടിയായിരുന്നു. അവർ പ്രസംഗിക്കാൻ തുടങ്ങി. അവർക്ക് അറിയാവുന്ന ഏക ഭാഷ അരമായ ഭാഷയായിരുന്നു. ആ ഭാഷയിൽ മാത്രമായിരിക്കണം അവർ പ്രസംഗിച്ചത്. എന്നാൽ കേൾവിക്കാരിൽ അപ്പോൾ അവിടെ കുറഞ്ഞത് 16 നാടുകളിൽ നിന്ന് വന്ന വർ ഉണ്ടായിരുന്നു. അവരുടെ ഭാഷകൾ തമ്മിലും ഡയലക്റ്റുകൾ തമ്മിലും വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. എന്നാൽ UNO-യിൽ ഒരാൾ ഇംഗ്ലീഷിൽ പ്രസംഗിക്കുമ്പോൾ വിവിധ ഭാഷക്കാർ അവരുടെ ഇയർ ഫോണിൽ സ്വന്തം ഭാഷയിൽ പ്രസംഗം കേൾക്കുന്നതുപോലെ അവിടെയുണ്ടായിരുന്ന 16 രാജ്യക്കാരും അവരുടെ ഭാഷയിൽ ശ്ലീഹന്മാരുടെ പ്രസംഗം കേട്ടു. ഇതാണ് ഭാഷാവരത്തിന്റെ ഉൽഭവവും അത്ഭുതവും. അന്ന് അതൊരു ആവശ്യമായിരുന്നു. ആയതിനാൽ ആത്മാവ് അത്ഭുതം പ്രവർത്തിച്ചു. എന്നാൽ ഇന്നത്തെ സുവിശേഷപ്രഘോഷണങ്ങളിൽ നാം കേൾക്കാറുള്ള ഭാഷാവരം ഇതുതന്നെയാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ആർക്കും മനസ്സിലാകാത്ത ശബ്ദകോലാഹലങ്ങൾ ആത്മാവിന്റെ ഭാഷണ വരം തന്നെയോ എന്തോ! എന്തായാലും ഈ സിദ്ധി കേൾക്കുന്നവനാണ് അന്ന് കിട്ടിയത്, പ്രസംഗിക്കുന്നവനായിരുന്നില്ല. ഇന്ന് ഒരു പക്ഷേ പരിശുദ്ധാത്മാവിന്റെ സ്ട്രാറ്റജിക്ക് മാറ്റങ്ങൾ ഉണ്ടായിക്കാണുമായിരിക്കും!



BETHANY PUBLICATIONS
www.malankaralibrary.com


# ആഗസ്റ്റ് 15

മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന ഈ ദിവസങ്ങളിൽ ഞാൻ പിതാവിനെ കണ്ടപ്പോൾ ചോദിച്ചു, യഥാർത്ഥത്തിൽ 1919 ആഗസ്റ്റ് 15-ന് തന്നെയാണോ അവിടുന്ന് ബഥനി സ്ഥാപിച്ചത് പിതാവ് അല്പം ഗൗരവത്തോടെ പറഞ്ഞു, 'ഉം, എന്താ ഇപ്പോഴൊരു സംശയം ഞങ്ങൾ ആദ്യാംഗങ്ങൾ അത്യാവശ്യം ചില ആശ്രമനിയമങ്ങൾ എഴുതിയുണ്ടാക്കി അൾത്താരയിൽ സമർപ്പിച്ച്, ഈ നിയമങ്ങളനുസരിച്ച് ജീവിപ്പാൻ പ്രതിജ്ഞയെടുക്കുന്നുവെന്ന് തമ്പുരാനോട് ആണയിട്ടു പറഞ്ഞത് അന്നാണ്. തമ്പുരാന്റെ അമ്മച്ചിയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ ദിവസം (ആഗസ്റ്റ് 15) കൂടിയായിരുന്നു അന്ന്. അമ്മയുടെ മാദ്ധ്യസ്ഥവും യാചിച്ച്, ബലിയർപ്പിച്ചു. എന്നാൽ ഒന്ന് മനസ്സിലാക്കിക്കോ, നാം സെറാമ്പൂരിലായിരുന്നപ്പോൾ, എന്ന് ഒരാശ്രമത്തിന്റെ ആശയം തമ്പുരാൻ നമ്മുടെ മനസ്സിൽ അങ്കുരിപ്പിച്ചുവോ അന്ന് തന്നെ ബഥനി സ്ഥാപനവും നടന്നിരുന്നുവെന്നു പറയരുതോ? ശരിയാണ്, ബഥനി എന്ന പേര് കൊടുക്കുന്നതൊക്കെ പിന്നെയാണ്. അങ്ങനെ ബഥനിയുടെ ശൈശവാശ്രമം ഞാനും കൂടെയുള്ള ശെമ്മാശന്മാരും കൂടി സെറാമ്പൂരിൽ തുടങ്ങി എന്ന് പറയുന്നതിൽ തെറ്റുണ്ടോ? ഇനിയും ഭാവി ആശ്രമത്തിനു വേണ്ടി വാങ്ങിയ മലയുടെ അടിവാരത്തിൽ സത്രത്തിൽ താമസിച്ചുകൊണ്ടിരുന്ന അലക്സിയോസ് അച്ചനും, ഉമ്മൻ വദ്ധ്യാരും (ബർസ്കിപ്പാ അച്ചൻ), നമ്മുടെ അനുജൻ മത്തായി പണിക്കരും കൂടി മുകളിൽ ആശ്രമത്തിനു വേണ്ടി ഒരു ഷെഡ് പണിതു കൊണ്ടിരിക്കുകയായിരുന്നല്ലോ. പണി കഴിഞ്ഞപ്പോൾ സൗകര്യാർത്ഥം ആശ്രമ കെട്ടിടത്തിലേയ്ക്ക് താമസം മാറ്റിയ ദിവസം വേണമെങ്കിൽ ആശ്രമം തുടങ്ങിയെന്ന് അവർക്ക് പറയാം. പരിശീലനം കഴിഞ്ഞ് ആശ്രമാംഗങ്ങൾ ആദ്യവ്രതം ചെയ്ത ദിവസവും സ്ഥാപകദിനം ആകാം. സമയത്തിലും സ്ഥലത്തിനും എന്തിരിയ്ക്കുന്നു ആശ്രമ സ്ഥാപനം എന്നുള്ള ആശയത്തിനല്ലേ പ്രാധാന്യം? അതെവിടെ നിന്നാണെന്നും, എന്നാണ് അത് പ്രാവർത്തികമായതെന്നും എല്ലാവർക്കുമറിയാം. പിതാവ് പറഞ്ഞവസാനിപ്പിച്ചപ്പോൾ എനിക്ക് തെല്ലൊരാ ശ്വാസം തോന്നി. ആഗസ്റ്റ് 15 എന്ന തീയതി എന്റെ ബോധത്തിൽ തിളങ്ങിനിന്നു.

BETHANY PUBLICATIONS
www.malankaralibrary.com



# പ്രകൃതിസ്നേഹിയായ ദൈവം

പ്രകൃതിയെയും മനുഷ്യനെയും ദൈവം സൃഷ്ടിച്ചപ്പോൾ ആ സൃഷ്ടി കർമ്മത്തിൽ ഒരു നുള്ള് സ്വാതന്ത്ര്യവും ബഹുമാനവും കൂട്ടിയിട്ടിട്ടുണ്ടായിരുന്നു. ആയതിനാൽ മനുഷ്യനും പ്രകൃതിയും, സ്വാതന്ത്ര്യവും ബഹുമാനവും അർഹിക്കുന്നു. ഉദിക്കേണ്ട സമയത്ത് സൂര്യൻ ഉദിക്കും. വെയിലിന് ചൂട് ഉണ്ടാകും. മഞ്ഞിന് തണുപ്പും. പെയ്യേണ്ട മഴ പെയ്യും. വിരിയേണ്ട പൂവ് വിരിയും; കൊഴിയേണ്ട ഇല കൊഴിയും. ഇങ്ങനെ പ്രകൃതി അതിന്റെ സ്വാതന്ത്ര്യം ഉപയോഗിച്ച് സ്വതന്ത്രമായി വിരാജിക്കും. മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രകൃതിയെ ചോദ്യം ചെയ്യാതെ അതിനെ ബഹുമാനിക്കുകയാവും അഭികാമ്യം. ദൈവം മനുഷ്യന്റേയും പ്രകൃതിയുടേയും സ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നു. അത് സ്വതന്ത്രമായി പ്രവർത്തിച്ചു കൊള്ളട്ടെ എന്നതാണ് അവിടുത്തെ അഭിമതം. അപ്പോഴാണ് സ്വാർത്ഥരായ മനുഷ്യർ ദൈവത്തോട് പറയുന്നത് പ്രകൃതിയെ നിയന്ത്രിക്കണമെന്ന്. നാം പ്രാർത്ഥിക്കും, ഇന്നു മഴപെയ്യല്ലെ. മറ്റു ചിലർ പ്രാർത്ഥിക്കും ഇന്നു മഴ പെയ്യണേ. ആരുടെ പ്രാർത്ഥന ദൈവം കേൾക്കും എന്നല്ല ഇവിടുത്തെ ചോദ്യം, പ്രകൃതി നിയമത്തിൽ ദൈവം ഇടപെടേണ്ടതുണ്ടോ എന്നതാണ്. നമ്മുടെ ഇഷ്ടാനിഷ്ടാനങ്ങളെ പ്രീണിപ്പിക്കാൻ ദൈവം പ്രകൃതിയെ അപമാനിക്കുകയില്ല. ഇപ്പോൾ മനസ്സിലായില്ലേ എന്തുകൊണ്ടാണ് ചിലപ്പോൾ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കാത്തതെന്ന്. എന്നാൽ ചില അവസരങ്ങളിൽ പ്രകൃതി നിയമങ്ങളേയും ഉല്ലംഘിക്കുന്ന ദൈവത്തിന്റെ ചില ഇടപെടലുകൾ ഉണ്ടായേക്കാം. അതിനെയാണ് നാം 'മിറക്കിൾ' എന്നു വിളിക്കുന്നത്. അത് മനുഷ്യൻ സർവ്വസൃഷ്ടികളുടെയും മകുടമായതിനാലും ആ മനുഷ്യനെ ദൈവം കൂടുതൽ സ്നേഹിക്കുന്നതിനാലുമാണ്. അപ്പോൾ നമ്മൾ പ്രാർത്ഥിക്കേണ്ടത്, ചക്ക തലയിൽ വീണ് തല പൊട്ടല്ലെ എന്നല്ല, പഴുത്ത ചക്ക തൂങ്ങിക്കിടക്കുന്ന പ്ലാവിൻ ചുവട്ടിൽ പോയി നിൽക്കേണ്ടി വരല്ലേ എന്നാണ്. ഇടഞ്ഞു നിൽക്കുന്ന കാട്ടുപന്നി കുത്തല്ലേ എന്നല്ല, അതിന്റെ അടുത്ത് പോകേണ്ടി വരല്ലേ എന്നാണ്. മുഹമ്മദ് ബഷീറിന്റെ അത്രയെങ്കിലും പ്രകൃതിയെയും, മദർ തെരേസയെ പോലെയെങ്കിലും മനുഷ്യനെയും നമുക്ക് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാം.

www.malankaralibrary.com
BETHANY PUBLICATIONS



# പത്രോസിന്റെ പ്രസംഗം

ആദ്യ മാർപാപ്പയുടെ ആദ്യ ചാക്രീയ ലേഖനമാണ് ഇവിടെ പ്രതിപാദ്യം. പെന്തക്കുസ്താ ദിവസം ശ്ലീഹന്മാർ പരിശുദ്ധാത്മാവിനാൽ ആഭിക്ഷിക്തരായപ്പോൾ അവർ ആദ്യം ചെയ്തത് സുവിശേഷ പ്രസംഗമായിരുന്നു. നമ്മുടെയൊ ക്കെ രീതിയനുസരിച്ചാണെങ്കിൽ ഇത്ര വലിയ ഒരു സംഭവത്തിന് പാത്രീഭൂതരായ അവർ, ഇത്ര വലിയ ഒരു പദവിയിലേക്ക് ഉയർത്തപ്പെട്ടപ്പോൾ അവർ ഇതൊരാഘോഷമായി എടുക്കേണ്ടതായിരുന്നു. നമ്മളൊക്കെ ആയിരുന്നെങ്കിൽ കൂട്ടുകാരുമൊത്ത് ഒരു 'വൺഡേ ടൂർ' എങ്കിലും സംഘടിപ്പിക്കുമായിരുന്നു. ശ്ലീഹന്മാർ പൊടുന്നനെ പുറത്തിറങ്ങി അവർക്ക് അറിയാവുന്ന ഭാഷയിലും ശൈലിയിലും തങ്ങളുടെ ക്രിസ്താനുഭവം മറ്റുള്ളവരുമായി പങ്കുവെക്കുകയാണ് ചെയ്തത്. അവർ പ്രസംഗിച്ചത് ഒരു ഭാഷയിലായിരുന്നെങ്കിലും കേട്ടവർ കേട്ടത് അവരവരുടെ ഭാഷയിൽ തന്നെയായിരുന്നു. അവർ അത്ഭുതപ്പെട്ടു, സെഹിയോൻ മാളികയിലേയ്ക്ക് കയറിപ്പോയവല്ലായിരുന്നു ഇറങ്ങിവന്നത്. എന്തൊരു ധൈര്യം! എന്തൊരു വാക്ക് ചാതുര്യം. അകത്തെ മുറിയിൽ അവർ രാവിലെ തന്നെ അല്പം പൂസ്സായി പോയോ എന്ന് പോലും ജനം സംശയിച്ചു. ഈ അവസരത്തിൽ അവരുടെ നേതാവ് തന്റെ കടമ നിർവഹിക്കുകയാണ്. എന്തായിരുന്നു അത് സഭാ കൂട്ടായ്മയിൽ ശ്ലീഹന്മാരെ കുറിച്ച് ഒരു തെറ്റിദ്ധാരണ ജനത്തിനിടയിൽ ഉണ്ടായെന്ന് സ്വയം മനസ്സിലാക്കി. അത് തിരുത്തി കൊടുക്കുക എന്നു ള്ളത് ലീഡറുടെ കടമയാണ്. ഒരു നല്ല നേതാവ് അത് ചെയ്തിരിക്കണം. നേതാവ് അതു ചെയ്യുന്നി ല്ലെങ്കിൽ തെറ്റിദ്ധാരണകൾ നിലനിൽക്കും. പത്രോസ് എഴുന്നേറ്റു നിന്നു. ഔദ്യോഗികമായി എന്തെങ്കിലും വിളംബരം ചെയ്യുന്നതിന്റെ അടയാളമാണത്. അദ്ദേഹം പറഞ്ഞു, 'യഹൂദ ജനങ്ങളെ, ജറുശ്ലേമിൽ വസിക്കുന്നവരെ, ഞങ്ങൾ ആത്മാവിന്റെ ശക്തിയാലും പ്രേരണയാലുമാണ് പ്രസംഗിക്കുന്നത്. നിങ്ങൾ വിചാരിക്കുന്നതുപോലെ കുടിച്ചുന്മത്തരായി പറയുന്നതല്ല. നിങ്ങൾക്ക് അങ്ങനെ തോന്നുന്നെങ്കിൽ അത് ഞങ്ങളുടെ കുറ്റമല്ല. നേതാവ് അണികളെ ഡിഫൻഡ് ചെയ്തു.

BETHANY PUBLICATIONS
www.malankaralibrary.com


# 'മാർഗ്ഗം കൂടികൾ'

പണ്ടുകാലത്ത് നസ്രാണി ക്രിസ്ത്യാനികളെ മാർഗ്ഗം കൂടികൾ എന്ന് വിളിക്കാറുണ്ടായിരുന്നു. വിളിച്ചവർക്കും വിളിക്കപ്പെട്ടവർക്കും ഈ നാമത്തിന്റെ പൊരുൾ എന്തെന്ന് അറിയാമായിരുന്നോ എന്നു സംശയമുണ്ട്. അർത്ഥമറിയാത്ത വിളിപ്പേരുകൾ! ഒരാൾ ക്രിസ്തുമതം സ്വീകരിക്കുമ്പോൾ അയാളെ 'മാർഗ്ഗം കൂടി' എന്ന് വിളിച്ചെങ്കിൽ അതിന്റെ അർത്ഥം നമുക്ക് ഗ്രഹിക്കാവുന്നതേയുള്ളൂ. ആ ആൾ ഏതോ ഒരു മാർഗ്ഗം സ്വീകരിച്ചവനാണ്. ഇവിടെ ചോദ്യം ഏത് മാർഗ്ഗം എന്നതാണ്. ക്രിസ്തുമാർഗ്ഗം, അതുതന്നെ. ഒരുവൻ ക്രിസ്ത്യാനിയായാൽ ക്രിസ്തുമാർഗം സ്വീകരിച്ചിരിക്കുന്നു. മാർഗ്ഗം എന്നാൽ വഴി എന്നാണല്ലോ. അപ്പോൾ അയാൾ ക്രിസ്തു വഴി സ്വീകരിച്ചവനാകുന്നു. ക്രിസ്തുവിനെ വഴിയാക്കിയവന്റെ ലക്ഷ്യമെന്താണ്? ദൈവരാജ്യം അല്ലെങ്കിൽ സ്വർഗ്ഗരാജ്യം. അങ്ങനെ ഒരു രാജ്യമുണ്ടെന്നും മനുഷ്യരെല്ലാം ആ രാജ്യത്തെ പൗരന്മാരാണെന്നും, ഈ ലോകവാസം കഴിഞ്ഞാൽ പൂർവ്വപൗരത്വം ഏറ്റു വാങ്ങാൻ അവിടെ എത്തേണ്ടവരാണെ ന്നും അതിന് ഒരു പ്രത്യേക വഴിയിലൂടെ സഞ്ചരിക്കണമെന്നുമുള്ള പൂർണ്ണ പരിജ്ഞാനത്തോടുകൂടിയാണോ പണ്ട് ക്രൈസ്തവർ ക്രൈസ്ത വരായതെന്ന് നമുക്കറിഞ്ഞുകൂടാ. യേശു ക്രിസ്തു ഒരിക്കൽ പറഞ്ഞിട്ടുണ്ട്, 'ഞാനാകുന്നു വഴിയും സത്യവും ജീവനും', ഈ വചനത്തിലെ വഴി കടമെടുത്തുള്ള പ്രയോഗമായിരിക്കും ക്രിസ്തു മാർഗ്ഗം എന്നുള്ളത്. ക്രിസ്തുമാർഗ്ഗമെന്നാൽ ക്രിസ്തുവിന്റെ പ്രബോധനങ്ങളും ഉപദേശങ്ങളും കൽപ്പനകളുമല്ലാതെ മറ്റൊന്നല്ല. ഇതെല്ലാം കൂടുന്നതാണ് സുവിശേഷം. അപ്പോൾ സുവിശേഷം സ്വർഗ്ഗരാജ്യ പ്രവേശനത്തിനുള്ള ഏകമാർഗ്ഗമായി മാറുന്നു. സ്വർഗ്ഗത്തിലേക്ക് ഊടുവഴികൾ പലതുണ്ടെങ്കിലും നേർവഴിയും ഗേറ്റും 'മാർഗ്ഗം കൂടി'കളുടെ സ്വന്തമാണ്.



BETHANY PUBLICATIONS
www.malankaralibrary.com


# പ്രീ കൊറോണ

മനുഷ്യന്റെ പറച്ചിൽ കേട്ടാൽ തോന്നും, പണ്ട് യേശു ചരിത്രത്തെ രണ്ടായി ഭാഗിച്ചതു പോലെ കൊറോണയും ചരിത്രത്തെ വീണ്ടും രണ്ടായി ഭാഗിച്ചിരിക്കുകയാണെന്ന്. പ്രീ കൊറോണയും പോസ്റ്റ് കൊറോണയും. കൊറോണയുടെ ഇന്നത്തെ ഒരു സ്റ്റാറ്റസ് അപാരം തന്നെ. പ്രീ കൊറോണയിൽ എല്ലാവരും മടുത്തിരിക്കുന്നു പോലും, മനുഷ്യനും ദൈവവും. മനുഷ്യൻ മടുത്തത്, പണ്ട് ആദവും ഹൗവയും ദൈവത്തെ പോലെയാകാൻ ശ്രമിച്ചതു പോലെ ഇന്ന് കുറെ പേർ ദൈവങ്ങളാകാൻ ശ്രമിച്ചിട്ട് നടക്കാതെ പോയതിന്റെ ഇച്ഛാഭംഗം കൊണ്ടാണെന്ന് പറയപ്പെടുന്നു. വൈദ്യ ശാസ്ത്രം കണ്ടുപിടിച്ച മരുന്നുകളുടെ കൂമ്പാരത്തിന്മേൽ കയറിയിരുന്ന് മനുഷ്യൻ ദൈവത്തെ വെല്ലുവിളിച്ചു. മനുഷ്യനെ ആക്രമിക്കാൻ ഇനിയും ഏത് കൃമിയാണുള്ളതെന്ന് അവൻ അഹങ്കരിച്ചു. ഭൗമശാസ്ത്രം മൂന്നു ചുവടുകൊണ്ട് ഭൂമിയെ മുഴുവൻ അളന്ന് കാൽക്കീഴിലാക്കി അടുത്തതിനു വേണ്ടി സ്പേയിസിലേക്ക് ചേക്കേറുന്നു. സ്പേസ് ടൂറിനു വേണ്ടിയുള്ള ബൂക്കിംഗ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. പണ്ട് നമ്മുടെ 'സ്വർഗ്ഗ നാടി'നെ കൊള്ളയടിച്ച സായിപ്പിന്റെ നാട്ടിൽനിന്നും, നമ്മുടെ അരിയെല്ലാം പനങ്കായ് പകരം തന്ന് അടിച്ചുമാറ്റിയ ഗൾഫ് സുലൈമാരിൽ നിന്നും സമ്പത്ത് ഒന്നിന് നൂറായി നമ്മൾ തിരിച്ചു പിടിച്ചു കൊണ്ടിരിക്കുകയായിരുന്നു. ദൈവത്തിന്റെ സ്വന്തം നാട് ഒന്ന് മിനുക്കിപ്പണിയുകയായിരുന്നു പ്ലാൻ. ഇടവക പള്ളിയുടെ മുഖവാരം പൊളിച്ച് ഗോപുരം പൊക്കി പണിയുന്ന മത്സരത്തിലായി രുന്നു നമ്മൾ. സ്വപ്നങ്ങളെല്ലാം പൊലിഞ്ഞു. റാന്നിയിലെ ജോസഫച്ചന്റെ കൊറോണ സംഹാരകനായ ദൈവത്തിന്റെ വടി പ്രീ കൊറോണക്കാർക്കെതിരെയായിരിക്കണം ഉയർത്തിയിരിക്കുന്നതെന്ന് തോന്നുന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# പോസ്റ്റ് കൊറോണ

അങ്ങനെ തമ്പുരാൻ കൊറോണ യാകുന്ന ആപ്പ് (APP) ചൂലുകൊണ്ട് ഒരു ക്ലീനപ്പ് നടത്തി. പണ്ട് ജെറുസലേമിൽ ദേവാലയത്തിന്റെ ഗോപുരം ഇടിഞ്ഞു വീണ് ആയിരങ്ങൾ മരിച്ചപ്പോൾ മരിച്ചവർ ജീവിച്ചി രിക്കുന്നവരെക്കാൾ പാപികളായിരുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ എന്നൊരു ചോദ്യം യേശു ചോദിച്ചു. അങ്ങനെയല്ല എന്ന് സമർത്ഥിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു, ഇതുപോലുള്ള സംഭവങ്ങൾ കൊണ്ട് ദൈവം ലോകത്തെ ചില കാര്യങ്ങൾ പഠിപ്പിക്കാൻ ആഗ്രഹിച്ചു. അത്രമാത്രം കൊറോണ എന്ന ഈ മഹാമാരിയെയും ആ ഗണത്തിൽ പെടുത്തിയാൽ മതിയെന്നാണ് അവിടുത്തെ അഭിമതം. നീതിമാന്മാരെയും പാപികളെയും വേർതിരിക്കുന്ന അന്ത്യവിധിയുടെ പകർ പ്പല്ലിത്. ബാക്കി ജീവിച്ചിരിക്കുന്നവർക്ക് ഒരു താക്കീതാണ്. കണ്ടും കേട്ടും പഠിക്കാത്ത വർക്ക് കൊണ്ടു പഠിക്കാനൊരവസരം. കർ ത്താവിനും ശിഷ്യർ ക്കും ജീവനും മരണവും ഒരു പോലെയുള്ളൂ. കാര്യങ്ങൾ ഇങ്ങനെ യൊക്കെയാണെങ്കിലും പോസ്റ്റ് കൊറോണ ക്കാർ നന്നാവുന്ന മട്ടില്ല. ‘എന്തിനാപ്പാ എന്നെ അടിക്കുന്നത് ഞാൻ നന്നാവില്ല’ എന്ന മട്ടിലായി നമ്മൾ. കുറ്റകൃത്യങ്ങൾ പെരു കുന്നു. വാഹനാപകടങ്ങൾ വർധിക്കുന്നു. കൊട്ടേഷൻ ഗുണ്ടകൾ ആലസ്യത്തിൽ നിന്നും സട കുടഞ്ഞെഴുന്നേൽക്കുന്നു. പത്ര ക്കാരും മാധ്യമങ്ങളും ഏതാണ്ട് മറ ന്നിരുന്ന ‘പീഡനം’ വീണ്ടും തലപൊക്കുന്നു. വക്കീല ന്മാർ പോക് സോയുടെ നിയമാവലി പൊടി തട്ടിയെടുക്കുന്നു. തട്ടിപ്പും വെട്ടിപ്പും കുല തൊഴിലാക്കിയിരുന്ന ‘കച്ച കപടക്കാർ’ വീണ്ടും ജീവൻ വെച്ചു വരുന്നു. കുമ്പസാര ക്കാരൻ പാപങ്ങൾ ‘ബൂളാ’യിലൂടെ കടത്തിയപോലെ ആദ്ധ്യാത്മീയതയെല്ലാം ഓൺലൈനിലൂടെ കടത്തുന്നു, എന്ന് വേണ്ട ആകെ ഒരു ബഹളം. ഈശ്വരാ രക്ഷിതോ!



BETHANY PUBLICATIONS
www.malankaralibrary.com


# ഓർഡർ

ഇങ്ങനെ ഇടതടവില്ലാതെ, നിരന്തരം തങ്ങളുടെ ജോലിയിൽ വ്യാപൃതരായിരിക്കുന്ന എന്റെ ഹൃദയത്തോടും ശ്വാസകോശത്തോടും ഞാൻ ചോദിച്ചു, ഒരു നിമിഷം റെസ്റ്റ് എടുത്തു കൂടെ? മറ്റെല്ലാ അവയവങ്ങൾക്കും റെസ്റ്റ് ഉണ്ടല്ലോ. പാവങ്ങൾ കൈകളും കണ്ണുകളും മുകളിലേക്ക് ഉയർത്തി പറഞ്ഞു, ഓർഡറാ, മുകളീന്നുള്ള ഓർഡർ! അങ്ങനൊരു ഓർഡർ ദൈവത്തിൽ നിന്നുമുള്ളതുകൊണ്ടും ആ ഓർഡർ പാലിക്കുന്നതിൽ നിതാന്ത ജാഗ്രതയും വിശ്വസ്തതയും ഹാർട്ടും ലങ്ങ്സും കാണിക്കുന്നതുകൊണ്ടുമാണല്ലോ എനിക്കിത് കുത്തിക്കുറിക്കാൻ സാധിക്കുന്നത് എന്നുള്ള ഒരു ബോധം എന്റെ തലയിൽ ഫ്ളാഷ് ചെയ്തു. കാര്യം നിസ്സാരമെങ്കിലും സംഭവം ബഹുലമാണെന്ന് ബോധ്യമായി. ദൈവം തമ്പുരാന്റെ ചെറുതും വലുതുമായ ഓർഡറുകൾ നിസ്സാരവത്ക്കരിക്കാനും സ്കിപ്പ് ചെയ്യാനും എനിക്കൊരു മടിയുമില്ലല്ലോ എന്ന് ചിന്തിച്ച് നാണിച്ചു പോയി. മറ്റുള്ളവരെ സ്നേഹിക്കുക എന്നുള്ള തമ്പുരാന്റെ ഒരു ഓർഡർ എത്ര സൗകര്യപൂർവ്വമാണ് ഞാൻ നിസ്സാരവത്കരിക്കുന്നത്. എന്നെ സ്നേഹിച്ചിട്ട് വേണ്ടേ മറ്റുള്ളവരെ സ്നേഹിക്കാൻ എന്റെ കാര്യം നോക്കിയിട്ട് വേണ്ടേ മറ്റുള്ളവരുടെ കാര്യം നോക്കാൻ? പരസ്നേഹവും പറഞ്ഞുകൊണ്ടിരുന്നാൽ വയർ നിറയുമോ? അതുകൊണ്ട് ഓർഡറൊക്കെ ഒരു പരുവത്തിൽ പാലിച്ചാൽ മതിയെന്നാണ് നമ്മുടെ അഭിപ്രായം. അഭിപ്രായം പറയാൻ അവകാശമില്ലാത്തതു കൊണ്ടാവാം ഹൃദയവും ശ്വാസകോശവും മറ്റ് അവയവങ്ങളോട് അസൂയ തോന്നാതെ മുകളിലേയ്ക്ക് നോക്കി പറഞ്ഞത്, എന്ത് ചെയ്യാം, 'ഓർഡറാണ്'.



# ഒരു കള്ളം പറച്ചിൽ

നമ്മുടെ അനുദിന പ്രാർത്ഥന കളിലൊന്നാണല്ലോ അറുപത്തിമൂന്നാം സങ്കീർത്തനം. ഈ പ്രാർത്ഥന ചൊല്ലുമ്പോ ളൊക്കെ തമ്പുരാനോട് നാം ഒരു കൊച്ചു കള്ളം പറയുന്നില്ലേ? സങ്കീർത്തനത്തിലെ 56 വാക്യങ്ങൾ ഇങ്ങനെ പോകുന്നു, 'കിടക്ക യിൽ ഞാൻ നിന്നെ ഓർത്തു. രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കു കയും ചെയ്തു' (സങ്കീർത്തനം 63:56). ദേശീയ ഭാഷയിൽ 'ജ്യൂട്ട് ബോൾത്തെ' എന്നു പറയാം. ഒരു കൊച്ച് 'ജ്യൂട്ട്' അല്ലേ നമ്മൾ പറയുന്നത് സത്യത്തിൽ കിടക്കയിൽ നമ്മൾ അവനെ ഓർക്കുന്നുണ്ടോ? രാത്രികാല ങ്ങളിൽ അവനെ നമ്മൾ ധ്യാനിക്കുന്നുണ്ടോ നമ്മുടെ ന്യായീകരണം ഇങ്ങനെയൊക്കെ യാകാം, അവനെ ഓർക്കാനും ധ്യാനി ക്കാനും പകൽ യാമങ്ങളിൽ സമയം കിട്ടുന്നില്ല. പിന്നെയാ രാത്രികാലങ്ങളിൽ! അല്ലെങ്കിൽ പറയാം ദാവീദ് വയസ്സാ കാലത്ത് ഉറക്കം കുറവായ ദിവസങ്ങളിൽ എഴുതിപ്പിടി പ്പിച്ചതാണ് ഇതൊക്കെ. അത്യാധുനിക യുഗത്തിൽ ഇതൊക്കെ പ്രായോഗികമാണോ? ശരിതന്നെ, എന്നാൽ ദാവീദിന്റെ ജീവിതാ നുഭവങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ പ്രാർത്ഥന കളാണ് സങ്കീർത്തനങ്ങൾ. ആ പ്രാർത്ഥന കൾ ഉരുവിടുമ്പോൾ അതിന്റെ ചൈതന്യം നമ്മളും ആവഹിച്ചെടുക്കണ്ടേ? ഇത് പറയു ന്നതു കൊണ്ട് രാത്രി മുഴുവൻ കുത്തിയിരുന്ന് പ്രാർത്ഥിക്കണമെന്ന് അർത്ഥമാക്കുന്നില്ല. ശരീരത്തിന് ഉറക്കവും ആവശ്യമാണല്ലോ. എന്നാൽ രാത്രിയിൽ കിടക്കയിൽ ഒന്നുണർ ന്നാൽ, ബോധം തിരിച്ചു കിട്ടിയാൽ, 'ദൈവമേ നന്ദി' എന്നൊന്ന് പ്രാർത്ഥിക്കാമല്ലോ. ആ നിമിഷം നമ്മൾ അവനെ ഓർക്കുകയും ധ്യാനിക്കുകയും ചെയ്യുകയാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ നമുക്ക് രാത്രിയും പകലും ഒരു ചിന്തയും പ്രാർത്ഥനയു മേയുള്ളൂ, 'ദൈവമേ'. ഈവാനിയൻ ഭാഷ്യത്തിൽ ഇതിനെ 'നിശാഭജനം' എന്ന് വിളിക്കാമെന്ന് തോന്നുന്നു.



BETHANY PUBLICATIONS
www.malankaralibrary.com



# നിഷ്കാമ കർമ്മ

നാം കഴിക്കുന്ന ഭക്ഷണം ദഹിച്ച് ഊർജ്ജമായി പരിണമിക്കുന്നു. ഊർജ്ജം കൊണ്ട് ശരീരം പ്രവർത്തിക്കുന്നു. ശരീരം പ്രവർത്തിച്ച് ഊർജ്ജവും നഷ്ടപ്പെടുമ്പോൾ ഭക്ഷണം പൂർണമായി ഇല്ലാതാകുന്നു. അതിന്റെ ദൗത്യം പൂർണമാകുന്നു. ശരീരത്തിന് വീണ്ടും ഊർജ്ജം ആവശ്യ മായതിനാൽ വീണ്ടും നാം ഭക്ഷണം കഴിക്കുന്നു. ഊർജ്ജം ഉൽപാദിപ്പിക്കപ്പെടുന്നു. ജീവൻ നില നിൽക്കുന്നു. ഈ പ്രക്രിയ മനുഷ്യന് ജീവനുള്ള കാലത്തോളം അവിരാമം തുടരുന്നു. ശരീരത്തിന് ഊർജ്ജം നൽകുന്ന ഭക്ഷണത്തോട് അതിനൊരു കടപ്പാടുണ്ടെന്നു തോന്നുന്നില്ല. ഭക്ഷണം ശരീരത്തിൽ നിന്ന് നന്ദി പ്രതീക്ഷിക്കുന്നുമില്ല. ശരീരത്തിന് അതിന്റെ ജീവൻ നിലനിർത്തിയ ഊർജ്ജത്തോടും ഭക്ഷണത്തോടും നന്ദിയും കടപ്പാടുമുണ്ടെന്ന് തോന്നുന്നില്ല. ഏതാണ്ട് ഇതുപോലെയൊക്കെയല്ലേ മനുഷ്യന്റെ അവസ്ഥയും എന്ന് ചിന്തിച്ചു പോവുകയാണ്. ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ ഓരോ ദൗത്യവും നൽകി ഈ ഭൂമിയിലേക്ക് വിടുന്നു. അത് കണ്ടുപിടിച്ച് ദൗത്യം നിറവേറ്റുകയാണ് മനുഷ്യന്റെ ധർമ്മം. ആ ധർമ്മം നിറവേറ്റി രംഗം വിടുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. നാം ഒരു വലിയ വാഹനത്തിന്റെ ഒരു ചെറിയ നട്ട് ബോൾട്ട്, അത്രമാത്രം. ഒരു നട്ടിന് അതിന്റേതായ പങ്കുവഹിക്കാനുണ്ടെ ങ്കിലും ഞാനാണ് ഈ കാറിനെ മുഴുവൻ നിയന്ത്രിക്കുന്നതെന്ന് അഹങ്കരിക്കാൻ അവകാശമില്ല. ബാക്കി എല്ലാ പാർട്സിനും എന്നോട് നന്ദിയും കടപ്പാടുമുണ്ടായിരിക്കണം എന്ന് ശഠിക്കാനും പാടില്ല. നന്ദി പിടിച്ചുവാങ്ങാൻ പോവുകയുമരുത്. ശരീരത്തിന് ഭക്ഷണം പോലെയും കാറിന് പെട്രോൾ പോലെയുമേയുള്ളൂ നമ്മൾ. സ്വന്തം ധർമ്മം നിറവേറ്റി പ്രതിഫലത്തിനും നന്ദിയ്ക്കും വേണ്ടി കാത്തുനിൽക്കാതെ ഒരു വി.ആർ.എസ്. എടുത്തുകൊള്ളുക. ഇതിനെ ജ്ഞാനികൾ നിഷ്കാമ കർമ്മ എന്ന് വിളിക്കുന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# ചുവടുമാറ്റം

ദുർഗന്ധം വമിക്കുന്ന വസ്തുക്കളിൽ ചവിട്ടി നിന്ന്, അത് തിരിച്ചറിയാതെ 'ഇവിടെയെല്ലാം എന്തൊരു നാറ്റം' എന്ന് പരിസരത്തെയും അടുത്തുനിൽക്കുന്നവരെയും കുറ്റം പറയുന്ന ചില കഥാപാത്രങ്ങളെ നാം കണ്ടുമുട്ടാറുണ്ട്. അവർ നിൽക്കുന്നതെവിടെയെന്ന് അവർ അറിയുന്നില്ല. ദുർഗന്ധത്തിന് ഉറവിടം അവരവർ തന്നെയാണെന്നും കാൽപാദം ഊന്നി നിൽക്കുന്നത് അഴുക്കിലാണെന്നും അവർ അറിയുന്നില്ല. നമ്മൾ പലപ്പോഴും ഈ കഥാപാത്രങ്ങളായി അഭിനയിക്കാറുണ്ട്. എല്ലാറ്റിന്റേയും പ്രശ്നം പരിസരമാണ്. പരിസരത്ത് നിൽക്കുന്നവരാണ്. ഞാൻ വലിയ കുഴപ്പക്കാരനല്ല, പ്രശ്നങ്ങളെല്ലാം മറ്റുള്ളവരാണ് ഉണ്ടാക്കുന്നത്, അവരൊക്കെ നന്നായാൽ ലോകം നന്നാവും. ഒന്നുകിൽ അവർ നന്നാവണം അല്ലെങ്കിൽ വഴി മാറി നിൽക്കണം ഇതാണ് നമ്മുടെ നിലപാട്. പാവം ഞാൻ അറിയുന്നില്ലല്ലൊ പ്രശ്നത്തിന്റെ ഉറവിടം ഞാൻ തന്നെയാണെന്ന്. എന്റെ സ്വാർത്ഥത, സ്വഭാവവികലത, അന്യരുടെ നന്മയിലുള്ള അസൂയ എന്നിങ്ങനെ ഒരു നൂറ് ചാണക പാട്ടയിൽ കാലൂന്നി നിൽക്കുമ്പോൾ എനിക്കെങ്ങനെ ശുദ്ധവായു ശ്വസിക്കാൻ സാധിക്കും. ഇവിടെയൊക്കെ സ്വയാവബോധമാണ് പ്രശ്ന പരിഹാരത്തിനുള്ള മാർഗ്ഗത്തിന്റെ ആദ്യപടി. നികൃഷ്ടമായ സ്വന്തം നിലപാടുകളെ തിരിച്ചറി ഞ്ഞാൽ അതിൽ നിന്നും പിന്മാറുകയാണ് അടുത്തപടി. ബുദ്ധിയുള്ളവർ അങ്ങനെയാണ് ചെയ്യുക. സ്വന്തം തെറ്റുകൾ മനസ്സിലാക്കിക്കഴി ഞ്ഞാൽ ഇരുചെവി അറിയാതെ അതിൽനിന്ന് വിമുക്തമാകാനുള്ള മാർഗ്ഗമാരായും കഴിവതും ആരുമറിയാതെ അടുത്തുള്ള വെള്ളത്തിൽ അശുദ്ധമായ കാൽ കഴുകും. അശുദ്ധമായ സ്ഥല ത്തുനിന്ന് കാൽ പറിച്ച് ശുദ്ധമായ സ്ഥലത്ത് ചവിട്ടണം. ഒരു ചുവടുമാറ്റം, അതാണ് നമുക്കൊക്കെ ആവശ്യം.



BETHANY PUBLICATIONS
www.malankaralibrary.com


# അപ്പം മുറിക്കൽ

ആദിമ ക്രൈസ്തവരുടെ ഇടയിൽ അപ്പം മുറിക്കൽ ശുശ്രൂഷ, ഇന്നത്തെ നമ്മുടെ വിശുദ്ധ കുർബാന, വിശ്വാസികളുടെ വീടുകളിലാണ് നടത്തിയിരുന്നതെന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു (അപ്പസ്തോല 2:46). അഭിഷിക്തരായ മൂപ്പന്മാർ (പുരോഹിതർ) ശുശ്രൂഷയ്ക്ക് നേതൃ ത്വം കൊടുത്തിരുന്നു. ഒരുകാലത്ത് ഭവനങ്ങൾ പള്ളികൾ കൂടിയായിരുന്നു എന്നു വേണം കരുതാൻ. പിൽക്കാലത്ത് ഓരോ ഭവനങ്ങളിലും ബലിയർപ്പിക്കുന്നത് അപ്രായോഗികമായി വന്നപ്പോളായിരിക്കണം വിശ്വാസികൾ ഒരു പൊതു സ്ഥലത്ത് (ദേവാലയം) ഒന്നിച്ചുകൂടി വലിയ ജനക്കൂട്ടത്തിനുവേണ്ടി ബലിയർപ്പിക്കാൻ തുടങ്ങിയത്. ഭവനങ്ങളിലായാലും ദേവാലയത്തിലായാലും അത് ജനങ്ങളുടെ കൂട്ടായ്മയിലും ജനങ്ങൾക്കുവേണ്ടിയും ആയിരുന്നു. ദൈവജന ത്തിന്റെ ശാരീരിക സാമീപ്യവും കൂട്ടായ്മയും കൂടാതെയുള്ള വിശുദ്ധ കുർബാന, പുരോഹിതന്റെ ആത്മീയ ആഹാരമായിരിക്കുന്നത് കൂടാതെ വിശ്വാസികൾക്ക് അതുകൊണ്ട് പ്രയോ ജനമില്ലാതെ വരുന്നു. തീർച്ചയായും വൈദികൻ ജനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു എന്ന നിലയിൽ അത്തരം ബലിയർപ്പണം കൊണ്ട് പ്രയോജനമുണ്ട്. എന്നിരുന്നാലും വിശുദ്ധ കുർബാനയുടെ പടങ്ങൾ കാണുന്നതുകൊണ്ടോ ദൃശ്യമാധ്യമങ്ങളിലൂടെ കുർബ്ബാന കണ്ടതു കൊണ്ടോ ഒരു നാടകമോ സിനിമയോ കാണുന്നതിനപ്പുറം എന്ത് പ്രയോജനമാണെന്ന് തമ്പുരാനോട് ചോദിച്ചിട്ട് വ്യക്തമായ മറുപടിയൊന്നും തരുന്നില്ല. വിശുദ്ധ കുർബാനാർപ്പണത്തിന്റെ അടിസ്ഥാന ദൈവശാസ്ത്രത്തെ ചോദ്യം ചെയ്യുന്ന ഒരു പ്രകടനമായി ഇത്, തരം താഴ്ത്തപ്പെടുന്നില്ലേ എന്ന ഒരു സംശയം ബാക്കി നില്ക്കുന്നു. ഈ സാഹചര്യത്തിൽ ആദിമ ക്രിസ്ത്യാനികളെ പോലെ എന്തുകൊണ്ട് വൈദികൻ ഭവനങ്ങളിൽ ചെന്ന് ചെറിയ കൂട്ടായ്മയ്ക്കുവേണ്ടി അപ്പം മുറിച്ചുകൂടായെന്ന് വേണ്ടപ്പെട്ടവർ ചിന്തിക്കണം. ജനത്തിന്, മുറിച്ച അപ്പം സ്വീകരിക്കുകയും ചെയ്യാമല്ലൊ, ഓൺലൈൻ കുർബ്ബാനയിൽ അത് നടക്കില്ലല്ലൊ, 'തമ്മിൽ ഭേദം തൊമ്മൻ' എന്നാണ് വെയ്പ്പ്.

www.malankaralibrary.com


# ഒരു കൊച്ചു സ്വാർത്ഥത

'എന്റെ ഹൃദയത്തിന്റെ വടക്ക് കിഴക്കേ അറ്റത്ത്' എന്ന ഹ്യസ്വസിനിമയിൽ കേന്ദ്ര നായ കൻ പറയുന്ന ഒരു ഡയലോഗ് ഉണ്ട്, 'ഭംഗിയുള്ള എന്തിനേയും സ്വാർത്ഥത യോടെ സ്വന്തമാക്കി യാൽ പിന്നെ അതിന് അത്ര ഭംഗി ഉണ്ടാവുകയില്ല. ഭംഗിയുള്ള തെന്തും അങ്ങനെ തന്നെ നിൽക്കട്ടെ.' താൻ പ്രണയിച്ച പെണ്ണിനെ സ്വന്തമാക്കാനുള്ള സ്വാർത്ഥത കാണിക്കാതെ അവളോടുള്ള സ്നേഹം അനശ്വരവും അതിമാനുഷികവുമാ ക്കാൻ ഹൃദയത്തിൽ അത്രമാത്രം അവളെ സ്നേഹിച്ച കഥയിലെ നായകനായ വൈദി കന്റെ ഹൃദയസ്പന്ദനമാണ് മുകളിൽ ഉദ്ധരി ച്ചത്. പൂന്തോട്ടത്തിൽ നിൽക്കുന്ന ഒരു റോസാപൂവ് പറിച്ച് മുടിയിൽ ചൂടണമെന്നോ, പോക്കറ്റിൽ തിരുകണമെന്നോ ആശിക്കാത്ത സ്ത്രീ പുരുഷന്മാരുണ്ടോ അവരത് ചെയ്താൽ ആ സൗന്ദര്യം അവരുടെ സ്വന്ത മായി, അവരുടെ സ്വാർത്ഥതയെ പ്രീണിപ്പിച്ചു വെന്നല്ലാതെ ആ പൂവിന് എന്ത് നേട്ടം എന്നാൽ അത് ചെടിയിൽ നിന്ന് പറിച്ചെടു ത്തവർ അതിനെ അത്രമാത്രം സ്നേഹിക്കു ന്നുണ്ടായിരുന്നെങ്കിൽ ആ റോസ് ആ ചെടിയിൽ തന്നെ നിൽക്കട്ടെയെന്ന് ചിന്തി ക്കുമായിരുന്നു. കാരണം ഇനിയും ഒരായിരം പേർ അതിന്റെ സൗന്ദര്യം ആസ്വദിക്കാൻ കാത്തുനിൽക്കുന്നുണ്ട്. അവരെയെല്ലാം സന്തോഷിപ്പിച്ച് അവരുടെ മുമ്പിൽ തല ഉയർത്തി നിന്ന് തന്റെ സ്വത്വം സഫലീ കൃതമാക്കാമായിരുന്നു ആ പൂവിന്. ലൈബ്ര റിയിൽ നിന്ന് നമുക്കിഷ്ടപ്പെട്ട ഒരു പുസ്തകം അടിച്ചു മാറ്റുമ്പോഴും മറ്റൊരു പുസ്തകത്തിൽ നിന്ന് വിലപിടിപ്പുള്ള വിജ്ഞാനങ്ങൾ അടങ്ങിയ ഒരു പേജ് കീറി എടുക്കുമ്പോഴും, കുട്ടികളോടുള്ള പെരുമാറ്റ ത്തിൽ പോക്സോ കേസിൽ പിടിക്കപ്പെടു മ്പോഴും നമ്മുടെ കൊച്ചു, കൊച്ചു സ്വാർത്ഥത കളെ പ്രീണിപ്പിക്കുകയല്ലേ നാം ചെയ്യുന്ത് എന്ന് ഒരു നിമിഷം ചിന്തിച്ചു പോയി. '...വടക്ക് കിഴക്കേ അറ്റത്തിലെ' അച്ചനും കഥാകൃത്തിനും ഞാൻ നമോവാകം പറഞ്ഞു.



BETHANY PUBLICATIONS
www.malankaralibrary.com


# സുന്ദര കവാടം

ജെറുസലേം ദേവാലയത്തിലെ പ്രധാന കവാടമാണ് സുന്ദര കവാടം. കോട്ടയ്ക്കകത്തെ മുകൾനിലയിലെ 'നിക്കാണോർ' ഗേറ്റും താഴെ നിലയിലെ 'ഷൂഷാൻ' ഗേറ്റും സുന്ദര ഗേറ്റിനേക്കാൾ തുലോം ചെറുതാണ്. ഈ ഗേറ്റുകളാണ് കോട്ടയ്ക്കകത്തേക്ക് കയറുന്നതിനും, അകത്തളങ്ങളിലേക്ക് പോകാൻ ഉപയോഗിക്കുന്നതും. ബലിയർപ്പകർ ദേവാലയത്തിലേയ്ക്ക് കടക്കുന്നത് സുന്ദര ഗേറ്റിലൂടെയാണ്. സുന്ദര കവാടത്തിന് ആ പേര് ലഭിക്കാൻ കാരണം കൃത്യം പറയാൻ ആരും ആളല്ല. എന്നാലും കവാടത്തിന്റെ ആകൃതി ഭംഗിയും കൊത്തുപണികളും എല്ലാം കൂടി ഒന്നിച്ചു നോക്കിയാൽ ലാവണ്യം വഴിഞ്ഞൊഴുകുന്നതു തന്നെയാണ്. ഈ കവാടം ദേവാഗാരത്തിലേയ്ക്കുള്ള ചവിട്ടുപടിയാണ്. ദൈവസാന്നിദ്ധ്യത്തിലേയ്ക്കുള്ള പ്രവേശന കവാടമാണത്. അവിടെത്തന്നെ 'അപ്പോസ്തല പ്രവർത്തന'ത്തിലെ ആ മുടന്തൻ വന്നു കിടക്കാൻ എന്തായിരിക്കും കാരണം? പാപമോചനത്തിനും ദൈവകൃപയ്ക്കും വേണ്ടി ദേവാലയത്തിൽ ബലി അർപ്പിക്കാൻ വരുന്നവർ കടന്നു പോകേണ്ടത് സുന്ദര കവാടത്തിലൂടെയായിരുന്നു. ദൈവത്തോട് കരുണ ചോദിച്ചു വരുന്നവർ ബലഹീനനായ തന്നോടും കരുണ കാണിച്ച് രണ്ട് ചെമ്പുതുട്ട് തന്റെ പിച്ചച്ചട്ടിയിൽ ഇട്ടുകൊടുക്കുമെന്നുള്ള പ്രതീക്ഷയായിരുന്നു മുടന്തനെ സുന്ദര കവാടത്തിലേക്ക് ആകർഷിച്ചത്. ഇന്നും ദേവാലയങ്ങളും, സുന്ദര കവാടങ്ങളും, വിശ്വാസികളും, ഭിക്ഷക്കാരുമുണ്ട്. വിശ്വാസിക്ക് ദൈവത്തിന്റെ കരുണയിൽ പ്രതീക്ഷയുള്ളതുപോലെ ഭിക്ഷുവിനും ദൈവീക മനുഷ്യരിൽ വിശ്വാസമുണ്ട് അന്നത്തെ അപ്പത്തിനു വേണ്ടി എന്തെങ്കിലും കിട്ടുമെന്ന്. (ഭിക്ഷാടന മാഫിയെ സൂക്ഷിക്കുക) 'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവീൻ' (ലൂക്കാ 6:36).



# ഒരു ത്രിതല പ്രതിരോധം

പ്രതിരോധത്തിന്റെ കാലമാണല്ലോ ഇത്. മനുഷ്യനെ ആക്രമിക്കാൻ വരുന്ന ശക്തികളോട് പൊരുതി ജയിക്കാൻ കഴിവി ല്ലാതെ വരുമ്പോ ളാണ് അവൻ പ്രതി രോധത്തെ അവലംബിക്കു ന്നത്. പ്രതിരോധ ത്തിൽ ആക്രമണമില്ല. ആക്ര മണത്തെ തടയുക മാത്രം. ഒരുപക്ഷേ ഇതൊരു ഗാന്ധിയൻ സമരത്തിന്റെ മറ്റൊരു ഭാവമായി കാണാം. 'സെൽഫ് ഡിഫൻസ്' പൊതുവേ അംഗീകരിക്കുന്ന ഒരു ജീവിത തത്വമാണല്ലോ. അജ്ഞാത വൈറസുകളുടെ വിളയാട്ടത്തിന്റെ നമ്മുടെ ഈ കാലഘട്ടത്തിൽ പ്രതിരോധമേ ശരണം. കാരണം, പേരും ഊരും അറിയാത്ത ഒരു അജ്ഞാത അണുവിന്റെ വ്യാപനവും ശക്തിയും ഇപ്പോഴും മനുഷ്യന് അജ്ഞാതമാ യിരിക്കുന്നു. ഈ ശത്രുവിന്റെ പിറകിൽ എത്ര പടയാളികളുണ്ടെന്നും അറിയാൻ പാടില്ല. ചെറുത്തു തോൽപ്പിക്കാനുള്ള ആയുധം തന്നെ മനുഷ്യന്റെ പക്കലില്ല. ഇത്തരുണ ത്തിൽ ഈ മനുഷ്യകുല സംഹാരകനെ തോൽപ്പിക്കാൻ പ്രതിരോധമേ നമുക്ക് കരണീയമായിട്ടുള്ളൂ. ഒരു ത്രിതല-ശാരീരിക, മാനസിക, ആത്മീയ പ്രതിരോധം. ഇതിലെ ആദ്യത്തെ ദ്വിതല പ്രതിരോധനങ്ങളെ കുറിച്ച് നമ്മൾ ഒരു വിധം ബോധവാന്മാരാണ്. 'ബ്രേക്ക് ദ് ചെയിൻ' പ്രോഗ്രാമൊക്കെ ശാരീ രിക പ്രതിരോധത്തിന്റെ ഭാഗമാണ്. 'ഭയമല്ല ജാഗ്രതയാണ് ആവശ്യം' പോലെയുള്ള ബോധ വത്കരണ പദ്ധതികൾ മാനസിക പ്രതിരോധ ത്തെ വർദ്ധിപ്പിക്കുന്നു. എന്നാൽ പൊതു മാധ്യമങ്ങളിൽ അധികമൊന്നും ചർച്ച ചെയ്യാത്ത പ്രതിരോധമാണ് ആത്മീയ പ്രതിരോധം. എല്ലാറ്റിന്റെയും സൃഷ്ടാവും സംരക്ഷകനുമായ തമ്പുരാനോടുള്ള നിര ന്തര അപേക്ഷയാണത്. അപേക്ഷിക്കുവാൻ നമ്മുടെ പല ദുശ്ശീലങ്ങളും ഉപേക്ഷിച്ചു കൊണ്ട് വേണം അപേക്ഷിക്കാൻ. ഈ ആത്മീയതല ഉപരോധമാണ് ടാൻസാനിയ പ്രസിഡന്റ് അതിപ്രാധാന്യം കൊടുത്ത് ഒന്നാം സ്ഥാനത്തു തന്നെ പ്രയോഗിച്ചതും വിജയം കണ്ടെത്തിയതും. നമ്മൾക്കും കൂട്ടമായും പരസ്യമായും ഈ പ്രതിരോധ പദ്ധതിയൊന്ന് പരീക്ഷിച്ചു കൂടെ.

BETHANY PUBLICATIONS
www.malankaralibrary.com


# സ്ത്രീ പ്രേക്ഷിതത്വം

പൗലോസ് ശ്ലീഹായുടെ ശിഷ്യനും ക്രിസ്തുവിന്റെ കരുണയുടെ ലേഖകനുമായ ലൂക്കോസ്സാണ് ക്രിസ്തുവിന്റെ കാലത്തെ സ്ത്രീ പ്രേഷിതത്തെക്കുറിച്ച് പരാമർശിക്കുന്നത് (ലൂക്കാ 8:1-3) സ്ത്രീകൾ എന്നും പ്രസംഗം ശ്രവിക്കുന്നവരും ധ്യാനം കൂടുന്നവരുമാണ്. സുവിശേഷം പ്രസംഗിക്കുന്നവരും ധ്യാനം കൊടുക്കുന്നവരും സഭയിൽ വിരളമാണ്. സുവിശേഷത്തിന്റെ സ്വീകർത്താക്കൾ മാത്രമാണോ സ്ത്രീകൾ എന്ന ചോദ്യത്തിന്, അല്ല എന്നാണ് കർത്താ വിന്റെ മനസ്സും അഭിമതവും. അവിടുത്തെ കാലത്തും പുരുഷ ശിഷ്യരെപ്പോലെ സുവിശേഷ പ്രഘോഷണത്തിൽ നേരിട്ട് പങ്കെടുക്കുന്നതിന് സ്ത്രീജനത്തിന് സാധിച്ചിട്ടില്ലെങ്കിലും വിശ്വാസികളും ദൈവത്തിന്റെ കരുണ ഏറ്റുവാങ്ങിയവരു മായ ഒരു പറ്റം സ്ത്രീകൾ ഒരു നിഴൽപോലെ അവരെ അനുധാവനം ചെയ്തിരുന്നു. സുവിശേഷ പ്രഘോഷണ പ്രക്രിയയിൽ അവരുടെ പങ്ക് ഒന്ന് വേറിട്ടതായിരുന്നെങ്കിലും, അനിവാര്യവും അപ്രധാനമല്ലാത്തതുമായിരുന്നു. ഗുരു അടങ്ങുന്ന ശിഷ്യഗണത്തെ വിവിധതരത്തിലുള്ള ശുശ്രൂഷകൊണ്ട് നിരന്തരം അവർ സഹായിച്ചിരുന്നു. സ്ത്രീസഹജമായ സ്നേഹവും കരുതലും ശുശ്രൂഷയും ശിഷ്യഗണത്തിന്റെ പ്രേക്ഷിത ദൗത്യം സുഗമമാക്കി. അശുദ്ധാത്മാക്കളിൽ നിന്ന് രക്ഷപ്പെട്ട മഗ്ദലനമറിയവും മറ്റു സ്ത്രീകളും ദൈവത്തിന്റെ ക്ഷമയുടെയും കരുണയുടെയും അനുഭവസാക്ഷ്യം ജനങ്ങളുമായി പങ്കുവെച്ചു. യോവാന്നയും സൂസന്നയും മറ്റ് സമ്പന്നസ്ത്രീകളും സാമ്പത്തിക സഹായവുമായി എപ്പോഴും അവരോട് കൂടെയുണ്ടായിരുന്നു. പ്രേക്ഷിത വേലയിൽ ശ്ലീഹന്മാർക്ക് ഒന്നിനും കുറവുണ്ടാകാതിരിക്കാൻ അവർ സദാ ശ്രദ്ധിച്ചിരുന്നു. നേരിട്ട് പ്രസംഗിച്ചില്ലെങ്കിലും പ്രസംഗകരെ സഹായിക്കുന്നതും പ്രസംഗത്തിന് തുല്യമാണെന്ന് അവർ തെളിയിച്ചു. ഇന്നത്തെ സ്ത്രീ വിശ്വാസികളുടെ പ്രേക്ഷിതദൗത്യം എങ്ങനെ നിർവഹിക്കപ്പെടുന്നു എന്ന് അവർ തന്നെ പരിശോധിക്കട്ടെ. എന്തായാലും സഭ പ്രേക്ഷിതയാണ്. സ്ത്രീകളും സഭാമക്കൾ തന്നെയാണ്.

www.malankaralibrary.com


# സത്യാനന്തരവും സത്യാനന്തതയും

സത്യാനന്തരം എന്ന് കേട്ടപ്പോൾ ആദ്യം ഞാനൊന്നു ഞെട്ടി! എങ്ങനെ ഞെട്ടാതിരിക്കും! ദൈവം സത്യമാകുന്നെന്നും സത്യം ദൈവീകമാകുന്നെന്നും മറ്റുമല്ലേ നമ്മൾ പഠിച്ചു വെച്ചിരിക്കുന്നതും അനുഭവിച്ചറിഞ്ഞിട്ടുള്ളതും. ഈ സത്യത്തിനും ദൈവത്തിനും ഒരു അന്ത്യം ഉണ്ടായെന്നും, ഇന്നു നമ്മൾ ജീവിക്കുന്നത് സത്യവും ദൈവവും മരിച്ചു മൺമറഞ്ഞ ഒരു ഇരുണ്ട യുഗത്തിലാണെന്നും ആരോ പറഞ്ഞുവച്ചതാണോയെന്ന് ചിന്തിച്ചാണ് ഞാനാദ്യം ഞെട്ടിയത്. പിന്നെ സത്യാനന്തരത്തിന്റെ വക്താക്കളും ചിന്ത കരും കാര്യം വിശദീകരിച്ചപ്പോളാണ് ശ്വാസം നേരെ വീണത്. സത്യാനന്തര (Post truth) മെന്നും സത്യാനന്തര യുഗം (Post truth era) എന്നതു കൊണ്ടും അവർ അർത്ഥമാക്കുന്നത്, സത്യത്തെ വളച്ചൊടിച്ച് കള്ളമാക്കുകയും ആ കള്ളത്തെ ആയിരം പ്രാവശ്യം സത്യമെന്ന് വിശേഷിപ്പിച്ച് യഥാർത്ഥ സത്യമെന്ന് ലോകത്തെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന പ്രസ്ഥാനമെന്നാണ്. ഈ പ്രസ്ഥാനം തഴച്ചുവളരുന്ന ഒരു കാലഘട്ടത്തി ലാണ് പോലും നാം ഇന്ന് ജീവിക്കുന്നത്. ഈ അർത്ഥത്തിൽ ഇവരുടെ ഉദ്ദേശ ശുദ്ധിയെ നമുക്ക് ചോദ്യം ചെയ്യേണ്ട. പക്ഷേ അവരുടെ ഭാഷാ പ്രയോഗം ശരിയാണോ എന്ന് സംശയമുണ്ട്. ഇനിയും പര്യായപദങ്ങൾ ഉപയോഗിക്കുന്നതും വലിയ പ്രയോജനം ചെയ്യുമെന്നു തോന്നുന്നില്ല. എന്നാൽ ഈ കൂട്ടർക്ക് ഈ ചിന്തയെ പ്രദ്യോതിപ്പിക്കുവാൻ 'അസത്യാധിപത്യം' എന്നോ 'അസത്യാധിപത്യയുഗം' എന്നോ മറ്റും ഉപയോഗിച്ചാൽ പോരെ എന്ന് ഞാൻ ശങ്കിക്കുന്നു. എന്തായാലും ഒരു സത്യാനന്തര കാലഘട്ടം ഉണ്ടാകാനിടയില്ല. കാരണം സത്യം ഇല്ലാതാകുന്നതോടുകൂടി കാലവും ഇല്ലാതാകുമല്ലോ, പകരം നമ്മൾ ചർച്ച ചെയ്യേണ്ടത് 'സത്യാനന്തത'യെക്കുറിച്ചായിരിക്കണമെന്ന് എളിയൊരഭിപ്രായമുണ്ട്.



BETHANY PUBLICATIONS
www.malankaralibrary.com


# യാമ പ്രാർത്ഥന

യാമാ - യാമങ്ങളിലുള്ള മനുഷ്യന്റെ ദൈവാരാധനയാണ് യാമപ്രാർത്ഥന. അത് വ്യക്തിഗതവും സമൂഹപരവുമാകാം. ദിവസത്തിൽ രണ്ടു മൂന്നു മണിക്കൂറുകൾ കൂടിയിരിക്കുമ്പോൾ ഹൃദയത്തിലേക്ക് ബോധപൂർവം ദൈവചിന്ത കൊണ്ടുവരികയും ഹൃദയത്തിൽ നിന്ന് ചില പ്രാർത്ഥനകൾ ഉയർന്നു വരികയും ചെയ്യുമ്പോൾ ഒരുവൻ യാമ പ്രാർത്ഥന കഴിക്കുകയാണെന്ന് പറയാം. ഉച്ചയ്ക്ക് കൃത്യം 12 മണിക്ക്, പറമ്പിൽ ജോലി ചെയ്യുന്ന വല്ല്യപ്പച്ചൻ ജോലി ഒരു നിമിഷം നിർത്തി കൂന്താലിയുടെ പിടി കക്ഷത്തിൽ ഊന്നി നിന്നുകൊണ്ട്, കൈകൾ കൂപ്പി, ദൃഷ്ടികൾ മുകളിലേയ്ക്കുയർത്തി പ്രാർത്ഥനയിൽ ആമഗ്നനായി നില്ക്കുമ്പോൾ ആ ദൈവീക മനുഷ്യൻ ആരും നിർബന്ധിക്കാതെ യാമ പ്രാർത്ഥന നടത്തുകയാണ്. ഈ വ്യക്തിഗത പ്രാർത്ഥനയുടെ സാമൂഹിക രൂപ മാണ് സന്യാസ സഭകളിലും സെമിനാരികളിലും ഇന്ന് നാം കാണുന്ന സമൂഹ യാമപ്രാർത്ഥനകൾ. നമ്മുടെ സാധാരണ ദിവസങ്ങളിലെ യാമപ്രാർത്ഥനകൾ പരിചയമില്ലാത്തവർക്കു വേണ്ടി പറഞ്ഞുകൊള്ളട്ടെ; പ്രഭാതപ്രാർത്ഥന, മൂന്നാം മണി നമസ്കാരം (രാവിലെ 9 മണി), ആറാം മണി നമസ്കാരം (ഉച്ച), ഒമ്പതാം മണി നമസ്കാരം (ഉച്ചകഴിഞ്ഞ് 3 മണി), സന്ധ്യാ നമസ്കാരം, സൂത്താറ (രാത്രി 9 മണി), ലിലിയോ (രാത്രിയിൽ പല യാമങ്ങളിൽ) ഇങ്ങനെ പോകുന്നു നമസ്കാരക്രമങ്ങൾ. യാമ പ്രാർത്ഥനകൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ശ്ലീഹന്മാരുടെ കാലത്ത് തന്നെ തുടങ്ങിയതാകാനാണ് സാധ്യത. കാരണം, ഒരു ദിവസം ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്ക് പത്രോസും യോഹന്നാനും ദേവാലയത്തിലേക്ക് പോയപ്പോളാണ് മുടന്തനെ ദേവാലയ കവാട ത്തിൽ കണ്ടുമുട്ടുന്നതും യേശുക്രിസ്തുവിന്റെ നാമത്തിൽ അവനെ സുഖപ്പെടുത്തുന്നതും. ക്രിസ്തു ശിഷ്യർ യാമപ്രാർത്ഥന നടത്തണം. 1000 സിസി യമഹയിൽ നിരന്തരം പായുന്ന നമ്മൾ ഇടയ്ക്കിടെ ദേവാലയത്തിൽ കയറി യാമപ്രാർത്ഥന നടത്തുന്നത് ഉചിതമായിരിക്കും.

BETHANY PUBLICATIONS
www.malankaralibrary.com


# ബഥനി

ജൂലൈ 29. ഇന്ന് നല്ലൊരു ബഥനി പെരുന്നാൾ ദിനം. 'എന്നെ വായിക്കുന്ന ബഥനിക്കാർക്ക് ഒരു സന്ദേശം തരാമോ' ഞാൻ അവനോട് ചോദിച്ചു. അവൻ പറഞ്ഞു, 'അവരോട് പറയുക, അവർ എല്ലാവരും ബഥനിക്കാരാണെന്ന്.' അവന്റെ മനസ്സ് ഞാൻ വായിച്ചു. ഏതു ക്രൈസ്തവനിലും, ഏത് ക്രൈസ്തവ ഭവനങ്ങളിലും, മാത്രമല്ല ആർക്കും എവിടെയും സാംഗത്യമുള്ള മൂന്ന് കാര്യങ്ങളാണ് നാം സുവിശേഷത്തിലെ ബഥനിയിൽ കാണുന്നത്. ജെറുസലേം പട്ടണത്തിനടുത്തുള്ള ഗ്രാമത്തിലെ ബഥാനി യായാണ് ഇവിടെ പരാമർശം. ജോർദാന്റെ മറുകരയിലും ബഥനി എന്നൊരു സ്ഥലം ഉണ്ടായിരുന്നുവെന്നാണ് ചരിത്ര പണ്ഡിത ന്മാരുടെ അഭിമതം. എന്തായാലും ബഥാനിയ ഗ്രാമത്തിലെ സഹോദരങ്ങളുടെ ഒരു ഭവന മായിരുന്നു ബഥനി. ബഥനിയിലെ മൂന്ന് അംഗങ്ങൾ ലാസർ, മർത്ത (മാർത്ത അല്ല) മറിയം. ഈ മൂന്നുപേരും മൂന്നു പ്രതീക ങ്ങളായി ചിത്രീകരിക്കപ്പെടുന്നുണ്ടെങ്കിലും ആ ഭവനം മറ്റ് യഹൂദ ഭവനങ്ങളിൽ നിന്ന് ചില കാര്യങ്ങളിൽ വ്യത്യസ്തമായിരുന്നതു കൊണ്ടാണ് യേശുവും ശിഷ്യൻമാരും അവിടേക്ക് ആകൃഷ്ടരായത്. പ്രധാനമായി യേശുക്രിസ്തുവിൽ പൂർണ്ണ വിശ്വാസമുള്ള ഒരു ഭവനമായിരുന്നു അത് എന്നതിന് സംശ യമില്ല. പിന്നെ അവിടെ കയറിച്ചെന്നാൽ, താൻ പ്രസംഗിച്ചു കൊണ്ടു നടക്കുന്ന യഥാ ർത്ഥ ദൈവസ്നേഹവും മനുഷ്യസ്നേഹവും അവിടെ കാണാം. പരസ്പരം ശുശ്രൂഷിക്കു ന്നവരെ അവിടെ കാണാം. അതുപോലെ തന്നെ പ്രാർത്ഥനയുടെ മൂർദ്ധന്യാവസ്ഥയിൽ തമ്പുരാനോട് കൂടെയായിരിക്കുന്നതിന് ആഗ്രഹിക്കുന്നവരെ അവിടെ കാണാം. അതായത് സ്നേഹം, സേവനം, പ്രാർത്ഥന ഇതാണ് ബഥനി. ഇവ മൂന്നും എല്ലാ ഭവനങ്ങളിലും വേണമല്ലൊ. അങ്ങനെയാണ് എല്ലാവരും ബഥനിക്കാരാകുന്നത്. ബഥനി ആശ്രമം അംഗങ്ങൾക്കും കൂടുതൽ ബഥനി ക്കാരാകാനുള്ള നല്ലൊരു ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ പെരുന്നാൾ.



BETHANY PUBLICATIONS
www.malankaralibrary.com



# ബഥനി മറിയവും മഗ്ദലന മറിയവും

ബഥനി മറിയവും മഗ്ദലന മറിയവും ഒരാൾ തന്നെയാണോ എന്ന് ഒരു ചെറിയ സംശയം തോന്നിയപ്പോൾ നാല് സുവിശേഷകരുമായി ഞാനൊരു വെബിനാർ നടത്തി. അതിന്റെ റിപ്പോർട്ട് താഴെ ചേർക്കുന്നു: ഞാൻ വിഷയമവതരിപ്പിച്ചു. ബഥനിയിലെ മറിയവും മഗ്ദലന മറിയവും ഒരാൾ തന്നെയാണോ? വിഷയം കേട്ടപ്പോൾ അവരൊന്നിച്ച് എന്നെ കളിയാക്കുന്നതുപോലെ പറഞ്ഞു, 'ഇത് വെഞ്ഞാറുമൂട് സൂരജും കളിയിക്കവിള സൂരജും ഒരാൾ തന്നെയാണോ എന്ന ചോദ്യം പോലെയിരിക്കുന്നല്ലോ.' റിപ്പോർട്ട്: 1. മഗ്ദലന മറിയം തിബേരിയാസ് തടാകത്തിന്റെ പടിഞ്ഞാറേ തീരത്തുള്ള മഗ്ദല അല്ലെങ്കിൽ ഗ്രീക്കിൽ താരിക്കേയ എന്ന് വിളിക്കപ്പെടുന്ന പട്ടണത്തിൽ നിന്നാണ്. (ജോസഫ് റിച്ചിയോത്തി, 'ചരിത്രപുരുഷനായ ക്രിസ്തു'). ആയതിനാൽ അവൾ ഗലീലിയക്കാരിയായിരുന്നു. ബഥനി മറിയം ജറുശ്ലേമിൽ നിന്ന് ജറീക്കോയിയ്ക്ക് പോകുന്ന അപകടം പിടിച്ച വഴിയിലുള്ള ബഥാനിയ എന്ന ഗ്രാമത്തിൽ ബഥനി എന്ന ഭവനത്തിലെ അംഗമായിരുന്നു. ആയതിനാൽ തന്നെ അവൾ യൂദയാക്കാരിയായിരുന്നു.

2. മഗ്ദലന മറിയത്തിൽ നിന്നാണ് യേശു ഏഴ് ദുഷ്ടാത്മാക്കളെ പുറത്താക്കിയത്. ബഥനിയിലെ മറിയത്തിൽ നിന്ന് യേശു പിശാചുക്കളെ പുറത്താക്കിയതായി സുവിശേഷകർ നാലുപേരും കേട്ടിട്ടില്ല. 3. ബഥനിയിൽ നിന്നുള്ള മറിയം തന്നെയാണ് മഗ്ദലയിൽ നിന്നുള്ള മറിയം എന്ന ഒരു സൂചന പോലും സുവിശേഷകർ നാലുപേരും സുവിശേഷങ്ങളിൽ കൊടുത്തിട്ടില്ല. 4. ബഥനി മറിയം നർദീൻ കൊണ്ട് യേശുവിന്റെ പാദം പൂശിയെങ്കിൽ അവൾ പാപിനിയായിരിക്കണം എന്നൊന്നും നിർബന്ധമില്ല. അവിടുത്തെ ശവസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം അവൾ തന്നെ നടത്തിയെന്നു മാത്രമേയുള്ളൂ. ആകയാൽ സുവിശേഷാടിസ്ഥാനത്തിൽ താഴെ പറയുന്നതാണ് തീരുമാനം. അവർ രണ്ടുപേരും രണ്ടു വ്യക്തികളാണ്. റിപ്പോർട്ട് അവസാനിച്ചു.

എല്ലാം കഴിഞ്ഞപ്പോൾ നാലുപേരും കൂടെ എനിക്കൊരു താക്കീതും തന്നു, 'സ്കോളർലി സ്റ്റഡിസ്' എന്ന് പറഞ്ഞ് സുവിശേഷത്തെ സൗകര്യപൂർവ്വം വ്യാഖ്യാനിക്കുന്നവരുമായി അധികം കൂട്ടുപിടിക്കാതിരിക്കുന്നതാണ് നല്ലത്.

BETHANY PUBLICATIONS www.malankaralibrary.com



# ലുബ്ധ്

പഴയനിയമത്തിലെ 'പ്രഭാഷകൻ' പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ് യേശുവാണ്. നമ്മുടെ യേശുക്രിസ്തു അല്ല. ജെറുസലേംകാരനായ സീറാക്കിന്റെ മകൻ യേശു. പ്രഭാഷകന്റെ പുസ്തകത്തെ 'യേശുവിന്റെ വിജ്ഞാനം' എന്ന് വിളിക്കുന്നു. ഈ വിജ്ഞാനശകലങ്ങൾ നമ്മുടെ ജീവിതത്തിൽ വെളിച്ചം വീശുന്നവയാണ്. ലുബ്ധ് അല്ലെങ്കിൽ പിശുക്ക് നമ്മുടെ സ്വഭാവമായിട്ടുണ്ടെങ്കിൽ പ്രഭാഷകന്റെ പതിനാലാം അധ്യായം ഒരാവർത്തിയെങ്കിലും വായിച്ച് ധ്യാനിക്കണം. സമ്പത്തിന്റെ ശരിയായ വിനിയോഗത്തെക്കുറിച്ചാണ് 'യേശു' തന്റെ വിജ്ഞാന ഭണ്ഡാരത്തിൽ നിന്ന് നമ്മളുമായി പങ്കുവയ്ക്കുന്നത്. 'ലുബ്ധൻ സമ്പത്ത് അർഹിക്കുന്നില്ല, സ്വന്തം കാര്യത്തിൽ അൽപത്തം കാണിക്കുന്നതിനേക്കാൾ അല്പനായി ആരുമില്ല' (14:6) തുടങ്ങിയ വചനങ്ങൾ ഒരു യഥാർത്ഥ ലുബ്ധനെ ലജ്ജിപ്പിക്കും എന്നതിൽ സംശയമില്ല. യേശുക്രിസ്തുവും ഇതല്ലേ നമ്മേ പഠിപ്പിച്ചത്. ഉള്ളത് മറ്റുള്ളവരുമായി പങ്കു വയ്ക്കുക, ഇല്ലാത്തവന് കൊടുക്കുക. ഭൂമിയിൽ നിക്ഷേപം കൂട്ടി വയ്ക്കാതെ സ്വർഗ്ഗത്തിൽ നിക്ഷേപം കരുതുക, സമ്പന്നൻ സമ്പത്തിന്റെ കാര്യവിചാരകനാണ് തുടങ്ങിയ യേശുക്രിസ്തുവിന്റെ വചനങ്ങളുടെ മുഖവുരയായിരുന്നു പ്രഭാഷകന്റെ വിജ്ഞാന ശകലങ്ങൾ എന്ന് നമുക്ക് കരുതാം. പണത്തിന്റെ വ്യയത്തിൽ മാത്രമല്ല മറ്റു പല കാര്യത്തിലും നമ്മൾ കൊച്ച് ലുബ്ധന്മാരല്ലേ എന്നൊരു സംശയം. ഒന്ന് പുഞ്ചിരിക്കുന്നതിൽ, സൗഹൃദം പങ്കിടുന്നതിൽ, അറിവ് പകർന്നു കൊടുക്കുന്നതിൽ, അതിഥികളെ സ്വീകരിക്കുന്നതിൽ, വാങ്ങി വച്ചിരിക്കുന്ന സാധനങ്ങൾ ഉപയോഗിക്കുന്നതിൽ, കുഞ്ഞുങ്ങൾക്ക് നല്ല സാധനം വാങ്ങി കൊടുക്കുന്നതിൽ, എന്തിന്, ദേഹമാസകലം നല്ലൊരു സോപ്പിട്ട് കുളിക്കുന്നതിന് പോലും ലുബ്ധ് കാണിച്ചാൽ പിന്നെ മറ്റുള്ളവരോട് എങ്ങനെ ഔദാര്യം കാണിക്കുമെന്ന പ്രഭാഷകന്റെ ചോദ്യം പ്രസക്തമാണ്.

BETHANY PUBLICATIONS www.malankaralibrary.com



# കൊണ്ടും കൊടുത്തും

കൊണ്ടും കൊടുത്തും ജീവിക്കുക ഒരു ഭാഗ്യമാണ്. അത് ദൈവീകവുമാണ്. ദൈവം കൊടുക്കുന്നവനാണ്, കർത്താവായ ദൈവം കൊടുക്കുവാനായി ജനിച്ചവനാണെന്ന് പറയാം. പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും സൃഷ്ടി തന്നെ ദൈവത്തിന്റെ ഒരു കൊടുക്കൽ ആയിരുന്നല്ലോ. എല്ലാറ്റിലുമുപരി തന്റെ ഏകജാതനെ തന്നെ ലോകത്തിന് നൽകി കൊണ്ട് ലോകത്തെ ദൈവം സ്നേഹിക്കുകയും കൊടുക്കലിന്റെ മഹാത്മ്യം കാണിച്ചു തരികയും ചെയ്തു. കൊടുക്കലിൽ ഒരു സുഖമുണ്ട്. ആ സുഖം, വാങ്ങിക്കുന്നവന്റെ ഉള്ള് സന്തോഷിക്കുന്നത് കാണുമ്പോഴുള്ള സുഖമാണ്. ആ സുഖമാണ് തെരുവുനായ്ക്കളെ തീറ്റുമ്പോൾ ചിത്രചേച്ചിയ്ക്കുണ്ടാകുന്നത് (2.8.20-ലെ വാർത്ത). പ്രതിഫലം പ്രതീക്ഷിച്ചോ തിരിച്ചു കിട്ടുമെന്നുള്ള ചിന്തയിലോ ആയിരിക്കരുത് കൊടുക്കുന്നത്. നീ ഒരു വിരുന്ന് ഒരുക്കുമ്പോൾ പാവപ്പെട്ടവരെയും ദരിദ്രരേയും ക്ഷണിക്കാൻ തമ്പുരാൻ പറഞ്ഞതിന്റെ കാരണമതാണ്. ഇങ്ങനെ കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവർ ധാരാളമുണ്ട്. ഇതുപോലെ തന്നെ കൊള്ളുന്നതിലും സന്തോഷം കണ്ടെത്തണം. വലിയ വിലപിടിപ്പുള്ള സമ്മാനങ്ങളും സാധനങ്ങളും മറ്റുള്ളവരിൽനിന്ന് സ്വീകരിക്കുന്നത് നമുക്ക് ഇഷ്ടമാണ്. എന്നാൽ പാവപ്പെട്ടവർ നമ്മുടെ സ്റ്റാറ്റസിനൊത്ത് തന്നില്ലെങ്കിൽ നാം ചിലപ്പോൾ നിരസിക്കും. ഇഷ്ടപ്പെടാറില്ല. അപ്രകാരമുള്ള സാഹചര്യങ്ങളിൽ നമ്മുടെ ഇഷ്ടമോ സ്റ്റാറ്റസ്സോ അല്ല നോക്കേണ്ടത്, പിന്നെയോ ദാതാവിന്റെ മനസ്സും, നമ്മൾ സ്വീകരിക്കുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷവുമായിരിക്കണം. എന്തായാലും കൊടുക്കലിലും കൊള്ളലിലും ദാതാവും സ്വീകർത്താവും സന്തോഷിക്കണം. ഇക്കാര്യത്തിൽ പഴയനിയമ ത്തിലെ പ്രഭാഷകൻ ഇങ്ങനെയാണ് നമുക്ക് പിന്തുണ നൽകുന്നത്, 'കൊണ്ടും കൊടുത്തും ജീവിതം ആസ്വദിക്കുക, പാതാളത്തിൽ സുഖം അനുഭവിക്കുവാൻ കഴിയുകയില്ല (പ്രഭാഷകൻ 14:16).



www.malankaralibrary.com


# സംഹാരദൂതൻ

പണ്ട് ഈജിപ്തിൽ ഫറവോന്റെ അധീനതയിൽ നിന്നും ഇസ്രായേൽ ജനതയെ മോചിപ്പി ക്കുവാൻ കർത്താവ് ഒരു മഹാമാരി അവരുടെ മേൽ അയച്ചു. കർത്താവിന്റെ സംഹാരദൂതൻ ഭവനങ്ങളിൽ കയറി അവരുടെ ആദ്യജാതന്മാരെ സംഹരിച്ചു. ഇസ്രായേൽക്കാർ ഈജിപ്തുകാരുടെ ഇടയിൽ പാർക്കുമ്പോൾ സംഹാരദൂതൻ ദൈവജനത്തിന്റെ ഭവനം തിരിച്ചറിഞ്ഞ് അവിടെ കയറാതിരിക്കാൻ കർത്താവ് പറഞ്ഞു കൊടുത്ത ഒരു വിദ്യയുണ്ട്. അവർ പെസഹാ ഭക്ഷിക്കുവാൻ ഭവനങ്ങളിൽ കൂടിയിരിക്കണം. പെസഹായ്ക്ക് അറുത്ത കുഞ്ഞാടിന്റെ രക്തം ശേഖരിച്ച് അവരുടെ ഭവനങ്ങളുടെ കട്ടിളപ്പടികളിൽ പുരട്ടണം. ഇപ്രകാരം പെസഹാ കുഞ്ഞാടിന്റെ രക്തം കാണുന്ന ഭവനങ്ങളെ സംഹാരദൂതൻ കടന്നു പോകും. ഇങ്ങനെയാണല്ലോ ഈ പെരുന്നാളിന് 'കടന്നുപോകൽ' (pass over) എന്ന പേര് കിട്ടിയത്. ആനുകാലിക സംഹാരകനും ദൈവജനത്തിന്റെ ഭവനത്തെ തിരിച്ചറിഞ്ഞാൽ കടന്നുപോകും. പക്ഷേ എങ്ങനെ തിരിച്ചറിയും? പുതിയ പെസഹാ കുഞ്ഞാടായ നമ്മുടെ കർത്താവായ യേശു മിശിഹായുടെ രക്തം നമ്മുടെ ഹൃദയമാകുന്ന ഭവനത്തിന്റെ കട്ടിളപടികളിലും ഭിത്തികളിലും പുരട്ടണം. അതെങ്ങനെ സാധിക്കും വിശുദ്ധ കുർബാനയിൽ നാം സ്വീകരിക്കുന്ന കർത്താവിന്റെ തിരുശരീര രക്തങ്ങൾ നമ്മുടെ ഹൃദയ ഭിത്തികളിൽ പറ്റിപ്പിടിച്ചിരിക്കും. അത് നാം എങ്ങനെ അറിയും അതറിയാനുള്ള മാർഗം നമ്മുടെ ജീവിതം പരിശോധിച്ചാൽ മതി. നമ്മുടെ ജീവിത വിശുദ്ധിയും, സൽകർമ്മങ്ങളും, ക്രിസ്തീയ മൂല്യങ്ങളും ഒരു ഫ്ളൂറസന്റ് പെയിന്റ് പോലെ നമ്മുടെ ഹൃദയ ഭിത്തികളിൽ, അതായത് ജീവിതശൈലിയിൽ തിളങ്ങും. ഈ തിളക്കം മഹാമാരി സംഹാരകന് ദൈവജനത്തെ തിരിച്ചറിയാനുള്ള മാർഗ്ഗമാണ്. ക്രിസ്തീയ ജീവിതത്തിൽ വിളിക്കപ്പെട്ട വിളിയ്ക്ക് യോഗ്യമായവിധം പ്രായോഗിക ജീവിതം ജീവിച്ചു തുടങ്ങിയാലെ അടുത്ത് വന്ന് നിൽക്കുന്ന സംഹാരകൻ നമ്മേ കടന്നു പോകുകയുള്ളൂ.

BETHANY PUBLICATIONS
www.malankaralibrary.com



# നമ്മുടെ വില

നമ്മുടെ വില നിശ്ചയിക്കേണ്ടത് നമ്മളല്ല മറ്റുള്ളവരാണ്. നമ്മൾ തന്നെ നമ്മുടെ വില നിശ്ചയിച്ചാൽ നല്ല നോട്ട് കെട്ടിനിടയിൽ കള്ളനോട്ട് പോലിരിക്കും നമ്മൾ. കള്ളനോട്ടിന് മൂല്യമില്ല. കണ്ടാൽ എല്ലാം ഒരു പോലെയിരിക്കുമെങ്കിലും, നോട്ട് കള്ളനാണെന്ന് അറിഞ്ഞാൽ ആരും അത് സ്വീകരിക്കുകയില്ല. കാരണം അതിന് മൂല്യമില്ല. ആരും, എന്തും സ്വീകരിക്കപ്പെടുന്നെങ്കിലേ വിലയുള്ളൂ. നമുക്ക് വിലയുള്ള 100 രൂപ നേട്ട് കൊണ്ട് അമേരിക്കയിൽ ഒരു ചായ കുടിക്കാമെന്ന് കരുതി ഒരു റസ്റ്റോറന്റിൽ കയറിയാൽ അത് അവിടെ സ്വീകരിക്കപ്പെടുകയില്ലയെന്ന് നമുക്കറിയാം. ആ സന്ദർഭത്തിൽ നമ്മുടെ 100 രൂപ വെറും വട്ടപ്പൂജ്യമായി മാറുന്നു. നാം മറ്റുള്ളവരാൽ സ്വീകാര്യരാകണമെങ്കിൽ അവർക്ക് നമ്മെ കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകണം, അതാണ് ലോക നടപ്പ്. അങ്ങനെയാണ് സേവന തൽപരരായവർക്ക് സമൂഹത്തിൽ സ്വീകാര്യത കിട്ടുന്നത്. നമ്മൾ സേവന തൽപരരാണെന്നും സ്വീകാര്യരാണെന്നും നടിച്ചാൽ ബുദ്ധിയുള്ളവർ അത് അംഗീകരിക്കണമെന്നില്ല. ഇവിടെയാണ് നിസ്വാർത്ഥ സേവനത്തിന്റെയും നിഷ്കളങ്ക സ്നേഹ പെരു മാറ്റത്തിന്റേയും പ്രസക്തിയേറുന്നത്. 50 മുതൽ 100 വരെ കിലോ ഭാരവും പേറി നടക്കുന്ന നമ്മൾ ഭൂമി ത്രാസ്സിന്റെ പെൻഡുലം ഇളക്കുന്നു എന്നല്ലാതെ ആർക്ക്, എന്തു പ്രയോജനമുണ്ടായി എന്നതിനെ ആശ്രയിച്ചിരിക്കും ഈ നൂറു കിലോയുടെ വില നിശ്ചയിക്കപ്പെടുന്നത്. ഇപ്പോൾ 'ബിസി'യാണ്, റിട്ടയർ ചെയ്തു കഴിഞ്ഞ് സേവനത്തിന് ഇറങ്ങാം എന്ന് വിചാരിച്ചാൽ ഒരു പക്ഷേ അപ്പോഴേക്കും പാർട്സെല്ലാം പഴകി വണ്ടി ഷെഡിൽ കയറ്റി ഇടേണ്ടി വന്നേക്കാം. ഉണ്ടായിരുന്ന മൂല്യം കൂടി ചോർന്നു പോകുന്നതായി നമുക്ക് അനുഭവപ്പെടും. ആയതിനാൽ ജീവിതത്തിൽ മൂല്യവർദ്ധിത പദ്ധതികളിൽ ഏർപ്പെട്ടു കൊണ്ടേയിരിക്കുക, നമുക്ക് സ്വീകാര്യത ലഭിച്ചുകൊണ്ടേയിരിക്കും. അപ്പോൾ നമ്മൾ വിലപിടിപ്പുള്ളവരായിരിക്കും.



BETHANY PUBLICATIONS
www.malankaralibrary.com


# കണ്ടതും കേട്ടതും

പണ്ട് 'ഓൾ ഇന്ത്യ റേഡിയോ, തിരുവനന്തപുരം ആലപ്പുഴ കൊച്ചി' മാത്രം ജനസമ്പർക്ക മാധ്യമമായി ഉണ്ടായിരുന്ന കാലം. വൈകിട്ട് കൃത്യം ഏഴുമണിക്ക് റേഡിയോയിൽ കേൾക്കാവുന്ന ഒരു സ്ഥിരം പംക്തിയായിരുന്നു 'കണ്ടതും കേട്ടതും.' നാട്ടിൽ നടക്കുന്ന അല്ലറ ചില്ലറ പ്രശ്നങ്ങൾ അല്പം ഹാസ്യരൂപേണ അവതരിപ്പിക്കുന്ന ഒരു പരിപാടിയായിരുന്നു കണ്ടതും കേട്ടതും. മാധ്യമപ്രവർത്തകൻ നേരിട്ട് കണ്ടതോ കേട്ടതോ ആയ കാര്യങ്ങളായിരിക്കും പ്രമേയം. അതുകൊണ്ടായിരിക്കാം അതിനൊരു പ്രത്യേക ആസ്വാദ്യത ഉണ്ടായിരുന്നു. ഏതൊരു കാര്യവും നേരിട്ട് കണ്ടതോ കേട്ടതോ അനുഭവിച്ചതോ ആയിരുന്നാൽ അതിൽ സത്യവും കൃത്യതയും കൂടുതൽ കാണും. ഇനിയും യേശുവിനെക്കുറിച്ച് മിണ്ടിപ്പോകരുത് എന്ന് അധികാരികൾ ശ്ലീഹന്മാരെ ശാസിച്ചപ്പോൾ അവർ സധൈര്യം പറഞ്ഞ മറുപടി നമുക്കറിയാമല്ലോ. ഞങ്ങൾ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ സത്യങ്ങൾ പ്രസംഗിക്കാതിരിക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല. ഇങ്ങനെയാണ് സുവിശേഷ പ്രസംഗം ആരംഭിച്ചത്. ആയതിനാൽ തന്നെ അവയൊക്കെ സത്യാധിഷ്ഠിതവും നിരാകരിക്കാൻ സാധിക്കാത്തതുമായിരുന്നു. ദൃക്സാക്ഷി വിവരണത്തെ അസത്യമെന്ന് പറഞ്ഞു തള്ളാനാവില്ലല്ലോ. തത്ഫലമെന്നോണം ശ്ലീഹന്മാരുടെ ഓരോ പ്രസംഗാവസാനവും ആയിരങ്ങളാണ് വിശ്വാസം സ്വീകരിച്ചത്. നമ്മുടെ പ്രസംഗങ്ങളും യഥാർത്ഥത്തിൽ മനനം കൊണ്ടും ധ്യാനം കൊണ്ടും കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങളായിരിക്കണം. പ്രസംഗിക്കുമ്പോൾ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ഉയിർകൊള്ളുന്ന ധ്യാന ചിന്തകൾ പങ്കുവെക്കുന്നതാണ് കൂടുതൽ ഫലപ്രദമെന്ന് തോന്നുന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# അനുദിന കുരിശ്

തടിയിലോ ലോഹങ്ങളിലോ മനോഹരമായി കടഞ്ഞെടുത്ത കുരിശുകൾ സ്വർണ്ണമാലയുടെ അറ്റത്ത് കൊളുത്തി ഇടാനോ പ്രാർത്ഥനാ മുറിയിൽ അലങ്കരിച്ച് വെയ്ക്കാനോ, അല്ലെങ്കിൽ പെരുന്നാൾ റാസയ്ക്കും ദുഃഖവെള്ളിയാഴ്ചയിലും തോളിലോ കയ്യിലോ പേറിനടക്കാനോ നമുക്കൊക്കെ ഇഷ്ടമാണ്. അക്രൈസ്തവരുടെ ഇടയിലൂടെ കടന്നുപോകുമ്പോൾ കുരിശും പിടിച്ച് ഗമയിലൊന്ന് നടക്കാനും മടിക്കാറില്ല. പക്ഷേ നമ്മൾ പിടിച്ചിരിക്കുന്ന ഈ കുരിശുകൾ എന്തിനെ പ്രതിനിധാനം ചെയ്യുന്നുവെന്നും, എന്ത് സന്ദേശമാണ് മറ്റുള്ളവർക്ക് നൽകുന്നതെന്നും പലപ്പോഴും നാം ചിന്തിക്കാറില്ല. എന്റെ കുരിശും വഹിച്ച് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല എന്ന് പറഞ്ഞ ഒരു ഗുരുവിന്റെ ശിഷ്യരാണ് നമ്മൾ. അവിടുന്ന് പറഞ്ഞ കുരിശിന്റെ പ്രതീകം മാത്രമാണ് നാം പേറുന്ന ഈ കുരിശുകൾ. അപ്പോൾ അവിടുന്ന് ഉദ്ദേശിച്ച കുരിശ് എന്താണെന്ന് നമുക്ക് അറിയാൻ പാടില്ലാത്ത തല്ല, സൗകര്യപൂർവ്വം മറന്നു പോകുന്നതാണ്. നമ്മുടെ മാനസിക ശാരീരിക വേദനകൾ, രോഗങ്ങൾ, ദുഃഖങ്ങൾ, മഹാമാരികൾ, നഷ്ടങ്ങൾ, കഷ്ടങ്ങൾ, ആധികൾ, വ്യാധികൾ എന്ന് വേണ്ട നമുക്ക് അനിഷ്ഠമായ എല്ലാ ജീവിത സാഹചര്യങ്ങളും നമ്മുടെ കുരിശാണ്. മറ്റുള്ളവർ ചിലപ്പോൾ നമുക്കും നാം മറ്റുള്ളവർക്കും കുരിശായി മാറാറുണ്ട്. ചില മഹാന്മാരെ നാട്ടുകാർ വിളിക്കുന്നത് 'കുരിശ്' എന്നാണ്. നമ്മളെയും അവർ അങ്ങനെ വിളിക്കുന്നുണ്ടാവും. ഇങ്ങനെ നോക്കിയാൽ കുരിശുകളുടെ ഒരു ഘോഷയാത്രയാണ് ജീവിതത്തിലുടനീളം. ജീവനും ജീവിതവും കുരിശിന്റെ പര്യായമാക്കിയവനാണ് പറഞ്ഞത്, എന്നെ അനുഗമിക്കുന്നവൻ എന്റെ കുരിശ് വഹിക്കട്ടെ. അവന് മാത്രമേ എന്നോട് കൂടി പങ്കുള്ളൂ. വിശുദ്ധ അൽഫോസാമ്മയും ഒട്ടേറെ വിശുദ്ധരും ഇങ്ങനെ കുരിശിലൂടെ അവനുമായി ചങ്ങാത്തം കൂടിയവരാണ്. 'ജീവിതത്തിലെ കുരിശും ഞാനും' എന്ന വിഷയത്തെക്കുറിച്ച് ധ്യാനിച്ചിട്ടുണ്ടോ?

BETHANY PUBLICATIONS
www.malankaralibrary.com


# ഗമാലിയേൽ

ബൈബിളിലെ ഒരു കഥാപാത്രമാണ് ഗമാലിയേൽ. പുതിയനിയമത്തിൽ അപ്പോസ്തോല നടപടി പുസ്തകത്തിലാണ് നാം അദ്ദേഹത്തെ കണ്ടുമുട്ടുക. ഗമാലിയേൽ അത്ര തീവ്രവാദിയല്ലാത്ത ഒരു ഫരിസേയ പ്രമാണിയായിരുന്നു. സത്യം അറിയാൻ ആഗ്രഹിക്കുന്നവൻ, സത്യത്തെ അന്വേഷിക്കുന്നവൻ. ആയതിനാൽ തന്നെ സെൻഹെന്ദ്രിൻ സംഘത്തിൽ തന്നെ അദ്ദേഹത്തിന് ഒരു വിലയും നിലയും ഉണ്ടായിരുന്നു. ഈ മനുഷ്യൻ ആദിമ സഭയ്ക്കെതിരായിരുന്നെങ്കിലും ഒരിക്കൽ ശ്ലീഹന്മാരെ അറിഞ്ഞോ അറിയാതെയോ രക്ഷപ്പെടുത്തിയ ഒരു സംഭവമുണ്ട്. ശ്ലീഹന്മാരുടെ പ്രസംഗങ്ങളും അത്ഭുത പ്രവർത്തനങ്ങളും കണ്ട് യഹൂദർ കൂട്ടത്തോടെ പത്രോസിനോടും കൂട്ടരോടും ചേരുന്ന കാലം. സഭയുടെ വളർച്ചയിൽ കോപവെറി പൂണ്ട ഫരീസയരും യഹൂദ പ്രമാണികളും പ്രധാനാചാര്യന്മാരും സംഘം കൂടി ശ്ലീഹന്മാരെ നിഹനിക്കുവാൻ തീരുമാനിച്ചു. സംഘത്തിൽ ഗമാലിയേലും ഉണ്ടായിരുന്നു. പത്രോസിനേയും കൂടെയുള്ളവരെയും സംഘത്തിൽ വിളിച്ചു വരുത്തി ചോദ്യം ചെയ്തെങ്കിലും അവരിൽ കാര്യമായ കുറ്റം ആരോപിക്കാൻ അവർക്ക് കഴിഞ്ഞില്ല. ഈ അവസരത്തിലാണ് ഗമാലിയേൽ എഴുന്നേറ്റു നിന്ന് ആ ചരിത്ര പ്രധാനമായ പ്രസംഗം നടത്തിയത്. അദ്ദേഹം പറഞ്ഞു, 'ഇവർ ദൈവത്തിന്റെ നാമത്തിലല്ല പ്രവർത്തിക്കുന്നതെങ്കിൽ അവർ സ്വയം നശിച്ചുകൊള്ളും. ധാരാളം ഉദാഹരണ ങ്ങൾ നമ്മുടെ മുന്നിലുണ്ട്. എന്നാൽ ഇവർ ദൈവ നാമത്തിലാണ് ഇവയെല്ലാം ചെയ്യുന്നതെങ്കിൽ അവരെ നശിപ്പിക്കുവാൻ നിങ്ങൾക്ക് സാധിക്കുകയില്ല. അവരെ അവരുടെ വഴിക്ക് വിട്ടേക്കുക' (അപ്പസ്തോല പ്രവർത്തനം 5:38-39) നമ്മുടെ ജീവിത സംഘർഷങ്ങളിൽ ഒരു 'ഗമാലിയൻ' പക്ഷം ചേരുന്നതാണ് ഉത്തമവും കരണീയവുമെന്ന് തോന്നുന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# പത്രോസിന്റെ നിഴൽ

പത്രോസിന്റെ നിഴലിനൊരു പ്രത്യേകതയുണ്ടായിരുന്നു. ആ നിഴൽ വീഴുന്ന സ്ഥലവും ആളുകളും ശുദ്ധീകരിക്കപ്പെട്ടിരുന്നു. ആദ്യ സഭാ പ്രവർത്തനങ്ങളുമായി ചുറ്റിനടന്ന ശിഷ്യന്മാർ ധാരാളം അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചിരുന്നു. രോഗശാന്തി പതിവായിരുന്നു. ദേവാലയ ത്തിലെ സുന്ദര കവാടത്തിൽ നടന്ന രോഗ ശാന്തി ഒരു തുടക്കം മാത്ര മായിരുന്നു. പിന്നെ രോഗശാന്തി ഒരു മഴവെള്ളപ്പാച്ചിൽ പോലെയായിത്തീർന്നു. കർത്താവിന്റെ കാലത്തെ പോലെ തന്നെ പത്രോസ് കടന്നുപോകുന്ന വീഥികളുടെ ഇരുവശങ്ങളിലും രോഗി കളെ കൊണ്ട് കിടത്തുക പതിവായിരുന്നു. രോഗികളുടെ ബാഹുല്യം കാരണം ഓരോ രുത്തരുടെയും അടുത്തു ചെന്ന് അവരെ സുഖപ്പെടുത്തുക ശ്രമകരമായി. ആയതിനാൽ തമ്പുരാൻ പത്രോസിന് കൊടുത്ത ഒരു പ്രത്യേക വരമായിരിക്കാം 'നിഴൽ വരം'. രോഗശാന്തി പ്രതീക്ഷിച്ചു കിടക്കുന്ന രോഗിയുടെ മേൽ തന്റെ നിഴൽ വീണാൽ രോഗി സുഖം പ്രാപിച്ചിരുന്നു. കർത്താവ് പോലും പ്രയോഗിക്കാത്ത രോഗശാന്തി ശുശ്രൂഷ! പത്രോസിന്റെ നിഴൽ എന്ന് ഇവിടെ എടുത്തു പറയുന്നതിനാൽ ശ്ലീഹന്മാരെല്ലാവർക്കും ഈ നിഴൽ വരം കിട്ടിയിരിക്കണമെന്നില്ല. സഭയുടെ നേതാവിന് ഒരു സ്പെഷ്യൽ വരമിരിക്കട്ടെ എന്ന് കർത്താവ് നിനച്ചിട്ടുണ്ടാവും. പത്രോസിന്റെ നിഴൽ കർത്താവിന്റെ തന്നെ നിഴലായി മാറി എന്നതാണ് സത്യം. കർത്താവിന്റെ അസാന്നിധ്യത്തിൽ പത്രോസിന്റെ നിഴൽ പോലും കർത്താവായി മാറുന്ന പ്രതിഭാസം. ഞാൻ ഓർത്തുപോയി, പത്രോസിന്റെ നിഴൽ വീണവർ പോലും സുഖപ്പെട്ടു. നമ്മൾ രോഗികളുടെ മേൽ കൈ വെച്ച് പ്രാർത്ഥിച്ചിട്ട് പോലും ഒരു അത്ഭുതം പ്രവർത്തിക്കുന്നില്ല. കാരണം, പത്രോസിന്റെ നിഴൽപോലെ എന്റെ നിഴൽ കർത്താവിന്റേതാകുന്നില്ലായിരിക്കും. അവന്റെ നിഴലായി, മറ്റൊരു അവനായി മാറിയെങ്കിലെ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ!



www.malankaralibrary.com


# സോളമന്റെ മണ്ഡപം

ആദ്യ ക്രൈസ്തവ സമൂഹത്തിന്റെ ഭവന ങ്ങൾ തന്നെ പള്ളിയായി മാറ്റിയിട്ടുണ്ട്. അവർ ഭവനങ്ങളിൽ ഒന്നിച്ചു കൂടുകയും പ്രാർത്ഥനയിലും അപ്പം മുറിക്കലിലും സമയം ചെലവിടുകയും ചെയ്തുവെന്ന് എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ അംഗങ്ങൾ വർദ്ധിച്ചപ്പോൾ അവർക്ക് ഒന്നിച്ചു കൂടാൻ സ്ഥലം കണ്ടെത്തിയത് ജറുസലേം ദേവാലയങ്കണത്തിലെ സോളമന്റെ മണ്ഡപമായിരുന്നു. ദേവാലയത്തിന്റെ കിഴക്കു വശത്ത് കെദ്രോന് അഭിമുഖമായി സ്ഥാപിക്കപ്പെട്ടിരുന്ന പൂമുഖത്തെയാണ് സോളമന്റെ മണ്ഡപം എന്ന് വിളിച്ചിരുന്നത്. ഇവിടെ യഹൂദർക്ക് സ്വതന്ത്രമായി വിഹരിക്കാൻ അനുവാദമുണ്ടായിരുന്നു. ദേവാലയത്തിലെ വിശുദ്ധ സ്ഥലത്തോ അതിവിശുദ്ധ സ്ഥലത്തോ നസ്രായൻ റാബിയുടെ അനുയായികളെ കയറ്റാത്തതുകൊണ്ട് അവർ സോളമന്റെ പോർട്ടിക്കോയിലായിരുന്നു ഒന്നിച്ചു സമ്മേളിച്ചിരുന്നത്. സമ്മേളനത്തിൽ ഒരു ദേവാലയത്തിലെ എല്ലാ കർമ്മങ്ങളും അവർ നിർവ്വഹിച്ചിരുന്നു. വായന, പ്രസംഗം, അപ്പം മുറിക്കൽ തുടങ്ങി എല്ലാ ചടങ്ങുകളും അവിടെ നടന്നിരുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ സോളമന്റെ മണ്ഡപമായിരുന്നു ക്രൈസ്തവന്റെ ആദ്യത്തെ പള്ളി എന്ന് പറയാം. ഉള്ള ഇടം പള്ളിയാക്കുന്ന നയമായിരുന്നു ആദ്യ ക്രൈസ്തവ സമൂഹത്തിന്റേത്. അല്ലാതെ ശ്ലീഹന്മാരും തെരഞ്ഞെടുക്കപ്പെട്ട ഡീക്കന്മാരും കൂടി, ജനം പറമ്പും വീടും വിറ്റുകിട്ടിയ ശ്ലീഹന്മാരെ ഏൽപ്പിച്ചിരുന്ന പണം കൊണ്ട് വാശിപ്പുറത്ത് ജെറുസലേം ദേവാലയത്തെ വെല്ലുന്ന ഒരു മണിമകുടം കെട്ടിയുയർത്തുകയല്ല ചെയ്തത്. പണിയുന്ന പള്ളിയുടെ തൂണുകൾ ജനഹൃദയങ്ങളിലായിരിക്കുമ്പോൾ പള്ളി ലളിതമായിരിക്കും. എന്നാൽ ശത്രു പക്ഷത്തിന്റെ നെഞ്ചിലായിരിക്കുമ്പോൾ അത് ഒരാർഭാട കൊട്ടാരമായിരിക്കും. ആനുകാലിക പള്ളി പണി!



www.malankaralibrary.com


# ആദ്യ വിജാതിയ മിഷൻ

ദൈവവചനം സ്വജാതിയർക്കും (ഇസ്രയേൽ) വിജാതിയർക്കും (സമറിയ) ഒരുപോലെ അവകാശപ്പെട്ടതാണ് എന്നുള്ളതിന്റെ തെളിവാണ് ശ്ലീഹന്മാരുടെ സമറിയ മിഷൻ. ജറുസലേമിൽ ആദ്യ സഭയുടെ മതപീഡന കാലം. സുവിശേഷം പ്രസംഗിച്ച സ്തേഫാനോസിനെ അവർ കല്ലെറിഞ്ഞു കൊന്നു. നേതാക്കന്മാരെ നാടുകടത്തി. സഭയെ ഭിന്നിപ്പിക്കാൻ ശ്രമിച്ചു. സ്വജനം അവരെ വെറുത്തപ്പോൾ അവർ ഗുരുവിന്റെ പാത തേടി സമറിയയിലേക്ക് പോയി. അവിടെ സുവിശേഷം പ്രസംഗിച്ചു. മാന്ത്രികവിദ്യക്കാരൻ ശിമയോൻ ഉൾപ്പെടെ വമ്പന്മാർ പലരും സുവിശേഷം സ്വീകരിച്ച് സഭയോട് ചേർന്നു. കർത്താവിനെ സ്വീകരിച്ചവർക്ക് മാമോദീസ നൽകി. സമറിയയിൽ നിന്ന് ആശാവഹമായ റിപ്പോർട്ട് കിട്ടിയപ്പോൾ സന്തുഷ്ടരായ പത്രോസും മറ്റ് ശ്ലീഹന്മാരും സമരിയയിലേക്ക് പോവുകയും, മാമോദീസ സ്വീകരിച്ചവർക്ക് പരിശുദ്ധാത്മാഭിഷേകം നൽകി ആത്മാവിൽ അവരെ ഉറപ്പിക്കുകയും ചെയ്തു. ശ്ലീഹന്മാർ ജെറുസലേമിൽ തിരികെ വന്ന് അവിടുത്തെ സഭയെ പരിപോഷിപ്പിച്ചു. ഇതിൽ നിന്നും സഭാമക്കളായ നാം ഒരു കാര്യം വിസ്മരിക്കാൻ പാടില്ലാത്തതാണ്; കർത്താവിന്റെ സഭ പ്രേക്ഷിതയാണ്, മിഷനറിയാണ്. ഈ മിഷൻ എല്ലാ ജനതകളിലേയ്ക്കും ഇറങ്ങി ചെല്ലണം. ക്രിസ്തുവിനെ കേട്ടിട്ടില്ലാത്തവരുടെ ഇടയിലുള്ള നമ്മുടെ പ്രേക്ഷിത പ്രവർത്തനം തുലോം ചെറുതാണ്. സാധാരണക്കാരനായ ഒരു വിശ്വാസിയ്ക്ക് അത് അപ്രാപ്യമായ ഒരു കാര്യമായിട്ടാണ് തോന്നുക. ഈ സ്ഥിതി മാറണം. യേശു ക്രിസ്തു ലോക രക്ഷകനെന്ന് നമ്മൾ മുഖേന ലോകത്തിൽ കുറേപ്പേരെങ്കിലും അറിയണം. അത് അറിയിക്കുക നമ്മുടെ കടമയാണ് പള്ളിയിൽ പോകണം പ്രാർത്ഥിക്കണം എന്ന് പറയുന്നതു പോലൊരു കടമ. അന്ന് സമറിയായിൽ നടന്നതു പോലൊരു 'മാസ്സ് കൺവേർഷൻ' നടക്കുമെന്ന് പ്രതീക്ഷിക്കേണ്ട. സുവിശേഷം അറിയിക്കുക, അതാണ് നമ്മുടെ കടമ.



www.malankaralibrary.com


# സ്വതന്ത്രന്മാരുടെ സിനഗോഗ്

സ്വതന്ത്രന്മാരുടെ സിനഗോഗ് ഒരു സിന ഗോഗ് അല്ല. ഒരു സംഘടനയായിരുന്നു. ഒരു പക്ഷേ ഇന്നത്തെ ചില തീവ്രവാദ മതസംഘടനകളെപോലെ യഹൂദരുടെയിടയിൽ ഉണ്ടായിരുന്ന ഒരു സംഘടന. ജെറുസലേമിലും, കിറേൻ, അലക്സാൻഡ്രിയ, കിലീക്കിയ, ഏഷ്യ തുടങ്ങിയ പ്രാന്തപ്രദേശങ്ങളിൽ നിന്നുമുള്ളവർ ആ സംഘടനയിൽ ഉണ്ടായിരുന്നു. തീവ്രവാദ സ്വഭാവമുള്ളവരായിരുന്നതിനാൽ മറ്റ് മതസ്ഥരെ നശിപ്പിക്കാൻ കിട്ടുന്ന ഒരവസരവും അവർ പാഴാക്കാറുണ്ടായി രുന്നില്ല. ഡീക്കൻ സ്തേഫാനോസിന്റെ പ്രസംഗവും പ്രവർത്തനവും അവർക്ക് ഒട്ടും പിടിച്ചില്ല. അനേകം യഹൂദരും വിജാതീയരും ക്രിസ്തുമതം സ്വീകരിക്കുന്നത് അവർക്ക് സഹിച്ചില്ല. സ്തേഫാനോസിനെ നശിപ്പിക്കുവാൻ ജനത്തെ സ്വാധീനിച്ച്, അവരെ അവനെതിരായി ഇളക്കിവിട്ട്, കള്ളസാക്ഷ്യം പറയിപ്പിച്ച്, സ്തേഫാനോസിനെ ബന്ധനസ്ഥനാക്കി, ശേഷം കൊന്നു കളയുന്ന സംഭവമാണ് നാം കാണുന്നത്. സ്തേഫാനോസും ആദ്യ രക്തസാക്ഷികളും കർത്താവിന്റെ വഴികളിലൂടെ തന്നെ നടന്നു. പത്രോസിനും തോമാശ്ലീഹായ്ക്കും മറ്റ് ശ്ലീഹന്മാർക്കും ഇതുതന്നെയായിരുന്നു ഗതി. ഇങ്ങനെ ക്രിസ്തുവിനെ പ്രതിയും അവിടുത്തെ സുവിശേഷത്തെ പ്രതിയും അവരുടെ ചുടുനിണം പിതാവായ ദൈവത്തിന്റെ മുമ്പാകെ സമർപ്പിച്ചവരാണല്ലോ നമ്മുടെ ആദ്യ സഭാപിതാക്കന്മാർ എന്ന് ഓർക്കുമ്പോൾ നാം അഭിമാന പുളകിതരാകുന്നു. പക്ഷേ ഈ അഭി മാനം അടുത്ത തലമുറയിലേയ്ക്ക് കൈമാറുവാൻ നാമെത്ര സഹിക്കുന്നുണ്ട്, പ്രവർത്തിക്കുന്നുണ്ട് എന്നതാണ് ചോദ്യം. ഇന്നത്തെ തീവ്രവാദികളുടെ അടി കിട്ടുമ്പോൾ മൂർഖൻ പാമ്പിനെപോലെ നിന്ന് പൊരുതാതെ (സംഘർഷമല്ല) 'ഞാൻ ചത്തേ, ഇനി അടിക്കരുത്, എന്നെ വെറുതെ വിടണേ' എന്ന മാതിരി വെറും ചേരകളെ പോലെയായിരിക്കുകയാണ് നാമൊക്കെ. എന്നെ പ്രതിയും, എന്റെ സുവിശേഷത്തെ പ്രതിയും സ്വന്ത ജീവൻ ബലി കൊടുക്കുന്നവനാകുന്നു എനിക്ക് യോഗ്യനെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ട്. ഈ യോഗ്യന്മാരാണ് സഭയുടെ മൂലക്കല്ലുകളും, പണിയായുധങ്ങളും.

BETHANY PUBLICATIONS
www.malankaralibrary.com


# അന്ധനായ സാവൂൾ

പുതിയനിയമത്തിലെ സാവൂളിനെ നമുക്ക് പരിചയമുണ്ട്. ആദ്യ ക്രൈസ്തവ സഭയെ ഏറ്റവുമധികം പീഡിപ്പിച്ച യഹൂദ പ്രമാണി. അറിവും പഠിപ്പുമുണ്ടായിരുന്നവൻ. ചുറുചുറുക്കുള്ള ചെറുപ്പക്കാരൻ. പണവും സ്വാധീനവും ഉണ്ടായിരുന്നവൻ. സ്വന്തം കുതിരപ്പുറത്ത് ഓടിനടന്ന് നസ്രായനായ യേശുക്രിസ്തുവിന്റെ അനുയായികളെ വകവരുത്തിയവൻ. ഈ സാവൂൾ ഒരിക്കൽ അധികാര പത്രവും സമ്പാദിച്ച് ദമാസ്കസിലുള്ള ക്രിസ്ത്യാനികളെ തേടി പോവുകയാണ്. നഗരത്തിൽ എത്തുന്നതിനു മുമ്പേ കർത്താവ് ഇദ്ദേഹത്തെ കുതിരപ്പുറത്ത് നിന്ന് താഴെയിട്ടു. പിന്നെ നടന്ന സംഭവങ്ങളെല്ലാം ക്രിസ്തുമത ചരിത്രത്തിന്റെ നാഴികക്കല്ലായി മാറ്റിയ ഒരു വലിയ മനുഷ്യന്റെ മാനസാന്തരമാണ് നാം കാണുന്നത്. താഴെ വീണു കിടക്കുന്ന സാവൂളിനോട് യേശു പ്രത്യക്ഷപ്പെട്ട് സംസാരിച്ചു. സാവൂൾ ചാടിയെഴുന്നേറ്റെങ്കിലും അവൻ അന്ധനായിപ്പോയിരുന്നു. അവൻ സ്വന്തം കണ്ണ് പരിശോധിച്ചു; കണ്ണ് തുറന്നു തന്നെയിരിക്കുന്നു. പക്ഷേ ഒന്നും കാണാൻ സാധിക്കുന്നില്ല. ചില അസാധാരണ സന്ദർഭങ്ങളിൽ ഇങ്ങനെയും സംഭവിക്കും. കൺപോളകൾ തുറന്നിരിക്കുമെങ്കിലും കാണാൻ സാധിക്കാത്ത അവസ്ഥ. കണ്ണ് തുറന്നിരിക്കുന്ന, കാഴ്ച നഷ്ടപ്പെട്ട സാവൂളിനെ ഒരു പ്രതീകമായി നാം കാണണം. നമ്മുടെ ആത്മീയ ജീവിത ത്തിലും ഈ അന്ധത ബാധിച്ചിട്ടുണ്ടാവണം. കാരണം, ജീവിതത്തിന്റെ അന്ധരാണ് നാം പലപ്പോഴും. നമ്മുടെ തെറ്റുകൾ നമ്മൾ മനസ്സിലാക്കുന്നില്ല. പാപജീവിതത്തിൽ അന്ധത നടിക്കുന്നു. എങ്ങനെയും ആവാമെന്നുള്ള മനസ്ഥിതി. വേണം, നമുക്കും വേണം സാവൂളിനെ പോലൊരു ചെളി പുരട്ടലും, കണ്ണ് കഴുകലും. അപ്പോൾ സാവൂളുമാരായ നാമും പൗലോസുമാരായി മാറും.



# സ്വർഗ്ഗത്തിലെ ഫീസ്റ്റാഘോഷം

സ്വർഗ്ഗത്തിലും ഫീസ്റ്റ് ആഘോഷങ്ങളുണ്ട്. ഒരിക്കൽ ഞാൻ സ്വർഗ്ഗ കവാടത്തിൽ പരുങ്ങി നിന്നു. അന്നവിടെ ഒരാഘോഷമുണ്ടായിരുന്നു. ഒന്നാം ദർഗയിലെ ആഘോഷം. ഒരു വലിയ വി.ഐ.പി.യുടെ സ്വർഗ്ഗപ്രവേശനച്ചടങ്ങ് നടക്കുകയാണ്. നോക്കിയപ്പോൾ മാലാഖ കുഞ്ഞുങ്ങൾ ഒരാത്മാവിനെ ഭക്ത്യാദരപുരസ്സരം ആനയിച്ച്, എഴുന്നെള്ളിച്ച് കൊണ്ടു വരുന്നു. അടുത്തു വന്നപ്പോൾ ഞാൻ ഒന്നുകൂടി സൂക്ഷിച്ചു നോക്കി. ആളെ പിടികിട്ടി. നാട്ടിലെ വലിയൊരു കൊട്ടേഷൻ ഗുണ്ടാതലവൻ! അടുത്തിടെ അദ്ദേഹം മാനസാന്തരപ്പെട്ട് സുവിശേഷ പ്രസംഗകനായെന്ന് കേട്ടിരുന്നു. എങ്ങനെയോ ആകസ്മികമായി മരണപ്പെട്ടു. ഇപ്പോൾ സ്വർഗ്ഗത്തിലേക്ക് വന്നിരിക്കുകയാണ്. ഞാനൊന്ന് നെറ്റിചുളിച്ചു. എന്നിട്ട് അടുത്ത് നിന്ന പത്രോസ് ശ്ലീഹായോട് ചോദിച്ചു. 'ഇദ്ദേരെ പരിചയമുണ്ടോ' 'ഉണ്ട്' ഉടൻ മറുപടി വന്നു. 'ഇദ്ദേഹം മുടിയനായ പുത്രനായിരുന്നു. കാണാതായ ആടായിരുന്നു, ചുങ്കക്കാരുടെയും, പാപികളുടെയും ഗണത്തിൽപ്പെട്ടിരുന്നു. എന്നാൽ ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ അനുതപിച്ച്, തിരിച്ചു വന്ന്, തൃപ്പാദസേവ ചെയ്തിരുന്നതിനാൽ ഇപ്പോൾ സ്വർഗ്ഗ സമ്മാനത്തിനായി വന്നിരിക്കുന്നു. അതിന്റെ ആഘോഷമാണ് നടക്കുന്നത്. പത്രോസ് പറഞ്ഞവസാനിപ്പിച്ചപ്പോൾ ഞാനും ആ ആത്മാവിനു മുമ്പിൽ കൈകൂപ്പി. സ്വർഗ്ഗത്തിന്റെ സ്വർണ്ണ കവാടം കടന്ന് അകത്തേക്ക് കയറിയ നമ്മുടെ പഴയ 'ഗുണ്ട'യെ ത്രിത്വദൈവവും സ്വർഗ്ഗവാസികളും മാലാഖമാരും ഇറങ്ങി വന്ന് സ്വീകരിച്ച് അങ്ങകത്തേക്ക് കൂട്ടി കൊണ്ടു പോകുന്നത് കണ്ടു. കണ്ണ് മിഴിച്ചു നിൽക്കുന്ന എന്നെ നോക്കി പത്രോസ് പറഞ്ഞു, 'എന്താ ഒരു മോഹമുണ്ടോ? ഇപ്പോൾ ചെല്ല്, ബാക്കി ജീവിതം കൂടി ജീവിച്ചുതീർത്ത് തിരികെയെത്ത്'. ഞാൻ തല വണങ്ങി, നന്ദി അർപ്പിച്ചു, വിടവാങ്ങി. അപ്പോഴേയ്ക്കും മൊബൈലിൽ നാലു മണി അലാറം അടിച്ചിരുന്നു!!!



BETHANY PUBLICATIONS
www.malankaralibrary.com


# മടക്കയാത്ര

അപ്പോസ്തോലൻ പൗലോസിന്റെ മാന സാന്തര കഥയാണ് പശ്ചാത്തലം. സാവൂൾ പൗലോസായ കഥ. ജറുസലേമിലും പരിസരത്തു മുള്ള ക്രിസ്തു വിശ്വാസികളെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്ന കാലം. ഡമാസ്കസിലുള്ള വിശ്വാസികളെ പിടിച്ചുകെട്ടി കൊണ്ടുവരുന്നതിനുള്ള പടപ്പുറപ്പാടിലാണ് സാവൂൾ. ഡമാസ്കസ് എത്തുന്നതിനു മുമ്പു തന്നെ കർത്താവ് ഇടപെട്ട് അവന്റെ വഴി തടഞ്ഞ് സാവൂളിനെ മാനസാന്തരത്തിലേക്ക് നയിക്കുന്നു. അങ്ങനെ ഡമാസ്കസ് സാവൂളിന്റെ മാനസാന്തരത്തിന്റെ നഗരമായി മാറുന്നു. മാനസാന്തരപ്പെട്ട സാവൂൾ പൗലോസായിത്തീരുന്നു. കർത്താവിന്റെ ദാസനായി മാറിയ പൗലോസ് അവിടുത്തെ പ്രസംഗിക്കാനും സുവിശേഷം അറിയിക്കാനുമായി ദമാസ്കസിൽ നിന്നും ജറുസലേമിലേക്ക് തിരികെ വരുന്നു. ജനങ്ങൾക്ക് തങ്ങളുടെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരു പ്രത്യേക ദൗത്യവുമായി ഡമാസ്കസിലേയ്ക്ക് പോയ സാവൂൾ ആകെ മാറിയിരിക്കുന്നു. യേശുവിന്റെ ശത്രു ഇപ്പോൾ അവിടുത്തെ ഏറ്റവുമടുത്ത മിത്രം ആയിരിക്കുന്നു. അവിടുത്തെ കുറിച്ച് പറഞ്ഞതിനെല്ലാം കടകവിരുദ്ധമായിട്ടാണ് ഇപ്പോൾ പറയുന്നത്. ഇതിനെയാണ് നാം മാനസാന്തരം എന്ന് പറയുന്നത്. മനസ്സിന്റെ അന്തരമാണല്ലോ മാനസാന്തരം. ഈ മാനസാന്തരം സാവൂളിനെ വിശ്വാസത്തിലേക്ക് നയിക്കുന്നു. വിശ്വാസത്തിൽ യുക്തിക്ക് അത്ര പ്രസക്തിയില്ല. വിശ്വാസം ദൈവീകവും യുക്തി മാനുഷികവുമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പറഞ്ഞുവെച്ചു; നീ ധ്യാനിക്കുമ്പോൾ നിന്റെ മനസ്സ് മാറണം. ഈ മാറ്റമാണ് പൗലോസിന്റെ ജറുസലേം -ഡമാസ്കസ്- ജറുസലേം യാത്രയിൽ ഉടനീളം കാണുന്നത്.



BETHANY PUBLICATIONS
www.malankaralibrary.com


# 'കും'

കർത്താവ് ഒരിക്കൽ മരിച്ചുകിടന്ന ബാലി കയോട് പറഞ്ഞു, 'തലീത്ത കും'. പത്രോസ് ഒരിക്കൽ യോപ്പായിൽ വച്ച് മരിച്ചു കിടന്ന ഒരു ക്രിസ്തുശിഷ്യയോട് പറഞ്ഞു. 'തബീത്ത കും'. തബീത്ത എന്നത് ആ സ്ത്രീയുടെ പേരായിരുന്നു. കർത്താവും പത്രോസും ഇരുവരെയും കൈപിടിച്ച് എഴുന്നേൽപ്പിച്ച് ബന്ധുക്കൾക്ക് ഏൽപ്പിച്ചു കൊടുത്തു എന്നതാണ് സംഭവം. അപ്പോൾ 'കും' ഒരാജ്ഞയാണ്. അപേക്ഷയല്ല. കും എന്നതുകൊണ്ട് 'എഴുന്നേല്ക്കു' എന്നർത്ഥം. 'കുമീ' എന്നാണല്ലോ കേട്ടിരിക്കുന്നത് എന്ന് ചിലപ്പോൾ ചിന്തിച്ചേക്കാം. ശരിയാണ്, ഇംഗ്ലീഷ് തർജ്ജമയിൽ Cumi (കുമി) എന്നാണ് കൊടുത്തിരിക്കുന്നത്. (King James, RSV) കും ആയാലും കുമി ആയാലും നമുക്ക് സന്ദേശം സ്വീകരിച്ചാൽ മതി; 'എഴുന്നേൽക്കൂ'. ഇന്ന് നമ്മുടെ പള്ളി പ്രസംഗങ്ങളിലും രോഗശാന്തി ശുശ്രൂഷ കളിലും ഈ എഴുന്നേൽപ്പ് പൂർണമാകുന്നുണ്ടോ എന്ന് പരിശോധിക്കുക നല്ലതാണ്. മരിച്ചവരുടെ മേൽ 'കും' പ്രയോഗിക്കാൻ കർത്താവ് ഒരുപക്ഷേ നമ്മോട് ആവശ്യപ്പെടുന്നില്ലായിരിക്കും. എന്നാൽ രോഗ ശയ്യയിലായിരിക്കുന്നവരോട്, പാപഭാരത്താൽ ക്ലേശിക്കുന്നവരോട് കർത്താവിന്റെ അഭിഷിക്തർ 'കും' അജ്ഞ പ്രയോഗിക്കുന്നുണ്ട്. എന്നാൽ ഇവയെക്കാളെല്ലാം ഉപരി പാപത്തിൽ നിന്നും രോഗത്തിൽനിന്നുമുള്ള മനുഷ്യന്റെ ഒരു സമഗ്ര വിമോചനം നമ്മുടെ പ്രയോഗം കൊണ്ട് സാധിച്ചിട്ടുണ്ടോ എന്ന് സംശയം. ഒരുപക്ഷേ കർത്താവിനെപ്പോലെയോ ശ്ലീഹന്മാരെ പോലെയോയുള്ള കുമ്മിന്റെ ആജ്ഞാശക്തി ആത്മീയമായി നാം ആർജിച്ചെടുത്തിട്ടില്ലായിരിക്കും. അതുകൊണ്ട് തന്നെ നമ്മുടെ 'കും' ബലഹീനവും നിർ ജീവവുമായി പോകുന്നുണ്ടാവും. പക്ഷേ, പത്രോസിനും കൂട്ടർക്കും സാധിച്ചെങ്കിൽ നമുക്കും സാധിക്കുമായിരിക്കും. ശ്രമിച്ചു നോക്കാം.



www.malankaralibrary.com


# നന്മയും കരുണയും

സങ്കീർത്തകന്റെ ഭാഷയിൽ കർത്താവി നും എനിക്കും ഓരോ ജോലികൾ മാത്രമേ ഈ ലോകത്തിൽ നിർവഹിക്കുവാനുള്ളൂ എന്ന് തോന്നിപ്പോകും. അതായത് സങ്കീർത്തനം 23-ന്റെ 6-ൽ പറയുന്നു. അവിടുത്തെ നന്മയും കരുണയും കൊണ്ട് എന്നെ മൂടി, എന്നെ നിരന്തരം പിന്തുടരുകയാണെന്ന്. ഒരുവിധത്തിൽ ദാവീദ് രാജാവ്, സങ്കീർത്തകൻ, പറയുന്നത് ശരിയല്ലേ ഒന്നോർത്തു നോക്കുക, ഞാൻ എന്റെ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പ് തന്നെ എന്നെ കുറിച്ചുള്ള ഓർമ്മ അവിടുത്തേയ്ക്കുണ്ടായിരുന്നു. എന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതയാത്രയുടെ ഒരു രൂപരേഖ അവിടുന്ന് മനസ്സിൽ കോറിയിട്ടു കഴിഞ്ഞു. അത് നടപ്പിലാക്കാൻ പരിശുദ്ധാത്മാവിനെയും മാലാഖമാരേയും അവിടുന്ന് ഭരമേൽപ്പിക്കുകയും ചെയ്തു. അവർ ഈ രണ്ട് തൈലങ്ങളുടെയും, നന്മയുടെയും കരുണയുടെയും, വലിയ രണ്ടു കുപ്പികളും പേറി നിരന്തരം എനിക്കുചുറ്റും എന്റെ ഇടത്തും വലത്തും, മുന്നിലും പിറകിലും, താഴെയും മീതെയും, എല്ലാ വശത്തും അങ്ങനെ നിൽപ്പാണ്; ഞാൻ ഉറങ്ങുമ്പോൾ പോലും ആ നിൽപ്പ് അവിരാമം തുടരുന്നു. ഇത് നൂറു ശതമാനം ശരിയാണെന്ന് എന്റെ ഗതജീവിതം പരിശോധിക്കുമ്പോൾ എനിക്ക് മനസ്സിലാകുന്നു. മാലാഖമാർ വഹിച്ചിരിക്കുന്ന ആ രണ്ട് തൈലങ്ങളുടെയും, നന്മയുടെയും കരുണയുടെയും, ഭരണികൾ പരിശുദ്ധാത്മാവ് ഒരുശതകോടി പ്രാവശ്യം എന്റെ മേൽ ഒഴുക്കി എന്നെ സമൃദ്ധമായി ക്ഷാളനം ചെയ്തതായി ഞാൻ ബോധവാനാകുന്നു. നന്ദിയായി ഞാൻ ഇനി എന്ത് ചെയ്യണം? ചെയ്യാനൊത്തിരി ഉണ്ട്.



# കർത്താവിന്റെ ആലയം

ഫ്രാൻസിസ് തോംസെന്റ 'സ്വർഗ്ഗത്തിലെ വേട്ടപ്പട്ടി'യെപ്പോലെ കർത്താവിന്റെ നന്മയും കരുണയും നിരന്തരം എന്നെ വേട്ടയാടുമ്പോൾ പ്രതിഫലമായി അവിടുത്തേയ്ക്ക് എനിക്കൊന്നും കൊടുക്കാനില്ലല്ലോ എന്ന് സങ്കടപ്പെടുമ്പോളാണ് സങ്കീർത്തകൻ അതിനൊരു മാർഗ്ഗം കണ്ടെത്തുന്നത്. 23-ന്റെ 6 ഇങ്ങനെ പറഞ്ഞവസാനിപ്പിക്കുന്നു; 'കർത്താവിന്റെ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും'. കർത്താവിന്റെ ആലയത്തിൽ വസിക്കുക എന്നതിൽ കവിഞ്ഞ് നമുക്കൊന്നും ചെയ്യാനില്ല. അവിടുത്തെ ആലയത്തിൽ വസിക്കാനുള്ള അവകാശം കിട്ടുക എന്നതു തന്നെ കർത്താവിന്റെ വലിയൊരു ഔദാര്യമാണ്. അവിടുത്തെ ആലയം സുരക്ഷിതമാണ്. ശത്രുക്കൾക്കെതിരായ വലിയ കോട്ടകൾ ചുറ്റുമുണ്ട്. ഇനിയും ശത്രുക്കൾ ഏതുവിധേനയും അകത്ത് കടന്നാൽ തന്നെ ചെറുത്തു നിൽക്കുവാൻ മാലാഖമാരുടെയും വിശുദ്ധന്മാരുടെയും കാവൽ ദൂതന്മാരുടെയും വലിയ വ്യൂഹങ്ങൾ അണിനിൽപ്പുണ്ട്. അവന്റെ ആലയത്തിൽ സാത്താന്റെയും തിന്മയുടെയും വ്യവഹാരങ്ങളില്ല. സ്വാർത്ഥതയുടെയും താൻപോരിമയുടേയും അധീശത്വമില്ല. ശണ്ഠയോ കലഹങ്ങളോ ഇല്ല. സ്നേഹം, സ്നേഹം ഒന്നു മാത്രം എവിടെയും വാഴുന്നു. ഉണ്ണുന്നതും ഉടുക്കുന്നതും സ്നേഹം. ഉറങ്ങുമ്പോഴും ഉണരുമ്പോഴും സ്നേഹം. കൊടുക്കുന്നതും വാങ്ങുന്നതും സ്നേഹം മാത്രം. നോക്കുന്നതും കാണുന്നതും സ്നേഹം. സ്നേഹമാണ് അഖിലസാരമൂഴിയിൽ. മാത്രമല്ല അവിടുത്തെ ആലയം മുഴുവൻ സ്നേഹസുഗന്ധമുള്ള ധൂപം നിറഞ്ഞു നിൽക്കുന്നു. ഇവിടെ വിശപ്പില്ല. ദാഹമില്ല. സ്നേഹം, സ്നേഹമയം അവിടുത്തെ ആലയം. പിന്നെ എന്തിന് ഞാൻ അവിടം വിട്ടു പോകണം എന്നും ഞാൻ അവിടുത്തെ ആലയത്തിൽ വസിക്കും.



BETHANY PUBLICATIONS
www.malankaralibrary.com



# പക്ഷപാതമില്ലാത്ത ദൈവം

പത്രോസിന്റെ ഒരു പ്രസംഗത്തിന്റെ പ്രധാന വിഷയം 'ദൈവത്തിന് പക്ഷ പാതമില്ല' എന്നതായിരുന്നു. ഈ വിഷയത്തെ ക്കുറിച്ച് സംസാരിക്കാൻ കാരണമുണ്ട്. കേസറിയായി ലുള്ള കൊർണേലിയൂസിന്റെ ക്ഷണപ്രകാരവും കർത്താവിന്റെ നടത്തിപ്പും അനുസരിച്ച് പത്രോസ് കൊർണേലി യൂസിന്റെ ഭവനത്തി ലെത്തി യേശുവിനെ പ്രസംഗിച്ചപ്പോൾ ധാരാളം വിജാതീയർ മാനസാന്തരപ്പെടുകയും പരിശുദ്ധാത്മാ വിനെ സ്വീകരിച്ച്, മാമോദീസാ മുങ്ങുകയും ചെയ്തു. പത്രോസ് തിരികെ യൂദായി ലെത്തിയപ്പോൾ യൂദായിലുള്ള പരിച്ഛേദന വാദികൾ കേസറിയ സംഭവത്തിൽ കുണ്ഠിത രായി പത്രോസിനെ ചോദ്യംചെയ്തു. തുടർന്നുള്ള വിശദീകരണയോഗത്തിലും കേസറിയായിലെ പ്രസംഗത്തിലും നിഴലിച്ചു നിന്ന ഒരു വിഷയമാണ് പക്ഷപാതമില്ലാത്ത ദൈവം എന്നത്. ദൈവം മനുഷ്യനെ സൃഷ്ടിച്ചു, മനുഷ്യൻ മതങ്ങളെയും, ജാതികളെയും മറ്റ് മനുഷ്യ വിഭാഗങ്ങളെയും സൃഷ്ടിച്ചു. മനുഷ്യൻ സൃഷ്ടിച്ച വർഗ്ഗ, വർണ്ണ, ജാതി, മത വിഭാഗങ്ങളോടൊന്നും ദൈവം പക്ഷം ചേരാറില്ല. കാരണം അവയൊന്നും ദൈവ സൃഷ്ടികളല്ല. പിന്നെ നാം മനുഷ്യർ എന്തിന് മനുഷ്യനെ വേർതിരിച്ച് വിഭാഗങ്ങൾ സൃഷ്ടി ക്കുന്നു? ദൈവത്തിന് ഒരു കത്തോലിക്കനേയും അകത്തോലിക്കനേയും, ഓർത്തഡോക്സു കാരനേയും യാക്കോബായക്കാരനേയും ആ പേരിൽ പരിചയമില്ല. പിന്നെ നാമായിട്ട് എന്തിന് നമ്മളെ വിഭാഗീയരായി ദൈവത്തിന് പരിചയപ്പെടുത്തുന്നു? ദൈവത്തിന് വീണ്ടെ ടുക്കപ്പെട്ടവരെന്നും അല്ലാത്തവരെന്നും രണ്ടു വിഭാഗക്കാരെ മാത്രമേ പരിചയമുള്ളൂ. ആയതിനാൽ ആരോടും അവിടുത്തേയ്ക്ക് പക്ഷപാതമില്ല. എല്ലാവരെയും വീണ്ടെടു ക്കപ്പെട്ടവരുടെ ഗണത്തിൽപ്പെടുത്താൻ അവിടുന്ന് അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരി ക്കുന്നു. ആയതിലേക്ക് നമ്മളെ അവിടുത്തെ സഹപ്രവർത്തകരാകാൻ ക്ഷണിക്കുകയും ചെയ്യുന്നു.



www.malankaralibrary.com


# 'ഞാനും മനുഷ്യനാണ്'

ഞാനും മനുഷ്യനാണ് എന്ന് ബൈബിളിൽ ആര് ആരോട് പറഞ്ഞു എന്ന ക്വിസ് ചോദ്യത്തിന് പത്രോസ് കൊർണേലിയൂസിനോട് പറഞ്ഞു എന്നുത്തരം. ദൈവത്താൽ അയയ്ക്കപ്പെട്ട പത്രോസിനെ ഭവനത്തിൽ സ്വീകരിച്ചപ്പോൾ കൊർണേലിയൂസ് പത്രോസിന്റെ കാൽക്കൽ വീണ് നമസ്കരിച്ചു. ആ അവസരത്തിൽ കൊർണേലിയൂസിനെ പിടിച്ചുയർത്തികൊണ്ട് പത്രോസ് പറഞ്ഞു, 'എഴുന്നേൽക്കുക ഞാനും ഒരു മനുഷ്യനാണ്' പത്രോസിന്റെ സ്ഥാനത്ത് അവരുടെ ഒരു പുരോഹിതനോ, ഫരീസേയനൊ ആയിരുന്നെങ്കിൽ ഒരു ശതാധിപനായ കൊർ ണേലിയൂസ് അതു ചെയ്യുകയില്ല. ചെയ്താൽ തന്നെ അവരാരും പത്രോസിന്റെ ഭാഷയിൽ സംസാരിക്കുകയുമില്ല. പത്രോസ് കർത്താവിനാൽ അയയ്ക്കപ്പെട്ട ഒരു ദൈവീക മനുഷ്യനായതുകൊണ്ടും കൊർണേലിയൂസിന് അത് ബോധ്യമുള്ളതുകൊണ്ടുമാണ് ഇത് സംഭവിച്ചത്. മറ്റുള്ളവരുടെ ബഹുമാനവും ആദരവും പിടിച്ചു പറ്റേണ്ടത് നമ്മുടെ സൽസ്വഭാവവും സൽപ്രവൃ ത്തികളും കാരണമാണ്. ദൈവീക മനുഷ്യരെ, ആത്മീയ സന്ദേശങ്ങൾ പകർന്നു കൊടുക്കുന്നവരെ മനുഷ്യർ ആദരിക്കുന്നത് അതുകൊണ്ടാണ്. ഫരീസേയർക്കും യഹൂദ പ്രമാണികൾക്കും ഇല്ലാതിരുന്നതും അതു തന്നെയാണ്. യേശു ഫരീസയരെ ശാസിച്ച കൂട്ടത്തിൽ അവർ സ്വയം വലിയവരാണെന്നും ബഹുമാന്യരാണെന്നും നടിക്കുന്നതിനെ വിമർശിച്ചു. തങ്ങളും മറ്റുള്ളവരെ പോലെ മനുഷ്യരാണെന്ന അവബോധം അവർക്കില്ലായിരുന്നു. വലിയവനാകാൻ ആഗ്രഹിക്കുന്നവൻ സ്വയം ചെറുതാകട്ടെ എന്ന ക്രിസ്തു ഉപദേശം നാം ശിരസാവഹിക്കണം. അനുനിമിഷം സ്മരിക്കണം. നാം നമ്മോടുതന്നെ ഇടയ്ക്കിടെ പറയണം, 'എന്നെ അധികം ആദരിക്കേണ്ട, ഞാനും ഒരു മനുഷ്യനാണ്.'



BETHANY PUBLICATIONS
www.malankaralibrary.com


# ആത്മാഭിഷേകവും മാമോദീസയും

കേസറിയായിലാണ് സംഭവം. കൊർണേലിയൂസിന്റെ ഭവനത്തിൽ പത്രോസിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്ന ജനങ്ങളുടെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്ന് അവരെ അഭിഷി ക്തരാക്കി. അവരിൽ ഏറെ പേർ യഹൂദർ അല്ലാ തിരുന്നതിനാൽ അവർ അപരിച്ഛേദിതരുമായിരുന്നു. ജറുസലേമിലുള്ള വിശ്വാസികൾ ഇത് കേട്ട് ആശ്ചര്യപ്പെട്ടു. അപരിഛേദിതരും മാമോദീസ മുങ്ങിയിട്ടുമില്ലാത്തവർക്ക് ആത്മാഭിഷേകം ലഭിച്ചിരിക്കുന്നു. ആകപ്പാടെ ഒരു കൺഫ്യൂഷൻ സൃഷ്ടിക്കപ്പെട്ടു. ഈ സ്ഥിതി മനസ്സിലാക്കി പത്രോസ് എഴുന്നേറ്റ് നിന്ന് പറഞ്ഞു, സഹോദരങ്ങളെ നമ്മെപ്പോലെ തന്നെ ആത്മാഭിഷേകം ലഭിച്ച ഈ ജനത്തിന് ജ്ഞാനസ്നാനം നിഷേധിക്കാൻ ആർക്കെങ്കിലും കഴിയുമോ അവരെല്ലാവരെയും മാമോദീസ മുക്കുവാൻ പത്രോസ് ഓർഡറിട്ടു. ഇതാണ് ക്രിസ്തീയത്വവും ഫരീസയത്വവും തമ്മിലുള്ള വ്യത്യാസം. ഫരീസേയർ നിയമങ്ങളുടെയും പാരമ്പര്യത്തിന്റെയും ഞാഞ്ഞൂലുകളിൽ കടിച്ചു തൂങ്ങി കിടക്കുമ്പോൾ ക്രിസ്തീയത്വം മനുഷ്യനെയും നിയമങ്ങളെയും സൃഷ്ടിച്ചവന്റെ തീരുമാനങ്ങൾക്ക് കാര്യങ്ങൾ വിട്ടു കൊടുക്കുന്നു. ഫരിസേയത്വം നിയമപാലനത്തിൽ സമ്പന്നവും ദൈവികതയിൽ ദരിദ്രവുമാണ്. ക്രിസ്തീയത്വം നിയമപാലനത്തേക്കാളു പരി ദൈവീക നടത്തിപ്പിന് പ്രാധാന്യം കൊടുക്കുന്നു. നമ്മളും ഉൾപ്പെടുന്ന ദൈവജനത്തെ ഫരീസേയത്വത്തിൽ നിന്ന് മോചിപ്പിക്കാൻ യേശു തമ്പുരാൻ കിണഞ്ഞു പരിശ്രമിക്കുന്നുണ്ടെങ്കിലും നമ്മൾ അതിന് വശംവദരാകുവാൻ വിമുഖത കാണിക്കുന്നു. ആരാധനാക്രമങ്ങളോടും പാരമ്പര്യങ്ങളോടുമുള്ള നമ്മുടെ മനോഭാവം ഇതിന് ഉദാഹരണമാണ്.



BETHANY PUBLICATIONS
www.malankaralibrary.com


# വിശുദ്ധവും മലിനവും

അപ്പോസ്തോല നടപടി പുസ്തകത്തിൽ ഒരിക്കൽ പത്രോസിന് ലഭിച്ച ഒരു സ്വർഗീയ വെളിപാടാണ് ഇവിടെ പരാമർശം. കാഴ്ച ഇങ്ങനെയായിരുന്നു. സ്വർഗ്ഗത്തിൽ നിന്നും വലിയ ഒരു വിരിപ്പ് പാത്രം തന്റെ മുമ്പിൽ വന്നിറങ്ങി. അതിൽ എല്ലാ ജീവജാലങ്ങളും. മൃഗങ്ങളും പക്ഷികളും ഉണ്ടായിരുന്നു. 'കൊന്നു തിന്നുക' എന്നതായിരുന്നു കിട്ടിയ ആജ്ഞ. ഇല്ല, അവയൊക്കെയും അശുദ്ധവും മലിനമാകുന്നു എന്നു പറഞ്ഞ് പത്രോസ് നിരാകരിച്ചപ്പോൾ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു സ്വരമായിരുന്നു, 'ദൈവം വിശുദ്ധീകരിച്ചതിനെ നീ മലിനമെന്ന് വിളിക്കരുത്'. ഈ ദർശനത്തിന്റെ കൃത്യമായ ഒരു വ്യാഖ്യാനം ലഭ്യമല്ലെങ്കിലും സാന്ദർഭികമായ ഒരു സന്ദേശം അതിലുണ്ട്. കേസറിയായിൽ വിജാതിയരുടെയും അപരിഛേദിതരുടേയും ഇടയിൽ പത്രോസ് നടത്തിയ സുവിശേഷവത്കരണത്തെ ജറുസലേമിൽ ചോദ്യം ചെയ്തു. എന്തപരാധമാണ് പത്രോസ് ചെയ്തത് അശുദ്ധരും മലിനരുമായവർക്ക് മാമോദീസ നൽകിയത് പരിഛേദിതവാദികൾക്ക് സഹിക്കാനാവില്ലായിരുന്നു. ഈ അവസരത്തിലാണ് പത്രോസ് യോപ്പാ നഗരത്തിൽ തനിക്കുണ്ടായ ദർശനത്തെക്കുറിച്ച് വിവരിച്ചത്. ദൈവം എല്ലാ മനുഷ്യരെയും ഒരുപോലെ സൃഷ്ടിച്ചു. ദൈവത്തിന് തന്റെ സൃഷ്ടി മുഴുവനും വിശുദ്ധമാണ്. പരിഛേദിതൻ വിശുദ്ധനെന്നോ അപരിഛേദിതൻ മ്ലേച്ഛനെന്നോ ഉള്ള വേർതിരിവ് ദൈവത്തിനില്ല എന്ന സന്ദേശം അവർക്ക് കൊടുക്കുകയായിരുന്നു പത്രോസ്. ജാതിവ്യവസ്ഥയും തീണ്ടലും തൊടീലുമൊക്കെ ഉണ്ടായിരുന്ന കാലത്ത് ദൈവം നമുക്കും ഈ സന്ദേശം നൽകിയിട്ടുണ്ടാവും. എന്നാലും ഇന്നും മനസ്സിൽ ഈ തീണ്ടലും തൊടീലും വെച്ചു പുലർത്തുന്നവരാണ് നമ്മളിൽ പലരും. അവിടുത്തെ ആജ്ഞ ശ്രവിക്കാം. ദൈവം വിശുദ്ധീകരിച്ചതിനെ മലിനമെന്ന് നീ വിളിക്കരുത്.



BETHANY PUBLICATIONS
www.malankaralibrary.com


# ഒന്നും ശരിയല്ല

'ഒന്നും ശരിയല്ല, ആരും ശരിയല്ല'. ഇത് നമ്മുടെ സ്ഥിരം പല്ലവിയാണ്. ഒരു കുടുംബത്തിലെ സംസാരം ഇങ്ങനെ പോകുന്നു; ഭാര്യ: 'എല്ലാവർക്കും ഭർത്താക്കന്മാരുണ്ട്, നമുക്കുമുണ്ട് ഒരെണ്ണം, കാശിനും കർമ്മത്തിനും കൊള്ളത്തില്ല'. ഭർത്താവ്: നിന്നെ കെട്ടിക്കൊണ്ട് വന്നപ്പോഴേ തുടങ്ങിയതാ എന്റെ ഗതികേട്, അമ്മയ്ക്കൊത്ത കുറെ പിള്ളേരും.' ആ വീട്ടിൽ അയാളൊഴികെ എല്ലാവരും കുഴപ്പക്കാരാ. ആരും ശരിയല്ല, ഒന്നും ശരിയല്ല. പാർട്ടി ഓഫീസിൽ പ്രവർത്തകസമിതി യോഗം ഇങ്ങനെ: നമ്മുടെ ഒരു പ്രസിഡന്റിനെകൊണ്ട് ഒരു പ്രയോജനവുമില്ല, പാർട്ടിയുടെ പരാജയങ്ങൾക്കെല്ലാം കാരണം അയാൾ ഒറ്റയൊരുത്തനാ. അപ്പോൾ പ്രസിഡന്റ്: എല്ലാ പാർട്ടികൾക്കും അണികളുണ്ട്, നമുക്കുമുണ്ട് കുറെ പേർ, എങ്ങനെ പള്ള വീർപ്പിക്കാം എന്ന് ചിന്തിച്ചു മാത്രം നടക്കുന്ന പരിഷകൾ! ഒന്നും ശരിയല്ല. മത കേന്ദ്രങ്ങളിലും സമൂഹങ്ങളിലും കേൾക്കാം: ഇവിടെ ഒരു കുന്തോം നടക്കില്ല, കുറേപ്പേർ തലപ്പത്ത് കേറിയി രിപ്പുണ്ട്, മറ്റുള്ളവരെ പരിപ്പാ ജോലി. യാതൊരു പ്രയോജനവുമില്ല. അധികാരമോഹികൾ! അപ്പോൾ മറുവശത്ത് അധികാരികൾ: ഗതികേടിന് ഈ തസ്തിക ഏറ്റെടുത്തു പോയി, തെരഞ്ഞെടുത്തവർ തന്നെ പാരവച്ചുകൊണ്ടു നടക്കുവാ. എങ്ങനെ പ്രശ്നമുണ്ടാക്കാമെന്നെ ചിലർക്ക് ചിന്തയുള്ളൂ. ഇതൊന്നും ശരിയല്ല, അടുത്ത കാലത്തെങ്ങും ശരിയാകുമെന്ന് തോന്നുന്നില്ല'. ഇങ്ങനെ പോകുന്നു മുക്കിലും മൂലയിലുമുള്ള അടക്കം പറച്ചിൽ. ഇങ്ങനെ ഏത് ജീവിതാന്തസ്സിലും പരസ്പരം കുറ്റം പറഞ്ഞ് ആരും ശരിയല്ല, ഒന്നും ശരിയല്ല എന്ന് സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നവരെ കാണാം. നാം നമ്മോടു തന്നെ ചോദിക്കേണ്ടത്, ഞാൻ ശരിയാണോ ചെയ്യുന്നതൊക്കെ ശരിയാണോ എന്നാണ്. ലോകം മുഴുവൻ നന്നാക്കിയിട്ട് നമുക്ക് നന്നാവാം എന്ന് ചിന്തിക്കാതെ, നമുക്ക് ആദ്യം നന്നാവാം. ലോകം താനെ നന്നായി കൊള്ളും.



www.malankaralibrary.com


# ദൈവത്തെ തടസ്സപ്പെടുത്തുന്നവർ

പത്രോസ് ഒരിക്കൽ പറഞ്ഞു, ദൈവത്തെ തടസ്സപ്പെടുത്താൻ ഞാനാരാണ്? ശ്ലീഹന്മാർക്കും ശിഷ്യന്മാർക്കും ലഭിച്ച പരിശുദ്ധാത്മാഭിഷേകം വിജാതിയർക്കും സൗജന്യമായി ലഭിച്ചു എന്ന് കേട്ടപ്പോൾ വിശ്വാസികളായ യഹൂദർ അസൂയ പൂണ്ട് കുപിതനായി. പണ്ടൊരച്ചൻ പറഞ്ഞു. എന്റെ 'സ്പെഷ്യൽ' എല്ലാവർക്കും കൊടു ത്താൽ പിന്നെ എനിക്ക് എന്താ 'സ്പെഷ്യൽ' ഈ മനോഭാവമായിരുന്നു അവരുടേത്. സ്വജാതികൾക്ക് കിട്ടിയ സ്പെഷ്യൽ എന്തിന് വിജാതിയർക്ക് കൊടുത്തു എന്നതായിരുന്നു അവരുടെ പ്രശ്നം. ചിലപ്പോൾ നമ്മുടെയും പ്രശ്നം മറ്റൊന്നല്ല. കുടുംബത്തിലായാലും സമൂഹത്തിലായാലും രാജ്യഭരണത്തിലായാലും ഞാൻ കൂടുതൽ അർഹനായിരിക്കെ അർഹതയില്ലാത്തവനേയും എന്നേയും ഒരേ കാറ്റഗറിയിൽ പെടുത്തുന്നത് എനിക്ക് പിടിക്കത്തില്ല. അത് അനീതിയും സ്വജനപക്ഷപാതവുമാണെന്ന് പറഞ്ഞു നടക്കും. സമൂഹങ്ങളിൽ ഇതിന്റെ പേരിൽ എന്തെല്ലാം 'പൊല്ലാപ്പു'കളാണ് ഉണ്ടാകുന്നത്. എന്നോളം ക്വാളിഫിക്കേഷൻ ഇല്ലാത്തവന് ഒരു തസ്തിക കൊടുത്തു പോയെങ്കിൽ പ്രശ്നം ഗുരുതരമായി. മറ്റുള്ളവർക്ക് ഇല്ല എന്ന് നമ്മൾ വിചാരിക്കുന്ന പലതുമുണ്ടെന്ന് കാണിച്ചുകൊണ്ട് നടക്കുന്നവരോട് വല്ലാത്ത ഒരു വൈക്ലബ്യം! നമ്മുടെ ശത്രു പക്ഷത്തുള്ളവനെ ദൈവം നല്ലൊരു ജോലി ഏൽപ്പിക്കുമ്പോൾ, 'ഓ....അവൻ... അവനെയെനിക്കറിയാം' എന്നു പറഞ്ഞു പുച്ഛിക്കുന്ന നമ്മൾ. ഇങ്ങനെയുള്ള നമ്മളോട് കർത്താവ് ഉത്തരം പറഞ്ഞു, യജമാനന് അവന്റെ സ്വത്തുകൊണ്ട് എന്ത് ചെയ്യണമെന്ന് തീരുമാനിക്കാനുള്ള അവകാശമില്ലേ? പത്രോസും ഇന്ന് പറയുന്നു, ദൈവത്തന്റെ സ്വന്തം സ്വത്തായ പരിശുദ്ധാത്മാവിനെ വിജാതിയർക്കും അവിടുന്ന് കൊടുത്തുവെങ്കിൽ ദൈവത്തെ തടസ്സപ്പെടുത്താൻ ഞാനാര് (നടപടി 11:17) നമ്മളും സ്വയം പറയണം, ദൈവത്തിന്റെ പദ്ധതികൾക്ക് ഇടങ്കോലിടാൻ ഞാനാര്? എനിക്കെന്തവകാശം? എങ്കിൽ നമ്മുടെ പല പ്രശ്നങ്ങളും തീരും.

BETHANY PUBLICATIONS
www.malankaralibrary.com


# ദൈവത്തിന്റെ വഴികൾ

മനുഷ്യന്റെ ബുദ്ധിക്കും യുക്തിക്കും നിരക്കാത്തവ ചിലപ്പോൾ ദൈവത്തിന്റെ പദ്ധതികളായി ഉരുത്തിരിയാറുണ്ട്.

ആദിമ ക്രൈസ്തവസഭയുടെ മത പീഡനം, സ്തേഫാനോസിന്റെ വധം ഇവ കൊണ്ടൊക്കെ സഭയൊന്നുലഞ്ഞു. സഭാ മക്കൾ പരിഭ്രാന്തരായി. നേതൃത്വം ആടി യുലഞ്ഞു. അവർ സമീപ പ്രദേശങ്ങളിലേക്ക് ചിതറിക്കപ്പെട്ടു. ഫിനീഷ്യാ, സൈപ്രസ്സ്, അന്ത്യോക്യാ എന്നീ പ്രദേശങ്ങൾ വരെ എത്തിയ അവർ സുവിശേഷം പ്രസംഗിച്ചു. തങ്ങളോടു കൂടെ കൂടിയ ഗ്രീക്ക് ഭാഷ അറിയാവുന്നവർ അന്ത്യോക്യയിലെത്തിയ പ്പോൾ അവിടെയുണ്ടായിരുന്ന ഗ്രീക്കുകാ രോടും സുവിശേഷം പ്രസംഗിച്ചു. വളരെപ്പേർ യേശുവിൽ വിശ്വസിച്ചു, സ്നാനമേറ്റു. അങ്ങനെ സഭ ജറുസലേമിന് പുറത്തേക്ക് വ്യാപിച്ചു. പ്രത്യേകിച്ച് അന്ത്യോക്യയി ലുള്ള സഭയുടെ വളർച്ച ക്രൈസ്തവ സഭയ്ക്ക് അനുകൂലമായ പല സാഹചര്യ ങ്ങളും സൃഷ്ടിച്ചു. ക്രിസ്തു വിശ്വാസി കളെ ക്രൈസ്തവർ എന്ന് വിളിച്ചു തുടങ്ങി യതു തന്നെ അന്ത്യോക്യായിലായിരു ന്നല്ലോ. അങ്ങനെ അന്ത്യോക്യായും മറ്റും പ്രധാന ക്രൈസ്തവ കേന്ദ്രങ്ങളായി മാറി. ഇതിനെല്ലാം കാരണം ജറുസലേമിലെ സഭയുടെ പീഡനവും ചിതറിക്കലുമായി രുന്നു എന്നോർക്കണം. സഭാവൃക്ഷ ത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായിരുന്ന വളവും വെള്ളവും രക്തസാക്ഷികളുടെ ചുടുനിണവും പ്രേക്ഷിതരുടെ വിയർപ്പു മായിരുന്നു. ഇങ്ങനെ ധാരാളം ഗോതമ്പു മണികൾ നിലത്തു വീണഴിഞ്ഞിട്ടാണ് ഇന്നു നാം കാണുന്ന ആഗോള സഭയാ കുന്ന വടവൃക്ഷം തഴച്ചു വളർന്നതും പുഷ്പിച്ചതും. ഇങ്ങനെ സഭയ്ക്കുവേണ്ടി സഹിക്കാനും അഴിഞ്ഞില്ലാതാകാനും (ആഫ്രിക്കൻ മിഷൻസ്) നാം സഭാ തനയർ ക്കേവർക്കുമുള്ള കടമ നമ്മൾ മറക്കരുത്. സഭ എന്നും പ്രേക്ഷിതയാണ്.



BETHANY PUBLICATIONS
www.malankaralibrary.com



# അഭിപ്രായഭിന്നത

വിശ്വാസികളുടെ ഇടയിലുള്ള നിസ്വാർത്ഥമായ അഭിപ്രായഭിന്നത ദൈവീകമായി കൈകാര്യം ചെയ്താൽ അത് ചിലപ്പോൾ നല്ലതിനും സമൂഹത്തിന്റെയോ സഭയുടെയോ നന്മയ്ക്കു വേണ്ടിയുമായിരിക്കും. ഇതിന് ഉത്തമ ഉദാഹരണമാണ് പൗലോസും ബർണബാസും തമ്മിൽ ഒരിക്കലുണ്ടായ വേർപിരിയൽ. സംഭവം ഇതാണ്: പൗലോസും ബർണബാസും ആദിമ സഭയിലെ വേർപിരിയാത്ത സയാമീസ് ഇരട്ടകളെ പോലെ ഒന്നിച്ചു നടന്ന് സുവിശേഷം പ്രസംഗിച്ച കർത്താവിന്റെ ശുശ്രൂഷകരായിരുന്നു. അന്ത്യോക്യാ കേന്ദ്രീകരിച്ച് സമീപപ്രദേശങ്ങളിലൊക്കെ സുവിശേഷം പ്രസംഗിച്ച് പ്രാദേശിക സഭകൾ സ്ഥാപിച്ചു കൊണ്ടിരുന്നു. ഈ സഭകളെ വീണ്ടും സന്ദർശിക്കുന്നതിന് ഒരിക്കൽ രണ്ടുപേരുംകൂടി പ്ലാനിട്ടു. ബർണബാസിന് ഒരു മോഹം; സുഹൃത്തും സഹായിയുമായ മർക്കോസിനെ കൂടെ കൂട്ടണം. എന്നാൽ അയാൾ അത്ര ശരിയല്ലായിരുന്നു. മർക്കോസ് സുവിശേഷ വേലയിൽ നിന്ന് കുറെനാൾ വിട്ടുനിന്നവ നായിരുന്നു. അങ്ങനെയുള്ള ഒരാളിനെ സന്ദർശന സംഘത്തിൽ ചേർക്കുക ഒരു പോരായ്മയായി കരുതിയതാവണം, പൗലോസ് ഈ അഭിപ്രായത്തോട് യോജിച്ചില്ല. ശക്തമായ അഭിപ്രായ ഭിന്നത മൂലം അവർ പിരിഞ്ഞു എന്നാണ് എഴുതപ്പെട്ടിരിക്കുന്നത് (അപ്പ.നട. 15:39) ബർണബാസും മർക്കോസും സൈപ്രസിലേക്കും, പൗലോസ് സീലാസിനെയും കൂട്ടി സിറിയ, കിലിക്യാ പ്രദേശങ്ങളിലേക്കും പോയി. ആയതിനാൽ സുവിശേഷം കൂടു തൽ സ്ഥലങ്ങളിലെത്താൻ അവരുടെ പിരിയൽ കാരണമായി. ഒരുപക്ഷേ അതായിരിക്കണം ദൈവഹിതം. നമ്മൾ സഭകളായി വേർപിരിയേണ്ടി വരുമ്പോൾ വേർപിരിയണം, തമ്മിലടിച്ച് നശിക്കുകയല്ല ചെയ്യേണ്ടത്. ഉപേക്ഷിക്കലും വേർപിരിയലും ദൈവഹിതമെങ്കിൽ പ്രാദേശിക സഭകൾ തഴച്ചു വളരും. അതാണല്ലോ മാർ ഈവാനിയോസ് എന്ന മഹാരഥൻ ലോകത്തിന് കാട്ടി തന്ന പാഠം. തള്ളേണ്ടത് തള്ളാനും കൊള്ളേണ്ടത് കൊള്ളാനും പഠിപ്പിക്കുന്ന പാഠശാലയാണ് ക്രിസ്തു സഭ.

BETHANY PUBLICATIONS
www.malankaralibrary.com


# പലായനം

സുവിശേഷവും ക്രിസ്തു മത വിശ്വാസങ്ങളും ലൗകികതലത്തിൽ അത്ര വേഗം സ്വീകരിക്കപ്പെടണമെന്നില്ല. വിശ്വാസം സ്വീകരിക്കപ്പെടാൻ പരിശുദ്ധാത്മാ വിന്റെ വരദാനവും ആവശ്യമാണല്ലോ. പൗലോസും കൂട്ടരും സുവിശേഷ പര്യടനത്തിൽ പല സ്ഥലങ്ങളിലും യഹൂദ സിനഗോഗുകളിൽ കയറി പ്രസംഗിക്കുക പതിവായിരുന്നു. ഇക്കേണിയം എന്ന സ്ഥലത്ത് പ്രസംഗ ത്തിനുശേഷം ധാരാളം യഹൂദരും ഗ്രീക്കുകാരും വിശ്വാസം സ്വീകരിച്ചു. എന്നാൽ വിശ്വസിക്കാതിരുന്നവർ ജനങ്ങളെ ശ്ലീഹന്മാർക്കെതിരായി അവരെ നാട്ടിൽ നിന്നും കല്ലെറിഞ്ഞ് ഓടിക്കാൻ പദ്ധതിയിട്ടു. ഇതറിഞ്ഞ പൗലോസും ശിഷ്യന്മാരും ശണ്ഠയ്ക്കും വാക്കു തർക്കത്തിനും ഇടം നൽകാതെ അരങ്ങിൽ നിന്നും പിന്മാറുക യാണ് ചെയ്തത്. അതായിരുന്നല്ലോ ഗുരു വിന്റെ ഉപദേശവും. നിങ്ങളെ ആരെങ്കിലും സ്വീകരിക്കാതിരുന്നാൽ നിങ്ങളുടെ കാലിലെ പൊടി കൂടി തട്ടിയിട്ട് പട്ടണം വിട്ടുപോകുക. അവർ ഇക്കോണിയം വിട്ട് സമീപപ്രദേശങ്ങ ളായിരുന്ന ലിസ്ത്രായിലേയ്ക്കും ദെർബയി ലേയ്ക്കും പലായനം ചെയ്തു എന്നാണ് എഴുതപ്പെട്ടിരിക്കുന്നത് (അപ്പ. നട. 14:6).

വിശ്വാസം ജീവിക്കുക, സുവിശേഷം പ്രസംഗിക്കുക എന്നിവയാണ് ഒരു വിശ്വാസി യുടെ ധർമ്മം. അതിനപ്പുറത്തേക്കുള്ളതെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് വിട്ടു കൊടുക്കുക. ഓരോ സഭയുടെയും അംഗബലം കൂട്ടാൻ പരസ്പരം ചാക്കിട്ടു പിടിക്കുന്ന സമ്പ്രദായം ക്രിസ്തീയമല്ല, ദൈവീകവുമല്ല. സഭകളുടെയും കൂട്ടായ്മ കളുടെയും ശക്തിയുടെ അളവു കോൽ അംഗബലമായിരിക്കരുത്, വിശ്വാസവും ക്രിസ്തീയ മാതൃക ജീവിതവുമായിരിക്കണം. ഇക്കാര്യത്തിൽ സഭകളായി നമ്മൾ എത്ര കാതം അകലെയാണ്!



BETHANY PUBLICATIONS
www.malankaralibrary.com


# ആദ്യത്തെ സുന്നഹദോസ്

നമുക്കറിയാം, സുന്നഹദോസുകൾ സഭയുടെ ഔദ്യോഗിക തലത്തിലുള്ള നിർണായക മീറ്റിങ്ങുകളാണ്. വിശ്വാസപരമായ അഭിപ്രായ ഭിന്നതകൾക്കും നൂതന പഠനങ്ങൾക്കും സഭാ നേതാക്കന്മാർ പരിശുദ്ധാത്മ പ്രേരിതരായി ചർച്ചകളിലൂടെ സത്യങ്ങൾ കണ്ടെത്തി പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നത് സുന്നഹദോസുകളിലാണ്. ഈ പാരമ്പര്യം ആദിമസഭയിൽ തന്നെ ആരംഭിച്ചു എന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായി മാത്രമേ നമുക്ക് കാണാൻ കഴിയൂ. സഭയുടെ ബാലാരിഷ്ടതയിൽ സഭയ്ക്ക് നേർവഴി കാട്ടിയത് സുന്നഹദോസുകളായിരുന്നു. സഭയിലെ ഭിന്നാഭിപ്രായങ്ങളെ ഏക പക്ഷീയമായി അടിച്ചൊതുക്കാതെ ചർച്ചകളിലൂടെ സത്യം കണ്ടെത്തുക എന്നുള്ള സമ്പ്രദായമായിരുന്നു സഭാപിതക്കന്മാരുടേത്. രക്ഷപ്രാപിക്കാൻ പരിച്ഛേദനം അത്യന്താപേക്ഷിതമാണ് എന്ന് ചില ഫരിസേയ ക്രിസ്ത്യാനികൾ അന്തോക്യായിൽ വന്നു പഠിപ്പിച്ചത് സഭയ്ക്ക് വളരെ ഉതപ്പുണ്ടാക്കി. പൗലോസും ബർണബാസും അതിനെ എതിർത്തു. പ്രശ്നം പരിഹരിക്കാനായി അവർ ജറുസലേമിലെത്തി സഭയുടെ തലവനും പിതാവുമായ പത്രോസിനേയും മറ്റ് ശ്ലീഹന്മാരേയും വിവരമറിയിച്ചു. അവർ ഉടനെ പിതാക്കന്മാരുടെ സമ്മേളനം (സുന്നഹദോസ്) വിളിച്ചുകൂട്ടി. എല്ലാവരും അവരവരുടെ അഭിപ്രായം പറഞ്ഞു അവസാനം പത്രോസ്, സഭാതലവൻ, പരിശുദ്ധാ ത്മാവിനാൽ നിറഞ്ഞ് അന്ത്യവിധി കൽപ്പിച്ചു. രക്ഷയ്ക്ക് യഹൂദ ക്രമമനുസരിച്ചുള്ള പരിച്ഛേദനം അനിവാര്യമാണ് എന്നുള്ള പഠനത്തെ സുന്നഹദോസ് തള്ളുന്നതായി പത്രോസ് പ്രഖ്യാപിച്ചു. തീരുമാനങ്ങൾ എഴുതി ബർണബാസിനെയും പൗലോസിനെയും, ഒപ്പം സീലാസിനെയും ബാർസബാസ്സിനെയും അന്ത്യോക്യായിലേയ്ക്ക് അയയ്ക്കുന്നു. എല്ലാവരും സുന്നഹദോസിന്റെ തീരുമാനം ശിരസാവഹിച്ചു. ഈ വിധേയത്വം കാണിക്കാത്തവരാണല്ലോ ഇന്നത്തെ ക്രൈസ്തവ അവാന്തര വിഭാഗങ്ങൾ. നേതൃത്വ ബഹുമാനവും വിധേയത്വവും ക്രിസ്തുവിന്റെ മനസ്സാണ്.

BETHANY PUBLICATIONS
www.malankaralibrary.com


# തിമോത്തേയോസിന്റെ പരിച്ഛേദനം

ലിസ്ത്രാ എന്ന പ്രദേശത്തു നിന്നുള്ള പൗലോസിന്റെ ഒരു 'പിക്ക്' (തെരഞ്ഞെടുപ്പ്) ആയിരുന്നു തിമോത്തേയോസ്. അദ്ദേഹത്തിന്റെ അമ്മ ഒരു യഹൂദ വിശ്വാസിനിയായിരുന്നെങ്കിലും പിതാവ് ഒരു ഗ്രീക്കുകാരനായിരുന്നു. തിമോത്തേയോസ് വിശ്വാസം സ്വീകരിക്കുകയും പൗലോസിന്റെ സഹായിയായി പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തുവെങ്കിലും അദ്ദേഹം പൂർണമായി ഒരു യഹൂദനല്ലല്ലൊ എന്നൊരു ചിന്തയും സംസാരവും യഹൂദരുടെയിടയിൽ ഉണ്ടായിരുന്നു. വിജാതിയർ മാമോദീസ സ്വീകരിക്കുന്നതിനു മുമ്പായി പരിച്ഛേദനം ചെയ്യപ്പെടണമെന്ന വാദത്തിന് ജെറുസലേം സുന്നഹദോസ് തീർപ്പ് കൽപ്പിച്ചിട്ടുണ്ടായിരുന്നെങ്കിലും പൗലോസിന്റെ ഒരു വിവേകപരമായ തീരുമാനമായിരുന്നു, പകുതി ഗ്രീക്കുകാരനായ തിമോത്തേയോസിന് പരിച്ഛേദനം നൽകുക എന്നത്. ഒരു പക്ഷേ പൗലോസിന്റെ ന്യായങ്ങൾ ഇതായിരിക്കാം: ക്രിസ്തീയ നിയമങ്ങൾ മനുഷ്യനു വേണ്ടിയാണ്. ക്രിസ്ത്യാനി നിയമത്തിനു വേണ്ടിയല്ല. ഈ പ്രത്യേക സന്ദർഭത്തിൽ, സൽ സ്വഭാവിയായ അദ്ദേഹത്തിനെ നാട്ടിൽ ക്രിസ്ത്യാനികളുടെ ഒരു നേതാവാക്കി മാറ്റുക എന്നതായിരിക്കണം പൗലോസിന്റെ ലക്ഷ്യം. അതിന് അവിടെയുള്ള എല്ലാ ജനതകളുടേയും അംഗീകാരവും സഹകരണവും ആവശ്യമാണ്. പരിച്ഛേദനത്തിന്റെ കാര്യം പറഞ്ഞ് അവർ ഇടഞ്ഞ് നിൽക്കുന്നത് സഭയുടെ വളർച്ചയ്ക്ക് ഭൂഷണമല്ല. ആയതിനാൽ സഭയുടെ ഔദ്യോഗിക പഠിപ്പിക്കലിന് നിരക്കുന്നതല്ലെന്ന് തോന്നുമെങ്കിലും തീമോത്തേയോസിന് പരിച്ഛേദനം നൽകുന്നതിനുള്ള തീരുമാനം പൗലോസ് സ്വയം എടുക്കുകയായിരുന്നു. ഇത് മുഖാന്തരം പൗലോസ് സഭയ്ക്കെതിരെ പ്രവർത്തിക്കുകയല്ല, പരിശുദ്ധാ ത്മാവിന്റെ പ്രേരണയിൽ ഉചിതമായ ഒരു തീരുമാനം എടുക്കുകയാണ് ചെയ്തത്. ഈ മനഃസ്ഥിതി സഭാമക്കൾക്കെല്ലാവർക്കും ഉണ്ടായിരിക്കുന്നത് നല്ലതാണ്.



BETHANY PUBLICATIONS
www.malankaralibrary.com


# ജാസൻ ചെയ്ത തെറ്റ്

ജാസനെ പരിചയമുണ്ടോ? പൗലോസും കൂട്ടരും തെസലോനിക്കയിൽ എത്തി അവിടെ സുവിശേഷം പ്രസംഗിച്ചപ്പോൾ ജാസൻ എന്ന വിശ്വാസിയാണ് അവർക്ക് ആതിഥ്യം നൽകിയത്. പൗലോസ് അടുത്തുള്ള സിനഗോഗിൽ മൂന്നാഴ്ച വിശുദ്ധഗ്രന്ഥം ആധാരമാക്കി പ്രസംഗിച്ചു. ഗ്രന്ഥ ത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങ ളെല്ലാം യേശു എന്നു പറയുന്ന മനുഷ്യനിൽ നിറ വേറി. ആയതിനാൽ യേശുവാകുന്നു ക്രിസ്തു എന്ന് പൗലോസ് ജനത്തെ കാര്യകാരണ സഹി തം പഠിപ്പിച്ചു. ധാരാളം യഹൂദരും ഗ്രീക്കുകാരും സ്ത്രീകളും പുരുഷന്മാരുമായി വിശ്വാസം സ്വീകരിച്ചു, സഭയുടെ കാലുകൾ ഉറപ്പിച്ചു. ഇത് കണ്ട് അസൂയപ്പെട്ട യഹൂദർ ഈ പുതിയ തത്വ സംഹിതക്കാരെ പട്ടണത്തിൽ നിന്നും ഓടിക്കു ന്നതിനും പീഡിപ്പിക്കുന്നതിനും തീരുമാനിച്ചു. അവർ ഗുണ്ടകളൊടൊപ്പം ജാസന്റെ ഭവന ത്തിൽ തള്ളിക്കയറി പൗലോസിനെ വലിച്ചു പുറത്തിടാൻ ശ്രമിച്ചു. അപകടം മണത്തറിഞ്ഞ ജാസനും വിശ്വാസികളും കൂടെ പൗലോസിനെ മറുവാതിലിലൂടെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി യിരുന്നതുകൊണ്ട് അവർക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. പൗലോസിനെ കിട്ടാതിരുന്നതു കൊണ്ട് അവർ ജാസനെ പിടിച്ചുകെട്ടി ഭരണാധി പന്മാരുടെ മുമ്പിൽ ഹാജരാക്കി. ജാസനിൽ അവർ ചുമത്തിയ കുറ്റം ഇതായിരുന്നു; ലോക ത്തെ തലകീഴ് മറിച്ച ഈ മനുഷ്യർ ഇവിടെയും വന്നിരിക്കുന്നു. ജാസൻ അവർക്ക് ആതിഥ്യം നൽകി. യേശുക്രിസ്തുവിനെ പ്രസംഗിച്ച പൗലോസിനും കൂട്ടർക്കും അനുകൂലമായി ജാസൻ നിന്നു, അവർക്ക് പാർക്കാൻ പാർപ്പിടം പോലും നൽകി. ഇതായിരുന്നു ജാസനിൽ അവർ ആരോപിച്ച കുറ്റകൃത്യം. സ്വന്തം ജീവൻ പോലും അപകടത്തിലാണെന്നറിഞ്ഞിട്ടും ആദിമ സഭ യിലെ സുവിശേഷകർക്ക് ആതിഥ്യമരുളിയ ജാസൻ നമ്മുടെ മുമ്പിൽ മാതൃകയും വെല്ലുവിളിയുമായി നിൽക്കുന്നു. നമ്മുടെ പ്രസംഗവും ജീവിതവും കണ്ട് ലോകം തലകീഴ് മറിയണം.

BETHANY PUBLICATIONS
www.malankaralibrary.com


# അജ്ഞാത ദേവന്റെ ബലിപീഠം

അരെയോപ്പാഗസിൽ 'അജ്ഞാത ദേവന്' എന്നെഴുതപ്പെട്ടിരുന്ന ഒരു ബലിപീഠം പൗലോസ് കണ്ടു. ജനങ്ങൾക്ക് പരിചയമുള്ള ദേവനായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പേര് അവർ അവിടെ എഴുതിവെയ്ക്കുമായിരുന്നു. പക്ഷേ അവരുടെ അറിയപ്പെടുന്ന ദേവന്മാരിലുപരി ഒരു മഹാദേവനുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നതുകൊണ്ടാ കാം 'അജ്ഞാത ദേവൻ' എന്നെഴുതി പിടിപ്പിച്ചിരുന്നത്. പൗലോസ് കിട്ടിയ അവസരം മുതലാക്കി. അദ്ദേഹം അവരോട് പറഞ്ഞു നിങ്ങൾക്കും നിങ്ങളുടെ പിതാക്കന്മാർക്കും അജ്ഞാതനായിരുന്ന ആ ദേവനെ എനിക്കറിയാം. അദ്ദേഹമാണ് യേശുക്രിസ്തു. ദൈവത്തിന്റെ പുത്രനാണ്. അവൻ ഈ ലോകത്തിൽ ജനിച്ചു, ജീവിച്ചു, മരിച്ചു, ഉയിർത്തെഴുന്നേറ്റു. സർവലോക രക്ഷകനാണ് അവൻ. അവനിൽ വിശ്വസിച്ചവർ ആരും നിരാശപ്പെട്ടിട്ടില്ല; നശിച്ചു പോയിട്ടുമില്ല. പശ്ചാത്തപിച്ച് ദൈവത്തിങ്കലേക്ക് തിരിച്ചു വരുന്നവനെ അവൻ രക്ഷിക്കും. സ്വർഗ്ഗം അവന് സമ്മാനമായി നൽകും. ഇതെല്ലാം വിചിത്രമായി അവർക്ക് തോന്നിയെങ്കിലും ഉയിർത്തെഴുന്നേറ്റ ആ മനുഷ്യനെ കുറിച്ച് കൂടുതൽ അറിയുവാൻ അവർ മനസ്സ് വെച്ചു. അങ്ങനെ ധാരാളം പേർ വിശ്വാസം സ്വീകരിച്ചു. അജ്ഞാത ദേവന്റെ ബലിപീഠം ശുദ്ധീകരിച്ച് പൗലോസിന്റെ നേതൃത്വത്തിൽ കർത്താവിന്റെ ബലി അവിടെ അർപ്പിക്കപ്പെട്ടു കാണും. ഇതാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. അജ്ഞാത ദേവന്റെ ബലിപീഠം കർത്താവിന്റെ ബലിപീഠമാക്കി മാറ്റി കൊണ്ട് അശുദ്ധതയെ വിശുദ്ധമാക്കി മാറ്റുന്ന പ്രക്രിയയാണിത്. സുവിശേഷ പ്രഘോഷണത്തിന് ഏതു പ്രതികൂല സാഹചര്യങ്ങളെയും അനുകൂലമാക്കി മാറ്റാം എന്ന് പൗലോസ് നമുക്ക് കാട്ടിത്തരുന്നു. യഥാർത്ഥ സുവിശേഷ പ്രഘോഷകൻ ആത്മാവാണല്ലോ, നമ്മൾ അവിടുത്തെ കരങ്ങളിൽ ഉപകരണങ്ങളും.



BETHANY PUBLICATIONS
www.malankaralibrary.com


# പ്രസംഗിക്കുക

സാവൂൾ പൗലോസ് ആയതിനു ശേഷം അദ്ദേഹം ഒരു ദിവസം പോലും സുവിശേഷം പ്രസംഗിക്കാതിരുന്നിട്ടുണ്ടാവില്ല എന്ന് അനുമാനിക്കാം. സ്വജാതികളുടെയും വിജാതികളുടെയും ഇടയിൽ അദ്ദേഹം നിരന്തരം ക്രിസ്തുവിനെ പ്രസംഗിച്ചുകൊണ്ടിരുന്നു. പലപ്പോഴും വിജാതിയരോടെന്നതിനേക്കാൾ യഹൂദരോട് സംസാരിക്കാനായിരുന്നു പ്രയാസം. ദൈവവചനമായ വിത്ത് വിതച്ചു കൊണ്ട് പൗലോസ് കടന്നുപോയപ്പോൾ ഏറിയപങ്കും യഹൂദമനസ്സുകളായ പാറമേലാണ് പതിച്ചത്. ഒന്നുകിൽ അത് ഫരിസേയരും നിയമജ്ഞരുമാകുന്ന പക്ഷികൾ കൊത്തി തിന്നുകയോ, മണ്ണിന് ആഴമില്ലാത്തതുകൊണ്ട് ഹൃദയങ്ങളിൽ വേരോട്ടം ലഭിക്കാതെ പോകുകയോയാണ് ചെയ്തത്. യഹൂദർ നിരാകരിക്കുകയോ അസൂയ കാരണം വിരട്ടി ഓടിക്കുകയോ ചെയ്യുമ്പോൾ വിജാതിയരുടെ ഇടയിൽ അഭയം തേടുകയാണ് പൗലോസ് ചെയ്തിരുന്നത്. ഇങ്ങനെ ഒരു സാഹചര്യം കോറിന്തോസിലുണ്ടായി. കോറിന്തോസുകാർ പൊതുവേ നല്ല മനുഷ്യരായിരുന്നെങ്കിലും സുവിശേഷം സ്വീകരിക്കുക ദുഷ്കരമായിരുന്നു. യഹൂദരും ഗ്രീക്കുകാരും ഒരുപോലെ അവനെ നിരാകരിച്ചപ്പോൾ പൗലോസ് അവിടെ നിന്ന് പിൻവാങ്ങി വിജാതിയരോട് പ്രസംഗിക്കാൻ തുടങ്ങി. അങ്ങനെ ഹൃദയ ഇടിവോടുകൂടിയിരിക്കുമ്പോൾ പൗലോസിനുണ്ടാകുന്ന വെളിപാടാണ് ഇവിടെ പ്രസ്താവ്യം. 'പൗലോസ്, ഭയപ്പെടേണ്ട നിശബ്ദനായിരിക്കാതെ പ്രസംഗിക്കുക. എന്തെന്നാൽ ഞാൻ നിന്നോടുകൂടെയുണ്ട്. ആരും നിന്നെ ആക്രമിക്കുകയോ ഉപദ്രവി ക്കുകയോ ഇല്ല' (അപ്പ. നടപടി 18:9-10). ഭാരത മാനസാന്തരം സ്വപ്നം കാണുന്ന സുവിശേഷകരായ നമുക്ക് നിരന്തരം പ്രചോദകമാണ് ഈ ദൈവവചനം. ഭയപ്പെടേണ്ട, നിശബ്ദനായിരിക്കാതെ പ്രസംഗിക്കുക.



BETHANY PUBLICATIONS
www.malankaralibrary.com


# പൗലോസിന്റെ തൂവാല

കർത്താവ് ഉച്ചരിച്ച വാക്കുകൾകൊണ്ട് രോഗികൾ സുഖപ്പെട്ടു. പത്രോ സിന്റെ നിഴൽ വീണ രോഗികൾ സുഖപ്പെട്ടു. ഇപ്പോൾ ഇവിടെ പൗലോസിന്റെ ശരീര സ്പർശമേറ്റ തൂവാലകളുടേയും അംഗ വസ്ത്രങ്ങളു ടെയും സാമീപ്യം രോഗികളെ സുഖപ്പെടു ത്തുന്നു (അപ്പ. നടപടി 19:12). കർത്താവിന്റെ ഈ രോഗശാന്തി ശക്തി പത്രോസിനും പൗലോസിനും വരമായി ലഭിച്ചു. അവരുടെ പിന്തുടർച്ചക്കാരായ നമ്മിൽ പലർക്കും ഈ വരം ലഭിക്കുന്നില്ല. ഇതിൽ കുണ്ഠിതപ്പെട്ട് കാരണാന്വേഷിയായി കഴിയുമ്പോളാണ് തുടർന്നുള്ള വേദഭാഗം ശ്രദ്ധയിൽപ്പെട്ടത്. യഹൂ ദരിൽ ചില പിശാചിനെ പിടിത്തക്കാർ, ഇവിടെ സ്ക്കേവായുടെ ഏഴു പുത്രന്മാർ, ശ്ലീഹന്മാർ ഉപയോഗിച്ച അതേ വാചകം യേശുവിന്റെ നാമത്തിൽ നിന്നോട് ഞാൻ കൽപ്പിക്കുന്നു ഉച്ചരിച്ചു കൊണ്ട് അശുദ്ധാ ത്മാക്കളെ പുറത്താക്കാനും രോഗശാന്തി നൽകാനും ശ്രമിച്ചു. പക്ഷേ ഫലം നാസ്തി. പകരം പിശാച് ബാധിതൻ അവരോട് പറഞ്ഞു, 'യേശുവിനെ എനിക്കറിയാം പൗലോസിനെയും അറിയാം, എന്നാൽ നിങ്ങൾ ആരാണ്? ഇത് പറഞ്ഞ് പിശാച് അവരുടെ മേൽ ചാടിവീണ് അവരെ ആക്രമിച്ചു എന്നെഴുതപ്പെട്ടിരിക്കുന്നു (9:16) ഇന്ന് നമ്മുടെ ഇടയിലുള്ള ചില പിശാചിനെ പിടിത്തക്കാരുടെ വികൃയകൾ കാണുമ്പോൾ സ്ക്കേവായുടെ പുത്രന്മാരെ ഓർത്തു പോകുന്നു. 'യേശുവിനേയും യേശു വിന്റെ യഥാർത്ഥ ശിഷ്യന്മാരേയും ഞാൻ അറിയും. പക്ഷേ നീ ആരാണെന്ന് പിശാച് നമ്മുടെ മുഖത്തുനോക്കി ചോദിക്കുന്നുണ്ടാവും. കർത്താവിന്റെ ആത്മാവിനെകൊണ്ട് നിറഞ്ഞ വർക്ക് മാത്രമേ അശുദ്ധാത്മാക്കളെ പുറത്താ ക്കാൻ സാധിക്കൂ, പരിശുദ്ധാത്മാവിന്റെ അടുത്ത ആളുകളാണെന്ന് നടിക്കുകയും അശുദ്ധാത്മാക്കളോട്, പ്രവർത്തികൊണ്ട് കൂറു പുലർത്തുകയും ചെയ്യുന്ന നമ്മെ നോക്കി പിശാച് പറയും, എന്നോട് ആജ്ഞാപിക്കാൻ വരട്ടെ, നീ ആരാണ്.



www.malankaralibrary.com


# സത്യത്തെ വളച്ചൊടിക്കുന്നവർ

പൗലോസ് തന്റെ പ്രേക്ഷിത സഞ്ചാരത്തിന്റെ അവസാനകാലത്ത് എഫേസോസിൽ നിന്ന് ജറുസലേമിലേക്ക് പോകാൻ ഒരുങ്ങുകയാണ്. യാത്രയയപ്പ് സമയത്ത് ക്രിസ്തുമതം സ്വീകരിച്ച സഹോദരങ്ങളെ ഒന്നിച്ചുചേർത്ത് അവർക്ക് തന്റെ അന്ത്യശാസനം നൽകി. അദ്ദേഹം പറഞ്ഞു, കർത്താവിന്റെ സഭയുടെ അജപാലകരാണ് നിങ്ങൾ. എന്റെ അസാന്നിധ്യത്തിൽ നിങ്ങളുടെ ഇടയിൽ അസ്വസ്ഥതയും അഭിപ്രായ ഭിന്നതകളും ഉണ്ടാകുമെന്ന് എനിക്കറിയാം. ക്രിസ്തു ശിഷ്യരെ ആകർഷിച്ച് തങ്ങളുടെ പിറകെ കൊണ്ടുപോകാൻ വേണ്ടി സത്യത്തെ വളച്ചൊടിച്ച് പ്രസംഗിക്കുന്നവർ നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടാകും (അപ്പ. നടപടി 20:30). ഇത് പറഞ്ഞപ്പോൾ പൗലോസ് ഇങ്ങനെ ചിന്തിച്ചിട്ടുണ്ടാകും. എല്ലാം സഹിക്കാം, എന്നാൽ സത്യത്തെ വളച്ചൊടിച്ചു പ്രസംഗിക്കുന്നവരെ സഹിക്കാൻ പാടില്ല. അവർ എന്തിനാണ് അങ്ങനെ ചെയ്യുന്നത് എന്ന് ചോദിച്ചാൽ മറ്റൊന്നിനും വേണ്ടിയല്ല, ക്രിസ്തുവിന്റെ പേരിൽ സ്വന്തം സഭകൾ സ്ഥാപിച്ച് ക്രിസ്തുവിന്റെ ശിഷ്യരെ അതിലേക്ക് ആകർഷിച്ച് സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി പാരലൽ കുട്ടി സഭകൾ സ്ഥാപിച്ച് ജീവനമാർഗം തേടുക, അത്രമാത്രം. ക്രിസ്തുവിന്റെ സുവിശേഷത്തിനും പഠനങ്ങൾക്കും സ്വന്ത വ്യാഖ്യാനങ്ങൾ നൽകി പുതിയ ദൈവശാസ്ത്രവും ക്രിസ്തു ശാസ്ത്രവും പടച്ചുണ്ടാക്കുന്നവരെയാണ് പൗലോസ് സത്യത്തെ വളച്ചൊടിക്കുവർ എന്ന് വിളിക്കുന്നത്. സത്യം ദൈവമാണ്, ദൈവത്തെ വളച്ചൊടിക്കാൻ ശ്രമിക്കുന്നവർ താനേ ഒടിയുകയുള്ളു എന്ന് ലോകചരിത്രം പഠിപ്പിച്ചിട്ടുള്ളതാണ്. നമ്മുടെ ഇടയിൽ തന്നെയുള്ള സത്യത്തെ വളച്ചൊടിക്കുന്ന കുട്ടി സഭകളുടെ കെണിയിൽപ്പെടാതെ സൂക്ഷിക്കുക. ജാഗ്രതൈ!



BETHANY PUBLICATIONS
www.malankaralibrary.com


# മാതൃക

ഒറിജിനലിനോട് അനുരൂപമായി മാറുമ്പോൾ അവിടെ മാതൃക ജനിക്കുന്നു. പ്രഭാവ വസ്തുവിനോടോ തത്വത്തോടോ എത്രമാത്രം താതാത്മ്യം പ്രാപിക്കുന്നുവോ അത്രമാത്രം മാതൃക പൂർണ്ണമാകുന്നു. മാതൃകകൾ രണ്ടു വിധത്തിൽ സൃഷ്ടിക്കപ്പെടാം; സ്വാഭാവികമായിട്ടും കൃത്രിമമായും. കൃത്രിമ മാതൃകകൾ ആത്മാർ ത്ഥതയും സത്യസന്ധതയുമില്ലാത്ത തട്ടിക്കൂട്ടുക ളാണ്. സ്വാഭാവിക മാതൃകകൾ നീതിപൂർവമായ വളർച്ചയും പൂർണതയുമാണ്. പൗലോസ് തന്നെത്തന്നെ മാതൃകയായി അവതരിപ്പിക്കുകയുണ്ടായി. സ്വന്തം കൈകൊണ്ട് അദ്ധ്വാനിച്ച് ജീവിക്കുന്നതിലും അദ്ധ്വാനത്തിന്റെ ഫലം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലുമാണ് താൻ മാതൃകയായിരുന്നതെന്ന് അദ്ദേഹം സാക്ഷിക്കുന്നു (അപ്പ.നടപടികൾ 20:30). തുടർന്ന് പറയുന്നു, പൗലോസ് അവരിൽനിന്നും വെള്ളിയോ സ്വർണ്ണമോ വസ്ത്രങ്ങളോ മോഹിച്ചിട്ടില്ല. സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം എന്ന് പറയുന്ന ക്രിസ്തു വചനം പൗലോസ് ഓർമിപ്പിക്കുകയും ചെയ്യുന്നു. സ്വന്തം കൈ കൊണ്ട് അദ്ധ്വാനിച്ച് ജീവിക്കുക എന്ന മഹത്തായ തത്വം മുറുകെ പ്പിടിച്ചവരാണ് യേശുവും ശിഷ്യന്മാരും. ഈ പാരമ്പര്യം തുടർന്നു കൊണ്ടു പോകാനുള്ള കടമ നമുക്കുണ്ട്. സ്വന്തം കൈകൊണ്ട് അദ്ധ്വാനിക്കുക എന്നതുകൊണ്ട് കൈകൾ കൊണ്ട് ചെയ്യുന്ന ജോലികൾ എന്ന് മാത്രമല്ല, മനുഷ്യന്റെ ശാരീരിക ബൗദ്ധിക തലങ്ങളിലെല്ലാമുള്ള അദ്ധ്വാനം അതിൽ ഉൾപ്പെടുത്താം. മറ്റ് വാക്കുകളിൽ പറഞ്ഞാൽ മനുഷ്യൻ അലസനാകരുത് ഉത്പാദകനായിരിക്കണം. മറ്റുള്ളവരുടെ ചെലവിൽ ജീവിക്കുക മാന്യന് ചേർന്നതല്ല. അദ്ധ്വാനിക്കാവുന്നോളം അദ്ധ്വാനിച്ച് ജീവിക്കുക, അദ്ധ്വാനഫലം അദ്ധ്വാനിക്കാൻ കഴിവില്ലാത്തവരുമായി പങ്കിടുക. അതാണ് ക്രിസ്തീയം.



www.malankaralibrary.com


# ഒരു യാത്രയയപ്പ്

പൗലോസിന്റെ വിജാതിയരുടെ ഇടയിലുള്ള മിഷൻ ഏതാണ്ട് അവസാനിക്കാറായ കാലം. അവസാനം എഫേസോസിൽ നിന്നുമാണ് അദ്ദേഹം ജറുസലേമിലേക്ക് തിരിച്ചു പോകുന്നത്. എഫേസോസിൽ വളരെ ക്ലേശിച്ച് നല്ലൊരു സഭാസമൂഹത്തെ കെട്ടിപ്പടുക്കുന്നതിന് സാധിച്ചു. ജനം അവരുടെ ആത്മീയ പിതാവിനെ അത്രയധികം ബഹുമാനിക്കുകയും ചെയ്തിരുന്നു. അവസാന സമ്മേളനത്തിൽ അവൻ അവരോടായി പറഞ്ഞു, 'ഇനി നിങ്ങൾ എന്റെ മുഖം ദർശിക്കുകയില്ല'. ഈ പ്രസ്താവന അവരെ വളരെയേറെ ദുഃഖിപ്പിച്ചു. അവനെ അവർ അത്രമാത്രം സ്നേഹിച്ചിരുന്നു. അവൻ പറഞ്ഞവസാനിപ്പിച്ചു. ഞാൻ നിങ്ങൾക്ക് എപ്പോഴും മാതൃകയായിരുന്നു. ആ മാതൃക സ്വീകരിച്ച് കർത്താവിന് നിരക്കുന്ന ജീവിതം നയിക്കുവീൻ. അവൻ അവരെ കർത്തൃവചനം ഓർമ്മിപ്പിച്ചു. 'സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം' (അപ്പ.നട. 20:35). ഇത് പറഞ്ഞ് പൗലോസ് അവരുടെ മുമ്പിൽ മുട്ടുകുത്തി അവരോടൊപ്പം പ്രാർത്ഥിച്ചു. ഈ അവസരത്തിൽ ജനത്തിന് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല, അവർ ഒന്നടങ്കം പൊട്ടിക്കരഞ്ഞു. ആ കരച്ചിലിൽ എല്ലാമുണ്ടായിരുന്നു. നന്ദിയും, സ്നേഹവും വേർപാടിന്റെ ദുഃഖവുമെല്ലാം. ഞാനോർത്തുപോയി, നമ്മുടെയൊക്കെ യാത്രയയപ്പ് എത്ര ഗംഭീരവും മോടിപിടിപ്പിച്ചതുമാണ്. യാത്രയയപ്പ് മോടിപിടിപ്പിച്ചതല്ലെങ്കിൽ നമ്മൾ പ്രകടിപ്പിക്കുന്ന അതൃപ്തിയും ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ യാത്രയയപ്പിൽ എത്ര പേർ ഹൃദയത്തിൽ വിങ്ങിപ്പൊട്ടുന്നുണ്ടാവും അതനുസരിച്ചാണ് യാത്രയയപ്പിന്റെ ഗാംഭീര്യവും മോടിയും. സ്വന്തം ഹൃദയം പറിച്ചു കൊടുക്കുന്നവർക്കേ മറ്റുള്ളവരുടെ ഹൃദയങ്ങളെ സ്പർശിക്കാൻ സാധിക്കുകയുള്ളൂ. കർത്താവിനു കിട്ടിയ യാത്രയയപ്പിനെക്കാൾ കൂടുതലായി ആരും ഒന്നും പ്രതീക്ഷിക്കരുത്.



BETHANY PUBLICATIONS
www.malankaralibrary.com


# റോമാ പൗരത്വം

റോമാ സഭയെ പാശ്ചാത്യ സഭയെന്നും വിജാതിയ സഭയെന്നുമൊക്കെ ഇകഴ്ത്തി കണ്ടാലും പറഞ്ഞാലും, ആദ്യ ക്രൈസ്തവ സഭയുടെ നെടുംതൂണായ വിശുദ്ധ പൗലോസ് ശ്ലീഹ ഒരിക്കൽ ജെറുസലേമിൽ യഹൂദരുടെ പിടിയിലായി മർദ്ദിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന് രക്ഷയായത് തന്റെ റോമാ പൗരത്വമാണ്. വിചാരണ ചെയ്യപ്പെടാതെ മർദ്ദിക്കപ്പെട്ടപ്പോൾ താനൊരു റോമാ പൗരനാണെന്ന് വെളിപ്പെടുത്തുകയും സഹസ്രാധിപൻ ഉൾപ്പെടെ എല്ലാവരും ഭയപ്പെടു കയും ചെയ്തു. വലിയ ഒരു തുക കൊടുത്ത് റോമാ പൗരത്വം സ്വന്തമാക്കിയിരുന്ന സഹസ്രാധിപന് പൗലോസിനോട് ബഹുമാനം തോന്നി. പൗലോസ് പറഞ്ഞു, നീ തുക കൊടുത്ത് വാങ്ങിയ പൗരത്വം, ഞാൻ ജന്മനാ റോമാ പൗരനാണ്. ജന്മനാ റോമാ പൗരത്വമുള്ള പൗലോസിനെ വിചാരണ കൂടാതെ പ്രഹരിച്ചതിൽ കുറ്റബോധം തോന്നി പൗലോസിന്റെ ചങ്ങല അഴിച്ചു വിട്ടു. രാഷ്ട്രീയ തലത്തിലല്ലെങ്കിലും ക്രിസ്തീയ ലോകത്തിൽ റോമിന് അതിന്റേതായ ഒരു പ്രാമാണികത്വമുണ്ട്. പത്രോസ് ശ്ലീഹായുടെയും പൗലോസ് ശ്ലീഹായുടെയും ആസ്ഥാന കേന്ദ്രമാക്കാൻ കർത്താവ് ഒരുക്കിയത് റോമിനെയാണ്. റോം ഇന്നും ധാരാളം മതപീഡനങ്ങളെ അതിജീവിച്ച് ക്രിസ്തുസഭയുടെ ആസ്ഥാനമായി തുടരുന്നുവെങ്കിൽ അത് ദൈവപദ്ധതിയാണെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇന്ന് പല പൗരസ്ത്യ ക്രിസ്തീയ സഭാസ്ഥാനങ്ങളും ക്രൈസ്തവ മതപീഡനങ്ങൾക്ക് ഇരയായി നാമാവശേഷമായെങ്കിലും റോം ഇപ്പോഴും കർത്താവിന്റെ കരങ്ങളിൽ സുരക്ഷിതമായിരിക്കുന്നു. അന്ധമായ റോമാ വിരോധം വെച്ചു പുലർത്തുന്ന ക്രൈസ്തവ സഹോദരങ്ങൾക്ക് പൗലോസിന്റെ റോമാ പൗരത്വം കണ്ണുതുറപ്പിക്കുന്ന ഒരു യാഥാർത്ഥ്യമായിരിക്കട്ടെ.



# യഹൂദരുടെ ഉണ്ണാവ്രതം

പൗലോസ് നസ്രാണി മതത്തെ പ്രചരിപ്പിക്കുന്നു, യഹൂദമതത്തിന് അത് ഹാനിയാണ് എന്ന് ആരോപിച്ചുകൊണ്ട് എങ്ങനെയും അവനെ ഉന്മൂലനം ചെയ്യുവാൻ അവർ തീരുമാനിച്ചിരുന്നു. പല പ്രാവശ്യം പല അധികാരികളുടെയും പക്കൽ നിന്ന് ന്യായവും സത്യവും വാദിച്ച് പൗലോസ് രക്ഷപ്പെട്ടിരുന്നു. 'പൗലോസ് ധൈര്യമായി പ്രസംഗിക്കുക, ഞാൻ നിന്നെ സംരക്ഷിക്കും' എന്നുള്ള കർത്താവിന്റെ വാക്കിന്റെ ബലത്തിലാണ് അദ്ദേഹം ധൈര്യമായി പിടിച്ചു നിന്നത്. എന്നാൽ ഇപ്പോൾ ഇവിടെ കുറെ ശത്രു പക്ഷക്കാർ മറ്റു മാർഗ്ഗമെല്ലാം പരാജയപ്പെട്ടപ്പോൾ ഒരു 'ഗാന്ധിയൻ' സമരമുറ പ്രയോഗിച്ചിരിക്കുകയാണ്. നിരാഹാര സത്യാഗ്രഹം! ഗാന്ധിജി സത്യം അന്വേഷിച്ചാണ് സത്യാഗ്രഹം നടത്തിയത്. പക്ഷേ ഇവിടെ യഹൂദർ സത്യാന്വേഷികളല്ല. സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടിയാണ് സമരം നടത്തുന്നത്. യഹൂദരിൽ 40 പേർ ഒരു തീരുമാനമെടുത്തു. പൗലോസിനെ കൊല്ലാതെ ഞങ്ങളൊന്നും തിന്നുകയോ കുടിക്കുകയോ ഇല്ല. പൂർണ്ണ നിരാഹാരം! സ്വാർത്ഥ താൽപര്യങ്ങൾക്കായുള്ള ധാർമിക സമരങ്ങളിൽ ദൈവം എത്ര അതൃപ്തനാണ് എന്നിവിടെ വ്യക്തമാണ്. പൗലോസിനെ കൊല്ലുവാനുള്ള ഗൂഢാലോചന പൊളിച്ചു കൈയിൽ കൊടുത്ത കർത്താവിന്റെ ആത്മാവ് വലിയ അത്ഭുതങ്ങളാണ് പ്രവർത്തിച്ചത്. നമ്മുടെ നീതിന്യായബോധവും ദൈവത്തിന്റെ നീതിയും ഒന്നിച്ചു പോകണം. അനീതിയും അക്രമവും ലക്ഷ്യം വച്ചുകൊണ്ടുള്ള സമരങ്ങൾ അശുദ്ധമാണന്ന് യഹൂദരുടെ അധാർമിക സമരം ഒരിക്കൽ കൂടി തെളിയിച്ചിരിക്കുകയാണ്.



BETHANY PUBLICATIONS
www.malankaralibrary.com


# നസ്രായ പക്ഷം

ജെറുസലേമിലെ മത നേതാക്കന്മാരുടെയും ജനപ്രമാണികളുടെയും പൗലോസിനെതിരെയുള്ള കുറ്റാരോപണം അവൻ നസ്രായ പക്ഷത്തിന്റെ പ്രമുഖ നേതാവാകുന്നു എന്നുള്ളതായിരുന്നു. കൂടാതെ അവർ പറഞ്ഞത് അവൻ ഒരു ശല്യക്കാരനും യഹൂദരുടെയിടയിൽ ഒരു പ്രക്ഷോഭകാരിയുമാണ്. ദേവാലയം അശുദ്ധമാക്കാൻ അവൻ ശ്രമിച്ചു. പൗലോസിനെതിരായി ആരോപിക്കപ്പെട്ട ഈ കുറ്റങ്ങൾ അല്പമൊന്ന് അവലോകനം ചെയ്താൽ ഇന്ന് നമ്മുടെ ഇടയിൽ സമൂഹങ്ങൾ തമ്മിലും സഭാകൂട്ടായ്മ കൾ തമ്മിലും നടക്കുന്ന വ്യവഹാരങ്ങളുടെ ഒരു പകർപ്പ് അവിടെ കാണാം. ആദ്യം നാം ഒരു പക്ഷം പിടിക്കുന്നു. 'എക്സ്' 'വൈ' പക്ഷങ്ങൾ എന്നിരിക്കട്ടെ. ഞാൻ എക്സ് പക്ഷം. എന്തിനാണ് എക്സ് പക്ഷം പിടിച്ചത് എന്ന് ചോദിച്ചാൽ ഉത്തരമില്ല. സത്യം എക്സിന്റെ പക്ഷത്താണെന്ന് ഞാൻ വിചാരിക്കുന്നു. അതുകൊണ്ടാണ്, അത് എന്റെ വിചാരവും ചിന്തയുമാണ്. സത്യം അതായിരിക്കണമെന്നില്ല. സത്യം അന്വേഷിക്കാനുള്ള താൽപര്യവുമില്ല. കൂടാതെ മറുപക്ഷക്കാരോടുള്ള ചില വ്യക്തിവൈരാഗ്യങ്ങൾ കൂടി കൂട്ടിയാൽ എന്റെ പക്ഷമാണ് നൂറു ശതമാനം ശരി. സത്യത്തിന് അവിടെ പ്രസക്തിയില്ല. പിന്നെ തമ്മിൽ പോരാട്ടമാണ്. നസ്രായ പക്ഷക്കാരനായ പൗലോസിനെ കൊല്ലാൻ അവർ ശ്രമിച്ചതുപോലെ പരസ്പരം നിഹനിക്കുക എന്നുള്ള ഒരൊറ്റ ലക്ഷ്യമേയുള്ളൂ ഇരുകൂട്ടർക്കും. പിന്നെ ആരോപണ, പ്രത്യാരോപണങ്ങൾ, ചെളിവാരിയെറിയൽ, എന്റെ പക്ഷത്തിന്റെ വിജയവും മറുപക്ഷത്തിന്റെ പരാജയവും ഏകലക്ഷ്യം. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്ന ക്രിസ്തു വചനവും സത്യമേവ ജയതേ എന്ന ഋഷി വിജ്ഞാനവും ഇരുപക്ഷക്കാർക്കും പുല്ലാണ്. നസ്രായന്റെ പക്ഷം പിടിക്കാൻ ആരും ഇല്ലിന്ന്. സത്യമേവ ജയതേ!



www.malankaralibrary.com


# ഇരുമ്പാണിയിൽ തൊഴിക്കുന്നവർ

അപ്പസ്തോല പ്രവർത്തനങ്ങളിൽ പൗലോസിന്റെ മാനസാന്തര കഥ മൂന്നിടങ്ങളിൽ വിവരിക്കുന്നുണ്ട്. എഴുത്തുകാരന്റെ വിവരണം 9:1-19-ലും പൗലോസിന്റെ തന്നെ വിവരണം 22:6-16; 26:12-18-ലും ലഭിക്കുന്നു. ഇതിൽ മൂന്നാമത്തെ വിവരണത്തിൽ കർത്താവ് ഇങ്ങനെ ഒരു പരാമർശം നടത്തുന്നതായി കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. 'ഇരുമ്പാണിയിൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്'. ഈ പ്രയോഗം ആദ്യ രണ്ട് സ്ഥലത്തും നാം കാണുന്നില്ല. അഗ്രിപ്പ രാജാവിന്റെ അടുക്കൽ തന്റെ വിചാരണ നടക്കുമ്പോളാണ് യേശു ഇത് പറയുന്നതായി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നത്. അത് ഒന്നുകിൽ കൂട്ടിച്ചേർക്കപ്പെട്ടവയാകാം അല്ലെങ്കിൽ ആദ്യ രണ്ടു സ്ഥലത്തും ഒഴിവാക്കപ്പെട്ടവയാകാം. അത് ബൈബിൾ പണ്ഡിതർ കണ്ടുപിടിക്കട്ടെ. അഗ്രിപ്പായുടെ പക്കൽ ഇത് കൂട്ടിച്ചേർക്കപ്പെട്ടതാണെങ്കിൽ എന്തായിരിക്കാം അതിനർത്ഥം ഒരുപക്ഷേ പൗലോസ് വ്യംഗ്യമായി ഇങ്ങനെ സൂചിപ്പിക്കുന്നുണ്ടാകാം. അന്ന് കർത്താവാകുന്ന ഇരുമ്പാണിയിൽ എന്റെ കാല് തല്ലി ചതച്ചതാണ്; അതിന് ഞാൻ സഹിച്ചു. ഇന്ന് നിങ്ങൾ എന്നെയും ക്രിസ്തുമതത്തെയും പീഡിപ്പിക്കുക വഴി ഞാൻ ചെയ്ത അതേ തെറ്റ് ആവർത്തിക്കുകയാണ്. ജീവിത അനുഭവത്തിൽ നിന്ന് പറയുകയാണ്. ഇതിന് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നവരുടെ കാല് ഇരുമ്പാണി മേലാണ് തൊഴിക്കുന്നത്. കാല് ഭടന്റേതായാലും. സഹസ്രാധിപന്റേതായാലും, പുരോഹിത പ്രമാണിയുടെതായാലും രാജാവിന്റെ തന്നെയായാലും, കാല് കാലു തന്നെയാണ്. ആണിയിൽ ചവിട്ടിയാൽ മുറിയും. ആണിയ്ക്ക് ഒന്നും സംഭവിക്കുകയുമില്ല. ദൈവത്തോടും ദൈവീക നിയമങ്ങളോടും മറുതലിക്കുന്നവർ സൂക്ഷിക്കുക, കാലും മനസ്സും മുറിയരുത്.



# നിനക്ക് ഭ്രാന്താണ്

യഹൂദരുടെ ദേശാധിപതിയായിരുന്ന ഫെലിക്സിന്റെ പിൻഗാമിയായിരുന്നു പോർസിയൂസ് ഫേസ്തുസ്. അഗ്രിപ്പ രാജാവിന്റെ മുമ്പിൽ പൗലോസിനെ കൊണ്ടുവന്ന് വിചാരണ ചെയ്തത് ഫേസ്തൂസാണ്. പൗലോസിനെതിരായി യഹൂദ ജനം ആരോപിച്ച കുറ്റങ്ങളെല്ലാം രാജാവിനെ ബോധിപ്പിച്ച ശേഷം, രാജാവ് സ്വപക്ഷ ന്യായവാദത്തിനായി പൗലോസിനെ ക്ഷണിച്ചു. പൗലോസ് തന്റെ ന്യായവാദം ഒരു സുവിശേഷ പ്രസംഗമാക്കി മാറ്റി. തന്റെ നേരത്തെയുള്ള സ്ഥിതിയും മാനസാന്തര കഥയുമെല്ലാം അദ്ദേഹം നിരത്തിവച്ചു. നീണ്ടുനിന്ന ക്രിസ്തുശാസ്ത്രം വിവരിച്ചു കഴിഞ്ഞപ്പോൾ മോശയും പ്രവാചകന്മാരും പ്രവചിച്ച ക്രിസ്തു നസ്രായനായ യേശു തന്നെയെന്ന് അവൻ സമർത്ഥിച്ചു. ഇത് കേട്ട് ഫേസ്തൂസ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, 'പൗലോസ് നിനക്ക് ഭ്രാന്താണ്'. ശരിയാണ് സത്യം പറഞ്ഞു കേൾക്കുമ്പോൾ ചിലർക്ക് ഭ്രാന്ത് പുലമ്പുന്നതു പോലെ തോന്നും. അതിനു കാരണമുണ്ട്: അവരുടെ സ്ഥാപിത താല്പര്യങ്ങൾക്കനുസരിച്ചുള്ള കാര്യങ്ങൾ പ്രസംഗത്തിൽ കേൾക്കാതിരിക്കുമ്പോൾ പിന്നെ കേൾക്കുന്നതൊക്കെ ഭ്രാന്തൻ ആശയമായി അവർ മുദ്രയടിക്കും. ഇത് സുവിശേഷ പ്രസംഗങ്ങളിലും അന്യാപദേശങ്ങളിലും ജനമുന്നേറ്റ പ്രസ്ഥാനങ്ങളിലുമെല്ലാം കാണുന്ന പ്രശ്നമാണ്. പറയുന്നത് രുചിക്കുന്നില്ലെങ്കിൽ പിന്നെ കേൾക്കുന്നതൊക്കെ ഭ്രാന്താണ്. ഇതു തന്നെയാണ് യേശുവും ശിഷ്യരും പ്രസംഗിച്ച കാര്യങ്ങളൊക്കെ ഫരീസേയർക്കും യഹൂദ പ്രമാണികൾക്കും ഭോഷ്ക്കായും ഭ്രാന്തായും തോന്നിയത്. മറ്റുള്ളവരെ കേൾക്കുമ്പോൾ സത്യം മനസ്സിലാക്കാൻ ശ്രമിക്കുക. പിന്നെ വിധിക്കുക. 'കാകന്റെ വായിലും പൊന്നിരിക്കാം'.



BETHANY PUBLICATIONS
www.malankaralibrary.com


# പൗലോസ് ദേവൻ

ജെറുസലേമിൽ ഫേസ്തൂസ് പൗലോസിനെ ഭ്രാന്തനെന്ന വിളിച്ചെങ്കിൽ മാൾട്ടാ ദ്വീപിലെ ജനങ്ങൾ അദ്ദേഹത്തെ ഒരു ദേവൻ എന്നാണ് വിളിച്ചത്. പൗലോസിന്റെയും കൂട്ടരുടെയും റോമിലേക്കുള്ള കപ്പൽ യാത്രയിൽ കപ്പൽ അപകടമുണ്ടായി, ദൈവാനുഗ്രഹത്താൽ കഷ്ടിച്ച് രക്ഷപ്പെട്ടു. അവരുടെ തകർന്ന കപ്പൽ ഒരു ദ്വീപിന്റെ കരയടുത്തു. യാത്രക്കാർ അവിടെ ഇറങ്ങി. അത് മാൾട്ടാദ്വീപാണെന്ന് അവർക്ക് മനസ്സിലായി. തണുത്ത് വിറങ്ങലിച്ചിരുന്ന മനുഷ്യ രുടെ തണുപ്പകറ്റാൻ പൗലോസ് കാട്ടു കമ്പുകൾ ശേഖരിച്ച് ആഴി കൂട്ടി. അതാ, ആഴിയിൽ നിന്ന് ഒരു സർപ്പം പുറത്തുചാടി പൗലോസിന്റെ കയ്യിൽ ചുറ്റി. അവൻ അതിനെ തീയിൽ തന്നെ കുടഞ്ഞിട്ടു. സർപ്പദംശനമേറ്റ തടവുപുള്ളി പൗലോസ് കുഴഞ്ഞു വീണു മരിക്കുമെന്ന് നാട്ടു കാർ കരുതി. പക്ഷേ ഒന്നും സംഭവിച്ചില്ല. എങ്ങനെ സംഭവിക്കും കർത്താവിന്റെ വാഗ്ദാനം ഉണ്ടല്ലോ, അവൻ റോമിലെത്തുംവരെ ഒന്നും സംഭവിക്കുകയില്ലെന്ന്. പിന്നെ കൂടെയുണ്ടായിരുന്ന ലൂക്കാ വൈദ്യൻ എന്തെങ്കിലും പച്ചില മരുന്ന് മുറിവിന് വെച്ചുകെട്ടിക്കാണും. ഇത്രയും കഷ്ടം സംഭവിച്ച ഈ മനുഷ്യൻ ഒരു കൊള്ള ക്കാരനോ കൊലപാതകിയോ ആയിരിക്കാം എന്നാണ് ചുറ്റും നിന്ന ജനം ആദ്യം കരുതിയത്. പൗലോസ് അത്ഭുതകരമായി രക്ഷപ്പെട്ടപ്പോൾ അവർ അഭിപ്രായം മാറ്റി. എന്തോ ഒരു ദൈവീകത്വം അവനിൽ കണ്ട് അവർ പറഞ്ഞു, 'നീ ഒരു ദേവനാണ്'. ആ ദ്വീപ് വാസികൾക്ക് അമാനുഷികമായി സംഭവിക്കുന്നതൊക്കെ ദൈവീകമായിരുന്നു. അതിന് പാത്രീഭൂതരാകുന്നവർ ദേവന്മാരും. ദിവസങ്ങൾക്കു മുമ്പ് ഇതേ പൗലോസിനെയാണ് ഫേസ്തൂസ് ഭ്രാന്തൻ എന്ന് വിളിച്ചത്. നോക്കണം, നമ്മുടെ സ്ഥിതി വിലയിരുത്തപ്പെടുന്നത് വിലയിരുത്തുന്നവരുടെ വീക്ഷണമനുസരിച്ച് ആയിരിക്കും. ഇവിടെയാണ് വീക്ഷണ കോണത്തിന്റെ പ്രസക്തി.



BETHANY PUBLICATIONS
www.malankaralibrary.com



# ഹൃദയകാഠിന്യം

കർത്താവിന്റെ ജനനം മുതൽ ഇന്നു വരെയും അവിടുത്തെ ലോക രക്ഷകനായി അംഗീകരിക്കാൻ ഇസ്രായേൽ ജനത്തിന് സാധിച്ചിട്ടില്ല. മോശയുടെയും പ്രവാചക ന്മാരുടെയും പ്രവചനങ്ങൾ യേശുവിൽ പൂർത്തീകരിച്ചു എന്ന് വിശ്വസിക്കുവാൻ യഹൂദർ ഒരുകാലത്തും ഒരുക്കമല്ലായിരുന്നു. സ്ഥാനമാനങ്ങളും പാരമ്പര്യങ്ങളും അവ രുടെ ഹൃദയങ്ങളെ കഠിനമാക്കി കൊണ്ടി രുന്നു. ഏശയ്യാ പ്രവാചകനിലൂടെ പരിശു ദ്ധാത്മാവ് പറഞ്ഞു, 'അവർ കണ്ണുകൊണ്ട് കാണുകയും കാതുകൊണ്ട് കേൾക്കുകയും ഹൃദയംകൊണ്ട് മനസ്സിലാക്കുകയും മാന സാന്തരപ്പെടുകയും, ഞാൻ അവരെ സുഖപ്പെടുത്തുകയും ചെയ്യുക അസാധ്യം. അത്രയ്ക്ക് ഈ ജനതയുടെ ഹൃദയം കഠിനമായി തീർന്നിരിക്കുന്നു' (അപ്പ.നടപടി കൾ 28:27). സ്വയം ഹൃദയം കഠിനമാക്കു ന്നവരെ രക്ഷിക്കാൻ പരിശുദ്ധാത്മാവിന് പോലുമാവില്ല. ഫറവോൻ ഹൃദയം കടുപ്പിച്ചു, കഠിന ഹൃദയം അവന്റെ നാശം കണ്ടു. യഹൂദരിൽ ചിലർ ഹൃദയം കടുപ്പിച്ചു, രക്ഷ അവർക്ക് ഇന്നും വിദൂരമാണ്. എന്തിന്, ഇന്ന് നമ്മുടെ ഇടയിലും ക്രൈസ്തവ സമൂഹങ്ങൾ ഹൃദയം കടുപ്പിച്ച് ലൗകികാദായങ്ങൾക്ക് വേണ്ടി പോരാടുന്നു. നാശമായിരിക്കും കർത്താവ് അവർക്ക് വേണ്ടി കരുതി വെച്ചിരിക്കുന്നത്. കഠിനഹൃദയങ്ങൾ മൃദുവാക്കി, സത്യങ്ങൾ ഗ്രഹിച്ച് കർത്താവ് പഠിപ്പിച്ച ക്ഷമയും വിട്ടു വീഴ്ചയും അഭ്യസിച്ച് സ്വയ രക്ഷയും തലമുറകളുടെ രക്ഷയും ഉറപ്പാക്കാൻ കഠിന ഹൃദയരായ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തിന് കടമയുണ്ട്. പിടിവാശി മേൽ ഹൃദയം കഠിനമാക്കി അതിന്റെ വാതിലുകൾ പൂട്ടി പരിശുദ്ധാത്മാവിന് നമ്മുടെ ജീവിത ത്തിലേക്ക് പ്രവേശനം നിഷേധിക്കുന്നതാണ് ദൈവ മുമ്പാകെ ഏറ്റവും വലിയ തെറ്റും പാപവും.



# കൂട്ടുകാരനല്ല

കൂടെയുള്ളവരെല്ലാം കൂട്ടുകാരല്ല. കൂട്ടിലുള്ളവരെല്ലാം കൂട്ടുകാരല്ല. കൂട്ടായി നൽകപ്പെട്ടവരെല്ലാം കൂട്ടുകാരല്ല. കൂട്ടായിരുന്നവരെല്ലാം എപ്പോഴും കൂട്ടുകാരാകണമെന്നില്ല. കൂട്ടി തന്ന വരും കൂട്ടിലടച്ചവരും കൂട്ടുകാരല്ല. കൂടെ ഇരുന്നവരും കൂടെ പിറന്നവരും കൂടെ പറന്നവരും കൂട്ടുകാരാകണമെന്നില്ല. കൂട്ടിനിരുന്നവരും കൂടെ നടന്നവരും കൂട്ടുകാരല്ല. കൂടെ കൂടെ കാണുന്ന വരും കൂട് തുറന്നു തരുന്നവരും കൂട്ടുകാരാകണമെന്നില്ല. കൂട്ടിൽ ഒപ്പമുള്ള വരും, ഒപ്പം കൂട് പൊളിച്ചവരും കൂട്ടുകാരാകണമെന്നില്ല. ഒറ്റക്കെട്ടായി നിന്നവരും കട്ട സ്നേഹം ഭാവിച്ചവരും കൂട്ടുകാരാകണമെന്നില്ല. തോളിൽ കൈയിടുന്നവരെല്ലാം കൂട്ടുകാരല്ല. തോളിലിട്ട കൈയ്യ്, നീണ്ടു നീണ്ടു വന്ന് എന്റെ പോക്കറ്റ് വരെ എത്തുന്നുണ്ടെങ്കിൽ അവനെന്റെ കൂട്ടുകാരനല്ല. കൂടെ നിൽക്കുന്നവൻ എന്റെ നിഴലിൽ ചവിട്ടിയാണ് നിൽക്കുന്നതെങ്കിൽ അവനെന്റെ കൂട്ടുകാരനല്ല. എനിക്ക് നീട്ടപ്പെട്ട ഒരിറ്റ് ദാഹജലം കൂടെയുള്ള വൻ മുഖം കഴുകാൻ എടുത്തെങ്കിൽ അവനും എന്റെ കൂട്ടുകാരനല്ല. എനിക്ക് ഒരു കൂടില്ലാത്തപ്പോൾ സ്വന്തം കൂടിന്റെ വാതിൽ കൊട്ടിയടയ്ക്കുന്നവനും എന്റെ കൂട്ടുകാരനല്ല. കൂടിരുന്ന് പഠിച്ചവനും കൂടെ നടന്ന് കളിച്ചവനും കൂട്ടുകാരനാകണമെന്നില്ല. ബസ്സിൽ കൂടെ ഇരിക്കുന്നവൻ കൂട്ടുകാരനല്ല. ചന്തയിൽ കൂടി നിൽക്കുന്നവർ കൂട്ടുകാരല്ല. പള്ളിയിൽ കൂടെ നിൽക്കുന്നവൻ കൂട്ടുകാരനല്ല. അമ്പലത്തിൽ കൂടെ തൊഴുന്നവനും കൂട്ടുകാരനല്ല. എന്തിന് കൂടെ പിറന്ന കൂട പ്പിറപ്പും കൂട്ടു വെട്ടാതെ ജീവിച്ചിട്ട് കൂടെ മരിക്കാൻ തക്ക കൂട്ടുകാരല്ല. അപ്പോൾ കൂട്ടുകാരൻ എന്നൊരാൾ ഇല്ലേ? അന്വേഷിക്കാം!



BETHANY PUBLICATIONS
www.malankaralibrary.com


# കൂട്ടുകാരൻ

അപ്പോൾ ആരാണ് കൂട്ടുകാരൻ. സ്നേഹ മുള്ളവനാണ് കൂട്ടുകാരൻ. വെറുതെ സ്നേഹമെന്ന് പറഞ്ഞു നടക്കുന്ന സ്നേഹ മല്ല, ചങ്ക് പറിച്ചു കൊടുക്കുന്ന സ്നേഹം. ഞാൻ ചങ്ക് പറിച്ചാൽ പിന്നെ ഞാനില്ലല്ലോ. സ്വയം ഇല്ലാതാകുന്ന സ്നേഹം. സ്വന്തമായി ട്ടുണ്ടെങ്കിലും, ഇല്ലെങ്കിലും, കൂട്ടുകാരനുണ്ടാ കണമെന്ന് വെയ്ക്കുന്ന സ്നേഹം. ആ സ്നേഹമുള്ളവനാണ് കൂട്ടുകാരൻ. എനിക്കി ല്ലെങ്കിലും കൂട്ടുകാരനുണ്ടാകണം. എന്റെ ചോറ്റുപാത്രത്തിലെ ഒരു കഷണം വറുത്ത മീൻ എനിക്കില്ലെങ്കിലും അവനിരിക്കട്ടെ എന്ന് പറഞ്ഞ് കൊടുക്കുന്നതാണ് സ്നേഹം. അവനാണ് കൂട്ടുകാരൻ. ഫീസ് അടയ്ക്കാ ഞ്ഞിട്ട് എന്നെയും അവനെയും ക്ലാസിൽ നിന്ന് ഇറക്കി വിട്ടപ്പോൾ എന്റെ അപ്പൻ പട്ടിണി കിടന്നുണ്ടാക്കിയ ഫീസ് അവനു വേണ്ടി അടച്ച്, അവനെ ക്ലാസ്സിൽ കയറ്റിയ പ്പോൾ അവന് മനസ്സിലായി എന്താണ് കൂട്ട് എന്ന്. ആരാണ് കൂട്ടുകാരനെന്ന്. കുഞ്ഞിലെ ഒന്നിച്ച് മണ്ണപ്പം ഉണ്ടാക്കി കളിച്ചു വളർന്ന എന്റെ അയൽപക്കത്തെ പെണ്ണിനെ കെട്ടി ക്കാൻ പണമില്ലാതെ അവളുടെ അപ്പൻ വലഞ്ഞപ്പോൾ ഒരൊറ്റ പൈസ സ്ത്രീധനം വാങ്ങാതെ കളിക്കൂട്ടുകാരിയെ കെട്ടിയ ഞാനാണ് അവളുടെ യഥാർത്ഥ കൂട്ടുകാരൻ. അവന്റെ അപ്പനെ തെറി വിളിച്ചിട്ടും തിരിച്ച് ഒരക്ഷരം ഭത്സിച്ചു പറയാത്തവനാണ് എന്റെ കൂട്ടുകാരൻ. ഭൂമിയോളം ക്ഷമിക്കുന്നവൻ. ആകാശത്തോളം കരുതുന്നവൻ. ഇല്ല എന്നൊരു വാക്കുച്ചരിക്കാത്തവൻ; തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെ എനിക്ക് എല്ലാം തരുന്നവൻ. അവനെ മറന്ന് എന്നെ അവന്റെ സ്ഥാനത്ത് പ്രതിഷ്ഠിച്ചവൻ, അവനാണ് എന്റെ കൂട്ടുകാരൻ. ലോകത്തിലുള്ള എല്ലാവർക്കും കൂടി ഇത്തരത്തിലുള്ള ഒരു കൂട്ടുകാരനെയുള്ളൂ. യേശുക്രിസ്തു. ചങ്കു പറിച്ചു തന്നവൻ!



# സുവിശേഷം

പൗലോസ് ശ്ലീഹായ്ക്ക് സുവിശേഷം എന്തായിരുന്നെന്ന് തന്റെ റോമാർക്കാർക്ക് എഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. 'വിശ്വസിക്കുന്ന ഏവർക്കും അത് രക്ഷയിലേയ്ക്ക് നയിക്കുന്ന ദൈവശക്തിയാണ് (1:16). സുവിശേഷം ദൈവവചനമാകുന്നു. ഈ വചനം മനുഷ്യന് നൽകപ്പെട്ടത് മനുഷ്യരക്ഷയ്ക്ക് വേണ്ടിയാണ്. മനുഷ്യനെ ദൈവത്തിങ്കലേക്ക് നയിക്കുന്ന ദൈവശക്തിയായിട്ടാണ് പൗലോസ് സുവിശേഷത്തെ അവതരിപ്പിക്കുന്നത്. അതുകൊണ്ട് തന്നെയാണ് പൗലോസ് സുവിശേഷ പ്രഘോഷണത്തിനും പ്രചരണത്തിനും ഇത്രയധികം പ്രാധാന്യം കൊടുക്കുന്നത്. പൗരസ്ത്യ നാടുകളിലും റോമായിലും ഓടിനടന്ന് പ്രസംഗിച്ചതു മുഴുവൻ സുവിശേഷമായിരുന്നു. ഇസ്രായേൽ ജനതയ്ക്ക് യേശുക്രിസ്തു ചരിതം ഒരു പുതിയ വാർത്ത, സുവിശേഷം തന്നെയായിരുന്നു. അവരുടെ പിതാക്കന്മാർ നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ക്രിസ്തു, അഭിഷിക്തൻ, രക്ഷകൻ, നസ്രായനായ യേശുവാണ് എന്ന് അദ്ദേഹം അസന്നിഗ്ധമായി എല്ലായിടവും പ്രസംഗിച്ചു. അവനിലുള്ള വിശ്വാസം മാമ്മോദീസായിലൂടെ സ്ഥിരീകരിക്കപ്പെട്ടു. അങ്ങനെ ആയിരങ്ങൾക്ക് മാമ്മോദീസ നൽകി, വിശ്വസിച്ചവരുടെ രക്ഷ ഉറപ്പു വരുത്തി. ഈ ദൈവവചനത്തിലൂടെ ദൈവശക്തി വെളിപ്പെട്ടു. മനുഷ്യരക്ഷയ്ക്കു വേണ്ടി ദൈവം തന്നെ മനുഷ്യനായി അവതരിക്കുമെന്ന് ഇസ്രായേൽ ജനത പ്രതീക്ഷിച്ചിരുന്നില്ല. അവരുടെ രക്ഷകൻ സകല പ്രൗഢിയോടും കൂടിയ ഒരു ലൗകിക രാജാവായിരിക്കുമെന്നാണ് അവർ പ്രതീക്ഷിച്ചിരുന്നത്. ദൈവവചനമായ പുതിയ നിയമം ദൈവവചനം തന്നെയായ പഴയ നിയമത്തിന്റെ പൂർത്തീകരണമാണെന്ന് അവർ വിശ്വസിച്ചില്ല. നിഷ്കളങ്കഹൃദയർ അവനിൽ വിശ്വസിച്ചു. അവർ രക്ഷിക്കപ്പെട്ടവരുടെ ഗണത്തിൽ ചേർക്കപ്പെട്ടു. അങ്ങനെ വിശ്വാസവും സൽപ്രവർത്തിയും രക്ഷയ്ക്ക് ആധാരമായി മാറി. ഇനിയും നാം ഫരിസേയരല്ല. മറ്റു ക്രിസ്തുക്കളാണ്.

BETHANY PUBLICATIONS
www.malankaralibrary.com


# തടസ്സങ്ങൾ

തടസ്സങ്ങൾ ഉണ്ടെങ്കിലേ നേർവഴി കണ്ടു പിടിക്കൂ. തടസ്സങ്ങൾ വെല്ലുവിളി കളാണ്. വെല്ലു വിളികൾ ഏറ്റെടുക്കുന്നവനെ ജീവിതത്തിൽ വില്ലാളി വീരനാകാൻ സാധിക്കുകയുള്ളൂ. ഏത് നല്ല കാര്യത്തിന് ഇറങ്ങിയാലും തടസ്സങ്ങൾ വെല്ലുവിളികളായി നമ്മുടെ മുമ്പിൽ കാണും. കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് പണ്ട് രാഹുകാലം നോക്കുമായിരുന്നു, ഇന്നും കുറവല്ല. ഇന്ന് റിമോട്ട് കൺട്രോളർ വെച്ച് ഡെയ്ഞ്ചർ സോൺ കണ്ടുപിടിച്ച്, ജിപിഎസ്സിന്റെ സഹായത്തോടെയാണ് ഇന്നത്തെ സേഫ് യാത്രകൾ. നോക്കണേ, തടസ്സങ്ങൾ ഒഴിവാക്കാൻ വേണ്ടിയുള്ള മനുഷ്യന്റെ ബുദ്ധി വൈഭവം. പക്ഷേ അന്ന് സുവിശേഷത്തിന്റെ വില്ലാളിവീരനായിരുന്ന പൗലോസ് പല പ്രാവശ്യം റോമായിലേക്ക് പോകാൻ ആഗ്രഹിച്ചെങ്കിലും തടസ്സങ്ങൾ സൃഷ്ടിക്കപ്പെട്ടതും ഇന്ന് കരിപ്പൂരിൽ ഒരു സേഫ് ലാൻഡിങ്ങ് സാധിക്കാതെ പോയതിലുള്ള തടസ്സങ്ങളും എന്തായിരുന്നെന്ന് കൃത്യം ആരും കണ്ടു പിടിച്ചിട്ടില്ല. ചില ഊഹാപോഹങ്ങൾ മാത്രം. മനുഷ്യന്റെ ജിപിഎസ്സും, പ്രോബ്ലം ഡിക്റ്റേറ്ററും പരാജയപ്പെടുന്നിടത്ത് ദൈവത്തിന്റെ മെഗാകമ്പ്യൂട്ടറിൽ അങ്ങിങ്ങായി റെഡ് ലൈറ്റുകൾ ബ്ലിങ്ക് ചെയ്തു കൊണ്ടേയിരിക്കും. ജീവിതത്തിലെ തടസ്സങ്ങളും ഡെയ്ഞ്ചർ സോണുകളും മറികടക്കാൻ ഈ കമ്പ്യൂട്ടറിന്റെ സഹായം തേടി കൂടെ ജീവിതത്തിലെ തടസ്സങ്ങളെ വെല്ലുവിളികളായി സ്വീകരിച്ച് ഈശ്വരശക്തിയോടെ അവയെ മറികടന്നാൽ ജീവിത വിജയം സുനിശ്ചിതം. ജീവിതം സുന്ദരം, സുഭഗം, സുഭദ്രം.



BETHANY PUBLICATIONS
www.malankaralibrary.com


# ഒരു ഓമക്കായ്

ആ ഓമയുടെ ചുവട് എന്റെ പുരയിടത്തിൽ നിൽക്കുന്നത് കൊണ്ട് ഞാൻ പറയും ആ ഓമ എന്റേതാണെന്ന്. ആ ഓമയിലെ ഓമക്കായ് കിളി കൊത്തുമ്പോൾ ആ കിളിയെ ഓടിക്കാ നുള്ള അവകാശവും എനിക്കുണ്ട്. പക്ഷേ എന്റെ പുരയിടത്തിൽ നിൽക്കുന്ന എന്റെ ഓമ എന്റെ പുരയിടത്തിൽ പ്രത്യക്ഷപ്പെടുന്നതിനുമുമ്പ് എവിടെയായിരുന്നു അത് ഞാൻ കുരു ഇട്ട് കിളിപ്പിച്ചതാണെങ്കിലോ. ഹെയ് മിസ്റ്റർ, താനിട്ടു കിളി പ്പിച്ച ആ ഓമക്കുരു എവിടെനിന്ന് വന്നു അത് വല്ലവന്റേയും വീട്ടുവളപ്പിൽ നിന്ന ഒരോമയിലുണ്ടായ കായ്ക്കകത്തു നിന്ന് വന്നതായിരിക്കും. ആ...എനിക്കറിയില്ല. ശരിയാണ്, നമുക്കറിയാത്ത ഒത്തിരി കാര്യങ്ങളുണ്ട് നമുക്കുചുറ്റും ഈ ലോകത്തിൽ. അതിലൊന്നായിരിക്കും എന്റെ ഓമയുടെ കാര്യവും. എന്റെ അറിവിനപ്പുറം ഞാനറിയാതെ നടക്കുന്ന ഒരായിരം കാര്യങ്ങൾക്ക് ഒരു കാരണവും ഉത്ഭവവും ഉണ്ടായിരിക്കണം. എന്റെ ഓമക്കായ് കൊത്തിയ കിളി എവിടെ നിന്ന് വന്നു ആ കിളി എന്തേ എന്റെ ഓമകായ് മാത്രം കൊത്തി? ഞാനോമനിച്ചു വളർത്തിയ എന്റെ ഓമയിലെ ആദ്യത്തെ കായ് ചുവപ്പോടിയപ്പോൾ ഞാൻ സന്തോഷിച്ചു. പക്ഷേ, ഇരട്ടവാലൻ കിളി അത് കൊത്തിക്കീറി മുറിച്ചപ്പോൾ എന്റെ ഹൃദയമാണ് കീറി മുറിഞ്ഞതെന്ന് ഇരട്ടവാലനും അറിഞ്ഞില്ല. അപ്പോൾ എനിക്ക് മാത്രമല്ല, കിളിയ്ക്കു മറിയാൻ പാടില്ലാത്ത ഒത്തിരി കാര്യങ്ങളുണ്ട് ഈ ലോകത്തിൽ. പക്ഷേ, ആരുടെയെങ്കിലും അറിവ് കൂടാതെ ഈ ലോകത്തിൽ ഒന്നും സംഭവിക്കുന്നില്ലല്ലൊ. അപ്പോൾ ആ അറിവായ പരാശക്തി യെ ഈശ്വരൻ എന്ന് വിളിച്ചോട്ടെ അല്ലെങ്കിൽ ദൈവമെന്നായി കൊള്ളട്ടെ? അതെ, എന്റെ ഓമയെ വളർത്തിയതും ഇരട്ടവാലന് ഓമക്കായ് വിശപ്പടക്കാൻ കൊടുത്തതും അവനാണ്. ആദിയും അന്തവുമായ അവൻ!



BETHANY PUBLICATIONS
www.malankaralibrary.com


# മനുഷ്യന്റെ തിന്മ

മനുഷ്യൻ ദൈവത്തിന്റെ രൂപത്തിലും ഭാവത്തിലും സൃഷ്ടിക്കപ്പെട്ടു. പക്ഷേ അവൻ ഒട്ടേറെ തിന്മകൾക്ക് അടിമയായി. വിശുദ്ധ പൗലോസിന്റെ ഭാഷയിൽ (റോമാ. 1:18-32) മനുഷ്യൻ അനീതിയിൽ സത്യത്തെ തളച്ചിടുന്നു. ദൈവത്തെ അറിഞ്ഞിട്ടും അവിടുത്തെ സ്വീകരിക്കുന്നില്ല. ദൈവത്തിന്റെ സ്ഥാനത്ത് വിഗ്രഹങ്ങളെ സ്ഥാപിച്ചു. സൃഷ്ടാവിനു പകരം സൃഷ്ടിയെ ആരാധിച്ചു. സ്ത്രീ പുരുഷ ബന്ധത്തിൽ ലജ്ജാകരമായ കൃത്യങ്ങളിൽ ഏർപ്പെട്ടു. ദൈവത്തെ അംഗീകരിക്കുന്നത് പോരായ്മയായി കരുതി. അസൂയ, കൊലപാതകം, ഏഷണി, കലഹം, വഞ്ചന, പരദ്രോഹം എന്നിവയിൽ മനുഷ്യൻ മുഴുകി. അവർ പരദൂഷകരും ദൈവനിന്ദകരും ധിക്കാരികളും ഗർവ്വിഷ്ഠരും പൊങ്ങച്ചക്കാരും തിന്മകൾ ആസൂത്രണം ചെയ്യുന്നവരും മാതാപിതാക്കളെ അനുസരിക്കാത്തവരും ബുദ്ധിഹീനരും അവിശ്വസ്തരും ഹൃദയശൂന്യരും കരുണയില്ലാത്തവരുമായി തീർന്നു. ഞാനോർത്തുപോകുകയായിരുന്നു, പൗലോസ് ശ്ലീഹ നമ്മുടെ ഈ യുഗത്തെ മുൻകൂട്ടിക്കണ്ട് എഴുതിയതായിരിക്കുമോയെന്ന്. നാം നമ്മെ തന്നെയൊന്ന് പരിശോധിച്ചാൽ മുകളിൽ പറഞ്ഞ തിന്മകളിൽ ഒന്നിന്റെയെങ്കിലും അടിമകളായിട്ടുണ്ടായിരിക്കണം. ഇനിയും നമ്മളൊക്കെ എന്നാണ് നന്നാവുക ഈ മഹാമാരിയുടെ കാലത്തെങ്കിലുമാകുമെന്ന് തമ്പുരാൻ വെറുതെ മോഹിച്ചു കാണും. ഇല്ലേ, മനുഷ്യകുലം നന്നാകില്ലേ? ദൈവം തമ്പുരാൻ മൂക്കത്ത് കൈ വയ്ക്കുന്നു. അവിടുത്തെ ക്രോധവും കോപവും നമ്മുടെ മേൽ നിപതിക്കാതിരിക്കാൻ മുട്ടിപ്പായി പ്രാർത്ഥിക്കുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല.



BETHANY PUBLICATIONS
www.malankaralibrary.com


# യഥാർത്ഥ യഹൂദൻ

ആരാണ് ഒരു യഥാർത്ഥ യൂഹദനെന്ന് പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ വരച്ചു കാട്ടുന്നു. ബാഹ്യമായി യഹൂദനായിരിക്കുന്നവനല്ല യഥാർത്ഥ യഹൂദൻ, യഥാർത്ഥ പരിച്ഛേദനം ബാഹ്യമോ ശാരീരികമോ അല്ല. ആന്തരികമായി യഹൂദനായവനാണ് യഥാർത്ഥ യഹൂദൻ (റോമ. 2:28-29) ആന്തരികവും ബാഹ്യവുമായ ഒരു മനുഷ്യന്റെ സ്ഥിതിയെക്കുറിച്ച് യേശുവും തുടർന്ന് പൗലോസ് ശ്ലീഹായും ഊന്നി പറയുന്ന ഒരു സന്ദർഭമാണിത്. ബാഹ്യമായി നിയമം അനുസരിക്കുന്നവരും പാരമ്പര്യ വക്താക്കളുമായി ചിലർ പ്രത്യക്ഷപ്പെടുന്നെങ്കിലും ആന്തരികമായി അവരുടെ ഹൃദയം ദൈവത്തിൽനിന്ന് അകന്നിരിക്കുന്നു എന്ന് യേശു പലപ്രാവശ്യം ഓർമിപ്പിച്ചിട്ടുണ്ട്. ആന്തരികമായ വിശുദ്ധിയാണ് മനുഷ്യന് ആവശ്യം എന്ന് പൗലോസും നമ്മെ പഠിപ്പിക്കുന്നു. ബാഹ്യമായി പരിഛേദിതനാണ് എന്നതുകൊണ്ട് മാത്രം ഒരുവൻ ദൈവീക മനുഷ്യനാകണമെന്നില്ല. പിന്നെയോ അവന്റെ ആന്തരിക ഗുണങ്ങളാണ് അവനെ ദൈവത്തിന്റെ മനുഷ്യനാക്കി മാറ്റേണ്ടത്. ഇത് യഹൂദർക്ക് ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുള്ള ഒരു പഠനമായിരുന്നു. ഈ തത്വം ഇന്നും അന്വർത്ഥമാണ്. ഏതു മതസ്ഥരാണെങ്കിലും ബാഹ്യ അടയാളങ്ങളിലും പ്രകടമായ അനുഷ്ഠാനങ്ങളിലുമാണ് ദൈവം പ്രസാദിക്കുന്നത് എന്നുള്ള ചിന്ത ക്രിസ്ത്യാനി ഉൾപ്പെടെ എല്ലാവരും ഉപേക്ഷിക്കണം. അതുകൊണ്ടാണ് ബാഹ്യാചാരങ്ങളിൽ അമിത പ്രാധാന്യം കൊടുക്കുകയും പള്ളിക്കകം പൂജ്യമായി സൂക്ഷിക്കാതെ പുറം മോടിപ്പിടിപ്പിക്കുന്ന ക്രിസ്തീയ മനോഭാവത്തെയും യേശുവും ശ്ലീഹന്മാരും ശാസിക്കുകയും തിരുത്തുകയും ചെയ്യുന്നത്. ബാഹ്യവും ആന്തരികവുമായ നമ്മുടെ സ്വത്വത്തിന്റെ അന്തരം നമ്മെ ദൈവീകരാക്കുകയില്ല. ഹൃദയം പരിശോധിക്കുന്നവന്റെ നേർക്കുള്ള ഹൃദയം കൊണ്ടുള്ള ആരാധനയും ആ ആരാധനയിൽ നിന്ന് ഉയിർകൊള്ളുന്ന പരസ്നേഹവുമാണ് ഒരു യഥാർത്ഥ ദൈവീക മനുഷ്യന്റെ ലക്ഷണങ്ങൾ.

BETHANY PUBLICATIONS
www.malankaralibrary.com


# കരുണയുടെ ലക്ഷ്യം

ഞാൻ ഒരിക്കൽ ദൈവത്തോട് ചോദിച്ചു, ദൈവമേ നീ എന്തിനാണ് ഇത്ര മാത്രം കരുണ ഞങ്ങളോട് കാണിക്കുന്നത്. അവിടുന്ന് മൊഴിഞ്ഞു, അത് ഞാൻ ദൈവമായതുകൊണ്ടും നിങ്ങൾ എന്റെ സൃഷ്ടിയും മക്കളുമായതുകൊണ്ടുമാണ്. ദാസന്മാർക്ക് സംഭാവനയും മക്കൾക്ക് ഓഹരിയുമാണ് ഒരു നല്ല പിതാവ് കൊടുക്കുന്നത്. ഓഹരി അവകാശമാണ്, സംഭാവന അവകാശമല്ല. സംഘടനകൾക്ക് സംഭാവനയും മക്കൾക്ക് പോക്കറ്റുമണിയുമാണ് കൊടുക്കാറ്. എന്റെ സ്നേഹവും കരുണയും നിങ്ങൾക്ക് അവകാശപ്പെട്ടതാണ്. എന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനല്ലാതെ മറ്റേത് സൃഷ്ടിയാണ് ഇതിന്റെ അവകാശി ഞാൻ ചോദിച്ചു, പിതാവേ നിന്റെ സ്നേഹമുണ്ടല്ലോ ഞങ്ങൾക്ക്, അതിലെല്ലാം അടങ്ങിയിരിക്കുന്നു. പിന്നെ എന്തിനാണ് ഈ കരുണ കൂടി അവിടുന്ന് തുടർന്നു, സ്വതന്ത്ര ബുദ്ധിയുള്ള നിങ്ങൾ എന്റെ സ്നേഹത്തിന്റെയും നീതിയുടെയും പാതയിൽ നിന്ന് വഴി തെറ്റി പോകുമെന്ന് എനിക്കറിയാം. പക്ഷേ മുടിയനായ പുത്രന്റെ അപ്പനും നല്ലിടയനുമായ എനിക്ക് നിങ്ങളെ ഉപേക്ഷിക്കാമോ അതിനാണ് എന്റെ പ്രിയപുത്രനെ പോലും നിങ്ങളുടെ ഇടയിലേക്ക് അയച്ചതും ഈ പെടാപാടെല്ലാം അനുഭവിച്ചതും. ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യനായി അവതരിച്ചതും നിങ്ങളുടെ ഇടയിൽ പാർത്തതും ഒരു മഹാത്യാഗമല്ലേ എന്റെ ഈ സ്നേഹവും കരുണയുമായി നിങ്ങളോടൊത്ത് ജീവിച്ചവനെയാണ് നിങ്ങൾ യേശുക്രിസ്തു എന്ന് വിളിക്കുന്നത്. എനിക്ക് കരുണയില്ലാതിരുന്നെങ്കിൽ നിങ്ങൾക്ക് ക്രിസ്തുവും ഇല്ലായിരുന്നു, ആത്മരക്ഷയുമില്ലായിരുന്നു. ഞാൻ കൈകൂപ്പി പറഞ്ഞു, ഇത് ഭയങ്കരമായിരിക്കുന്നു. അങ്ങേയ്ക്ക് നമോവാകം!



# നോട്ടം

ഒരു നോട്ടം വലിയ നേട്ടം തന്നെയാണ്. ആണിന്റേയും പെണ്ണിന്റെയും ഒരു നോട്ടത്തിലല്ലെ മനുഷ്യകുലം തന്നെ നിലനിൽക്കുന്നത്! മനുഷ്യ സൃഷ്ടിയിൽ മനുഷ്യന്റെ നോട്ടം മാത്രം പോര, ദൈവത്തിന്റെ ഒരു സൂപ്പർ നോട്ടം കൂടി വേണം. മനുഷ്യ സൃഷ്ടിയുടെ ബൈബിൾ കഥയിൽ ആണിനെയും പെണ്ണിനെയും സൃഷ്ടിച്ച് പരസ്പരം നോക്കി കൊള്ളണം എന്ന് പറഞ്ഞേൽപ്പിച്ചാണ് അവരെ ദൈവം ഭൂമിയിലാക്കിയത്. പെണ്ണിന്റെ മേലുള്ള ആണിന്റെ മേൽനോട്ടം അല്പമൊന്ന് പാളി പോയപ്പോഴായിരിക്കും സാത്താൻ പാമ്പായി അവതരിച്ച് പെണ്ണിന്റെ മേൽ നോട്ടമിട്ടത്. ആ നോട്ടത്തിൽ പെണ്ണിന്റെ നോട്ടം ഉടക്കി. ആ ഉടക്കിൽ ആൺതരി നോക്കു കുത്തിയായി. തന്റെ നോട്ടപ്പിശകിൽ പെണ്ണ് നേട്ടം കൊയ്ത് പിശാചിന് അടിമയായതായി കഥ തുടരുന്നു.

'കുഞ്ഞിനെ നോക്കി കൊള്ളണം' എന്ന് പറഞ്ഞ് അമ്മ കുഞ്ഞാങ്ങളയുടെ കൈ പിടിച്ച് മൂത്ത പെങ്ങളെ ഏൽപ്പിച്ച് സ്കൂളിലേയ്ക്ക് അയക്കുമ്പോൾ തിരിച്ചെത്തും വരേയും കൊച്ചിന്റെ മേലൊരു സംരക്ഷണത്തിന്റെ നോട്ടം വേണമെന്നാണ് അമ്മ പറഞ്ഞത്. സ്കൂളിലെത്തും വരേയും കുഞ്ഞാച്ചിയുടെ മേൽനോട്ടം ഉണ്ടായിരുന്ന ആ ഒന്നാം ക്ലാസുകാരൻ സ്കൂളിലെത്തിക്കഴിഞ്ഞാൽ ഇനിയങ്ങോട്ട് മറ്റു പലരുടെയും നോട്ടത്തിലാണ്. രാഷ്ട്രത്തിന്റെയും സംഘടനകളുടെയും മേൽനോട്ടം ഏറ്റെടുത്തിരിക്കുന്നവരുടെ നോട്ടം പലപ്പോഴും കറൻസി നോട്ടിലാണ്. ജനത്തിന് ജനാധിപത്യത്തിൽ നോട്ടപ്പിശക് പറ്റിയാൽ നോക്കുന്നവരും കാണുന്നവരുമെല്ലാം ജനത്തിന് മേൽ കുതിര കയറും. തലയിൽ കയറി നിരങ്ങും. 'നോക്കിക്കോ, നിനക്ക് ഞാൻ വെച്ചിട്ടുണ്ട്' എന്നും പറഞ്ഞ് അപ്പൻ കണ്ണുരുട്ടുമ്പോഴും ആ നോട്ടത്തിൽ ഒരു സാന്ത്വനം മറഞ്ഞിരിപ്പുണ്ടെന്ന് അപ്പന്റെ കണ്ണിൽ സൂക്ഷിച്ചു നോക്കിയാൽ കാണാം.

ജീവിതത്തിലെ എൺപതുകളിൽ ഒരു തിരിഞ്ഞു നോട്ടത്തിൽ നാം സ്വയം പറയും, 'എല്ലാം മായ'. നോക്കണേ, ഒരു നോട്ടത്തിലെ ഗുലാമാലകൾ!!!

BETHANY PUBLICATIONS
www.malankaralibrary.com


# നല്ലതും നന്മയും

നന്മയായിട്ടുള്ളതെല്ലാം നല്ലതാണ്, നല്ലതായിട്ടുള്ളത് നന്മയും. നന്മയുള്ളവർ നല്ലത് ചെയ്യുന്നു. എല്ലാം നന്നായി ചെയ്യണമെങ്കിൽ ഹൃദയത്തിൽ നന്മയുള്ളവരായിരിക്കണം. നന്മ നിറഞ്ഞ മറിയവും നന്മ മാത്രം ചെയ്യുന്ന മനുഷ്യരും നല്ലവരായിരിക്കാനെ വശമുള്ളൂ. നല്ലവനായ ദൈവം നന്മയും കരുണയും ഉള്ളവനാകുന്നു എന്ന് നാം അറിയുന്നു. നല്ലവനായ ഗുരോ എന്ന് ഒരാളൊരിക്കൽ യേശുവിനെ വിളിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു, ദൈവം അല്ലാതെ വേറെ നല്ലവനില്ലെന്ന്. നല്ലവൻ നന്മയുടെ പൂർണ്ണരൂപം ആയിരിക്കണം. മനുഷ്യന് അത് എപ്പോഴും സാധിക്കുകയില്ലല്ലൊ. അതു കൊണ്ടായിരിക്കാം നന്മ മാത്രമായ ദൈവം മാത്രം നല്ലവനായിരിക്കുന്നത്. നമ്മുടെ നന്മ അപൂർണ്ണമാണ്. അതുകൊണ്ട് എപ്പോഴും നല്ലവനായിരിക്കുക ദുഷ്കരവും. എപ്പോഴും നല്ലവനായിരിക്കുക ദുഷ്കരമെന്നേയുള്ളൂ അസാധ്യമല്ല. നല്ലവരായിരിക്കുന്നവർ നന്മ ചെയ്തു കൊണ്ടേയിരിക്കും. നന്മ ചെയ്യുന്നതിൽ മടുപ്പ് തോന്നരുത് എന്ന് പൗലോസ് ശ്ലീഹ ഉപദേശിക്കുന്നു. നല്ലവനായി ജീവിക്കാൻ ശ്രമിക്കുന്നവനോട് കൂട്ടുകാരൻ ചോദിക്കും, 'എന്നാണ് നീയിനിയൊന്ന് അടിച്ചു പൊളിച്ചു ജീവിക്കുക. പച്ചവെള്ളം ചവച്ചരച്ച് കുടിക്കുന്ന പാർട്ടി! നിന്റെ പാവത്തം കണ്ടു മടുത്തു'. നന്മ ചെയ്ത് നല്ലവനായി ജീവിക്കാൻ ശ്രമിച്ചാലും നല്ലവരെന്ന് ഞാൻ കരുതിയ എന്റെ കൂട്ടുകാരായ കുറെ നല്ലവർ, 'ഒരു നല്ല പിള്ള' എന്ന് പറഞ്ഞ് എന്നെ പരിഹസിക്കും. എന്നിലെ നന്മ അവർക്ക് മനസ്സിൽ പിടിക്കില്ല. അവർ ഓടും, വളർത്താൻ പിടിച്ചാലും കൊല്ലാൻ പിടിച്ചാലും കുതറിയോടുന്ന കാട്ടുകോഴിയെപ്പോലെ.



# നോ ഗോഡ്

GOD എന്ന് ഇംഗ്ലീഷിൽ എഴുതി നെടുകെ ഒരു ചുവന്ന ലൈൻ കൊണ്ട് വെട്ടിയ ചിഹ്നവുമായി നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നിരീശ്വരവാദി സംഘടനകളുണ്ട്. യുക്തിവാദികൾ എന്നാണ് അവർ സ്വയം അഭിസംബോധന ചെയ്യുന്നത്. ദൈവമില്ല എന്ന് വ്യക്തിഗത ജീവിതത്തിൽ ഒരാൾക്ക് വിശ്വസിക്കാം. അത് അവരുടെ സ്വാതന്ത്ര്യമാണ്. ദൈവം പോലും അതിനുള്ള അവകാശം അവർക്ക് കൊടുത്താണ് അവരെ സൃഷ്ടിച്ചിരിക്കുന്നത്. ദൈവം എന്നൊരു പരാശക്തി ഇല്ലെന്ന് ദൈവത്തിന്റെ തന്നെ സൃഷ്ടിയായ മനുഷ്യന് തെളിയിക്കാൻ സാധിക്കുകയില്ല. മനുഷ്യസൃഷ്ടിയുടെ കാലം മുതലേ മനുഷ്യൻ ദൈവത്തെ നിരാകരിക്കാൻ കിണഞ്ഞ് പരിശ്രമിച്ചിട്ടുണ്ട്. പരിശ്രമിച്ചവരൊക്കെ പരാജയപ്പെടുകയല്ലാതെ ആരും വിജയിച്ചിട്ടില്ലെന്നാണ് ലോക ചരിത്രം. എനിക്ക് ദൈവമില്ല, എനിക്ക് ദൈവത്തെ വേണ്ട എന്ന് ഒരു മനുഷ്യന് പറയാമെങ്കിലും, ദൈവമേയില്ല എന്ന് ആരും തെളിയിച്ചിട്ടില്ല. ദൈവമില്ലെന്നു വിശ്വസിക്കുന്ന മനുഷ്യനും അവൻ അറിയാതെ 'ദൈവമേ' എന്ന് വിളിച്ചു പോകുന്ന സാഹചര്യങ്ങളുണ്ടാകും. ചെരുപ്പില്ലാതെ കല്ലും മുള്ളുമുള്ള പാതയോരത്തോടു കൂടി നടക്കുമ്പോൾ അറിയാതെ കാലിന്റെ തള്ളവിരൽ കല്ലിൽ തട്ടി നഖം ഇളകി തൂങ്ങി കിടക്കുമ്പോൾ മറ്റൊന്നുമോർക്കാതെ ദൈവമേ എന്ന് വിളിച്ചു പോകാത്ത ഏത് മനുഷ്യനാണുള്ളത്? താൻ യുക്തിവാദിയാണെന്നും ദൈവമേ എന്ന് അറിഞ്ഞോ അറിയാതെയോ വിളിക്കരു തെന്നും ചിന്തിച്ചു കൂട്ടുന്നതിനു മുൻപ് തന്നെ ആ വിളി കഴിഞ്ഞിരിക്കും. അത് സംഭവിക്കുന്നത് അവന്റെ സൃഷ്ടി കർമ്മത്തിന്റെ സമയത്ത് തന്നെ അവനിൽ ഈശ്വരൻ ഒരു ദൈവാംശം നിക്ഷേപിച്ചിരിക്കുന്നതുകൊണ്ടാണ്. അവന്റെ ജീൻസിൽ തന്നെ ദൈവബോധം ഉണ്ടാകുമെന്നർത്ഥം. ജലകണികയിൽ ഹൈഡ്രജൻ മാത്രമേയുള്ളൂ ഓക്സിജൻ ഇല്ല എന്ന് വാദിക്കുന്ന ഭോഷത്തരമാണ് 'നോ ഗോഡ്' പ്രസ്ഥാനക്കാരു ടെതെന്ന് പറയേണ്ടിയിരിക്കുന്നു.

BETHANY PUBLICATIONS
www.malankaralibrary.com


# ഒരു തീകഥ

ഇരുട്ടിലാണല്ലോ മെഴുകുതിരി വെട്ടത്തിന്റെ പ്രസക്തി. പകൽ മുഴുവൻ കൂട്ടിൽ സുരക്ഷിതനായിരുന്ന തിരി രാത്രി ആകുമ്പോഴേക്കും പുറത്തിറങ്ങി ജീവിതദൗത്യം നിറവേറ്റേണ്ടതാണ്. കത്തി സ്വയം ഉരുകുന്നതോടൊപ്പം ചുറ്റുമുള്ള ഇരുളിനെ അകറ്റിനിർത്താൻ തന്നാലാവുന്നത് ചെയ്യണം. പകൽ ആ ചെറിയ കടലാസ് കൂട്ടിൽ സുരക്ഷിതനായിരുന്നെങ്കിലും ആർക്കും പ്രയോജനമില്ലായിരുന്നു. പുറത്തായിരിക്കുന്ന തിൽ പ്രസക്തിയില്ലായിരുന്നു. എന്നാൽ അത് പകൽ സമയത്ത് കൂട്ടിനു പുറത്ത് മനുഷ്യന് കണ്ണും കൈയുമെത്തുന്ന സ്ഥലത്തായിരുന്നെങ്കിൽ ആവശ്യം വരുമ്പോൾ ഇരുട്ടിൽ തപ്പേണ്ടി വരികയില്ലായിരുന്നു. ഇപ്പോൾ ഇരുളിനെ അകറ്റാനുള്ള ജീവിതദൗത്യം പേറുന്ന ആ തിരി തന്നെ ഇരുട്ടിന്റെ അടിമയായിരിക്കുന്നു. ഇരുട്ടിൽ അതിനെ കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. കണ്ടു പിടിക്കാത്തിടത്തോളം കാലം ജന്മ സായൂജ്യമടയാത്ത ഒരു ഖര വസ്തുവായി അത് എവിടേയോ അവശേഷിക്കുന്നു. വീണ്ടും പകൽ വരും, വീണ്ടും പ്രസക്തിയില്ലാത്ത ഒരു വഴിമുടക്കിയായി ആ മുറിയുടെ മൂലയിൽ ആരും ഗൗനിക്കാതെ അങ്ങ നെ കിടക്കും. വീണ്ടും രാത്രിയാകും, ഇരുൾ ചുറ്റും പരക്കും. നമ്മൾ മെഴുകുതിരി തപ്പും. ഇനി അത് കണ്ടുപിടിക്കാൻ ഒരിത്തിരി വരുന്ന തീപ്പെട്ടികോലിനു മാത്രമേ സാധിക്കൂ. പക്ഷേ തീപ്പെട്ടിയുടെ സ്ഥിതിയും വിഭിന്നമല്ല. അതും മുറിയിലെ കട്ട ഇരുട്ടിന്റെ അഗാധത യിൽ ആഴ്ന്ന് കിടക്കുകയാണ്. തീപ്പെട്ടി തപ്പിയിട്ടും, തപ്പിയിട്ടും തപ്പുന്നോന്റെ കൈ തട്ടി നീക്കി ഇരുളിന്റെ ആഴത്തിലേക്ക് താഴുകയല്ലാതെ ഇരുട്ടിൽ പ്രത്യക്ഷപ്പെടുന്ന ലക്ഷണമില്ല. ഇവിടെ ആരെയാണ് കുറ്റപ്പെടുത്തേണ്ടത് ജന്മസാഫല്യമടയാൻ കൂട്ടാക്കാതെ ഇരുളിൽ ആണ്ടുപോയ മെഴുകുതിരിയേയോ, തീപ്പെട്ടിയെയോ അതോ, ജീവിതം ക്രമീകരിക്കാൻ ബുദ്ധി ഉപയോഗിക്കാത്ത ബുദ്ധിജീവിയായ എന്നെയോ?



BETHANY PUBLICATIONS
www.malankaralibrary.com


# മനസ്സുണ്ടെങ്കിൽ

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും, മനസ്സുണ്ടെങ്കിൽ മനുഷ്യൻ മാനത്തും പറക്കും, കയ്യില്ലെങ്കിലും ലിസി കാർ ഓടിക്കും, കാലില്ലെങ്കിലും ഐവാൻ മാരത്തോൺ ഓടും, കണ്ണില്ലെ ങ്കിലും ഡോക്ടർ പ്രേംചന്ദ് രോഗികളെ ചികിത്സിക്കും. എന്നാൽ ശാരീരിക മാനസിക കഴിവുകൾ എല്ലാം ഉണ്ടായിട്ടും ഈ പറഞ്ഞ കാര്യങ്ങളൊന്നും ചെയ്യാൻ സാധിക്കാത്തവർ എത്രയോ പേർ! അപ്പോൾ മനുഷ്യന്റെ ചെയ്തികളെ നിയന്ത്രിക്കുന്നതും നിർണയിക്കുന്നതും ആരാണ്? ഒരു ശക്തിയുണ്ട്. ആ ശക്തിയാണ് ദൈവം. അപ്പോൾ ദൈവത്തിന് മനുഷ്യന്റെ കുറ്റമറ്റ ശരീരാവയവങ്ങളല്ല ആവശ്യം, അവന്റെ മനസ്സും ഇച്ഛാശക്തിയുമാണ് ആവശ്യം. ഇതെല്ലാം ദൈവത്തിന്റെ ദാനമാണ്. എന്നാലും ദാനമായി സ്വീകരിച്ച ഞാൻ ഇതെല്ലാം സ്വന്തമായി വച്ചിരിക്കുകയാണ്. നമ്മുടെ കഴിവുകളും കഴിവുകേടുകളും ഒരു നിമിഷത്തേക്ക് തമ്പുരാന് കടം കൊടുത്താൽ അവിടുന്ന് അത് നൂറു മടങ്ങായി വർദ്ധിപ്പിച്ചും ശക്തിപ്പെടുത്തി യും നമുക്ക് തിരിച്ചു തരും. ഇങ്ങനെ ദൈവത്തിൽ നിന്ന് വർദ്ധിത ശക്തി പ്രാപിച്ചതുകൊണ്ടാണ് അംഗവിഹീനർ പൂർണ്ണകായരേക്കാളും നന്നായി കാറോടിച്ചതും മാരത്തോൺ ഓടിയതും റോക്കറ്റ് നിയന്ത്രിക്കുന്ന കമ്പ്യൂട്ടർ പ്രവർത്തിപ്പിച്ചതും ഓപ്പറേഷൻ തിയേറ്ററിൽ മനുഷ്യശരീരത്തിൽ കത്തി വെച്ചതും. എന്നാൽ ആവശ്യത്തിന് ബുദ്ധിയും ശക്തിയും സാമ്പത്തിക ഭദ്രതയുള്ളവർക്കുമെന്തേ ഇതൊന്നും സാധിക്കാതെ പോയി? രാഷ്ട്രത്തെ മുഴുവൻ കിടിലം കൊള്ളിക്കുന്ന ചില രാഷ്ട്രീയ പാർട്ടികൾ പരാജയപ്പെടുന്നിടത്ത് ചുരുക്കം ചില ബലഹീന ജനകീയ കൂട്ടായ്മകൾ വിജയം കൊയ്യുന്നു. അപ്പോൾ ഒന്ന് വ്യക്തം, ഇതൊന്നും ആത്യന്തികമായി നിയന്ത്രിക്കുന്നത് മനുഷ്യനല്ല. അവനാണ്, അവൻ ദൈവം.



BETHANY PUBLICATIONS
www.malankaralibrary.com


# ഇയ്യാംപാറ്റകൾ

ഇയ്യാംപാറ്റകൾ യഥാർത്ഥത്തിൽ പാറ്റകളുടെ വർഗ്ഗത്തിൽപ്പെട്ടവയാണോ എന്ന് സംശയമുണ്ട്. കണ്ടാൽ കൊച്ചു പാറ്റകളെ പോലെ ഇരിക്കുന്നത് കൊണ്ടാകാം അങ്ങനെയൊരു വിളിപേര് കിട്ടിയത്. അതെന്തുമാകട്ടെ, അന്നൊരു ദിവസം സായം സന്ധ്യയിൽ മുറ്റത്തുള്ള ഒരു ലൈറ്റിട്ട് ഞാൻ പുസ്തക വായനയിലായിരുന്നു. പൊടുന്നനെ, എന്റെ വായനയെ ശല്യപ്പെടുത്തി കൊണ്ട് ഒരു പറ്റം ഇയ്യാംപാറ്റകൾ എനിക്ക് തലയ്ക്ക് മുകളിൽ കത്തി നിൽക്കുന്ന വൈദ്യുതി ഗോളം ലക്ഷ്യമാക്കി പറന്നുയർന്നു. ബെല്ലും ബ്രേക്കുമില്ലാത്ത ആ കുതിപ്പ് കത്തിജ്വലിച്ചു നിന്ന ബൾബ് വരെ ഉണ്ടായിരുന്നുള്ളൂ. പോയ പോക്കിൽ എന്റെ മൂക്കിന്റെ അഗ്രവും ഭേദിച്ചു കൊണ്ട് റോക്കറ്റ് പോലെ കുതിച്ചുയർന്ന പാറ്റകൾ അഗ്നി ഗോളത്തിൽ തട്ടി അതിന്റെ മൂക്കിനും കണ്ണിനും കേടുപറ്റി, വിടർന്നു നിന്ന ചിറകുകളറ്റ്, അംഗവിഹീനരായി, നിസ്സഹായരായി, നിരാലംബരായി നിമിഷനേരം കൊണ്ട് കുളിച്ചുണങ്ങാത്ത എന്റെ തലയിലെ അവശേഷിക്കുന്ന ചില്ലറ മുടിമേൽ പതിച്ചു കൊണ്ടിരുന്നു. ചിറകുകൾ നഷ്ടപ്പെട്ട ഇയ്യാംപാറ്റകൾ കട്ടുറുമ്പുകളെ പോലിരുന്നു. എല്ലാം പെട്ടെന്നായിരുന്നു, ഉണങ്ങാത്ത മുടിയിഴകളുടെ ഇടയിലൂടെ ഇയ്യാംപാറ്റകളുടെ ചിറകില്ലാത്ത ബാക്കി ഭാഗങ്ങൾ തലയിൽനിന്ന് ഇഴഞ്ഞിറങ്ങി, നെറ്റിയിലും കൺപോളകളിലുമെത്തിയപ്പോൾ പിടിച്ചുനിൽക്കാൻ സാധിക്കാതെ ഞാൻ ചാടിയെഴുന്നേറ്റു ശത്രുസംഹാരം നടത്തി. അവറ്റകൾ നിലത്തു കിടന്ന് പിടയു മ്പോൾ, എന്റെ ഒരു ബലഹീന നിമിഷത്തിൽ എനിക്ക് മറ്റൊരു ഫ്രാൻസിസ് അസ്സീസിയാകാൻ സാധിച്ചില്ലല്ലോ എന്നോർത്ത് ഞാൻ വിതുമ്പി. “മാനിഷാദ” എന്നാലും അതിന്റെയൊരു വല്ലാതെ ‘സ്മെൽ’ എന്നെ എങ്ങനെ ഫ്രാൻസ്സിസാക്കും ഞാൻ പറഞ്ഞു, ’സഹോദരി, ഈയ്യാം പാറ്റേ, മാപ്പ്’.



BETHANY PUBLICATIONS www.malankaralibrary.com



# യേശുക്രിസ്തു എന്ന മനുഷ്യൻ

യേശുക്രിസ്തുവിനെ ഒരു ദൈവാവതാരമായി മാത്രമേ നമുക്ക് കാണുവാൻ സാധിക്കുന്നുള്ളൂ. അവിടുന്ന് ഒരു പൂർണ്ണ മനുഷ്യനായിരുന്നു എന്നുള്ള സത്യം പലപ്പോഴും നാം വിസ്മരിക്കുന്നു. പൗലോസ് ശ്ലീഹ ആദത്തെയും യേശുക്രിസ്തു ക്രിസ്തുവിനെയും രണ്ട് മനുഷ്യരായി അവതരിപ്പിക്കുന്നത് ശ്രദ്ധിക്കുക. അദ്ദേഹം റോമർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു. ഒരു മനുഷ്യൻ (ആദം) മൂലം പാപം ലോകത്തി ലേക്ക് വന്നുവെങ്കിൽ മറ്റൊരു മനുഷ്യൻ (യേശു) മൂലം ആ പാപത്തിന് പരിഹാരവും ദൈവ കൃപയും ലോകത്തിലേക്ക് വന്നു. യേശുക്രിസ്തു ദൈവമായിരുന്നതു കൊണ്ട് മാത്രമല്ല മനുഷ്യൻ കൂടിയായിരുന്നതുകൊണ്ടാണ് രക്ഷണീയ കർമ്മം പൂർത്തിയായത്. മനുഷ്യകുലത്തിന്റെ സർവ്വ പാപങ്ങൾക്കും പരിഹാരം ചെയ്തത് തന്റെ ശരീരം കൊണ്ടാണ്. പിതാവായ ദൈവം 'മതി' എന്ന് പറയും വരെ യേശു സ്വന്തം ശരീരത്തിൽ സഹിച്ചു. ആ സഹനം ഏതു മനുഷ്യനും സഹിക്കുന്നതു പോലെയും വേദനിക്കുന്നതു പോലെയുമായിരുന്നു. ദൈവമായിരുന്നതു കൊണ്ട് വേദനകൾക്ക് ഒരു കുറവും മാറ്റവും ഉണ്ടായിരുന്നില്ല. യേശുക്രിസ്തു എന്ന മനുഷ്യനെ നമ്മൾ അധികം പരിചയപ്പെട്ടി ട്ടില്ല. മഹത്വീകരിക്കപ്പെട്ട ക്രിസ്തു മാത്രമാണ് എപ്പോഴും നമ്മുടെ മുമ്പിൽ. ഉയർത്തെഴു ന്നേറ്റവൻ, സ്വർഗത്തിലേക്ക് കയറി പോയവൻ, തിരുവോസ്തിയിൽ നിരന്തരം വാഴുന്നവൻ, ആറാറു ചിറകുകളുള്ള മാലാഖമാരാൽ അവിരാമം സ്തുതിക്ക പ്പെടുന്നവൻ. ക്രിസ്തു ഈ സ്ഥിതി പ്രാപി ക്കുന്നതിനു മുമ്പ് ഒരു പച്ച മനുഷ്യനായി രുന്നു എന്ന കാര്യം നാം വിസ്മരിക്കുന്നു. വിസ്മരിക്കുന്നതാണ് നമുക്ക് സുഖം. കാരണം സഹനവും മരണവുമില്ലാതെ ഉദ്ധ്വാനവും മഹത്വീകരണവും ഇഷ്ടപ്പെടുന്ന വരാണ് നമ്മൾ!



BETHANY PUBLICATIONS
www.malankaralibrary.com


# നൂൽബന്ധം

ഒരിക്കൽ ഞാൻ അന്തരീക്ഷത്തിൽ കൂടി നടക്കുന്ന ഒരു അത്ഭുത ജീവിയെ കണ്ടു. വലിയ വലിപ്പമില്ല. തലയും കണ്ണും മുക്കുമൊന്നും അത്ര വ്യക്തമല്ല. ശരീര ഭാഗവും വളരെ ചെറുത്. റൗണ്ട് ശരീര ഭാഗത്തു നിന്ന് എട്ടു ദിക്കിനെയും അടക്കി ഭരിക്കുന്ന മട്ടിലുള്ള കാലുകൾ കണ്ടപ്പോൾ ഷഡ്പദമാണെന്ന് മനസ്സിലായി. എന്നാലും ഈ ചിലന്തി എങ്ങനെ വായു മണ്ഡലത്തി ലൂടെ ഇങ്ങനെ നിഷ്പ്രയാസം ആടിയുലഞ്ഞ് ചലി ക്കുന്നു ചരിക്കുന്നു ഞാൻ ആ കാഴ്ച സാകൂതം വീക്ഷിച്ചു. സൂക്ഷ്മ നിരീക്ഷണ ത്തിൽ മനസ്സിലായി. ചിലന്തി സ്വയം ഉല്പാദി പ്പിക്കുന്ന ഒരു നൂലിൽ തൂങ്ങിയാണ് ഈ ഞാണിന്മേൽകളിയെല്ലാം കളിക്കുന്നത്. നൂൽ അത്ര നേർത്തതായതു കൊണ്ടാകാം പ്രഥമ ദൃഷ്ട്യാ അത് അപ്രത്യക്ഷമായിരുന്നു. ഞാൻ നോക്കിയപ്പോൾ നൂലിന്റെ മറ്റേ അഗ്രം മുകളിൽ ഭദ്രമായി ബന്ധിച്ചിരിക്കുന്നു. ചിലന്തിയുടെ ഭാരം താങ്ങത്തക്കവണ്ണമുള്ള ഘനവും നൂലിന് ഉണ്ടായിരിക്കണം. അങ്ങനെ ആവശ്യത്തിന് ബലമുള്ളതും എന്നാൽ എനിക്ക് അഗോചരവുമായ ആ ചിലന്തിവല നൂലിന്മേലുള്ള ചിലന്തിയുടെ പ്രകടനം അതിന് ആ നൂലിന്മേലുള്ള വിശ്വാ സവും പിടി വിടുകയില്ലയെന്ന ധൈര്യവു മായിരിക്കണം. ജീവിതത്തിൽ എട്ടു ദിക്കി ലേക്കും കരചരണങ്ങൾ വിറപ്പിച്ച് ലോകത്തെ മുഴുവൻ അടക്കി ഭരിക്കുന്ന നാമും ദൈവവു മായുള്ള നൂൽബന്ധം അറ്റു പോകാതിരി ക്കാൻ നിരന്തരം ജാഗരൂകരായിരി ക്കണം. ആ ബന്ധത്തിലുള്ള വിശ്വാസവും ധൈര്യവു മാണല്ലൊ എല്ലാം. അത് പോയാൽ എല്ലാം പോയില്ലേ. ആ ചരട് പൊട്ടാതെ സൂക്ഷി ക്കാം.



BETHANY PUBLICATIONS www.malankaralibrary.com


# അടിമകൾ

പ്രാചീനകാലത്തെ അടിമകളെകുറിച്ച് നമുക്ക് പരിചയമുണ്ട്. രാജാക്കന്മാർക്കും പ്രഭുക്കൾക്കും അടിമകളുണ്ടായിരുന്നു. അവർ അടിമകളെ ക്രയവിക്രയം നടത്തിയിരുന്നു. ചന്തയിൽ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതുപോലെ അടിമകൾക്കു വേണ്ടി ചന്തകൾ തന്നെ നിലവിലുണ്ടായിരുന്നു. ഈജിപ്റ്റുകാർ അടിമകളെ കൊണ്ടാണ് ഇക്കണ്ട പിരമിഡുകളെല്ലാം പണിതുയർത്തിയത്. രാജാക്കന്മാർ രാജ്യത്തെ കായികാധ്വാനം ആവശ്യമുള്ള ജോലികളെല്ലാം ചെയ്യിപ്പിച്ചിരുന്നതും അടിമകളെ കൊണ്ടാണ്. ആരാണ് ഈ അടിമകൾ വിശുദ്ധ പൗലോസിന്റെ ഭാഷയിൽ, അടിമകൾ യജമാനന്മാർക്ക് അനുസരണമുള്ള ദാസന്മാരായിരിക്കും. അടിമകൾ യജമാനന്മാർക്ക് സമർപ്പിച്ച് അടിയറവുവച്ചവരായിരിക്കും. പൗലോസ് തുടർന്ന് വ്യക്തമാക്കുന്നു, ക്രിസ്തീയ സഹോദരങ്ങൾ എല്ലാവരും അടിമകളാണ്. ഒന്നുകിൽ പാപത്തിന്റേയും അതുവഴി സാത്താന്റെയും അടിമകൾ അല്ലെങ്കിൽ നീതിയുടെയും അനുസരണത്തിന്റെയും അതുവഴി ക്രിസ്തുവിന്റെയും അടിമകൾ (റോമ 6:15-23). അടിമകൾക്കും പ്രതിഫലമുണ്ടായിരുന്നു. അനുസരിക്കാത്ത അടിമകൾക്ക് ദണ്ഡനവും അനുസരിക്കുന്നവർക്ക് ഭക്ഷണ വും. പൗലോസ് ശ്ലീഹാ പറഞ്ഞവസാനിപ്പിക്കുന്നു. പാപത്തിന്റെയും സാത്താന്റെയും അടി മകൾക്ക് പ്രതിഫലം മരണവും നിത്യനാശവും ദൈവത്തിന്റെ അടിമകൾക്ക് നീതീകരണവും നിത്യജീവനും. കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച നിത്യവിധിയുടെ രഹസ്യം സാധാരണ മനുഷ്യന് മനസ്സിലാകുന്ന ഭാഷയിൽ വിശുദ്ധ പൗലോസ് വിശദീകരിക്കുകയായിരുന്നു. ഒരു നിമിഷം നാം ചിന്തിക്കണം, നാം ആരുടെ അടിമകളാണ് ഞാൻ ആരുടെയും അടിമയല്ല എന്ന് പറഞ്ഞൊഴിയാൻ വരട്ടെ, ഇത് ദൈവവചനമാണ്. നാമെല്ലാവരും ആരുടെയെങ്കിലും അടിമയായിരിക്കും. ആരുടെ എന്ന ചോദ്യമാണ് ബാക്കി.

BETHANY PUBLICATIONS
www.malankaralibrary.com


# ഒരു കശപിശ (1)

അന്നൊരു ദിവസം ഒരു സത്യ ക്രിസ്ത്യാനിയുടെ ചില ആന്തരിക, ബാഹ്യ അവയവങ്ങൾ തമ്മിലുള്ള ചില അസ്വാരസ്യ സംഭാഷണം കേൾക്കാനിടയായി. ഒരേ ശരീരത്തിലെ ചില അവയവങ്ങൾ രണ്ടു ചേരിയായി തിരിഞ്ഞ് വാക്ക് പയറ്റ് നടത്തുക യാണ്. അണ്ണാക്കും നാക്കും പല്ലുമടങ്ങുന്ന വായ് ഭാഗങ്ങൾ ഒരു വശത്തും പ്രധാനമായി കൈകൾ രണ്ടുമടങ്ങുന്ന ചേരി മറുഭാഗ ത്തും. വലിയ സ്വരത്തിലല്ലായിരുന്ന ആ കശ പിശയ്ക്ക് ഞാൻ ഒതുങ്ങി നിന്ന് ചെവി കൊടുത്തു. കൈയുടെ കൂട്ടര്: 'ഇത് അനീതി യാണ്. തികച്ചും അനീതി. ഇത് സ്വപക്ഷ പ്രീണനവും സമത്വ ഭാവനയോടുള്ള വെല്ലു വിളിയുമാണ്. കാര്യം എന്താണെന്ന് അറി യേണ്ടേ കേട്ടാൽ വളരെ രസകരം. അതായത് വിശ്വാസികൾ വിശുദ്ധ കുർബാന സ്വീകരി ക്കുമ്പോൾ കയ്യിലല്ല കൊടുക്കുന്നത് നേരിട്ട് വായിൽ വച്ചു കൊടുക്കുകയാണ് പോലും. എന്നിട്ട് കുർബാന മനുഷ്യന്റെ അണ്ണാക്കിൽ പറ്റിയാലും കുഴപ്പമില്ല, പല്ലുകൾക്കിടയിൽ ഞെരിഞ്ഞമർന്നാലും ആർക്കും ഒരു പ്രശ്ന വുമില്ല. കൈകൾ പറയുകയാണ്, ഞങ്ങൾ ഒന്നു തൊട്ടുപോയാൽ അണ്ണാക്കി ലോട്ട് വയ്ക്കുന്നതിനു മുമ്പ് ഞങ്ങളെ അതൊ ന്നേൽപ്പിച്ചാൽ, വേണ്ട, കൈയുടെ ഭാഗത്ത് ഒന്നു തൊട്ടു പോയാൽ എല്ലാം അശുദ്ധമായി എന്നാണ് വെയ്പ്പ്. ഇതാണ് അനീതി. ഇവിടെ സമത്വമില്ല, നീതിയില്ല, ന്യായമില്ല. എന്താ ഞങ്ങൾ ബാഹ്യ അവയവങ്ങൾ ആയതു കൊണ്ടാണോ ഞങ്ങളോട് ഈ ഉച്ചനീചത്വം ഇതിന് അറുതി വരുത്തണം. രസകരമായ ഈ ന്യായവാദത്തിൽ പ്രഥമദൃഷ്ട്യാ ന്യായമു ണ്ടെന്ന് കേൾവിക്കാർ ക്കും തോന്നും. അവർ ആക്രോശിച്ചുകൊണ്ടിരുന്നു. 'ഒരേ ശരീരം ഒരേ അവകാശം...' മറുവശം കേൾക്കേണ്ടേ ക്ഷമിക്കുക.

(തുടരും)



BETHANY PUBLICATIONS

www.malankaralibrary.com



# ഒരു കശപിശ (2)

ആ വാക്ക് പയറ്റ് അങ്ങനെ തുടർന്നു, വായ് പക്ഷം പറഞ്ഞു, 'രാവിലെ പല്ലു തേയ്പ്പു മുതൽ രാത്രി കിടക്കുന്നതിനു മുമ്പുള്ള വായ് കഴുകൽ വരെ ഒരു ദിവസം ഞങ്ങൾ എത്ര പ്രാവശ്യം ശുചിയാക്കപ്പെടുന്നു എന്നറിയാമോ കണ്ട അഴുക്കു പണികളെല്ലാം ചെയ്യുന്ന നിനക്കുണ്ടോ ഇത്രയും ശുചിത്വവും ശുദ്ധിയും' കൈ തിരിച്ചടിച്ചു, ഈ ശുചീകരണങ്ങളെല്ലാം നടത്തുന്നതിനുള്ള വെള്ളം ഞാനാണ് വായിൽ എത്തിക്കുന്നത് എന്ന് മറക്കണ്ട. നിങ്ങളെ കഴുകുമ്പോളൊക്കെ ഞാനും സ്വയം കഴുകാറുണ്ട്. അപ്പോൾ വായ് കയ്യോടു പറഞ്ഞു, ശരി, എന്നാലും നിന്റെ കയ്യിലിരിപ്പ് അത്ര ശരിയല്ല. മനുഷ്യനെ തല്ലുന്നതും അവന്റെ പോക്കറ്റടിക്കുന്നതും നീയല്ലേ നിനക്ക് എത്ര ധാർമിക ശുദ്ധിയുണ്ട് കയ്യും വിട്ടുകൊടുത്തില്ല; 'ശരി ഞാനിതൊക്കെ ചെയ്യുന്നുണ്ടാവും, എല്ലാറ്റിനും പരിഹാരവും ചെയ്യുന്നുണ്ട്. എന്നാൽ നിങ്ങളുടെ കൂട്ടത്തിലുള്ള ആ നാക്കിന് നീളം ഇത്തിരി കൂടുതലാണ്. എത്ര കള്ളത്തരങ്ങളും ഏഷണിയു മാണ് പറഞ്ഞുപരത്തുന്നത്! മനുഷ്യന്റെ ഹൃദയം കീറി മുറിക്കുന്ന വാക്കുകൾ ഉച്ചരിക്കുന്നത് നാക്കല്ലേ അതിന് ഒത്താശ പിടിക്കാൻ മേലണ്ണാക്കും പല്ലും എല്ലാവരും കൂടുന്നു. ഉണങ്ങാത്ത മുറിവുകൾ! നാക്കിന്റെ നാവിറങ്ങിപ്പോയതു പോലെ നിശബ്ദം. ഇത്തരുണത്തിൽ സാക്ഷാൽ യേശുക്രിസ്തു അവരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു, 'സമാധാനം, ശാന്തരാകുക'. തുടർന്ന് അവിടുന്ന് പറഞ്ഞു, ആരും അത്ര മോശക്കാരല്ല, നിങ്ങളുടെ ആന്തരിക ബാഹ്യ ശുദ്ധി മാനദണ്ഡം വച്ചല്ല ഞാൻ നിങ്ങളിലേക്ക് ഇറങ്ങിവരാറുള്ളത്. അത് നോക്കിയാൽ വരവ് നടക്കുകയില്ലെന്ന് എനിക്കറിയാം. പിന്നെ ഇത് എന്റെ ഇഷ്ടമാണ്. ഓരോരുത്തരുടെയും ഹൃദയ ശുദ്ധി നോക്കിയാണ് ഞാൻ എഴുന്നള്ളുന്നത്. ആരും സ്വയം നീതീകരിക്കണ്ട. എല്ലാവരും ലജ്ജിച്ച്, തലതാഴ്ത്തി വണങ്ങി നിന്നു.



BETHANY PUBLICATIONS
www.malankaralibrary.com



# നിയമവും പാപവും

പൗലോസ് ശ്ലീഹാ ഒരിക്കൽ പറഞ്ഞു, 'നിയമമില്ലായിരുന്നെങ്കിൽ പാപമെന്തെന്ന് അറി യുമായിരുന്നില്ല' (റോമ. 7:7) അപ്പോൾ എന്താണ് പറയേണ്ടത് നിയമമാണോ പാപത്തെ ജനിപ്പിക്കുന്നത് എന്നാൽ പാപത്തെ നിർമാർജനം ചെയ്യാൻ നിയമത്തെ മുഴുവൻ എടുത്തുകളഞ്ഞാൽ മതിയല്ലോ. ആകപ്പാടെ ഒരു കൺഫ്യൂഷൻ. യഥാർ ത്ഥത്തിൽ പൗലോസ് എന്താണ് ഇവിടെ അർത്ഥമാക്കുന്നത് നിയമം പാപം ജനിപ്പി ക്കുന്നു എന്നല്ല, നിയമലംഘനം ഒരുവനെ പാപത്തിലേക്ക് നയിക്കുന്നു എന്നാണ്. ഈ നിയമം തന്നെ എങ്ങനെയുണ്ടായി? മനുഷ്യന്റെ പാപേച്ഛയെ നിയന്ത്രിക്കാനാണ് ദൈവം നിയമം നൽകിയത്. ഏദൻതോട്ട ത്തിൽ വെച്ച് മനുഷ്യൻ അനുസരണക്കേട് കാണിച്ചപ്പോൾ ദൈവം അവന് നിയമം നൽകി. യഹോവയെ മറന്ന് ബാൽ ദേവന്റെ പ്രതിമയുണ്ടാക്കി അതിനെ ആരാധിച്ചപ്പോൾ ഇസ്രായേലിന് ദൈവം മോശയിലൂടെ നിയമം നൽകി, സഭാമക്കൾ സഭയെ അനുസരി ക്കാതെ വന്നപ്പോൾ സഭയ്ക്ക് നിയമം സൃഷ്ടിക്കേണ്ടിവന്നു. അപ്പോൾ എന്താണ് മനസ്സിലാക്കേണ്ടത്, പാപ മാണോ നിയമ മാണോ ആദ്യം ഉണ്ടായത് പാപം തന്നെ യാണെന്ന് വ്യക്തം. പാപ സാധ്യത ഇല്ലാ ത്തിടത്ത് നിയമത്തിനു സാംഗത്യമില്ല. ആദി മാതാപിതാക്കൾ പാപം ചെയ്യുന്നതുവരെ അവർക്ക് ഒരു നിയമത്തിന്റെയും ആവശ്യ മില്ലായിരുന്നു. അവർ ദൈവത്തെ പോലെ യായിരുന്നു. ആയതിനാൽ നിയമത്തെ പുച്ഛിക്കുന്നവർ, ചോദ്യം ചെയ്യുന്നവർ ആദ്യം നിർമലരാകട്ടെ, ശുദ്ധിയുള്ളവരാകട്ടെ. അപ്പോൾ അവർക്ക് നിയമവും അപ്രസക്ത മാകും. നിയമത്തെയും മറികടക്കാം. മനുഷ്യരക്ഷയ്ക്ക് വേണ്ടിയുള്ള ദൈവിക പദ്ധതിയാണ് ദൈവദത്തമായ നിയമങ്ങളും നിയന്ത്രണങ്ങളും.



# സ്വപ്നഭൂമി

സമത്വസുന്ദരമായ ഒരു നാടിന്റെ പര്യായമായിട്ടാണ് മാവേലിനാട് എന്ന പദം നാം ഉപയോഗിക്കാറുള്ളത്. നമ്മുടെ നാട് ഒരിക്കൽ മാവേലിനാടായിരുന്നു പോലും. ചരിത്രമല്ലാത്തതിനാൽ ഐതിഹ്യമായിട്ടാണ് നാം അതിനെ കാണുന്നത്. പക്ഷേ ഈ ഐതിഹ്യത്തെ ചരിത്രമാക്കാൻ ഈ മണ്ണിന്റെ മക്കൾക്ക് ഇന്ന് വരെ സാധിച്ചിട്ടില്ല. എന്നാൽ അതിനുള്ള സാധ്യതയെല്ലാമുള്ള ഒരു നാടാണിതെന്ന് ബുദ്ധിയും ബോധമുള്ളവർ സമ്മതിച്ചിട്ടുള്ളതാണ്. സായിപ്പല്ലേ ഈ നാടിനെ ദൈവത്തിന്റെ സ്വന്തം നാട്, ഗോഡ്സ് ഓൺ കൺട്രി, എന്ന് വിളിച്ചത്. സായിപ്പ് നമ്മളെ സുഖിപ്പിക്കാൻ പറഞ്ഞതല്ല, വർഷങ്ങൾക്ക് മുമ്പ് ഈ യാഥാർഥ്യം തിരിച്ചറിഞ്ഞ് നമ്മുടെ മേൽ ആധിപത്യം പുലർത്തി നമ്മെ കൊള്ളയടിച്ചവരാണ് അവർ. ഇപ്പോൾ അത് സാധിക്കാത്തതുകൊണ്ടുള്ള ദേഷ്യം കൊണ്ടാകാം സത്യം വിളിച്ചു പറഞ്ഞത്. നിർഭാഗ്യമെന്നു പറയട്ടെ, ബ്രിട്ടീഷുകാർ എന്ന ഒരു ബാധ ഒഴിഞ്ഞപ്പോൾ സ്വദേശികളായ ഒരായിരം ബാധകൾ നമ്മേ മൂടുകയായിരുന്നു. സ്വാർത്ഥതയും അഴിമതിയും കൈമുതലാക്കിയ നമ്മുടെ നേതൃത്വം ദൈവത്തിന് നമ്മുടെ നാടിനെ കുറിച്ചുണ്ടായിരുന്ന സ്വപ്നങ്ങൾക്ക് വിലങ്ങുതടിയായി. അങ്ങനെ നമ്മൾ അടിമകളും ദരിദ്രരു മായി. ഈ ആഴക്കടലിൽ നിന്ന് പൊന്തിവന്ന് സ്വയം രക്ഷപ്പെടാൻ നമ്മുടെ മുമ്പിൽ രണ്ടു മാർഗങ്ങളേയുള്ളൂ. ദൈവം മനുഷ്യത്വത്തിൽ നിക്ഷേപിച്ചിട്ടുള്ള ആത്മാർത്ഥതയും സത്യസന്ധതയും വീണ്ടെടുക്കുക. വീണ്ടെടുത്തവരുടെ കയ്യിൽ രാജ്യത്തിന്റെ ഭരണം ഭരമേൽപിക്കുക. രണ്ട്, ഭരണം ഭരമേറ്റവർ ഏത് മതസ്ഥരോ ഇസംകാരോ ആണെങ്കിലും ദൈവഭയമുള്ളവരും സമൂഹ സ്നേഹമുള്ളവരും ആയിരിക്കുക. ആത്മാർത്ഥത, സത്യസന്ധത, ദൈവഭയം ഇതായിരിക്കണം നാളത്തെ നമ്മുടെ രാഷ്ട്രീയനേതാക്കളുടെ ക്വാളിഫിക്കേഷൻസ്. നമ്മുടെ സ്വപ്നഭൂമി യാഥാർഥ്യമാകും.



BETHANY PUBLICATIONS

www.malankaralibrary.com



# വേരും ശാഖകളും

ഞാനൊരു മുന്തിരിച്ചെടി നട്ടു, വെള്ള മൊഴിച്ചു, വളമിട്ടു. മുന്തിരി വേരുപിടിച്ചു തഴച്ചുവളർന്നു. അതിന്റെ വളർച്ച കണ്ട് പലരും മോഹിച്ചു, അടുത്തവർഷം മുറ്റത്തു ണ്ടായ മുന്തിരിപ്പഴം തിന്നാം. അങ്ങനെയി രിക്കെ ഒരു ദിവസം ചെടിയുടെ ഇലയ്ക്ക് ഒരു വാട്ടവും മുരടിപ്പും കണ്ടു. ആദ്യമൊക്കെ അത്ര ഗൗനിച്ചില്ല. ചുരുണ്ടു കരിഞ്ഞ ഇല നുള്ളിക്കളഞ്ഞ് ബാക്കിയുള്ള ഇലകളുടെ പച്ചപ്പ് നിലനിർത്തി. പക്ഷേ ഇലകൾ ഓരോന്ന് നുള്ളുന്തോറും മറ്റൊരില ഉണങ്ങി കരിയാൻ തുടങ്ങി. ഇലകൾ ഉണങ്ങി, തണ്ടിനേയും ബാധിച്ചപ്പോൾ കാര്യം ഗൗരവ മാണെന്ന് മനസ്സിലായി. കാരണം അന്വേ ഷിച്ചു ചെന്നപ്പോൾ പ്രശ്നം ഇലയിലും തണ്ടിലുമല്ല. ചെടിയുടെ വേരിലാണെന്ന് കണ്ടു. വേരുകൾ ഓരോന്നും നശിച്ച് നാരായ വേരും അറ്റു പോയിരിക്കുന്നു. സങ്കടത്തോടെ ചെടി അനായാസം പിഴുതു നോക്കിയപ്പോൾ പൗലോസ് ശ്ലീഹായെ ഓർമ്മവന്നു. 'വേര് പരിശുദ്ധമെങ്കിൽ ശാഖകളും അങ്ങനെ തന്നെ. ധാന്യമാവിൽ ഒരുഭാഗം പരിശുദ്ധ മെങ്കിൽ മാവു മുഴുവൻ പരിശുദ്ധമായി രിക്കും' (റോമ. 11:16). പിഴുതു കളഞ്ഞ മുന്തിരിച്ചെടി മുന്തിരിപ്പഴം തന്നില്ലെങ്കിലും അതൊരു വലിയ പാഠം പഠിപ്പിച്ചാണ് കടന്നുപോയത്. ഒരുപക്ഷേ അതായിരിക്കാം ആ ചെടിയുടെ ജന്മ സാഫല്യവും. 'മകനെ ചവിട്ടി നിൽക്കുന്ന ചുവട് മറന്ന് പോകാതിരി ക്കുക. 'മനുഷ്യ ജീവിതം തഴച്ചു വളരുന്നത് അവന്റെ സ്വഭാവം, സൽപ്രവർത്തികൾ, സ്നേഹം, ദയ തുടങ്ങിയ പുണ്യങ്ങളാകുന്ന ചെറുവേരുകളും ദൈവ വിശ്വാസമെന്ന നാരായ വേരുമാണ്. അതിനു കേടുവന്നാൽ, വേരുകൾ അറ്റുപോയാൽ തഴച്ചുനിന്ന ജീവിതം കരിഞ്ഞുണങ്ങും. ജീവിതത്തിന്റെ ശാഖകളെ സംരക്ഷിക്കാൻ വേരുകൾ കേടു കൂടാതെ സൂക്ഷിക്കാം.



# നന്മയും തിന്മയും

പൗലോസിന്റെ വിലാപങ്ങളിൽ ഒന്നാണ് താൻ ആഗ്രഹിക്കാത്ത തിന്മ പ്രവർത്തിച്ചു പോകുന്നു എന്നുള്ളത്. നന്മയും തിന്മയും ഒരുവനിൽ കുടികൊള്ളുന്നു. നന്മ മാത്രം ചെയ്യണമെന്ന് ആഗ്രഹിക്കുന്നുവെങ്കിലും പലപ്പോഴും ചെയ്യുന്നത് തിന്മയാണ്. ദൈവത്തിനും മനുഷ്യനും എതിരെയുള്ള നിയമലംഘനങ്ങളും പാപങ്ങളും തിന്മകളാണ്. ഈ തിന്മകൾ പ്രവർത്തിക്കണമെന്ന് ആത്യന്തികമായി ഞാൻ ആഗ്രഹിക്കുന്നില്ലെങ്കിലും പിന്നെ എങ്ങനെയാണ് ഞാനത് പ്രവർത്തിച്ചു പോകുന്നത് പ്രാർത്ഥനയിലും ആത്മശോധനയിലും പല പാപങ്ങളും ഇനിയും പ്രവർത്തിക്കുകയില്ലെന്ന് തമ്പുരാനോട് നമ്മൾ പലപ്പോഴും പ്രതിജ്ഞ ചെയ്യുന്നുവെങ്കിലും വീണ്ടും അതേ പാപത്തിൽ നാം മുഴുകുകയും പ്രതിജ്ഞ ലംഘിക്കുകയും ചെയ്യുന്നു. ഈ അവസരത്തിലാണ് പൗലോസ് സ്വയം വിശേഷിപ്പിക്കുന്നത് 'ഞാൻ ദുർഭഗനായ മനുഷ്യൻ'. ഈ അവസ്ഥയെ പൗലോസ് തന്നെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്, 'ഞാൻ ഇച്ഛിക്കാത്തത് ഞാൻ ചെയ്യുന്നുവെങ്കിൽ അത് ചെയ്യുന്നത് ഒരിക്കലും ഞാനല്ല എന്നിൽ വസിക്കുന്ന പാപമാണ്' (റോമർ 7:20). ആരാണീ ഞാൻ? എന്റെ ആത്മാവും ശരീരവും കൂടുന്നതാണ് ഞാൻ. ആ എന്നിൽ പാപത്തിന്റെ ലാഞ്ചനങ്ങളും പുണ്യങ്ങളുടെ സ്രോതസ്സുമുണ്ട്. ഞാനെന്ന വ്യക്തി ഈ രണ്ടു കാര്യങ്ങളിൽ ഏതിലേക്ക് കൂടുതൽ ചായ്ഞ്ഞു നിൽക്കുന്നുവോ അതായിരിക്കും നമ്മുടെ പ്രവർത്തികളുടെ സ്വഭാവം. പാപജന്യമായ ചിന്തകൾ പാപപങ്കിലമായ പ്രവർത്തികളിലേയ്ക്കും പുണ്യ സുകൃത ചിന്തകൾ പുണ്യപ്രവർത്തികളിലേയ്ക്കും നമ്മെ നയിക്കുന്നു. അനുനിമിഷം നമ്മിലെ ദൈവിക ചിന്തകളെ ഉദ്ദീപിപ്പിക്കുമ്പോൾ ദൈവിക പ്രവർത്തികൾ നമ്മിൽ നിന്ന് പുറപ്പെടും. നേരെമറിച്ച് പാപേച്ഛകളെ പ്രീണിപ്പിച്ചാൽ പ്രവർത്തികളും തിന്മയും പാപജഡിലവുമായിരിക്കും. പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ മേലുള്ള ഒരു അശ്വമേധമായിരുന്നു വിശുദ്ധരുടെ ജീവിത ചരിത്രങ്ങൾ.

# ഇസ്രായേൽ

വിശുദ്ധ പൗലോസ് ശ്ലീഹ ഇസ്രായേലിന്റെ മഹത്വത്തെ മഹത്വത്തെ പുകഴ്ത്തി പറയുന്നത് ഇങ്ങനെയാണ്, 'അവർ ഇസ്രായേൽ മക്കളാണ്. പുത്രസ്ഥാനവും മഹത്വവും ഉടമ്പടി കളും നിയമത്തിന്റെ അവകാശവും ശുശ്രൂഷയും വാഗ്ദാനങ്ങളും അവരുടേതാണ്. പൂർവ പിതാ ക്കന്മാരും അവരുടേത്. ക്രിസ്തുവും വംശ മുറയ്ക്ക് അവരിൽ തന്നെ' (റോമ. 9:4). വാച്യാർത്ഥത്തിലും ഇസ്രായേൽ എന്ന് പറഞ്ഞാൽ ദൈവത്തിന്റെ ജനം എന്നാണർത്ഥം. എന്നാൽ പൗലോസ് തുടർന്നു പറയുന്നത് ശ്രദ്ധിക്കുക, 'ഇസ്രായേൽ എന്ന് പറഞ്ഞാൽ ദൈവത്തിന്റെ ജനം എന്നാണർത്ഥം. എന്നാൽ പൗലോസ് തുടർന്നു പറയുന്നത് ശ്രദ്ധിക്കുക, 'ഇസ്രായേൽ വംശജരെല്ലാം ഇസ്രായേൽക്കാരല്ല' (6) ദൈവത്തിന്റെ വാഗ്ദാന വംശതലമുറയിലെ മക്കൾക്കാണ് ഇസ്രായേൽ പദം അവിടുന്ന് നൽകുന്നത്. അത് അവരുടെ പ്രവർത്തിയുടെ നന്മതിന്മ നോക്കിയല്ല, പിന്നെയോ അവിടുത്തെ അനുകമ്പയും ദയയുമാണ് അതിന് ആധാരം. മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല ദൈവത്തിന്റെ ദയയാണ് എല്ലാറ്റിനെയും അടിസ്ഥാനമെന്ന് പൗലോസ് പറഞ്ഞവസാനിപ്പിക്കുന്നു. ദൈവത്തിന്റെ ഈ മനസ്സ് ഇസ്രായേലിനോട് മാത്രമല്ല അവിടുത്തെ പുതിയ ഇസ്രായേലായ ക്രൈസ്തവരോടും അവിടുന്ന് സ്വീകരിച്ചിരിക്കുന്നു. കുടുംബത്തിന്റെ വംശ തലമുറകളും പാരമ്പര്യങ്ങളും ചില പ്രത്യേക കൂട്ടായ്മകളുടെ പാരമ്പര്യവും മഹത്വവും പൊക്കി പറഞ്ഞു നടക്കുകയും അതിന്റെ പേരിൽ അധീശത്വം ഭാവിക്കുകയും, ഇതൊക്കെ കാരണം ക്രൈസ്തവ സമൂഹങ്ങളുടെ ഇടയിൽ അസമാധാന സാഹചര്യങ്ങളും ശണ്ഠകളും സംഘർഷങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നവരോട് പൗലോസ് ഉപദേശിക്കുന്നു, മനുഷ്യാ നീ അഹങ്കരിക്കരുത്. നിന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റേയും അടിസ്ഥാനം. ഔദ്ധത്യം വെടിഞ്ഞ് ദൈവത്തിന്റെ ദയയിലും അനുകമ്പയിലും പൂർണമായി ആശ്രയിക്കുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി.

BETHANY PUBLICATIONS
www.malankaralibrary.com



# പുതു ക്രിസ്ത്യാനികൾ

പുതുതായി വേദം ചേർന്നവരെ പുതു ക്രിസ്ത്യാനികൾ എന്ന് വിളിച്ചിരുന്നു. 'മാർഗം കൂടികൾ' എന്നും അവർ അറിയപ്പെട്ടിരുന്നു. നസ്രായനായ യേശുക്രിസ്തുവിന്റെ മാർഗ്ഗ മാണ് ഇവിടെ പരാമർശം. മാർഗ്ഗം വഴിയാണ്. ഏതൊരു വഴിയും ഒരു ലക്ഷ്യത്തിൽ എത്തി ച്ചേരുന്നു. ഇവിടത്തെ ലക്ഷ്യം മനുഷ്യന്റെ ആത്മരക്ഷ അല്ലെങ്കിൽ സ്വർഗ്ഗപ്രാപ്തിയാണ്. അപ്പോൾ ഏതൊരു മനുഷ്യന്റേയും ആത്മ രക്ഷയ്ക്കുള്ള ഒരേയൊരു മാർഗ്ഗം അല്ലെ ങ്കിൽ വഴി നസ്രായന്റെ മാർഗ്ഗം തന്നെ. അങ്ങനെ നസ്രായന്റെ മാർഗ്ഗം നസ്രാണി യുടെ മാർഗമായി. നസ്രാണി മാർഗ്ഗം മറ്റൊ ന്നല്ല, സുവിശേഷം മാർഗ്ഗം തന്നെ. സുവി ശേഷം ഹരിച്ചു ഗുണിച്ചു നോക്കിയാൽ അത് സ്നേഹം മാത്രമാണെന്ന് വ്യക്തം. അപ്പോൾ ക്രിസ്ത്യാനിയുടെ മാർഗ്ഗം സ്നേഹമാർഗ മാണ്. അത് തീർച്ച. ആയതിനാൽ സ്നേഹ ത്തിന് പ്രത്യേ കിച്ച് സഹോദര സ്നേഹത്തിന് വിരുദ്ധമായിട്ടുള്ളതെന്തും അക്രൈസ്തവ മാണ്. ക്രൈസ്തവ സ്നേഹത്തിന് പരിധിയും വ്യവസ്ഥകളുമില്ല. അതാണ് ആ നസ്രായൻ പഠിപ്പിച്ചതും കാണിച്ചു തന്നതും. പക്ഷേ ഇന്നത്തെ നസ്രാണി ക്രിസ്ത്യാനികളുടെ ഇടയിലെ ഒരു പ്രതിഭാസം എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. സഹനത്തോടും ക്ഷമ യോടും വിട്ടുവീഴ്ച മനോഭാവത്തോടുമുള്ള സ്നേഹം അഭ്യസിക്കാതെ തന്നെ നസ്രാണി ക്രിസ്ത്യാനിയായി ജീവിക്കാം പോലും! കഠാരയും തോക്കും കീശയിൽ സൂക്ഷിച്ചു കൊണ്ട് അൾത്താരയിൽ ബലിയർപ്പിക്കാം പോലും! എന്തൊരു വൈരുദ്ധ്യം, എന്തൊരു വിരോധാ ഭാസം! ക്രിസ്ത്യാനികളിൽ പഴയ ക്രിസ്ത്യാനികൾ എന്നും പുതു ക്രിസ്ത്യാനി കൾ എന്നും രണ്ടു കൂട്ടരില്ല. എല്ലാവരും ക്രിസ്ത്യാനികൾ, എല്ലാവരിലും ക്രിസ്തു. ഏതൊരു ക്രിസ്ത്യാനിയും ക്രിസ്തു മാർഗമായ സ്നേഹമാർഗ്ഗത്തിൽ ജീവിക്കു മ്പോൾ അവൻ ഒരു പുതുക്രിസ്ത്യാനി യായി മാറുന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# സഹവാസം

'മുല്ല പൂമ്പൊടി ഏറ്റു കിടക്കും കല്ലിനുമു ണ്ടൊരു സൗരഭ്യം'. മുല്ലപ്പൂവ് കല്ലിനോട് ചേർന്ന് കിടന്നാൽ ആ കല്ലിലേക്ക് പൂവിന്റെ മണം വ്യാപിക്കും. അതുവരെ യാതൊരു മണവുമില്ലായിരുന്ന ആ കല്ല് സ്വയം മണക്കും. അടുത്തു കിടന്ന കല്ലിന് സുഗന്ധം പകർന്നതുകൊണ്ട് പൂവിന്റെ മണം കുറയുന്നുമില്ല. മുല്ലപ്പൂവിന്റെ സ്ഥാനത്ത് തുമ്പ പൂവായിരുന്നെങ്കിൽ കല്ലിനു സുഗന്ധം ലഭിക്കുമായിരുന്നില്ല. കാരണം തുമ്പപ്പൂവിന് മണമില്ല. ഇല്ലാത്തത് എങ്ങനെ കൊടുക്കാൻ സാധിക്കും അതുകൊണ്ടാണ് ഇങ്ങനെയൊരു സൂചിന്ത നിലവിലുള്ളത്. "NEMO DAT QUOD NON HABET' 'ഇല്ലാത്തത് കൊടുക്കാൻ സാധിക്കു കയില്ല'. സഹവാസം അല്ലെങ്കിൽ അടുത്തു കിടപ്പാണ് വിഷയം. കല്ലിന് സുഗന്ധം ലഭിക്കണമെങ്കിൽ മണമുള്ള പൂവിന് അടുത്തു കിടക്കണം. ഇനിയും അടുത്ത് കിടക്കുന്നത് മാങ്ങാനാറിയാണെങ്കിൽ അതിന്റെ ഗന്ധമായിരിക്കും കല്ല് ആവാഹി ച്ചെടുക്കുന്നത്. എന്തായാലും സഹ വാസം വലിയൊരു ജീവിത യാഥാർത്ഥ്യമാണ്. നല്ലവരോട് സഹകരിക്കുകയും സഹവസി ക്കുകയും ചെയ്താൽ നമ്മളും നല്ലവരാകും. നാം നല്ലവരായിരിക്കുകയും മറ്റുള്ളവർ നമ്മോട് സഹകരിക്കുകയും ചെയ്താൽ നമ്മുടെ നന്മ അവരിലേക്ക് പകരും. ഇതു കൊണ്ടാകാം പൗലോസ് ശ്ലീഹ വിശുദ്ധ രോടൊത്തു സഹവസിക്കാൻ ആഗ്രഹി ച്ചതും ജെറുസലേമിലെ വിശുദ്ധർക്ക് സാമ്പ ത്തിക സഹായം എത്തി ക്കാൻ തുനി ഞ്ഞതും. നല്ലവരായ റോമിലെ സഹോദരങ്ങ ളോടൊത്ത് സഹവസിക്കാനും ആ സഹ വാസം ആസ്വദിക്കാനും അദ്ദേഹം ആഗ്ര ഹിച്ചു. നല്ലവരാകാൻ നല്ലവരോട് സഹകരി ക്കുക: നമ്മുടെ നന്മ മറ്റുള്ളവരുമായി പങ്കുവയ്ക്കുക. ഇതാണ് ജീവിത സായൂജ്യം.



# മ്യൂസിക്കൽ ബെൽ

തിണ്ണയിൽ ഒരു മ്യൂസിക്കൽ ബെൽ ഘടിപ്പിച്ചിട്ടുണ്ട്. മന്ദമാരുതൻ തഴുകിയൊഴുകുമ്പോൾ അതിലെ ഒരു നാക്ക് ലേശമൊന്ന നങ്ങി അടുത്ത നാക്കിൽ കൊള്ളും. തലോടി പോയ ഇളംകാറ്റിനെ അഭിവാദനം ചെയ്യും പോലെ മാർദ്ദവമുള്ള ഒരു മനോഹര സ്വരമത് ഉതിർത്തും. സംഗീതത്തിലെ ആ മൃദു സ്പന്ദനം കേൾക്കാൻ കാതുകൾക്കിമ്പം തന്നെ. കാറ്റിന്റെ വേഗത കൂടുന്തോറും കൂടുതൽ മണിനാക്കുകൾ തമ്മിലടിക്കാൻ തുട ങ്ങി. അപ്പോഴും അതിൽ നിന്നുയരുന്ന സംഗീതം ഇമ്പകരമായിരുന്നു കേൾക്കാൻ. എന്നാൽ തുടർന്ന്, മഴയ്ക്കു മുമ്പുള്ള വലിയൊരു കാറ്റ് ഇടംവലം വീശിയപ്പോൾ മണിയും നാക്കുകളും ആടിയുലഞ്ഞു. സ്വരം പരമായി, സംഗീതം കർണകഠോരമായി. പിന്നെ ആ കോലാഹലമേട് വിട്ടുപോവുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. കാറ്റിന്റെ ശക്തി കുറഞ്ഞപ്പോൾ മണിയും മണി നാദസ്വരങ്ങളും റിവേഴ്സ് ഗിയറിൽ പൂർവസ്ഥിതി പ്രാപിച്ചു. കോലാഹലങ്ങളും കലപിലകളും ഒരു കൊടുങ്കാറ്റ് വന്നു പോയതുപോലെ അവസാനിച്ചപ്പോൾ ആദ്യം കേട്ട ആ ഒരു മധുര സ്വരം വീണ്ടും ശ്രവിക്കാനായി. ആ സ്വരമാധുരിയിൽ മനസ്സ് കുതിർന്നു. ശാന്തമായ അന്തരീക്ഷത്തിൽ ഒരു നാക്ക് മണിനാദം ദൈവസ്വരം പോലെ തോന്നി. ഇത്തരുണത്തിൽ ഞാൻ വിശുദ്ധ പൗലോസിനെ ഓർത്തുപോയി. 'ദൈവം കോലാഹലത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമാണ്' (റോമർ 14:33). ഞാൻ ചിന്തിച്ചു പോയി നമ്മുടെ ധ്യാന ശൈലികളൊക്കെ കോലാഹലമേടുകളായി മാറുകയാണോ മുറ്റത്തെ മണിയന്ത്രത്തിന്റെ കലപിലപോലെ! ശാന്തതയിൽ ഒഴുകി വന്ന മന്ദമാരുതനെ പോലെ ഹൃദയ നാക്കിനെ സ്പർശിച്ച് കടന്നുപോകാൻ ആത്മാവിനെ അനുവദിച്ചാൽ അവൻ നമ്മുടെ ജീവിതത്തിൽ അസമാധാനത്തിന്റെ കോലാഹല മേടുകൾ കടന്ന് ശാന്തതയുടെ സമാധാന തുരുത്തുകൾ സൃഷ്ടിച്ചേനെ.



BETHANY PUBLICATIONS

www.malankaralibrary.com



# ഭാഷാവരവും ഭജനവും

വിശുദ്ധ പൗലോസ് ശ്ലീഹായുടെ ഭാഷാ വരവും (റോമർ 14) മാർ ഈവാനിയോസിന്റെ ഭജനവും (സ.ജി.സ.) ആണ് ഇവിടെ പരാമർശം. റോമർ 14 ഇങ്ങനെ സംഗ്രഹിക്കാമെന്നു തോന്നുന്നു. പ്രവചന വരവും ഭാഷാവരവും പരി ശുദ്ധാത്മാവിന്റെ ദാനങ്ങൾ തന്നെ. ആത്മാവിന്റെ വിവേകമനുസരിച്ച് ഓരോരുത്തർക്കും ഓരോന്ന് നല്കുന്നു. ഭാഷാവരമുള്ളവൻ മനുഷ്യരോടല്ല, ദൈവത്തോടാണ് സംസാരിക്കുന്നത്. അവൻ പറയുന്നത് ആരും ഗ്രഹിക്കുന്നില്ല. നേരെ മറിച്ച് പ്രവചിക്കുന്നവൻ മനുഷ്യരോട് സംസാരിക്കുന്നു. ഭാഷാവരത്തോടെ സംസാരിക്കുന്നവൻ തനിക്കുതന്നെ അഭിവൃദ്ധി കൈവരുത്തുന്നു. പ്രവചിക്കുവനാകട്ടെ സഭയ്ക്കും (2, 4). മാർ ഈവാനിയോസിന് ഭജനം മറ്റ് എല്ലാറ്റിനെയും വിട്ട് തന്റെ സ്നേഹ ഭാജനമായ ദൈവത്തോ ടൊപ്പം സമയം ചെലവിടുന്നതാണ്. അവിടെ ഭാഷ പ്രശ്നമില്ല. ഹൃദയത്തിന്റെ ഭാഷയിലാണ് ഭക്തനും ദൈവവും തമ്മിൽ സംസാരിക്കുന്നത്. അവിടെ വാചകങ്ങൾ മുറിഞ്ഞു പോയേക്കാം, വാക്കുകൾ അപൂർണമായേക്കാം. നിശ്വാസനങ്ങളും നെടുവീർപ്പുകളും മാത്രം. ഇത് അവനവന്റെ ആത്മോത്കർഷത്തിന് ഉപകരിക്കുന്നു. കേട്ടു നിൽക്കുന്നവന് അത് ഉപകാരപ്രദമാകണമെന്നില്ല. ഒരു പക്ഷെ ഇതായിരിക്കുമോ പൗലോസിന്റെ ഭാഷാവരത്തോടുള്ള ഭക്തന്റെ സംസാരം. എന്തായാലും ഇവിടെ രണ്ടിടത്തും ഭാഷാ ശുദ്ധിയ്ക്ക് വലിയ പ്രസക്തിയില്ല. വികാര വിചാരങ്ങളാണ് ഇവിടെ മുന്തി നിൽക്കുന്നത്. നിശബ്ദതയിലെ മൗനവും മൗനത്തിലെ വാചാലതയുമാണ് പ്രസക്തം. ഗുഹയിലെ സന്യാസിമാർക്കും ഋഷിവര്യന്മാർക്കും ഭാഷാവരം ലഭിച്ചിട്ടുണ്ടാവാം. എന്നാൽ സുവിശേഷ പ്രഘോഷകർക്ക് പ്രവചനവരമാണ് ആത്മാവ് നൽകിയിരിക്കുന്നത്. മാർ ഈവാനിയോസിന്റെ ഭജനത്തിലൂടെ ആർജിച്ചെടുത്ത സുവിശേഷം മറ്റുമുള്ളവരുമായി പങ്കു വയ്ക്കുമ്പോളാണ് പൗലോസിന്റെ ഭാഷാ വരവും പ്രവചനവരവും ജഢമെടുക്കുന്നത്.

---

P.S. സ.ജീ.സ.= സന്ന്യാസ ജീവിത സഹായി



BETHANY PUBLICATIONS
www.malankaralibrary.com


# സ്നേഹം (1)

ദൈവത്തിന്റെ മറുപേരാണ് സ്നേഹം. ദൈവം സ്നേഹമാകുന്നു എന്ന് പറയുമ്പോൾ ദൈവത്തെ സ്നേഹത്തോളം താഴ്ത്തുകയാണോ സ്നേഹത്തെ ദൈവത്തോളം ഉയർത്തുകയാണോ നമ്മൾ ചെയ്യുന്നത് അത് രണ്ടുമാണെന്ന് തോന്നുന്നു. കാരണം ദൈവം മനുഷ്യനോളം താഴ്ത്തിയ സ്നേഹമാണ് യേശുക്രിസ്തു. ദൈവസ്നേഹത്താൽ കത്തിജ്വലിക്കപ്പെട്ട ഹൃദയങ്ങൾ സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെടുമ്പോൾ സ്നേഹം ദൈവത്തോളം ഉയർത്തപ്പെടുകയാണ് ചെയ്യുന്നത്. യേശുക്രിസ്തു ദൈവമാണെങ്കിൽ അവിടുന്ന് സ്നേഹം മാത്രമാണ്. അതിനാൽ തന്നെ ക്രിസ്തുമാർഗമായ സുവിശേഷം സ്നേഹം മാത്രമല്ലാതെ മറ്റൊന്നുമല്ല. യേശുവിനെ അത്രയധികം സ്നേഹിച്ച ശിഷ്യൻ, വിശുദ്ധ യോഹന്നാൻ ശ്ലീഹായും തന്റെ ജീവിതാന്ത്യംവരെയും ഒരേയൊരു വിഷയമേ പ്രസംഗിച്ചുള്ളൂ. 'കുഞ്ഞുങ്ങളെ നിങ്ങൾ പരസ്പരം സ്നേഹിക്കുവീൻ'. വിജാതിയരുടെ അപ്പോസ്തലനായ പൗലോസ് ശ്ലീഹാ തന്റെ പ്രാദേശിക പ്രേക്ഷിത സഭകൾക്ക് ധാരാളം കത്തുകൾ എഴുതിയിട്ടുണ്ട്. ആദ്യ സഭ അഭിമുഖീകരിച്ച ഒരു നൂറായിരം പ്രശ്നങ്ങൾക്ക് മറുപടിയെന്നോണമാണ് അദ്ദേഹം ഇത്രമാത്രം ലേഖനങ്ങൾ എഴുതിയത്. ഗ്രീക്കുകാരായ കോരിന്തോസുക്കാരുടെ ഇടയിൽ ദൈവ സ്നേഹത്തിന്റെ അഭാവമുണ്ടെന്ന് മനസ്സിലാക്കിയ പൗലോസ് ആ വിഷയം മാത്രം ഉന്നം വെച്ചുകൊണ്ട് തന്റെ ഒന്നാം കത്തിൽ ഒരധ്യായം മുഴുവൻ സ്നേഹത്തെ വിവരിച്ചുകൊണ്ട് അദ്ദേഹം കുറിച്ചുവെച്ചു. ഇങ്ങനെയാണ് 13 വാക്യങ്ങളുള്ള ഒന്ന് കോരി. പതിമൂന്നാം അദ്ധ്യായം നമുക്ക് ലഭിക്കുന്നത്. ദൈവം സ്നേഹമാകുന്നു, സ്നേഹം ദൈവമാകുന്നു. സ്നേഹിക്കുന്നവൻ ദൈവത്തെ സ്നേഹിക്കുന്നു. സ്നേഹിക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# സ്നേഹം (2)

ഒന്ന് കോരിന്തോസ് പതിമൂന്ന് (1 കോരി. 13) സ്നേഹത്തിന്റെ മാഗ്നാ കാർട്ടയാണ്. സ്നേഹം എന്ന ഒരൊറ്റ വിഷയമാണ് അതിൽ പരാമർശം. 1960–കളിൽ ആറാം ക്ലാസിലെ കേരള മലയാളം പാഠാവലിയിലെ പതിമൂന്നാം അദ്ധ്യായം കോരിന്തോസ് പതിമൂന്നായിരുന്നു. അരിക് ഒടിഞ്ഞ്, എലി കരണ്ടതു പോലെയുള്ള ആ സെക്കൻഡ് ഹാൻഡ് പുസ്തകത്തിന്റെ അരണ്ട പതിമൂന്നാം പേജിലെ ഉരുണ്ടു തുടുത്ത കറുത്ത അക്ഷരങ്ങൾ ഇപ്പോഴും മനോമുകുരത്തിൽ തെളിമയാർന്ന് വിടർന്നു വികസിച്ചു നിൽക്കുന്നു. ഒരു ബെഞ്ചിൽ ഞെരിഞ്ഞമർന്നിരുന്ന ഞങ്ങൾ ആറുപേർ ചന്ദ്രഹാസനും മുരളീധര കുറിപ്പും രാജുവും സോമനും ഹഫീസും ഞാനും 'സ്നേഹം' അധ്യായം മാറി മാറി വായിച്ചു. ചന്ദ്രമതി ടീച്ചറായിരുന്നു മലയാളം ടീച്ചർ. പാഠം ഉറക്കെ വായിക്കലും, കോറസ് റീഡിങ്ങും, കാണാതെ പഠിക്കലും, കേട്ടെഴുത്തും, പകർത്തിയെഴുത്തും എല്ലാം ഞങ്ങൾ ആറുപേരും ഒന്നിച്ചാണ് ചെയ്തുകൊണ്ടിരുന്നത്. അന്ന് ഞങ്ങൾക്കാറുപേർക്കും ജാതി ബോധം അധികമില്ലായിരുന്നു. ചന്ദ്രമതി ടീച്ചർ ഈ അധ്യായം ബൈബിളിൽ നിന്നാണ് എന്ന് പറഞ്ഞു തന്നപ്പോൾ കുറുപ്പും സോമനും ഹഫീസും ഇത് നസ്രാണി ക്രിസ്ത്യാനിയുടേ താടാ എന്ന് പറഞ്ഞ് പാഠപുസ്തകം എടുത്തെറിഞ്ഞില്ല. പുസ്തകം പഴഞ്ചനെങ്കിലും പതിമൂന്നാം അദ്ധ്യായം 'സ്നേഹം' ഞങ്ങൾക്കൊരു പോലെയായിരുന്നു. പുസ്തകത്തെയും കൂട്ടുകാരെയും നെഞ്ചോട് ചേർത്തമർത്തുവാൻ പഠിപ്പിച്ചത് ചന്ദ്രമതി ടീച്ചറായിരുന്നു. അതൊരു കാലം! കാലം മാറി, കോലവും മാറി. പാഠാവലിയുടെ പതിമൂന്നാം പേജും കീറിക്കളഞ്ഞു. നമ്മുടെ സംസ്കാരം മാറി. പക്ഷേ 'സ്നേഹം' മാത്രം മാറിയില്ല.



BETHANY PUBLICATIONS
www.malankaralibrary.com


# സ്നേഹം (3)

ഒന്ന് കോരിന്തോസ് പതിമൂന്നാം അദ്ധ്യായം നീളത്തിൽ കുള്ളനെങ്കിലും വലുപ്പത്തിൽ ഭീമനാണ്. സ്നേഹം നാമമായി പത്തു പ്രാവശ്യവും നാമവിശേഷണമായി പതിനൊന്ന് പ്രാവശ്യവും അങ്ങനെ 21 സ്നേഹം കൊണ്ട് ആ കൊച്ച് അധ്യായം കുത്തിനിറച്ചിരിക്കുകയാണ്. അതിങ്ങനെയാണ്:

- എനിക്ക് സ്നേഹമില്ലെങ്കിൽ...
- സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല.
- സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല.
- സ്നേഹം ദീർഘക്ഷമയുള്ളതാകുന്നു.
- സ്നേഹം ദയയുള്ളതാകുന്നു.
- സ്നേഹം അസൂയപ്പെടുന്നില്ല.
- സ്നേഹം ആത്മപ്രശംസ ചെയ്യുന്നില്ല.
- സ്നേഹം അഹങ്കരിക്കുന്നില്ല.
- സ്നേഹം അനുചിതമായി പെരുമാറുന്നില്ല.
- സ്നേഹം സ്വാർത്ഥം അന്വേഷിക്കുന്നില്ല.
- സ്നേഹം കോപിക്കുന്നില്ല.
- സ്നേഹം വിദ്വേഷം പുലർത്തുന്നില്ല.
- സ്നേഹം അനീതിയിൽ സന്തോഷിക്കുന്നില്ല.
- സ്നേഹം സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു.
- സ്നേഹം സകലതും സഹിക്കുന്നു.
- സ്നേഹം സകലതും വിശ്വസിക്കുന്നു.
- സ്നേഹം സകലതും പ്രത്യാശിക്കുന്നു.
- സ്നേഹം സകലത്തെയും അതിജീവിക്കുന്നു.
- സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല.
- സ്നേഹം, വിശ്വാസം, പ്രത്യാശ ഇവ നിലനിൽക്കുന്നു.
- സ്നേഹം സർവോത്കൃഷ്ടം.

ഇനിയും ഒരു നൂറു കാര്യങ്ങൾ കൂട്ടിച്ചേർത്താലും സ്നേഹഭരണി തുളുമ്പുകയില്ല. 'സ്നേഹമാണഖിലസാരമൂഴിയിൽ'.



BETHANY PUBLICATIONS
www.malankaralibrary.com


# ഭ്രാന്ത്

വിശുദ്ധ പൗലോസിന്റെ ഭാഷ്യത്തിൽ ഭാഷാവരവും പ്രവചനവരവും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ തന്നെ. രണ്ടിനും അതിന്റേതായ പ്രാധാന്യമുണ്ട്. ഭാഷാവരവും പ്രവചനവരവും ആർക്കുവേണ്ടിയാണെന്നുള്ള ചോദ്യത്തിന് പൗലോസ് ഇങ്ങനെ ഉത്തരം നൽകുന്നു. 'ഭാഷാവരം വിശ്വാസികൾക്കുള്ളതല്ല, അവിശ്വാസികൾക്കുള്ള അടയാളമാണ്. പ്രവചനമാകട്ടെ അവിശ്വാസികൾക്കല്ല, വിശ്വാസികൾക്ക് വേണ്ടിയുള്ളതാണ്' (1 കോരി. 14:22). ഭാഷാവരമുള്ളവൻ വിശ്വാസികളോട് സംസാരിച്ചു കൊണ്ടിരുന്നിട്ട് കാര്യമില്ല. അവരുടെ സ്വന്ത ആത്മാഭിവൃത്തിക്കുവേണ്ടി ദൈവത്തോട് സംസാരിച്ചുകൊണ്ടിരിക്കട്ടെ. എന്നാൽ വിശ്വാസികളോട് അവരുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവചനങ്ങൾ നടത്തട്ടെ, അവിശ്വാസികളും വിശ്വാസത്തിൽ ബലം പ്രാപിക്കാത്തവരും കൂടിയിരിക്കുന്നിടത്ത് ഭാഷാവരമുള്ളവർ തമ്മിൽ അന്യഭാഷയിൽ സംസാരിച്ചു കൊണ്ടിരുന്നാൽ ആർക്ക് എന്തു പ്രയോജനം എന്ന് പൗലോസ് ശ്ലീഹാ ചോദിക്കുന്നു. പറയുന്നവർക്കും കേൾക്കുന്നവർക്കും ഒന്നും മനസ്സിലാകാത്തതുകൊണ്ട് അവർ ഭ്രാന്ത് പുലമ്പുന്നു എന്നൊരാൾ പറഞ്ഞാൽ ആ ആളെ കുറ്റം പറയാൻ പറ്റില്ല. കാരണം നിങ്ങൾ പ്രസംഗിക്കുന്നതും പ്രവചിക്കുന്നതും അന്യന്റെ ആത്മീയോർഘഷത്തിനു വേണ്ടിയായിരിക്കണം. ഇന്ന് നമ്മുടെ ഇടയിൽ ഭാഷാവരത്തോടെ അന്യഭാഷയിൽ സംസാരിക്കുന്നവരുണ്ട്. അത് ഒരുപക്ഷേ അവരുടെ ആത്മീയ ഉൽഘർഷത്തിന് ഉപകരിച്ചേക്കാം. പക്ഷേ സുവിശേഷ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്ന സാധാരണ വിശ്വാസികൾക്ക് ഉൽഘർഷമാണൊ, ഉന്മാദമാണൊ, അപകർഷമാണൊ പ്രദാനം ചെയ്യുന്നതെന്ന് അന്വേഷിച്ചറിയേണ്ടതാണ്.



# ഹയരാർക്കി

തിരുസഭയിൽ ഒരു ഹയരാർക്കി ഉണ്ട്. മാർപാപ്പ, കർദ്ദിനാൾ, മെത്രാന്മാർ, വൈദികർ, ശെമ്മാശന്മാർ, അൽമേനികൾ. സന്യാസ സമർപ്പിതർ സഭയുടെ ഹയരാർക്കിയിൽ തന്നെ ഉൾപ്പെടുന്നുണ്ടോ എന്ന് സംശയമാണ്. അത് സഭയിലെ ഒരു ജീവിത ശൈലിയാണ്. ഹയരാർക്കി അധികാര ഭരണ ശ്രേണിയാണ്. സഭയുടെ ഈ സംവിധാനം അതിന്റെ നിലനിൽപ്പിനെയും കെട്ടുറപ്പിനെയും സാരമായി സഹായിക്കുന്നുണ്ട്. സഭയുടെ ഈ ഹയരാർക്കിക്കൽ സ്വഭാവത്തെ ഇതര കൂട്ടായ്മകളും സഭകളും അസൂയയോടും വീക്ഷിക്കാറുണ്ട്. അത് ഒരു ദൈവിക സംവിധാനവും നടത്തിപ്പുമാണ്. വിശുദ്ധ പൗലോസിന്റെ ഇക്കാര്യത്തിലുള്ള പഠനം ഒരുപടികൂടി കടന്നതാണ്. അദ്ദേഹം ഒന്നു കോറിന്തോസ് പന്ത്രണ്ട് ഇരുപത്തെട്ടിൽ കൊടുത്തിരിക്കുന്ന ഒരു ഹയരാർക്കി ശ്രദ്ധിക്കുക! 'ദൈവം സഭയിൽ ഒന്നാമത് അപ്പോസ്തലന്മാരെയും രണ്ടാമത് പ്രവാചകന്മാരെയും മൂന്നാമത് പ്രബോധകരെയും തുടർന്ന് അത്ഭുത പ്രവർത്തകർ, രോഗശാന്തി നൽകുന്നവർ, സഹായകർ, ഭരണകർത്താക്കൾ വിവിധ ഭാഷകളിൽ സംസാരിക്കുന്നവർ എന്നിവരെ നിയമിച്ചിരിക്കുന്നു'. ഇതാണ് കർത്താവിന്റെ മനസ്സ്. ഇതാണ് അവിടുന്ന് കൂടുതലിഷ്ടപ്പെടുന്നത്. ഹയരാർക്കിയുടെ മാനദണ്ഡം അധികാര ശ്രേണിയും ഭരണസംവിധാനവുമല്ല. പിന്നെയോ, ദൈവത്തിന്റെ സഭയിലെ വിവിധ ദാനങ്ങളാണ്. ഉൽകൃഷ്ട ദാനങ്ങൾക്ക് വേണ്ടി അഭിലഷിക്കുവിൻ എന്ന് പൗലോസ് പറയുമ്പോൾ ദൈവദാനങ്ങളിലുള്ള ശ്രേഷ്ഠതയായിരിക്കണം നിങ്ങളുടെ ഹയരാർക്കിയുടെ മാനദണ്ഡമെന്ന് വിശുദ്ധ പൗലോസിലൂടെ ദൈവം തന്നെ വെളിപ്പെടുത്തുന്നു. ശ്രേഷ്ഠമായ ദാനത്തിനു വേണ്ടി ഓരോ ക്രൈസ്തവനും ആഗ്രഹിക്കണം, പ്രാർത്ഥിക്കണം.



BETHANY PUBLICATIONS
www.malankaralibrary.com


# പിരിവ്

പിരിവ് എന്ന് കേൾക്കുമ്പോൾ തന്നെ ഉള്ളിൽ ഉണ്ടായിരുന്ന ബാക്കി ഒരല്പം ഊർജ്ജം പാല് പിരിയുന്നതുപോലെ പിരിഞ്ഞു പോവുകയാണ്. ഒരു മനംപിരട്ടൽ, ഒരുതികട്ടൽ, ഒരു 'നോസിയ' കാരണം പിരിവ് മിക്കപ്പോഴും പണപ്പിരിവ് തന്നെ. പിരിവ് പിരിക്കുന്നതും കൊടുക്കുന്നതും അല്പം ദണ്ഡമുള്ള കാര്യം തന്നെയാണ്. കടയിൽ കയറി കഠാര മേശപ്പുറത്ത് കുത്തിവെച്ച് പാർട്ടി പിരിവ് നടത്തുന്നവരുണ്ട്. നിരത്തിൽ ഓടുന്ന വാഹനത്തിന് മുന്നിൽ ചാടി വീണു വണ്ടി നിർത്തി കൈയ്യിലിരിക്കുന്ന പാട്ട കുലുക്കി പണപ്പിരിവ് നടത്തുന്നവരുണ്ട്. ക്ഷേത്രം പുതുക്കിപ്പണി ഫണ്ട് പിരിവ്, ഉത്സവ ഫണ്ട് പിരിവ്, ഓണ പിരിവ്, കരോൾ പിരിവ്, ക്ഷേമ നിധി പിരിവ്, ക്യാൻസർ ചികിത്സാ പിരിവ്. ഇങ്ങനെ പിരിവിന്റെ പിരിവുകൾ അങ്ങനെ പിരിഞ്ഞു പിരിഞ്ഞ് ഒരായിരം പിരിവുകളായി കിടക്കുന്നു. ഇതെല്ലാം കഴിഞ്ഞ് ഒരൽപം സമയം സ്വസ്ഥമായി പള്ളിയിൽ മനസ്സമാധാനത്തോടെ ചെലവിടാം എന്ന് കരുതി പള്ളിയിൽ ചെന്നപ്പോൾ പള്ളീലച്ചന്റെ പിരിവുകൾ വേറെ. കഷ്ടിച്ച് കുർബ്ബാന കഴിഞ്ഞാലുടൻ പള്ളിയിൽ നിന്ന് പുറത്തു ചാടി രക്ഷപ്പെട്ടില്ലെങ്കിൽ വികാരിയച്ചന്റെ ഉപവി പ്രവർത്തികൾക്കു വേണ്ടിയുള്ള പിരിവുകൾ മുതൽ പണിതുകൊണ്ടിരിക്കുന്ന പന്ത്രണ്ടു കോടിയുടെ പള്ളി പണി പിരിവ് വരെയുള്ള വിവിധ പിരിവുകളുടെ നീണ്ട ലിസ്റ്റ് ഇടിത്തീയ് പോലെ മുന്നിൽ വന്നു പതിക്കും. ഇങ്ങനെ പിരിവുകളെ കുറിച്ചുള്ള ചിന്തകളാൽ മനസ്സ് കലുഷിതമായി നിൽക്കുമ്പോളാണ് മദ്ബഹയുടെ ഒരുപടി താഴെ ഇറങ്ങി നിന്ന് മൂത്ത ശുശ്രൂഷകൻ വായിച്ചു കേട്ടത്, 'ഞാൻ വരുമ്പോൾ പിരിവൊന്നും നടത്താതിരിക്കുന്നതിന് നിങ്ങളോരോരുത്തരും കഴിവനുസരിച്ചുള്ള തുക ആഴ്ചയിലെ ആദ്യദിവസം നീക്കിവയ്ക്കണം (1 കോരി. 16:21). ആഹായ് ബാറക്ക്മോർ!



# വയലും വീടും

നിങ്ങളാകട്ടെ ദൈവത്തിന്റെ വയലും വീടും (1 കോരി. 3:9). ഗോതമ്പ് കൃഷിയും വിശ്വാസ കൃഷിയും തമ്മിലുള്ള ഒരു താരതമ്യപ്പെടുത്തലിലൂടെ വിശുദ്ധ പൗലോസ് ചില സത്യങ്ങൾ നമ്മേ ഓർമ്മപ്പെടുത്തുന്നു. കൃഷിക്ക് വിത്ത് വേണം, വയൽ വേണം, കൃഷിക്കാർ വേണം. അതിലുപരി, കുഴിച്ചിട്ട വിത്ത് മുളച്ചു പൊങ്ങി വളർന്നു വലുതായി ഫലം പുറപ്പെടു വിക്കുന്ന പ്രകൃതിയിലൂടെ പ്രവർത്തിക്കുന്ന ഒരു അദൃശ്യശക്തി ഉണ്ടായിരിക്കണം. ഇതെല്ലാം കൂടി ചേരുംപടി ചേരുമ്പോളാണ് ഫലം നൂറു മേനിയാകുക. ഇതിനെ പൗലോസ് സമ്യക്കായി വിവരിക്കുന്നത് നടുക, വെള്ളമൊഴിക്കുക, വളർത്തുക എന്നീ മൂന്ന് പ്രക്രിയയിലൂടെയാണ്. നടുകയും വളമിടുകയും വെള്ളമൊഴിക്കുകയും ചെയ്യാൻ ആർക്കും ഏതു കൂലിക്കാരനും സാധിക്കും. എന്നാൽ പ്രകൃതി ശക്തികളെ നിയന്ത്രിച്ച് കൃഷിയെ വളർത്തി ഫലത്തിൽ എത്തിക്കാൻ ദൈവത്തിന് മാത്രമേ സാധിക്കുകയുള്ളൂ. വിശ്വാസ കൃഷിയെ ഗോതമ്പു കൃഷിയോടെ ഉപമിക്കുകയാണെങ്കിൽ പൗലോസിന്റെ ഭാഷ്യത്തിൽ കോറിന്തോസുക്കാരുടെ ഇടയിൽ വിശ്വാസത്തിന്റെ വിത്തുപാകിയത് അദ്ദേഹം തന്നെയാണ്. തുടർന്ന് അവരുടെ ഇടയിൽ പ്രവർത്തിച്ച അപ്പോളോസ് മുളച്ചുപൊങ്ങിയ വിശ്വാസ ചെടിയെ വെള്ളമൊഴിച്ച് വളമിട്ട് സംരക്ഷിച്ചു. എന്നാൽ വിശ്വാസം അവരിൽ രൂഢമൂലമാക്കിയതും ഫലം പുറപ്പെടുവിച്ചതും ദൈവമാണ് എന്ന് പൗലോസ് അവരെ പഠിപ്പിക്കുന്നു. നട്ടവനും വെള്ളമൊഴിച്ചവനുമല്ല, വളർത്തി ഫലം പുറപ്പെടുവിച്ചവനാണ് ക്രെഡിറ്റ്. അവനാണ് പ്രാധാന്യം. ജീവിതത്തിൽ എന്തൊക്കെയോ കാട്ടിക്കൂട്ടുന്ന നമ്മളാണ് കേമന്മാർ, ദൈവം വെറും നോക്കുകുത്തി! 'ഞാൻ നട്ടു, അപ്പോളൊസ് വെള്ളമൊഴിച്ചു, ദൈവം വളർത്തി' എന്ന് നമ്മളും സമ്മതിക്കണം. ക്രെഡിറ്റ് അവനായിരിക്കട്ടെ.



BETHANY PUBLICATIONS
www.malankaralibrary.com


# മൂടുപടം

മുഖം മറയ്ക്കാനും ശരീരത്തെ ശൈത്യത്തിൽ നിന്നും രക്ഷിക്കാനും മൂടുപടം ധരിക്കാറുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ട കുറ്റവാളികളെ മുഖം മൂടി ധരിപ്പിക്കാറുണ്ട്. ഷാപ്പിൽ നിന്നിറങ്ങി വരുന്ന മദ്യപാനികൾ തലയിൽ മുണ്ടിട്ടിരിക്കുന്നത് കാണാം. മൂടുപടവും മുഖംമൂടികളും വ്യക്തികളെ തിരിച്ചറിയാതിരിക്കാൻ വേണ്ടി ധരിക്കുന്നുണ്ട്. എന്നാൽ മോശ ഒരിക്കൽ മൂടുപടമണിഞ്ഞത് മറ്റൊരു കാര്യത്തിനായിരുന്നു (പുറപ്പാട് 34:33). സീനായ് മലയിൽ ദൈവത്തോട് മുഖാമുഖം സംസാരിച്ചുകൊണ്ടിരുന്ന മോശയുടെ മുഖം തേജോമയമായി. തേജസ് കിരണങ്ങൾ വമിക്കുന്ന മുഖത്തേക്ക് നോക്കാൻ ജനം ധൈര്യപ്പെട്ടില്ല. അഹറോനെയും ജനത്തെയും മോശ അരികിലേക്ക് വിളിച്ചപ്പോൾ അവരുടെ മുഖം മങ്ങിപോകാതിരിക്കാൻ അദ്ദേഹം മൂടു പടം ധരിച്ചു എന്നാണ് പറയുന്നത്. എന്നാൽ തിരിച്ചു ചെന്ന് വീണ്ടും ദൈവത്തോട് സംസാരിക്കുമ്പോൾ മോശ മൂടുപടം മാറ്റിയിരുന്നു. അപ്പോൾ കുറ്റവാളികൾ മുഖം മറയ്ക്കുന്നത് സ്വയം രക്ഷയ്ക്കും നീതിമാന്മാർ മുഖം മറയ്ക്കുന്നത് അപരന്റെ നന്മയ്ക്കും വേണ്ടിയാണ് എന്ന് സാരം. പക്ഷേ മൂടുപടം ധരിക്കുന്നത് കൊണ്ട് തെറ്റുകാരന്റെ അപകർഷാബോധവും വിശുദ്ധന്റെ ശോഭയും ഒട്ടും കുറയുന്നില്ല എന്നതാണ് സത്യം. നമ്മളും ജീവിതത്തിൽ ചിലപ്പോൾ മുഖംമൂടികൾ ധരിക്കാറില്ലേ? ഉണ്ടെങ്കിൽ മുകളിൽ പറഞ്ഞ ഏത് ലക്ഷ്യത്തോടെയാണെന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും. പാപജീവിത ത്തിൽ അപകർഷതാബോധത്താലുണ്ടാകുന്ന കരുവാളിച്ച മുഖത്തെയും മനസ്സിനെയും മറയ്ക്കാനോ, നിരന്തര ദൈവ ഐക്യത്തിൽ നിന്നുളവാകുന്ന മുഖകാന്തിയും ഹൃദയ ശോഭയും അപരനോടുള്ള സ്നേഹവും കാരുണ്യവും മൂലം തത്ക്കാലം ഒളിച്ചു വയ്ക്കാനോ?



BETHANY PUBLICATIONS
www.malankaralibrary.com


# നമ്മുടെ പാർട്ടി

മനുഷ്യരുടെ അഭിപ്രായ രൂപീകരണത്തിലും തീരുമാനങ്ങൾ എടുക്കുന്നതിലുള്ള പ്രകൃതി യുമനുസരിച്ച് അവരെ നാല് സംഘമായി തിരിക്കാമെന്ന് തോന്നുന്നു. ഒന്ന്: 'ഓച്ചാഠ' ഗ്രൂപ്പ്. ഓച്ചാഠാ എന്നുപറഞ്ഞാൽ ഓ, അച്ചാ, ഓ. പള്ളി ലച്ചൻ ചെറുക്കനോടും പെണ്ണിനോടും വിവാഹ സമ്മതം ചോദിക്കുമ്പോൾ അവരുടെ ഉത്തരമാണിത്, ഓച്ചാഠാ. ഇക്കൂട്ടർക്ക് മറ്റുള്ളവരുടെ അഭിപ്രായത്തോടെ എപ്പോഴും പൊരുത്തമാണ്. എതിർപ്പില്ല. രണ്ട്: 'ഓ, അതല്ല' ഗ്രൂപ്പ്. ഈ കൂട്ടർ നെഗറ്റീവിസ്റ്റ്സ് ആണ്. എല്ലാറ്റിനോടും നിഷേധാത്മകത. എന്തിനേയും എതിർക്കുക. നട്ടുച്ചയ്ക്ക് ലോകം മുഴുവൻ അന്ധകാരമാണ് എന്ന് ശഠിക്കുന്നവർ. മൂന്ന്: 'അതെ... അല്ല' ഗ്രൂപ്പ്. ഇവർക്ക് ഒരേ കാര്യം ഇപ്പോൾ അതേയും അല്പം കഴിഞ്ഞാൽ അല്ലയുമാണ്. വാക്ക് മാറുന്നവർ. ശക്തിയായ സ്വന്തം തീരുമാനമില്ലാത്തവർ. നാല്: 'അതെ/അല്ല' ഗ്രൂപ്പ്. ഇവർക്ക് ഒരു കാര്യത്തിൽ തീരുമാനമുണ്ട്. ഒന്നുകിൽ അതെ അല്ലെങ്കിൽ അല്ല. സത്യം തിരിച്ചറിഞ്ഞാൽ അഭിപ്രായത്തിൽ ചാഞ്ചല്യമില്ലാത്തവർ. അവർ എടുത്ത നിലപാടിനെ മുറുകെ പിടിക്കുന്നവർ. നിലപാടുകൾക്കു വേണ്ടി സഹിക്കേണ്ടി വരുമ്പോൾ അഭിപ്രായം ഉപേക്ഷിച്ച് പലായനം ചെയ്യാത്തവർ. കഴുകുമരമോ കുരിശുമരമോ അവരെ പിന്തിരിപ്പിക്കുകയില്ല. ശതകോടികളും രാജ്യത്തിന്റെ പകുതിയും അടങ്ങുന്ന ഓഫറുകൾ സ്വാഭിമാനത്തിനും സത്യത്തിനു വേണ്ടി അവർ തൃണവൽഗണിക്കും. യേശുക്രിസ്തു ഈ ഗണത്തിൽപ്പെട്ടയാളായിരുന്നു. ക്രിസ്ത്യാനിയും അപ്രകാരമായിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. ക്രിസ്തു ശിഷ്യർ മാത്രമല്ല, എല്ലാ മനുഷ്യരും. നമ്മൾ ഏത് പാർട്ടിയാണ്?



BETHANY PUBLICATIONS
www.malankaralibrary.com


# കണ്ണീരും സ്നേഹവും

ഒരു മരണ വീട്ടിൽ കയറിച്ചെന്നാൽ കരയുന്നവരെ കാണാം. കൂലിക്ക് കരയുന്ന വരും കൂലിക്ക് കരയാൻ കൂലി തർക്കമുണ്ടായവരും കരഞ്ഞ കരച്ചിലിന് കൂലി കിട്ടാത്തവരും എല്ലാവരും കൂട്ടത്തോടെ കരച്ചിൽ. മരിച്ചു കിടക്കുന്നയാൾ ജീവിച്ചിരുന്നപ്പോൾ മുഖത്തു നോക്കി സംസാരിക്കാത്ത വരും മരിച്ചയാൾ ചെയ്തു കൂട്ടിയ അതിക്രമങ്ങൾ മനസ്സിലോർത്തു വിമ്മിട്ടപ്പെടുന്നവരും നാല് പേര് കാൺകെ ഒന്നു ചീറ്റി പിരിഞ്ഞു പോകാതിരിക്കില്ല. എന്നാൽ അങ്ങ കലെ ഭിത്തി ചാരിയിരുന്ന് നെടുവീർപ്പിട്ട് വിങ്ങിക്കരയുന്ന ഉറ്റവരും ഉടയവരും കരയുന്നുണ്ട്. അവരുടെ കണ്ണിൽ കണ്ണുനീർ പൊടിക്കുന്നുണ്ടാവും. ചിലർ കണ്ണുനീർ വാർക്കുണ്ട്. എന്നാൽ പ്രൊഫഷണലായി കരയുന്നവരുടെ കണ്ണിൽ നോക്കിയാൽ ഒരു തുള്ളി കണ്ണുനീർ കണി കാണാൻ കാണില്ല. വേർപാടിൽ ദുഃഖിക്കുന്നവരുടെ കണ്ണിൽ കണ്ണീർ പൊടിക്കുന്നുണ്ടെങ്കിൽ അവരുടെ സ്നേഹം അത്ര അഗാധമായിരുന്നു എന്നാണർത്ഥം. സ്നേഹമില്ലാത്തവരുടെ കരയുന്ന കണ്ണിൽ കണ്ണുനീർ പൊടിക്കുകയില്ല. സ്നേഹമാണ് കണ്ണീരിന്റെ കാരണം. സ്നേഹിക്കുന്നവർ വേർപെടുമ്പോൾ കണ്ണീർ പൊഴിക്കും. സ്നേഹിക്കുന്നവർ വിജയിക്കുമ്പോളും സ്നേഹിതൻ കണ്ണീർ പൊഴിക്കും. ശത്രുക്കൾ പ്രഹരിക്കുമ്പോഴുണ്ടാകുന്ന കണ്ണീരല്ല സ്നേഹിതൻ ശാസിക്കുമ്പോഴുണ്ടാകുന്ന കണ്ണുനീർ. പൗലോസ് കോറിന്തോസുകാരെ ശാസിച്ചപ്പോൾ അവർ കരഞ്ഞു. പക്ഷേ അതിൽ പൗലോസിനു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ, കാരണം അത് അവരുടെ നന്മയ്ക്കായി ഭവിച്ചു. സ്നേഹവും കണ്ണീരും തമ്മിൽ ബന്ധമുണ്ടെങ്കിൽ ആ കണ്ണീരു കണ്ട് ആരും കണ്ണീര് പൊഴിക്കേണ്ട. ആ കണ്ണീരിന് വിലയുണ്ട്. യഥാർത്ഥ സ്നേഹത്തിന്റെ വില.



# ദൈവാശ്രയം

മനുഷ്യൻ ആശ്രിതനാണ്. പരാശ്രയവും പരസഹായവും കൂടാതെ ജീവിക്കുക അവന് അസാധ്യമാണ്. ലോകത്തിൽ എത്ര വലിയവനും മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കുക വയ്യ. സമ്പന്നന് സമ്പത്തുള്ളതു കൊണ്ട് പരാശ്രയം ഒഴിവാക്കാമെന്ന് കരുതേണ്ട. പണം കൊണ്ട് പരാശ്രയം വിലയ്ക്ക് വാങ്ങാൻ കഴിയുമെന്നേയുള്ളൂ. അത് പാടേ ഒഴിവാക്കാൻ കഴിയുകയില്ല. ഉണ്ണാനും ഉടുക്കാനും കിടക്കാനും ഉറങ്ങാനും യാത്ര ചെയ്യാനും എന്ന് വേണ്ട ഒന്നു നിന്ന് തിരിയാനും മറ്റുള്ളവരുടെ അധ്വാനഫലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഉള്ളവനും ഇല്ലാത്തവനും ഉള്ള പണത്തെ ആശ്രയിച്ചല്ലേ ജീവിക്കുന്നത്. മനുഷ്യൻ പരാശ്രയം കാശ് കൊടുത്ത് വാങ്ങാൻ കഴിവില്ലാതെ വരുമ്പോൾ അവൻ ദൈവാശ്രയത്തിനു വേണ്ടി ദൈവത്തിങ്കലേക്ക് തിരിയുന്നു. ദൈവാശ്രയത്തിന് പണച്ചെലവില്ലല്ലോ, ഫ്രീ അല്ലേ. ദൈവത്തിൽ ആശ്രയിക്കുന്നവന്, ദൈവ ത്തിൽ പ്രതീക്ഷയർപ്പിക്കുന്നവന് ദൈവ സഹായം സുനിശ്ചിതമാണ്. ദൈവത്തിൽ ആശ്രയിക്കുന്നവനെ ദൈവം തന്റെ ശ്രീഭണ്ഡാരത്തിന്റെ താക്കോൽ ഏൽപ്പിക്കും. ഭണ്ഡാരം തുറന്ന് അനുഗ്രഹങ്ങൾ ആവശ്യത്തിന് വാരിയെടുത്തു കൊള്ളുക. വാരിയെടുക്കാൻ കൈയും കഴിവുമില്ലാത്തവന് തന്റെ മാധ്യസ്ഥം വഴി നിധി വാരിയെടുത്തു കൊടുത്തു കൊള്ളുക. അതും ഒരു പരസഹായമാണ്. വി. പൗലോസ് പറഞ്ഞു, 'ഞങ്ങൾ ഞങ്ങളിൽ തന്നെ ആശ്രയിക്കാതെ മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിൽ ആശ്രയിക്കുന്നതിനു വേണ്ടിയായിരുന്നു' (2 കോരി. 1:9) പരാശ്രയവും പരസ്പര ആശ്രയവും പരസഹായവും പരസ്പര സഹായവുമാണ് മനുഷ്യനെ ദൈവീകനാക്കുന്നത്.



BETHANY PUBLICATIONS
www.malankaralibrary.com


# കൃപയും കൃതജ്ഞതയും

ദൈവത്തിന്റെ കൃപയും ദൈവത്തിന് അർപ്പിക്കുന്ന കൃതജ്ഞതയും തമ്മിൽ ബന്ധമുണ്ട്. ദൈവത്തിൽ നിന്ന് കൃപ നിരന്തരം സ്വീക രിക്കുന്ന മനുഷ്യൻ ദൈവത്തോട് നിരന്തരം കൃതജ്ഞതയുള്ളവനായിരിക്കണം. വിശുദ്ധ പൗലോസ് പറയുന്നു, 'കൃപ സമൃദ്ധിയാകുന്നതു വഴി ദൈവമഹത്വത്തിന് കൂടുതൽ കൃതജ്ഞത അർപ്പിക്കപ്പെടുന്നു' (2 കോരി. 4:15). ദൈവത്തിന്റെ കരുണയും കൃപയും വർദ്ധിക്കുന്നിടത്ത് മനുഷ്യന്റെ കൃതജ്ഞതാ സ്തോത്രങ്ങളും വർദ്ധിക്കുന്നു, അല്ലെങ്കിൽ വർദ്ധിക്കണം. ഇങ്ങനെ അനേകം മനുഷ്യഹൃദയങ്ങളിൽ നിന്ന് ദൈവത്തിന് നന്ദിയുടെയും കൃതജ്ഞതയുടെതുമായ സ്തുതികൾ ഉയരുമ്പോൾ ദൈവമഹത്വം ഉത്തരോത്തരം ഉയരുകയാണ്. ഈ ദൈവമഹത്വം അല്പം സ്വാർത്ഥമല്ലേ എന്ന് നമ്മൾ സംശയിച്ചേക്കാം. പക്ഷേ സ്വാർത്ഥത ദൈവികമല്ല, ദൈവ സ്വഭാവവുമല്ല. പിന്നെ ദൈവമഹത്വം സംഭവിക്കുന്നത് സ്വാഭാവികം മാത്രം. മനുഷ്യൻ അവന്റെ ഓരാവശ്യം ദൈവത്തിന്റെ പ്രത്യേക ഇടപെടലുകൾ കൊണ്ട് മാത്രം സാധിക്കുകയുള്ളൂ എന്ന് മനസ്സിലാക്കി കഴിഞ്ഞാൽ അവിടത്തെ കൃപയ്ക്കും കരുണയ്ക്കും വേണ്ടി ആ ആവശ്യം ദൈവഹിതത്തിനു സമർപ്പിക്കുന്നു. ഇതിനെയാണ് നാം പ്രാർത്ഥന എന്ന് വിളിക്കുന്നത്. പ്രാർത്ഥനയ്ക്ക് ഉത്തരം ദൈവം നൽകിക്കഴിഞ്ഞാൽ മനുഷ്യന്റെ ഹൃദയം നന്ദി പൂരിതമാകുന്നു. ആ ഹൃദയത്തിൽ നിന്നുയരുന്ന നന്ദി പ്രകരണങ്ങളുടെ സുഗന്ധ ധൂപത്താൽ ദൈവം സംപ്രീതനാവുകയും അവിടുത്തെ നാമം മഹത്വപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഇത് ഒരു സ്വാഭാവിക പ്രക്രിയയാണ് എന്ന് പറയുന്നത്. ദൈവകൃപ വർദ്ധിക്കുന്നിടത്ത് ദൈവത്തോടുള്ള കൃതജ്ഞതയും വർദ്ധിക്കും. കൃതജ്ഞത വർദ്ധിക്കുമ്പോൾ ദൈവം കൂടുതൽ മഹത്വപ്പെടും.



BETHANY PUBLICATIONS www.malankaralibrary.com


# ആന്തരിക മനുഷ്യനും ബാഹ്യ മനുഷ്യനും

നമുക്ക് ഒരു മനുഷ്യനെ പരിചയമുള്ളൂ, ബാഹ്യ മനുഷ്യൻ. ഒരാളെ അറിയാമോ എന്ന് ചോദിച്ചാൽ അറിയാമെന്ന് പറയുന്നത് അദ്ദേഹ ത്തിലുള്ള ബാഹ്യ മനുഷ്യനെ കുറിച്ചാണ്. ബാഹ്യമനുഷ്യർക്ക് ബാഹ്യമായതിനെക്കുറിച്ചുള്ള അറിവേയുള്ളൂ. എന്നാൽ പൗലോസ് ശ്ലീഹയ്ക്ക് മനുഷ്യനിലെ ആന്തരിക മനുഷ്യനെക്കുറിച്ചും അറിവുണ്ടായിരുന്നു. ആ അറിവ് രണ്ട് കോറിന്തോസ് നാല് പതിനാറിലൂടെ നമുക്ക് പകർന്നു തരുന്നുണ്ട്. 'ഞങ്ങളിലെ ബാഹ്യ മനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരിക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു'. ഇവിടെ നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടത് നമ്മിലെ ബാഹ്യ മനുഷ്യന്റെ ക്ഷയവും ആന്തരിക മനുഷ്യന്റെ നവീകരണവുമാണ്. ഓരോരുത്തരിലും ഒരു ബാഹ്യ മനുഷ്യനും ആന്തരിക മനുഷ്യനുമുണ്ടെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. എങ്ങനെയാണ് നമ്മിലെ ബാഹ്യമനുഷ്യൻ ക്ഷയിക്കുകയും ആന്തരിക മനുഷ്യൻ നവീകരിക്കപ്പെടുകയും ചെയ്യുക? കാണപ്പെടുന്ന എന്റെ ശരീരത്തിന്റെ ക്ഷയം ബാഹ്യ മനുഷ്യന്റെ ക്ഷയമാണ്. എന്റെ ശരീരം ബലഹീനമാകുമ്പോൾ, എനിക്ക് രോഗം വരുമ്പോൾ, മാരകമായ ചില രോഗങ്ങളാൽ ശരീരം കീറിമുറിക്കപ്പെടുമ്പോൾ, ഇനിയും ഇത്തരം ക്ഷയങ്ങൾ കൊണ്ട് മാനസികമായി തകരുമ്പോൾ, നിരാശയിൽ അകപ്പെടുമ്പോൾ ഇനിയും ഒരുവന്റെ മരണത്തോടെ അവനിലെ ബാഹ്യ മനുഷ്യൻ പൂർണമായി ക്ഷയിച്ചില്ലാതാകുന്നു. എന്നാൽ മനുഷ്യൻ ഈ ജീവിതാനുഭവങ്ങളിലൂടെ അവന്റെ സൃഷ്ടാവായ ദൈവത്തിൽ ശരണം വെച്ച് അവനിൽ ആശ്രയിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോൾ അവനിലെ ആന്തരിക മനുഷ്യൻ നിരന്തരം നവീകരിക്കപ്പെടുകയും ആ നവീകരണം അവനെ അക്ഷയനാക്കുകയും ചെയ്യുന്നു. അതാണ് നമ്മുടെ മോക്ഷം.



BETHANY PUBLICATIONS
www.malankaralibrary.com


# ദൈവത്തിന്റെ ദാസന്മാർ

വിശുദ്ധരെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്നതിനു മുമ്പ് അവരെ ദൈവദാസന്മാർ എന്ന് വിളിക്കും. വിശുദ്ധ പൗലോസിന്റെ ഭാഷയിൽ ദൈവത്തിൽ അഭിമാനിക്കുന്നവരാണ് ദൈവദാസന്മാർ. ദൈവദാസന്മാർ എന്തെല്ലാം കാര്യത്തിലാണ് ദൈവത്തിൽ അഭിമാനിക്കുന്നത് എന്ന് ശ്രദ്ധിക്കുക. വലിയ സഹനങ്ങളിൽ, പീഡകളിൽ, ഞെരുക്കങ്ങളിൽ, അത്യാഹിതങ്ങളിൽ, മർദ്ദനങ്ങളിൽ, കാരാഗ്രഹങ്ങളിൽ, ലഹളകളിൽ, അധ്വാനങ്ങളിൽ, ജാഗരണത്തിൽ, വിശപ്പിൽ, ശുദ്ധതയിൽ, ജ്ഞാനത്തിൽ, ക്ഷമയിൽ, ദയയിൽ പരിശുദ്ധാത്മാവിലുള്ള നിഷ്കളങ്ക സ്നേഹത്തിൽ, സത്യസന്ധമായ വാക്കിൽ, ദൈവത്തിന്റെ ശക്തിയിൽ, '....നീതിയുടെ ആയുധത്തിൽ, ബഹുമാനത്തിലും അപമാനത്തിലും, സത്കീർത്തിയിലും ദുഷ്കീർത്തിയും, ഞങ്ങൾ അഭിമാനിക്കുന്നു' (2 കോരി. 6:4). ആദ്യ സഭയിലെ ക്രിസ്തു ശിഷ്യരായ ദൈവദാസന്മാരെ ഇങ്ങനെയാണ് വരച്ചുകാട്ടുന്നത്. എല്ലാ പ്രതികൂലവും അനുകൂലവുമായ സാഹചര്യങ്ങളിലും ദൈവത്തിൽ നിന്നും ഓടി ഒളിക്കാതെ അവിടത്തിൽ ശരണം വച്ച് അവിടത്തെ പാദാന്തികത്തിൽ സ്വയം സമർപ്പിക്കുന്നവരാണ് ദൈവദാസന്മാർ. ദൈവത്തിൽ പൂർണ്ണ സമർപ്പിതർ. അവർ നിഷ്കാമ കർമ്മികളാണ്. എന്തുവന്നാലും പരാതിയില്ല. ഏത് സാഹചര്യത്തിലും ദൈവത്തിൽ സന്തോഷിക്കുന്നവർ. ജീവിതത്തിൽ എന്ത് സംഭവിച്ചാലും ഇത്തരക്കാർക്ക് കുലുക്കമില്ല. അവരുടെ ആത്മീയ ആവേശം കെട്ടടങ്ങുന്നില്ല. സങ്കീർത്തകനോടുകൂടി അവൻ ഘോഷിക്കും 'കർത്താവാണ് എന്റെ ഇടയൻ, എനിയ്ക്കൊന്നിനും കുറവുണ്ടാവുകയില്ല (സങ്കീർത്തനം 23). കുറവില്ലാത്ത നിറവ്, ശാന്തമായ ജലാശയം, അതാണ് അവന് ദൈവം.



BETHANY PUBLICATIONS
www.malankaralibrary.com


# അമ്പാസിഡേർസ്

രാജ്യങ്ങൾ തമ്മിൽ അവരുടെ അമ്പാസിഡേർസിനെ പരസ്പരം കൈമാറാറുണ്ട്. അമ്പാസിഡേർസ് മുഖേനയാണ് രാജ്യങ്ങൾ തമ്മിൽ ഔദ്യോഗികമായി ബന്ധപ്പെടുക. അമ്പാസിഡർ ഒരു രാജ്യത്തിന്റെ സ്ഥാനപതിയാണ്. സ്ഥാന പതികൾ മറുരാജ്യത്തിന്റെ സാന്നിധ്യവും ഒരു ചാനലുമാണ്. ഈ അമ്പാസിഡേർസിന്റെ സ്ഥാനമാണ് ദൈവമക്കൾക്ക് ഈ ലോകത്തുള്ളത്. ലോകത്തിൽ അവർ ദൈവത്തിന്റെ സ്ഥാനപതികളാണ്. ദൈവം ലോകത്തോട് സംസാരിക്കുന്നതും ഇടപെടുന്നതും സ്ഥാനപതികൾ വഴിയാണ്. പഴയകാലത്ത് പ്രവാചകന്മാരിലൂടെയും നേതാക്കന്മാരുടെയും ദൈവം മനുഷ്യന്റെ രക്ഷാകര ചരിത്രത്തിൽ ഇടപെട്ടു. പിൽക്കാലത്ത് തന്റെ ഏകജാതനെ തന്നെ ദൈവം ലോകത്തിലെ തന്റെ സ്ഥാനപതിയായി നിയമിച്ചു. അതുകഴിഞ്ഞ് ശ്ലീഹന്മാരും കർതൃദാസന്മാരും അവിടുത്തെ സ്ഥാനപതികളായി വേല ചെയ്തു. വിശുദ്ധ പൗലോസ് പറയുന്നു, 'ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു' (2 കോരി. 5:20) അമ്പാസിഡർ സ്വന്തം രാജ്യത്തോട് സ്നേഹവും കൂറും പുലർത്തണം. ദൈവത്തോട് അത്രമാത്രം അടുപ്പവും സ്നേഹവും കൂറും പുലർത്തുന്നവർക്ക് മാത്രമേ ദൈവത്തിന്റെ സ്ഥാനപതികളാകാൻ സാധിക്കൂ. അവർ ദൈവത്തിന്റെ ഇഷ്ടവും തീരുമാനങ്ങളും അപഗ്രഥിച്ച് മനസ്സിലാക്കണം. ഗ്രഹിച്ച കാര്യങ്ങൾ നിസംശയം, നിർഭയം ലോകത്തിന് നൽകണം. അവിടെ സ്വാർത്ഥതയും സുരക്ഷിതത്വവും വിലങ്ങുതടിയാകരുത്. പ്രവാചകന്മാർ എപ്പോഴും ഈ ഗണത്തിൽ പെട്ടവരായിരുന്നു. ക്രൈസ്തവരെ ദൈവം വലിയൊരു സ്ഥാനത്തേയ്ക്കാണ് വിളിച്ചിരിക്കുന്നത് എന്ന സത്യം നമുക്ക് മറക്കാതിരിക്കാം.



BETHANY PUBLICATIONS
www.malankaralibrary.com


# സമത്വം

സമത്വം തന്നെ സുന്ദരമായ ഒരു വാക്കാണ്. അപ്പോൾ സമത്വസുന്ദരമായ ഒരു സമൂഹം അതിനേക്കാൾ സുന്ദരമായ ഒരു സങ്കല്പമാണ്. ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ എല്ലാ കാര്യത്തിലും സമത്വം പാലിക്കാറില്ല. ബുദ്ധിയിലും ശക്തിയിലും കഴിവിലും അസമത്വം മനുഷ്യന് ജന്മസഹജമാണ്. ഈ അസമത്വ അവസ്ഥയ്ക്ക് കാരണം പലതാണ്. വ്യക്തിത്വ വ്യത്യാസങ്ങൾ (ഇൻഡിവിജ്വൽ ഡിഫറൻസ്) ആണ് അതിലൊന്ന്. വ്യക്തിത്വത്തിൽ മനുഷ്യർ തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടാകും. ഈ വ്യത്യാസങ്ങൾ സമൂഹജീവിതം ആസ്വാദ്യകരമാക്കും. ഒരു പൂന്തോട്ടത്തിൽ ഒരു തരം പൂക്കൾ മാത്രം വിരിഞ്ഞു നിന്നാൽ അത് ഒരു വിരസത ജനിപ്പിക്കും. തോട്ടത്തിൽ വിവിധ തരം പൂക്കൾ വേണം. അതാണ് കൂടുതൽ ആസ്വാദ്യകരം. അസമത്വത്തിന് മറ്റൊരു കാരണം, സമൂഹജീവിയായ മനുഷ്യന് കൊടുക്കൽ വാങ്ങൽ അത്യന്താപേക്ഷിതമാണ്. എല്ലാവർക്കും എല്ലാം ഉണ്ടെങ്കിൽ, എല്ലാവർക്കും എല്ലാം ചെയ്യാമെങ്കിൽ, എല്ലാവർക്കും എല്ലാം അറിയാമെങ്കിൽ പിന്നെ ഞാൻ മാത്രം മതിയല്ലോ ഈ ലോകത്തിൽ. അപരന്റെ സാന്നിധ്യം അസഹ്യവും അരോചകവുമാകും. മനുഷ്യൻ സ്വയം നീതികരിക്കപ്പെടുകയും സ്വയം ആത്മരക്ഷ സാധിക്കുകയും ചെയ്യുമായിരുന്നെങ്കിൽ ദൈവം മനുഷ്യനായി അവതരിച്ച് അവനെ രക്ഷിക്കേണ്ട കാര്യം ഉണ്ടാകുമായിരുന്നില്ലല്ലോ. കൊണ്ടും കൊടുത്തും ജീവിക്കുവാൻ അസമത്വം മനുഷ്യകുലത്തെ പ്രാപ്തമാക്കുന്നു. വിശുദ്ധ പൗലോസ് ഒരിക്കൽ പറഞ്ഞു, അവരുടെ സമൃദ്ധിയിൽ നിന്ന് നിങ്ങളുടെ കുറവ് നികത്തുന്നതിന് നിങ്ങളുടെ ഇപ്പോഴത്തെ സമൃദ്ധിയിൽനിന്ന് അവരുടെ കുറവ് നികത്തണം, അപ്രകാരം സമത്വം ഉണ്ടാകണം (2 കോരി. 8:14).



BETHANY PUBLICATIONS
www.malankaralibrary.com


# വിതയും കൊയ്ത്തും

'അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും' (2 കോരി. 9:6).

ഒരുപറ കണ്ടത്തിന്റെയും പത്തുപറ കണ്ടത്തിന്റെയും വിതയും കൊയ്ത്തും സാധാരണ ഗതിയിൽ ഒരു പോലെയാവില്ല എന്നത് സാമാന്യജ്ഞാനം. വയലിന്റെ വിസ്തൃതി അനുസരിച്ചേ ഞാറു നടാൻ സാധിക്കൂ. കുറെ വിത്തും ഞാറും കൈവശമുണ്ടെന്ന് പറഞ്ഞ് എല്ലാം കൂടി ഒരു ചെറിയ കണ്ടത്തിൽ ആരും നടാറില്ല. അതുപോലെ തന്നെ കുറെയേറെ നിലമുണ്ടെന്ന് പറഞ്ഞ് ഉള്ള ഞാർ പരക്കെയും അതിൽ ആരും നടാറില്ല. വിത്തിനും കൃഷി ഭൂമിയ്ക്കും തമ്മിൽ ഒരു അനുപാതമുണ്ട്. അത് കൃഷിക്കാരന് അറിയാം. നടീലിന് അനുസരിച്ച് മാത്രമേ വിളവും കിട്ടുകയുള്ളൂ എന്നും കൃഷിക്കാരനറിയാം. അപ്പോൾ കൊയ്ത്ത് കൂട്ടണമെങ്കിൽ വിത കൂട്ടണം. വിത കൂട്ടണമെങ്കിൽ വയലും വിത്തും കൂട്ടണം. വയലും വിത്തും കൂട്ടാൻ സാധിക്കാത്തവന് വിതയും കൊയ്ത്തും കുറഞ്ഞിരിക്കും. എന്നാൽ വിത കൂട്ടിയാലും കൊയ്ത്ത് കുറഞ്ഞുപോകുന്ന അവസരങ്ങളും, അതുപോലെതന്നെ കുറച്ച് വിതച്ചിട്ടും ബംബർ കൊയ്ത്ത് കിട്ടുന്ന ചുരുക്കം ചില അവസരങ്ങളും ഉണ്ടാകാറുണ്ട്. അപ്പോൾ അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും, ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യുമെന്ന സാധാരണ നിയമം പ്രകൃതിയെ നിയന്ത്രിക്കുന്ന ദൈവശക്തിയ്ക്ക് മാറ്റിമറിക്കാവുന്നതാണ്. ആ ഭാഗം ദൈവത്തിന് വിട്ടു കൊടുത്തിട്ട് സാധാരണ ജ്ഞാനത്തിലേക്ക് നമുക്ക് തിരിച്ചു വരാം. വിതയും കൊയ്ത്തും തമ്മിലുള്ള അനുപാതം ജീവിതത്തിലെ എല്ലാ തലങ്ങളിലും അന്വർത്ഥമാണ്. അല്പം സ്നേഹിക്കുന്നവൻ അല്പം സ്നേഹിക്കപ്പെടും, കൂടുതൽ സ്നേഹിക്കുന്നവൻ കൂടുതൽ സ്നേഹിക്കപ്പെടും. ധാരാളം കൊയ്യാൽ നമുക്ക് ധാരാളം വിതയ്ക്കാം.



BETHANY PUBLICATIONS
www.malankaralibrary.com


# ബലഹീനതയുടെ ശക്തി

ബലഹീനതയും ഒരു ബലമാണ് എന്ന് തിരിച്ചറിഞ്ഞവനാണ് വിശുദ്ധ പൗലോസ്. യേശുക്രിസ്തുവിന്റെ ശിഷ്യനും അപ്പോസ്തലനുമാകാൻ വിളിക്കപ്പെട്ട പൗലോസ് തുടർന്നുള്ള തന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന കുരിശുകളും സഹനങ്ങളും പീഡനങ്ങളും എണ്ണിയെണ്ണി നിരത്തുന്നുണ്ട് കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിൽ. ഈ സഹനങ്ങളിലൂടെയെല്ലാം താൻ ബലഹീനനായി കാണപ്പെട്ടപ്പോൾ അദ്ദേഹം ഭഗ്നാശയനാകുന്നില്ല, നഷ്ടധൈര്യനാകുന്നില്ല. മറിച്ച് ഇതെല്ലാം സംഭവിക്കുന്നത് ക്രിസ്തുവിനെ പ്രതിയും അവിടത്തെ സുവിശേഷത്തെ പ്രതിയുമാണെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം തന്റെ ബലഹീന അവസ്ഥയിൽ ആനന്ദിക്കുകയാണ് ചെയ്യുന്നത്. ലൗകീകർ ലൗകിക തലത്തിൽ ആത്മപ്രശംസ നടത്തുമ്പോൾ പൗലോസ് ആത്മീയ തലത്തിൽ നിന്നുകൊണ്ട് ഒരു ആത്മീയ ആത്മപ്രശംസ നടത്തുവാൻ മുതിരുകയാണ്. പീഡകളിലൂടെയും സഹനങ്ങളിലൂടെയും മനുഷ്യന്റെ ആത്മ രക്ഷ സാധിച്ച ക്രിസ്തുവിനെ പിൻതുടരുവാൻ ഒരു അവസരം കിട്ടിയതിൽ അദ്ദേഹം സന്തോഷിക്കുകയും ആത്മപ്രശംസ നടത്തുകയും ചെയ്യുന്നു. രോഗത്താലും ജീവിതഭാരത്താലും ഭഗ്നാശയരായിരിക്കുന്ന നമുക്ക് പൗലോസ് ഒരു പാഠവും മാതൃകയുമാണ്. നല്ലവനും നീതിമാനും ഞെരുക്കപ്പെടുന്നെങ്കിൽ ദൈവസന്നിധിയിൽ സന്തോഷിക്കണം. കാരണം ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വയം ബലഹീനനാകുകയും പീഡകൾ സഹിക്കുകയും ചെയ്ത ആ നസ്രായന്റെ വലിയ രക്ഷാകര കർമ്മത്തിൽ പങ്കുചേരാൻ നമ്മളും വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിളി എല്ലാവർക്കുമുള്ളതല്ലേ, പിന്നെ എനിക്ക് മാത്രം എന്തേ സഹനം? നമ്മുടെ ചോദ്യം. ഓർക്കുക, ക്രൂശിക്കപ്പെടുന്നവനു മാത്രമാണ് ഉയിർപ്പും മഹത്വവും.



www.malankaralibrary.com


# അപ്പസ്തോലന്റെ സഹനം

ഒരു അപ്പോസ്തോലന്റെ ക്വാളിഫിക്കേഷനുകളിൽ പ്രധാനപ്പെട്ട ഒന്ന്, അദ്ദേഹം കർത്താവിന്റെ ജീവിതകാലത്ത് അവിടത്തെ ശിഷ്യനായി അവിടുത്തോടു കൂടി ജീവിച്ചവനായിരിക്കണം, നേരിട്ടുള്ള ക്രിസ്താനുഭവം. കർത്താവിന്റെ ജീവിതകാലത്ത് അവിടത്തെ ശിഷ്യഗണത്തിൽ ഉൾപ്പെടുകയോ, കൂടെ ജീവിക്കുകയോ ചെയ്തിട്ടില്ലാത്ത വിശുദ്ധ പൗലോസ് എങ്ങനെ അപ്പസ്തോല സ്ഥാനം അവകാശപ്പെടുന്നു? ആര് ഈ സർട്ടിഫിക്കറ്റ് അദ്ദേഹത്തിന് ചാർത്തിക്കൊടുത്തു? പൗലോസ് ശ്ലീഹാ തന്നെ അതിനുത്തരം നൽകുന്നുണ്ട്. താൻ ക്രിസ്തുവിനെയും ക്രിസ്തു സഭയേയും പീഡിപ്പിച്ചിട്ടുള്ളവനായിരുന്നെങ്കിലും ഉയിർത്തെഴുന്നേറ്റ ക്രിസ്തു, ഇന്നും ജീവിക്കുന്നവനായ ക്രിസ്തു, പൗലോസിന് വ്യക്തിപരമായി പ്രത്യക്ഷപ്പെടുകയും അങ്ങനെ കുറെ നേരം പ്രത്യക്ഷമായും അതിനുശേഷം എന്നും അവിടത്തോടു കൂടെ സഹവസിക്കുകയും ചെയ്യുന്നവനാണ് താൻ. കൂടാതെ മറ്റ് അപ്പസ്തോലന്മാർ കടന്നുപോയ എല്ലാ സഹനങ്ങളിലൂടെയും ഒരു പക്ഷേ അതിൽ കൂടുതലിലൂടെയും കടന്നു പോയവനാണ് താൻ. 2 കോരി. 11:16 മുതൽ അദ്ദേഹമത് വിവരിക്കുന്നു. അതിന്റെ രത്നച്ചുരുക്കം ഇങ്ങനെയാണ്: അദ്ദേഹം ഭോഷനായി കരുതപ്പെട്ടു. കാരാഗൃഹവാസം, പ്രഹരം, വടികൊണ്ടുള്ള അടി, മരണവക്രത്തോളമുള്ള പീഡ, കല്ലേറ്, യാത്രാപകടം, ശത്രുക്കളിൽ നിന്നുള്ള അപകടം, കൊള്ളയടി ഇവയിലൂടെയെല്ലാം കടന്നുപോയി. കഠിനാധ്വാനം, വിഷമസന്ധി, രാത്രിജാഗരണം, വിശപ്പ്, ദാഹം, ഉപവാസം, തണുപ്പ്, നഗ്നത ഇവയെല്ലാം സുവിശേഷത്തെ പ്രതി സഹിച്ചിട്ടുണ്ട്, എല്ലാറ്റിനുമുപരി സഭകളെ കുറിച്ചുള്ള ഉൽക്കണ്ഠ.

നമുക്ക് ലഭിക്കുന്ന പാഠം ഇതാണ്: ഒരു അപ്പസ്തോലന്റെ സഹനങ്ങളിലൂടെ കടന്നു പോകാൻ തയ്യാറായാൽ നമുക്കും ക്രിസ്തു വിന്റെ അപ്പസ്തോലരാകാം.



BETHANY PUBLICATIONS
www.malankaralibrary.com



# കുറ്റവും ശകാരവും

തെറ്റും കുറ്റവും എവിടെ കണ്ടാലും അത് സ്വയം ബോധ്യം വരുമ്പോൾ മുഖം നോക്കാതെ കുറ്റക്കാരനെ മുഖത്തുനോക്കി തെറ്റ് തിരുത്തുന്നവനാണ് യഥാർത്ഥ അധികാരി, അല്ലെങ്കിൽ നായകൻ. ശ്ലീഹന്മാരുടെ ജീവിത കാലത്ത് ആദിമ സഭയുടെ അടിസ്ഥാന പാറയും നെടുംതൂണുമായിരുന്ന പത്രോസ് ശ്ലീഹായെ വിശുദ്ധ പൗലോസിന് തിരുത്തേണ്ടിവന്നു. യഹൂദനായാലും വിജാതിയനായാലും ക്രിസ്ത്യാനിയാകണമെങ്കിൽ പരിച്ഛേദിതനാകണമെന്ന് ശാഠ്യം പിടിച്ചവരുടെ പക്ഷം പിടിച്ചവനായിരുന്നു പത്രോസ്. പരിച്ഛേദനം ക്രിസ്ത്യാനിയാകുന്നതിന് അനിവാര്യമാണ് എന്ന നിലപാട് ക്രിസ്തുവിന്റെ പഠനങ്ങൾക്ക് നിരക്കുന്നതല്ല, അത് ക്രിസ്തുവിന്റെ മനസ്സല്ല എന്ന സ്വയം ബോധ്യത്തിൽ നിന്നും യഹൂദരെ തിരുത്തിയവനാണ് പൗലോസ്. ഇങ്ങനെയിരിക്കെ പത്രോസ് ഒരിക്കൽ അന്ത്യോക്യായിൽ ചെന്നു. ആദ്യം വിജാതിയരോടൊപ്പം ഭക്ഷണം കഴിക്കുകയും അവരോട് ഇടപഴകുകയും ചെയ്തിരുന്നു. എന്നാൽ യാക്കോബ് മുതലായവരുടെ പ്രേരണമൂലം പിന്നെ അവൻ അതിന് വിമുഖത കാണിച്ചപ്പോൾ വിജാതിയരുടെ അപ്പസ്തോലനായ പൗലോസ് പത്രോസിന്റെ മുഖത്തുനോക്കി ചങ്കിൽ കൊള്ളുന്ന ഒരു ചോദ്യം ചോദിച്ചു, 'യഹൂദനായ നീ യഹൂദനെ പോലെയല്ല, വിജാതീയനെ പോലെയാണ് ജീവിക്കുന്നതെങ്കിൽ, യഹൂദരെ പോലെ ജീവിക്കാൻ വിജാതിയരെ പ്രേരിപ്പിക്കുന്നതിന് നിനക്ക് എങ്ങനെ സാധിക്കും' (2 കോരി. 2:14) നമുക്ക് പഠിക്കാനുള്ള പാഠം, സത്യം പറയാൻ ചങ്കുറപ്പു വേണം. ക്രിസ്ത്യാനി ക്രിസ്ത്യാനിയായിട്ട് ജീവിച്ചിട്ട് വേണം മറ്റുള്ളവരെ അതിലേക്ക് പ്രേരിപ്പിക്കാൻ. സന്യാസി സന്യാസം ജീവിച്ചിട്ടു വേണം മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കാൻ.



BETHANY PUBLICATIONS
www.malankaralibrary.com



# ആരംഭവും അവസാനവും

'ആരംഭശൂരത്വം' എന്നൊരു പ്രയോഗമുണ്ട്. ഏതൊരു സംരംഭത്തിലും ആരംഭത്തിൽ ഒരു ശൂരത്വം കാണിക്കുന്നത് വെറും മാനുഷികവും സാധാരണവുമാണ്. തുടക്കത്തിൽ ഏതൊരു കാര്യത്തിനും മനുഷ്യന് ഒരു ഉശിരുണ്ട്. ഒരു ബിസിനസ്സിന്റെ തുടക്കത്തിൽ ഒരാൾ എത്ര ശ്രദ്ധയാണ് അതിലിടുന്നത്! ഒരു ചെടി നട്ടാൽ ആദ്യമൊക്കെ എത്ര താല്പര്യത്തോടെയാണ് അതിനെ സംരക്ഷിക്കുന്നത്! ഫിസിക്കൽ ഫിറ്റ്നസിനെ കുറിച്ച് ഒരു വീഡിയോ കണ്ടു കഴി ഞ്ഞാൽ അതിനെ അനുകരിക്കാൻ കുറേ ദിവസത്തേക്ക് എന്തൊരാവേശമാണ്! വേനൽക്കാല അവധി കഴിഞ്ഞ് പുത്തനുടുപ്പും ധരിച്ച് പുത്തൻ കുടയും ചൂടി സ്കൂളിലേക്ക് പോകാൻ കുട്ടികൾക്ക് സന്തോഷമാണ്. വർഷാവസാന പരീക്ഷ കഴിഞ്ഞ് അവധി തുടങ്ങുന്നത് എന്തൊരു തിമിർപ്പോടെയാണ്! ജീവിതത്തിൽ ഇതുപോലെ ഒരായിരം ആരംഭശൂരത്വ അനുഭവങ്ങളാണുള്ളത്. കഴിഞ്ഞില്ല, സന്യാസ പരിശീലന കാലത്ത് തുടക്ക കാലങ്ങളിൽ എന്തൊരു തീക്ഷ്ണതയാണ്! ദൈവികപട്ടം കഴിഞ്ഞ് ആദ്യ അപ്പോയ്ന്റ്മെന്റ് തകർത്തു വരാൻ കച്ചകെട്ടിയിറങ്ങാറുണ്ട് നവ വൈദികർ. സന്യാസികളും വൈദി കരും പരിശീലന കാലത്ത് സന്യാസ വൈദിക വസ്ത്രം ലഭിക്കുവാൻ എത്ര ആദരപൂർവ്വമാണ് അത് സ്വീകരിച്ചു ധരിക്കുന്നത്! കളസം ഉൾപ്പെടെ സന്യാസ വസ്ത്ര കൂട്ട് മുഖ്യകാർമ്മികൻ എടുത്ത് അൾത്താരയ്ക്കു മുകളിൽ പൊക്കി ആഘോഷിക്കുമായിരുന്നു. പിന്നെ, പിന്നെ, ആ വസ്ത്രങ്ങളൊക്കെ ട്രങ്കിന്റെ അടിത്തട്ടിൽ ശയിക്കും, സന്യാസിയുടെ അന്ത്യയാത്രയ്ക്ക് കൂട്ടു പോകാൻ. മുകളിൽ പറഞ്ഞ കാര്യങ്ങളിലൊക്കെ ആരംഭശൂരത്വം കെട്ടടങ്ങി കാലത്തിന്റെ ഗതിവിഗതികളിൽ ഒരു അന്ത്യ ശൂന്യത്തിന് വഴി മാറുന്നതാണ് നാം കാണാറുള്ളത്. വിശുദ്ധ പൗലോസ് ശരിയായി ചോദിച്ചു, 'ആത്മാവിൽ ആരംഭിച്ചിട്ട് ഇപ്പോൾ ശരീരത്തിൽ അവസാനിപ്പിക്കുവാൻ മാത്രം ഭോഷന്മാരാണോ നിങ്ങൾ' (ഗലാ. 3:3).



BETHANY PUBLICATIONS
www.malankaralibrary.com


# പാവങ്ങൾ

ആദിമസഭയിൽ പ്രേക്ഷിത പ്രവർത്തനങ്ങൾക്ക് രണ്ട് കൈവഴികൾ ഉണ്ടായിരുന്നു. ഒന്ന്, യാക്കോബും കേപ്പായും യോഹന്നാനും നേതൃത്വം കൊടുത്തിരുന്ന പരിച്ഛേദിതരുടെ ഇടയിലുള്ള മിഷൻ പ്രവർത്തനം. രണ്ട്, പൗലോസ്, തിമാത്തേ യോസ്, ബർണബാസ് തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിജാതിയ മിഷൻ. അങ്ങനെ പരിച്ഛേദിതർക്കു വേണ്ടിയുള്ള മിഷൻ പത്രോസും അപരിച്ഛേദിതർക്കു വേണ്ടിയുള്ള മിഷൻ പൗലോസും വീതം വെച്ച് എടുത്തതുപോലെ. ഈ രണ്ടു ശാഖകൾ ക്രിസ്തു ശാസ്ത്രത്തിന്റെ രണ്ടു പഠനങ്ങളെ ആസ്പദമാക്കിയായിരുന്നില്ല; ആധാരവും ഡോക്ട്രിനും ഒന്നു തന്നെ; കർത്താവിന്റെ സുവിശേഷം. പക്ഷേ സുവിശേഷമാകുന്ന സദ്യ വിളമ്പി കൊടുക്കുന്ന തവിയും പാത്രവും രണ്ടായിരുന്നെന്നുമാത്രം. ചോറ് നമുക്ക് തൂശനിലയിൽ വിളമ്പുമ്പോൾ സായിപ്പിന് ചീന പ്ലേറ്റിൽ വിളമ്പുന്നതുപോലെ. ഒരു പക്ഷേ ഇന്നത്തെ 'ഇൻ കൾച്ചറേഷന്റെ ആദ്യരൂപമായി ഇതിനെ കാണാമായിരിക്കും. ഇന്നത്തെ പ്രാദേശിക സഭകൾ തമ്മിലുള്ള ഭിന്നതയും, വഴക്കും, വക്കാണവും അവർ തമ്മിലുണ്ടായിരുന്നില്ല. എന്നാൽ പ്രാദേശിക പ്രശ്നങ്ങളെ സ്നേഹബുദ്ധ്യാ പരസ്പരം തിരുത്തുവാൻ അവർ മടി കാട്ടിയതുമില്ല. അകാല അപ്പോസ്തലനായ പൗലോസ് ഒരിക്കൽ പത്രോസിനെ തിരുത്തിയപ്പോൾ അദ്ദേഹം താൻ സഭാതലവനും പാറയുമാണെന്ന അഹങ്കാരം വെടിഞ്ഞ് ദൈവഹിതത്തിന് വഴങ്ങുകയാണ് ചെയ്തത്. ഇന്ന് നമ്മൾ കണ്ടുപഠിക്കേണ്ട ഉത്തമമാതൃക. പറഞ്ഞു വന്നത്, പൗലോസ് ക്യാമ്പും പത്രോസ് ക്യാമ്പും ഒരു കാര്യത്തിൽ ഒന്നിച്ചു നിൽക്കണമെന്ന ഒരു ധാരണയുണ്ടാക്കിയിരുന്നു, 'പാവങ്ങളെകുറിച്ചുള്ള ചിന്ത' (ഗലാത്യ. 2:10).



BETHANY PUBLICATIONS
www.malankaralibrary.com


# വിദൂരസ്ഥരും സമീപസ്ഥരും

വിദൂരസ്ഥരേയും സമീപസ്ഥരേയും നിർണ്ണയിക്കാൻ പല മാർഗ്ഗങ്ങളുണ്ട്. ശാരീരിക സാമീപ്യവും അകൽച്ചയും അതിലൊന്നാണ് എന്നാൽ അതിലുപരി ഒരാശയത്തോട് വിദൂരസ്ഥരും സമീപസ്ഥരുമായിരിക്കാൻ നമുക്ക് സാധിക്കും. ഉദാഹരണത്തിന് ഒരു പ്രത്യേക രാഷ്ട്രീയ മീമാംസയോട് നമുക്ക് വിദൂരസ്ഥമോ സമീപസ്ഥമോ ആയ നിലപാട് സ്വീകരിക്കാൻ സാധിക്കും. അത് നിശ്ചയിക്കുന്നത് ആ കാര്യത്തെക്കുറിച്ചുള്ള എന്റെ അറിവും പരിജ്ഞാനവും അതോടൊപ്പം അതിനോടുള്ള എന്റെ പ്രത്യേക താൽപര്യവുമാണ്. ക്രിക്കറ്റ് ലോകത്തിന് ഞാൻ വിദൂരസ്ഥനോ സമീപസ്ഥനോ എന്നത് ക്രിക്കറ്റിനെക്കുറിച്ചുള്ള എന്റെ അറിവും അതിനോടുള്ള താല്പര്യവും അനുസരിച്ചിരിക്കും. ഒരു രാഷ്ട്രീയ പാർട്ടിയോടുള്ള സമീപനവും ഇതനുസരിച്ചായിരിക്കും. എന്നു പറഞ്ഞതു പോലെ വിശുദ്ധ പൗലോസ് ഇതിനെ കുറിച്ച് സ്ഥിരീകരിക്കുന്ന ഒരു കാര്യമിതാണ്, ഒരുവൻ യേശുക്രിസ്തുവിൽ വിദൂരസ്ഥനായിരിക്കുകയും എന്നാൽ ഇപ്പോൾ ക്രിസ്തുവിന്റെ രക്തത്താൽ വിജാതിയരും സ്വജാതിയരും ഒരുപോലെ രക്ഷ കണ്ടെത്തുകയും ചെയ്തിരിക്കുന്നതിനാൽ ഒരിക്കൽ അറിവില്ലായ്മ കൊണ്ട് കർത്താവിന് വിദൂരസ്ഥരായിരുന്ന പരിച്ഛേദിതരും അപരിച്ഛേദിതരും ഒരുപോലെ സമീപസ്ഥരും രക്ഷിക്കപ്പെട്ടവരുമായിരിക്കുന്നു. നമ്മുടെ ആത്മീയ ജീവിതത്തിൽ പൗലോസിന്റെ ഭാഷയിലുള്ള ഒരു വിദൂരസ്ഥ മനോഭാവം കൈവെടിയുകയും കർത്താവിന്റെ ജീവിതശൈലിയോട് ഇണങ്ങിച്ചേരുന്ന ഒരു സമീപസ്ഥ മനോഭാവം ഉയർത്തിപ്പിടിക്കുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.



BETHANY PUBLICATIONS
www.malankaralibrary.com



# ജീവിതവും മരണവും

എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ് (ഫിലി. 1:21) എന്ന് പറഞ്ഞു വയ്ക്കത്തക്ക ദൈവവിശ്വാസമായിരുന്നു വിശുദ്ധ പൗലോസിന്റേത്. ജീവിതം ക്രിസ്തു വാക്കി മാറ്റുകയായിരുന്നു പൗലോസ്. ഇതിനെ വിവിധ തരത്തിൽ മനസ്സിലാക്കാം. തന്റെ ജീവിതം കൊണ്ട് താൻ മറ്റൊരു ക്രിസ്തു ആയിരിക്കുന്നു; തന്റെ ജീവിതവും ക്രിസ്തുവിന്റെ ജീവിതവും ഒന്നായിരിക്കുന്നു; തന്നിലൂടെ ക്രിസ്തു ജീവിക്കുന്നു; തന്റെ ജീവിതം ക്രിസ്തുവിനു വേണ്ടി ഒഴിഞ്ഞു വയ്ക്കപ്പെട്ടിരിക്കുന്നു. ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്ന് പറഞ്ഞ പൗലോസ് തന്റെ ജീവിതം ഒന്നാകെ പരിശോധിച്ചപ്പോൾ അദ്ദേഹത്തിനു ലഭിച്ച വിജ്ഞാനമാണ് എനിക്ക് ജീവിതം ക്രിസ്തുവാണ് എന്നത്. ഇനിയും തന്റെ ഈ ക്രിസ്തു ജീവിതം മരണത്തോടുകൂടി അവസാനിക്കുന്നുണ്ടോ ഇല്ല, അദ്ദേഹം പറയുന്നു; ക്രിസ്തു ബന്ധത്തിൽ നിന്ന് മരണത്തിന് എന്നെ അകറ്റാൻ സാധിക്കുകയില്ല. കാരണം മരണത്തോടെ താൻ പൂർണ്ണമായി കർത്താവിൽ വിലയം പ്രാപിക്കുമ്പോൾ അത് ജീവിതത്തേക്കാൾ വലിയ ഒരു നേട്ടമായി മാറുകയാണ്. എന്തെന്നാൽ താൻ ജീവിച്ചത് മുഴുവൻ ഈ ക്രിസ്തു സംഗമം ലക്ഷ്യം വെച്ചു കൊണ്ടായിരുന്നു. ആയതിനാൽ മരണം ഒരു നഷ്ടമോ കോട്ടമോ അല്ല; മരണം തനിക്ക് ഒരു നേട്ടം തന്നെയാണ്. തുടർന്ന് പൗലോസ് സമ്മതിക്കുന്നു, തന്റെ ഈ ക്രിസ്തു ജീവിതവും മരണത്തിലെ നേട്ടവും തന്റേതോ തനിക്ക് വേണ്ടിയോ അല്ല, പിന്നെയോ എല്ലാം ക്രിസ്തു മഹത്വത്തിനു വേണ്ടി മാത്രം. ഒരുപക്ഷേ ക്രിസ്തുവിനെ തിരിച്ചറിയാത്ത, ക്രിസ്തുവിനെ ബഹുമാനിക്കാത്ത ഒരു ജനതതിയുടെ മുമ്പിൽ പൗലോസായ ക്രിസ്തു ഭക്തൻ അന്നും ഇന്നും നിലനിൽക്കുകയാണ് ക്രിസ്തുശിഷ്യരായ നമുക്ക് ഒരു ഉത്തമ മാതൃകയായി. നമ്മുടെ ജീവിത ദൗത്യവും ലക്ഷ്യവും ക്രിസ്തുമഹത്വമാണോ എന്ന് ചിന്തിക്കാൻ ഒരവസരം.



BETHANY PUBLICATIONS
www.malankaralibrary.com


# കൂടുതൽ ശ്രേഷ്ഠം

ഒരിക്കൽ കർത്താവ് പൗലോസിനോട് ചോദിച്ചു, 'ഏതാണ് നിനക്കിഷ്ടം, മരിച്ച് എന്നോടുകൂടെ ആയിരിക്കുന്നതോ, ഭൂമിയിൽ തുടർന്ന് ജീവിക്കുന്നതോ' പൗലോസ് പറഞ്ഞു, 'എന്റെ ആഗ്രഹം മരിച്ച് നിന്നോടുകൂടെ ആയിരിക്കുന്നതാണ്'. 'കാരണം' അവിടുന്ന് ചോദിച്ചു. പൗലോസിന്റെ മറുപടി 'അതാണ് കൂടുതൽ ശ്രേഷ്ഠം'. പൗലോസിന് ദീർഘനാൾ ജീവിച്ചിരുന്നത് തന്റെ പ്രേക്ഷിത പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള താല്പര്യമില്ലാഞ്ഞിട്ടല്ല, അതിനേക്കാൾ ശ്രേഷ്ഠമായി അദ്ദേഹം കണ്ടത്, കർത്താവിനോട് കൂടെ ആയിരിക്കുന്നതാണ്. ഒരു ക്രിസ്ത്യാനിയുടെ പ്രത്യേകിച്ച് ഒരു സമർപ്പിത പ്രേക്ഷകന്റെ ജീവിത സായൂജ്യമെന്നത്, ജീവിത കാലം മുഴുവൻ പ്രേക്ഷിത പ്രവർത്തനങ്ങളിൽ ആമഗ്നനാകുക എന്നുള്ളതല്ല; ഒരു പരിധി എത്തുമ്പോൾ എല്ലാം ഉപേക്ഷിച്ച് ഇനിയും അവനോടു കൂടെ ആയിരിക്കുക എന്നുള്ളതാണെന്നുള്ള തിരിച്ചറിവാണ്. ഇവിടെ അൽപസ്വൽപം സ്വാർത്ഥതയ്ക്ക് സാദ്ധ്യത ഉണ്ടെന്നു തോന്നുന്നു. കർത്താവിന്റെ മുമ്പിൽ മറ്റുള്ളവരുടെ ആത്മരക്ഷ എന്നതു പോലെ തന്നെ പ്രാധാന്യമുള്ളതാണ് അവരവരുടെ ആത്മരക്ഷയും. ഒരുവന്റെ ആത്മരക്ഷ അവതാളത്തിലും അപകടത്തിലുമാക്കിയിട്ട് അപരന്റെ ആത്മരക്ഷയും സാമൂഹിക രക്ഷയും ഉന്നംവെച്ച് ജീവിതം ജീവിച്ചു തീർക്കുന്നത് ബുദ്ധിയല്ല. ദൈവത്തെ അനുസരിക്കുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുന്നവൻ സ്വന്തം ജീവിതത്തിൽ അത് കാണിച്ചു കൊടുക്കണം. എന്റെ ഇഷ്ടമല്ല, പിതാവേ നിന്റെ ഇഷ്ടം നിറവേറട്ടെ എന്ന് പ്രാർത്ഥിച്ചവനെയാണ് നാം പ്രസംഗിക്കുന്നതും പ്രതിനിധീകരിക്കുന്നതും. എല്ലാം ചെയ്തിട്ട് മാറി നിന്ന് പറയണം, 'ഇതാ നിന്റെ ദാസൻ, കൽപിക്കപ്പെട്ടതേ ചെയ്തിട്ടുള്ളൂ. ഇനിയും എന്റെ യോഗ്യത മരിച്ചും അതിനു മുമ്പും നിന്നോടുകൂടെ ആയിരിക്കുന്നതാണ്.



BETHANY PUBLICATIONS
www.malankaralibrary.com



# പൗലോസിന്റെ വിലാപം

പൗലോസ് ഒരിക്കൽ ഇങ്ങനെ വിലപിക്കുന്നത് കേട്ടു. 'എല്ലാവരും അന്വേഷിക്കുന്നത് സ്വന്തം കാര്യമാണ്, യേശുക്രിസ്തുവിന്റെ കാര്യമല്ല' (ഫിലിപ്പി 2:21) ഇത് കേട്ട് ഞാൻ പൗലോസിനോട് ചോദിച്ചു, അങ്ങും സ്വന്തം കാര്യങ്ങളല്ലേ അന്വേഷിക്കുന്നത്. അദ്ദേഹം പറഞ്ഞു, ഞാൻ ആദ്യം അന്വേഷിക്കുന്നത് ക്രിസ്തുവിന്റെ കാര്യങ്ങളാണ്. ഞാൻ അവിടത്തെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുമ്പോൾ അവിടുന്ന് തന്നെ എന്റെ വളരെ വ്യക്തിപരമായ, സ്വന്തം കാര്യം എന്ന് പറയാവുന്നവയൊക്കെ അന്വേഷിച്ചു കൊള്ളും. അതാണ് എന്റെ അനുഭവം. ഗുരു തന്നെ പറഞ്ഞിട്ടുണ്ടല്ലോ, 'നിങ്ങൾ ആദ്യം ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക, ബാക്കി എല്ലാം കൂട്ടി നിങ്ങൾക്ക് നൽകപ്പെടും'. ഞാൻ തിരിഞ്ഞ് ക്രിസ്തുനാഥനോട് ചോദിച്ചു, 'എന്തൊക്കെയാണ് നിന്റെ കാര്യങ്ങൾ എന്നു പറയുന്ന ഈ കാര്യങ്ങൾ? നിന്നെ ആശ്വസിപ്പിക്കാൻ ഞാൻ നിന്റെ കാര്യങ്ങൾ അന്വേഷിക്കാൻ പോവുകയാണ്. യേശു മറുപടി പറഞ്ഞു, 'നിങ്ങൾ മണ്ടന്മാർ, എനിക്ക് ഇപ്പോൾ സ്വന്തം കാര്യങ്ങൾ എന്ന് പറയുന്ന ഒരു കാര്യവുമില്ല. എനിക്ക് വ്യക്തിപരമായി ഭക്ഷണം വേണ്ട, വസ്ത്രം വേണ്ട, പാർപ്പിടവും വേണ്ട. ആരും എന്നെ പുകഴ്ത്തി വലിയവനാക്കണ്ട. ഇനിയും എനിക്ക് വേദനയും സഹനവുമില്ലാത്തതിനാൽ ആരും സാന്ത്വനപ്പെടുത്താനും വരണ്ട. ഞാൻ പറഞ്ഞു 'പിന്നെ നിന്റെ കാര്യത്തിൽ ആരും ശ്രദ്ധിക്കുന്നില്ലെന്ന് പരിതപിക്കുന്നതെന്തിനാണ് 'ഞാൻ ഈ പറഞ്ഞതൊക്കെ ആവശ്യമായിരിക്കുന്നവർ നിന്റെ ചുറ്റുമുണ്ട്. അവരെ പരിഗണിക്കാതിരിക്കുമ്പോൾ, അവരുടെ കാര്യത്തിൽ നിങ്ങൾ ശ്രദ്ധിക്കാതിരിക്കുമ്പോൾ എന്റെ കാര്യത്തിൽ തന്നെയാണ് അശ്രദ്ധ കാണിക്കുന്നത്'. പൗലോസിന്റെ വിലാപത്തിൽ കഴമ്പുണ്ടെന്ന് മനസ്സിലാക്കി ഞാൻ അവിടുത്തെ മുഖത്തു നോക്കി പറഞ്ഞു, 'സോറി....ട്ടോ...'



# മുന്നേറ്റം

വിശുദ്ധ പൗലോസ് ഒരിക്കൽ പറഞ്ഞു, 'ഒരു കാര്യം ഞാൻ ചെയ്യുന്നു; എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട് മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു' (ഫിലിപ്പി 3:13). യേശുക്രിസ്തു പൗലോസിനെയും പൗലോസ് ക്രിസ്തുവിനെയും സ്വന്തമാക്കുന്നതാണ് ഇവിടെ പ്രതിപാദ്യം. യേശു പൗലോസിനെ സ്വന്തമാക്കിയെന്ന് അദ്ദേഹത്തിനറിയാം. അതുകൊണ്ടാണ് യേശുക്രിസ്തുവിന് പൗലോസിലൂടെ ഇത്രമാത്രം വലിയ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുന്നത്. വെറും സാവുൾ ആയിരുന്ന ഒരു മനുഷ്യനെ പൗലോസ് ആക്കി സുവിശേഷത്തിന്റെ പൊരുൾ ഇത്രമാത്രം വ്യക്തമാക്കി കൊടുത്ത്, അത് സ്വജാതിയർക്കും വിജാതിയർക്കും പകർന്നു കൊടുത്ത് ദൈവരാജ്യത്തിന്റെ അതിർത്തി ഇത്രമാത്രം വിശാലമാക്കാൻ സാധിച്ചതെല്ലാം യേശുക്രിസ്തു പൗലോസിനെ സ്നേഹിക്കുന്നതു കൊണ്ടും തന്നെ സ്വന്തമാക്കിയതു കൊണ്ടുമാണ്. പൗലോസിനറിയാം, ക്രിസ്തു തന്നെ സ്വന്തമാക്കിയതുപോലെ താനും അവിടുത്തെ സ്വന്തമാക്കണമെന്ന്. പക്ഷേ തന്റെ ഈ ജീവിത വ്യഗ്രതയിൽ തനിക്ക് അത് ഇതുവരെ പൂർണ്ണ മായി സാധിച്ചിട്ടില്ലയെന്നും പൗലോസിനറിയാം. കാരണം തന്റെ ധൃതി പിടിച്ച, കലുഷിതമായ പ്രേക്ഷിത ജീവിത ശൈലിയിൽ താൻ പ്രസംഗിക്കുന്ന ഗുരുവിനെപ്പോലെ ജീവിതത്തിൽ ഇടയ്ക്കിടെ മല കയറുന്നതിനും സുവിശേഷത്തിലെ ബഥനി മറിയത്തെ പോലെ അവന്റെ ചാരെ അൽപ നേരമൊന്നിരിക്കുന്നതിനും പൗലോസിന് ഒരുപക്ഷേ സാധിച്ചിട്ടില്ലായിരിക്കും. അത് ഒരു പോരായ്മയായി കരുതി സ്വയം വെറു ക്കാതെ കർത്താവിൽ ധൈര്യം പ്രാപിച്ച് അദ്ദേഹം മുന്നോട്ട് ഓടുകയാണ്. നമ്മൾ പ്രേക്ഷിതർക്ക് വേണ്ട ഒരു പ്രത്യേക ഗുണമാണിത്.



BETHANY PUBLICATIONS
www.malankaralibrary.com



# ശക്തനാക്കുന്നവൻ

'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും' (ഫിലിപ്പി. 4:13) ഇത് ഒരു ആത്മീയന്റെ ഭക്തിയുടെ ഭംഗി വാക്കുകളല്ല; ഇതാണ് സത്യം. മനുഷ്യൻ, അവൻ അറിഞ്ഞോ അറിയാതെയോ അവന്റെ ബുദ്ധിയിലും ശക്തിയിലും അഹങ്കരിക്കുന്നു. ആരോഗ്യമുള്ള ഒരു ശക്തൻ വിചാരിക്കുന്നു, മുന്നിൽ കാണുന്ന ഒരു മലയെ എടുത്ത് മറ്റൊരിടത്ത് കൊണ്ട് വയ്ക്കാമെന്ന്. പുലിമുരുകനും പുലിയോട് ദ്വന്ദയുദ്ധം ചെയ്തത് ഈ വിശ്വാസത്തിലാണ്. എനിക്ക് എല്ലാം ചെയ്യാൻ കഴിയും. ഒരു പരിധിവരെ ഈ ചിന്ത മനുഷ്യന്റെ ആത്മബലത്തെ വർദ്ധിപ്പിക്കും. എന്നാൽ അവൻ മനസ്സിലാക്കുന്നില്ല, അവന്റെ ശാരീരിക മാനസിക ബലത്തിനു പിറകിൽ ദൈവത്തിന്റെ ഒരു ബലിഷ്ഠകരം താങ്ങായി നിൽക്കുന്നുവെന്ന്. അത് മനസ്സിലാകണമെങ്കിൽ ദൈവം തന്റെ സംരക്ഷണ കരം ഒരു നിമിഷം പിൻവലിച്ചാൽ മതി. ഡ്രൈവിംഗ് എക്സ്പോർട്സ് അടുത്ത നിമിഷം കൊക്കയിൽ കിടന്ന് കൈകാലടിക്കുന്നത് കണ്ടിട്ടില്ലേ മണിക്കൂറുകൾ നീണ്ടു നിന്ന വാഗ്ധോരണിയ്ക്ക് വിരാമമിട്ട് അടുത്ത നിമിഷത്തിൽ നിലംപരിശായി കിടക്കുന്ന പ്രസംഗകരെ കണ്ടിട്ടില്ലേ ഉയർന്നു നിന്ന മോശയുടെ കൈകൾ പോലെ ദൈവ ത്തിന്റെ കരം ഉയർന്നു നിന്നെങ്കിലെ നമ്മുടെ കരചരണങ്ങൾ പ്രവർത്തന ക്ഷമമാകുകയുള്ളൂ. നാഡീഞരമ്പുകൾക്ക് ശക്തി ലഭിക്കുകയുള്ളൂ. ഈ അവബോധം സ്വന്തം അനുഭവമാകും വരെ മനുഷ്യൻ ഈ ലോകത്തിൽ അതിവേഗം ചരിച്ചു കൊണ്ടിരിക്കും. മനുഷ്യൻ കർമയോഗിയായിരിക്കണം. പക്ഷേ അത് സൃഷ്ടാവായ ദൈവത്തിന്റെ പക്കൽ നിന്ന് നിർഗളിക്കുന്ന അനന്തശക്തിയാലാണെന്ന് സമ്മതിക്കണം. വിശുദ്ധ പൗലോസ് ഈ ഏറ്റുപറച്ചിലിലൂടെയാണ് ദൈവശക്തി സംഭരിച്ചത്. നമുക്കും മറ്റു മാർഗ്ഗമില്ല.



www.malankaralibrary.com


# പ്രതികാരം

പ്രതികാരം മനുഷ്യന് ചേർന്നതല്ല. നീതി പൂർവ്വം പ്രതികാരം ചെയ്യാൻ മനുഷ്യനെക്കൊണ്ട് ആവുകയുമില്ല. മനുഷ്യൻ മനുഷ്യനെതിരായി ചെയ്യുന്ന പ്രതികാരം നീതിപൂർവം ആയിരിക്കില്ല എന്ന് മാത്രമല്ല. സ്വാർത്ഥപരവും അന്യായവും ആയിരിക്കാം. ആയതിനാൽ പ്രതികാരത്തിന് പ്രതി പ്രതികാരമുണ്ടായേക്കാം. അങ്ങനെ പ്രതികാരങ്ങളുടെയും പ്രതി പ്രതികാരങ്ങളുടെയും ലോകത്തിൽ ഒരിക്കലും സമാധാനം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടാണ് യേശു തമ്പുരാൻ ഒരിക്കൽ പറഞ്ഞത്, 'പ്രതികാരം നിങ്ങൾ ചെയ്യരുത്, അത് ദൈവകോപത്തിന് വിട്ടുകൊടുക്കുക'. അപ്പോൾ പ്രതികാരം ചെയ്യാൻ ദൈവത്തിന് മാത്രമേ ലൈസൻസ് ഉള്ളൂ. കാരണം ദൈവനീതി എന്നൊരു കാര്യമുണ്ട്. ദൈവം നീതിമാനാണ്. അവൻ നീതി സ്വർഗ്ഗത്തിലും ഭൂമിയിലും നടപ്പാക്കുന്നവനാണ്. കൈക്കൂലി വാങ്ങാത്ത ന്യായാധിപൻ ദൈവം മാത്രമാണ്. മനുഷ്യൻ മനുഷ്യനോട് അനീതി പ്രവർത്തിച്ചാൽ ഒരു അസന്തുലിതാവസ്ഥ സൃഷ്ടിക്കപ്പെടുന്നു. അത് വീണ്ടും പൂർവ്വസ്ഥിതി പ്രാപിക്കാൻ എത്രമാത്രം നീതി നടപ്പാക്കണമെന്നും അനീതി പ്രവർത്തിച്ചവനോട് എത്രമാത്രം പ്രതികാരം ചെയ്യണമെന്നും ദൈവത്തിനു മാത്രമേ അളന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കൂ. മനുഷ്യന് അത് അസാധ്യമാണ്. മനുഷ്യനെക്കാൾ ഒരുപടി ഉയർന്നുനിൽക്കുന്ന ശക്തിയ്ക്കു മാത്രമേ പ്രതികാരം ചെയ്യാനുള്ള അവകാശമുള്ളൂ. വിശുദ്ധ പൗലോസും ഈ സത്യം വെളിപ്പെടുത്തുന്നു. 'അപ്പോൾ അവൻ (രണ്ടാം വരവിലെ ക്രിസ്തു) ദൈവത്തെക്കുറിച്ച് അജ്ഞത പുലർത്തുന്നവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും എതിരായി പ്രതികാരം ചെയ്യും' (2 തെസ. 1:18).



BETHANY PUBLICATIONS
www.malankaralibrary.com


# 'സോളാ സ്ക്രിപ്ത്തുരാ'

"Sola scriptura" (only Bible) ആയിരുന്നു പ്രോട്ടസ്റ്റന്റിസത്തിന്റെ പ്രധാന വാദഗതി, ബൈബിൾ മാത്രം. സഭ ബൈബിളിൽ നിന്നുമാണ്; ബൈബിളിലുള്ളത് മാത്രമേ സഭയിൽ അംഗീകരിക്കുകയുള്ളൂ എന്ന വാദം. എന്നാൽ കത്തോലിക്കർ വാദിച്ചു; ബൈബിൾ മാത്രം പോരാ, പാരമ്പര്യം കൂടി കണക്കിലെടുക്കണം. പ്രോട്ടസ്റ്റന്റുകാർ അടിസ്ഥാനപരമായി ഇതിനോട് വിയോജിച്ചു. എന്നാൽ വിശുദ്ധ ഗ്രന്ഥത്തെ സംബന്ധിച്ച് ചില നിർണായക ചോദ്യങ്ങളുടെ മുൻപിൽ സോളാ സ്ക്രിപ്ത്തുരാകാർക്ക് മുട്ടു മടക്കേണ്ടി വന്നു. അതായത് പഴയ നിയമവും പുതിയ നിയമവും അടങ്ങിയ ഈ ഗ്രന്ഥ സമാഹാരം പൂർണ്ണമായും വിരചിതമായത് ആയിരത്തിലേറെ വർഷങ്ങൾ കൊണ്ടാണ് (1200 BC- 100 AD). പുതിയ നിയമം മാത്രം എഴുതപ്പെടാൻ ഒരു നൂറ്റാണ്ടു വേണ്ടിവന്നു. അപ്പോൾ ന്യായമായ ചോദ്യം; നൂറുവർഷം ക്രിസ്തുവിന്റെ സഭ എവിടെയായിരുന്നു സഭയുടെ ആധാരം പുതിയ നിയമം മാത്രമാണെങ്കിൽ സഭ നൂറു വർഷങ്ങൾക്കുശേഷമായിരിക്കണമല്ലോ സൃഷ്ടിക്കപ്പെടുന്നത്. അത് എത്രയായാലും ശരിയല്ല. അപ്പോൾ സഭ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെടുകയും ശ്ലീഹന്മാരിലൂടെയും അവർ പ്രതിനിധീകരിച്ച വിവിധ പാരമ്പര്യങ്ങളിലൂടെയുമാണ് നിലനിന്നത്. ദൈവവചനം ആദ്യം വാചിക പാരമ്പര്യങ്ങളായി സഭയിൽ പരിരക്ഷിക്കപ്പെട്ടു പോന്നു. അതുകൊണ്ടാണ് അപ്പോസ്തോലന്മാരും പ്രത്യേകിച്ച് പൗലോസും ലോകത്തിന്റെ വിവിധ കോണുകളിൽ പ്രേക്ഷിത യാത്രകൾ നടത്തി സുവിശേഷം പ്രസംഗിച്ചത്. പൗലോസ് സഭകളിൽ എഴുതപ്പെട്ട ബൈബിൾ വിതരണം ചെയ്തതായി എങ്ങും പറയുന്നില്ല. പൗലോസ് അവരോട് നിഷ്കർഷിച്ചു; 'സഹോദരരേ, ഞങ്ങൾ വചനം മുഖേനയോ കത്ത് മുഖേനയോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും അവയിൽ ഉറച്ചു നിൽക്കുകയും ചെയ്യുവിൻ' (2 തെസ. 2:15).



BETHANY PUBLICATIONS
www.malankaralibrary.com


# സംതൃപ്തി

ചില മനുഷ്യർ അങ്ങനെയാണ്; ജീവിതത്തിൽ ഒരു സംതൃപ്തിയുമില്ല. അവർ കഴിക്കുന്ന ഭക്ഷണത്തിലും ധരിക്കുന്ന വസ്ത്രത്തിലും സഞ്ചരിക്കുന്ന വാഹനത്തെ കുറിച്ചും ഉപയോഗിക്കുന്ന സാധനങ്ങളെ കുറിച്ചും, എന്തിന് രാവിലെ പല്ലുതേക്കുന്ന ടൂത്ത്ബ്രഷിനെക്കുറിച്ച് പോലും അവർക്ക് പരാതിയാണ്. ഒന്നും ശരിയല്ല; ആരും ശരിയല്ല; എല്ലാം മോശം, എല്ലാവരും മോശം; ഒന്നിലും ആരിലും സംതൃപ്തി കണ്ടെത്താൻ സാധിക്കുന്നില്ല. ഒരുപക്ഷേ ദൈവത്തിന്റെ പൂർണത എല്ലാറ്റിലും കാണണമെന്നുള്ള വാശിയിൽ നിന്നുത്ഭുതമാകുന്നതാകാം ഈ അസംതൃപ്തി. എന്നാൽ ഈ ലോകത്തിലുള്ളതും ലോകത്തുള്ളവരും ദൈവത്തോളം പൂർണ്ണരല്ല എന്ന സത്യം ഇവർ വിസ്മരിച്ചിട്ടുണ്ടാവും. നമ്മളെല്ലാം പൂർണ്ണരായിരുന്നെങ്കിൽ 'പിതാവായ ദൈവം പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ' എന്ന് ക്രിസ്തുനാഥൻ നമ്മെ ഉപദേശിക്കേണ്ടിയിരുന്നില്ല. We are in pursuit of perfection. എന്നാണ് പറയാറുള്ളത്. അപ്പോൾ നമ്മുടെ അസംതൃപ്തിയുടെ കാരണം നമ്മുടെ കയ്യിലിരിപ്പ് തന്നെയാവണം. എനിക്ക് കുറവുണ്ടെങ്കിലും മറ്റുള്ളവർക്ക് കുറവുണ്ടാകാൻ പാടില്ല; പല കാര്യങ്ങളും മറ്റുള്ളവർക്ക് കുറച്ചേ ഉള്ളുവെങ്കിലും ഒരു കാര്യത്തിലും എനിക്ക് കുറവുണ്ടാകാൻ പാടില്ല. എന്റെ കാര്യങ്ങളെല്ലാം റ്റോപ്പ് ആയിരിക്കണം. ഈ കൂട്ടർ വിശുദ്ധ പൗലോസിന് ഒരു നിമിഷം ചെവികൊടുത്തിരുന്നെങ്കിൽ, 'ഏതു സാഹചര്യത്തിലും തൃപ്തിയോടെ കഴിയാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ന്ന നിലയിൽ ജീവിക്കാൻ എനിക്കറിയാം. സമൃദ്ധിയിൽ ജീവിക്കാനും ഏത് സാഹചര്യത്തിലും കഴിയാനും എനിക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. അതേ, സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും സമൃദ്ധിയും ദാരിദ്ര്യത്തിലുമെല്ലാം' (ഫിലിപ്പി. 4:11-12).



BETHANY PUBLICATIONS
www.malankaralibrary.com



# ക്രിസ്തുവിന്റെ പരിച്ഛേദനം

വിശുദ്ധ പൗലോസ് ശ്ലീഹ ക്രിസ്തുവിന്റെ പരിച്ഛേദനത്തെക്കുറിച്ച് ഒരിക്കൽ പരാമർശി ക്കുകയുണ്ടായി (കൊളോ. 2:11). യേശുക്രിസ്തു യഹൂദ പാരമ്പര്യമനുസരിച്ച് പരിച്ഛേദനം സ്വീകരിച്ചവനാണ്. അതുപോലെ തന്നെ അപ്പോസ്തോലന്മാരും ആദിമ യഹൂദ ക്രിസ്ത്യാനികളും. എന്നാൽ വിജാതിയ ക്രൈസ്തവർ അപരിച്ഛേദിതരായിരുന്നെന്നും അതിനെച്ചൊല്ലി ആദിമ ക്രൈസ്തവരുടെയിടയിൽ അഭിപ്രായഭിന്നത ഉണ്ടായിരുന്നെന്നും നമുക്കറിയാം. എന്നാൽ പരിച്ഛേദനം യഹൂദ മതത്തിലേക്കുള്ള ഒരു ഉപനയനം മാത്രമായിരുന്നു. ക്രൈസ്തവനാകാൻ ആദ്യം യഹൂദനാകണം എന്ന് പറയുന്നത് ദൈവഹിതമല്ല എന്ന് സഭയെ പഠിപ്പിച്ചത് വിശുദ്ധ പൗലോസ്സാണ്. എന്നാൽ അദ്ദേഹം തന്നെ പഠിപ്പിച്ചു, ഓരോ ക്രൈസ്തവനും യേശുക്രിസ്തുവിൽ പരിച്ഛേദനം സ്വീകരിച്ചിരിക്കുന്നുവെന്ന്. അദ്ദേഹം വ്യക്തമാക്കുന്നു, കൈകളാൽ നിർവ്വഹിക്കപ്പെടുന്ന പരിച്ഛേദനമല്ല; പിന്നെയോ നമ്മൾ സ്വീകരിച്ചിരിക്കുന്നത് ശരീരത്തിന്റെ അധമ വാസനകളെ നിർമാർജനം ചെയ്യുന്ന ക്രിസ്തുവിന്റെ പരിച്ഛേദനമാണ്. ക്രൈസ്തവൻ അവന്റെ മാമോദീസയോടുകൂടി ഹൃദയത്തിൽ ഒരു പരിച്ഛേദനം സ്വീകരിക്കുകയാണ്. 'സാത്താനെ നിന്നെയും നിന്റെ സൈന്യങ്ങളെയും ഞാൻ ഉപേക്ഷിക്കുന്നു എന്ന് മാമോദീസ സ്വീകരിക്കുന്നയാൾ പറയുമ്പോൾ ഈ പരിച്ഛേദനം നടക്കുകയാണ്. സാത്താനെയും അവനു ചേർന്ന സകല സ്വഭാവങ്ങളെയും ഉപേക്ഷിച്ച് ദൈവത്തെയും ദൈവിക സ്വഭാവത്തെയും സ്വായത്തമാക്കുന്ന പ്രക്രിയയാണ് ക്രിസ്തുവിലുള്ള പരിച്ഛേദനം കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ സ്വഭാവശൈലി ക്രിസ്തുവിന് ചേർന്നതാകുമ്പോൾ നാം അവിടുത്തോടുകൂടി ആത്മാവിൽ പരിച്ഛേദിതരാകുന്നു.



# ഒരു ക്ലോക്കിന്റെ പരാതി

ഒരു ദിവസം ഞാൻ ടൗണിലെ ക്ലോക്ക് ടവറിനു കീഴിൽ ഒരു നിമിഷം നിന്ന് മുകളിലേക്ക് നോക്കി. ആ നോട്ടം അല്പനേരം നീണ്ടുപോയി. സമയം നോക്കാൻ അത്രയും സമയം വേണ്ടല്ലോ എന്ന് മനസ്സിലാക്കിയ ക്ലോക്ക് എന്റെ നേരെ താഴേക്ക് നോക്കി ചോദിച്ചു, 'എന്താ നോക്കി നിൽക്കുന്നത്' ഞാൻ പറഞ്ഞു, 'വെറുതെ'. വെറുതെ തന്നെ ആരും നോക്കി സമയം കളയാറില്ലല്ലൊ. കിട്ടിയ സമയം ക്ലോക്ക് പാഴാക്കിയില്ല. തന്റെ പരാതി കേൾക്കാൻ ഒരാളെ കിട്ടിയ ഉഷാറിൽ ക്ലോക്ക് പറയാൻ തുടങ്ങി, 'ഞാൻ എത്ര കാലമായി ഇവിടെ ഇങ്ങനെ ഒറ്റയ്ക്ക് ക്ലിക്ക് ക്ലിക്ക് വച്ചു കൊണ്ടു ജീവിക്കുന്നു. ഒരു സെക്കൻഡിൽ ഒരു ക്ലിക്ക്, ഒരു മിനിറ്റിൽ 60 ക്ലിക്ക്, ഒരു മണിക്കൂറിൽ 3600 ക്ലിക്ക്. ഇങ്ങനെ ഒരു ഫുൾ ദിവസവും ഒരാഴ്ചയും അങ്ങനെ ഒരു മാസവും ഞാൻ പുറപ്പെടുവിക്കേണ്ട ക്ലിക്കുകൾ കൂട്ടികൊള്ളുക. ഇങ്ങനെ കേടു കൂടാതെ ഞാനിവിടെ ഒരു നൂറ്റാണ്ട് ഇരിക്കേണ്ടി വന്നാൽ ഞാൻ സൃഷ്ടിക്കേണ്ട ക്ലിക്കുകൾ എത്രയായിരിക്കും! ഓർത്താൽ തല പുകയുന്നു. എന്തൊരു ജീവിതഭാരം! ക്ലോക്കിന്റെ പരിദേവനം കേട്ട് ഞാൻ അതിനെ സമാധാനപ്പെടുത്തുവാൻ ഇങ്ങനെ സാന്ത്വന വചനങ്ങൾ മൊഴിഞ്ഞു, 'ശാന്തനായി നീ നിർവഹിച്ചുകൊണ്ടിരിക്കുന്ന നിന്റെ ജീവിത ദൗത്യത്തിൽ ഞങ്ങൾ കൃതാർത്ഥരാണ്. നന്ദിയുണ്ട് കേട്ടോ. നീ സൃഷ്ടിക്കുന്ന ഓരോ ക്ലിക്കുകളും നിന്റെ ജീവിത ഭാഗമാണ്. അത് നിലച്ചാൽ നിന്റെ ജീവിതം തന്നെ നിലച്ചില്ലേ. ക്ലിക്കുകളുടെ എണ്ണം കുറഞ്ഞു പോയാൽ ടവർ ക്ലോക്ക് 'സ്ലോ' ആണ് എന്ന് പറഞ്ഞ് നിന്നെ എല്ലാവരും പഴിക്കില്ലേ. ജീവിതത്തിലെ എണ്ണിയാലൊടുങ്ങാത്ത ക്ലിക്കുകൾ എല്ലാറ്റിനേയും ഒന്നിച്ച് കണക്കു കൂട്ടാതെ ഒരു നിമിഷത്തെ ഒരു ക്ലിക്കിനെ കുറിച്ചു മാത്രം ചിന്തിക്കുക. അപ്പോൾ ജീവിതഭാരം കുറയും. നീ ആനന്ദ ഭരിതനാകും. നമ്മുടെ ജീവിതത്തിന്റേയും ഗതി ഇത് തന്നെയല്ലേ ചിന്തിക്കുക.



BETHANY PUBLICATIONS www.malankaralibrary.com


# അറിവ്

അറിഞ്ഞതെല്ലാം അറിവില്ലായ്മയാണെന്നുള്ളത് അറിയുന്നതാണ് യഥാർത്ഥ അറിവ്. അറിഞ്ഞതും അറിയുന്നതും അറിയാനുള്ളതും അറിഞ്ഞു കഴിഞ്ഞാലും അറിവിന്റെ നിറവ് ആകുന്നില്ല. അറിവിന്റെ ഭരണി എത്ര നിറച്ചാലും നിറയുന്നില്ല. കാരണം അറിവ് പുനർജനിയാണ്. അറിഞ്ഞതെല്ലാം ജല്പനങ്ങളായിരുന്നെന്നും യഥാർത്ഥ അറിവ് കൈയെത്താ ദൂരത്തിനകലെയാണെന്നും അടുക്കുന്തോറും അകലുന്ന മരീചികയാണെന്നുമുള്ള അറിവും അവ്യക്തവും അപൂർണ്ണമാണ്. മനുഷ്യന് അറിവുണ്ടോ അതോ, അറിവുണ്ടെന്ന ഭാവമേയുള്ളോ? അറിയാമെന്നുള്ള ഭാവമേയുള്ളൂ എന്ന അറിവും ഒരു അറിവാണ്. ആയതിനാൽ ഞാനിനി എന്ത് വേണം? അറിയാം എന്നുള്ള ഭാവം വെടിഞ്ഞ് അറിയില്ലല്ലോ എന്ന അറിവ് നേടണം. അറിയില്ലെങ്കിൽ അറിയാനെന്തു വഴി എന്റെ അപൂർണ്ണ അറിവിന്റെ ഭണ്ഡാരം ഞാൻ ശൂന്യമാക്കണം. അവിടം യഥാർത്ഥ അറിവുകൊണ്ട് ഞാൻ നിറയ്ക്കണം. എങ്കിൽ എന്താണ് യഥാർത്ഥ അറിവ് അതെനിക്ക് പൂർണ്ണമായി അറിയില്ലെങ്കിലും അറിവിന്റെ ഉറവിടമായ ദൈവം തന്നെയായിരിക്കാനാണ് സാധ്യത. അതും ഒരറിവല്ലേ. അറിവാണ് എന്ന് തറപ്പിച്ചു പറയാനുള്ള അറിവ് എനിക്കില്ല. ആ അറിവിനെ അറിയാനുള്ള ത്വരയിൽ മനുഷ്യൻ ഇടറി വീഴുന്നു. അറിവില്ലായ്മ അവന്റെ അറിവും ദൈവവുമായി മാറുന്നു. അപ്പോൾ എന്താണ് അറിവ്... അറിയില്ല. എന്താണ് യാഥാർത്ഥ്യം.... അറിയില്ല. അറിവ് ആരാണ്....അറിയില്ല. അറിവുള്ളവൻ ആരാണ്....അറിയില്ല. അറിവില്ലാത്തവൻ ആരാണ്.... അതും അറിയില്ല. ഇതൊന്നും അറിയില്ലെങ്കിൽ അറിയാൻ തുടങ്ങിയെന്നർത്ഥം. ഇല്ല... എനിക്കതുമറിയില്ല!



BETHANY PUBLICATIONS www.malankaralibrary.com



# കൊണ്ടുവരവും കൊണ്ടുപോക്കും

'നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല, ഇവിടെനിന്ന് ഒന്നും കൊണ്ടുപോകാനും നമുക്ക് സാധിക്കുകയില്ല' (തിമോ. 6:7). മനുഷ്യന്റെ പ്രതാപ ജീവിതത്തെ അപലപിക്കുന്നതിനും ലൗകീക ശക്തികളിന്മേലുള്ള സ്വാധീനത്തെ നിസ്സാരവത്കരിക്കുന്നതിനും സുവിശേഷ പ്രസംഗകർ വ്യാപകമായി എടുത്തു പ്രയോഗി ക്കുന്ന ഒരു ദൈവവചനമണ് മേലുദ്ധരിച്ചത്. മനുഷ്യൻ ജനിക്കുന്നത് വെറും കയ്യോടെയാണ്; അവൻ പണമോ സമ്പത്തോ പേരും പെരുമയുമോ ഒന്നും കൂടെ കൊണ്ടു വരുന്നില്ല; ഒരു പക്ഷേ അവന്റെ ജനനത്തോടെ പിതൃസ്വത്തിന് അവകാശിയായിയെന്നിരിക്കാം. നേരത്തെ മാതാപിതാ ക്കൾ നിശ്ചയിച്ചുറപ്പിച്ച ഒരു പേര് ലഭിച്ചെന്നിരിക്കും. പക്ഷേ അവയൊക്കെ നൽകപ്പെടുന്നതാണ്; കൂടെ കൊണ്ടുവരുന്നതല്ല. ഇതുപോലെ ഒരുവൻ ലോകത്തിലെ മുഴുവൻ സ്വർണവും കള്ളക്കടത്തു നടത്തിയാലും ലോകം മുഴുവൻ തീറെഴുതിയെടുത്താലും ഒരു അംബാനിയ്ക്കും അദാനിയ്ക്കും അതിൽ നിന്ന് ഒരിഞ്ച് ചുറ്റളവ് ഭൂമിയോ ഒരു ഗ്രാം സ്വർണമോ കൂടെ കൊണ്ടു പോകാനും സാധിക്കുകയില്ല. സ്വർണ്ണംകൊണ്ട് ശവപ്പെട്ടി ഉണ്ടാക്കിയാലും അത് ഈ മണ്ണിൽ തന്നെ കിടക്കുകയേയുള്ളൂ. ഇവിടെ വരെ പൗലോസ് ശരിയായി പ്രസ്താവിച്ചു. എന്നാൽ നമുക്ക് ഒരു പടി കടന്ന് നോക്കാം. ഒരു കുഞ്ഞ് ജനിക്കുമ്പോൾ ദൈവം നൽകിയ ജീവനും ദൈവത്തിന്റെ മുഖപ്രസന്നതയും ലോകത്തിലേക്ക് കൊണ്ടുവരുന്നില്ലേ അതുപോലെ തന്നെ ചില മനുഷ്യർ ലൗകീകതയിൽ കുളിച്ചു നിൽക്കുമ്പോൾ പാപചെളിക്കുണ്ടിൽ താഴ്ന്നു നിൽക്കുമ്പോൾ ലോകത്തിൽ നിന്ന് തിരികെ പോകേണ്ടി വന്നാൽ പാപത്തിന്റെ ഒരു ഭാണ്ഡം തോളത്ത് പേറി കൊണ്ടല്ലേ പോകുന്ന് അപ്പോൾ പിന്നെ ഒന്നും കൊണ്ടുവരുന്നില്ല, ഒന്നും കൊണ്ടുപോകുന്നില്ല എന്ന് പറയുന്നത് അത്ര ശരിയാണോ ആവോ!



BETHANY PUBLICATIONS
www.malankaralibrary.com


# മരിച്ചുകഴിഞ്ഞവർ

ചില അസഹനീയവും ദുർബലവുമായ നിമിഷത്തിൽ അപ്പൻ മകനോട് ആക്രോശിച്ചെന്നിരിക്കും, 'ഇറങ്ങി പൊയ്ക്കോണം ഇവിടെ നിന്ന്, ഇതുപോലൊരു മകൻ എനിക്കിനിയില്ല, നീ എനിക്ക് മരിച്ചവനാണ്', മകൻ മരിക്കണ മെന്നാഗ്രഹിച്ചു കൊണ്ടല്ല അപ്പനിതു പറയുന്നത്; പിന്നെയോ ബന്ധങ്ങൾ അറ്റു പോകുമ്പോൾ ഉപയോഗിക്കുന്ന ചില പ്രയോഗങ്ങളാണ്. 'ക്രിസ്തുവിനോടൊപ്പം പ്രപഞ്ചത്തിന്റെ മൂലഭൂതങ്ങൾക്ക് നിങ്ങൾ മരിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ ഇനിയും ലോകത്തിന്റേത് എന്ന മട്ടിൽ ജീവിക്കുന്നതെന്തിന്' (കൊളോ. 2:20). പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പഞ്ചഭൂതങ്ങളാണ്; അഗ്നി, ജലം, വായു, ആകാശം, ഭൂമി. ഈ അടിസ്ഥാന മഹാഭൂതങ്ങൾക്ക് നാം മരിച്ചിരിക്കുന്നു എന്നതിനർത്ഥം അവയുമായുള്ള ബന്ധം വിച്ഛേദിച്ചിരിക്കുന്നു എന്നാണ്. അവിടെ ന്യായമായ ഒരു ചോദ്യം ഉയരുന്നു. നാം പ്രപഞ്ചത്തോടുള്ള ബന്ധം വിടുവിച്ചു കഴിഞ്ഞാൽ പിന്നെങ്ങനെ പ്രപഞ്ചത്തിൽ ജീവിക്കാനാകും ഇവിടെ യാണ് പൗലോസ് നമ്മുടെ സഹായത്തിനെത്തുക. അദ്ദേഹം കൂട്ടിച്ചേർക്കുന്നത് ശ്രദ്ധിക്കുക; 'ക്രിസ്തുവിനോടൊപ്പം', ക്രിസ്തു പ്രപഞ്ചത്തിന് മരിച്ചവനായിരുന്നതിനാൽ കുറച്ചുനാൾ ഇവിടെ ജീവിക്കുകയും മരിക്കുകയും വീണ്ടും ജീവിക്കുകയും ചെയ്തു. പ്രപഞ്ചത്തിന് മരിച്ചപ്പോൾ പ്രപഞ്ചശക്തികളെ മറികടന്ന് ഉന്നതമായ മറ്റൊരു തലത്തിലേക്ക് രൂപാന്തരപ്പെട്ടു. നമ്മുടെയും സ്ഥിതി ഇതായിരിക്കണം. മണ്ണും വിണ്ണും വെട്ടിപ്പിടിക്കാതെ കാറ്റും ഊർജ്ജവും വിറ്റ് കാശാക്കി കീശയിലാക്കാതെ മനുഷ്യരെയെല്ലാം ഒരു സന്യാസത്തിന്റെ ശ്രീകോവിൽ പടിപ്പുര കടക്കുവാൻ നമുക്ക് മുന്നേ പോയവൻ നമ്മെ ക്ഷണിക്കുന്നു. ഈ ക്ഷണം സന്യാസിക്ക് മാത്രമല്ല, മനുഷ്യ ജന്മങ്ങൾക്കെല്ലാമുള്ളതാണ്.



# കുറയ്ക്കേണ്ടതും നിറയ്ക്കേണ്ടതും

ഒരു കുപ്പിയിൽ വെള്ളം നിറയ്ക്കുമ്പോൾ അതിലുണ്ടായിരിക്കുന്ന വായു പുറത്തേക്ക് പോകാൻ അനുവദിക്കണം. വായു പുറത്തേക്ക് പോകുന്നില്ലെങ്കിൽ കുപ്പിയിൽ വെള്ളം നിറയ്ക്കുക അസാധ്യമാണ് എന്നത് സാമാന്യ ജ്ഞാനം. അതുപോലെ ചില ദുഷ്കൃത്യങ്ങളും ദുർസ്വഭാവങ്ങളും മാറി പോകണം. വിശുദ്ധ പൗലോസിന്റെ ഭാഷയിൽ ജീവിതയാനപാത്രത്തിൽ നിന്നും ഒഴിവാക്കപ്പെടേണ്ട ഭൗമികത ഇവയൊക്കെയാണ്: അസന്മാർഗ്ഗികത, അശുദ്ധി, മനക്ഷോപം, ദുർവിചാരങ്ങൾ, ദ്രവ്യാസക്തി (കൊളോ 3:5). നമ്മുടെ ഹൃദയമാകുന്ന കുപ്പിയിൽ നിന്ന് പുറത്തുപോകേണ്ട ജഡീക വ്യാപാരങ്ങളെ കുറിച്ച് അദ്ദേഹം മറ്റൊരിടത്ത് പറയുന്നു: അശുദ്ധി, വ്യഭിചാരം, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, ഭിന്നത, മാത്സര്യം, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം, ഈ ദൃശ്യമായ മറ്റ് പ്രവർത്തികളും (ഗലാ. 5:19). ഇവയെല്ലാം ജീവിതത്തിൽ നിന്ന് അകറ്റുമ്പോൾ ഹൃദയമാകുന്ന സ്ഫടിക കുപ്പി ശൂന്യമാകും. ഈ ശൂന്യത നിറയ്ക്കേണ്ടത് എന്തെല്ലാം കൊണ്ടായിരിക്കണമെന്നും പൗലോസ് തന്നെ ഉപദേശിക്കുന്നു: സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം തുടങ്ങിയുള്ള ആത്മാവിന്റെ ഫലങ്ങൾ കൊണ്ട് ഹൃദയത്തെ നിറയ്ക്കുക. മുകളിൽ പറഞ്ഞ ജഡീക പാപങ്ങളിൽ മുഴുകി ജീവിക്കുന്നവർ സ്വർഗ്ഗരാജ്യം കണികാണുകയില്ലെന്നും അദ്ദേഹം നമുക്ക് താക്കീത് നൽകുന്നു. നമ്മുടെ ഹൃദയങ്ങളിൽ അശുദ്ധത കുറയ്ക്കുകയും ശുദ്ധത നിറയ്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ജീവിതത്തിൽ കുറയ്ക്കേണ്ടത് കുറയ്ക്കുകയും നിറക്കേണ്ടത് നിറയ്ക്കുകയും ചെയ്യുന്നവരെയാണ് നാം വിശുദ്ധർ എന്ന് വിളിക്കുന്നത്.



BETHANY PUBLICATIONS
www.malankaralibrary.com


# കഠിനാദ്ധ്വാനം

അധ്വാനത്തിന് ഒരു മാധുര്യമുണ്ട്. കഠിനാധ്വാനത്തിന് ഒരു ദൈവീകതയുമുണ്ട്. കഠിനാധ്വാനി ഒരിക്കലും പരാജയപ്പെടുന്നതായി കാണുന്നില്ല. അധ്വാനം വെറും ശാരീരിക തലത്തിൽ മാത്രം നിൽക്കുന്നെങ്കിൽ കഠിനാധ്വാനം ശാരീരികവും മാനസികവും ബുദ്ധിപരവും ആത്മീയവുമായ ഒരു പ്രക്രിയയാണ്. ചിലപ്പോൾ ശാരീരികാദ്ധ്വാനം പാളി പോകുന്നത് ആത്മീയ അധ്വാനത്തിന്റെ പിൻബലം ഇല്ലാത്തതുകൊണ്ടാണ്. ചിലരുണ്ട് എന്ത് പ്രസ്ഥാനം തുടങ്ങിയാലും പരാജയം; ഒന്നും എങ്ങും കൊണ്ടെത്തിക്കാൻ സാധിക്കുന്നില്ല. അതിനർത്ഥം ശാരീരികാധ്വാനത്തിനൊപ്പം ബൗദ്ധികവും ആത്മീയവുമായ അധ്വാനം ചേർത്തു പിടിക്കുന്നില്ല എന്നതാണ്. അതുകൊണ്ടായിരിക്കാം ആരോ പണ്ട് പറഞ്ഞത്, 'മുട്ടം വെട്ടുന്നവന് മുന്നാഴി അടുക്ക് പറയുന്നവന് അഞ്ഞാഴി' മുന്നാഴി മൂന്നു നാഴിയും അഞ്ഞാഴി അഞ്ചു നാഴിയുമാണെന്ന് അറിയാമല്ലോ. വിറക് മുട്ടം വെട്ടാൻ കായികാധ്വാനം മതി. അതിന്റെ അടുക്ക് നോക്കി, വെട്ടേണ്ടിടത്ത് വെട്ടിയാൽ മുട്ടം എളുപ്പം കീറികിട്ടും. അതിന് ബുദ്ധിശേഷി കൂടെ പ്രയോഗിക്കണം. അതുകൊണ്ടായിരിക്കണം മുട്ടം വെട്ടുന്നവനേക്കാൾ കൂടുതൽ വേതനം അടുക്ക് പറഞ്ഞു കൊടുക്കുന്നവന് നിശ്ചയി ച്ചിരിക്കുന്നത്. അതുകൊണ്ട് മുട്ടം വെട്ടും അടുക്ക് പറച്ചിലും കൂടി ഒരാളിൽ സമ്മേളിച്ചാൽ അയാളുടെ പ്രതിഫലം വലുതായിരിക്കും. അയാൾ ശാരീരിക മാനസിക ബൗദ്ധിക ആത്മീയ കഴിവുകളെല്ലാം ഒരേ പ്രയത്നത്തിൽ കേന്ദ്രീകരിക്കും. അവിടെ വിജയം സുനിശ്ചിതമായിരിക്കും. പ്രതിഫലം വലുതായിരിക്കും. ഇതാണ് കഠിനാധ്വാനത്തിന്റെ പ്രത്യേകത. നമ്മുടെ പ്രയത്നങ്ങൾ വെറും അധ്വാനങ്ങളിൽ ഒതുങ്ങാതെ കഠിനാധ്വാനത്തിൽ കലാശിക്കട്ടെ!



BETHANY PUBLICATIONS www.malankaralibrary.com



# വിയർപ്പും ഭക്ഷണവും

ഓരോരുത്തരും അവനവന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കട്ടെ എന്ന് തിരുവെഴുത്തുണ്ട്. അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ എന്ന് മറ്റൊരു തിരുവെഴുത്ത്. അപ്പോൾ അധ്വാനവും വിയർപ്പും ഭക്ഷണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യൻ ഏത് ജീവിതാന്തസ്സിലായിരുന്നാലും സ്വന്തം കൈകൊണ്ട് അധ്വാനിക്കണമെന്നും അതിൽ നിന്നു കിട്ടുന്ന പ്രതിഫലം കൊണ്ട് വേണം അവന്റെ അന്നം നേടാനെന്നും കൽപ്പിച്ചവൻ ദൈവമാണ്. അതു കൊണ്ട് ഒരു കഠിനാധ്വാനിയ്ക്ക് അന്നം മുട്ടാറില്ല. എന്നാൽ സന്യാസി ദൈവികനായ ഒരു ഫുൾ ടൈം മിഷനറിയ്ക്ക് അന്നം നേടാനുള്ള കായികാധ്വാനത്തിന് എപ്പോൾ സമയം കിട്ടും ഇതിന് ഉത്തരവും ഉത്തമമായ മാതൃകയും പരസ്യ ജീവിതത്തിലെ ക്രിസ്തുവാണ്. അതുവരെ അപ്പന്റെ മരപ്പണിശാലയിലെ സഹായി എന്ന നിലയിൽ തന്റെ ജീവിത സന്താരണത്തിനുള്ള വക കണ്ടെത്തുമായിരുന്നു. തുടർന്നുള്ള മൂന്നു വർഷക്കാലം ഒരു ഫുൾടൈം സ്വർഗ്ഗരാജ്യ പ്രചാരകനായി മാറിയപ്പോൾ തന്റെ ചെലവുകൾ അവിടുത്തെ സ്വർഗ്ഗസ്ഥനായ പിതാവ് തന്നെ നോക്കിക്കൊള്ളും എന്ന് അദ്ദേഹം വിശ്വസിച്ചു. ദൈവരാജ്യ സുവിശേഷവേലയും ഒരു അധ്വാനമായി ദൈവം അംഗീകരിച്ചു എന്ന് സാരം. ഇന്നത്തെ മിഷനറിമാർ ജീവിതസന്താരണത്തിനു മാത്രമുള്ളത് സഭയിൽനിന്ന് സ്വീകരിച്ചാൽ അത് ദൈവീക പദ്ധതിയായി കരുതണം. എന്നാൽ വിശ്വാസികളുടെ അധ്വാനഫലം പലപേര് പറഞ്ഞ് വെട്ടിപ്പിടിച്ച് ദന്ത ഗോപുരങ്ങളും താഴികക്കുടങ്ങളും പണിതിറങ്ങുമ്പോൾ അരമനകളുടെ ഗെയ്റ്റിന്റെ ആനവാതിലിനു മുമ്പിൽ നീതിക്കുവേണ്ടി മുറവിളികൂട്ടി നിൽക്കുന്ന കുഞ്ഞാടുകളെയാണ് കാണുന്നതെങ്കിൽ അവരെ എങ്ങനെ കുറ്റം പറയും? സ്വന്തം കൈകൊണ്ട് അധ്വാനിക്കുന്നവനെ ദൈവവും മനുഷ്യനും ബഹുമാനിക്കും. അവന്റെ അന്നംമുട്ടാൻ ദൈവം അനുവദിക്കില്ല!



BETHANY PUBLICATIONS
www.malankaralibrary.com



# രാപ്പകൽ പ്രാർത്ഥന

വിശുദ്ധ പൗലോസ് ശ്ലീഹ തന്റെയൊരു ആഗ്രഹ നിവർത്തിക്കായി രാപകൽ പ്രാർത്ഥിച്ചു എന്നാണ് പറയുന്നത് (1 തെസ. 3:10). കാര്യം ഇതാണ്. പൗലോസിന് തെസ്സലോനിക്കകാരെ മുഖാമുഖമൊന്ന് കാണണം. അതുവഴി അവരുടെ വിശ്വാസത്തിന്റെ കുറവ് നികത്തുന്നതിനും വേണ്ടിയാണ് പൗലോസ് ഇത്ര തീക്ഷ്ണതയോടെ രാപകൽ പ്രാർത്ഥിക്കുന്നത്. നമുക്ക് തോന്നാം, ഇത്ര നിസ്സാര കാര്യത്തിനുവേണ്ടി ഇത്ര തീവ്രമായി പ്രാർത്ഥിക്കേണ്ടതായിട്ടുണ്ടോ. മനുഷ്യന്റെ നിസ്സഹായതയിലാണ് അവന്റെ പ്രാർത്ഥനയുടെ തീവ്രത കൂടുന്നത്. നമ്മുടെ ചില നിസ്സഹായ സാഹചര്യത്തിൽ മറ്റാരും നമ്മെ സഹായിക്കാനില്ല എന്ന ബോധ്യം വരുമ്പോൾ മനുഷ്യൻ സ്വമേധയ ദൈവത്തിങ്കലേക്ക് തിരിയും. എന്നാൽ ചിലപ്പോൾ അത് അല്പം താമസിച്ചു പോയെന്നിരിക്കും. അതുകൊണ്ട് മനുഷ്യൻ സ്വസഹായത്തിനും പരസഹായത്തിനും വേണ്ടി കാത്തുനിൽക്കാതെ സമയം നഷ്ടമാക്കാതെ നേരിട്ട് ദൈവസഹായം തേടുകയാണ് വേണ്ടത്. ഈ ബോധ്യമുള്ളവനായിരുന്നു വിശുദ്ധ പൗലോസ്. അന്നത്തെ സാഹചര്യത്തിൽ ധാരാളം പ്രതിസന്ധികൾ കടന്ന് വേണമായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം നിവർത്തിക്കാൻ. അതുകൊണ്ട് അദ്ദേഹം തീക്ഷ്ണതയോടെ രാപകൽ പ്രാർത്ഥിക്കാൻ തുടങ്ങി. തീക്ഷ്ണതയോടെ രാപകൽ ഇടതടവില്ലാതെ പ്രാർത്ഥിക്കുന്നവനായിരിക്കണം ഒരു ഉത്തമ ക്രൈസ്തവൻ. പൗലോസ് ഒരു കാര്യത്തിനുവേണ്ടി ഇത്ര തീവ്രമായി പ്രാർത്ഥിച്ചുവെങ്കിൽ നമുക്ക് നമ്മുടെ മുമ്പിൽ എത്രയോ കാര്യങ്ങളാണ് നിരന്തരം പ്രാർത്ഥിക്കാനുള്ളത്. വിഷയങ്ങളുടെ ദൗർലഭ്യമല്ല, നല്ല മനസ്സിന്റെ കുറവാണ് നമ്മുടെ ദൗർബല്യം. പ്രാർത്ഥിക്കാം, നമുക്കും തീക്ഷ്ണമായി, രാപകൽ.



BETHANY PUBLICATIONS
www.malankaralibrary.com


# നോ ഫിഷിംഗ്

ഞാൻ ഈ അടുത്തിടെ ദൈവത്തോട് ചോദിച്ചു, അങ്ങ് കരുണാമയനാണെന്ന് എനിക്കറിയാം. എന്നാലും ഞങ്ങളുടെ അസംഖ്യ പാപങ്ങളും അഗാധ പാതകങ്ങളും ഞങ്ങളോട് ക്ഷമിച്ചു, ഞങ്ങൾക്ക് മാപ്പു നൽകി എന്ന് പറയുന്നത് ശരിക്കും ശരിയാണോ ഈ സുവിശേഷകരെയും പുരോഹിത ശ്രേഷ്ഠരേയും വിശ്വസിക്കാമോ അവിടുന്ന് തിരിഞ്ഞു നിന്ന് എന്നോടായി ചോദിച്ചു. എന്തേ നിനക്കിത്ര സംശയം എന്നിൽ വിശ്വസിക്കുന്നുവോ 'അല്ല ചോദിച്ചെന്നേയുള്ളൂ, അനുനിമിഷം അവിടുത്തെ മുമ്പിൽ പാപപ്പൊറുതിക്കായുള്ള കോടാനുകോടി അപേക്ഷകളല്ലേ വരുന്നത്. അതിന്റെ ബാഹുല്യത്തിൽ എന്റെ പഴയ അപേക്ഷകളൊക്കെ മുങ്ങി പോയോ എന്നൊരു സംശയം'. 'ഇല്ല, അതില്ല എന്റെ തീരു മാനങ്ങൾ ശരവേഗത്തി (അത് പണ്ട്, ഇപ്പോൾ കമ്പ്യൂട്ടർ) ലാണ് നടപ്പാകുന്നത്; ഒന്നും മിസ്സാകുകയില്ല.' എന്നാലും ഈ ഡിലീറ്റായ ഫയലെല്ലാം എവിടെയാണോ അങ്ങ് സൂക്ഷിക്കുന്നത് കടൽ ക്കരയിൽ നിന്ന എന്നോട് അവിടുന്ന് കടലിന്റെ ആഴങ്ങൾ ചൂണ്ടിക്കാട്ടിയിട്ടു പറഞ്ഞു, 'അതാ, അവിടെ, ആഴിയുടെ അത്യഗാധങ്ങളിൽ എറി ഞ്ഞുകളഞ്ഞു'. എന്നിട്ടും എന്നിൽ സംശയം ബാക്കിനിന്നു. ആരെങ്കിലും അത് ചെന്ന് പൊക്കിയെടുക്കുമോ വല്ല മീൻപിടുത്തക്കാരുടെയും വലയിൽ ഉടക്കി ആ ഫയലുകൾ പൊങ്ങി വരുമോ, ആവോ! അല്ല, വെറുതെ ഒരു സംശയം. പറഞ്ഞു നിൽക്കേ എന്റെ ഒരു മാതിരി വർത്തമാനം സഹിക്കാൻ വയ്യെന്ന പോലെ അവിടുന്ന് സ്ഥലം കാലിയാക്കി. ഞാൻ എന്റെ ഡിലീറ്റ് ചെയ്ത പാപങ്ങളുടെ ഫയൽ താഴ്ന്നു കിടക്കുന്ന അത്യഗാധങ്ങളിലേക്ക് മിഴി പായിച്ചു നിൽക്കേ, ദൈവം കയ്യിലൊരു ബോർഡുമായി വീണ്ടും പ്രത്യക്ഷപ്പെട്ടു. അവിടുന്ന് അത് കടൽക്കരയിൽ നാട്ടി. ഞാൻ വായിച്ചു. 'നോ ഫിഷിംഗ്'!



BETHANY PUBLICATIONS
www.malankaralibrary.com


# ദൈവത്തെ അവഗണിക്കുന്നവർ

നമ്മൾ ചിലപ്പോൾ പറയാറുണ്ട്, 'സഹായം ചെയ്തില്ലെങ്കിലും ദ്രോഹിക്കരുത്'. പൗലോസ് ശ്ലീഹ ഒരിക്കൽ പറഞ്ഞു, 'നിങ്ങൾ ദൈവത്തെ അവഗണിക്കരുത്' (1 തെസ. 4:8). എപ്പോഴാണ് നാം ദൈവത്തെ അവഗണിക്കുന്നവരാകുന്നത് എന്ന് അദ്ദേഹം വിശദീകരിക്കുന്നു. മനുഷ്യന്റെ അസന്മാർഗ്ഗിക ജീവിതത്തോട് ദൈവത്തിന് ഒരു കോംപ്രമൈസും ഇല്ല. കാരണം ദൈവം വിശുദ്ധി തന്നെയാണ്. പൗലോസ് പറയുന്നു, നിങ്ങൾ വിശുദ്ധിയിലേയ്ക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്. മനുഷ്യൻ തന്റെ ശരീരത്തെ വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ദൈവജനം അവരുടെ കാമവികാരങ്ങൾക്ക് അടിമകളാകരുത്. ജഡീകാഭിലാഷങ്ങൾക്ക് അസന്മാർഗ്ഗികമായി അടിമപ്പെടുന്നവർ ദൈവത്തിനുള്ളവരല്ല. അവർ ദൈവത്തെ അറിയുന്നവരല്ല. ഇക്കൂട്ടരെയാണ് പൗലോസ് ദൈവത്തെ അവഗണിക്കുന്നവരുടെ കൂട്ടത്തിൽ പെടുത്തിയിരിക്കുന്നത്. ദൈവത്തെ അറിയാത്തവരെ ദൈവം അറിയണമെന്ന് പറയുന്നതിൽ ന്യായമില്ല. ദൈവത്തെ അവഗണിക്കുന്നവരെ ദൈവം പരിഗണിക്കണമെന്ന് പറയുന്നതിലും ന്യായമില്ല. പിന്നെ ദൈവം ദൈവമായതുകൊണ്ട് മനുഷ്യരോട് ന്യായം മാത്രം നോക്കിയല്ല പെരുമാറുന്നത്, ഇത് ദൈവത്തിന്റെ ഒരു ബലഹീനതയായി ആരും ഗണിക്കരുത്. ദൈവം ചിലപ്പോൾ നമ്മോട് കരുണ കാണിക്കു ന്നതിൽ ഒരു മെല്ലെപ്പോക്ക് നയം സ്വീകരിക്കുന്നുവെങ്കിൽ അതിന് ദൈവത്തെ കുറ്റം പറയരുത്. നമ്മുടെ അവകാശം ദൈവത്തിൽ നിന്ന് പിടിച്ചുപറ്റാൻ ശ്രമിക്കുമ്പോൾ നാം ദൈവത്തെ അവഗണിക്കുന്നവരാണോ എന്ന് ഒരു നിമിഷം ചിന്തിക്കണം.



BETHANY PUBLICATIONS
www.malankaralibrary.com


# ബഹുമാന്യർ

ബഹുമാനം പണം കൊടുത്തു വാങ്ങാനുള്ളതല്ല; സ്നേഹം കൊടുത്തു ആർജ്ജിക്കാനുള്ളതാണ്. പണം കൊടുത്ത് നശ്വരമായതും സ്നേഹം കൊണ്ട് അനശ്വര മായതും വാങ്ങാൻ സാധിക്കും. നശ്വരമായത് അഴിഞ്ഞു പോകും; അനശ്വരമായത് നില നിൽക്കും. അനശ്വരവും നിലനിൽക്കു ന്നതുമായ സ്നേഹവും ബഹുമാനവും ആർജിച്ചെടുക്കുവാനുള്ള ടെക്നിക്സ് വിശുദ്ധ പൗലോസ് ശ്ലീഹ ഉപദേശിക്കുന്നു (1 തെസ. 4:10-12). അതിൽ ഒന്നാമതായി പറയുന്നത്, 'സ്നേഹത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുവീൻ' നിങ്ങൾ പരസ്പരം സ്നേഹിക്കുക, ശത്രുക്കളെ സ്നേഹിക്കുക എന്നിങ്ങനെയുള്ള യേശു ക്രിസ്തുവിന്റെ ഉപദേശങ്ങൾക്ക് തുടർച്ചയെന്നോണം, പൗലോസ് പറയുന്നു, സ്നേഹത്തിൽ അഭിവൃദ്ധിപ്പെടുവിൻ. നിങ്ങളുടെ ഇടയിൽ സ്നേഹത്തിന്റെ കുറവ് അൽപമെങ്കിലും ഉണ്ടെങ്കിൽ അത് നികത്തി സ്നേഹത്തിൽ പൂർണ്ണരാകുവിൻ. രണ്ടാമത്തേത്, 'ശാന്ത രായി ജീവിക്കാൻ ഉത്സാഹിക്കുവിൻ'. ഇത് വഴിയായി ശാന്തസ്വഭാവവും സൗമ്യതയും ക്രിസ്ത്യാനിയുടെ മുഖമുദ്രയാണെന്ന് പൗലോസ് അർത്ഥമാക്കുന്നു. മൂന്നാമ ത്തെ ഉപദേശം, 'സ്വന്തം കാര്യങ്ങളിൽ ശ്രദ്ധാലുക്ക ളാകുവിൻ'. നാലാമതായി പറയുന്നു, 'സ്വന്തം കൈകൊണ്ട് അദ്ധ്വാനിക്കുവിൻ'. ചുരുക്കി പ്പറഞ്ഞാൽ സ്നേഹവും ശാന്തസ്വഭാവവും കാര്യ ഗൗരവവും അധ്വാനശീലവുമൊക്കെ യാണ് ഒരുവനെ ബഹുമാന്യനാക്കുന്നത് എന്ന് പൗലോസ് സമർത്ഥിക്കുന്നു. ഇങ്ങനെ അധ്വാനിയായ ഒരു മനുഷ്യന് പരാശ്രയം കുറഞ്ഞിരിക്കും. തൊട്ടതിനും പിടിച്ചതിനു മൊക്കെ മറ്റുള്ളവരെ ആശ്രയിക്കുന്നത് ഒരു മാന്യന് ഭൂഷണമല്ല. ദൈവാശ്രയബോധം മങ്ങുമ്പോഴാണ് പരാശ്രയചിന്ത മുന്തി വരുന്നത്. സ്വഭാവത്തിൽ മനുഷ്യത്വവും ചിന്തയിൽ ദൈവികത്വവും നിഴലിച്ചു നിൽക്കുന്ന വ്യക്തിത്വങ്ങളാണ് ബഹുമാന്യർ.



BETHANY PUBLICATIONS
www.malankaralibrary.com


# ജനകീയ കോടതി

സ്നേഹവും അനുസരണയും കുറയുന്നിടത്താണ് കല്പനയും നിയമങ്ങളും കൂടുന്നത്. ഇസ്രായേൽ ജനം യഹോവയെ നിരാകരിച്ചപ്പോൾ ദൈവം മോശയിലൂടെ അവർക്ക് കല്പനകൾ കൊടുത്തു. മനുഷ്യന്റെ പൂർവ്വിക കാലത്ത് അവന് പഠിപ്പും പത്രാസും കുറവായിരുന്നെങ്കിലും സമൂഹത്തിൽ പരസ്പര ധാരണയും സഹകരണവും ഉണ്ടായിരുന്നു. അവിടെ നിജമായ സിവിൾ കോഡിന്റെ അത്യാവശ്യമില്ലായിരുന്നു. മനുഷ്യനിലെ മനുഷ്യത്വം കുറഞ്ഞപ്പോൾ മൃഗീയത്വം വർദ്ധിച്ചു. മൃഗീയ സ്വഭാവങ്ങൾക്ക് കടിഞ്ഞാണിടാൻ നിയമങ്ങളും ആവിർഭവിച്ചു. അതുകൊണ്ടാണ് പാപം വർദ്ധിച്ചിടത്ത് നിയമങ്ങളും വർദ്ധിച്ചു എന്നു പറയുന്നത്. ഉദാഹരണങ്ങൾ നമുക്ക് ചുറ്റും കാണുന്നില്ലേ. അധികാര മോഹങ്ങളും സാമ്പത്തിക ലാഭങ്ങളും പാരമ്പര്യ പ്രേമങ്ങളും എല്ലാറ്റിലുമുപരി സഹോദര വിദ്വേഷവും അഹങ്കാരത്തിന്റെ ഉൾവിളികളും. അങ്ങനെ സ്വയ അവബോധമില്ലാതെ പാപത്തിന്റെ കൊടുമുടി താണ്ടി നിൽക്കുന്ന ദൈവജനം, പുതിയ ഇസ്രായേൽ, ലൗകായികത്വത്തിന്റെ കാളകുട്ടികളുടെ വിഗ്രഹമുണ്ടാക്കി അതിനു നെയ്യഭിഷേകം നടത്തി ആരാധിക്കുമ്പോൾ, ചുറ്റും നടന്ന് നൃത്തമാടുമ്പോൾ, ഒരു 'നിസ്സഹായനായ' ദൈവത്തെ നാം കാണുന്നു. 'ഇനിയും ഞാൻ ആരെ അയയ്ക്കും ഈ ജനത്തെ രക്ഷിക്കാൻ. ഇല്ല, ഇനിയും അവിടുന്ന് ആരെയും അയക്കില്ല. തന്റെ ഏക പുത്രനായ ക്രിസ്തുവാകുന്ന ആ വജ്രായുധം, ആ അറ്റകൈ പ്രയോഗിച്ചിട്ടും രക്ഷയില്ലാത്ത ഒരു രക്ഷാകര ചരിത്രം. ആ ചരിത്രത്തിനും പരിത്രാണ കർമത്തിനും ഒരു കുറവുമില്ല. ഈ രക്ഷാകര ബോധം ഇല്ലാത്തവരാണ് ഇന്നും വ്യവഹാര നിർമാർജനത്തിന് പുറജാതികളുടെ കോടതിയെ സമീപിക്കുന്നത്. ദൈവത്തിന്റെ കോടതിയിൽ തോറ്റവരാണ് ജനകീയ കോടതിയെ ഇത്രയേറെ ആശ്രയിക്കുന്നത്.



www.malankaralibrary.com


# പുതിയ പത്തുകല്പനകൾ

പഴയനിയമത്തിലെ മോശയുടെ പത്ത് കല്പനകൾ നമുക്ക് സുപരിചിതമാണ്. പുതിയ നിയമത്തിലെ സർവ്വ കല്പനകളുടേയും രത്നച്ചുരുക്കമായി കർത്താവ് നൽകിയ ഏക കല്പനയും നമുക്കറിയാം, സ്നേഹം. ഈ സ്നേഹകല്പന സമൂഹ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ പൗലോസ് തന്റെ ഒരു കത്തിൽ പത്തു കാര്യങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു (1 തെസ. 5:14-21) ഇതിനെ നമുക്ക് പുതിയ 10 കല്പനകൾ എന്ന് പേരിടാം.

1. നിങ്ങൾ സമാധാനത്തിൽ കഴിയുവിൻ.
2. അലസരെ ശാസിക്കുവിൻ.
3. ഭീരുക്കളെ ധൈര്യപ്പെടുത്തുവിൻ.
4. ദുർബലരെ സഹായിക്കുവിൻ.
5. എല്ലാ മനുഷ്യരോടും ക്ഷമാപൂർവം പെരുമാ റുവിൻ.
6. ആരും ആരോടും തിന്മയ്ക്ക് പകരം തിന്മ ചെയ്യരുത്.
7. തമ്മിൽ തമ്മിലും എല്ലാവരോടും സദാ നന്മ ചെയ്യുവിൻ.
8. എപ്പോഴും സന്തോഷത്തോടിരിക്കുവിൻ.
9. ഇടവിടാതെ പ്രാർത്ഥിക്കുവിൻ.
10. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിക്കുവിൻ.

പൗലോസ് തുടർന്നു പറയുന്നു, ഇതാണ് നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം. സ്നാപക യോഹന്നാൻ കർത്താവിനു മുമ്പ് അനുതാപം പ്രസംഗിച്ചു. ജനം അദ്ദേഹത്തിന് ചുറ്റും കൂടി ചോദിച്ചു, ഞങ്ങൾ ഇനി എന്ത് ചെയ്യണം. എന്താണ് ഞങ്ങളെ കുറിച്ചുള്ള ദൈവഹിതം അദ്ദേഹം ഓരോ കൂട്ടർക്കും അവരവർക്ക് ചേർന്ന വിധത്തിൽ ഇനിയും അവർ ചെയ്യേണ്ട കാര്യങ്ങൾ അക്കമിട്ടു പറഞ്ഞു. യേശു വന്നു. സുവിശേഷം പ്രസംഗിച്ചു. കേട്ട സുവിശേഷം എങ്ങനെ ജീവിക്കണമെന്ന് ജനം ഇനി എന്ത് ചെയ്യണമെന്ന് സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രവാചകനെ പോലെ വിശുദ്ധ പൗലോസ് ഇവിടെ കുറിക്കുകയാണ്. പുതിയ കൽപനകൾ പൗലോസിന്റെ സ്വന്തമല്ലെങ്കിലും അത് അവതരിപ്പിച്ച രീതിയ്ക്ക് ഒരാസ്വാദ്യതയുണ്ട്. തിരിച്ചുപോയി ഒന്നുകൂടി വായിച്ചാലോ! വായിച്ചാൽ മാത്രം പോരാ. ധ്യാനിക്കണം.

BETHANY PUBLICATIONS
www.malankaralibrary.com



# വിശ്വാസം

സൺഡേസ്കൂൾ ക്ലാസിൽ (ക്ലാസ്സ് ഓർമ്മയില്ല) മറിയാമ്മ ടീച്ചർ ഞങ്ങളെ കാണാതെ പറ യാൻ പഠിപ്പിച്ചു, (കോറസ് ലേണിങ്ങ് മെത്തേഡ്) 'എല്ലാവരും ഒന്നിച്ചു പറഞ്ഞെ, വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവും ആണ്'. വേദ പാഠാവലിയിൽ അച്ചടിച്ചിരുന്നതു കൊണ്ടും, പിന്നെ മറിയാമ്മ ടീച്ചർ കള്ളം പറയില്ല എന്ന ഒരു വിശ്വാസം കുട്ടികളുടെ ഇടയിൽ ഉണ്ടായിരുന്നതു കൊണ്ടും ഞങ്ങൾ ആ പറഞ്ഞത് അപ്പാടെ വിഴുങ്ങി. കാണാതെ പഠിച്ചു. പരീക്ഷയ്ക്ക്, വിശ്വാസം എന്നാൽ എന്ത് എന്ന ചോദ്യത്തിന് അച്ചടിച്ചു വെച്ചിരുന്നത് ഫോട്ടോ ഫിനിഷിംങ്ങോടുകൂടി അപ്പാടെ എഴുതിപ്പിടിപ്പിച്ച്, നൂറുമാർക്ക് വാങ്ങി മറിയാമ്മ ടീച്ചറിന്റെ അഭിനന്ദനം ഏറ്റുവാങ്ങിയെങ്കിലും മുതിർന്ന് കഴിഞ്ഞപ്പോൾ 'വിശ്വാസം' അതുപോലെ ഒന്നുകൂടി അവതരിപ്പിക്കാൻ നന്നേ പാടുപെട്ടു. വിശ്വാസികളായ അനുവാചകർ ഒന്ന് ശ്രമിച്ചു നോക്കൂ 'വിശ്വാസം' തെറ്റുകൂടാതെ പറയാമോ എന്ന് ഒന്ന് രണ്ടു പ്രാക്ടീസിന് ശേഷം സാധിച്ചേക്കുമെന്ന് വിശ്വസിക്കുന്നു. അതേ, അത് മതി. എല്ലാം ഒരു വിശ്വാസമല്ലേ. വിശ്വാസമല്ലേ ലോകത്തെ തന്നെ പിടിച്ചു നിർത്തിയിരിക്കുന്നത്. കുടിക്കുന്ന കള്ള് അസ്സൽ പനയിൽ നിന്നും തെങ്ങിൽ നിന്നും ചെത്തിയിറക്കിയതാണെന്നുള്ള വിശ്വാസത്തിലല്ലേ കുടിയന്മാർ മൂക്കറ്റം മോന്തുന്നത്. ചന്തയിലെ മത്സ്യം കടലിൽനിന്ന് നേരിട്ട് പിടിച്ചു കൊണ്ടുവന്ന് വിൽക്കുന്നു എന്ന വിശ്വാസത്തിലല്ലേ പാവം നമ്മൾ വൈകിട്ട് മീൻകറി കഴിക്കുന്നത്. എല്ലാം ഒരു വിശ്വാസം. സമൂഹ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ വിശ്വാസമാണ്. അന്ന് മറിയാമ്മ ടീച്ചറിനെ വിശ്വസിച്ചത് നന്നായി. ടീച്ചർ പൗലോസ് ശ്ലീഹായെ ഉദ്ധരിക്കുകയാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല (ഹീബ്രു 11:1) എന്റെ വിശ്വാസം എന്നെ രക്ഷിച്ചു.



BETHANY PUBLICATIONS
www.malankaralibrary.com


# ബലി

'നിയമപ്രകാരം മിക്ക വസ്തുക്കളും ശുദ്ധീകരിക്കപ്പെടുന്നത് രക്തത്താലാണ്; രക്തം ചിന്താതെ പാപമോചനമില്ല' (ഹീബ്രു 9:22) ഹെബ്രായക്കാർക്കുള്ള ലേഖന കർത്താവിന്റെ ഈ പ്രസ്താവന പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ പ്രസക്തമാണ്. കാള. ആട് എന്നിവയെ ബലിയർപ്പിച്ച് അതിന്റെ രക്തമെടുത്ത് പ്രധാന പുരോഹിതൻ ദേവാലയത്തിലും ദേവാലയ ഉപകരണങ്ങളിലും, അകത്തെ ശ്രീകോവിൽ കടന്ന് കൂടാരത്തിന്മേലും കൂടാരത്തിനുള്ളിലുള്ള വസ്തുക്കളിന്മേലും ഹീസോപ്പുകൊണ്ട് തളിച്ച് അവയെല്ലാം ശുദ്ധീകരിച്ചിരുന്നു. ഇവയെല്ലാം ദൈവാജ്ഞ പ്രകാരമാണ് ചെയ്തിരുന്നത്. തളിക്കാനുള്ള രക്തം സംഭരിച്ചിരുന്നത് കാളകുട്ടിയെ കൊല്ലുമ്പോളായിരുന്നു. ആയതിനാൽ ശുചീകരണത്തിനുള്ള രക്തം ലഭിക്കണമെങ്കിൽ ആദ്യം ബലി നടക്കണം. പഴയനിയമത്തിലെ ഈ ശുദ്ധീകരണ പ്രക്രിയ വർഷംതോറും ആവർത്തിക്കപ്പെടേണ്ടതാണ്. കാരണം അത് അർപ്പിക്കുന്നത് മനുഷ്യനാണ്. പ്രധാന പുരോഹിതൻ മനുഷ്യനാകയാൽ അവന്റെ പാപമോചനത്തിനായും ബലി അർപ്പിക്കപ്പെടേണ്ടിയിരുന്നു. പുതിയനിയമത്തിൽ ഈ പാരമ്പര്യ ബലിയർ പ്പണത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ വ്യതിയാനം സംഭവിച്ചു. ഇവിടെ കാളയ്ക്ക് പകരം ബലി അർപ്പിക്കപ്പെട്ടത് ക്രിസ്തുവാണ് (ബലിവസ്തു). ബലി അർപ്പിച്ചവനും ക്രിസ്തുവാണ് (ബലി അർപ്പകൻ). തന്റെ രക്തംകൊണ്ട് ശുദ്ധീകരിച്ചത് ദേവാലയം മാത്രമല്ല, ലോകം മുഴുവനുമാണ്. ആയതിനാൽ ക്രിസ്തുവിന്റെ ബലി ആണ്ടുതോറും ആവർത്തിക്കപ്പെടേണ്ട ആവശ്യമില്ല. ആവർത്തനത്തിന് സാഗത്യവുമില്ല. പിന്നെ നമ്മൾ ദിവസവും ബലിയർപ്പിക്കുന്നതോ ന്യായമായ ചോദ്യം. ഉത്തരം, പുതിയ നിയമ കാലത്ത് കർത്താവിന്റെ ബലി വീണ്ടും ആവർത്തിക്കപ്പെടുകയല്ല. അനുസ്മരിക്കപ്പെടുകയാണ് ചെയ്യുന്നത്. നമുക്ക് ഒരു ബലിയേയുള്ളൂ. അത് കർത്താവ് എന്നെന്നേക്കുമായി ഒരിക്കൽ അർപ്പിച്ചു.



BETHANY PUBLICATIONS
www.malankaralibrary.com


# നിയമം

നിയമം നിർമ്മിക്കപ്പെടുന്നത് സമൂഹത്തിൽ എല്ലാവർക്കും വേണ്ടിയാണ്. നിയമത്തിനു മുമ്പിൽ എല്ലാവരും ഒരുപോലെയാണ്. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാണ്. നിയമം പാലിക്കുന്നതിൽ മുഖപക്ഷമില്ല. ഇതൊ ക്കെയാണ് നിയമത്തെക്കുറിച്ചുള്ള നമ്മുടെ സാമാന്യ വിജ്ഞാനീയം. എന്നാൽ വിശുദ്ധ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക, 'നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത് നീതിമാന്മാർക്കു വേണ്ടിയല്ല' (1 തിമോ. 1:9). എന്തായിരിക്കണം ഇതിന്റെ അർഥം നീതിമാന്മാരുടെ ഗണത്തിലേക്ക് സ്വയം അവരോധിക്കുന്നവർ നിയമാതീതരണ് എന്നാണോ ആയിരിക്കുകയില്ല. ഒരുവനെ ദൈവവും മനുഷ്യരും നീതിമാനായി പ്രഖ്യാപിച്ചാൽ ഒരുപക്ഷേ അവന് നിയമങ്ങളുടെ ബന്ധനങ്ങളില്ല. അവന് നിയമങ്ങളുടെ ആവശ്യവുമില്ല. നിയമങ്ങളില്ലെങ്കിലും അവൻ ദൈവിക മനുഷ്യനായിരിക്കുന്നു. സ്വയാവബോധം ഇല്ലാതെ പാപ ജീവിതത്തിൽ മുഴുകി ജീവിക്കുന്നവർക്ക് നിയമം ആവശ്യമായി വരും. ഇവിടെ നിയമത്തിന് പ്രസ ക്തിയുണ്ട്. ആയതിനാൽ നിയമം ആർക്കുവേണ്ടി നിർമ്മിക്കപ്പെടുന്നുവെന്ന് പൗലോസ് തുടർന്നു പറയുന്നു, 'നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത് നീതിമാന്മാർക്ക് വേണ്ടിയല്ല, മറിച്ച് നിയമ നിഷേധകർ, അനുസരണയില്ലാത്തവർ, ദൈവഭക്തിയില്ലാത്തവർ, പാപികൾ, വിശുദ്ധിയില്ലാത്തവർ, ലൗകികർ, പിതാവിനെയോ മാതാവിനെയോ, മറ്റു മനുഷ്യരെയോ വധിക്കുന്നവർ, അസന്മാർഗ്ഗികൾ, സ്വവർഗ്ഗഭോഗികർ, ആളുകളെ അപഹരിച്ചുകൊണ്ട് പോകുന്നവർ, നുണയർ, അസത്യവാദികൾ എന്നിവർക്കുവേണ്ടിയും സത്യപ്രബോധനത്തിന് വിരുദ്ധമായ എല്ലാറ്റിനും വേണ്ടിയുമാണ്'. നിയമം നമുക്കുവേണ്ടിയും കൂടെയാണോ നിർമ്മിക്കപ്പെട്ടിരിക്കുന്നത് ചിന്തനീയ വിഷയമാണ്.



BETHANY PUBLICATIONS
www.malankaralibrary.com


# കുറ്റപ്പെടുത്തൽ

നിങ്ങളുടെ ഹോബി എന്താണ് എന്ന് ആരെങ്കിലും ചോദിച്ചാൽ നമ്മിൽ പലർക്കും പറയേണ്ടിവരും, 'കുറ്റപ്പെടുത്തൽ'. നാലു പേർ കൂടുന്നിടത്ത് പരസ്പരം കുറ്റപ്പെടുത്തൽ, കൂടുന്നവർ ഒന്നിച്ചു കൂടി ഒരു പൊതു ശത്രുവിനെ പുരസ്കരിച്ച് കുറ്റപ്പെടുത്തൽ, വീട്ടിൽ കെട്ടി കയറി വന്ന പെണ്ണിന്റെ കുറ്റങ്ങൾ, അവളുടെ വീട്ടുകാരുടെ കുറ്റങ്ങൾ ആദ്യം അവൾ കേൾക്കാതെ പറയും. പെണ്ണ് അവളുടെ വീട്ടിലെത്തുമ്പോൾ ഭർതൃഗൃഹത്തിലെ സകലരേയും ഒന്നടങ്കം കുറ്റം പറയുക. പീടികത്തിണ്ണയിൽ, പാർട്ടി ഓഫീസിൽ, അയൽപക്കത്തെ ഉമ്മറത്ത്, സ്റ്റാഫ് റൂമിൽ, പള്ളിമേടയിൽ, പള്ളി പൊതുയോഗത്തിൽ, ചാനൽ ചർച്ചകളിൽ, സോഷ്യൽ മീഡിയയിൽ, ആശ്രമ വരാന്തകളിൽ, അരമന പരിസരങ്ങളിൽ, സന്യാസ സഭ ചർച്ചാവേദികളിൽ എന്ന് വേണ്ട, 'എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം മൂത്ത കുറ്റപ്പെടുത്തലുകൾ മാത്രം'. ഈ കുറ്റപ്പെടുത്തൽ അത്ര മോശമായ ഒരു കാര്യമാണോ സാക്ഷാൽ ക്രിസ്തുദേവനും വിശുദ്ധ പൗലോസ് ശ്ലീഹായും മറ്റും മനുഷ്യരെ കുറ്റപ്പെടുത്തിയ സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ. 'വെള്ളയടിച്ച കുഴിമാടങ്ങളെ' എന്ന് ഫരീസയരെ അഭിസംബോധന ചെയ്തപ്പോൾ അവരെയും അവരുടെ ചെയ്തികളെയും ക്രിസ്തു ശാസിച്ചു. പൗലോസ് ശിഷ്യനായ തിമോത്തിയോസിനെ ചട്ടം കെട്ടുന്നു, ചില പാർട്ടികളെ കുറ്റപ്പെടുത്താനും ശാസിക്കാനും. പക്ഷേ അതോടൊപ്പം അതിന്റെ ലക്ഷ്യം എന്തെന്നു കൂടി പൗലോസ് പറഞ്ഞുവയ്ക്കുന്നു; 'അവരെ കുറ്റപ്പെടുത്തുന്നതിന്റെ ലക്ഷ്യം പരിശുദ്ധമായ ഹൃദയത്തിലും നല്ല മനസ്സാക്ഷിയിലും നിഷ്കപടമായ വിശ്വാസത്തിലും നിന്ന് രൂപം കൊള്ളുന്ന സ്നേഹമാണ്' (1 തിമോ. 1:5) കുറ്റപ്പെടുത്തലിന്റെയും ശാസനയുടെയും പരമലക്ഷ്യം സ്നേഹമാണെങ്കിൽ അത് ദൈവീകവുമാണ്.



www.malankaralibrary.com


# പൗലോസിന്റെ കുമ്പസാരം

'പാപികളിൽ ഒന്നാമനാണ് ഞാൻ' (1 തിമോ. 1:16) എന്ന് ലോകത്തോട് മുഴുവൻ ഏറ്റു പറഞ്ഞ് കുമ്പസാരിക്കുന്ന ഒരു പൗലോസിനെ നാം കാണുന്നുണ്ട്. താൻ ഏറ്റു പറഞ്ഞ പാപങ്ങൾ ബൈബിൾ വായിച്ചിട്ടുള്ള എല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഇനിയത് 'കുമ്പസാര രഹസ്യ'മായി സൂക്ഷിക്കാൻ പറ്റുകയില്ല. തന്നെയുമല്ല, പാപികളോട് ദൈവത്തിനുള്ള കരുണയെ എടുത്തു കാണിക്കുന്നതിന് പൗലോസ് തന്നെ അദ്ദേഹത്തെ ഒരു മാതൃകയാക്കി നമുക്ക് നൽകിയിരിക്കുകയുമാണ്. തിമോത്തിയോസിന് തുറന്നെഴുതിയ അദ്ദേഹത്തിന്റെ പാപങ്ങൾ ഇവയാണ്: 1. ക്രിസ്തുവിനെ നിന്ദിച്ചു. 2. ക്രിസ്തുവിനെ പീഡിപ്പിച്ചു. 3. ക്രിസ്തുവിനെ അധിക്ഷേപിച്ചു (1:13) പൗലോസ് പറയുന്നു, എന്റെ ഏറ്റുപറച്ചിലിനു മുമ്പ് തന്നെ എനിക്ക് ദൈവകൃപ ലഭിച്ചു. അവൻ എന്റെ പാപങ്ങൾ മോചിച്ചു തന്നു. അതിനുള്ള കാരണം പറയുന്നത് ശ്രദ്ധിക്കുക, അന്ന് ഞാൻ അറിവില്ലാത്തവനും അവിശ്വാസിയുമായിരുന്നു. എന്നാൽ ഇന്ന് അറിവുള്ളവരും വിശ്വാസികളുമായ നമ്മോട് ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കണമെങ്കിൽ നാം ദൈവത്തോട് പാപങ്ങൾ ഏറ്റുപറയുക തന്നെ വേണം. കോടതി സ്വയം കേസ് എടുക്കുന്നതുപോലെ അവിശ്വാസിയായ പാപിയുടെ കേസ് ദൈവം തന്നെ നേരിട്ട് ഏറ്റെടുത്ത് അവിടുത്തെ അനന്ത കൃപ അവന്റെമേൽ ചൊരിയും. വിശ്വാസിയായാലും അവിശ്വാസിയായാലും മനുഷ്യന്റെ പാപങ്ങളുടെ ലിസ്റ്റ് പൗലോസിന്റെ പാപ ലിസ്റ്റ് തന്നെയാണ് : 1. നമുക്ക് ഇഷ്ടമില്ലാത്ത മനുഷ്യരെ നമ്മൾ നിന്ദിക്കുമ്പോൾ ക്രിസ്തുവിനെ നമ്മൾ നിന്ദിക്കുന്നു. 2. നിസ്സഹായരായവരെ പീഡിപ്പിക്കുമ്പോൾ നമ്മൾ ക്രിസ്തുവിനെ പീഡിപ്പിക്കുന്നു. 3. സഹോദരങ്ങളെ അധിക്ഷേപിക്കുമ്പോൾ ക്രിസ്തുവിനെ നമ്മൾ അധിക്ഷേപിക്കുന്നു. അറിവുണ്ടെങ്കിലും മനസ്സറിവില്ലാതെ ചെയ്തു പോകുന്ന ഈ പാപങ്ങളും ദൈവം തന്റെ കരുണയുടെ ഡസ്റ്റർ കൊണ്ട് തേയ്ച്ച് മായിച്ചു കളയും.

www.malankaralibrary.com


# സാത്താൻ കൂട്ട്

സാത്താന് പന്നികളോടും അശുദ്ധരോടും ഒരു മനപ്പൊരുത്തം ഉണ്ടെന്നു തോന്നുന്നു. പണ്ട് കർത്താവ് ഒരു മനുഷ്യനിൽ നിന്ന് പിശാചിനെ പുറത്താക്കിയപ്പോൾ അവിടുന്ന് ചോദിച്ചു, ഇനിയും നിനക്ക് എവിടേക്കാണ് പോകേണ്ടത് പിശാച് പറഞ്ഞു, താഴ്വരയിൽ മേഞ്ഞുകൊണ്ടു നിൽക്കുന്ന പന്നിക്കൂട്ടത്തിൽ പ്രവേശിക്കാൻ അനുവദിക്കണം. പൊയ്ക്കൊള്ളുക, അവിടുന്ന് അനുവാദം കൊടുത്തു. സാത്താൻ ആവസിച്ച പന്നികൾ വിരണ്ടോടി താഴെ കണ്ട വെള്ളത്തിൽ മുങ്ങി ചത്തു എന്നാണ് പറയപ്പെടുന്നത്. സാത്താൻ ബാധിച്ചാൽ പന്നികൾ മാത്രമല്ല, മനുഷ്യരും വിരണ്ടോടും. നിരാശയുടെയും യാതനയുടെയും നിലയില്ലാക്കയത്തിൽ മുങ്ങിത്താഴും. സാത്താൻ പാപത്തിന്റെ പ്രതീകമാണ്. മനുഷ്യൻ സാത്താനേയും പാപത്തെയും ഉപേക്ഷിച്ച് കർത്താവിന്റെ വഴിയിലൂടെ നടന്നാൽ അവൻ രക്ഷപ്പെടും. തമ്പുരാൻ ചിലപ്പോൾ മനുഷ്യന്റെ ആത്മശുദ്ധീകരണത്തിനായി അവനെ സാത്താന് വിട്ടു കൊടുക്കാറുണ്ടു പോലും, കാട്ടാനയെ മെരുക്കാൻ താപ്പാനയെ ഉപയോഗിക്കുന്നതുപോലെ! വിശുദ്ധ പൗലോസിന്റെ താഴെപ്പറയുന്ന പ്രയോഗം അതല്ലേ സൂചിപ്പിക്കുന്നത്? ഹ്യൂമനേയോസ്, അലക്സാണ്ടർ തുടങ്ങിയ കൂട്ടർ വിശ്വാസം വെടിഞ്ഞ് അബദ്ധ സഞ്ചാരത്തിൽ ആയിരുന്നപ്പോൾ അവരെ നേർവഴി കൊണ്ടുവരാനായി പൗലോസ് അവരെ സാത്താന് വിട്ടു കൊടുത്തു എന്നാണ് പ്രസ്താവിക്കുന്നത് (1 തിമോ. 1:20). നമുക്ക് ഇതുപോലുള്ള അനുഭവം ഉണ്ടായിട്ടുണ്ടോ കർത്താവിന്റെ കരുതലിന്റെ കരം പിൻവലിക്കപ്പെട്ടതുപോലെയും സാത്താന്റെ പിടിയിൽ അകപ്പെട്ടതുപോലെയുമുള്ള ഒരു ഫീലിംഗ്. ഹ്യൂമനേയോസും അലക്സാണ്ടറും ദൈവദൂഷണത്തിൽ നിന്ന് പിൻതിരിയേണ്ടതിന് പൗലോസ് സാത്താനെ കൂട്ടുപിടിച്ചതുപോലെ കർത്താവ് നമ്മോട് പ്രവർത്തിക്കുന്നതാവും.



# മാതൃക

മനുഷ്യനും പ്രപഞ്ചത്തിനും നിജമായ ചില സ്ഥിതിഗതികളുണ്ട്. ഒരുവൻ ആരായിരിക്കണം എന്തായിരിക്കണമെന്ന് ഒരു പൊതുധാരണയുണ്ട്. അത് ദൈവികവും ദൈവഹിതവുമാണ്. ഈ ധാരണയ്ക്കനുസരിച്ച് ഒരാൾ ജീവിക്കുമ്പോൾ, ഒരു പ്രസ്ഥാനം ചരിക്കുമ്പോൾ നമ്മൾ പറയും മാതൃകാപരം! കാര്യങ്ങൾ പാടെ കടകവിരുദ്ധമാകുമ്പോൾ നാമതിനെ നാമകരണം ചെയ്യും, ദുർമാതൃക! മനുഷ്യൻ നല്ല മാതൃക കൊടുക്കാനും സ്വീകരിക്കുവാനും കടപ്പെട്ടവനാണ്. ക്രിസ്തുശിഷ്യന്മാർക്ക് ക്രിസ്തുവാണ് മാതൃക. ആ മാതൃക പിന്തുടരുന്നവനെ യഥാർത്ഥ ക്രിസ്തുശിഷ്യനായിരിക്കുക സാധ്യമാകുകയുള്ളൂ. ക്രിസ്തുവിന്റെ മാതൃക പിന്തുടർന്ന് മറ്റൊരു ക്രിസ്തു ആയവനെ ക്രിസ്തുവിന്റെ മാതൃക മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ മാതൃക ഒരു എടുക്കലിന്റെയും കൊടുക്കലിന്റെയും കഥ രചിക്കുന്നുണ്ട്. വിശുദ്ധ പൗലോസ് തന്റെ ശിഷ്യന്മാരോട് ക്രിസ്തീയ മൂല്യങ്ങൾ ആർജിച്ചെടുക്കുവാൻ നിഷ്കർഷിക്കുന്നു. അതനുസരിച്ച തിമോത്തിയോസിനോട് ഇനി അവൻ മറ്റുളളവർക്ക് മാതൃക നൽകാൻ പൗലോസ് ഉപദേശിക്കുന്നു. 'വാക്കുകളിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വാസികൾക്ക് മാതൃകയായിരിക്കുക' (1 തിമോ. 4:12). പറയേണ്ടത് പറയുകയും പറയാൻ പാടില്ലാത്തത് പറയാതിരിക്കുകയും ചെയ്യുമ്പോൾ വാക്കുകളിൽ മാതൃകയാവുകയാണ്. ക്രിസ്തുവിനെപ്പോലെ പെരുമാറുമ്പോൾ ഒരാൾ പെരുമാറ്റത്തിൽ മാതൃകയാണ്. നാം സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുമ്പോൾ അതൊരു ക്രിസ്തീയ ജീവിത മാതൃകയാകുകയാണ്. എത്ര വലിയവനായി, പ്രശസ്തനായി ജീവിച്ചു എന്നതിനേക്കാളുപരി ഒരു 'മാതൃകാ പുരുഷൻ' എന്ന ലേബലായിരിക്കണം അന്ത്യത്തിൽ നമ്മുടെ കൂട്ട്.



www.malankaralibrary.com


# യാന്നസും യാംബ്രസും

യാന്നസ്സും യാംബ്രസ്സും പഴയ നിയമത്തിലെ രണ്ടു കഥാപാത്രങ്ങളാണ്. ഇവർ അറിയപ്പെടുന്നത് ദൈവത്തിന്റെ മനുഷ്യനായിരുന്ന മോശയെ എതിർത്തിരുന്നവരായിട്ടാണ്. മോശയെ എതിർത്തിരുന്നവർ ദൈവത്തേയും മോശയി ലൂടെ ദൈവീക ഇടപെടലുകളെയും എതിർത്തിരുന്നു. വി. പൗലോസ് ശ്ലീഹാ യാന്നസ്സിനേയും യാംബ്രസ്സിനേയും സത്യവിരോധികളുടെയും ദൈവ നിഷേധികളുടെയും പ്രതിനിധികളായിട്ടാണ് അവതരിപ്പിക്കുന്നത്. ചില ദുഷ്ട മനുഷ്യരുടെ കെണിയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുവാൻ തിമോത്തേയോസിനെ ഉപദേശിക്കുന്ന വേളയിൽ അവരെ കുറിച്ച് പറയുന്നത്, 'അവർ സത്യത്തെ എതിർക്കുന്നു. അവർ ദുഷിച്ച മനസ്സുള്ളവരും വിശ്വാസനിന്ദകരുമാണ് (2 തിമോ. 3:8). ഈ കൂട്ടർ വിജയശ്രീലാളിതരായി ആദ്യം പ്രത്യക്ഷപ്പെടും; സത്യസന്ധർ ഭോഷന്മാരായും. ഇത് ഒരു ജീവിതയാഥാർത്ഥ്യമാണ്. നയവാൻ പനപോലെ തളിർക്കുമെന്നാണ് നമ്മൾ പഠിച്ചു വച്ചിരിക്കുന്നത്. ലബനോനിലെ കാരകിൽ പോലെ തഴച്ചുവളരുമെന്നാണ് നമ്മുടെ വിശ്വാസം. എന്നാൽ പലപ്പോഴും പ്രഥമദൃഷ്ട്യാ, ദുഷ്ടന്മാർ തകര പോലെ മുളയ്ക്കുകയും ഈട്ടി പോലെ തഴച്ചു വളരുകയും ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്. ദുഷ്ടന്മാരുടെ പച്ചിപ്പും ദുഷിച്ച സംസ്കാരങ്ങളുടെ പതപ്പും കണ്ട് നമ്മൾ അന്തിച്ചു പോകാറുണ്ട്. ദൈവത്തെ ദുഷിക്കുകയും ദൈവജനത്തെ ഭത്സിക്കുകയും ചെയ്യുന്ന ഇക്കൂട്ടരെ കണ്ടു നമ്മൾ അമ്പരക്കാറുണ്ട്. ഒരു പക്ഷേ ഇതൊക്കെയും ഇവരൊക്കെയുമാണോ ശരി! ദൈവം ഇവരുടെ പക്ഷത്താണോ! പൗലോസ് അതിനുത്തരം തരുന്നു, 'അവർ അധികം മുന്നോട്ട് പോവുകയില്ല, അവരുടെ മൗഢ്യം എല്ലാവർക്കും ബോധ്യമാകും (3:9). അതുവരെ നമ്മൾ ക്ഷമയോടെ കാത്തിരിക്കേണ്ടിവരും എന്ന് മാത്രം.



www.malankaralibrary.com


# ദുഷ്ടരും ശിഷ്ടരും

ശത്രുക്കളെ പോലും സ്നേഹിക്കുവാൻ പഠിപ്പിക്കുന്ന സുവിശേഷത്തിൽ മനുഷ്യരെ ദുഷ്ടർ ശിഷ്ടർ എന്ന് തരം തിരിക്കുന്നത് തന്നെ വിരോധാഭാസമല്ലേ എന്നത് ന്യായവാദം. പക്ഷേ സുവിശേഷം ആരെയും ശിഷ്ടരെന്നും ദുഷ്ടരെന്നും തരം തിരിക്കാറില്ല. മറിച്ച് മനുഷ്യർ അവരവർ തന്നെയാണ് ഇങ്ങനെ സ്വയം തരം തിരിയുന്നത്. ദൈവം എല്ലാവർക്കും ഒരേ അവസരമാണ് നൽകുന്നത്. കൂടുതൽ കുറവുകളുണ്ടെങ്കിലും നന്മ ചെയ്യുന്നതിനുള്ള അവസരങ്ങൾ ധാരാളം നൽകപ്പെടുന്നു. നല്ലവർ അത് നന്മയ്ക്കായി ഉപയോഗിക്കുന്നു. എന്നാൽ ചിലർ അതേ അവസരങ്ങൾ അവരുടെ പ്രത്യേക സ്വഭാവ ശൈലികൊണ്ട് തിന്മ പ്രവർത്തിക്കാനും ഉപയോഗിക്കുന്നു. ഉദാഹരണത്തിന് ഒരാൾക്ക് ഒരു ദിവസം കുറച്ച് അധികം പണം ലഭിച്ചാൽ അതുകൊണ്ട് അയാൾ അയല്പക്കത്തെ പുകയാത്ത അടുപ്പിലേക്ക് നാഴി അരി വാങ്ങി കൊടുക്കും. മറ്റുചിലർ സാധാരണ വാങ്ങിക്കുന്ന മദ്യത്തിന്റെ ബ്രാൻഡ് മാറ്റി അല്പംകൂടി വില കൂടിയത് വാങ്ങി സഹ ഉദരങ്ങളുമായി പങ്കുവയ്ക്കും. ഇതിൽ ഒരാളെ നല്ലവനെന്നും അപരനെ ദുഷ്ടനെന്നും ജനം മുദ്രകുത്തും. അത് അവരുടെ തെറ്റല്ലല്ലോ. മനുഷ്യൻ സ്വയമാണ് ശിഷ്ടനോ ദുഷ്ടനോ ആയിത്തീരുന്നത്. ആർക്കും ആരെയും ബലം പ്രയോഗിച്ചോ നിർബന്ധിച്ചോ നല്ലവനോ മോശക്കാരനോ ആക്കുവാൻ സാധിക്കുകയില്ല. എല്ലാം സ്വയ സ്വാതന്ത്ര്യത്തിൽ നിന്നുള്ള ഒരു തെരഞ്ഞെടുപ്പ് മാത്രം. മനുഷ്യ ജീവിതം നന്മയുടെയോ തിന്മയുടെയോ മാത്രമായി കാണാനും പാടില്ല. അത് രണ്ടിന്റെയും ഒരു സമ്മിശ്രമാണ്. കവി പാടി; 'നമുക്ക് നാമേ പണിവതു നാകം നരകവുമതുപോലെ.



www.malankaralibrary.com


# വിശുദ്ധിയും പീഡയും

ഒന്ന് മര്യാദയ്ക്ക്, അതായത് ചെറിയ തോതിലെങ്കിലും, ഒരു വിശുദ്ധജീവിതം നയി ക്കാമെന്നു കരുതിയാൽ പിന്നെ പീഡയും വേദനകളും നമ്മെ വിട്ടുമാറു കയില്ല. അടിച്ചുപൊളിച്ചു നടന്ന കാലത്ത് ഒരു പ്രശ്നവുമില്ലായിരുന്നു. അല്ലെങ്കിൽ അങ്ങനെ ഇപ്പോഴും നടക്കുന്നവർക്ക് ഒരു പീഡയുമില്ല വേദനയുമില്ല. ഇതെന്തൊരു പ്രതിഭാസം! എന്നാൽ പിന്നെ നന്നാകാൻ ശ്രമിക്കാതിരിക്കുകയല്ലേ നല്ലത്! സ്വാഭാവിക മായും ചിന്തിച്ചുപോകും. ചിലപ്പോൾ ആരും പറഞ്ഞു പോകും, 'ഓ...അവന്റെയൊക്കെ അവടെയൊക്കെ നടപ്പും പത്രാസും! പാവം പിടിച്ച നമുക്കാണ് രോഗവും വേദ നയും. ഇത് ദൈവഹിതമാണോ ദൈവം അനുവദിച്ചിട്ടാണോ ഇങ്ങനെയൊക്കെ? അതെ എന്ന് ഉത്തരം പറയേണ്ടി വരും. വിശുദ്ധ പൗലോസിലൂടെ കർത്താവ് സംസാരിക്കുന്നത് ശ്രദ്ധിക്കുക, 'യേശു ക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന വരെല്ലാം പീഡിപ്പിക്കപ്പെടും (2 തിമോ. 3:12) പീഡയിലൂടെയും സഹനത്തിലൂടെയുമ ല്ലാതെ ഉയിർപ്പും മഹിമയുമില്ല എന്ന സത്യം ഇവിടെ അന്വർഥമാവുകയാണ്. ക്രിസ്തു, കാര്യങ്ങൾ പറഞ്ഞിട്ട് പോയവനല്ല ജീവിച്ചു കാണിച്ചു തന്നിട്ട് പോയവനാണ്. ആ വഴിയാണ് ക്രിസ്തു ശിഷ്യന്റേയും. ഈ അടിച്ചു പൊളിക്കാർ അധികം നിഗളിക്കേണ്ട, ദൈവവചനം തുടരുന്നു, 'ദുഷ്ടരും, കപട നാട്യക്കാരും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും അടിക്കടി അധഃപതിക്കും' (3:12). ഈ കൂട്ടർ അവരുടെ ആത്മീയ അധഃപതനം തിരിച്ചറി യുന്നില്ല എന്നേയുള്ളൂ. അതുകൊണ്ട് വേദനയും സഹനവും വരുമ്പോൾ നാലപ്പാട്ട് കവി വാക്യം അനുസ്മരിക്കാം.

'ഉരുക്കിടുന്നു മിഴിനീരിലിട്ട്,  
മുക്കുന്നു വീണ്ടും ഭുവനൈക ശില്പി,  
മനുഷ്യഹൃത്താം കനകത്തെയോതോ,  
പണിത്തരത്തിനുപയുക്തമാക്കാൻ.



BETHANY PUBLICATIONS
www.malankaralibrary.com


# അവസാന നാളുകൾ

അവസാന നാള് ആർക്കുമറിയില്ല. ആ നാൾ പ്രവചിക്കുന്ന ചില 'പ്രവാചകർ' നമ്മുടെ ഇടയിലുണ്ട്. അവർ പിതാവായ ദൈവമായിട്ട് ചമയുകയാണ്. കാരണം ആ നാളിനെക്കുറിച്ച് പിതാവായ ദൈവത്തിനല്ലാതെ പുത്രനും പോലും അറിയില്ലല്ലോ. എന്നാൽ ഒരു കാര്യം നമുക്ക് ബോധ്യമാകും. അവസാന നാളുകളിൽ കൂടിയാണ് നാം കടന്നുപോകുന്നത്. താഴെപ്പറയുന്ന ദൈവവചനം പരിശോധിക്കുമ്പോൾ ഇന്നത്തെ ലോകത്തിന്റെ സ്ഥിതിയെക്കുറിച്ചാണോ പറയുന്നത് എന്ന് നമ്മൾ അന്തിച്ചു പോകും. 'അവസാന നാളുകളിൽ ക്ലേശപൂർണ്ണമായ സമയങ്ങൾ വരും. അപ്പോൾ സ്വാർത്ഥസ്നേഹികളും ധനമോഹികളും അഹങ്കാരികളും ഗർവിഷ്ടരും ദൈവദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും കൃതഘ്നരും വിശുദ്ധിയില്ലാത്തവരുമായ മനുഷ്യരുണ്ടാകും. അവർ മനുഷ്യത്വമില്ലാത്തവരും, ഒന്നിനും വഴങ്ങാത്തവരും, അപവാദം പറയുന്നവരും, ആത്മനിയന്ത്രണമില്ലാത്തവരും, ക്രൂരന്മാരും, നന്മയെ വെറുക്കുന്നവരും, വഞ്ചകരും, എടുത്തുചാട്ടക്കാരും, അഹന്തയുള്ളവരും, ദൈവത്തെ സ്നേഹിക്കുന്നതിനു പകരം സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരുമായിരിക്കും. അവർ ഭക്തിയുടെ ബാഹ്യരൂപം നിലനിർത്തിക്കൊണ്ട് അതിന്റെ ചൈതന്യത്തെ നിഷേധിക്കും' (2 തിമോ. 3:15). വിശുദ്ധ പൗലോസിനെ ഇത്ര ദീർഘമായി ഉദ്ധരിച്ചതിൽ ബോറടിച്ചു കാണും. പക്ഷേ ഇന്നത്തെ നമ്മുടെ സ്ഥിതിയുമായി തട്ടിച്ചുനോക്കുമ്പോൾ ഇതൊക്കെയാണ് നമുക്ക് ചുറ്റും കാണുന്നതെങ്കിൽ അവസാനം അടുത്തു എന്ന് ചിന്തിക്കുന്നതിൽ തെറ്റുണ്ടോ? ഇതൊക്കെ എക്കാലത്തും ഉണ്ടായിരുന്നു എന്ന് പറയുന്നതിലും വലിയ ന്യായമില്ല. നമുക്ക് നമ്മുടെ കാലത്തെ വ്യാഖ്യാനിച്ചാൽ മതി. ബാക്കിയൊക്കെ, സ്ഥലവും കാലവും തമ്പുരാന്റെ കൈവശമാണല്ലോ. അവസാന നാളുകളിൽ എല്ലാവർക്കും 'ഓൾ ദ് ബെസ്റ്റ്'.



BETHANY PUBLICATIONS
www.malankaralibrary.com


# ഒന്നോ? മൂന്നോ?

അടുത്ത കാലത്ത് സോഷ്യൽ മീഡിയ ചാനലുകളിൽ കണ്ട ഒരു ഹോട്ട് ഡിസ്കഷനാണ് പരാമർശം. ക്രിസ്ത്യാനിക്ക് ദൈവം ഒന്നോ മൂന്നോ! ഏകദൈവ വിശ്വാസികളായിമാമോ ദീസ, അത് കുളത്തിലായാലും മാമോദീസ തൊട്ടിയിലായാലും, മുങ്ങിയ ചില കുട്ടി ദൈവശാസ്ത്രജ്ഞന്മാരാണ് വിവാദത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഒരു ശാസ്ത്രജ്ഞന്റെ ചോദ്യം: പിതാവ് ദൈവമാണോ അതെ പുത്രൻ ദൈവമാണോ അതെ. പരിശുദ്ധാത്മാവ് ദൈവമാണോ അതെ. അപ്പോൾ എത്ര ദൈവങ്ങളുണ്ട്. മൂന്ന്, പിന്നെ ഏകദൈവമെന്നു പറയുന്നതോ കണ്ടു നിൽക്കുന്നവരുടെ കണ്ണു തള്ളിക്കുന്ന അന്യായമായ ന്യായവാദം. അപ്പോൾ വാഗ്വാദത്തിൽ ഏർപ്പെട്ടിരുന്ന മറ്റേ സത്യ ക്രിസ്ത്യാനിയ്ക്ക് ചോദിക്കാമായിരുന്നു: നിനക്ക് ജന്മം തന്ന നിന്റെ അപ്പൻ ഒരു മനുഷ്യനാണോ? അതെ, അപകടങ്ങളിൽ നിന്ന് നിന്നെ രക്ഷിക്കുന്ന നിന്റെ അപ്പൻ ഒരു മനുഷ്യനാണോ? അതെ. നിനക്ക് വളർന്നു വലുതാകാൻ ആവശ്യമായതെല്ലാം സാധിച്ചു തരുന്ന നിന്റെ അപ്പൻ ഒരു മനുഷ്യനാണോ? അതെ. ന്യായമായ മറുചോദ്യം: അപ്പോൾ നിന്റെ അപ്പൻ മൂന്ന് മനുഷ്യരാണോ അല്ലെങ്കിൽ നിനക്ക് മൂന്ന് അപ്പന്മാരുണ്ടോ? ഒരു അപ്പനെ ഉള്ളൂവെന്നും ആ അപ്പന്റെ മൂന്നു ഭാവങ്ങളെ, പ്രവർത്തി സ്വഭാവങ്ങളെയാണ് പ്രതിപാദിച്ചതെന്നും ആർക്കാണ് അറിയാൻ പാടില്ലാത്തത്? എന്നു പറഞ്ഞതുപോലെ ദൈവം ഒന്നേയുള്ളൂ വെന്നും പരിശുദ്ധ ത്രിത്വം ഏകദൈവത്തിന്റെ മൂന്ന് ഭാവങ്ങളാണെന്നും അറിയാൻ പാടില്ലാത്തവരായിരിക്കാം മുകളിൽ പറഞ്ഞ വാദത്തിൽ ഏർപ്പെട്ടത്. പരിശുദ്ധ ത്രിത്വമാകുന്ന ഏക ദൈവം അവരോട് പൊറുക്കട്ടെ. ഈശ്വരോ രക്ഷിതോ.



BETHANY PUBLICATIONS
www.malankaralibrary.com


# ക്രിസ്തുവിന്റെ നാളുകൾ

ദൈവത്തിന്റെ രക്ഷാകര ചരിത്രത്തെ മൂന്ന് ഘട്ടങ്ങളായി തിരിക്കാമെന്നു തോന്നുന്നു. ഒന്ന്, പൂർവ്വപിതാക്കന്മാരുടെ കാലഘട്ടം. രണ്ട്, പ്രവാചകന്മാരുടെ കാലഘട്ടം. മൂന്ന്, ക്രിസ്തു വിന്റെ നാളുകൾ. പിതാക്കന്മാർക്കും പ്രവാചകന്മാർക്കും ഒരുകാലം ഉണ്ടായിരുന്നെങ്കിൽ ക്രിസ്തുവിന് പ്രത്യേകിച്ച് ഒരു കാലഘട്ടമില്ല. അവിടത്തെ ജനനം മുതൽ ലോകാന്ത്യം വരെയുള്ള കാലഘട്ടം ക്രിസ്തുവിന്റെ നാളുകളാണ്. ഹെബ്രായ ലേഖന കർത്താവ് ഈ മൂന്നാമത്തെ കാലഘട്ടമായ ക്രിസ്തുവിന്റെ നാളുകളെയാണ് അവസാന നാളുകൾ എന്ന് വിളിക്കുന്നത്. ലോകാവസാന നാളുകൾ എന്നതിലുപരി, ലോകാവസാനം വരെയുള്ള നാളുകളെയാണ് അവസാന നാളുകൾ എന്നതുകൊണ്ട് അർത്ഥമാക്കേണ്ടത്. ഈ നാളുകൾ അവസാന നാളുകളാകുന്നത് ഇനിയും മറ്റൊരു രീതിയിലുള്ള നാളുകൾ വരാനില്ലാത്തതുകൊണ്ടാണ്. അബ്രഹാം, മോശ മുതലായ പൂർവ്വപിതാക്കന്മാരിലൂടെ ദൈവം മനുഷ്യകുലത്തോട് സംസാരിച്ചു. അവന്റെ രക്ഷണീയ കർമ്മത്തിൽ ഇടപെട്ടു. അത് പൂർണ വിജയമായിരുന്നില്ല, ദൈവജനം അവരെ നിരാകരിച്ചു. അങ്ങനെ അവർ ദൈവത്തെയും നിരാകരിച്ചു. മനുഷ്യരുടെ പാപജീവിതത്തെയും ദൈവത്തിൽ നിന്ന് അകന്നുള്ള ജീവിതത്തെയും പ്രവാചകർ താക്കീത് ചെയ്തു. പ്രവാചക ദൗത്യങ്ങളും പൂർണ്ണഫലം കണ്ടില്ല. മുന്തിരിത്തോട്ടത്തിന്റെ ഉപമയിൽ കർത്താവ് പറഞ്ഞ ആ യജമാനന്റെ ദൂതന്മാരെ കൃഷിക്കാർ വിരട്ടി ഓടിച്ചതുപോലെ അവരെയൊക്കെ ജനം പീഡിപ്പിച്ചു. ഇത്തരുണത്തിലാണ് ദൈവം അറ്റകൈ പ്രയോഗിക്കുന്നത്. തന്റെ ഏക പുത്രനെ തന്നെ, ക്രിസ്തുവിനെ, ലോക പരിത്രാണ കർമ്മ ദൗത്യം കൊടുത്തു വിടുക. വരുവിൻ ഇവനാണ് അവകാശി. ഇവനെ നമുക്ക് കൊല്ലാം. അവർ അവനെ കൊന്നു. പക്ഷേ അവൻ ഇന്നും ജീവിക്കുന്നു. അവന്റെ നാളുകൾ അവസാന നാളുകളാകയാൽ ലോകാന്ത്യം വരെ അത് നിലനിൽക്കും.



BETHANY PUBLICATIONS www.malankaralibrary.com



# ക്രിസ്തു

യേശു ക്രിസ്തുവിനെ കുറേകൂടി അടുത്ത് അറിയേണ്ടവർ ഹെബ്രായ ലേഖനം മനസ്സിരുത്തി വായിക്കണം. 1. ക്രിസ്തു ദൈവത്തിന്റെ പുത്രനാകുന്നു (1:2). നമ്മളെല്ലാം ദൈവത്തിന്റെ പുത്രനും പുത്രിയുമാണ് എന്ന് പറയുന്നുണ്ടല്ലോ. അപ്പോൾ കർത്താവിന്റെ പുത്രത്വത്തിന് എന്താണ് പ്രത്യേകത? ഒരപ്പൻ സ്വന്തം മകനെ 'മോനെ' എന്ന് വിളിക്കുന്നു. അയൽപക്കത്തെ പയ്യനെയും മോനെ എന്ന് വിളിച്ചേക്കാം. പദ പ്രയോഗം ഒന്നാണെങ്കിലും അർത്ഥത്തിൽ വ്യത്യാസമുണ്ട്. ഈ വ്യത്യാസമായിരിക്കാം ക്രിസ്തുവിന്റെ പുത്രസ്ഥാനത്തിന് കൽപ്പിച്ചു കൊടുക്കേണ്ടത്. 2. ക്രിസ്തു ദൈവ മഹത്വത്തിന്റെ തേജസ്സ് (1:3). ദൈവ മഹത്വം അഗോചരമാണ്, അസ്പർശനീയമാണ്. ദൈവം മനുഷ്യർക്ക് ഗോചരവും സ്പർശനീയവുമായത് തന്റെ തേജസ്സായ ക്രിസ്തുവിലൂടെയാണ്. മോശയ്ക്ക് പോലും ദൈവം അഗോചരനും അസ്പർശനീയനുമായിരുന്നു. മോശ ദൈവതേജസ്സിനു മുമ്പിൽ മുഖം മറച്ചിരുന്നു. എന്നാൽ അവിടുത്തെ പൂർണ്ണ തേജസ് യേശുക്രിസ്തു എന്ന മനുഷ്യനിൽ ഒളിപ്പിച്ചുവെച്ച് മനുഷ്യന് ദൈവത്തെ ഗോചരനും സ്പർശനീയനുമാക്കി തീർത്തു. 3. ക്രിസ്തു ദൈവത്തിന്റെ സത്തയുടെ മുദ്രയാണ് (1:3). ദൈവത്തിന്റെ സത്ത (essence) യുടെ അവസാന വാക്കാണ് ക്രിസ്തു. ദൈവം എന്താണ്? ആരാണ്? എന്ന ചോദ്യത്തിന് ഉത്തരമാണ് കാണപ്പെടുന്ന ദൈവമായ ക്രിസ്തു. ദൈവാന്വേഷികളായ മനുഷ്യർ അവസാനം ചെന്നെത്തേണ്ടത് ക്രിസ്തുവിലാണ്. ആകാശത്തിൻ കീഴെ മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല. ആയിരിക്കുന്നവൻ അവൻ തന്നെ. മനുഷ്യനുവേണ്ടി ജഡമെടുത്ത ദൈവമാണ് ക്രിസ്തു. ദൈവത്തിന്റെ സത്തയും ക്രിസ്തുവിന്റെ സത്തയും തമ്മിൽ വ്യത്യാസമില്ല. ഒരേ ഒരു ദൈവം നമ്മെ പോലെ ജഡമെടുത്ത് മനുഷ്യനായി എന്ന ഒരേയൊരു വ്യത്യാസമേ ക്രിസ്തുവിനുള്ളൂ. അവിടുത്തെ സത്തയും ക്രിസ്തുവിലൂടെ ദൈവം മുദ്രയിട്ടിരിക്കുന്നു. അതിന് മാറ്റമില്ല. മുദ്രയിട്ടു തീർച്ച കൽപ്പിച്ചിരിക്കുകയാണ്. അങ്ങനെ യേശുക്രിസ്തു ദൈവത്തിന്റെ ഏകപുത്രനും, അവിടുത്തെ തേജസ്സും, മാറ്റമില്ലാത്ത മുദ്രയുമാണ്.

BETHANY PUBLICATIONS
www.malankaralibrary.com


# വിത്തും നിലവും

ജനുവരി 15 വിത്തുകളെ പ്രതിയുള്ള പരിശുദ്ധ ദൈവമാതാവിന്റെ തിരുനാളാണ്. ദൈവമാതാവിന്റെ തിരുനാളുകൾ പലതുണ്ടെങ്കിലും വിത്തുകളെ പ്രതിയുള്ള തിരുനാൾ കൗതുകകരമായിരുന്നു. വിത്തും കതിരും മണ്ണും കർഷകനുമെല്ലാം തമ്മിൽ പാരിസ്പരിക ബന്ധമുണ്ട്. വിത്തില്ലാതെ കതിരില്ല, മണ്ണില്ലാതെ വിത്തു കൊണ്ട് പ്രയോജനമില്ല. കർഷകനില്ലാതെ ഇവയൊന്നും പ്രതിപ്രവർത്തിക്കുകയുമില്ല. വിത്ത് ഒരു അത്ഭുതമാണ്. വിത്തിൽ നിന്ന് ചെടി ഉണ്ടാകുന്നു. കതിരുണ്ടാകുന്നു, ഫലമുണ്ടാകുന്നു. വിത്ത് നൂറ്റാണ്ടുകൾ സൂക്ഷിക്കപ്പെട്ടാലും മണ്ണിൽ വീഴാതെ മുളച്ചു പൊങ്ങുകയില്ല. വിത്തെടുത്ത് മണ്ണിൽ കുഴിച്ചിടാനും വെള്ളം ഒഴിക്കാനും കർഷകൻ വേണം. ഇതാണ് ഇവ തമ്മിലുള്ള പാരസ്പരിക ബന്ധം. ഈ കൃഷിയെ മനുഷ്യന്റെ രക്ഷാകര ചരിത്രത്തിലേക്ക് ഒന്ന് പറിച്ചുനട്ടു നോക്കാം. ദൈവം മനുഷ്യനെന്ന വിത്തിനെ ഈ ഭൂമിയാകുന്ന നിലത്ത് വിതച്ച്, നനച്ചു വളർത്തി, വിളവെടുത്തു. പക്ഷേ കാലക്രമത്തിൽ പാപം എന്ന വൈറസ് അവന്റെ DNA യ്ക്ക് ക്ഷതമേൽപ്പിച്ചു. ക്ഷതമേറ്റ DNA വിപരീത ഫലങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി. ദൈവം പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരി ലൂടെയും മനുഷ്യകുലത്തിൽ ആന്റിവൈറസ് കുത്തി വെച്ചെങ്കിലും മനുഷ്യന്റെ ഡി.എൻ.എ. അത്രമാത്രം കറപ്റ്റഡ് ആയി തീർന്നിരുന്നു. ഇനി ഒരേ ഒരു മാർഗമേയുള്ളൂ, കറപ്റ്റഡ് ആയ പ്രോഗ്രാം അൺ ഇൻസ്റ്റാൾ ചെയ്ത് പുതിയ ഒറിജിനൽ പ്രോഗ്രാം ഇൻസ്റ്റാൾ ചെയ്യുക. ആദം കറപ്റ്റഡ് ആയ മനുഷ്യ DNA-യുടെ പ്രതീക മാണെങ്കിൽ ക്രിസ്തു ഒറിജിനൽ മനുഷ്യ ഡി.എൻ.എ. യുടെ പ്രതീകമാണ്. ഈ ഒറിജിനൽ ഇൻസ്റ്റാൾ ചെയ്ത മദർ ബോർഡാണ് പരിശുദ്ധ കന്യകാ മറിയം. പുതിയ വിത്ത് വിതയ്ക്കപ്പെട്ട നിലമാണ് പരിശുദ്ധ കന്യകാമറിയം. ഇപ്പോൾ നമുക്ക് ഏതാണ്ട് ഒരു ഗ്രാഹ്യം കിട്ടുന്നു മാതാവും വിത്തും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന്.

BETHANY PUBLICATIONS
www.malankaralibrary.com


# ലഘു-ഖര ഭക്ഷണങ്ങൾ

നമ്മൾ ഇപ്പോഴും ശിശുക്കളാണ്; വിശ്വാസത്തിൽ ശിശുക്കളെന്ന് സമർത്ഥിക്കുന്ന ദൈവ വചനമുണ്ട്. 'ദൈവവചനത്തിന്റെ പ്രഥമപാഠ ങ്ങൾപോലും നിങ്ങളെ വീണ്ടും പഠിപ്പിക്കാൻ ഒരാൾ ആവശ്യമായിരിക്കുന്നു. നിങ്ങൾക്ക് പാലാണ് ആവശ്യം, കട്ടിയുള്ള ഭക്ഷണമല്ല' (ഹെബ്രാ. 5:12). ഇത്രയും നാൾ ദൈവവചനം വായിച്ചിട്ടും പഠിച്ചിട്ടും പഠിപ്പിച്ചിട്ടും ദൈവവചന ത്തിന്റെ ആദ്യപാഠമായ ദൈവസ്നേഹം പരസ്നേഹം എന്നതിന്റെ പോലും പൊരുൾ ഗ്രഹിക്കുവാനോ അത് ജീവിക്കുവാനോ കഴിയാത്ത നമ്മളെ ശിശുക്കൾ എന്നല്ലാതെ ഹെബ്രായ ലേഖന കർത്താവ് എന്താണ് വിളി ക്കേണ്ടത്? അദ്ദേഹത്തിന് നമ്മുടെ മേൽ ദേഷ്യം തോന്നി ശാപവർഷം നടത്താത്തത് അദ്ദേഹം നല്ലൊരു ദൈവവചന ശുശ്രൂഷകനായിരുന്നതു കൊണ്ടാകാം. നമ്മൾ എത്ര പറഞ്ഞാലും കേട്ടാലും സത്യം ഗ്രഹിച്ച് പ്രാവർത്തികമാക്കാൻ ശ്രമിക്കാത്ത ജനം. സുവിശേഷം മറ്റാർക്കോവേണ്ടി നൽകപ്പെട്ടിരിക്കുന്നതുപോലെയാണ് നമ്മുടെ ഭാവം. തിരഞ്ഞെടുപ്പിൽ തോറ്റിട്ടും തോൽവി സമ്മതിക്കാതെ തമ്മിലടിക്കുന്ന ഒരു മഹാരാജ്യത്തിന്റെ നേതാവും ക്രിസ്ത്യാനിയാണ്; ഉയർത്തിപ്പിടിക്കുന്നത് ബൈബിൾ. പ്രാദേശിക സഭകൾ തമ്മിലും സന്യാസി സഭകളിൽ പോലും സ്നേഹത്തിന് വിരുദ്ധമായി എത്രയേറെ നാടകങ്ങൾ അരങ്ങ് തകർക്കുന്നു. ഭവനങ്ങളിൽ ത്യാഗോജ്ജ്വലമായ സ്നേഹമുണ്ടോ? നമുക്ക് ഇപ്പോഴും പാലു പോലുള്ള ലഘുഭക്ഷണമേ പറഞ്ഞിട്ടുള്ളൂ. ഖരഭക്ഷണം ഭുജിക്കത്തക്കതു പോലെ ആത്മീയമായി നമ്മളാരും വളർന്നിട്ടില്ല. ഇപ്പോഴും മഹാമാരി പോലുള്ള ശിക്ഷാദണ്ഡുകൾ കൊണ്ട് നമുക്ക് ബാലശിക്ഷണം നൽകേണ്ടിവരുന്നു. ജീവിതത്തിൽ ത്യാഗവും ക്ഷമയും സ്നേഹവും അഭ്യസിച്ച് പക്വമതികളായി കർത്താവിൽ നിന്ന് ഖര ഭക്ഷണം സ്വീകരിക്കാൻ നമുക്ക് തയ്യാറാകാം.



BETHANY PUBLICATIONS
www.malankaralibrary.com


# ഓട്ടപ്പന്തയം

മനുഷ്യജീവിതം നടന്ന് ക്ഷീണിക്കാനുള്ളതല്ല; ഓടി വിജയിക്കാനുള്ളതാണ്. അത് വെറുതെ ഒരോട്ടമല്ല. വിജയിക്കാനുള്ള ഒരു ഓട്ടപ്പന്തയമാണ്. പന്തയമാണെങ്കിൽ മത്സരമുണ്ടായിരിക്കും. നമ്മുടെ ജീവിത മത്സരത്തിലെ വിജയം തീരുമാനിക്കുന്നത് നാം ആരോടുകൂടി ഓടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. നമുക്ക് ആര് നിർദ്ദേശങ്ങളും ഉപദേശങ്ങളും തരുന്നു? ആരാണ് നമ്മുടെ ജീവിത കോച്ച്? സാത്താനും അവന്റെ സൈന്യങ്ങളും അവനോട് ചേർന്നു നിൽക്കുന്ന എല്ലാ ലൗകികതയും പാപപ്രവണതകളും നമ്മുടെ ജീവിത കോച്ച് ആകാൻ റെഡിയായി നിൽക്കുകയാണ്. ചില രാഷ്ട്രീയ പാർട്ടികളെ പോലെ അവരുടെ സംവിധാനങ്ങളും നെറ്റുവർക്കുകളും സുശക്തമാണ്. കേഡർ സ്വഭാവമുള്ള സാത്താൻ പാർട്ടി നമ്മോടൊപ്പം ഓടാനും അങ്ങനെ അവൻ വിജയിക്കാനും ആ വിജയം വഴി നമ്മെ നേടിയെടുക്കാനുമുള്ള സർവ സന്നാഹങ്ങളും സ്ട്രാറ്റജിയും അവൻ മെനഞ്ഞു വെച്ചിട്ടുമുണ്ട്. നമ്മൾ ഒരു നിമിഷം നമ്മളെ തന്നെ അവന് വിട്ടുകൊടുത്താൽ അവൻ വിജയം ഉറപ്പുവരുത്തും. എന്നാൽ ഈ ജീവിത ഓട്ടപ്പന്തയത്തിൽ നമ്മെക്കുറിച്ചുള്ള ദൈവഹിതം എന്താണെന്നോ 'നമ്മെ വിഷമിപ്പിക്കുന്ന ഭാരവും പാപവും നമുക്ക് നീക്കികളയാം. നമുക്കായി നിശ്ചയിച്ചിരിക്കുന്ന ഈ ഓട്ടപ്പന്തയം സ്ഥിരോത്സാഹത്തോടെ നമുക്ക് ഓടി തീർക്കാം. യേശുവിനെ മുന്നിൽ കണ്ടുകൊണ്ട് വേണം നാം ഓടാൻ' (ഹെബ്രാ. 12:12). ഓടുമ്പോൾ നാം എങ്ങനെ ഓടണമെന്ന് വേദഭാഗം തുടർന്നു പറയുന്നുണ്ട്. എന്തായാലും നമ്മുടെ ജീവിതത്തിലെ ഓട്ടപ്പന്തയത്തിൽ നമ്മുടെ കോച്ച് ആരാണെന്ന് പരിശോധിക്കുകയും ആരായിരിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്യേണ്ട കടമ അവരവരുടേതാണ്. പന്തയത്തിൽ തോറ്റാൽ ആരെയും പഴി പറയരുത്.



# ശിക്ഷയും ശിക്ഷണവും

'സാറെ, നന്ദിയുണ്ട്. സാറ് ഞങ്ങളോട് അന്ന് അത്ര സ്ട്രിക്റ്റ് ആയിരുന്നതിനാലാണ് തല്ലിപ്പൊളിയായിരുന്ന ഞാനൊക്കെ ഇന്ന് ഈ നിലയിൽ എത്തിയത്. ഇത് പറയുന്നത് ഇന്ന് റിട്ടയർ ചെയ്ത ഒരു അധ്യാപകന്റെ ശിഷ്യരിൽ ഒരാൾ. അയാൾ തുറന്ന് സമ്മതിക്കുകയാണ്, മനുഷ്യൻ നന്നാവാൻ ശിക്ഷയും ശിക്ഷണവും ആവശ്യമാണെന്ന്. ശിക്ഷ ശിക്ഷണത്തിന് ഭാഗമാണ്. എന്നാലത് അനിവാര്യമാണെന്ന് പറയാനും വയ്യ. ശിക്ഷണം എല്ലാവർക്കും ആവശ്യമാണ്. ശിക്ഷ കൂടാതെ ശിക്ഷണം നടത്തപ്പെടുന്നതാണ് അഭികാമ്യം. എന്നാൽ ചിലരുടെ കാര്യത്തിൽ ശിക്ഷണത്തിന് ശിക്ഷയും ആവശ്യമായി വരും. ശിക്ഷ എപ്പോഴും വേദനാജനകമായ പ്രഹരത്തിലോ അസഹനീയമായ മാനസിക പീഡനത്തിലൊ ഒതുക്കണമെന്നില്ല. മറിച്ച് ശിക്ഷയ്ക്ക് പോസിറ്റീവായി, ക്രിയാത്മകമായി എന്തെല്ലാം മാർഗങ്ങൾ കണ്ടുപിടിക്കാം. ഇന്ന് സ്കൂളുകളിൽ ചൂരൽ പ്രയോഗവും ക്ലാസിന് പുറത്തിറക്കി നിർത്തും കുറഞ്ഞുവരികയാണ്. എന്നാൽ കുട്ടികളുടെ ശിക്ഷണത്തിൽ പോസിറ്റീവ് സ്ട്രോക്കുകൾ ശിക്ഷയായി സ്വീകരിക്കുന്ന അധ്യാപകരുണ്ട്. കുട്ടികളുടെ മനശാസ്ത്രം അവർ പഠിച്ചു തുടങ്ങി. നെഗറ്റീവ് അപ്രോച്ചിനേക്കാൾ പോസിറ്റീവ് സ്ട്രോക്കുകൾ കൂടുതൽ ഫലം പുറപ്പെടുവിക്കുന്നുവെന്ന് പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യനിലെ മൃഗീയ സ്വഭാവങ്ങളെ നിയന്ത്രിച്ച് മാനുഷിക മൂല്യങ്ങളെ സ്ഫുടം ചെയ്തെടുക്കാൻ ശിക്ഷണം അനിവാര്യമാണ്. ഈ പ്രക്രിയ സുഗമമാക്കാനാണ് മനുഷ്യന് ശിക്ഷണം ഏർപ്പെടുത്തിയിരിക്കുന്നത്. ഈ ശിക്ഷണത്തിന്റെ ഭാഗമായുള്ള ശിക്ഷ മൂന്ന് കൂട്ടർക്കേ അനുവദിച്ചിട്ടുള്ളൂ; ദൈവം, മാതാപിതാക്കൾ, അധ്യാപകർ. അതുകൊണ്ടാണ് മനുഷ്യൻ ഇവർ മൂവരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്.



BETHANY PUBLICATIONS
www.malankaralibrary.com


# 'ലവ് മെതേഡ്'

ലോകം കണ്ടതിൽ ഏറ്റവും മനോഹരമായ ഒരു പദമാണ് ഇംഗ്ലീഷിലെ 'ലവ്', സ്നേഹം. കഷായത്തിൽ കുറുന്തോട്ടി പോലെ ലവ് എവിടെയും ചേർക്കാവുന്ന ഒരു ഒറ്റമൂലിയാണ്. ലവ് മാരിയേജ് മുതൽ ലൗജിഹാദ് വരെ അത് വന്നു നിൽ ക്കുന്നു. മനുഷ്യ സ്വഭാവത്തെ ഡിസിപ്ലിൻഡ് ആക്കുന്നതിന് പല മാർഗങ്ങൾ അവലംബിക്കാറുണ്ട്. അവയിലൊന്നാണ് ലവ് മെതേഡ്. അതാ യത് പലരും കുഞ്ഞുങ്ങളെ ശിക്ഷിച്ചു തിരുത്തു മ്പോൾ ചില പ്രഗൽഭ ദൈവിക മനുഷ്യർ അവരെ സ്നേഹിച്ചു തിരുത്തുന്നു. ഇത് അത്ര എളുപ്പമാണോ എന്ന ചോദ്യം സ്വാഭാവികമാണ്. എളുപ്പമല്ലെങ്കിലും ഫലം മെച്ചവും തീർച്ചയായുമാണ്. നോക്കുക, ദൈവം പോലും മനുഷ്യനെ പ്രളയത്തിലൂടെയും (നോഹ) മഹാമാരിയിലൂടെയും (ഈജിപ്റ്റ്) ശാപവർഷത്തിലൂടെയും (പ്രവാച കർ) നന്നാക്കാൻ നോക്കി; തോറ്റു പിൻവാങ്ങി. അവസാനം ദൈവം കണ്ടുപിടിച്ച മാർഗ്ഗമാണ് സ്നേഹമാർഗ്ഗം (യേശു). ഇതാണ് ലവ് മെതേഡ്. ഈ മെതേഡ് പ്രയോഗിക്കുന്നവർക്ക് ക്ഷമ വേണം, സഹനശക്തി വേണം, അപമാനങ്ങളെ ഭയക്കരുത്; കുരിശു കയറാൻ തയ്യാറാകണം. എല്ലാറ്റിലുമുപരി കറകളഞ്ഞ ദൈവസ്നേഹം എടുത്തു പ്രയോഗിക്കണം. മാതൃക കാട്ടി കൊടുക്കണം. ഒരു കുട്ടിക്ക് ശിക്ഷണം നൽകുമ്പോൾ  അവനെ ആദ്യം ശരിയും തെറ്റും പറഞ്ഞു ബോധ്യപ്പെടുത്തുക. ജീവിതത്തിൽ തെറ്റുകൾ തിരഞ്ഞെടുത്താൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളും ശരികളെ പുൽകിയാലുള്ള നേട്ടങ്ങളും അവന് വിവരിച്ചു കൊടുക്കുക. ഇതൊന്നും കേൾക്കാൻ അവൻ തയ്യാറല്ല എന്ന് നമുക്ക് തോന്നിയേക്കാം. ക്ഷമയോടെ കാത്തിരിക്കുക, ഈ പ്രക്രിയ തുടരുക. മനുഷ്യനെ രക്ഷിക്കാൻ ദൈവം പ്രയോഗിച്ച ഈ അറ്റകൈ 'ലവ് മെതേഡ്' അല്ലാതെ മനുഷ്യ ശിക്ഷണത്തിന് നമുക്കും മറ്റൊരു മാർഗ്ഗമില്ല.



www.malankaralibrary.com


# വിശുദ്ധിയും സമാധാനവും

ഹെബ്രായ ലേഖന കർത്താവ് വിശുദ്ധിക്കുവേണ്ടി ഒരായിരം പുണ്യങ്ങളുടെ അഭ്യാസമല്ല നിർദ്ദേശിക്കുന്നത്; പിന്നെയോ സമാധാനവും ദൈവകൃപയുമാണ്. വിശുദ്ധർ സമാധാന പ്രിയരായിരിക്കും. എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുവാൻ അവർക്കറിയാം. അസമാധാനം സൃഷ്ടിക്കാവുന്ന ഏത് സാഹചര്യങ്ങളെയും ത്യാഗത്തോടും സമചിത്തതയോടും സമീപിക്കുന്നതുകൊണ്ട് അവർക്ക് സമാധാനം സ്ഥാപിക്കാൻ സാധിക്കുന്നു. അഷ്ടഭാഗ്യങ്ങളിൽ ഒന്നിന് അവർ അർഹരാകുന്നു. 'സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും' (മത്തായി 5:9) ഹെബ്രായ ലേഖനവും പറയുന്നു, 'എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച് വിശുദ്ധിയ്ക്കുവേണ്ടി പരിശ്രമിക്കുവിൻ' (ഹെബ്രാ. 12:14) ജീവിച്ചിരിക്കുമ്പോഴും മരിച്ചു കഴിഞ്ഞും ക്രിസ്തുദർശനം ലഭിക്കുന്നവരാണല്ലോ വിശുദ്ധർ. വചനം തറപ്പിച്ചു പറയുന്നു, 'വിശുദ്ധി കൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല' (ഹെബ്രാ. 12:14) മനുഷ്യന്റെ വിദ്വേഷം ദൈവകൃപ നിരസിച്ചു കളയുമെന്നും അത് അവനെ അശുദ്ധനാക്കുമെന്നും ദൈവവചനമുണ്ട് (ഹെബ്രാ. 12:15). ഇവിടെ എന്താണ് നമ്മൾ മനസ്സിലാക്കേണ്ടത് വിശുദ്ധിയും സമാധാനവും അശുദ്ധിയും വിദ്വേഷവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നല്ലേ? ഇതൊന്നും തിരിച്ചറിയാതെയാണോ ഇന്നത്തെ നമ്മുടെ സഭകളും സഭാതലവന്മാരും തമ്മിൽ തെരുവ് യുദ്ധം നടത്തുന്നത്! ഇതൊക്കെ കാണുമ്പോൾ ഒരു സത്യക്രിസ്ത്യാനിയുടെ തല കുനിഞ്ഞു പോകുന്നു. ജീവിതത്തിലെ ആർഭാടങ്ങൾ എത്ര കൂട്ടിയാലും ലോഹയുടെ തൊങ്ങലുകൾക്ക് നീളം വർധിപ്പിച്ചാലും സ്നേഹവും സമാധാനവുമില്ലെങ്കിൽ കർത്താവിനെ ദർശിക്കുവാൻ കഴിവില്ലാത്ത അശുദ്ധരായി മാറും നമ്മൾ. ഇന്ന് അറിവിന്റെ കുറവില്ല; ദൈവകൃപയുടെയും വിശുദ്ധിയുടെയും നിറവാണ് ആവശ്യം.

BETHANY PUBLICATIONS
www.malankaralibrary.com


# മാറ്റമില്ലാത്ത ദൈവം

ദൈവം മാറ്റമില്ലാത്തവനാണ്. ദൈവം മാറിയാൽ ആ ദൈവം പിന്നെ ദൈവമല്ലാതാകും. ദൈവത്തിന് മാറാൻ മാത്രം കഴിയുകയില്ല. യേശുക്രിസ്തു മാറാത്തവനാണ്, കാരണം അവിടുന്ന് ദൈവമാണ്. 'യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾ തന്നെയാണ് (ഹെബ്രാ. 13:8). വാക്കു മാറാത്തവനെ വിശ്വസിക്കാം. ചിലരുണ്ട് വാക്കു പറഞ്ഞാൽ വാക്കാണ്. ഇന്നലെ ഒരു വാക്ക് പറഞ്ഞ ആ ഞാൻ തന്നെയാണ് ഇന്നത്തെ ഈ ഞാൻ. യേശു ക്രിസ്തുവിനെ പോലെയുള്ളവർ അവനെപ്പോലെ ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെയായിരിക്കും. ഇതിൽ ഒരു ദൈവീകതയുണ്ട്. വിശ്വാസവും വിശ്വസ്തതയും ഒന്നിച്ചു പോകുന്നതാണ്. യേശുക്രിസ്തുവാകുന്ന ദൈവം മാറ്റമില്ലാത്തവനാണെങ്കിൽ അവിടുത്തെ ശിഷ്യർക്കും മാറാൻ കഴിയില്ല. ഇവിടെ മാറ്റം കൊണ്ട് അർത്ഥമാക്കുന്നത് സത്താപരമായ മാറ്റമാണ്. എന്നെ ഞാനാക്കുന്നതാണല്ലോ എന്റെ സത്ത. സത്താപരമായി മനുഷ്യന് മാറാൻ സാധിക്കുകയില്ല. എന്നാൽ അതിനോടനുബന്ധിച്ചുള്ള മറ്റു ഘടകങ്ങൾ മാറാം. ചിലത് മാറ്റേണ്ടതുണ്ട്. ദുസ്വഭാവത്തിൽ നിന്ന് സൽസ്വഭാവത്തിലേക്ക് മാറണം. ദുരാചാരങ്ങളിൽ നിന്നും, ജീർണിച്ച പാരമ്പര്യങ്ങളിൽ നിന്നും മനുഷ്യൻ മാറണം. അശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേക്ക് മാറണം. തിന്മയിൽ നിന്നും നന്മയിലേക്ക് മാറണം. ഈ മാറ്റങ്ങളൊക്കെ അനിവാര്യമായി വരുന്നത് മനുഷ്യൻ അപൂർണ്ണനായതുകൊണ്ടാണ്. അവൻ ദൈവസ്വഭാവിയായി കഴിഞ്ഞാൽ, യേശുക്രിസ്തുവിനെ പോലെയായി കഴിഞ്ഞാൽ പിന്നെ മാറ്റമില്ല. കാരണം ദൈവം മാറ്റമില്ലാത്തവനാണ്. അവൻ ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെ.



BETHANY PUBLICATIONS
www.malankaralibrary.com


# വിശുദ്ധർ

വിശുദ്ധ കത്തോലിക്കാ സഭയിൽ ഒരാളെ ഔദ്യോഗികമായി വിശുദ്ധൻ എന്ന് വിളിച്ച് പ്രഖ്യാപിക്കുന്നത് മാർപാപ്പയാണ്. വിശുദ്ധൻ എന്ന് വിളിക്കപ്പെടേണ്ട ആൾ വിശുദ്ധനായിരു ന്നുവെന്ന് സഭാതലവന് പൂർണ്ണ ബോധ്യം വന്നാലെ അദ്ദേഹമത് ചെയ്യുകയുള്ളൂ. 'കാനനൈസേഷൻ' പ്രോസസിൽ പല ഘട്ടങ്ങളിലൂടെ ആ ആൾ കടന്നുപോകണം. ദൈവദാസൻ, ധന്യൻ, വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ എന്നിങ്ങനെ അത് ഒരു നീണ്ട പദ്ധതിയാണ്. ഇതിന് കാലപരിധിയൊന്നുമില്ല. തന്നെയുമല്ല ഈ പ്രോസസ് തുടങ്ങുന്നത് ഒരാൾ മരിച്ച് ഒരു നിശ്ചിത കാലം കഴിഞ്ഞു മാത്രമേ പാടുള്ളൂ എന്നും നിയമമുണ്ട്. അത്ഭുതങ്ങൾ തുടങ്ങി പല തെളിവുകളും ഹാജരാക്കണം. ഇതെല്ലാം 'ഡെവിൾസ് അഡ്വക്കേറ്റ്' വിചാരണ വേളയിൽ നിരാകരിക്കാൻ കഠിനമായി ശ്രമിക്കും. അതിനെയെല്ലാം അതിജീവിച്ച് കേസ് ജയിച്ചെങ്കിൽ മാത്രമേ വിശുദ്ധപദവി പ്രഖ്യാപനത്തിന് ഒരാൾ റെക്കമെന്റ് ചെയ്യപ്പെടുകയുള്ളൂ. കത്തോലിക്കാ സഭയുടെ രീതികളെ കുറിച്ച് പരിചയമില്ലാത്തവർക്ക് വേണ്ടിയാണ് ഇത് കുറിച്ചത്. ഇന്ന് സഭയുടെ രീതി ഇതാണെങ്കിലും ആദിമസഭ എന്താണ് ചെയ്തത് എന്ന് ശ്രദ്ധിക്കുക. യേശുവിന്റെ ശിഷ്യർ, സത്യ ക്രിസ്ത്യാനികൾ, അവർ പരസ്പരം സംബോധന ചെയ്തിരുന്നത് 'വിശുദ്ധൻ' എന്നായിരുന്നു. ഹെബ്രായർ ലേഖന കർത്താവ് എഴുതുന്നു: 'നിങ്ങളുടെ നേതാക്കൾക്കും എല്ലാ വിശുദ്ധർക്കും വന്ദനം പറയുവിൻ' (ഹെബ്രാ. 13:24). നേതാക്കൾ വിശുദ്ധരല്ല എന്നൊരു വ്യംഗ്യാർത്ഥം ഉണ്ടെന്നു തോന്നുന്നില്ല. എന്തായാലും ഹെബ്രായ ദേശത്തുള്ള എല്ലാ ക്രിസ്ത്യാനികളെയുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അന്ന് അവർക്ക് അതിനുള്ള ധൈര്യമുണ്ടായിരുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ ഒരാളെ വിശുദ്ധൻ എന്ന് വിളിക്കാൻ സാധിച്ചാൽ ആ ആളാണ് യഥാർത്ഥ വിശുദ്ധൻ. മാർപ്പാപ്പയ്ക്ക് അത് നല്ലൊരു തെളിവുമായിരിക്കും.



BETHANY PUBLICATIONS
www.malankaralibrary.com


# ഉള്ളവനും ഇല്ലാത്തവനും

ഉള്ളവൻ ആര്
ഇല്ലാത്തവൻ ആര്
ഉള്ളത് എന്ത്
ഇല്ലാത്തത് എന്ത്
ഉള്ളതൊന്നും ഉള്ളതല്ല.
ഇല്ലാത്തതൊന്നും ഇല്ലാത്തതുമല്ല.
ഇല്ലാത്തതെല്ലാം
ഉള്ളവനെ ഏൽപ്പിച്ചിരിക്കുകയാണ്.
ഉള്ളതെല്ലാം ഇല്ലാത്തവന് വേണ്ടിയുള്ളതാണ്.
ഇല്ലാത്തവന് ഒന്നുമില്ല.
ഉള്ളവന് എല്ലാമുണ്ട്.
ഇല്ലാത്തവൻ ചോദിച്ചു വാങ്ങട്ടെ.
ഇല്ലാത്തവൻ ഉള്ളവനോട് ചോദിക്കട്ടെ.
ഇല്ലാത്തവൻ ചോദിച്ചത് ഉള്ളവൻ കൊടുക്കട്ടെ.
ഇല്ലാത്തവന് കൊടുക്കാൻ ഉള്ളവനെ സാധിക്കൂ.
ഉള്ളവന് ഉണ്ടായതും ഇല്ലാത്തവന് ഇല്ലാതായതും ഉള്ളവന്റെ നന്മ കൊണ്ടും ഇല്ലാത്തവന്റെ തിന്മ കൊണ്ടുമല്ല.
ഉള്ളവന് ഉണ്ടായിരിക്കുന്നത് ഇല്ലാത്തവന് നഷ്ടമല്ല.
ഉള്ളവൻ ഉണ്ടാകണമെന്ന് ദൈവനിശ്ചയം കൂടിയാണ്.
ഉള്ളവൻ ഉണ്ടെങ്കിലേ ഇല്ലാത്തവന് കൊടുക്കാനാവൂ.
ഇല്ലാത്തവൻ മനുഷ്യനാണ്, ഉള്ളവൻ ദൈവവും.
ഇല്ലാത്തവൻ ഉള്ളവനായ കഥയുണ്ട്.
ഉള്ളവൻ ഇല്ലാത്തവനായ കഥയുമുണ്ട്.
ഇല്ലാത്തവനും ഉള്ളവനും ഒന്നായി കഴിഞ്ഞാൽ പിന്നെ, ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വ്യത്യാസമില്ല.
ഇല്ലാത്തതും ഉള്ളതും തമ്മിലുള്ള വ്യത്യാസമില്ല.
ഉള്ളത് ഇല്ലാത്തതിൽ അലിഞ്ഞുചേരുന്നു.
ഇല്ലാത്തത് ഉള്ളതിൽ വിലയം പ്രാപിക്കുന്നു.
ഉള്ളവനേയും ഇല്ലാത്തവനേയും തിരിച്ചറിഞ്ഞ് ഫ്രാൻസിസ് ഒരിക്കൽ പാടി.
ഇല്ലാത്തവൻ ഞാനല്ലയോ ഉള്ളവൻ നീയും.
അങ്ങനെ ഉള്ള നീയും ഇല്ലാത്ത ഞാനും ഒന്നാകും വരെ ഇല്ലെനിക്ക് ശാന്തി! ഈശ്വരാ.

www.malankaralibrary.com


# കുടുക്ക്

യാക്കോബ് ശ്ലീഹ തന്റെ ലേഖനത്തിൽ ഒരു കുടുക്ക് പ്രയോഗം നടത്തുന്നുണ്ട്. അതായത് നമ്മൾ ചിലപ്പോൾ ഒരു കുടുക്കിൽ അകപ്പെടുന്നതിനെ കുറിച്ചാണ് പറയുന്നത്. അതിപ്രകാരമാണ്; 'ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നത് സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ട് കുടുക്കിലാകുമ്പോഴാണ് (യാക്കോ. 1:14) മനുഷ്യജീവിതത്തിൽ ഓരോ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ നാം പറഞ്ഞ് ആശ്വസിക്കാറുണ്ട്, അത് ദൈവത്തിന്റെ പരീക്ഷയാണ്. എന്നാൽ ദൈവ വചനം പറയുന്നു, 'ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല, അവിടുന്ന് ആരെയും പരീക്ഷിക്കുന്നുമില്ല' (യാക്കോ. 1:13). എന്നാൽ പരീക്ഷ നമുക്ക് അനുഭവപ്പെടുന്നുമുണ്ട്. അതെങ്ങനെ സംഭവിക്കുന്നുവെന്ന് ശ്ലീഹ വിശദീകരിക്കുന്നതിങ്ങനെയാണ്, 'ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു' (യാക്കോ. 1:15). ഇതാണ് മുകളിൽ പറഞ്ഞ കുടുക്ക്. മനുഷ്യന്റെ ദുർമോഹങ്ങളാകുന്ന കുടുക്ക്. കൃഷിനാശം വരുത്തുന്ന പന്നിയെ പിടിക്കാൻ കൃഷിക്കാർ കുടുക്ക് വെയ്ക്കാറുണ്ട്. കുടുക്കിൽ പന്നി അറിയാതെ അകപ്പെട്ടാൽ പിന്നെയത് ജീവനോടെ രക്ഷപ്പെടുകയില്ല. ഇതു പോലെയാണ് മനുഷ്യജീവിതത്തിൽ ദുർമോഹങ്ങളാകുന്ന കുടുക്കുകൾ. ദാമ്പത്യ ജീവിതത്തിലുള്ള അവിശ്വസ്തതകളും, അമിതപലിശയ്ക്ക് വേണ്ടിയുള്ള പണമിടപാടുകളും, ഇന്റർനെറ്റ് അനാവശ്യ ചാറ്റുകളും, കടം പദ്ധതികളുമെല്ലാം ദുർമോഹങ്ങളുടെ ചില കുടുക്കുകളാണ്. അതിലൊക്കെ അകപ്പെട്ടിട്ടുണ്ടെങ്കിൽ നല്ല ജീവനോടെ തിരിച്ചു കര കയറുകയില്ല. മനുഷ്യന്റെ ആത്മീയ മരണത്തിന്റെ സഞ്ചാരപഥം ഇതാണ്; ദുർമോഹം > പാപം > മരണം. വെറുതെ ദൈവ പരീക്ഷയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.



BETHANY PUBLICATIONS
www.malankaralibrary.com


# അന്ത്യകൂദാശ

ആദിമ ക്രൈസ്തവ സഭയിൽ ഒരാൾക്ക് അസുഖം വന്നാൽ ആദ്യം സഭയിലെ മൂപ്പനെ അറിയിക്കുകയും അദ്ദേഹം വാഴ്ത്തിയ തൈലവുമായി വന്ന് രോഗിയെ തൈലാഭിഷേകം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. 'നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവന് സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവര് കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ' (യാക്കോ. 5:14) അതിനുശേഷമാണ് വൈദ്യസഹായം തേടിയിരുന്നത്. വാഴ്ത്തിയ തൈലം രോഗിയുടെ ആത്മാവിനെയും ശരീരത്തെയും ഒരുപോലെ സുഖപ്പെടുത്തിയിരുന്നു. ഈ തൈലലേപനം കാലക്രമത്തിൽ ഒരു കൂദാശയായി സഭ അംഗീകരിച്ചു. വിശുദ്ധ കുർബാന പോലെയും കുമ്പസാരം പോലെയും ഒരു രോഗി സ്വീകരിച്ചു കൊണ്ടിരുന്ന കൂദാശയായിരുന്നു തൈലാഭിഷേകം. കൂദാശ പരികർമ്മം ചെയ്യേണ്ടത് പുരോഹിതനായതുകൊണ്ടും സമയത്ത് പുരോഹിത സേവനം ലഭിക്കാനുള്ള കാല താമസം കൊണ്ടും രോഗിലേപന കൂദാശ സ്വീകരിക്കുന്നത് ചുരുങ്ങിപ്പോയതായിരിക്കണം. കൂടാതെ വൈദ്യരംഗം വളരെ പുരോഗമിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ഈ കൂദാശ സ്വീകരിക്കുന്നത് വൈദ്യം ഫലിക്കാതെ വരികയും രോഗി മരണാസന്നനാകുകയും ചെയ്യുമ്പോഴായി. അങ്ങനെ രോഗികളുടെ ഈ കൂദാശ മരണത്തിനു തൊട്ടു മുമ്പുള്ള കൂദാശയായി മാറി. ഇനിയും മറ്റൊരു കൂദാശയും സ്വീകരിക്കാൻ കഴിവില്ലാത്ത രോഗിയ്ക്ക് ഇത് അന്ത്യ കൂദാശയുമായി. രോഗികളുടെ തൈലാഭിഷേക കൂദാശയുടെ നാൾവഴി ഇങ്ങനെയായിരിക്കെ ഈ അനുഗ്രഹ കൂദാശയ്ക്ക് ഒരു ഭീഭൽ സമുഖം നാം ചാർത്തിക്കൊടുത്തു. രോഗിക്ക് ഈ കൂദാശ കൊടുക്കുന്നത് മരണത്തിനുള്ള വിസ നൽകുന്നതു പോലെയായി. മരണത്തോട് മല്ലടിച്ചു കിടക്കുന്ന അപ്പാപ്പൻ ളോഹ ധരിച്ച അച്ചനെയും അച്ചന്റെ കയ്യിലെ തൈലവും കൈ തുടയ്ക്കാനുള്ള പഞ്ഞിയും കാണുമ്പോൾ അച്ചന്റെ കയ്യിലിരിക്കുന്ന പഞ്ഞി തന്റെ മൂക്കിൽ തിരുകാനാണെന്നുള്ള കണക്കുകൂട്ടലിൽ അച്ചൻ സൂർപ്ലീസ് അല്ലെങ്കിൽ ഹൈമ്നിയ കഴുത്തിലേക്ക് വീശി ഇടുമ്പോഴേക്കും പേടികൊണ്ട് അപ്പാപ്പന്റെ പകുതി അടഞ്ഞ കണ്ണ് പൂർണ്ണമായി അടഞ്ഞിരിക്കും. നോക്കണേ, നല്ലൊരു കൂദാശ, മരണ കൂദാശയായി പരിണമിച്ചത്!

BETHANY PUBLICATIONS
www.malankaralibrary.com


# നിങ്ങൾ

നമ്മൾ എന്തായിരിക്കണമെന്നോ എന്ത് ചെയ്യണമെന്നോ ഒരാൾ നിർദ്ദേശിക്കുകയോ ഉപ ദേശിക്കുകയോ ചെയ്താൽ അതിന് അയാൾക്ക് അധികാരവും അവകാശവും ഉണ്ട് എന്നതിനാലാണ് നാം അതിനെ സ്വീകരിക്കുന്നത്. മാതാപിതാക്കൾ മക്കളോടും അധ്യാപകർ വിദ്യാർത്ഥികളോടും സഭാധികാരികൾ സഭാമക്കളോടും അനുശാസിക്കുന്നത് അവർക്കതിന് അധികാരവും ചുമതലയും ഉള്ളതുകൊണ്ടാണ്. ഇപ്രകാര മുള്ള ഇടപെടലുകളിലൂടെയാണ് സമൂഹത്തിൽ സനാതന മൂല്യങ്ങൾ നിലനിന്നു പോകുന്നത്. യേശുക്രിസ്തു ശിഷ്യന്മാരെ ഉപദേശിച്ചു. അവിടുത്തെ ഉപദേശങ്ങളും പഠനങ്ങളും സമാഹരിച്ച് ബൈബിൾ ജന്മമെടുത്തു. തുടർന്ന് ശ്ലീഹന്മാർ ആദിമ സഭയെ പഠിപ്പിച്ചു. പൗലോസ് ശ്ലീഹായുടെയും മറ്റു ശ്ലീഹന്മാരുടെയും കത്തുകളിൽ സഭാകൂട്ടായ്മകളും അതിലെ വ്യക്തികളും അനുഷ്ഠിക്കേണ്ട കാര്യങ്ങളാണ് പ്രധാനമായും വിവരിക്കപ്പെടുന്നത്. വിശുദ്ധ യാക്കോബ് ശ്ലീഹ വിവിധ സഭകൾക്ക് നല്കുന്ന ഉപദേശത്തിൽ ഒരിടത്ത് പറയുന്നു, 'നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും കോപിക്കുന്നതിൽ മന്ദഗതിക്കാരും ആയിരിക്കണം' (യാക്കോബ് 1:19). അദ്ദേഹം ഇങ്ങനെയും നിർദ്ദേശിക്കുന്നു, 'നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ' (യാക്കോബ് 1:22). ഇവിടെ യാക്കോബ് ശ്ലീഹാ ഉപദേശിക്കുന്ന 4 കാര്യങ്ങൾ ഏതൊരു ക്രൈസ്തവനും ഹൃദിസ്ഥമാക്കേണ്ടതുണ്ട്: 1. കേൾക്കുന്നതിൽ സന്നദ്ധതയുള്ളവർ 2. സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവർ 3. കോപിക്കുന്നതിൽ മന്ദഗതിക്കാർ 4. കേൾക്കുന്നവ അനുവർത്തിക്കുന്നവർ. ഈ നാല് ക്രൈസ്തവ സ്വഭാവങ്ങളുടെയും അഭാവമല്ലേ ഇന്ന് നമ്മുടെയും സമൂഹത്തിന്റേയും മൂല്യച്യുതിക്ക് കാരണമെന്ന് സംശയിച്ചു പോയാൽ അതിൽ തെറ്റുണ്ടോ? കൂടുതൽ കേൾ ക്കുക, കുറച്ച് സംസാരിക്കുക, കോപം നിയന്ത്രി ക്കുക, കേട്ടത് പ്രവർത്തിക്കുക. ശുഭദിനങ്ങൾ നമുക്ക് മുമ്പിൽ!

# ഭക്തി

ഭക്തി എന്ന സംസ്കൃത വാക്ക് 'ഭജ്ജ്' എന്ന ക്രിയാരൂപത്തിൽ നിന്നുള്ളതാണ്. അർത്ഥം: വിഭജിക്കുക, പങ്കുകൊള്ളുക, പങ്കെടുക്കുക. ആത്മീയ തലത്തിൽ ഭക്തി ഒരു ദൈവിക ബാന്ധവത്തെയാണ് സൂചിപ്പിക്കുന്നത്. ഭക്തിയെ ഇംഗ്ലീഷിലെ attachment, alliance എന്നിവയായൊക്കെയായി മനസ്സിലാക്കാം. ഭക്തി ഒരു പങ്കുചേരലാണ്. ഒരു ഒന്നാകൽ, ഭജ്ജ് ചെയ്യുന്നവൻ ഭക്തൻ. ഭക്തൻ പരാശക്തിയുമായി പങ്കുചേരുന്നു; ഒന്നാകുന്നു. ആയതിനാൽ തന്നെ ഭക്ത്യാഭ്യാസങ്ങൾ വഴിയല്ല ഒരുവൻ ഭക്തനാകുന്നത്. പിന്നെയോ യഥാർത്ഥ ഭക്തിയുടെ ബഹിർസ്ഫുരണങ്ങളാണ് ഭക്ത്യാഭ്യാസങ്ങൾ. ഏതു മതത്തിലാണെങ്കിലും കുറേ പ്രാർത്ഥനകൾ ചൊല്ലികൂട്ടുന്നതുകൊണ്ട് ഒരുവൻ ഭക്തനാകണമെന്നില്ല. ഭക്തൻ ദൈവത്തിൽ ലയിച്ചു ചേരുമ്പോഴുള്ള അവന്റെ നിശ്വാസനങ്ങളും മന്ത്രണങ്ങളുമായിരിക്കും പ്രാർത്ഥന. യഥാർത്ഥഭക്തനെ അവന്റെ ചെയ്തികളിൽ നിന്ന് തിരിച്ചറിയാമെന്ന് യാക്കോബ് ശ്ലീഹാ പറയുന്നു, 'പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക; ലോകത്തിന്റെ കളങ്കമേല്ക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക' (യാക്കോബ് 1:27). ഇവിടെ രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് : ഒന്ന്, ഞെരുക്കം അനുഭവിക്കുന്നവർക്ക്, ആശ്രയമില്ലാത്തവർക്ക്, സഹായമെത്തിക്കുക; രണ്ട്, ലൗകികതയിൽ നിന്നും സ്വയം വിമുക്തനായിരിക്കുക. ഭക്തൻ ദൈവവുമായി ചേർന്നു നിൽക്കുന്നതുകൊണ്ട് ദൈവസ്വഭാവങ്ങൾ പ്രദർശിപ്പിക്കും. മനുഷ്യരോട് പ്രത്യേകിച്ച് നിരാലംബരോട് ദൈവത്തിനുള്ള അനുകമ്പയും സ്നേഹവും ഒരു ഭക്തന്റെയും സ്വഭാവമായിരിക്കും. സാത്താന്റെ അധികാര സീമയിൽ, ലൗകീകതയിൽ ദൈവത്തിന് പങ്കില്ലാത്തതുപോലെ ഭക്തനും പങ്കില്ല. ലോകത്തിന്റെ കളങ്കമേല്ക്കാതെ അവൻ അവനു ചുറ്റും സംരക്ഷണവലയം സൃഷ്ടിക്കും. ലോക ത്തിൽ നിന്നും നമ്മെ വേർപ്പെടുത്തി ഈശ്വരൈക്യം പ്രാപിക്കുന്ന ഒരു 'ഭജ്ജ് അനുഭവം'; അതാണ് ഒരു യഥാർത്ഥ ഭക്തന്റെ ഭക്തി.

BETHANY PUBLICATIONS www.malankaralibrary.com



# വിശ്വാസവും പ്രവൃത്തിയും

'പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം ചത്തതാകുന്നു' (പരിഷ്കരിച്ച ഭാഷയിൽ അതിൽ തന്നെ നിർജീവമാണ്) (യാക്കോ. 2:17) എന്ന യാക്കോബ് ശ്ലീഹാ യുടെ ലേഖനത്തിലുള്ള ദൈവവചനം ക്രൈസ്തവരുടെയിടയിൽ സുപരിചിത മാണ്. ക്രൈസ്തവ വിശ്വാസത്തെയും ക്രൈസ്തവന്റെ പ്രവൃത്തികളെയും ഇത്ര മാത്രം പാരസ്പരിക ബന്ധിയായി അവതരി പ്പിക്കുന്നത് വിശുദ്ധ യാക്കോബ് ശ്ലീഹാ യാണ്. ഈ വചനം ഗ്രഹിക്കാൻ എന്താണ് വിശ്വാസം എന്താണ് പ്രവൃത്തി എന്ന് മനസ്സി ലാക്കേണ്ടിയിരിക്കുന്നു. ദൈവമുണ്ടെന്നും അവൻ ഏകനാകുന്നെന്നുമുള്ള വിശ്വാസം. യേശുക്രിസ്തു ദൈവമാണെന്നും അവൻ മനുഷ്യരക്ഷകനാകുന്നുവെന്നുമുള്ള വിശ്വാസം, ഇതാണ് വിശ്വാസത്തിന്റെ കാതൽ. ദൈവം ഏകനാകുന്നുവെന്നും ക്രിസ്തു ദൈവപുത്രനാണെന്നും ഏറ്റു പറയുന്നതു കൊണ്ടുമാത്രം ഒരു മനുഷ്യനും നീതീകരിക്കപ്പെടുകയില്ലെന്ന് ശ്ലീഹ ഇവിടെ അസന്നിഗ്ധമായി പറയുന്നു. വിശ്വാസം പ്രവൃത്തികളാൽ പൂർണവും പൂരിതവുമാ കണം. അപ്പോൾ എന്താണ് ഈ പ്രവൃത്തി ഒന്ന്, വിശ്വാസം സംരക്ഷിക്കാൻ വേണ്ടി ദൈവം ആവശ്യപ്പെടുന്ന പ്രവൃത്തികൾ; ഉദാഹരണം, അബ്രഹാമിന്റെ ബലി. രണ്ട്, ദൈവത്തിനുവേണ്ടി മനുഷ്യരോടുള്ള കാരുണ്യ പ്രവൃത്തികൾ (യാക്കോ. 2:15-16). കയറിക്കിട ക്കാൻ വീടില്ലാത്തവനോട് കർത്താവിന്റെ പുല്ക്കൂടിന്റെ ദൈവ ശാസ്ത്രം പ്രസംഗിച്ചിട്ട് കാര്യമില്ല. തണുപ്പ കറ്റാൻ ഒരു തുണ്ടു തുണി ചോദിക്കുമ്പോൾ നെല്ല് പുഴുങ്ങുന്ന അടുപ്പിനരുകിലിരുന്ന് തീ കായുക എന്നും ഉപദേശിച്ചിട്ട് കാര്യമില്ല. നിന്റെ വിശ്വാസം ഉജ്വലിപ്പിക്കുന്ന ത്യാഗ പൂർണമായ പ്രവൃത്തികൾ കാണട്ടെ, ഇത്തരം പ്രവൃത്തികളിലാണ് നിന്റെ വിശ്വാസം ജഡം ധരിക്കേണ്ടത്. 'ചത്തതിനൊക്കുമേ ജീവി ച്ചിരിക്കിലും' എന്ന മട്ടിൽ ജീവിക്കുന്നവർക്ക് വിശ്വാസവും പ്രവൃത്തിയും അവരുടെ ബൈബിളിലെ ചില തലക്കെട്ടുകൾ മാത്രം.



BETHANY PUBLICATIONS www.malankaralibrary.com



# ദൈവം സ്നേഹിതൻ

മനുഷ്യരോടുള്ള നമ്മുടെ ബന്ധത്തിൽ അവരെ പല ഗണത്തിൽ ഉൾപ്പെടുത്താം. ശത്രു ക്കൾ, അപരിചിതർ, പരിചിതർ, സ്നേഹിതർ, ഉറ്റ സ്നേഹിതർ (ഇന്നത്തെ ഭാഷയിൽ 'ചങ്ക് ഫ്രണ്ട്സ്). നമ്മൾ ഒരു ദിവസം കണ്ടുമുട്ടുന്ന മനുഷ്യരെ ഇതിലേതെങ്കിലും ഒരു കാറ്റഗറിയിൽ പ്പെടുത്താം. പലരും കൊടുംശത്രുക്കളല്ലെങ്കിലും നമ്മെ സംബന്ധിച്ചിടത്തോളം പലകാര്യങ്ങളിലും അവരെ ശത്രുപക്ഷത്തെ കാണാൻ സാധിക്കുന്നുള്ളൂ. നമ്മുടെ ഇഷ്ടങ്ങൾക്കും ഇംഗിതങ്ങൾക്കും വഴങ്ങാത്തവരെ നമ്മുടെ ശത്രുക്കളായി നാം കരുതിയേക്കാം. ഭാര്യ ഭർത്താവിനും ഭർത്താവ് ഭാര്യക്കും മക്കൾ തമ്മിലും ശത്രുക്കളായി മാറിയേക്കാം. അയൽപക്കക്കാരിൽ നല്ലൊരു ശതമാനവും ഒരിക്കൽ മിത്രങ്ങളായിരുന്നവർ നിസ്സാരകാര്യത്തിന് തമ്മിൽ ശത്രുക്കളായി മാറിയേക്കാം. അപരിചിതർ ശത്രുക്കളല്ലെങ്കിലും അവരോട് നാം വിട്ടു സംസാരിക്കാറില്ല. വെറും പരിചയക്കാരോടുള്ള ബന്ധം അത്ര ആത്മാർത്ഥമെന്ന് പറയാൻ പറ്റില്ല, ഒരുമാതിരി ഹായ്, ഹായ് ബന്ധം. എന്നാൽ സ്നേഹിതനോടുള്ള ബന്ധ ത്തിന് ഒരു പ്രത്യേകതയുണ്ട്. അതിൽ ആത്മാർത്ഥതയുണ്ട്, സ്നേഹമുണ്ട്, ത്യാഗമുണ്ട്. എന്നാൽ ഉറ്റ സ്നേഹിതർ, ക്ലോസ് ഫ്രണ്ട്സ്, അവരുടെ മുമ്പിലാണ് നാം മനസ്സു തുറക്കുന്നത്. ചങ്കു പിളർന്നു കൊടുക്കുവാൻ മടികാണിക്കാത്തത്. ദൈവത്തെയും മാതാപിതാക്കളെയും ഈ അവസാനത്തെ ഗണത്തിലാണ് നാം കാണേണ്ടത്. ഉറ്റ സ്നേഹിതന്റെ അടുക്കലെ നമുക്ക് സ്വാതന്ത്ര്യമുള്ളൂ. ഉറ്റ ചങ്ങാതിമാരുടെ ഇടയിൽ മറയില്ല. എന്തും ചോദിക്കാതെ തന്നെ എടുത്തു കൊണ്ടു പോകാനുള്ള സ്വാതന്ത്ര്യം. മനുഷ്യന് ദൈവത്തോട് ഇപ്രകാരമുള്ള ഒരു ബന്ധം സ്ഥാപിക്കാൻ സാധിച്ചാൽ അവൻ രക്ഷപ്പെട്ടു. ബൈബിളിലെ അബ്രഹാം ദൈവത്തിന്റെ സ്നേഹിതൻ എന്ന് വിളിക്കപ്പെട്ടു. ദൈവം നമ്മുടെയും ചങ്ക് ഫ്രണ്ട്സ് ആകുന്ന ഒരനുഭവം ഉണ്ടാകണം.



# ചർച്ച

നേതാജി സുഭാഷ് ചന്ദ്രബോസ് ഒരിക്കൽ പറഞ്ഞു, 'ചരിത്രത്തിൽ നല്ല മാറ്റങ്ങൾ ഒരു ചർച്ച കൊണ്ടും നേടാൻ സാധിച്ചിട്ടില്ല'. നമ്മൾ ഇവിടെ ചർച്ചയോട് ചർച്ചയാണ്. ആദ്യ മനുഷ്യൻ ഉണ്ടായ കാലം മുതൽ ഭൂമിയിൽ ചർച്ച തുടങ്ങി. ആദ്യ സ്ത്രീയോട് സാത്താൻ ചർച്ച നടത്തി; വിഷയം : ....... ഹൗവ അന്നു തന്നെ വൈകിട്ട് ഭർത്താവുമായി ചർച്ച നടത്തി; വിഷയം അതുതന്നെ, HOW TO BE LIKE GOD വിഷയം മോശമല്ലയെന്നും കണ്ട ആദ്യ മനുഷ്യൻ, ആദം അന്നത്തെ ചാനൽ ചർച്ചയിൽ ആവേശത്തോടെ പങ്കെടുത്തു. ചർച്ചയുടെ ഫലം നമുക്കറിയാം. സൃഷ്ടാവായ ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധത്തെ അത് കീഴ്മേൽ മറിച്ചു കളഞ്ഞു. നെഗറ്റീവ് അല്ലാതെ പോസിറ്റീവ് ആയ ഒരു മാറ്റവും അവന്റെ സ്വഭാവത്തിൽ വരുത്താൻ മനുഷ്യന് സാധിച്ചില്ല. മനുഷ്യ സ്വഭാവത്തെ ദൈവികമാക്കാൻ ദൈവം ചരിത്രത്തിൽ പല നല്ല മനുഷ്യരുമായി ചർച്ച നടത്തി, ചില തീരുമാനങ്ങളും ഉടമ്പടികളും എടുത്തിരുന്നു. പക്ഷേ അവകൊണ്ടൊന്നും കാര്യമായ മാറ്റങ്ങൾ മനുഷ്യ സ്വഭാവത്തിൽ വരുത്തു വാൻ സാധിച്ചില്ല. അവസാനം ദൈവം അധികം ഡിസ്കഷൻസ് കൂടാതെ ഏക പക്ഷീയമായ ഒരു തീരുമാനമെടുത്തു. ലോകരക്ഷയ്ക്കായി താൻ തന്നെ മനുഷ്യനായി ഈ ലോകത്തിൽ അവതരിക്കുക. അത്ര ജനാധിപത്യപരമല്ലെന്നു തോന്നിക്കുന്ന ദൈവ ത്തിന്റെ ആ തീരുമാനം നടപ്പാക്കി. അതാണ് ക്രിസ്തു സംഭവം. ഫലം കണ്ടു; മനുഷ്യമനസ്സുകളെയും സ്വഭാവത്തെയും മാറ്റിമറിക്കുവാൻ ആ തീരുമാനം കാരണമായി. ജനാധിപത്യത്തിന് കുറവുകൾ ഉള്ളതിനാൽ മാറ്റങ്ങൾ പ്രയാസമാണ്. പകരം, എവിടെയൊക്കെ ദൈവാധിപത്യമുണ്ടോ അവിടെയൊക്കെ മാറ്റങ്ങളും അഭിവൃദ്ധിയും സുനിശ്ചിതമാണ്.



BETHANY PUBLICATIONS
www.malankaralibrary.com


# നന്ദി

രാത്രിയിൽ ഗ്രാമീണ പാതയോരത്തോടെ മെഴുകുതിരിയുടെ നുറുങ്ങ് വെളിച്ചത്തിൽ നടന്നുനീങ്ങുന്ന പഥികൻ മെഴുകുതിരിയോട് പറഞ്ഞു, 'നന്ദിയുണ്ട്', ട്ടോ. ഈ കൂരാക്കൂരിരു ട്ടിൽ നീ എനിക്ക് തുണയായി ഇല്ലാതിരുന്നെങ്കിൽ ഞാൻ എങ്ങനെ വീട് പറ്റുമായിരുന്നു, മെഴുകു തിരി തിരിഞ്ഞുനിന്ന് തനിക്ക് തീയും വെളിച്ചവും തന്ന് തന്നെ കത്തിച്ച തീപ്പെട്ടിയോടായി പറഞ്ഞു, 'നന്ദിയുണ്ട്', ട്ടോ. തക്കസമയത്ത് നീ എന്നെ കത്തിച്ചില്ലായിരുന്നെങ്കിൽ എനിക്ക് ഈ മനുഷ്യന് എങ്ങനെ വെളിച്ചം നൽകുവാൻ സാധിക്കുമായിരുന്നു. തീപ്പെട്ടി തന്റെ അടുക്കൽ കത്തിയെരിഞ്ഞു കിടന്ന തീക്കൊള്ളിയെ നോക്കി പറഞ്ഞു, 'നന്ദിയുണ്ട്', ട്ടോ. നീ എന്റെ മേൽ ഉരസിയതുകൊണ്ടാണ് തീ ഉണ്ടായതും മെഴുകുതിരി കത്തിക്കാനും മനുഷ്യന് വെളിച്ചം പകരാനും സാധിച്ചത്. തീക്കൊള്ളി തീപ്പെട്ടിയോടടുത്തു ചെന്ന് ചെവിയിൽ മന്ത്രിച്ചു, 'ഒക്കെ ശരിയാണ്, പക്ഷേ ആരും അറിയണ്ട, നമ്മൾ തമ്മിൽ ചെറിയൊരു ഉരസലും സംഘർഷവും ഉണ്ടായതുകൊണ്ടാണ് ഇതൊക്കെ സംഭവിച്ചത്. നീ അതിന് നിന്നു തന്നതിന് നന്ദിയുണ്ട്, ട്ടോ. ഒരു നന്മ പ്രവൃത്തിക്ക് പിമ്പിൽ പല സുമനസ്സുകളുടെയും കഥയുണ്ട്. റേഷനരി വാങ്ങി കടയുടെ പടിയിറങ്ങുമ്പോൾ തിരിഞ്ഞു നിന്ന് റേഷൻ കടക്കാരനോട് നന്ദി എന്ന് പറയണം. അദ്ദേഹം അരി തന്റെ കടയിൽ എത്തിച്ചവർക്ക് നന്ദി പറയണം. ആ നന്ദി അങ്ങ് ഡൽഹിയിൽ സമരം ചെയ്യുന്ന കർഷകൻവരെ എത്തിയേക്കാം. അപ്പോൾ ഒരു സിംഗ് പറയും, 'ഞങ്ങൾ വിയർപ്പും രക്തവും ഒഴുക്കി സമരം ചെയ്തിട്ടാ നിങ്ങൾക്ക് സുഗമമായി റേഷനരി കിട്ടുന്നത്. എല്ലാം ശരി, പക്ഷേ ഈ പ്രസ്ഥാനങ്ങളെയും അണ്ഡകടാഹങ്ങളേയും നിയന്ത്രിക്കാൻ പാടു പെടുന്ന ദൈവത്തിന് ആരിനി നന്ദി പറയും!



BETHANY PUBLICATIONS
www.malankaralibrary.com


# ആശയും നിരാശയും

പണ്ടൊരു കുട്ടി ക്ലാസ്സിൽ ഉറക്കെ വായിച്ചു, 'കേസവൻ ആസാന്റെ മേസ'. ടീച്ചർ തിരുത്തിക്കൊടുത്തു, 'കേശവൻ ആശാന്റെ മേശ'. കുട്ടി ആവർത്തിച്ചു, കേസവൻ ആസാന്റെ മേസ. ടീച്ചർ വീണ്ടും തിരുത്തി. കുട്ടി 'കേസവൻ' തുടർന്നു കൊണ്ടിരുന്നു. കുപിതയായ ടീച്ചർ അവസാനം മനസ്സിലാക്കുന്നു, കുട്ടിയ്ക്ക് 'ശ' അക്ഷരം തിരിയുകയില്ല. ശ സ ആയെ ഉച്ചരിക്കാൻ സാധിക്കുന്നുള്ളൂ. നിമിഷ കവിത്വമുണ്ടായിരുന്ന മലയാളം ടീച്ചർ പറഞ്ഞു, ഞാൻ ഇനി പറയുന്നത് തെറ്റ് കൂടാതെ എഴുതി എടുക്കുക. വീട്ടിൽപോയി 50 പ്രാവശ്യം ചൊല്ലണം. കുട്ടി ഹോംവർക്ക് എഴുതിയെടുത്തു: 'കേശവാ നിനക്ക് ദോശ തിന്നാൻ ആശ ഉണ്ടെങ്കിൽ ആശാന്റെ മേശ തുറന്ന് നാല് കാശ് എടുത്തു ദോശ വാങ്ങി തിന്നെടാ കേശവാ'. പിറ്റേദിവസം ടീച്ചർ കുട്ടിയെ ക്ലാസ്സിൽ എഴുന്നേൽപ്പിച്ചു നിർത്തി അവന്റെ 'സ' പ്രശ്നം മാറിയോ എന്ന് പരിശോധിച്ചു. കുട്ടി ഉറക്കെ ചൊല്ലി, 'കേസവാ നിനക്ക് ദോസ തിന്നാൻ ആസ ഉണ്ടെങ്കിൽ ആസാന്റെ മേസ തുറന്ന് നാല് കാസെടുത്തു ദോസ വാങ്ങി തിന്നടാ കേസവാ'. ടീച്ചർ ഞെട്ടി പ്പോയി, കുട്ടിയുടെ സ ശ ആയിട്ടില്ല. അല്പം നിരാശാബോധത്തോടെ ടീച്ചർ പിൻവാങ്ങി. കുട്ടിക്കിട്ടൊരു ശാപവാക്കും. 'നീ ഒരിക്കലും നന്നാവില്ല' എന്താണ് ഇവിടെ സംഭവിക്കുന്നത്. മനുഷ്യന്റെ ഒരു വികലത, തിരുത്തൽ, ശ്രമം, പരാജയം, നിരാശ! എല്ലാറ്റിനും ഒരു സ്വാഭാവിക സമയമുണ്ടെന്നും തെറ്റ് തിരുത്താൻ സാവകാശം കൊടുക്കണമെന്നും പാഠം. സ്വാർത്ഥ സ്നേഹം ദുർമോഹത്തിലേയ്ക്കും ദുർമോഹം ദുരാശയിലേക്കും ദുരാശ നിരാശയിലേക്കും ഒരുവനെ നയിക്കുന്നു. നിരാശയെ ആശയാക്കി മാറ്റുന്നവനാണ് ജീവിതവിജയി.



BETHANY PUBLICATIONS
www.malankaralibrary.com


# ശ്രേഷ്ഠന്മാർ

നായകന്മാർ സഭയിലും സംഘങ്ങളിലും രാഷ്ട്രീയത്തിലും ദൈവനിയോഗിതരാണ്. സഭ യിലെ നായകന്മാരെ പത്രോസ് ശ്ലീഹാ ശ്രേഷ്ഠ ന്മാർ എന്ന് വിളിക്കുന്നു. സഭയിൽ താനുമൊരു സഹശ്രേഷ്ഠനാണെന്ന് അദ്ദേഹം അഭിമാനം കൊണ്ടു. ഒരാൾക്ക് അങ്ങനെ വെറുതെ കയറി ശ്രേഷ്ഠനെന്ന് പ്രഖ്യാപിക്കാൻ സാധിക്കുകയില്ല. അയാൾ ക്രിസ്തുവിന്റെ സഹനത്തിന് ദൃക്സാക്ഷിയായിരിക്കണം. കൂടാതെ കർത്താവിന്റെ മഹത്വത്തിൽ പങ്കുകാരനായിരിക്കുമെന്ന് നല്ല ഉറപ്പും വേണം. ക്രിസ്തുവിന്റെ സഹനത്തിന്റെ ദൃക്സാക്ഷിയാകാൻ ഇന്ന് ജീവിച്ചിരിക്കുന്നവർക്കും സാധിക്കും. ക്രിസ്തുവിന്റെ സഹനത്തെ ഉൾകണ്ണു കൊണ്ട് കാണുകയും ആ സഹനത്തിൽ പങ്കാളിയാവുകയും ചെയ്യുന്നവനെ ദൃക്സാക്ഷി എന്ന് വിളിക്കാം. അതുവഴി അവൻ മഹത്വീകരിക്കപ്പെടുകയും ചെയ്യും. ഇങ്ങനെ ദൈവത്താൽ നിയോഗിക്കപ്പെട്ട ശ്രേഷ്ഠന്മാരുടെ സഭയിലെ ദൗത്യങ്ങൾ ഇവയൊക്കെയാണ്: 1. അജഗണത്തെ പരിപാലിക്കുക. പരിപാലനം അടിച്ചമർത്തി ഭരണമായിരിക്കരുത്. 2. പരിപാലനത്തിൽ നിർബന്ധബുദ്ധി പാടില്ല. 3. പരിപാലനം സന്മനസ്സോടും, ലാഭേച്ഛ കൂടാതെയും തീക്ഷ്ണതയോടു കൂടിയുള്ളതുമായിരിക്കണം. 4. അജഗണത്തിന്മേൽ ആധിപത്യം ചുമത്തികൊണ്ടായിരിക്കരുത്. 5. സന്മാതൃക നൽകികൊണ്ടായിരിക്കണം (1 പത്രോ. 5:2-3). രാഷ്ട്രീയ ഭരണങ്ങളിലും സഭകളിലും ലൗകിക തലത്തിലുള്ള ലീഡേഴ്സ് ധാരാളമുണ്ട്. എന്നാൽ ക്രിസ്തീയ മൂല്യങ്ങൾ സ്വായത്തമാക്കിയ ശ്രേഷ്ഠന്മാർ വിരളം. മനുഷ്യ സമൂഹത്തിൽ ലീഡേഴ്സിനെക്കാളുപരി ശ്രേഷ്ഠന്മാരെയാണ് ആവശ്യം. ലീഡേഴ്സ് സ്വയം മെനയുന്നു; ശ്രേഷ്ഠന്മാർ ദൈവത്താൽ മെനയപ്പെടുന്നു.



www.malankaralibrary.com


# തർക്കങ്ങളും ഏറ്റുമുട്ടലുകളും

തർക്കങ്ങളും ഏറ്റുമുട്ടലുകളും മനുഷ്യന്റെ കൂടെപ്പിറപ്പാണ്. ഭവനങ്ങളിലും കൂട്ടായ്മകളിലും രാഷ്ട്രീയത്തിലും ആത്മീയതയിലും എന്നു വേണ്ട മനുഷ്യ ജീവിതത്തിലെ എല്ലാ മുക്കിലും മൂലയിലും തർക്കങ്ങളുടേയും ഏറ്റുമുട്ടലുകളു ടേയും പൊട്ടിത്തെറികൾ അങ്ങിങ്ങായി കാണാം. വിശുദ്ധ യാക്കോബ് ശ്ലീഹായുടെ ഭാഷയിൽ ഇവയ്ക്കെല്ലാം മൂലകാരണം ലൗകീക തൃഷ്ണ യാണ്. ലോകവും ലോകത്തിലുള്ള വയും മോശമായിട്ടല്ല; പിന്നെയോ ലോക ത്തിലുള്ളവയെല്ലാം വെട്ടിപ്പിടിക്കാനുള്ള മനുഷ്യന്റെ അതിരുകടന്ന അഭിവാഞ്ചയാണ് എല്ലാറ്റിനും കാരണം. അതുകൊണ്ടായി രിക്കാം, ശ്രീബുദ്ധന്റെ ജ്ഞാനം ലോകത്തെ പഠിപ്പിച്ചത്; മനുഷ്യന്റെ പാപ കാരണം അവന്റെ ആഗ്രഹങ്ങളാണ്. ആഗ്രഹങ്ങളെ നിഗ്രഹിക്കുക, നീ വിമോചിതനാകും, നിനക്ക് മോക്ഷം കിട്ടും. സ്വർഗ്ഗപ്രാപ്തിയ്ക്കു വേണ്ടി ലോകത്തെയും ലൗകീക തൃഷ്ണയും ഉപേക്ഷി ക്കുവാൻ ക്രിസ്തുവും ക്രിസ്തു ശിഷ്യരും നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ തത്വങ്ങളൊക്കെ പുസ്തകത്തിന്റെ താളു കളിലും ചില ജീവിത താളുകളിലും കുറിച്ചി ട്ടിട്ട് നൂറ്റാണ്ടുകൾ എത്ര കഴിഞ്ഞു! എത്രപേർ ഈ വിഷയങ്ങളെ കുറിച്ച് പഠിച്ച് പുസ്തക മെഴുതി ഡോക്റ്ററേറ്റ് സമ്പാദിച്ചു! എന്നിട്ടു മെന്തേ ഇതെഴുതി പിടിപ്പിച്ചവർക്കൊക്കെ പറഞ്ഞുവെച്ചതൊക്കെ പ്രാക്ടീസ് ചെയ്യണ മെന്ന് തോന്നിയില്ല! എത്രയോ പേർ ഈ പുണ്യ ഗ്രന്ഥങ്ങളൊക്കെ ആദരപൂർവ്വം വായിച്ച് അത്ഭുത സ്തബ്ദരായി തല കുലുക്കി സമ്മതിച്ചു! എന്നിട്ടുമെന്തേ നൈമി ഷികമായ സ്വന്തം ജീവിതത്തിൽ ഇതൊന്നു ജീവിച്ചിട്ട് കണ്ണടയ്ക്കണമെന്നുള്ള ആഗ്രഹം മാത്രം സൗകര്യപൂർവ്വം മാറ്റി വയ്ക്കുന്നു. നമ്മുടെ ഇടയിൽ തർക്കങ്ങൾ, ശണ്ഠ, അവകാശവാദങ്ങൾ, പരാതി, പിണക്കം, പക പോക്കൽ...! ഹോ പണ്ടാരാണ്ടു പറഞ്ഞതു പോലെ ചിന്തിച്ചാൽ ഒരു അന്തവുമില്ല, ചിന്തിച്ചില്ലേൽ ഒരു കുന്തവുമില്ല!



BETHANY PUBLICATIONS
www.malankaralibrary.com


# ദുരാശ

ഏഴ് വയസ്സുള്ള ഒരു കുട്ടി ഉണ്ണാനിരുന്നു. അമ്മ വിഭവങ്ങളെല്ലാം വിളമ്പി. അവൻ ഊണ് സ്റ്റാർട്ട് ചെയ്തത് ചിക്കൻ കറിയുടെ പാത്രം കാലിയാക്കികൊണ്ടാണ്. ചോറുൾപ്പെടെ മറ്റ് ഐറ്റംസിൽ അവൻ വിരലിട്ട് ഇളക്കി കൊണ്ടി രുന്നു. ഇടയ്ക്കിടെ അമ്മയുടെ മുഖത്തേക്ക് നോക്കുന്നുമുണ്ട്. മകന്റെ ചിക്കൻ പ്രിയം അറി യാമായിരുന്ന അമ്മ ഒന്ന് രണ്ടു പ്രാവശ്യം കൂടി ചിക്കൻ പാത്രം നിറച്ചു. പാത്രത്തിൽ നിന്നു തവി എടുക്കുന്നതിനു മുമ്പേ ചിക്കൻ പറന്നു പൊയ്ക്കൊണ്ടിരുന്നു. പിന്നങ്ങോട്ട് അമ്മ അവന്റെ ചിക്കൻ പാത്രത്തിലേക്ക് നോക്കാതായി. ചിക്കൻ ആവിയായി പോയ ചിക്കൻ പാത്രത്തിലേക്ക് കൈചൂണ്ടി അവൻ അമ്മയോട് ആഗ്യം കാണിച്ചു, 'സ്വല്പം കൂടെ' അമ്മ കേട്ട മട്ടേ കാണിച്ചില്ല. പയ്യന്റെ അകത്തുപോയ ചിക്കൻസ് എല്ലാം കൂടി ഒന്നിച്ച് എഴുന്നേറ്റു നിന്ന് ചെക്കന്റെ അമ്മയ്ക്ക് എതിരായി ആക്രോശിച്ചു, 'ബാക്കിയുള്ള ചിക്കനെ ഞങ്ങടെ കൂടെ വിട്ടുതരിക'. വിട്ടുകൊടുക്കുംവരെ അവർ ആ അമ്മയുടെ പൂഴ്ത്തിവെപ്പിനെതിരെ സന്ധിയില്ലാ സമരം പ്രഖ്യാപിച്ചു. സ്വന്തം അമ്മയെന്നല്ല, മറ്റാരെങ്കിലും ആ പയ്യൻസിന് വീണ്ടും ഉടനെ ഇറച്ചി കഴിക്കാൻ കൊടുക്കുമോ കൊടുത്താൽ അവന് അജീർണം പിടിച്ച് ചത്തു പോകുമെന്ന് അറിയാവുന്ന ആരും ആ കടുംകൈ ചെയ്യത്തില്ല. രംഗം കണ്ടുകൊണ്ട് നിന്ന എന്റെ മസ്തിഷ്കത്തിൽ ഒരു ദൈവവചനം ഫ്ളാഷ് ചെയ്തു, 'ചോദിച്ചിട്ടും നിങ്ങൾക്ക് ലഭിക്കുന്നില്ലെങ്കിൽ അത് നിങ്ങളുടെ ദുരാശകളെ തൃപ്തിപ്പെടുത്താൻ നിങ്ങൾ തിന്മയായിട്ടുള്ളവ ചോദിക്കുന്നതുകൊണ്ടാണ്' (യാക്കോ. 4:3) ആശ ദുരാശയായി മാറുമ്പോൾ അത് തിരിച്ചറിയുന്ന ദൈവം നമ്മോടുള്ള സ്നേഹം നിമിത്തം ചോദിച്ചത് തരണമെന്നില്ല. അതുകൊണ്ട് എല്ലാം ചോദിച്ചിട്ടേക്കുക, കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടുക. അതുതന്നെ കരണീയം.



www.malankaralibrary.com


# ഇന്റർവ്യൂ

ഞാൻ അടുത്തിടെ ദൈവവുമായി ഒരു ഇന്റർവ്യൂ നടത്തി. നിസ്സാരനായ എന്റെ ഇന്റർ വ്യൂവിന് ഇരുന്നുതന്ന സാക്ഷാൽ ദൈവത്തിന്റെ വിനയ മനോഭാവത്തിന് നമോവാകം. ഇത്ര വലിയവന് ഇത്ര ചെറുതാകാൻ ഒരു ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ എന്നു ധരിച്ചപ്പോൾ തരിച്ചു നിന്നു പോയി.

*ഞാൻ : ലോകത്തിൽ എല്ലാവരും അങ്ങേ അംഗീകരിക്കുന്നുണ്ടോ?

ദൈവം : ഉണ്ടെന്ന് തോന്നുന്നില്ല; ഉണ്ടായിരുന്നെങ്കിൽ ഇത് എന്നേ സ്വർഗ്ഗമായേനെ.

*ഞാൻ : അംഗീകരിക്കാത്തവരോട് അവിടുത്തേയ്ക്കുള്ള സമീപനം.

ദൈവം : അത് അവരുടെ സ്വാതന്ത്ര്യം; മനുഷ്യന് സ്വാതന്ത്ര്യം കൊടുത്താണല്ലോ ഞാനവരെ സൃഷ്ടിച്ചിരിക്കുന്നത്.

*ഞാൻ : അവിടുത്തെ അസ്ഥിത്വത്തെ നിരാകരിക്കത്തക്കതുപോലെയുള്ള സ്വാതന്ത്ര്യം അവർക്ക് കൊടുക്കേണ്ടതുണ്ടായിരുന്നോ?

ദൈവം : എങ്കിലല്ലേ അവരെ എന്റെ ച്ഛായയിൽ സൃഷ്ടിച്ചു എന്ന് പറയാൻ സാധിക്കുകയുള്ളൂ. അവർ അംഗീകരിക്കാത്തതുകൊണ്ട് ഞാൻ ഞാനല്ലാതായി മാറുന്നില്ലല്ലോ. കുടിക്കുന്ന വെള്ളം, വെള്ളമാണെന്ന് അംഗീകരിക്കാത്തതുകൊണ്ട് അത് വെള്ളമല്ലാതായി മാറുന്നില്ലല്ലോ.

*ഞാൻ : അങ്ങയെ അംഗീകരിക്കുന്നവരെയും നിരാകരിക്കുന്നവരെയും ഒരുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്യുന്നതിൽ അല്പം അനീതിയില്ലേ?

ദൈവം : ഈ ചോദ്യം മുടിയനായ പുത്രന്റെ ജേഷ്ഠൻ അപ്പനോട് ചോദിച്ചതാണ്. അതിന്റെ ഉത്തരവും അവിടെ ലഭ്യമാണ്. അത് എന്റെ ഇഷ്ടം; എന്റെ മുതൽ കൊണ്ട് എനിക്കിഷ്ടമുള്ളത് ചെയ്യാൻ പാടില്ലെന്നോ.

*ഞാൻ : (ഉത്തരം മുട്ടി നിന്നുപോയി) നന്ദിയുണ്ട്, ഇത്രയും നേരം എനിക്കുവേണ്ടി ചെലവഴിച്ചതിന്. നന്ദി.

(ഞാൻ കൈകൂപ്പി)

BETHANY PUBLICATIONS
www.malankaralibrary.com


# ആത്മീയത ആധ്യാത്മികത

ആത്മീയത എന്ത്? ആധ്യാത്മികത എന്ത്? ഇവ തമ്മിലുള്ള ബന്ധം തമ്മിൽ വ്യത്യാസമുണ്ടോ? ഇന്നിന്റെ അറിവ് ഭണ്ഡാരമായ ഗൂഗിൾ സേർച്ചിൽ ഇവയ്ക്കൊക്കെ കൃത്യമായ നിർവചനങ്ങൾ കിട്ടാൻ ബുദ്ധിമുട്ടാണ്. കാരണവുമുണ്ട്. വിഷയങ്ങളെക്കുറിച്ച് അവഗാഹം ഉണ്ടായിരിക്കുകയും വിഷയങ്ങൾ ജീവിതഗന്ധിയാക്കുകയും ചെയ്യുന്നവർ വേണ്ടേ ഗൂഗിളിൽ വിജ്ഞാനങ്ങൾ പോസ്റ്റ് ചെയ്യാൻ. ആരെങ്കിലും ആധികാരികമായി കാര്യങ്ങൾ അവതരിപ്പിച്ചാലും ആർക്കും കയറി അത് എഡിറ്റ് ചെയ്യാനും സ്വന്ത അഭിപ്രായങ്ങൾ സ്ഥാപിക്കാനും സ്വാതന്ത്ര്യവും അവസരങ്ങളും ധാരാളമാണ്. അപ്പോൾ ഗൂഗിളിനെയും ആശ്രയിക്കാൻ പറ്റില്ലെന്നോ ഒരു പരിധിവരെ സാധിച്ചേക്കും, എന്നാൽ ഒരു അന്തിമ വാക്കായി കണക്കാക്കാൻ പറ്റുമോ ആവോ!

ആത്മീയത ആത്മാവുമായി ബന്ധപ്പെട്ടതല്ലേ ആത്മാവ് മനുഷ്യന് മാത്രമല്ലേ ഉള്ളൂ. അപ്പോൾ ആത്മീയത മനുഷ്യനെ സംബന്ധിച്ചുള്ള കാര്യമാണ്. മനുഷ്യൻ ജഡവും ആത്മാവും ഒന്നിച്ചു കൂടിയതാണ്. ശരീരം ഗോചരവും ആത്മാവ് അഗോചരവും. ശരീരം സ്പർശനീയം ആത്മാവ് അസ്പർശം. ശരീരം നശ്വരവും അഴിവുള്ളതും. ആത്മാവ് അനശ്വരവും അഴിവില്ലാത്തതും. അഴിഞ്ഞു പോകുന്ന ശരീരത്തെ അതേ തരത്തിൽ നിലനിർത്താൻ ഒരു സൃഷ്ടിക്കും സാധിക്കുന്നില്ല. ആത്മാവ് അതു പോലെയല്ല, അത് എന്നും നിലനിൽക്കും. അത് എവിടെയായിരിക്കണം. സ്വർഗ്ഗത്തിലോ നരകത്തിലോ എന്നു നിശ്ചയിക്കുന്ന മനുഷ്യജീവിതശൈലിയെയായിരിക്കാം ആധ്യാത്മികത എന്ന് വിളിക്കുന്നതെന്നു തോന്നുന്നു.



BETHANY PUBLICATIONS
www.malankaralibrary.com


# ഭക്ഷണം

ചെടിയ്ക്ക് വളവും വെള്ളവും പോലെയാണ് ശരീരത്തിന് ഭക്ഷണവും വ്യായാമവും. മനുഷ്യൻ കഴിക്കുന്ന മരുന്ന് ചെടിക്ക് തളിക്കുന്ന കീടനാശിനിയുടെ ഉപയോഗമേയുള്ളൂ. കഴിക്കുന്ന ഭക്ഷണം ദഹിച്ച് ഊർജ്ജമായി മാറിയെങ്കിലേ ശരീരത്തിന് നിലനില്പുള്ളൂ. അപ്പോൾ ശരീരത്തെ നിലനിർത്താനും ശരീരത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും വേണ്ട ഊർജ്ജം സംഭരിക്കാൻ വേണ്ടി മാത്രം ഭക്ഷണം കഴിക്കുക. ചെടിക്ക് വളം കുറഞ്ഞാലും കൂടിയാലും കുഴപ്പമാകുന്നതു പോലെയാണ് ശരീരത്തിന് ഭക്ഷണകാര്യവും. അത് താഴെയും മുകളിലുമുള്ള പരിധി ലംഘിക്കാൻ പാടില്ല. ഭക്ഷണ സാധനങ്ങൾക്ക് ദാരിദ്ര്യം ഇല്ലാത്തവർക്ക് ഭക്ഷണം കഴിപ്പ് ഒരു ആർഭാടവും ആഘോഷവുമായി മാറാറുണ്ട്. ദേവാലയത്തിൽ രണ്ടും മൂന്നും മണിക്കൂർ ആരാധനയിലും ചടങ്ങുകളിലും പങ്കെടുത്തവരുടെ ഊർജ്ജം ചോർന്നുപോയിരിക്കും. അവരുടെ ഊർജ്ജം വീണ്ടെടുക്കുവാനായിരിക്കണം കല്യാണ ചടങ്ങിൽ സംബന്ധിക്കുന്നവർക്ക് അതുകഴിഞ്ഞ് അല്പം ഭക്ഷണം കൊടുത്തു തുടങ്ങിയത്. വീട്ടിലെത്താനുള്ള ഊർജ്ജം സംഭരിക്കാൻ വേണ്ടി, പക്ഷേ ഇന്നി പ്പോൾ അതിന്റെ ഗതി എന്തായി ആഘോഷം, ആർഭാടം, ആഭിചാരം, അമിതാഹാരം ആർഭാടമായി ഉണ്ടാക്കുന്നതും ഭക്ഷിക്കുന്നതും സാമൂഹികമായും വ്യക്തിപരമായും ദോഷകരമാണ്. സാമൂഹികമായി അത് ഒരു അസമത്വം നിലനിർത്തുന്നു. ശാരീരികമായി രോഗകാരണമാകുന്നു. ശരീരത്തിന്റെ പ്രവർത്തനത്തിന് അധികമായ ഊർജവും കൊഴുപ്പും ശരീരത്തിൽ അടിഞ്ഞു കൂടിയാണ് രോഗങ്ങളിൽ നല്ലൊരുപങ്കും ഉണ്ടാകുന്നത്. നാം കഴിക്കുന്ന ആർഭാട അമിത ഭക്ഷണം തെരുവിലെ വിശക്കുന്ന വയറുകൾ നിറയ്ക്കാൻ വേണ്ടി ദൈവം സൃഷ്ടിച്ചതാണ്. നമ്മുടെ സ്വാധീനം കൊണ്ട് നമ്മൾ അത് അപഹരിച്ചതാവാം. അതുകൊണ്ട് വീണ്ടും നാം സമ്മതിക്കണം: 'ഭക്ഷിക്കുന്നത് ജീവിക്കാൻ വേണ്ടിയായിരിക്കണം; ജീവിക്കുന്നത് ഭക്ഷിക്കാൻ വേണ്ടിയാകരുത്'.

BETHANY PUBLICATIONS
www.malankaralibrary.com


# കുടിവെള്ളവും അത്താഴവും

ഒരു ദിവസം തമ്പുരാൻ സ്വർഗ്ഗത്തിൽ നിന്ന് താഴേയ്ക്കു നോക്കിയപ്പോൾ ചില പാവങ്ങളുടെ കണ്ണീരിൽ ചാലിച്ച കുറെ പ്രാർത്ഥനകൾ ഭൂമിയിൽ നിന്ന് മുകളിലേക്ക് ഉയർന്നു വരുന്നത് കണ്ടു. പരിശോധിച്ചപ്പോൾ പ്രാർത്ഥനയുടെ സാരം ഇതാണ് : 'തമ്പുരാനേ ഞങ്ങളുടെ കുടി വെള്ളം മുട്ടിയിട്ട് നാളുകളായി, മഴയില്ല, കിണറുകളൊക്കെ വറ്റിവരണ്ടു. കന്നുകാലികൾക്ക് കുടിക്കാൻ വെള്ളമില്ല. കൃഷിയൊക്കെ വാടിയുണങ്ങി. ഒരു മഴ പെയ്യിച്ചു തരണേ'. ദൈവത്തിന് മനസ്സലിവുണ്ടായി, മഴപെയ്ക്കാൻ തീരുമാനിച്ചു. ഓർഡറിൽ ഒപ്പിടുന്നതിനു തൊട്ടുമുമ്പ് വീണ്ടും താഴേക്ക് നോക്കിയപ്പോൾ അതാ മറ്റൊരു പ്രാർത്ഥന ഉയർന്നു വരുന്നു. അത് വരുന്നത് അതേ ഗ്രാമത്തിലെ ഒരു ഭവനത്തിൽ നിന്നാണ്. ഇവിടുത്തെ കുടുംബനാഥന്റെ ജോലി ടാങ്കറിൽ കുടിവെള്ളം ആവശ്യമുള്ളവർക്ക് എത്തിച്ചു കൊടുക്കുക എന്നതാണ്. അതാണ് ആ കുടുംബത്തിന്റെ വരുമാന മാർഗ്ഗം. അവരുടെ പ്രാർത്ഥനയുടെ സാരം ഇപ്രകാരമായിരുന്നു: 'തമ്പുരാനേ അടുത്തിടയെങ്ങും മഴ പെയ്യിക്കല്ലേ. പെയ്താൽ ഞങ്ങളുടെ അന്നം മുട്ടുമേ, കരുണ കാണിക്കണമേ'. ദൈവം ധർമ്മസങ്കടത്തിലായി. ഒരാളുടെ പ്രാർത്ഥന കേട്ടാൽ മറ്റൊരാളുടെ അന്നം മുട്ടും; ആ ആളുടെ പ്രാർത്ഥന കേട്ടാൽ ആദ്യത്തെ ആളിന്റെ കുടിവെള്ളം മുട്ടും. ധർമ്മിഷ്ഠനായ ദൈവം ഒരു തീരുമാനമെടുത്തു: പാവങ്ങളുടെ ഗ്രാമത്തിൽ മഴ പെയ്യിക്കുക, ധനവാന്മാരുടെ പട്ടണത്തിൽ വരൾച്ച തുടരുക! ഇതാണ് നമ്മുടെ ദൈവം! അവിടുന്ന് വെള്ളവും മുടക്കുകയില്ല; അന്നവും മുട്ടിക്കുകയില്ല. ഇപ്പോൾ മനസ്സിലായില്ലേ 'തൊട്ടടുത്ത് വരെ മഴ പെയ്തു, ഇവിടെ പെയ്തില്ല' എന്ന് പറയുന്നതിന്റെ ഗുട്ടൻസ്!



# കാറ്റും വെള്ളവും

ഒരു സ്ഥലത്ത് വായു ചൂടായി പൊങ്ങുമ്പോൾ അവിടുത്തെ വായുവിന്റെ കുറവ് നികത്താനായി അടുത്ത പ്രദേശങ്ങളിൽ നിന്ന് തണുത്ത വായു ഓടിയെത്തുന്നു, അതാണ് കാറ്റ്. എത്ര വേഗത്തിലും വലുപ്പത്തിലും ഈ 'ഫില്ലിങ്' നടക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും കാറ്റ്, ഇളംകാറ്റോ കൊടുങ്കാറ്റോ എന്ന് നിശ്ചയിക്കാൻ. എന്തായാലും വായൂ കുടുംബത്തിൽ ഒരു കുറവുണ്ടായാൽ ഉള്ളത് പങ്കുവെയ്ക്കുവാനുള്ള വായുവിന്റെ ഈ ത്വര അപാരം തന്നെ. മനുഷ്യൻ കണ്ടുപഠിക്കേണ്ടതാണ്. സ്വന്തം കുടുംബത്തിലോ കൂട്ടത്തിലോ ഒരാൾക്ക് ഒരു കുറവുണ്ടായാൽ, അത് സാമ്പത്തികമായിരിക്കാം, ആരോഗ്യപരമാകാം സ്വഭാവദൂഷ്യത്തിലായിരിക്കാം. എന്തായാലും മാറി നിന്ന് അവനെ പല്ലിളിച്ചു കാണിച്ച് കൊഞ്ഞനം കാട്ടുന്നവർക്ക് ഈ കാറ്റിന്റെ സ്വഭാവം അല്പമെങ്കിലും ഉണ്ടായിരുന്നെങ്കിൽ! കയ്യും മെയ്യും മറന്ന് ആവശ്യമുള്ളിടത്ത് ഓടിയെത്തിവേണ്ട സഹായമെത്തിക്കുന്ന നല്ല സ്വഭാവം നല്ല മനുഷ്യന്റെ ലക്ഷണമാണ്. ഏതാണ്ടിതുപോലെയാണ് വെള്ളത്തിന്റെയും കാര്യം. വെള്ളം താഴേയ്ക്കേ ഒഴുകുകയുള്ളൂ. അവസരം കിട്ടിയാൽ കുറവുള്ളിടം 'ഫില്ല്' ചെയ്തു സമത്വം പാലിക്കാൻ വെള്ളം ബദ്ധശ്രദ്ധമാണ്. ഒരേ നിരപ്പിലിരിക്കുന്ന വെള്ളമുള്ള പാത്രങ്ങൾ തമ്മിൽ യോജിപ്പിച്ചാൽ വെള്ളം കൂടുതലുള്ളിടത്തുനിന്ന് കുറവുള്ളിടത്തേക്ക് ഒഴുകി എത്രയും വേഗം സമനിരപ്പ് പാലിക്കും. ജലത്തിന്റെ ഈ സ്വഭാവം മനുഷ്യൻ കണ്ടുപഠിച്ചിരുന്നെങ്കിൽ ഈ ലോകം എത്ര സമത്വസുന്ദരമായി തീർന്നേനെ! പ്രകൃതിക്ക് ധാരാളം വികൃതികളുണ്ടെങ്കിലും അതിൽനിന്ന് മനുഷ്യന് ഒത്തിരി കാര്യങ്ങൾ പകർത്തുവാനുണ്ട്. 'താണ നിലത്തെ നീരോടു, അവിടെ ദൈവം തുണ ചെയ്യൂ'.



BETHANY PUBLICATIONS
www.malankaralibrary.com


# പാപവും പുണ്യവും

പാപവും പുണ്യവും മനുഷ്യനെ അവന്റെ ജീവിതത്തിൽ എതിർ വശങ്ങളി ലേക്ക് വലിച്ചു കൊണ്ടിരിക്കുന്ന ഇരുശക്തി കളാണ്. പരസ്പരം എതിർ സ്വഭാവങ്ങളുള്ള രണ്ടു പ്രതിഭാസങ്ങൾ. പാപം മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുമ്പോൾ പുണ്യ ങ്ങൾ മനുഷ്യനെ ദൈവത്തോട് അടുപ്പി ക്കുന്നു. ഒന്ന് പൈശാചികമാണെങ്കിൽ മറ്റേത് ദൈവികമാണ്. രണ്ടും ജീവിതത്തിന്റെ ഭാഗ മായി എപ്പോഴും ഒരുവനോടു കൂടി തന്നെ കാണും. ഇപ്പോൾ നന്മ ചെയ്യുന്നവൻ അടുത്ത നിമിഷത്തിൽ തിന്മ ചെയ്തെന്നി രിക്കും. ഇപ്പോൾ ഒരു പുണ്യപ്രവർത്തി ചെയ്യുന്നവൻ അടുത്ത നിമിഷത്തിൽ പാപജീവിതത്തിലേക്ക് കൂപ്പു കുത്തിയെ ന്നിരിക്കും. നാട്ടുകാരുടെ സഹായിയായ നല്ലൊരു മനുഷ്യൻ അടുത്ത ദിവസം കൂട്ടു കാരോടൊത്ത് മദ്യപിച്ച് നാട്ടുകാരെ അസഹ്യ പ്പെടുത്തിയെന്നിരിക്കും. ജീവിതം പാപ പുണ്യങ്ങളുടെ സമ്മിശ്രമാണെന്നർത്ഥം. ജീവിത സാഫല്യത്തിന് മനുഷ്യൻ അവന്റെ ജീവിതത്തിൽ പാപങ്ങളുടെ എണ്ണം കുറ യ്ക്കുകയും പുണ്യങ്ങളുടെ എണ്ണം കൂട്ടു കയും ചെയ്യണം. രണ്ടു വിധ ത്തിലാണ് നാം പാപം ചെയ്യുന്നത്: ഒന്ന്, ചെയ്യാൻ പാടില്ലാ ത്തത് ചെയ്യുമ്പോൾ. അതായത് ദൈവകൽപ നകൾ ലംഘിക്കുമ്പോൾ. രണ്ട്, ചെയ്യേണ്ട നന്മ ഏതാണെന്നറിഞ്ഞിട്ടും അത് ചെയ്യാതിരി ക്കുന്നതും പാപമാണ് എന്ന് ദൈവവചന മുണ്ട് (യാക്കോ. 4:17). ആദ്യത്തെ കാറ്റഗറിയെ കുറിച്ച് മാത്രമേ നമുക്ക് പരിചയ മുള്ളൂ. പക്ഷേ രണ്ടാമത്തതും സാധാരണ ഭാഷ യിൽ പറഞ്ഞാൽ 'ഈക്വലീ ബാഡ്'. അപ്പോൾ ചെയ്യേണ്ട നന്മ ചെയ്യാതിരുന്ന അവസരങ്ങളിലൊക്കെ നാം പാപം ചെയ്യുക യാണെങ്കിൽ ഒരു ദിവസം എത്ര പാപം ചെയ്തുവെന്ന് എണ്ണാൻ ഇരുകൈവിരലു കളും ഇരുകാൽവിരലുകളും മതിയാകുമോ!



# അവനവനിസം

അടുത്തിടെ കണ്ട ഒരു നിമിഷ വീഡിയോ... ഒരു പ്രായമായ മനുഷ്യൻ റോഡരികിൽ ബസ്സ് കാത്തുനിൽക്കുന്നു. അരികിൽ ഒരു വലിയ ചാക്ക് കെട്ടുമുണ്ട്. സംഭവം നടക്കുന്നത് ഉത്തരേന്ത്യയിൽ എവിടെയോ ആയിരിക്കണം; കാരണം അപ്പാപ്പൻ മുണ്ട് താറുടുത്തിരിക്കുന്നത് കാണാം. ഭൂപ്രകൃതിയും ഏതാണ്ട് ഇതേ ക്ലൂ തരുന്നു. ഒരു പ്രൈവറ്റ് ബസ് വരുന്നു; അപ്പാപ്പൻ കൈ കാണിക്കുന്നു; ബസ്സ് അടുത്തു വന്നു നിർത്തി. കണ്ടക്ടർ ചാടിയിറങ്ങി വന്നു ചാക്കുകെട്ട് പൊക്കി അപ്പാപ്പന്റെ തലയിൽ വെച്ചു കൊടുക്കുന്നു. ചരക്ക്, ബസ്സിൽ കയറ്റാനുള്ളതാണെന്ന് കരുതി കണ്ടക്ടർ ബസ്സിന്റെ സൈഡ് ബോക്സ് തുറന്നിട്ട് തിരിഞ്ഞു നോക്കിയപ്പോൾ കാണുന്ന കാഴ്ച അപ്പാപ്പൻ ചാക്ക് കെട്ടുമായി സൈഡ് റോഡിലൂടെ അരക്കാതം നടന്നകന്നിരിക്കുന്നു! ഇളിഭ്യനായ ബസ് കണ്ടക്ടർ കുപിതനായി അടുത്തു കിടന്ന കല്ലുകൾ പെറുക്കി അപ്പാപ്പനെ എറിഞ്ഞുവീഴ്ത്താൻ ശ്രമിക്കുന്നു. .....അനുഭവങ്ങൾ ഗുരുഭൂതന്മാരാണ്. സംഭവത്തിന്റെ പാഠമെന്ത്? ഓരോരുത്തർക്കും അവരവരുടെ കാര്യങ്ങൾ സാധിക്കണം. അതിനെന്തും ചെയ്യാനവർ സന്നദ്ധരാണ്. എന്നാൽ അപരനുവേണ്ടി പ്രത്യേകിച്ച് അപരിചിതനുവേണ്ടി അവന്റെ ആവശ്യത്തിൽ ഒരു കൈത്താങ്ങ് കൊടുക്കുവാൻ ആർക്കും മനസ്സുമില്ല. സമയവുമില്ല. നിവൃത്തികേടുകൊണ്ട് ഇല്ലാത്തവർ ഉള്ളവനിൽ നിന്ന് സമയമോ, പണമോ, മറ്റെന്തെങ്കിലും ഒരു സഹായം പിടിച്ചു പറ്റിയാൽ അവനെ കല്ലെറിയാനും നശിപ്പിക്കാനുമാണ് പിന്നെ നമ്മുടെ ശ്രമം. ഒരു ബസിലെ യാത്രക്കാരെ മുഴുവൻ ശല്യപ്പെടുത്തിയാലും അപ്പാപ്പന് ചാക്ക് പൊക്കി കിട്ടണം. കണ്ടക്ടർക്ക് ചരക്കുകൂലി കിട്ടണം. ഉദ്ദേശം പാളിയപ്പോൾ കല്ലേറ്, കൊലപാതകം. ഇതാണ് ലോകം. അവനവനിസം ലോകം ഭരിക്കുമ്പോൾ ഇത്തരം കാഴ്ചകൾ തുടർന്നു കൊണ്ടേയിരിക്കും.



BETHANY PUBLICATIONS
www.malankaralibrary.com


# നന്നാകാത്ത മോൻ

'എന്തിനാപ്പാ വെറുതെ എന്നെ അടിക്കുന്നത്, ഞാൻ നന്നാകുകയില്ല' എന്ന മട്ടുണ്ട് നാമിപ്പോൾ ദൈവത്തിനു മുമ്പാകെ. പ്രളയം വന്നു; നമ്മുടെ അഹങ്കാര ജീവിതത്തിന് ഒരു പ്രഹരം. താൽക്കാലികമായി നമ്മളൊക്കെയൊന്ന് കണ്ണ് തുറന്നതാണ്. പ്രളയം വന്നതുപോലെ പോയി. മനുഷ്യന്റെ പാപ ജീവിതത്തിന്മേൽ തുറന്ന കണ്ണുകളൊക്കെ വീണ്ടും അടഞ്ഞു. പഴയ ജീവിതത്തിലേക്കുള്ള മടക്കയാത്ര തുടങ്ങിയിരിക്കുന്നു. കള്ളം, കാപട്യം, അഴിമതി, അനീതി, അക്രമം, അസൂയ, അഹംഭാവം, അവമതി എല്ലാം നമ്മുടെ ജീവിതത്തിൽ കൊടികുത്തി വാണു. സ്നേഹത്തിന്റെ സുവിശേഷം കക്ഷത്തിൽ വച്ചുകൊണ്ട് നടന്ന് അയൽക്കാരന്റെ കുതികാൽ വെട്ടാൻ ശ്രമിച്ചു. പ്രവൃത്തിയില്ലാത്ത ചത്ത വിശ്വാസം സുവിശേഷമാണെന്ന് പറഞ്ഞ് കൺവെൻഷനുകളിൽ വിളമ്പി നാം കാശുണ്ടാക്കി. സ്തോത്ര കാഴ്ച ഒരു തുട്ട് കുറയാതെ എണ്ണിപ്പെറുക്കിയെടുത്ത് തലയണക്കീഴിൽ തിരുകി. സുവിശേഷ വേലയിൽ നിന്ന് കിട്ടിയ അമിതാദായം പത്തായത്തിലെ കിള്ളി അറയിൽ പൂഴ്ത്തി വെച്ചു. അപ്പോൾ അയൽപക്കത്തെ, നമ്മുടെ മതിലിനപ്പുറത്തെ ടാർ പോളിൻ കൂരയിലെ അടുപ്പിൽ തീ പുകഞ്ഞോയെന്ന് നാം തിരക്കിയില്ല. ദൈവം വെറുതെ വിട്ടില്ല. ലോകമാസകലം അവൻ മഹാമാരി അയച്ചു. വീണ്ടും നമ്മൾ ഭയന്നു, ദൈവത്തെ വിളിക്കാൻ തുടങ്ങി. ലോക്ക് പിൻവലിച്ചപ്പോഴേക്കും മനുഷ്യന്റെ മ്ലേച്ഛത പൂർവ്വാധികം മൂർച്ഛിച്ചു. വാക്സിൻ കണ്ടുപിടിച്ച് മനുഷ്യൻ വീണ്ടും അഹങ്കരിച്ചു. ദൈവം വിട്ടില്ല; രോഗാണുവിന്റെ ജനിതക ഭാവം മാറ്റി (mutation) വീണ്ടും മഹാമാരിയുടെ സെക്കൻഡ് വേവ്, തേർഡ് വേവ് മനുഷ്യന്റെ തിന്മയോടുള്ള യുദ്ധത്തിൽ ദൈവം ഇപ്രാവശ്യം തോറ്റു പിന്മാറുമെന്നു തോന്നുന്നില്ല. 'വെറുതെ അടിക്കേണ്ട, ഞങ്ങൾ നന്നാകുകയില്ല' എന്ന ശൈലി മാറ്റിയേ പറ്റൂ എന്ന് ദൈവത്തിന് നിർബന്ധമുള്ളതുപോലെ തോന്നുന്നു!



www.malankaralibrary.com


# മിത്രവും ശത്രുവും

മിത്രം ശത്രുവല്ല; ശത്രു മിത്രവുമല്ല. മനുഷ്യന് മിത്രത്തെ ശത്രുവാക്കാൻ എളുപ്പമാണ്. ശത്രുവിനെ മിത്രമാക്കാൻ അത്ര എളുപ്പമല്ല. മനുഷ്യന്റെ മിത്രം ദൈവവും ശത്രു പിശാചുമാണ്. പിശാചിന്റെ വാസം സ്വർഗ്ഗത്തിലല്ല; ഭൂമിയിലാണ്. അവന്റെ വാസം ദൈവത്തോടുകൂടിയല്ല, മനു ഷ്യരുടെ ഇടയിലാണ്. ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്ന് ദൈവവചനമുണ്ട് (യാക്കോ. 4:4). ഇവിടെ മൈത്രി ദൈവം സൃഷ്ടിച്ച ആ നല്ല ലോകത്തോടുള്ളതല്ല. പിശാച് കൊടികുത്തി വാഴുന്ന ലോകത്തോടുള്ള മൈത്രിയാണ് പരാമർശം. സാത്താനോടും കൂട്ടരോടും ഏതെങ്കിലും വിധത്തിൽ മൈത്രി സ്ഥാപിച്ചാൽ പിന്നെ ദൈവത്തോടുള്ള മൈത്രി എളുപ്പമല്ല. പിശാചിനെയും ലോകത്തെയും കൂട്ടു പിടിക്കുന്നവൻ ദൈവത്തോടുള്ള കൂട്ടുവെട്ടും. ദൈവത്തെയും മാമോനെയും സേവിക്കാൻ നിങ്ങൾക്ക് കഴിയില്ല എന്ന് ദൈവവചനമുണ്ടല്ലോ. ഇന്നത്തെ മനുഷ്യന്റെ കയ്യിലിരിപ്പ് ഒരു കോംപ്രമൈസിന്റേതാണ്. കാരണം ദൈവത്തെ പൂർണ്ണമായി നിരാകരിക്കുന്നവർ കുറവാണ്. സാത്താനെ പൂർണ്ണമായി സ്വീകരിക്കുന്നവരും കുറവാണ്. എല്ലാറ്റിനും ഒരു സമവായം വേണം എന്ന് ചിന്തിക്കുന്നവരാണ് കൂടുതലും. ദൈവത്തെയും വേണം സാത്താനെയും വേണം. സ്വർഗ്ഗവും വേണം ലോകത്തിലെ സർവ്വ മായാമോഹങ്ങളും സ്വന്തമാക്കണം. ഒന്നും ഉപേക്ഷിക്കാൻ മനുഷ്യൻ തയ്യാറല്ല. ഫലമോ, ദൈവവും ലോകവും കൈ വിട്ട പാഴ്ജന്മങ്ങൾ. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്താലും ദൈവത്തിലും ദൈവത്തിനു വേണ്ടിയുമാണ്. മനുഷ്യൻ ദൈവ സൃഷ്ടിയുടെ മകുടമാണ്. പ്രത്യേക സൃഷ്ടിയായ മനുഷ്യനെ ലോകത്തിനും സാത്താനും വിട്ടുകൊടുക്കാൻ ദൈവം ഒരുക്കമല്ല. മനുഷ്യൻ ദൈവത്തോടുള്ള മൈത്രി കൂട്ടുകയും ലോകത്തോടുള്ള മൈത്രി കുറയ്ക്കുകയും വേണം.



BETHANY PUBLICATIONS
www.malankaralibrary.com


# യാക്കോബിന്റെ വിലാപം

കാശിനും കർമ്മത്തിനും കൊള്ളാത്ത ലോകത്തിലെ ചില ധനവാന്മാരെ കുറിച്ച് യേശു ക്രിസ്തുവിന്റെ ബന്ധു സഹോദരനായ സാക്ഷാൽ വിശുദ്ധ യാക്കോബ് ശ്ലീഹാ ഒരിക്കൽ ഇങ്ങനെ വിലപിക്കുകയുണ്ടായി; 'ധനവാന്മാരെ നിങ്ങൾക്ക് സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ചത്തിൽ നിലവിളിക്കുവിൻ, നിങ്ങളുടെ സമ്പത്ത് ക്ഷയിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ വസ്ത്രങ്ങൾ പുഴു അരിച്ചുപോയി. നിങ്ങളുടെ സ്വർണത്തിനും വെള്ളിക്കും കറ പിടിച്ചിരിക്കുന്നു (യാക്കോ. 5:1-3). (ആറാം വാക്യം വരെ ഒരു തുടർ വായനക്ക് ശുപാർശ ചെയ്യുന്നു). അനീതിയിലൂടെയും അക്രമത്തിലൂടെയും വാരിക്കൂട്ടിയ പണമാണ് മനുഷ്യനെതിരായ ഏറ്റവും വലിയ ആയുധം. പണം മനുഷ്യനെ ശാരീരികമായി കൊല്ലുന്നു. അതെങ്ങനെയെന്നല്ലേ? പിശുക്കനെങ്കിലും പണക്കാരൻ ലോകത്തിലെ ഏറ്റവും നല്ല ഭക്ഷണം നിരന്തരമായി കഴിക്കാൻ പണം ചെലവഴിക്കുന്നു. ദഹനേന്ദ്രിയങ്ങൾ പണിമുടക്കും വരെ അമിതഭോജനം നടത്തുന്നു. അനാവശ്യ ഊർജ്ജവും കൊഴുപ്പും ശരീരത്തിൽ അടിഞ്ഞുകൂടി, ഭക്ഷണം അവനെ രോഗിയാക്കുന്നു. രോഗത്തിന് വിദഗ്ധ ചികിത്സ, അതും ലോകത്തിൽ കിട്ടാവുന്ന നമ്പർവൺ ചികിത്സ നടത്തി അവൻ നിത്യരോഗവും ഗുരുതരാവസ്ഥയും അമിതപണം കൊണ്ട് വാങ്ങി സ്വന്തമാക്കുന്നു. സമ്പത്ത് അവനെ രക്ഷിക്കുമെന്ന മിഥ്യാധാരണയിൽ വീണ്ടും അവൻ പണം ചെലവഴിച്ച് ശരീരത്തെ സംരക്ഷിക്കാൻ നോക്കുന്നു. ഫലം നാസ്തിയെന്ന് കാണുമ്പോൾ മാനസികമായി തകരുന്നു. ഇങ്ങനെ സമ്പത്തുകൊണ്ട് തകർന്ന മനസ്സും പണത്തെയും മരുന്നിനെയും അനുസരിക്കാത്ത ശരീരവും കൊണ്ട് ഉഴലുന്ന ധനവാനെ നോക്കിയാണ് യാക്കോബിന്റെ വിലാപം. ഇതുകൊണ്ടായിരിക്കാം ദൈവിക മനുഷ്യർ പ്രാർത്ഥിച്ചത്, 'ദൈവമേ എന്നെ വലിയ ധനവാനും പരമ ദരിദ്രനും ആക്കരുതെ' എന്ന്.



BETHANY PUBLICATIONS www.malankaralibrary.com


# രോഗശാന്തി

പണ്ടൊരു നാട്ടു വൈദ്യനുണ്ടായിരുന്നു. വൈദ്യനെ സമീപിക്കുന്ന ഏതൊരു രോഗിക്കും വൈദ്യൻ ആദ്യം നൽകുന്ന മരുന്ന് വയറിളക്കാനുള്ളതായിരുന്നു. കൈ മുറിഞ്ഞു ചെന്നാലും ആദ്യം ആ മരുന്ന് പ്രയോഗം നടത്തും. എന്നിട്ടു മാത്രമേ മുറിവ് വച്ചുകെട്ടുകയുണ്ടായിരുന്നുള്ളൂവെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. സംഭവം ശരിയായിരിക്കണം, കാരണം വൈദ്യന് ഒരു ഉൾക്കാഴ്ച ഉണ്ടായിരിക്കും, ശാരീരിക സൗഖ്യത്തിന് ആന്തരിക ശുദ്ധി ആവശ്യമാണെന്ന്. രോഗശാന്തിക്ക് ആന്തരിക ശുദ്ധിപോലെ ആത്മീയ വിശുദ്ധിയും ആവശ്യമാണ്. ഇന്നത്തെ ഡോക്ടേഴ്സിൽ ചിലരെങ്കിലും രോഗിയെ പരിശോധിക്കുമ്പോൾ സമയമെടുത്ത് ഒരു കൗൺസിലിംഗ് കൂടി നടത്തുന്നത് കണ്ടിട്ടുണ്ട്. രോഗികൾ ക്രമാതീതമായി വന്നു കൂടുമ്പോൾ ഡോക്ടേഴ്സിന് അത് പ്രായോഗികമല്ല എന്നത് മറ്റൊരു സത്യമാണ്. എന്നാലും എല്ലാവർക്കുമറിയാം ചികിത്സ ഫലിക്കണമെങ്കിൽ ശരീരത്തെ മനസ്സും ആത്മാവും തമ്മിൽ ബന്ധിപ്പിക്കണമെന്ന്. അതുകൊണ്ടായിരിക്കാം ഇന്നും ചില നാട്ടുവൈദ്യന്മാർ രോഗിയോട് പറയും, ഞാൻ തരുന്ന മരുന്ന് നിങ്ങളെ സുഖപ്പെടുത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്. കഴിക്കുന്ന നിങ്ങൾക്ക് നല്ല വിശ്വാസമുണ്ടെങ്കിൽ മാത്രം ഇങ്ങോട്ട് വന്നാൽ മതി. ഈ മരുന്ന് കഴിച്ചാൽ മതി. 'വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും' (യാക്കോ. 5:15) എന്ന് ശ്ലീഹാ എഴുതിയപ്പോൾ വൈദ്യശാസ്ത്രം ദൈവശാസ്ത്രവും മനശാസ്ത്രവുമായി എങ്ങനെ പൊരുത്തപ്പെട്ടിരിക്കുന്നെന്ന് അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരിക്കണം. രോഗത്തിന് വിദഗ്ധ ചികിത്സയും മരുന്നും ആവശ്യമാണ്. അതോടൊപ്പം രോഗശാന്തിക്ക് മാനസികവും ആത്മീയവുമായ ഒരുക്കവും പ്രാർത്ഥനയുടെ കൈത്താങ്ങും വേണം. ദൈവം കാർ ആകുന്ന നമ്മുടെ ശരീരത്തിന്റെ നിർമ്മാതാവാണെങ്കിൽ ഡോക്ടർ വർക്ക്ഷോപ്പിലെ ടെക്നീഷ്യനാണ്. നിർമ്മാതാവും ടെക്നീഷ്യനും തമ്മിൽ നല്ലൊരു ബന്ധം ഉണ്ടായിരിക്കണമല്ലോ!

BETHANY PUBLICATIONS
www.malankaralibrary.com


# നീതിമാന്റെ പ്രാർത്ഥന

നമ്മൾ ഒരു അച്ചനെ കാണുമ്പോൾ പറയാറുണ്ട്, 'അച്ചോ, എനിക്കുവേണ്ടി ഒന്നു പ്രാർത്ഥിക്കണേ'. ചിലപ്പോൾ ഒരു പ്രത്യേക കാര്യത്തിനു വേണ്ടിയെന്നും പറയാറുണ്ട്. അച്ചൻ മാന്യമായി തിരിച്ചു പറയും, 'പിന്നെ, തീർച്ചയായും പ്രാർത്ഥിക്കാം'. വാഗ്ദാനം നിറവേറ്റിയോ എന്ന് കണ്ടറിയണം! അതവിടെ നിൽക്കട്ടെ. ഇതേ ആൾ തന്നെ സ്ഥലം എം.എൽ.എ.യെ കണ്ടുമുട്ടുമ്പോൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കണേ എന്ന് പറയാറുണ്ടോ അവിടെ പറയാറുള്ളത്, 'നമ്മുടെ ആ മറ്റേ കാര്യം ഒന്ന് പരിഗണിക്കണം' എന്നായിരിക്കും. എന്തേ പ്രാർത്ഥനയുടെ കാര്യം അച്ചനെ ഏൽപ്പിക്കുന്നത്? കാരണം, അദ്ദേഹത്തിന് ഒരു ധാരണയുണ്ട്, അത് അച്ചന്റെ ജോലിയാണെന്ന്. എം.എൽ.എ.യും മന്ത്രിയും അവരുടെ ജോലി സമയ ബന്ധിതമായി ചെയ്തു തീർക്കണമെന്ന് ശഠിക്കുന്ന അച്ചന്മാർ അവരുടെ ജോലിയായ പ്രാർത്ഥന പ്രത്യേകിച്ച് മറ്റുള്ളവർക്കുവേണ്ടിയുള്ള പ്രാർത്ഥന ഏറ്റെടുത്തു കൃത്യമായി നിർവഹിക്കുവാൻ ബദ്ധശ്രദ്ധരാണോ? 'നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ്' എന്ന് തിരുവചനമുണ്ട് (യാക്കോ. 5:16). സാധാരണ ജനം വൈദികരോട് പ്രാർത്ഥന യാചിക്കുന്നതും തലയിൽ കൈ വെച്ച് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നതും അച്ചൻ ഒരു നീതിമാനാണെന്ന് വിചാരിച്ചാണ്. അങ്ങനെ ആയിരിക്കണമല്ലോ. നീതിമാനെന്നാൽ പരിശുദ്ധൻ എന്നർത്ഥം. ഇന്ന് പലരും പേരിനു മുമ്പിൽ പ (കുത്ത്) ഇട്ടെഴുതാറുണ്ട്. യാക്കോബ് ശ്ലീഹാ ഉദ്ദേശിച്ച നീതിമാന്മാർ (പ.) പരിശുദ്ധന്മാരാണോ എന്ന സംശയമുണ്ട്. യഥാർത്ഥ നീതിമാൻ പരിശുദ്ധനായിരിക്കും. അവന്റെ പ്രാർത്ഥന ശക്തിയുള്ളതും ഫലദായകവുമായിരിക്കും. പ്രാർത്ഥന വാഗ്ദാനം ചെയ്യുന്നവർ ആദ്യം നീതിമാനാകാനുള്ള വഴി തേടണമെന്ന് സാരം.



# നന്മയുടെ ശക്തി

നന്മയുടെ ശക്തി അപാരമാണ്. അതിന്റെ ഊർജ്ജത്തെ ആർക്കും തടുത്തു നിർത്തുക സാധ്യമല്ല. വിദ്വേഷത്തിലും ശണ്ഠയിലും വഴക്കിലും വക്കാണത്തിലും എല്ലായിടത്തും ഉപയോഗിക്കാവുന്ന ഒരു വജ്രായുധമാണ് നന്മ. വിശുദ്ധ പത്രോസ് ഒരിക്കൽ തന്റെ ലേഖനത്തിൽ ഇപ്ര കാരം എഴുതി, 'നന്മ പ്രവർത്തിച്ചു കൊണ്ട് നിങ്ങൾ മൂഢരായ മനുഷ്യരുടെ അജ്ഞതയെ നിശബ്ദമാക്കണം (പത്രോ. 2:15). അറിവില്ലാത്തവർ അവരുടെ അജ്ഞത പുലമ്പികൊണ്ടിരിക്കും. ദൈവവിശ്വാസികളാണെങ്കിലും പ്രായോഗിക ജീവിതത്തിൽ ദൈവത്തിൽ ഒരാളവിനുപരി വിശ്വസിക്കുന്നത് പ്രായോഗികമല്ല, ബലഹീനതയുമാണെന്ന് വിശ്വസിക്കുന്ന ധാരാളം ദൈവ വിശ്വാസികളുണ്ട്, 'ഉരുളയ്ക്കുപ്പേരി' എന്നോ 'വെട്ടാൻ വരുന്ന പോത്തിനോട് വേദം ഓതിയിട്ട് കാര്യമില്ല' എന്ന തത്വമൊ ഒക്കെയാണ് പിന്നെ നമ്മൾ പ്രായോഗിക്കുന്നത്. തിന്മയെ നന്മ കൊണ്ട് കീഴ്പ്പെടുത്തണമെന്ന് പൗലോസ് ശ്ലീഹാ പറയുന്ന ഉപദേശങ്ങളടങ്ങിയ പേജ് ഇവരുടെ വേദപുസ്തകത്തിൽ നിന്നും കീറിക്കളഞ്ഞ പോലെ! നമുക്ക് രുചിക്കാത്തതും ലാഭകരമല്ലാത്തതുമായ ദൈവവചനങ്ങൾ നമ്മൾ സൗകര്യപൂർവ്വം വിഴുങ്ങുന്നവരാണ്. അങ്ങനെ വിഴുങ്ങുന്നവർ അത് ച്ഛർദിച്ചു വയ്ക്കുന്നത് അവരവരുടെ സൗകര്യപ്രദമായ വ്യാഖ്യാ നത്തോടുകൂടിയായിരിക്കും. എല്ലാ വരെയും ചിരിച്ചു കാണിച്ച് ചിറി കോടി പോയി എന്ന് ഒരാൾ പരാതി പറഞ്ഞതുപോലെ നന്മ ചെയ്ത് ക്ഷീണിച്ചെന്ന് പരാതി പെടാതിരിക്കാം. ശ്ലീഹാ വീണ്ടും പറയുന്നുണ്ട്. 'നന്മ ചെയ്യുന്നതിൽ നിങ്ങൾക്ക് മടുപ്പ് തോന്നാതിരിക്കട്ടെ' സത്യവും നീതിയും സ്നേഹവുമടങ്ങിയ നന്മ പ്രവൃത്തികളേക്കാൾ ശക്തിയേറിയ ഒരായുധവും മനുഷ്യൻ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. ഇത് സത്യം, സത്യം, സത്യം!



BETHANY PUBLICATIONS
www.malankaralibrary.com


# കാത്തിരിപ്പ്

ഒരുവിധത്തിൽ ചിന്തിച്ചാൽ കാത്തിരിപ്പ് വിരസത ജനിപ്പിക്കുന്ന ഒന്നാണ്. ഓൺലൈനിൽ പണവും കെട്ടിയിട്ട് ഓർഡർ ചെയ്ത സാധനം വരാനായുള്ള കാത്തിരിപ്പ്; സന്ദർശിക്കാൻ വരുമെന്ന് വിളിച്ചുപറഞ്ഞ സുഹൃത്തിനുവേണ്ടിയുള്ള കാത്തിരിപ്പ്, ഗൾഫിൽ നിന്നും കണവൻ ഇന്നുവരും നാളെ വരും എന്ന് പ്രതീക്ഷിച്ചിരിക്കുന്ന മൊഞ്ചത്തി ഭാര്യയുടെ കാത്തിരിപ്പ്; റെയിഞ്ച് കിട്ടാത്ത ബാലികേറാമലയിലേയ്ക്ക് ഒരു കത്തയച്ചിട്ട് മറുപടിയ്ക്കായിട്ടുള്ള കാത്തിരിപ്പ്; ഇനിയും ബസിന്റെ കാത്തിരിപ്പു കേന്ദ്രത്തിൽ നമ്മുടെ ബസിനു വേണ്ടിയുള്ള കാത്തിരിപ്പ്, ഇങ്ങനെ കാത്തിരിപ്പുകളുടെ എണ്ണം കൂടി കൂടി വരുമ്പോൾ ആർക്കും വേണ്ടി ഒരു നിമിഷം പോലും കാത്തിരിക്കാത്ത ജീവിതത്തിലെ സമയത്തെക്കുറിച്ച് ഞാൻ ആശ്ചര്യപ്പെട്ടിട്ടുണ്ട്. സമയം ആരെയും ഒന്നിനെയും കാത്തിരിക്കുന്നില്ല. 'ഒരു നിമിഷം' എന്ന് പറഞ്ഞ് നാം സമയത്തോട് കാത്തിരിക്കാൻ പറഞ്ഞാൽ അത് കേട്ട മട്ടു കാണിക്കാതെ യാതൊരു അനുസരണയുമില്ലാതെ 'ക്ലിക്ക്' 'ക്ലിക്ക്' പുലമ്പികൊണ്ട് കടന്നു പോകുന്ന സമയം ഒരു നിമിഷം പോലും നമുക്ക് വേണ്ടി കാത്തിരിക്കുന്നില്ല. ഇങ്ങനെ കാത്തിരിക്കാതെ കാലകത്തിനടന്നു നീങ്ങുന്ന കാലത്തെ നോക്കി നമ്മൾ വീണ്ടും പറയും 'ഒരു നിമിഷം'. എന്നും നമുക്ക് വേണ്ടി കാവൽ നിന്ന കാലം നമ്മുടെ അന്ത്യത്തോടെ കാലയവനികക്കുള്ളിൽ മറഞ്ഞു കഴിയുമ്പോഴും നമ്മൾ ചൂണ്ടുവിരൽ ഉയർത്തി കെഞ്ചും 'സോറി ഒരു നിമിഷം കൂടെ'. അപ്പോൾ സമയം അതിന്റെ പതിവ് അടവു നയം പ്രയോഗിക്കും, 'കാത്തിരിപ്പ് ബോറാണ്ണുണ്ണി'. കാത്തിരിപ്പ് ബോറാണെങ്കിൽ കാവൽ നിൽപ്പ് ജാഗ്രതയുള്ള ഒരു കാത്തിരിപ്പ് ജീവിതത്തിന്റെ ത്രില്ലാണ്.



# അനുതപിക്കാത്ത ജനം

'ഈ മഹാമാരികൾ നിമിത്തം മൃതരാകാതെ അവശേഷിച്ചവർ, തങ്ങളുടെ കരവേലയെപ്പറ്റി അനുതപിക്കുകയോ, പിശാചുക്കളെയും കാണാനോ കേൾക്കാനോ നടക്കാനോ കഴിവില്ലാത്തതും സ്വർണം, വെള്ളി, പിച്ചള, കല്ല്, തടി എന്നിവയാൽ നിർമ്മിക്കപ്പെട്ടതും ആയ വിഗ്രഹങ്ങളെയും ആരാധിക്കുന്നതിൽ നിന്നും പിന്തിരിയുകയോ ചെയ്തില്ല. തങ്ങളുടെ കൊലപാതകം, മന്ത്രവാദം, വ്യഭിചാരം, മോഷണം എന്നിവയെക്കുറിച്ചും അവർ അനുതപിച്ചില്ല (വെളി. 9:20-21). യോഹന്നാന്റെ വെളിപാടിൽ ആറാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ഒരു പ്രത്യേകതരം കുതിരകൾ പ്രത്യക്ഷപ്പെട്ടു. അവയുടെ വായിൽ നിന്ന് തീ, പുക, ഗന്ധകം എന്നിവ പുറപ്പെട്ടിരുന്നു. ഇവ മൂന്നും മനുഷ്യരുടെയിടയിൽ മഹാമാരിയായി പരിണമിച്ചു. ഈ മഹാമാരികൾ മൂലം ജനങ്ങളിൽ മൂന്നിലൊന്നു ഭാഗവും മരിച്ചു വീണു. ബാക്കി അവശേഷിച്ചവരെ കുറിച്ചാണ് മുകളിൽ കൊടുത്തിരിക്കുന്ന വചനം സൂചിപ്പിക്കുന്നത്. മരണത്തിൽ നിന്ന് രക്ഷപ്പെട്ടവർ തങ്ങളുടെ പാപ ജീവിതത്തെക്കുറിച്ച് അനുതപിച്ചില്ല എന്നതാണ് അവരുടെമേലുള്ള പ്രധാന ആരോപണം. അവരുടെ പാപങ്ങൾ എന്തൊക്കെയായിരുന്നു. അവർ ജീവനുള്ള യഹോവയെ മറന്നു ജീവനില്ലാത്ത വിഗ്രഹങ്ങളെ നിർമ്മിക്കുകയും അവയെ അവരുടെ ദൈവങ്ങളായി ആരാധിക്കുകയും ചെയ്തു. കൂടാതെ കൊലപാതകം മന്ത്രവാദം, മോഷണം തുടങ്ങിയ പാപങ്ങളെ കുറിച്ചും അവർ അനുതപിച്ചില്ല എന്നു പറയുന്നു. ഈ ദൈവവചനങ്ങൾ ഇന്ന് നമ്മുടെയിടയിൽ അന്വർഥമാകുന്നില്ലേയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ആധുനിക ലോകത്തിൽ മനുഷ്യൻ ബുദ്ധിപരമായും സാംസ്കാരികമായും വളരെയേറെ വിഗ്രഹങ്ങളെ സ്വയം മെനഞ്ഞെടുത്ത് അവയ്ക്കൊക്കെ ദൈവത്തോളം വിലയും ശക്തിയും കൽപ്പിച്ചു കൊടുത്തു. എനിക്ക് എല്ലാം ചെയ്യാൻ കഴിയുമെന്ന് അഹങ്കരിക്കുന്ന, ദൈവത്തെ വെല്ലുവിളിക്കുന്ന കൊടുംപാപമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ദൈവം മഹാമാരിയെ അയച്ചിട്ടും നമ്മൾ പാഠം പഠിക്കുന്നില്ല. പാപങ്ങളെക്കുറിച്ച് അനുതപിക്കുന്നില്ല എന്നതാണ് ദൈവത്തിന്റെ സങ്കടം.

www.malankaralibrary.com



ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

ബഹുമാനപ്പെട്ട വില്യം നെടുമ്പുറത്ത് ഒ.ഐ.സി. അച്ചൻ അദ്ദേഹത്തിന്റെ മുന്നൂറ് ആത്മഗതങ്ങൾ സമാഹരിച്ച് പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നു. ഞാൻ വളരെ കൗതുകത്തോടെയാണ് ഇതിലെ ആത്മഗതങ്ങൾ വായിച്ചത്. ഇതിലെ പല ചിന്തകളും ബൈബിളിലെ വാക്യങ്ങളും സന്ദേശങ്ങളും ആസ്പദമാക്കിയുള്ളവയായതിനാൽ ധ്യാനവിചിന്തനങ്ങൾക്ക് അവ പര്യാപ്തവുമാണ്. 'ആത്മഗതക്കനലുകൾ' എന്ന ഈ ഗ്രന്ഥത്തിന് ജനഹൃദയങ്ങളിൽ പ്രചുരപ്രചാരം ലഭിക്കട്ടെയെന്നും ഗ്രന്ഥകർത്താവിന്റെ തൂലിക ഇനിയും അനേകം സത്ഗ്രന്ഥങ്ങൾക്ക് ജന്മം നല്കട്ടെയെന്നും ആശംസിക്കുന്നു



ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി.
ബഥനി ആശ്രമം, ചെറുകുളഞ്ഞി.

1954 ഏപ്രിൽ മാസം 15ന് ജനനം. 1968-ൽ കറ്റാനം ബഥനി ആശ്രമത്തിൽ സന്ന്യാസാർത്ഥിയായി ചേർന്നു. 1982-ൽ മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. പൂനയിലെ വാഡിയ, എസ്.പി. കോളേജിൽ നിന്ന് മനഃശാസ്ത്രത്തിൽ ബിരുദവും തിരുവനന്തപുരം മാർ തെയോഫിലോസ് കോളേജിൽ നിന്ന് അദ്ധ്യാപനത്തിൽ ഉന്നത പഠനവും നടത്തിയ അച്ചൻ 1992-1996 കാലഘട്ടത്തിൽ ചിക്കാഗോയിലെ ലയോള കോളേജിൽ നിന്നും വിദ്യാഭ്യാസ മനഃശാസ്ത്രത്തിൽ എം.എ.; എം.എഡ്. പ്രശസ്തമായ രീതിയിൽ പൂർത്തിയാക്കി. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വിദ്യാഭ്യാസ വിചക്ഷണൻ, ശിഷ്യപരമ്പരകൾകൊണ്ട് അനുഗ്രഹീതനായ ഗുരുശ്രേഷ്ഠൻ, സന്ന്യാസനിഷ്ഠകളുടെ പാലകൻ. ഇപ്പോൾ ചെറുകുളഞ്ഞി ബഥനി ആശ്രമത്തിന്റെ സുപ്പീരിയറായി സേവനം അനുഷ്ഠിക്കുന്നു

Bethany Publications
PB No 06, Vadavathoor P.O.
Kottayam, Kerala. 686 010